# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

### 2014 ഡിസംബർ 18, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

# വാല്യം 157 - നമ്പർ 14

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 18, വ്യാഴം

സ്പീക്കർ
**ശ്രീ. ജി. കാർത്തികേയൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി
**ശ്രീ. പി. ഡി ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 31

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 67

**II അടിയന്തരപ്രമേയം**

കെ.എസ്.ആർ.ടി.സി. പെൻഷൻകാരന്റെ ആത്മഹത്യ (അവതരണാനുമതി നിഷേധിച്ചു) 328

**III ശ്രദ്ധ ക്ഷണിക്കൽ**

1. പൈതൃകസ്മാരകങ്ങൾ, ഭാഷ, പാരമ്പര്യ അറിവുകൾ എന്നിവയുടെ സംരക്ഷണം—

ശ്രീ. പി. സി. വിഷ്ണുനാഥ് 349

2. ലാബ് അസിസ്റ്റന്റുമാരുടെ സേവനവേതന വ്യവസ്ഥകൾ—

ശ്രീ. ഇ. ചന്ദ്രശേഖരൻ 353

**IV സബ്മിഷൻ**

1. ജാതി സർട്ടിഫിക്കറ്റ് നൽകൽ—

ശ്രീ. സി. പി. മുഹമ്മദ് 357

2. വിദേശമലയാളികളുടെ ബുദ്ധിമുട്ട്—

ശ്രീ. എൻ. എ. നെല്ലിക്കുന്ന് 358

3. ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ നഷ്ടപ്പെട്ടത് സംബന്ധിച്ച്—

ശ്രീ. ഷാഫി പറമ്പിൽ 360

4. സാമുദായിക സംവരണം ഏർപ്പെടുത്തൽ—

ശ്രീ. പി. ഉബൈദുള്ള 361

| | | പേജ് |
|---|---|---|
| 5. | ഗൾഫ് നാടുകളിൽ പി.എസ്.സി. പരീക്ഷാ സെന്റർ— | |
| | ശ്രീ. വർക്കല കഹാർ | 363 |
| 6. | ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി നീട്ടൽ— | |
| | ശ്രീ. ആർ. സെൽവരാജ് | 364 |
| 7. | പരമ്പരാഗത തൊഴിലാളികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ— | |
| | ശ്രീ. പി. തിലോത്തമൻ | 365 |
| 8. | എക്സൽ ഗ്ലാസ് ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത— | |
| | ഡോ. ടി. എം. തോമസ് ഐസക് | 367 |
| 9. | എൻ.ടി.പി.സി.-ടെൽക്കിന്റെ തൃപ്തികരമല്ലാത്ത പ്രവർത്തനം— | |
| | ശ്രീ. ജോസ് തെറ്റയിൽ | 368 |
| 10. | ഉദുമ സ്പിന്നിംഗ് മിൽ— | |
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | 369 |
| 11. | സ്പിന്നിംഗ് മില്ലിന്റെ സംരക്ഷണം— | |
| | ശ്രീ. ജി. എസ്. ജയലാൽ | 370 |
| 12. | ധനവകുപ്പിന്റെ അംഗീകാരം— | |
| | ശ്രീ. സി. മമ്മൂട്ടി | 370 |
| 13. | തേയിലത്തോട്ടങ്ങളിലെ പ്രതിസന്ധി— | |
| | ശ്രീമതി ഇ. എസ്. ബിജിമോൾ | 371 |
| 14. | കാരുണ്യ ബെനവലന്റ് ഫണ്ടിലെ അപാകതകൾ— | |
| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ | 373 |
| 15. | പാലം പുനർനിർമ്മാണം— | |
| | ശ്രീ. വി. ശശി | 375 |
| 16. | നെൽകൃഷി പ്രോത്സാഹനം— | |
| | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | 376 |

പേജ്

17. എൻഡോസൾഫാൻ നീക്കം ചെയ്യൽ—

ശ്രീ. എൻ. ഷംസുദ്ദീൻ 377

18. തിരുവന്പാടിക്ക് പ്രഥമ പരിഗണന—

ശ്രീ. സി. മോയിൻകുട്ടി 378

19. യുവാവിന്റെ അപകടമരണം—

ശ്രീ. സണ്ണി ജോസഫ് 380

20. പട്ടികജാതി യുവാക്കൾക്ക് പോലീസ് മർദ്ദനം—

ശ്രീ. എം. ചന്ദ്രൻ 381

21. അനധികൃത ചിട്ടികളുടെ പ്രവർത്തനങ്ങൾ—

ശ്രീ. അൻവർ സാദത്ത് 383

22. വസ്തു രജിസ്ട്രേഷനമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ—

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി 384

23. തേയിലത്തോട്ടം മേഖലയിലെ പ്രശ്നങ്ങൾ—

ശ്രീ. എസ്. രാജേന്ദ്രൻ 386

24. തൊഴിലാളികളെ ചൂഷണം ചെയ്യൽ—

ശ്രീ. കെ. രാജു 387

25. റെയിൽവേ മേൽപ്പാലം—

ശ്രീ. വി. ചെന്താമരാക്ഷൻ 388

26. വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ—

ശ്രീ. ബാബു എം. പാലിശ്ശേരി 389

27. ധനസഹായം നൽകുന്നതിലെ കാലതാമസം—

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ 390

28. കൊമേഴ്സ് അദ്ധ്യാപകരുടെ നിയമനം—

ശ്രീ. വി. പി. സജീന്ദ്രൻ 390

29. വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ—

ശ്രീ. എ. കെ. ബാലൻ 392

പേജ്

30. തസ്തിക നിർണ്ണയം—

ശ്രീമതി ഗീതാ ഗോപി 394

31. രാജരവിവർമ്മ ഫൈൻ ആർട്സ് കോളേജിന്റെ ശോചനീയാവസ്ഥ—

ശ്രീ. ആർ. രാജേഷ് 395

32. ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം—

ശ്രീ. വി. എസ്. സുനിൽകുമാർ 396

33. ബി. ആർ. ജി. ഫണ്ട്—

ശ്രീ. കെ. വി. വിജയദാസ് 398

34. പ്ലസ് ടു സ്കൂൾ കോംപ്ലക്സ് പദ്ധതികൾ വെട്ടിക്കുറച്ച നടപടി—

ശ്രീ. റ്റി. വി. രാജേഷ് 399

35. വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസ്—

ശ്രീ. മാത്യു റ്റി. തോമസ് 400

36. റെഗുലേറ്റർ-കം-ബ്രിഡ്ജ്—

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) 400

37. ബിൽ തുക മാറ്റിക്കൊടുക്കൽ—

ശ്രീ. കോവൂർ കുഞ്ഞുമോൻ 401

**V നിയമനിർമ്മാണകാര്യം**

ധനവിനിയോഗബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും 402

**VI തിരുത്തൽ സ്റ്റേറ്റ്മെന്റ്** 437

**VII മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ 437

**VIII റിപ്പോർട്ട് സമർപ്പണം**

1. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനേഴാമത് റിപ്പോർട്ട്— 440

2. സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലും ഇരുപത്തിയഞ്ചും റിപ്പോർട്ടുകൾ— 440

| | | പേജ് |
|---|---|---|
| **IX** | **ക്രമപ്രശ്നം** | |
| | ചട്ടങ്ങൾ രൂപീകരിക്കുന്നതു സംബന്ധിച്ച് | |
| | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | 440 |
| | **നിയമനിർമ്മാണകാര്യം (തുടർച്ച)** | 443 |
| **X** | **അവകാശലംഘനപ്രശ്നങ്ങൾ** | 483 |
| **XI** | **പ്രമേയം** | |
| | സഭ അനിശ്ചിതകലാത്തേക്ക് പിരിയുന്നത് സംബന്ധിച്ച് | |
| | മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) | 484 |
| **XII** | **അവലോകനം** | 484 |

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

**പന്ത്രണ്ടാം സമ്മേളനം**

*2014 ഡിസംബർ 18, വ്യാഴം*

വാല്യം 157] ഔദ്യോഗിക റിപ്പോർട്ട് [ നമ്പർ 14

നിയമസഭ 2014 ഡിസംബർ മാസം 18-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ........ ഓർഡർ...... ചോദ്യം നമ്പർ *391

### ഹയർ സെക്കൻഡറി മേഖലയിൽ അനുവദിച്ച സ്കൂളുകളും ബാച്ചുകളും

1(*391) ശ്രീ. ജെയിംസ് മാത്യു :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി മേഖലയിൽ അടുത്ത അദ്ധ്യയനവർഷം മുതൽ പുതിയ സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) നിലവിൽ എത്ര ഹയർസെക്കണ്ടറി സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ ; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാണോ ; വിശദമാക്കാമോ ;

(സി) ഹയർ സെക്കണ്ടറി ഡയറക്ടർ ശിപാർശ ചെയ്ത ലിസ്റ്റിനു വിരുദ്ധമായി ഏതു സാഹചര്യത്തിലാണ് കൂടുതൽ സ്കൂളുകളും ബാച്ചുകളും അനുവദിച്ചതെന്നു വെളിപ്പെടുത്താമോ; മന്ത്രിസഭാ ഉപസമിതിയാണോ സ്കൂളുകളെ തെരഞ്ഞെടുത്തത്; പ്രസ്തുത സ്കൂളുകളെ തെരഞ്ഞെടുത്തതിന് എന്തു മാനദണ്ഡമാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കാമോ; അധികമായി ഉൾപ്പെടുത്തപ്പെട്ട സ്കൂളുകളുടെ പേര് എപ്രകാരമാണ് കണ്ടെത്തിയത്;

(ഡി) ഹയർ സെക്കണ്ടറി ഡയറക്ടറുടെ ലിസ്റ്റിനു പുറമേയുള്ള സ്കൂളുകൾ അനുവദിച്ചതു സംബന്ധിച്ച് സർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്:) സർ,

(എ) ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത സംസ്ഥാനത്തെ 148 പഞ്ചായത്തുകളിലും, വടക്കോട്ടുള്ള ജില്ലകളിലുമായി പുതിയ സ്കൂളുകളും അധിക ബാച്ചുകളും അടക്കം 678 ഹയർ സെക്കണ്ടറി ബാച്ചുകൾ 2013-14 അദ്ധ്യയന വർഷം സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും അനുവദിക്കാൻ സർക്കാർ 2013-ൽ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ കൈക്കൊള്ളാൻ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും അധികബാച്ചുകൾക്കും ആയി ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മമായി പരിശോധിച്ച് ശിപാർശ ചെയ്യുന്നതിന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ അധ്യക്ഷനായി ഒരു ആറംഗ സമിതിയെയും സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സർക്കാർ ഈ കാര്യം പുനഃപരിശോധിക്കുകയും ആവശ്യമുള്ള പ്രദേശങ്ങളിൽ നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കാൻ തീരുമാനിക്കുകയും അപ്രകാരം നടപടികൾ കൈക്കൊള്ളാൻ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ സർക്കാർ ഈ തീരുമാനവും പുനഃപരിശോധിക്കുകയും പ്രാദേശിക ആവശ്യകത കണക്കിലെടുത്ത് മന്ത്രിസഭാ ഉപസമിതിയുടെ ശിപാർശ പ്രകാരം ആവശ്യമായ പ്രദേശങ്ങളിൽ പുതുതായോ അധികമായോ ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 31-7-2014-ലെ സ.ഉ.(കൈ.)നമ്പർ143/2014/ പൊ.വി. അനുസരിച്ച് 700 ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. എന്നാൽ ഈ തീരുമാനം ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഡബ്ല്യു.പി.(സി) നം.18176/14 മുതലായ ഹർജികളിൽക്കൂടി ചോദ്യം

ചെയ്യപ്പെടുകയും ഹൈക്കോടതി അതിന്റെ 18-8-2014-ലെ ഇടക്കാല വിധിയിൽ 2013-14-ലേയ്ക്ക് ഹയർ സെക്കണ്ടറി ഡയറക്ടർ അദ്ധ്യക്ഷനായ ആറംഗസമിതി ശിപാർശ ചെയ്ത പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധികബാച്ചുകളും മാത്രം അനുവദിക്കാൻ ഉത്തരവാകുകയുമുണ്ടായി. ഇതിനെതിരെ സർക്കാർ സമർപ്പിച്ച റിട്ട് അപ്പീൽ 1-9-2014-ൽ ഹൈക്കോടതി നിരസിച്ചതിനാൽ ആറംഗസമിതി ശിപാർശ ചെയ്ത 417 ഹയർ സെക്കണ്ടറി ബാച്ചുകൾക്ക് 2014-15 അധ്യയന വർഷത്തേയ്ക്ക് താത്ക്കാലിക പ്രവർത്തനാനുമതി നൽകുകയും അവശേഷിക്കുന്ന 219 ഹയർ സെക്കന്ററി ബാച്ചുകൾക്ക് 2015-16 അധ്യയന വർഷത്തേക്ക് താത്കാലിക പ്രവർത്തനാനുമതി നൽകിക്കൊണ്ടും 24-11-2014-ലെ സ.ഉ.(കൈ.)നമ്പർ 247/14/പൊ.വി. പ്രകാരം ഉത്തരവാകുകയുണ്ടായി. മേൽ 219 ഹയർ സെക്കണ്ടറി ബാച്ചുകൾ അല്ലാതെ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും ബാച്ചുകളും അടുത്ത അദ്ധ്യയന വർഷം ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

(ബി) ഇക്കൊല്ലത്തെ പ്ലസ് വൺ പ്രവേശന പ്രക്രിയ പൂർത്തിയായപ്പോൾ സംസ്ഥാനത്തൊട്ടാകെ, 31652 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

| | | |
|---|---|---|
| സർക്കാർ മേഖല | - | 2102 |
| എയ്ഡഡ് മേഖല | - | 130 |
| അൺ എയ്ഡഡ് മേഖല | - | 28242 |

ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ അധ്യക്ഷനായ ആറംഗസമിതി 642 ഹയർ സെക്കന്ററി ബാച്ചുകളാണ് 2014-15 അധ്യയന വർഷത്തേക്ക് ശിപാർശ ചെയ്തത്. എന്നാൽ 31/07/2014-ലെ സ.ഉ.(കൈ.) നം.147/14/പൊ.വി. പ്രകാരം സർക്കാർ 700 ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിച്ചിരുന്നു. ഇങ്ങനെ അനുവദിക്കപ്പെട്ട ഹയർ സെക്കണ്ടറി ബാച്ചുകൾ 417 എണ്ണവും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായ ആറംഗ സമിതി ശിപാർശ ചെയ്തതായിരുന്നു. അവശേഷിച്ച 283 ബാച്ചുകളാണ് മന്ത്രിസഭാ ഉപസമിതിയുടെ ശിപാർശ പ്രകാരം അധികമായി അനുവദിച്ചത്. ജനപ്രതിനിധികളും പ്രദേശവാസികളുടെ അഭ്യർത്ഥനകളും പ്രാദേശിക ആവശ്യകതകളും കണക്കിലെടുത്താണ് ആറംഗസമിതി ശിപാർശ ചെയ്യാതിരുന്ന 283 ബാച്ചുകൾ അധികമായി സർക്കാർ അനുവദിച്ചത്.

---

* ലൈബ്രറി വച്ചിട്ടുണ്ട്.

(ഡി) ഡബ്ല്യു.പി (സി) നമ്പർ 18176/2014 മുതലായ ഹർജികളിൽ 18-8-2014-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീലിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. 16-8-2014-ലെ മൂന്നാം അലോട്ട്മെന്റ് പ്രക്രിയ കഴിഞ്ഞപ്പോൾ ഏകദേശം 81500 കുട്ടികൾ പ്ലസ് വൺ പ്രവേശനത്തിനായി കാത്തിരിക്കുന്ന അവസ്ഥയിൽ തെക്കൻ ജില്ലയിൽ ഉൾപ്പെടെ അധിക ബാച്ചുകൾ ആവശ്യമാണെന്ന് ചൂണ്ടി കാട്ടിയാണ് സത്യവാങ്മൂലം സമർപ്പിച്ചത്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നല്കിയ ഉത്തരത്തിൽ നിന്ന് വ്യക്തമായ ഒരു കാര്യം, ആയിരക്കണക്കിന് കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം വിവിധ സ്കൂളുകളിലായി ഒഴിഞ്ഞുകിടക്കുകയും അതേയവസരത്തിൽ സംസ്ഥാനത്തിന്റെ മറ്റുചില സ്ഥലങ്ങളിൽ ആയിരക്കണക്കിന് കുട്ടികൾ പ്രവേശനം ലഭിക്കാതെ കാത്തുനില്ക്കുകയും ചെയ്യുന്ന എന്നാണ്. വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലല്ലാതെ സ്കൂളുകളിൽ പ്ലസ് വൺ അനുവദി ക്കുന്നതുമൂലമാണ് യഥാർത്ഥത്തിൽ ഇത്തരമൊരു സാഹചര്യ മുണ്ടാകുന്നത്. സ്കൂളുകളിൽ പ്ളസ് ടു അനുവദിക്കുന്ന കാര്യത്തിൽ വ്യക്തമായ ഒരു മാനദണ്ഡം ഉണ്ടാക്കാൻ തയ്യാറാകണം. ഫീഡർ സ്കൂളുകളിൽ നിന്ന് പ്ലസ് വൺ-ലേക്ക് വരേണ്ട കുട്ടികളുടെ സാധ്യതാലിസ്റ്റ് കണക്കാക്കുന്നതിന് സംസ്ഥാനത്ത് യാതൊരു പ്രയാസവുമില്ല. ഒരു ഹയർ സെക്കണ്ടറി സ്കൂളിലേക്ക് വരേണ്ട ഫീഡർ സ്കൂളുകൾ, ഹൈസ്കൂളുകൾ എത്രയുണ്ടെന്നും അവിടെ നിന്ന് പ്രവേശന സാധ്യതയുള്ള കുട്ടികൾ എത്രയാണെന്നും കണക്കാക്കി ഏതൊക്കെ സ്കൂളുകൾക്കാണ് പ്ലസ് വൺ അനുവദിക്കേണ്ടതെന്നും തീരുമാനിക്കുന്നതിന് സർക്കാർ ഒരു മാനദണ്ഡം നിശ്ചയിക്കുകയും അതനുസരിച്ച് ഈ തീരുമാനം മുന്നോട്ടു കൊണ്ടുപോകുകയും ചെയ്തിരുന്നുവെങ്കിൽ ഇത്തരമൊരു ദുരവസ്ഥ ഉണ്ടാകുമായിരുന്നില്ല. വരും വർഷങ്ങളിലെങ്കിലും ഇതിനൊരു മാനദണ്ഡം രൂപീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, മാനദണ്ഡങ്ങളുടെ കുഴപ്പമൊന്നുമില്ല. മാനദണ്ഡങ്ങൾക്കനുസരിച്ചു തന്നെയാണ് കാര്യങ്ങൾ നടക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ള ഏകജാലക സംവിധാനത്തിന്റെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ നടക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഓരോ സ്കൂളിന്റെയും ഫീഡർ സ്കൂൾ നോക്കിയിട്ട് പ്ലസ് വൺ അനുവദിക്കാൻ കഴിയില്ല. ഏകജാലക സംവിധാനത്തിനനുസരിച്ചും സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ

നോക്കിയും ഗവൺമെന്റ് തീരുമാനിച്ച ആറംഗസമിതിയുടെ ശിപാർശ അനുസരിച്ചുമാണ് സ്കൂളുകൾ തെരഞ്ഞെടുത്തത്. ഇതൊക്കെ അനുവദിച്ചിട്ടും ഗവൺമെന്റ് സെക്ടറിൽ ആകെ 2102 സീറ്റുകളും എയ്ഡഡ് സെക്ടറിൽ 1308 സീറ്റുകളുമാണ് ഒഴിവുള്ളത്. അതുതന്നെ അഡ്മിഷൻ പ്രോസസ് കുറച്ചു താമസിച്ചതു കൊണ്ടു വന്നതാണ്. അതേയവസരത്തിൽ 28000 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് അൺ എയ്ഡഡ് മേഖലയിലാണ്. ഈ അൺ എയ്ഡഡ് മേഖലയിൽ കുട്ടികൾ പോയത് സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും ആവശ്യമായ പ്ലസ് വൺ-നുള്ള സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടാണ്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, പുതിയ ഹയർ സെക്കണ്ടറി ബാച്ച് അനുവദിക്കുന്ന സമയത്ത് ഏത് കോഴ്സുകളാണ് വേണ്ടതെന്ന കാര്യത്തെ സംബന്ധിച്ചും ഇതുപോലൊരു അവസ്ഥ നിലനിൽക്കുകയാണ്. എല്ലാ സ്കൂളുകൾക്കും സയൻസ്, കൊമേഴ്സ് ബാച്ചുകളാണ് വേണ്ടത്. ഹ്യൂമാനിറ്റീസ് ആർക്കും വേണ്ട. ഇതിന്റെ ഫലമായി സമൂഹത്തിനാവശ്യമായ ബിരുദധാരികളെയോ ഉന്നത ബിരുദധാരികളെയോ ലഭിക്കാൻ ഇടയാകാത്ത വിധത്തിലുള്ള ഒരു അസന്തുലിതാവസ്ഥ സൃഷ്ടിക്കപ്പെടുകയാണ് ചെയ്യുന്നത്. ഓരോ സ്കൂളുകളുടെയും ഇത്തരം താല്പര്യങ്ങൾ മാത്രം കണക്കിലെടുക്കാതെ സംസ്ഥാനത്തിന്റെയും വിദ്യാർത്ഥികളുടെയും താല്പര്യങ്ങൾ കണക്കിലെടുത്ത് ഏതു വിഷയങ്ങളിലാണ് പ്ലസ് വൺ, പ്ലസ് ടു കോഴ്സുകൾ അനുവദിക്കേണ്ടതെന്ന കാര്യത്തെ സംബന്ധിച്ച് ശാസ്ത്രീയമായൊരു പഠനം നടത്തി അതിനൊരു മാനദണ്ഡം നിശ്ചയിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, പ്ലസ് വൺ പ്രവേശനം ആരംഭിച്ച കാലം മുതൽക്കുതന്നെ സ്കൂളുകളുടെ ഓപ്ഷൻ ചോദിച്ചിട്ടാണ് അവർക്കാവശ്യമായ സബ്ജക്ട് അനുവദിക്കാറുണ്ടായിരുന്നത്. പുതിയതായി അപേക്ഷ ക്ഷണിച്ചപ്പോഴും അതേ മാനദണ്ഡം തന്നെയാണ് സ്വീകരിച്ചത്. സയൻസ് ബാച്ചിനും കൊമേഴ്സ് ബാച്ചിനും മുൻഗണന കൊടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പല സ്കൂളുകളിലും സയൻസ് കോഴ്സുകൾ തുടങ്ങാനുള്ള ലബോറട്ടറി, അതുപോലുള്ള മറ്റു സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് അവർ പെട്ടെന്നുതന്നെ അതിന് തയ്യാറാകുകയില്ല. ഏതായാലും ആ രീതിയിലുള്ള ഒരു മാനദണ്ഡം വച്ചുകൊണ്ടുതന്നെയാണ് സർക്കാർ ഇത് അനുവദിച്ചിട്ടുള്ളത്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : സർ, കൂടുതൽ പ്ലസ് വൺ, പ്ലസ് ടു

സീറ്റുകളും കോഴ്സുകളും അനുവദിക്കുന്നതിനുവേണ്ടി ഹയർ സെക്കണ്ടറി ഡയറക്ടർ ചെയർമാനായി ഒരു ഉപസമിതിയെ സർക്കാർ നിശ്ചയിച്ചു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ ഡയറക്ടറും ഉപസമിതിയുമെടുത്ത തീരുമാനം പാടെ മാറ്റിമറിച്ചുകൊണ്ട് ഗവൺമെന്റ് ഒരു പുതിയ തീരുമാനം കൈക്കൊണ്ടു കൊണ്ട് ഇപ്പോൾ അധികബാച്ചുകളും മറ്റ് കോഴ്സുകളും അനുവദിച്ചിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ ഇങ്ങനെയൊരു സമിതിയെ ഗവൺമെന്റ് നിശ്ചയിച്ചത് എന്തിനാണ്? ഇതിന്റെ പിന്നിൽ something wrong നടന്നിട്ടുണ്ട്. ഡയറക്ടറുടെയും ഉപസമിതിയുടെയും തീരുമാനം മാറ്റിമറിച്ചതാണെന്ന് ആരെങ്കിലും തെറ്റിദ്ധരിച്ചാൽ അതിനെ കുറ്റം പറയുവാൻ കഴിയുമോ ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ അത് എന്റെ ഉത്തരത്തിൽതന്നെ പറഞ്ഞു. നേരത്തെ ഹയർ സെക്കണ്ടറി ഡയറക്ടർ അദ്ധ്യക്ഷനായിട്ടുള്ള ഉപസമിതി സ്കൂളുകൾ തീരുമാനിച്ചു. സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഹയർ സെക്കണ്ടറി അനുവദിക്കാനും എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ നിലവിലുള്ള സീറ്റിന്റെ അപര്യാപ്തതയ്ക്കനുസരിച്ച് പുതിയ ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹയർ സെക്കണ്ടറി ആക്കാനും അതുപോലെ നിലവിലുള്ള ഹയർസെക്കണ്ടറി സ്കൂളുകൾക്ക് അധിക ബാച്ച് കൊടുക്കാനുമാണ് തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു റിപ്പോർട്ടും സ്റ്റേറ്റുമെന്റുമാണ് ഹയർ സെക്കണ്ടറി ഡയറക്ടർ അദ്ധ്യക്ഷനായിട്ടുള്ള സമിതി ശുപാർശ ചെയ്തു തന്നത്. അതേയവസരത്തിൽ പ്രാദേശിക ഭരണകൂടങ്ങളും ജനപ്രതിനിധികളുമെല്ലാം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ ബാച്ചുകൾ അനുവദിക്കേണ്ടി വന്നത്. ആ സാഹചര്യവും ഞാൻ എന്റെ ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് പുതിയ ബാച്ചുകൾ ആരംഭിച്ചതിൽ യാതൊരു അപാകതകളും ഇല്ല, എല്ലാം വളരെ നല്ല നിലയിലാണുണ്ടായതെന്നാണ്. എന്നാൽ ശ്രീ. തോമസ് ഉണ്ണിയാടൻ, എം.എൽ.എ. ചെയർമാനായ നിയമസഭാ പെറ്റീഷൻസ് കമ്മിറ്റി ഇതിന് കടകവിരുദ്ധമായ ഒരു നിരീക്ഷണം നടത്തിയിട്ടുണ്ട്. എല്ലാ പുതിയ പ്ലസ് വൺ സ്കൂളുകളും ബാച്ചുകളും അനുവദിച്ചത് അശാസ്ത്രീയമായിട്ടാണെന്നും സീറ്റുകൾ ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ചുണ്ടെന്നും പ്രസ്തുത സമിതി റിപ്പോർട്ട് ചെയ്തു. ഏകപക്ഷീയമായ അഴിമതി ഇതിന്റെ പിന്നിലുണ്ടെന്ന് നിയമസഭാ പെറ്റീഷൻസ് കമ്മിറ്റി തന്നെ പറഞ്ഞിരിക്കുകയാണ്. ഇതിന്റെ ഭാഗമയി നിരവധി ആക്ഷേപങ്ങൾ ഉയർന്നു വന്നു. എം.ഇ.എസ്.-ന്റെ

പ്രസിഡന്റ് ഡോ. ഫസൽ ഗഫൂർ ഉൾപ്പെടെ അഴിമതിയാരോപണമുന്നയിക്കപ്പെട്ട അഴിമതിയെ സംബന്ധിച്ചും നിയമസഭാ പെറ്റീഷൻസ് സമിതിയുടെ വിലയിരുത്തലിനെ സംബന്ധിച്ചും എന്തെങ്കിലും അന്വേഷണം നടത്താനോ നിയമനടപടികൾ സ്വീകരിക്കാനോ സർക്കാർ തയ്യാറായിട്ടുണ്ടോ; ഇനി തയ്യാറാകുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, 40 കുട്ടികളെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ബാച്ച് തുടങ്ങാൻ സാധിക്കുകയുള്ളൂ എന്ന് ആ ഉത്തരവിൽതന്നെ നിർദ്ദേശിച്ചിരുന്നു. ആദ്യം 7 സ്കൂളുകളിലാണ് 40 കുട്ടികൾ തികയാതെയിരുന്നത്. അതിൽ 5 എണ്ണം ഗവൺമെന്റ് സ്കൂളുകളും 2 എണ്ണം എയ്ഡഡ് സ്കൂളുകളുമാണ്. ബാക്കിയുള്ള സ്കൂളുകളിലെല്ലാം ഓരോ ബാച്ചും തുടങ്ങാനാവശ്യമായ കുട്ടികളുണ്ട്. അതനുസരിച്ചാണ് തുടങ്ങിയത്. അതുകൊണ്ട് അതിൽ യാതൊരു അശാസ്ത്രീയതയുമില്ല. ഞാൻ നേരത്തെ ഉത്തരത്തിന്റെ അവസാനത്തിൽ പറഞ്ഞതുപോലെ രണ്ടാമത്തെ ബാച്ചും അടുത്ത വർഷം അനുവദിക്കണമെന്നാണ് കോടതി പറഞ്ഞിട്ടുള്ളത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: പെറ്റീഷൻ സമിതിയുടെ വിലയിരുത്തലിനെ സംബന്ധിച്ച് മറുപടി പറഞ്ഞില്ല.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യോത്തരവേള ഇത്തരത്തിൽ ഉപയോഗിക്കരുത്. ബഹുമാനപ്പെട്ട മന്ത്രിമാർ ഏത് രീതിയിൽ മറുപടി പറയണമെന്ന് പറയാൻ ചെയറിന് അധികാരമില്ല.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഓരോ വർഷവും എസ്.എസ്.എൽ.സി. പാസ്സായി പ്ലസ് ടു-വിന് അർഹതനേടിയ കുട്ടികളുടെ എണ്ണം നോക്കിയാണ് പ്ലസ് ടു അനുവദിക്കുന്നത്. 2014-15-ൽ അതായത് കഴിഞ്ഞ ജൂൺ മാസത്തിൽ എസ്.എസ്.എൽ.സി. പാസ്സായി പ്ലസ് ടു-വിന് അർഹതനേടിയത് 442678 കുട്ടികളാണ്. എന്നാൽ ജൂൺ മാസത്തിൽ പ്ലസ് ടു സീറ്റുകളുടെ എണ്ണം 394617, വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 27500, ഐ.റ്റി.ഐ., ഐ.റ്റി.സി 61421, പോളിടെക്നിക്കുകൾ 13974, അൺ എയ്ഡഡ് 65820, അങ്ങനെ ആകെ 563332 സീറ്റുകൾ കേരളത്തിലുള്ളപ്പോൾ 442000 കുട്ടികൾ മാത്രമേയുള്ളൂ. 120000 സീറ്റുകൾ അധികമാണ്. ഇത്രയും സീറ്റ് അധികമുള്ളപ്പോഴാണ് പുതിയ ബാച്ച് അനുവദിച്ചത്. ഇതിനുള്ള കാരണം പ്ലസ് ടു-വിന് കേരളത്തിൽ കഴിഞ്ഞ ജൂൺ മാസത്തിൽ ഗവൺമെന്റ് മേഖലയിൽ 720-ഉം എയ്ഡഡ് മേഖലയിൽ 652-ഉം ചേർത്ത് ആകെ 1372 സ്കൂളുകളിലായി 6578 ബാച്ചുണ്ട്. ഒരു ബാച്ചിന് 10 ശതമാനം വർദ്ധിപ്പിച്ചാൽ 65000 സീറ്റെങ്കിലും കിട്ടും. അപ്പോൾ പുതുതായി

ഇത്രയധികം അദ്ധ്യാപകൻമാരെ നിയമിക്കേണ്ടതില്ല, ഒരു മാസം 19500 കോടി രൂപയുടെ അധികചെലവ് വരില്ല. അങ്ങനെ വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കി.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ, ചോദ്യം ചോദിക്കൂ?

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഒരു ദീർഘവീക്ഷണം വേണ്ടേ? ഈ വർഷം രണ്ടാം ക്ലാസ്സിൽ 300104 കുട്ടികളും ഒന്നാം ക്ലാസ്സിൽ 296906 കുട്ടികളുമുണ്ട്. ഇപ്പോൾ കേരളത്തിൽ അഞ്ചര ലക്ഷം കുട്ടികൾക്ക് പ്രവേശനമുണ്ട്. ഒൻപത് കൊല്ലംകൂടി കഴിഞ്ഞാൽ ഇതിന്റെ പകുതിയിൽ താഴെ കുട്ടികൾ മാത്രമേയുണ്ടാവുകയുള്ളൂ. ഇക്കാര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, നേരത്തേ ഹയർ സെക്കണ്ടറി ഡയറക്ടറുടെ നേതൃത്വത്തിലുള്ള സമിതി പരിശോധിച്ച് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ബാച്ചുകളനുവദിച്ചത്. ബാച്ചുകൾ അനുവദിച്ചതിലെല്ലാം തന്നെ കുട്ടികളുണ്ടെന്നുള്ള കാര്യം ഞാനിവിടെ സൂചിപ്പിച്ചു. ആകെ ഏഴ് സ്കൂളുകളിൽ മാത്രമാണ് 40 കുട്ടികളിൽ താഴെയുള്ളത്. അതുകൊണ്ടുതന്നെ ഈ ബാച്ചുകൾ അനുവദിച്ചത് വെറുതെയല്ല എന്നുള്ളതിന്റെ തെളിവാണത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ദേശീയ വിദ്യാഭ്യാസനയം നടപ്പാക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇന്ന് പത്താം ക്ലാസ്സുവരെയുള്ള സ്കൂളുകൾക്ക് ഫെസിലിറ്റി ഉണ്ടെങ്കിൽ ഹയർ സെക്കന്ററികൂടി കൊടുക്കാനുള്ള നയപരമായ തീരുമാനം ഗവൺമെന്റ് എടുക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, നയപരമായ ഒരു തീരുമാനത്തിന്റെ പ്രശ്നം ഇവിടെ വരുന്നില്ല. നയപരമായ തീരുമാനത്തിന്റെയും മന്ത്രിസഭാ സമിതിയുടേയും തീരുമാനത്തിന്റെയടിസ്ഥാനത്തിലാണ് കഴിഞ്ഞ വർഷം ഈ പ്രക്രിയ ആരംഭിച്ചത്. അതിൽ വലിയൊരളവോളം നമുക്ക് പൂർത്തിയാക്കാൻ സാധിച്ചു. ബാക്കിയുള്ള കാര്യങ്ങൾ ആവശ്യകതനോക്കി എന്തുചെയ്യണമെന്നുള്ളത് ഗവൺമെന്റ് തീരുമാനിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഹയർ സെക്കന്ററി സ്കൂളുകളിൽ ലബോറട്ടറി ടെക്നീഷ്യൻ, പ്യൂൺ തുടങ്ങിയ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ തസ്തികകൾ അനുവദിക്കാത്തതിന്റെ ഫലമായി ഹൈസ്കൂളുകളിലുള്ള ലാബ് ടെക്നീഷ്യന്മാർതന്നെ ഹയർ സെക്കണ്ടറിയിൽപോയി പണിയെടുക്കുന്ന വലിയൊരു അരാചകത്വമാണ് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നത്. അഡീഷണൽ പോസ്റ്റുകൾ

അനുവദിക്കാതെ എങ്ങനെയാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഈ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? അനദ്ധ്യാപക പോസ്റ്റുകൾ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിക്കാത്തത് എന്തുകൊണ്ടാണ് ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, പ്രീ-ഡിഗ്രി ഡീ-ലിങ്ക് ചെയ്ത് പ്ലസ് വൺ തുടങ്ങിയ കാലം മുതൽ തുടങ്ങിയ ഒരു പ്രശ്നമാണിത്. പ്രീ-ഡിഗ്രി കോളേജിലായിരുന്ന സമയത്ത് അതിനനുസരിച്ചുള്ള നോൺ ടീച്ചിംഗ് സ്റ്റാഫുകളുമുണ്ടായിരുന്നു. ഹൈസ്കൂളുകളിലേക്ക് പ്ലസ് വൺ വന്നതോടുകൂടി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള ഒരു അസന്തുലിതാവസ്ഥ നിലനിൽക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. അത് പരിഹരിക്കാൻ വേണ്ടിയുള്ള പരിശ്രമങ്ങൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. എ. അസീസ്: സർ, പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിച്ച കൂട്ടത്തിൽ ആദ്യം വന്ന ഒരു ലിസ്റ്റിലുണ്ടായിരുന്ന ചില സ്കൂളുകളെ പിന്നീട് ഒഴിവാക്കാനുള്ള കാരണമെന്താണ്? പഞ്ചായത്തും മുനിസിപ്പൽ കോർപ്പറേഷനും എന്നൊക്കെപ്പറഞ്ഞ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരിലാണ് ചില സ്കൂളുകളെ ഒഴിവാക്കിയത്. ആദ്യം പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയ ചില സ്കൂളുകളെ പിന്നീട് ഒഴിവാക്കിയതിനുള്ള കാരണമെന്താണ്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ നേരത്തേ പറഞ്ഞതുപോലെ ഹയർ സെക്കന്ററി ഡയറക്ടർ തയ്യാറാക്കിയ ലിസ്റ്റിനു പുറമേ മന്ത്രിസഭാ ഉപസമിതിയും നേരത്തേ സൂചിപ്പിച്ച പ്രാദേശിക ആവശ്യകതയും ഭരണകൂടങ്ങളുടെ ആവശ്യകതയും മെമ്പർമാരുടെ ആവശ്യകതയുമെല്ലാം കണക്കിലെടുത്തുകൊണ്ടാണ് അഡീഷണൽ ലിസ്റ്റ് തയ്യാറാക്കിയത്. പക്ഷേ ആ ലിസ്റ്റ് നടപ്പിലാക്കേണ്ടതില്ലെന്ന് കോടതി പറയുകയുണ്ടായി. ഹയർ സെക്കന്ററി ഡയറക്ടർ അദ്ധ്യക്ഷനായ ഉപസമിതി റിപ്പോർട്ട് ചെയ്തത് മാത്രം നടപ്പാക്കിയാൽ മതിയെന്ന് പറഞ്ഞുകൊണ്ടാണ് നേരത്തേ ഉൾപ്പെടുത്തിയ സ്കൂളുകളെ ഒഴിവാക്കേണ്ടിവന്നത്.

ശ്രീ. കെ. രാജു: സർ, തമിഴ് ഭാഷാ ന്യൂനപക്ഷമുള്ള മേഖലകളിൽ, പ്രത്യേകിച്ച് ആര്യങ്കാവ് പഞ്ചായത്തിൽ സ്കൂൾ ഇല്ലായിരുന്നു. അവിടെ പുതിയതായി ഒരു ഹയർ സെക്കന്ററി സ്കൂൾ അനുവദിച്ചു. യഥാർത്ഥത്തിൽ അവിടെയുള്ള തൊഴിലാളികളിൽ ഭൂരിപക്ഷവും തമിഴ്നാട്ടുകാരാണ്. എന്നാൽ അവരുടെ മക്കൾ മലയാളം പഠിക്കുന്നുണ്ട്. ആ സ്കൂളിൽ മലയാളം സെക്കന്റ് ലാംഗ്വേജ് ആയി

പഠിപ്പിക്കാൻ അനുവാദം ലഭിക്കുകയുണ്ടായി. അതുകൊണ്ട് ഇതുപോലുള്ള ഭാഷാ ന്യൂനപക്ഷ മേഖലകളിൽ മലയാളവും തമിഴും പഠിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഓരോ കോഴ്സിനും പ്രവേശനമെടുക്കുന്ന കുട്ടികളാഗ്രഹിക്കുന്ന സെക്കന്റ് ലാംഗ്വേജും മറ്റുള്ള ഭാഷകളും ഏതാണെന്നു നോക്കി ഓരോ ഭാഷയ്ക്കും നിശ്ചയിച്ചിട്ടുള്ള മിനിമം കുട്ടികളുടെ എണ്ണത്തിനനുസരിച്ചാണ് ആ ഭാഷയുമായി ബന്ധപ്പെട്ട പോസ്റ്റുകൾ അനുവദിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തമിഴ് പഠിക്കാൻ കുട്ടികളുണ്ടെങ്കിൽ തീർച്ചയായും അവിടെ ആ പോസ്റ്റ് അനുവദിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഹയർ സെക്കന്ററിയിൽ ബാച്ചുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് ഒരു ഭാഗത്ത് ആക്ഷേപമുണ്ടാകുമ്പോൾ പ്രൈവറ്റ് രജിസ്ട്രേഷനോടു കൂടി പരീക്ഷയെഴുതുന്ന മലബാർ മേഖലയിലെ കുട്ടികളുടെ എണ്ണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുട്ടികൾ പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്യാനിടയായത് ഹൈസ്കൂളുകളിൽ സീറ്റ് ലഭിക്കാത്തതുകൊണ്ടാണ്. അത്തരം പ്രദേശങ്ങളിലെ ഗവൺമെന്റ് സ്കൂളുകളിൽ കുട്ടികൾക്കാവശ്യമായിട്ടുള്ള സീറ്റ് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ നേരത്തേ പറഞ്ഞതുപോലെ കഴിഞ്ഞ തവണയുള്ള സീറ്റുകളിൽത്തന്നെ 20 ശതമാനം സീറ്റുകൾ അഡീഷണലായി അനുവദിച്ചു. അതിനുശേഷമാണ് പുതിയ സ്കൂളുകളിലുള്ള ഹയർ സെക്കന്ററി ബാച്ചുകളുടെ അഡ്മിഷൻ നടത്തിയത്. അപ്പോഴും 2100 സീറ്റുകൾ ഗവൺമെന്റിലും 1300 സീറ്റുകൾ എയ്ഡഡ് മേഖലയിലും ഒഴിവായി കിടന്നു. അതേയവസരത്തിൽ 28000 സീറ്റുകളാണ് അൺ എയ്ഡഡ് സ്കൂളുകളിൽ ഒഴിവുള്ളത്. അതിനു പുറമേയാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ പ്രൈവറ്റ് രജിസ്ട്രേഷന് ഓപ്പൺ സ്കൂളുകളിൽ കുട്ടികൾ രജിസ്റ്റർ ചെയ്യുന്നത്. ഏറ്റവും കൂടുതൽ കുട്ടികൾ രജിസ്റ്റർ ചെയ്യുന്നത് മലബാർ മേഖലയിലാണ്. ഏകദേശം 75-80 ശതമാനത്തോളം കുട്ടികൾ ഓപ്പൺ സ്കൂളിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നുള്ളതാണ് വസ്തുത.

ഡോ. കെ. ടി. ജലീൽ: സർ, കോളേജുകളിൽ നിന്നും പ്രീ-ഡിഗ്രി ഡീ-ലിങ്ക് ചെയ്തപ്പോൾ ഹൈസ്കൂളുകളുടെ ഭാഗമാക്കുകയാണ് ഹയർ സെക്കന്ററി സ്കൂളുകൾ എന്നാണ് പറഞ്ഞത്. തത്വത്തിൽ ഇപ്പോഴും ഹയർ സെക്കന്ററി സ്കൂളുകളുടെ കോംപൗണ്ടുകളിൽ വാട്ടർ ടൈറ്റ് കംപാർട്ടുമെന്റുകളായിട്ടാണ് ഹൈസ്കൂളും ഹയർ സെക്കണ്ടറി സ്കൂളും പ്രവർത്തിച്ചു വരുന്നത്. നമ്മുടെ നാട്ടിലെ എൽ.പി. സ്കൂളുകളിൽ

സ്വീപ്പർമാരും അറ്റന്റർമാരും ക്ലാർക്കും പ്യൂണും ഉണ്ട്. പക്ഷെ ഹയർ സെക്കണ്ടറി സ്കൂളിൽ ഇവരുടെയൊന്നും സേവനം ലഭ്യമല്ല. ഹൈസ്കൂളുകളിലെ പ്യൂൺമാരുടെ സേവനം ഹയർ സെക്കണ്ടറി സ്കൂളിൽ ലഭ്യമല്ല. ഹയർ സെക്കണ്ടറി സ്കൂളുകളിലെ അറ്റന്റർമാർ പ്യൂൺമാരുടെ ജോലി ചെയ്യുണ്ടായെന്നുപറഞ്ഞ് സർക്കാർ തന്നെ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വീപ്പറുടെയും പ്യൂണിന്റെയും ക്ലാർക്കിന്റെയും ജോലി നോക്കുന്നത് ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാരാണ്. തികഞ്ഞ അനീതിയാണ് ഈ രംഗത്ത് നിലനിൽക്കുന്നത്. സർക്കാർ ഈ പ്രശ്നത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹയർ സെക്കന്ററി പ്രിൻസിപ്പാൾമാർ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ വസതിയിലേക്ക് ഒരു മാർച്ച് നടത്തിയപ്പോൾ ആ മാർച്ചിനെ പോലീസ് അതിക്രൂരമായി തല്ലിച്ചതയ്ക്കാനാണ് ശ്രമിച്ചതെന്നുള്ളകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് എന്തെങ്കിലും തരത്തിലുള്ള പരിഹാരം കാണാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ നേരത്തെ ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണന്റെ ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ അക്കാര്യത്തെ കുറിച്ച് പറഞ്ഞു. കാരണം പ്രീഡിഗ്രി ഡീ-ലിങ്ക് ചെയ്ത് പ്ലസ് വൺ ആക്കിയപ്പോൾ മുതലുണ്ടായ പ്രശ്നമാണ്. അത് ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയതായി ഉണ്ടായതല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇത് പരിഹരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ചു കൊണ്ട് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള ശ്രമങ്ങൾ നടത്തി കൊണ്ടിരിക്കുകയാണ്.

ചീഫ് വിപ്പ് (<u>ശ്രീ. പി. സി. ജോർജ്</u>): സർ, ബഹുമാനപ്പെട്ട മന്ത്രി എന്തുപറഞ്ഞാലും പ്ലസ് വൺ അഡ്മിഷൻ വരുമ്പോൾ കുട്ടികളും രക്ഷിതാക്കളും ഓടി ഓടി മടുക്കുകയാണ്. ഏകജാലക സംവിധാനം പ്രിയപ്പെട്ട ശ്രീ. എം. എ. ബേബി സഖാവ് ഈ രാജ്യത്തെ ജനങ്ങളോട് ചെയ്ത ഒരു മഹാപാപമാണ്. വളരെ നിഷ്പക്ഷമായി ചിന്തിച്ചാൽ വിദ്യാർത്ഥികളോട് ഇതുപോലൊരു മഹാപാപം ചെയ്യാനില്ല. അതുകൊണ്ട് ഏകജാലക സംവിധാനത്തിൽ ഒരു പുനഃക്രമീകരണം ആവശ്യമാണ്. അന്ന് സഭയിൽ ചർച്ച ചെയ്തപ്പോൾ ഞങ്ങൾ ഒറ്റക്കെട്ടായി ഇത് നിർത്താൻ പറഞ്ഞതാണ്. ഏതായാലും ഇത് അപകടമാണ്. ഏകജാലക സംവിധാനം നിർത്തലാക്കണം. നമ്മുടെ വിദ്യാർത്ഥികൾക്ക് അഡ്മിഷനാണാവശ്യം. ആവശ്യമില്ലാത്ത ഏകജാലകം വച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കുന്ന പരിപാടി നിർത്തലാക്കണം. അല്ലെങ്കിൽ ഒരു താലൂക്ക് ലെവലിൽ ഏകജാലക സംവിധാനം കൊണ്ടുവരണം. ഈരാറ്റുപേട്ടകാരന്റെ

മക്കൾക്ക് കൂത്താട്ടുകുളത്തും കൂത്താട്ടുകുളത്തുകാരന് ഈരാറ്റുപേട്ടയിലുമാണ് അഡ്മിഷൻ കിട്ടുന്നത്. ഇത് എന്തൊരു കടുംകൈയാണ്. ഈ ഏകജാലക സംവിധാനം എങ്ങനെയെങ്കിലും ഒന്ന് നിർത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഒറ്റ വാക്കിൽ ഉത്തരം പറയാൻ കഴിയുന്ന കാര്യമല്ല. ഇത് നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന ഒരു സംവിധാനമാണ്. ഇതുസംബന്ധിച്ച് ആൾ പാർട്ടി അടിസ്ഥാനത്തിൽ വളരെ വിശദമായി ചർച്ച നടത്തി എന്ത് വേണമെന്നുള്ളതിനെക്കുറിച്ച് തീരുമാനിക്കാം.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഹയർ സെക്കണ്ടറി രംഗത്തെ വിദ്യാർത്ഥികളുടെ സ്ഥിതി വളരെ ശോചനീയമാണ്. യാതൊരു പരിശോധനയുമില്ലാതെയാണ് പുതിയ സ്കൂളുകൾ അനുവദിച്ചതെന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. അതിൽ പല വിവാദങ്ങളുമുണ്ടായി, കോടതി ഇടപെട്ട് അത് മാറ്റി. എയ്ഡഡ് മേഖലയിൽ യാതൊരു അടിസ്ഥാന സൗകര്യവുമില്ലാത്ത സ്കൂളുകളിൽ ഗവൺമെന്റ് പ്ലസ് ടു-ബാച്ചുകൾ അനുവദിച്ചുകൊടുക്കുമ്പോൾ അവിടെ അടിസ്ഥാന സൗകര്യം ഉണ്ടാക്കണമെന്ന ധാരണപോലും മാനേജ്മെന്റുകൾക്ക് നഷ്ടപ്പെടുകയാണ്. ഞാൻ ഒരു സ്പെഷ്യൽ കേസ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ അധിക ബാച്ച് അനുവദിച്ചപ്പോൾ ക്യാൻസൽ ചെയ്ത ഒരു സ്കൂളാണ് ചെമ്പകശ്ശേരി ഹയർ സെക്കണ്ടറി സ്കൂൾ. പ്ലസ് വൺ സീറ്റിന്റെ കോഴയുമായി ബന്ധപ്പെട്ട് ഏഷ്യാനെറ്റിൽ വലിയ വാർത്തവന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട ഒരു സ്കൂളാണ്. ആ സ്കൂളിലെ കുട്ടികൾ വെള്ളം കുടിക്കാറില്ല. കാരണം ആ സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങളില്ല. അതുപോലെ കുടിവെള്ളവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത നിരവധി സ്കൂളുകൾ കേരളത്തിലുണ്ട്. രക്ഷകർത്താക്കൾ പരാതി ഉയർത്തുമ്പോൾ സ്കൂൾ മാനേജ്മെന്റ് നിഷേധാത്മകമായിട്ടുള്ള സമീപനമാണ് സ്വീകരിക്കുന്നത്. അങ്ങനെയുള്ള സ്കൂളുകളിൽ ഗവൺമെന്റ് ഇടപെടാനും മാനേജ്മെന്റ് അത്തരം കാര്യങ്ങൾ ചെയ്തില്ലെങ്കിൽ ഗവൺമെന്റ് അത് ഏറ്റെടുക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഇവിടെ ഉന്നയിച്ച കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇതുവരെ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. തീർച്ചയായും അതിനെപ്പറ്റി ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിപ്പിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ചെയ്യാൻ സാധിക്കുന്ന എല്ലാ നടപടികളും സ്വീകരിക്കും.

ശ്രീ. സണ്ണി ജോസഫ്: സർ, സീറ്റുകളുടെ ലഭ്യതകുറവുകൊണ്ട് മലബാർ മേഖലയിലെ പല സ്ഥലങ്ങളിലും പ്രവേശനത്തിന് കുട്ടികൾ അപേക്ഷയുമായി

കാത്തുനിൽക്കുന്നവെന്ന് ഇവിടെ സംസാരിച്ച അംഗങ്ങളെല്ലാം പറഞ്ഞു. ആരാണ് അതിന്റെ ഉത്തരവാദി? കഴിഞ്ഞതവണ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്ന സമയത്ത് ഈ അസന്തുലിതാവസ്ഥ പരിഹരിക്കാൻ ശ്രീ. ജെയിംസ് മാത്യുവും മറ്റു ബഹുമാനപ്പെട്ട മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ വ്യക്തമായ ഒരു പഠനമോ ശാസ്ത്രീയമായ മാനദണ്ഡങ്ങളോ ഒന്നുംതന്നെയുണ്ടായിരുന്നില്ല. ആ തെറ്റ് പരിഹരിക്കാൻ വേണ്ടിയാണ് ഈ ഗവൺമെന്റ് മലബാർ മേഖലയിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും ബാച്ചുകളും അനുവദിച്ചിട്ടുള്ളത്. ഇതിൽ വന്നിട്ടുള്ള നിയമ തടസ്സങ്ങൾ പരിഹരിച്ച് അടുത്ത അദ്ധ്യയന വർഷമെങ്കിലും അനുവദിക്കപ്പെട്ടിട്ടുള്ള മുഴുവൻ സ്കൂളുകളിലും ക്ലാസ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അടുത്ത അദ്ധ്യയന വർഷം ബാക്കി സ്ഥലങ്ങളിൽ അനുവദിക്കാനുള്ളത് കോടതി ഉത്തരവനുസരിച്ച് ആരംഭിക്കുമെന്ന് മെയിൻ ഉത്തരത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീമതി കെ. എസ്. സലീഖ: സർ, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഏകജാലകം കഴിഞ്ഞതിനുശേഷവും അഡ്മിഷൻ കിട്ടാതെ ഒട്ടേറെ കുട്ടികൾ നമ്മുടെ നാട്ടിൽ നിൽക്കുകയാണ്. ഏകജാലകത്തിന്റെ കാലാവധി കഴിഞ്ഞ് അപേക്ഷ കൊടുത്താൽ അതാത് പ്രദേശത്തെ കുട്ടികളെ അവിടെയുള്ള സ്കൂളുകളിൽ അക്കോമഡേറ്റ് ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഇപ്പോൾ തന്നെ ആ സംവിധാനം ഉണ്ടല്ലോ. മൂന്ന് അലോട്ട്മെന്റ് കഴിഞ്ഞു കഴിഞ്ഞാൽ സ്പോട്ട് അലോട്ട്മെന്റുണ്ട്. അപേക്ഷ കൊടുത്ത കുട്ടികൾക്ക് അവിടെതന്നെ അഡ്മിഷൻ കൊടുക്കുന്നതിന് നിയമ തടസ്സമൊന്നുമില്ല.

ശ്രീ. ജോസഫ് വാഴക്കൻ: സർ, പത്താം ക്ലാസ് വരെയുള്ള എല്ലാ സ്കൂളുകളിലും 40 കുട്ടികളുണ്ടെങ്കിൽ ആ സ്കൂളുകളിൽ ഹയർ സെക്കണ്ടറി അനുവദിക്കാമല്ലോ. അങ്ങനെയാകുമ്പോൾ അവിടെ കൊടുത്തു ഇവിടെ കൊടുത്തില്ല എന്നുള്ള പരാതിയുണ്ടാകില്ല. ഹൈസ്കൂൾ ഉള്ള സ്ഥലങ്ങളിൽ ഹയർ സെക്കണ്ടറിക്ക് 40 കുട്ടികളിൽ കൂടുതൽ ലഭിക്കുമെങ്കിൽ ആ സ്കൂളുകൾക്കെല്ലാം ഹയർ സെക്കണ്ടറി അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഇത് രണ്ടാമത് ചർച്ച ചെയ്ത് തീരുമാനിക്കേണ്ട ഒരു വിഷയമാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിലെ പ്രധാന പട്ടണമാണ് അടിമാലി. അടിമാലി മലയാളം മീഡിയം സർക്കാർ സ്കൂളിലും മൂന്നാർ തമിഴ്

മീഡിയം സർക്കാർ സ്കൂളിലും പ്ലസ് ടു ഇല്ല. ഈ രണ്ട് സർക്കാർ സ്കൂളുകളിലും പ്ളസ് ടു വേണമെന്ന ആവശ്യം വളരെ കാലമായി ഉയർന്നുവരികയാണ്. ഈ വിഷയം നേരത്തെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണ്. അതുകൊണ്ട് വരുന്ന അദ്ധ്യയനവർഷം ഈ രണ്ടു സ്കൂളുകളെയും പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ഇക്കാര്യത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കാം.

ശ്രീ. കെ. മുരളീധരൻ: സർ, അടുത്ത അദ്ധ്യയന വർഷം മുതൽക്കെങ്കിലും എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി തുടങ്ങാനുള്ള കാര്യം ഗവൺമെന്റ് പരിഗണിക്കുമോ? മുഖ്യമന്ത്രിയുടെ സ്റ്റേറ്റുമെന്റിലും അത് ഉണ്ടായിരുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അതിലും ശാസ്ത്രീയമായ പഠനമാവശ്യമാണ്. ഗവൺമെന്റ് സ്കൂളുകളിലെല്ലാം ഹയർ സെക്കണ്ടറി തുടങ്ങാൻ പോയാൽ സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകൾ ഉണ്ട്. നല്ലൊരു പോളിസിയും നയപരമായ തീരുമാനവുമാണ്. അതിനുള്ള പ്രായോഗിക കാര്യങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ട് എന്തുവേണമെന്നുള്ളത് വിശദമായ ചർച്ചകൾക്കുശേഷം തീരുമാനിക്കേണ്ട വിഷയമാണ്.

**ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവാര മികവ്**

2(*392) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:
ശ്രീ. എൻ. ഷംസുദ്ദീൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവാര മികവ് നേടിയെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നടപടികൾമൂലം ഏതൊക്കെ സ്ഥാപനങ്ങളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്താനായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) അന്തർദേശീയ തലത്തിൽ തയ്യാറാക്കിയ മികച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടികയിൽ രാജ്യത്തെ ഒരു സ്ഥാപനത്തിനുപോലും ഇടം

കണ്ടെത്താനായിട്ടില്ലെന്ന വസ്തുത കണക്കിലെടുത്ത് ഇപ്പോൾ ദേശീയ നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളെ കൂടുതൽ ഔന്നത്യങ്ങൾ നേടാൻ പ്രാപ്തമാക്കും വിധമുള്ള പ്രോൽസാഹന പാക്കേജുകൾക്ക് രൂപം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ് ): സർ,

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും ഗുണനിലവാരം വിലയിരുത്തുന്നതിനായി പ്രൊഫ. ജ്ഞാനം കമ്മിറ്റിയുടെ റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശയോടെ ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരളാ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സംസ്ഥാനത്തെ ബിരുദ വിദ്യാഭ്യാസം പുനഃസംഘടിപ്പിച്ച് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനവും ഗ്രെയ്ഡിംഗും നടപ്പിലാക്കി. ഇതിനെത്തുടർന്ന് പ്രസ്തുത സമ്പ്രദായത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച പ്രൊഫ. ബി. ഹൃദയകുമാരി അദ്ധ്യക്ഷയായ സമിതിയുടെ ശിപാർശകൾ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ നടപ്പിലാക്കി വരുന്നു. ദേശീയ അന്തർദേശീയ തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ ഉൾക്കൊണ്ട് സംസ്ഥാന വിദ്യാഭ്യാസ നയത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനായി പോണ്ടിച്ചേരി സർവ്വകലാശാല വൈസ് ചാൻസിലർ, പ്രൊഫ. ജെ. എ. കെ. തരീൻ അദ്ധ്യക്ഷനായ സമിതിയുടെ റിപ്പോർട്ട്, സർവ്വകലാശാല നിയമങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് പ്രൊഫ. ചന്ദ്രശേഖരപിള്ള സമിതിയുടെ റിപ്പോർട്ട്, വിദ്യാഭ്യാസ വ്യവസായ രംഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധവും സഹകരണവും വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനായി ഏഷ്യൻ സ്കൂൾ ഓഫ് ബിസിനസ്സ് ഡയറക്ടർ ശ്രീ. രാജീവ് ശ്രീനിവാസൻ അദ്ധ്യക്ഷനായ സമിതി റിപ്പോർട്ട്, സംസ്ഥാനത്ത് ഇന്റർനാഷണൽ അറബിക് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനായി ഡോ. പി. അൻവർ ചെയർമാനായ കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട്, ഉന്നത വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകേതര ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കോഴിക്കോട് സർവ്വകലാശാല പ്രോ-വൈസ് ചാൻസിലർ പ്രൊഫ. രവീന്ദ്രനാഥ് അദ്ധ്യക്ഷനായ സമിതിയുടെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുകയും പ്രസ്തുത റിപ്പോർട്ടുകൾ സജീവമായി പരിശോധിച്ച് വരികയുമാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ക്ലസ്റ്റർ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. നോബൽ സമ്മാന ജേതാക്കളടക്കം പ്രമുഖ പണ്ഡിതരെയുൾപ്പെടുത്തി സംസ്ഥാനത്തെ സർവ്വകലാശാലകളിൽ എറുഡേറ്റ്

പ്രോഗ്രാം നടപ്പിലാക്കി വരുന്നു. കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതി നടപ്പാക്കുന്നതിനായി ഓരോ വർഷവും ആയിരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി സ്കോളർഷിപ്പ് ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും സ്റ്റുഡന്റ് സെമിനാറുകൾ സംഘടിപ്പിക്കുകയും കോളേജുകൾക്കും, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകൾക്കും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നൽകി വരുന്നു. കേരളത്തിലെ 13 കോളേജുകൾക്ക് സ്വയംഭരണ പദവി നൽകാൻ ശിപാർശ ചെയ്തതിൽ പത്ത് കോളേജുകൾക്ക് സ്വയംഭരണ പദവി നൽകി യു.ജി.സി. ഉത്തരവായിട്ടുണ്ട്. രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കേരളാ സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ ഡെവലപ്പ്മെന്റ് പ്ലാൻ കേന്ദ്ര റൂസ മിഷൻ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'Higher Education for the Future' എന്ന ജേർണൽ പ്രസിദ്ധീകരിച്ച് വരുന്നു. ആട്ടോമേഷൻ ടെക്നോളജിയിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ മികവിന്റെ കേന്ദ്രമാക്കുക, തിരുവനന്തപുരം ബാർട്ടൺ ഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ട്രാൻസിലേഷണൽ എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദ കോഴ്സ്, ബാർട്ടൺ ഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ കോഴ്സ്, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക്/ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ, എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റികൾക്കായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് സെന്ററുകൾ, വിദ്യാഭ്യാസ വിഭവ കേന്ദ്രങ്ങൾ എന്നീ പദ്ധതികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് 19 എഞ്ചിനീയറിംഗ് കോളേജുകളിൽ ലോക ബാങ്കിന്റെ സഹായത്തോടെ ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (TEQIP) നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്കായി ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുണ്ട്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം ക്യാമ്പസ്സിലാണ് ടി യൂണിവേഴ്സിറ്റി പ്രവർത്തിക്കുന്നത്. കേരളത്തിലെ സർവ്വകലാശാലകളിലും കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ സമ്പൂർണ്ണ ഇ-ഗവേർണൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. L.B.S. സെന്ററിന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിൽ IIST (Integrated Institute of Science and Technology) സ്ഥാപിക്കുന്നതിനുള്ള പ്രാരംഭനടപടികൾ നടന്നുവരുന്നു. കോളേജ് അദ്ധ്യാപകരുടെ പരിശീലനത്തിനായി

ഒരു ഫാക്കൽറ്റി ട്രെയിനിംഗ് അക്കാദമി സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ദുബായ് അക്കാദമിക് സിറ്റി മാതൃകയിൽ സംസ്ഥാനത്ത് ഒരു അക്കാദമിക് സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ, പ്ലാനിംഗ് ബോർഡ് അംഗം ശ്രീ. ജി. വിജയരാഘവൻ എന്നിവരടങ്ങിയ സമിതി സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരു ആഗോള വിദ്യാഭ്യാസ സംഗമം നടത്താൻ ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി സ്പെഷ്യൽ ഓഫീസറായി എൽ.ബി.എസ്. ഡയറക്ടർ ശ്രീ. സയ്യീദ് റഷീദിനെ നിയമിച്ചിട്ടുണ്ട്. അദ്ധ്യയന കാലത്തുതന്നെ കുട്ടികളിൽ തൊഴിൽ നൈപുണ്യം വളർത്തുന്നതിന് അധിക തൊഴിൽ നൈപുണ്യ പദ്ധതി (ASAP), വിദ്യാർത്ഥികളിൽ തൊഴിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനുള്ള വിദ്യാർത്ഥി സംരംഭകത്വ പദ്ധതി, വിദ്യാർത്ഥികൾക്ക് അവരുടെ ഭാവിയെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള വാക്ക് വിത്ത് എ സ്കോളർ പദ്ധതി, പുതിയ അദ്ധ്യാപകർക്കുള്ള പരിശീലന പദ്ധതിയായ ഫ്ലെയർ (FLAIR) എന്നിവ ആരംഭിച്ചിട്ടുണ്ട്. സർവ്വകലാശാലകളിൽ മോശം പ്രകടനം കാഴ്ചവച്ച വിഷയങ്ങളിൽ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പാവപ്പെട്ട കുട്ടികളുടെ പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിനായി നിലവിൽ സർക്കാർ/എയ്ഡഡ് കോളേജുകൾ ഇല്ലാത്ത നിയമസഭാ നിയോജക മണ്ഡലങ്ങളിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 18 ആർട്സ് ആന്റ് സയൻസ് സർക്കാർ കോളേജുകളും 4 എയ്ഡഡ് കോളേജുകളും ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി തെരഞ്ഞെടുത്ത പത്ത് സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ അനുവദിച്ച അഞ്ച് ഐ.ഐ.ടി.-കളിൽ ഒരെണ്ണം കേരളത്തിന് അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രസ്തുത സ്ഥാപനം അടുത്ത അദ്ധ്യയന വർഷം പ്രവർത്തനമാരംഭിക്കും. വിദ്യാഭ്യാസ രംഗത്തെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർവ്വകലാശാലകൾ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ ഇ-ഗവേർണൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) എം.എസ്.ബോഷ് റെക്സ്റോത്തുമായി കൂടി ചേർന്ന് ഓട്ടോമെഷൻ ടെക്നോളജിയിൽ CET-യെയും ഗവൺമെന്റ് പോളിടെക്നിക് കളമശ്ശേരിയെയും മികവിന്റെ കേന്ദ്രമാക്കാൻ നടപടി എടുത്തിട്ടുണ്ട്. തിരുവനന്തപുരം ബാർട്ടൺഹിൽ

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ മെഴ്സിഡെഡ്സ് ബെൻസിന്റെ സഹകരണത്തോടെ Automotive Mechatronics-ൽ പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ കോഴ്സ് കൊളംബിയ യൂണിവേഴ്സിറ്റി, മോൺട്രിയൽ യൂണിവേഴ്സിറ്റി, മദ്രാസ് ഐ.ഐ.ടി എന്നിവയുടെ സഹകരണത്തോടെ പരിവർത്തന എഞ്ചിനീയറിംഗ് ബിരുദാനന്തര ബിരുദ കോഴ്സ് എന്നിവ തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്നിവയെ QIP സെന്ററുകളായി AICTE അംഗീകരിച്ചിട്ടുണ്ട്. കാസർഗോഡ്, പട്ടാമ്പി, പാലക്കാട് വിക്ടോറിയ, തലശ്ശേരി ബ്രണ്ണൻ എന്നീ ഗവൺമെന്റ്കോളേജുകൾക്ക് " NAAC" എ ഗ്രേഡ് ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായുള്ള നടപടികൾ ഇപ്പോൾ തന്നെ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മുടെ കുട്ടികളുടെ എംപ്ലോയബിലിറ്റി സ്കിൽസ് ലോകനിലവാരത്തിൽ വർദ്ധിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽനിന്നും ഇതുസംബന്ധിച്ച ചില വിവരങ്ങൾ അറിയാൻ സാധിച്ചു. ഇനിയും ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നത്; കുട്ടികൾക്ക് കഴിവ് നേടാനായി കൊണ്ടുവന്ന ഒരു പരിപാടിയാണ് Additional Skill Acquisition Programme (ASAP). ഇതിന് വേണ്ടത്ര മൊമന്റം കിട്ടിയിട്ടുണ്ടോ; ഇതേക്കുറിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; നമ്മുടെ കുട്ടികളുടെ ലോകനിലവാരത്തിലുള്ള ഇംഗ്ലീഷ് പ്രാവീണ്യം എവിടെ എത്തിനിൽക്കുന്നു എന്നതിനെക്കുറിച്ച് സർക്കാർ ഒരു പഠനം നടത്തിയിട്ടുണ്ടോ ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ASAP പദ്ധതി ഇപ്പോൾ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്കും കോളേജുകളിലേക്കും വ്യാപിപ്പിക്കുകയാണ്. അതുപോലെതന്നെ ഓരോ വർഷവും ഇതിൽ ഉൾപ്പെടുത്തുന്ന സ്കൂളുകളിലേയും കോളേജുകളിലേയും കുട്ടികളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അടുത്ത ചോദ്യത്തോടൊപ്പം ഇതിന്റെ മറുപടികൂടി പറഞ്ഞാൽ മതിയാകും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മുടെ ഉന്നതവിദ്യാഭ്യാസ നിലവാരം

മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് പഠിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിരുന്നു. ആ കൗൺസിലിന്റെ ശിപാർശകൾ എന്തൊക്കെയായിരുന്നു; അതിൽ എന്തൊക്കെ നടപ്പിലാക്കിയിട്ടുണ്ട്; നമ്മുടെ സംസ്ഥാനത്തെ ധാരാളം കുട്ടികൾ വിദേശ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്നുണ്ട്. പഠനം പൂർത്തീകരിച്ചതിനു ശേഷവും അവർ അവിടെത്തന്നെ ജോലി ചെയ്യുകയാണ്. അവിടെയുള്ള അനുഭവവും പഠനസാഹചര്യവും ഇവിടെയുള്ള കുട്ടികളുമായി പങ്കുവയ്ക്കാൻ അവസരമുണ്ടാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വലിയ തോതിലുള്ള മുന്നേറ്റങ്ങളാണ് നമ്മുടെ ഗവൺമെന്റ്നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ നേരത്തേ സൂചിപ്പിച്ച ഉത്തരത്തിൽ ഇതിന്റെ ഭാഗമായി ഗവൺമെന്റ് യൂണിവേഴ്സിറ്റി തലത്തിലും സാങ്കേതിക സർവ്വകലാശാലാ തലത്തിലും നടത്തിക്കൊണ്ടിരിക്കുന്ന ഒട്ടേറെ കാര്യങ്ങളെ സംബന്ധിച്ച് പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ കുട്ടികൾ വിദേശ രാജ്യങ്ങളിലേക്ക് പോകുന്നതും അവിടെയുള്ള കുട്ടികൾ ഇങ്ങോട്ടുവരുന്നതുംമറ്റും നിലവിലുള്ള സ്കീമാണ്. അത് ഇപ്പോഴും തുടർന്നുവരുന്നുണ്ട്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, അടുത്തകാലത്ത് ഒരു വാരിക ഉന്നത വിദ്യാഭ്യാസ രംഗത്ത് നടത്തിയ സർവ്വേയിൽ 10 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലിസ്റ്റ് എടുത്തതിൽ നമ്മുടെ സംസ്ഥാനത്തെ ഒരു വിദ്യാഭ്യാസസ്ഥാപനം പോലും അതിൽ ഉൾപ്പെട്ടിട്ടില്ലെന്നാണ് കാണാൻ സാധിച്ചത്. വിദ്യാഭ്യാസ രംഗത്ത് വളരെ മുന്നോട്ടുപോയ ഒരു സംസ്ഥാനമാണെന്ന് നമ്മൾ പറയുന്നുണ്ടെങ്കിലും നല്ല നിലവാരമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തില്ല. നമ്മുടെ സംസ്ഥാനത്ത് സെന്റർ ഫോർ എക്സലൻസായി ഉയർത്തിയ എത്ര സ്ഥാപനങ്ങളുണ്ട്; യു.ജി.സി. - NAAC-ന്റെ എ ഗ്രേഡ് കിട്ടിയ കോളേജുകളെ ഓട്ടോണമസ് കോളേജാക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വിദേശ യൂണിവേഴ്സിറ്റികളും നമ്മുടെ യൂണിവേഴ്സിറ്റികളുമായി കുട്ടികളെ കൈമാറ്റം ചെയ്യുന്ന പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, വിശദാംശങ്ങൾ ആവശ്യപ്പെട്ടാൽ പെട്ടെന്ന് പറയാൻ കഴിയില്ല. പ്രത്യേക ചോദ്യമായി തന്നാൽ മാത്രമേ ഇക്കാര്യത്തിൽ മറുപടി പറയാൻ കഴിയുകയുള്ളൂ.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ലോകരാജ്യങ്ങളോടൊപ്പം കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ടാണ് വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുപോകുന്നത്. ഇതിന്റെ ഭാഗമായി ASAP പദ്ധതി ചില കോളേജുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ട്. വളരെ പരിമിതമായ കുട്ടികൾക്കാണ് ഇതിന്റെ ഗുണം ലഭ്യമായിട്ടുള്ളത്. കൂടുതൽ കുട്ടികൾക്ക് ഇതിന്റെ ഗുണം ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ഓരോ നിയോജകമണ്ഡലങ്ങളിലും സ്കിൽസ് സെന്റർ എന്നപേരിൽ സ്വന്തമായി സ്ഥലമുള്ള സ്ഥാപനങ്ങളിൽനിന്നും കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി അപേക്ഷ ക്ഷണിക്കുകയും അപേക്ഷ കൊടുക്കുകയും ചെയ്ത സ്ഥലങ്ങളിൽ എത്രയും വേഗം കെട്ടിടങ്ങളുടെ പണിയാരംഭിക്കുന്നതിനും ഈ പദ്ധതി ത്വരിതപ്പെടുത്താനും അടിയന്തര നടപടി സ്വീകരിക്കണം. ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഓരോ വർഷവും ASAP പദ്ധതിയുടെ ഗുണം ലഭ്യമാക്കുന്ന കുട്ടികളുടെ എണ്ണം കൂട്ടിക്കൊണ്ടുവരികയാണ്. 5 വർഷം കൊണ്ട് 3 ലക്ഷം കുട്ടികളെയാണ് തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റാൻ തീരുമാനിച്ചിട്ടുള്ളത്. സ്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും ഇതിന്റെ കോഴ്സുകൾ നടന്നുകൊണ്ടിരിക്കുന്നു. ഓരോ നിയോജകമണ്ഡലാടിസ്ഥാനത്തിലും സ്കിൽസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിനുപുറമെ രണ്ടാം ഘട്ടത്തിൽ ഓരോ മണ്ഡലങ്ങളിലും ഓരോ സ്കിൽ പാർക്കുകളാരംഭിക്കാൻ പോകുകയാണ്. അതിനുവേണ്ടി ഒരേക്കറോളം സ്ഥലം ലഭ്യമാക്കാൻ എം.എൽ.എ.-മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുവേണ്ടി 600 കോടിയോളം രൂപ ADBI-യുടെ സഹായമായി ലഭിക്കും. 120 കോടി രൂപയോളം ഈ വർഷം ലഭിക്കാൻ പോകുകയാണ്. ധാരാളം എം.എൽ.എ.-മാർ സ്ഥലം ഓഫർ ചെയ്തിട്ടുണ്ട്. അതിന്റെ പരിശോധനകൾ നടന്നുവരികയാണ്. ആ തുക ഉപയോഗിച്ചുകൊണ്ട് അവിടെ സ്കിൽ പാർക്കുകൾ സ്ഥാപിച്ച് ഗവൺമെന്റ് ഉടമസ്ഥതയിലും ഇൻഡസ്ട്രി ബേസ്ഡായിട്ടുള്ള കോഴ്സുകൾ അവിടെ പഠിപ്പിക്കാനും അതുവഴി കുട്ടികൾക്ക് ജോലി ലഭിക്കാനുമുള്ള സൗകര്യമുണ്ടാകുന്നതുമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ സർവ്വകലാശാലകൾ കേവലം പരീക്ഷാകേന്ദ്രങ്ങൾ എന്ന രീതിയിൽനിന്നും മാറി വിദ്യാർത്ഥികളുടെ പഠന ഗവേഷണ സംബന്ധമായ എല്ലാ വിഷയങ്ങളിലും പ്രയോജനപ്പെടുന്ന മികവിന്റെ കേന്ദ്രമായി മാറേണ്ട സമയമായിരിക്കുന്നു. വിദേശ രാജ്യങ്ങളിലെല്ലാം യൂണിവേഴ്സിറ്റി

അത്തരത്തിലുള്ള റോളാണ് നിർവ്വഹിക്കുന്നത്. ഈ കാലഘട്ടത്തിൽ അതിന് ശക്തമായ ശ്രമങ്ങൾ നമ്മുടെ നാട്ടിലുമുണ്ടാകണം. ഇവിടെ സൂചിപ്പിച്ച ASAP, WWS (Walk with Scholar) മുതലായ പരിപാടികൾ ഇത്തരം രംഗത്തേക്കുള്ള ചുവടുവയ്പ്പാണ്. ASAP പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ, അതായത് ഏതൊക്കെ തരത്തിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷനാണ് അവർക്ക് നൽകുന്നത്; അതുപോലെ Walk with Scholar programme-ന്റെ വിശദാംശങ്ങളെന്താണ്; നമ്മുടെ ബി.എ., എം.എ തുടങ്ങിയ കോഴ്സുകളുടെ സ്ട്രക്ച്ചറും സിലബസ്സും കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; ഇക്കാര്യങ്ങൾ വിശദമാക്കുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങളെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനെക്കുറിച്ചും എഞ്ചിനീയറിംഗ് കോളേജുകളിൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ കാര്യത്തെക്കുറിച്ചും കൂടാതെ എഞ്ചിനീയറിംഗ് കോളേജുകളിൽ നടപ്പാക്കിയിട്ടുള്ള പുതിയ, കാലാനുസൃതമായ കോഴ്സുകളെക്കുറിച്ചും ഞാൻ ഉത്തരത്തിൽ പറഞ്ഞിരുന്നു. മറ്റ് രാജ്യങ്ങളെപ്പോലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ നമുക്ക് സെന്റർ ഫോർ എക്സ്സലൻസാക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ തുടർനടപടിയെന്ന നിലയിൽ ഇപ്പോൾ അക്കാദമിക് ഓട്ടോണമി നൽകാൻ തീരുമാനിച്ചു. അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, കേരളത്തിലെ കോളേജുകൾ യൂണിവേഴ്സിറ്റികളാക്കി മാറ്റുകയും യൂണിവേഴ്സിറ്റികൾക്ക് ഓട്ടോണമസ് പദവി കൊടുക്കാനുള്ള തീരുമാനമുണ്ടെന്നുമാണ് മനസ്സിലാക്കുന്നത്. ഓട്ടോണമസ് പദവികൊടുക്കുന്നതുമൂലം ഇന്ന് നിലവിലുള്ള സാമൂഹ്യനീതി നിഷേധിക്കപ്പെടാൻ പോകുകയാണ്. സംവരണ വ്യവസ്ഥകളൊന്നും ഇവിടെ പാലിക്കേണ്ടി വരില്ല. പരീക്ഷ നടത്തുന്നതിലോ ഫീസ് നിർണ്ണയത്തിലോ ഗവൺമെന്റിന് യാതൊരു പങ്കുമുണ്ടാകില്ല. പലകാര്യങ്ങളും ഗവൺമെന്റിന്റെ കൈവിട്ടുപോകും. തന്നിഷ്ടം പോലെ ഇന്ന് നടക്കുന്നതിനെക്കാൾ കൂടുതൽ അരാചകത്വം ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകാനുള്ള വഴി തുറക്കുകയാണ്. എന്തെങ്കിലും ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ ഇത് നടപ്പാക്കുന്നത്; നമ്മുടെ സംസ്ഥാനത്ത് കണ്ണിൽക്കാണുന്ന എല്ലാ കോളേജുകൾക്കും ഓട്ടോണമസ് പദവി കൊടുത്ത് യൂണിവേഴ്സിറ്റിയാക്കിയാൽ എന്തായിരിക്കും അതിന്റെ ഫലം?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> സർ, ഈ ബിൽ സഭയിൽ വിശദമായി ചർച്ച ചെയ്തതാണ്. അതിനുവേണ്ടി ഗവൺമെന്റ് അപേക്ഷ ക്ഷണിക്കുകയും ആ അപേക്ഷകൾ ഇതിനുവേണ്ടി നിയോഗിച്ച ഹയർ കൗൺസിൽ പരിശോധിക്കുകയും അതിനുശേഷം യൂണിവേഴ്സിറ്റികൾക്ക് അയയ്ക്കുകയും യൂണിവേഴ്സിറ്റികൾ അത് യു.ജി.സി.-ക്ക് അയയ്ക്കുകയും യു.ജി.സി.-യുടെ പരിശോധനയും കഴിഞ്ഞതിനു ശേഷമാണ് ഈ 13 കോളേജുകളെ തെരഞ്ഞെടുത്തിട്ടുള്ളത്. ഗവൺമെന്റ് എല്ലാ അധികാരങ്ങളും അവർക്ക് കൊടുക്കുകയല്ല. അക്കാര്യം ആ ബില്ലിൽത്തന്നെ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. അക്കാദമിക് ഓട്ടോണമി മാത്രമാണ് നൽകുന്നത്. ബാക്കിയെല്ലാകാര്യങ്ങളിലും ഗവൺമെന്റിനോടും യൂണിവേഴ്സിറ്റിയോടും യു.ജി.സി.-യോടും ഉത്തരം പറയേണ്ട ബാദ്ധ്യത നിലനിർത്തിക്കൊണ്ടുതന്നെയാണ് കാര്യങ്ങൾ ചെയ്തിട്ടുള്ളത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, ഉന്നതവിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്താനും ലോകത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസമേഖലയിൽ അതിനെ ഉൾക്കൊള്ളാനുമാണ് ഓട്ടോണമസ് കോളേജ് കൊണ്ടുവന്നത്. ബഹുമാന്യനായ മുൻമന്ത്രി സി. ദിവാകരൻ സൂചിപ്പിച്ചതുപോലെ കണ്ണിൽക്കണ്ട കോളേജുകളെയൊന്നും ഓട്ടോണമസ് കോളേജാക്കാൻ കഴിയാത്തതുകൊണ്ട് വളരെ കുറച്ച് കോളേജുകളെയാണ് ഈ നിലവാരത്തിലേക്ക് കൊണ്ടുവരാൻ കഴിയുന്നത്. യൂണിവേഴ്സിറ്റികളുടെ അഫിലിയേറ്റഡ് സിസ്റ്റത്തിലുള്ള കോളേജുകളിൽ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ സാധാരണ നമ്മുടെ ബി.കോം ഡിഗ്രി കഴിഞ്ഞിറങ്ങുന്ന കുട്ടിയെ ബാങ്കിൽ ജോലിക്കെടുക്കില്ല. ആറുമാസം വേറെ പരിശീലനം കൊടുക്കാതെ ബാങ്കിലെ ജോലി അവർക്ക് ചെയ്യാൻ കഴിയില്ല. കാരണം ബാലൻസ് ഷീറ്റ് തയ്യാറാക്കുന്നതുപോലും ആ പുസ്തകത്തിന്റെ സിലബസിൽ നിന്നും മാറിക്കഴിഞ്ഞു. അതുകൊണ്ട് സിലബസ് പരിഷ്കരണത്തിനുവേണ്ടി ഉന്നതവിദ്യാഭ്യാസ രംഗത്ത് ഒരു സമിതിയെ നിയമിക്കുവാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്:</u> സർ, നമുക്ക് ഇപ്പോൾ തന്നെ ധാരാളം സമിതികളുണ്ട്. പുറത്തുനിന്നുള്ള സമിതികളും പ്രശസ്തരായ വിദ്യാഭ്യാസ വിചക്ഷണന്മാർ നൽകിയ റിപ്പോർട്ടുകളും നമ്മുടെ കയ്യിലുണ്ട്. അതെല്ലാം തന്നെ നമുക്ക് ഒറ്റയടിക്ക് നടപ്പിലാക്കാൻ പല പരിമിതികൾകൊണ്ടും സാധിക്കുന്നില്ല. എല്ലാ റിപ്പോർട്ടുകളിലെയും പ്രധാനമായ വശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഉന്നത

വിദ്യാഭ്യാസരംഗത്ത് വലിയ തോതിലുള്ള മുന്നേറ്റം നടത്താൻ വേണ്ടിയുള്ള ശ്രമങ്ങളാണ് ഗവൺമെന്റ് നടത്തുന്നത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് മികച്ച നിലവാരം പുലർത്തുന്നതിനെ സംബന്ധിച്ചാണ് ഇവിടെ ചോദ്യങ്ങളെല്ലാം വന്നിട്ടുള്ളത്. എന്നാൽ സമയബന്ധിതമായി പരീക്ഷകൾ നടപ്പാക്കുകയും കൃത്യമായ റിസൽട്ട് വരികയും അതിന്റെയടിസ്ഥാനത്തിൽ ഉന്നതപഠനത്തിലേക്ക് പോകാൻ കുട്ടികൾക്ക് അവസരം കൊടുക്കുകയും ചെയ്യുക എന്നുള്ളത് ഇതിന്റെ ഭാഗമായിട്ട് വരേണ്ടതല്ലേ; എനിക്കറിയാവുന്ന ഒരു വിഷയം ഞാൻ പറയാം. എം.ജി. യൂണിവേഴ്സിറ്റിയിലെ മെഡിസിന് പഠിക്കുന്ന കുട്ടികൾക്ക് പി.ജി. എൻട്രൻസ് എഴുതാനുള്ള ഒരവസരം നഷ്ടപ്പെട്ടിരിക്കുകയാണ്. അവിടെ മാത്രം പരീക്ഷകൾ ഏറ്റവും ലേറ്റായി നടക്കുന്നു. റിസൽട്ട് പോലും പബ്ലിഷ് ചെയ്യാത്ത ഒരവസ്ഥയിൽ ആ കുട്ടികൾക്ക് പഠനത്തിനുള്ള അവസരമാണ് നിഷേധിച്ചിരിക്കുന്നതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, നമ്മുടെ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളെല്ലാം അവരുടെ അഡ്മിഷൻ പ്രോസസും പരീക്ഷ നടത്തുന്നതും റിസൽട്ട് പബ്ലിഷ് ചെയ്യുന്നതുമെല്ലാം ഒരു ഏകീകൃതവുമില്ലാതെ പല സമയങ്ങളിലാണ് നടത്തുന്നത്. അതെല്ലാം ഏകീകരിക്കാൻ വേണ്ടി, ഒരു യൂണിഫോം അക്കാദമിക് കലണ്ടർ ഉണ്ടാക്കാനുള്ള നിർദ്ദേശം എല്ലാ വൈസ് ചാൻസലർമാർക്കും നൽകിയിട്ടുണ്ട്. അത് അടുത്ത അക്കാദമിക് ഇയർ മുതൽ നടപ്പിലാക്കാൻ സാധിക്കും. അതുമായി ബന്ധപ്പെട്ടുകൊണ്ട് വൈസ് ചാൻസലർമാരുടെയും ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ ഒന്നുരണ്ട് യോഗങ്ങൾ വിളിച്ചുചേർത്തിരുന്നു. അങ്ങനെ വരുമ്പോൾ വളരെ നല്ലരീതിയിൽത്തന്നെ കാര്യങ്ങളുമായി മുന്നോട്ടു പോകാൻ കഴിയും. എല്ലാം streamline ചെയ്ത് ഓരോ യൂണിവേഴ്സിറ്റികളിലുമുള്ള കുട്ടികൾക്ക് മറ്റു യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടാനും പുറം സംസ്ഥാനങ്ങളിലേക്ക് പോകാനും അവിടെയുള്ള കുട്ടികൾക്ക് ഇങ്ങോട്ട് വരാനുമൊക്കെ കഴിയുന്ന രീതിയിൽ ഒരു യൂണിഫോം കലണ്ടർ ഉണ്ടാക്കാൻവേണ്ടിയുമുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

ശ്രീ. ഹൈബി ഈഡൻ: സർ, പൊതുവിദ്യാഭ്യാസ രംഗത്ത് നമ്മൾ ഏറെ മുന്നോട്ടു പോയിരിക്കുകയാണ്. ഇന്ന് ഒരുപാട് പ്രൊഫഷണൽ കോളേജുകൾ നമ്മുടെ സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്. ആ പ്രൊഫഷണൽ കോളേജിന്റെ ഒരു ക്വാളിറ്റേറ്റീവ് ആസ്പെക്റ്റാണ് ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത്. അതിന്റെ ഭാഗമായിത്തന്നെയാണ് ഓട്ടോണമസ് കോളേജുകൾ കൊടുക്കാൻ നമ്മൾ തയ്യാറായതും തെരഞ്ഞെടുക്കപ്പെട്ട കോളേജിൽ ഒരു പരീക്ഷണാടിസ്ഥാനത്തിൽ

നടത്തിക്കൊണ്ടിരിക്കുന്നതും. ഈ പ്രൊഫഷണൽ കോളേജുകളിൽ നിന്നും സർക്കാർ കോളേജുകളിൽ നിന്നും നല്ല കോളേജുകൾ തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രങ്ങളായി, സെന്റർ ഫോർ എക്സലൻസുകളാക്കി മാറ്റാനുള്ള എന്തെങ്കിലും പദ്ധതിയുണ്ടോ; നമുക്ക് എല്ലാ പ്രൊഫഷണൽ കോളേജുകളെയും സർക്കാർ കോളേജുകളെയും തെരഞ്ഞെടുത്ത് അതിനുവേണ്ടുന്ന സാഹചര്യങ്ങൾ ഒരുക്കാൻ സാധിക്കില്ല. അതുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ അവിടത്തെ ഭൗതികസാഹചര്യവും മറ്റ് അടിസ്ഥാന സൗകര്യവും വികസിപ്പിച്ച് അതിനെ സെന്റർ ഫോർ എക്സലൻസുകളാക്കി മാറ്റാൻ എന്തെങ്കിലും കർമ്മപദ്ധതി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സെന്റർ ഫോർ എക്സലൻസാക്കാൻ വേണ്ടിയുള്ള കർമ്മപദ്ധതികളൊന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല. അതേയവസരത്തിൽ ഓരോ സ്ഥാപനങ്ങളും യൂണിവേഴ്സിറ്റികളും അതിന്റേതായ രീതിയിൽ പുതിയ ഇന്നൊവേറ്റീവ് ആയിട്ടുള്ള പദ്ധതികളുമായി മുന്നോട്ടുവരുന്നുണ്ട്. തീർച്ചയായും അത് പരിശോധിച്ച് ഏതൊക്കെ രീതിയിൽ സെന്റർ ഫോർ എക്സലൻസുകളാക്കാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. അജിത്: സർ, വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന ASAP വളരെ നല്ല പദ്ധതിയാണ്. അത് ഹയർ സെക്കണ്ടറി മേഖലയിലാണ് നടപ്പിലാക്കുന്നത്. അത് ഡിഗ്രി കോളേജുകളിലേക്ക്കൂടി വ്യാപിപ്പിക്കുന്നത് വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനപ്പെടുകയും തൊഴിൽരംഗം സൃഷ്ടിക്കുകയും ചെയ്യും. അങ്ങ് ഇവിടെ സ്കിൽ പാർക്കിന്റെ വിഷയം സൂചിപ്പിച്ചിരുന്നു. ഒരേക്കർ ഭൂമിയാണ് സ്കിൽ പാർക്കിനുവേണ്ടത്. പല മണ്ഡലങ്ങളിലും ഭൂമി ലഭ്യമല്ല. ഭൂമി ലഭ്യമല്ലെന്നത് കേരളത്തിന്റെ പൊതുവിഷയമാണ്. അതുകൊണ്ട് അൺ-ഇക്കണോമിക് ആയ സ്കൂളുകൾ, കുട്ടികൾ കുറഞ്ഞ സ്കൂളുകൾ ഏറ്റെടുത്തുകൊണ്ട് ഈ സ്കിൽ പാർക്ക് നടത്താനുള്ള നടപടി ഉണ്ടായാൽ മാത്രമേ ഒട്ടുമിക്ക മണ്ഡലങ്ങളിലും ഇത് പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. അതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, മെമ്പർ ആദ്യം പറഞ്ഞ കാര്യം ശരിയല്ല. കാരണം കോളേജുകളിലും ഈ പദ്ധതി നടത്തുന്നുണ്ട്. രണ്ടാമത്തേത്, എം.എൽ.എ.-മാരോട് സ്ഥലം ലഭ്യമാക്കിത്തരാൻ പറഞ്ഞത്, ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ലഭ്യമാണെങ്കിൽ ആ സ്ഥലമോ സ്കൂളുകളുടെ സ്ഥലം അധികമുണ്ടെങ്കിൽ അതോ, അതല്ല വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിന്റെ സ്ഥലമുണ്ടെങ്കിൽ അതാണെങ്കിലും ഈ ആവശ്യത്തിന് എടുക്കുന്നുണ്ട്.

എങ്ങനെയാണെങ്കിലും സ്ഥലം ലഭ്യമാക്കിയാൽ അത് അനുവദിക്കുന്നതിന് ബുദ്ധിമുട്ടില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, മലപ്പുറത്ത് ആരംഭിച്ച ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിക്ക് ആവശ്യമായ സ്ഥലവും അടിസ്ഥാനസൗകര്യങ്ങളുമൊക്കെ നൽകി വളരെ പ്രതീക്ഷയോടുകൂടിയാണ് നാം അതിന് തുടക്കം കുറിച്ചിട്ടുള്ളത്. എന്നാൽ EFLU-ന്റെ ഭാഗത്തുനിന്ന് അവിടെ സമയബന്ധിതമായി നടപ്പാക്കേണ്ട പഠന പദ്ധതികൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും അലംഭാവമുണ്ടോ; ഇക്കാര്യത്തെക്കുറിച്ച് ഗവൺമെന്റിന് എന്താണ് പറയാനുള്ളത്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, കഴിഞ്ഞ കേന്ദ്രഗവൺമെന്റിന്റെ അവസാന കാലത്താണ് EFLU-ന് വേണ്ട 75 ഏക്കർ സ്ഥലം അനുവദിച്ചുകൊടുത്തത്. അതിനിടയിൽ എച്ച്.ആർ.ഡി. മിനിസ്റ്ററുടെ രാജിയും തുടർന്നുള്ള തെരഞ്ഞെടുപ്പും വന്നതിന്റെ ഭാഗമായി കുറച്ച് കാലതാമസം വന്നു. ഇപ്പോഴത്തെ എച്ച്.ആർ.ഡി. മിനിസ്റ്ററെ ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പോയിക്കണ്ട് സംസാരിച്ചിരുന്നു. അവിടെ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. എം.എച്ച്.ആർ.ഡി. പ്രത്യേക ഫണ്ട് അനുവദിച്ച് തന്നാൽ മാത്രമേ അതുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. സർട്ടിഫിക്കറ്റ് കോഴ്സുകൾ ഇപ്പോൾ നടത്തുന്നുണ്ട്. സർട്ടിഫിക്കറ്റ് കോഴ്സിന് അത്ര വലിയ പ്രാധാന്യം നമ്മുടെ സംസ്ഥാനത്തില്ലാത്തതുകൊണ്ട് അതിന് കുട്ടികളെ ലഭിക്കുന്നില്ല. അതേയവസരത്തിൽ ഡിഗ്രി കോഴ്സുകളും പി.ജി. കോഴ്സുകളും ആരംഭിച്ചുകഴിഞ്ഞാൽ തീർച്ചയായും 13 ഭാഷകൾ പഠിക്കാൻ കഴിയുന്ന ഒരു യൂണിവേഴ്സിറ്റിയാണ് ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി. അത് full fledged ആയി പ്രവർത്തിപ്പിക്കാൻ സാധിച്ചാൽ പല വിദേശ ഭാഷകളും നമ്മുടെ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യമുണ്ടാകും. അതിനാവശ്യമായ സമ്മർദ്ദങ്ങൾ കേന്ദ്രഗവൺമെന്റിൽ ചെലുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പും നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജോസ് തെറ്റയിൽ: സർ, ആദ്യകാലങ്ങളിലെ നമ്മുടെ നാട്ടിലെ വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ സ്ഥാപനങ്ങളുടെ എണ്ണക്കുറവ്, അതായത് quantitative ആയിരുന്നു. പിന്നീട് അത് qualitative ആകാൻ തുടങ്ങി. പക്ഷേ ഒരു കാര്യം നേരത്തേയുണ്ടായിരുന്നത് ഒരു കോളേജ് അഫിലിയേറ്റഡ് റ്റു യൂണിവേഴ്സിറ്റി എന്നു പറയുന്നതിലായിരുന്നു. പിന്നീടത് ഇപ്പോൾ ഓട്ടോണമസ് കോളേജ് എന്നുവരികയാണ്. വന്നുവന്ന് ഓരോ കോളേജും ഓരോ

യൂണിവേഴ്സിറ്റിയാകുന്ന സ്ഥിതിയിലേക്ക് വരികയാണ്. അങ്ങനെ ഇപ്പോൾ നിരവധി യൂണിവേഴ്സിറ്റികൾ വരാനുള്ള ശ്രമവും നടത്തിക്കൊണ്ടിരിക്കുന്നു. എന്റെ ചോദ്യം, ഇന്ത്യയിലെ മികച്ച 50 കോളേജുകളിൽ ഒരെണ്ണംപോലും കേരളത്തിൽ നിന്നും ഇല്ലെന്നുള്ള വസ്തുത വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിലുള്ള 50 മികച്ച കോളേജുകളിൽ ഒന്നാകാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ആ രംഗത്ത് നമ്മുടെ സംസ്ഥാനം മാത്രമല്ല മിക്ക സംസ്ഥാനങ്ങളും പിറകിലാണ്. ലോകാടിസ്ഥാനത്തിൽ എടുക്കുമ്പോൾ 200 കോളേജുകളിൽ ഇന്ത്യയിലെതന്നെ ഒരു കോളേജും ഇല്ലെന്നുള്ള അവസ്ഥയാണുള്ളത്. ഏതായാലും ഗവൺമെന്റ് ഗവൺമെന്റിന്റേതായ—പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കോളേജുകളുടെ നിലവാരവും അതുപോലെതന്നെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പരിഷ്കാരങ്ങൾ വരുത്താനുള്ള ശ്രമവും മറ്റും നടത്തുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഞാൻ നേരത്തേ സൂചിപ്പിച്ച ഒട്ടേറെ കമ്മിറ്റികളുടെ റിപ്പോർട്ടുകൾ നമുക്ക് ലഭിച്ചിട്ടുള്ളത്. അതുവച്ചുകൊണ്ട് ഓരോ മേഖലയും പ്രത്യേകമായി എടുത്ത് ഏതൊക്കെ രീതിയിലുള്ള പുരോഗതി കൊണ്ടുവരാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം തീരുമാനിക്കുന്നത് പലപ്പോഴും ഇൻഫ്രാസ്ട്രക്ചർ മാത്രമല്ല, അവിടെനിന്നും പുറത്തിറങ്ങുന്ന കുട്ടികളുടെ എംപ്ലോയബിലിറ്റിയും അവരുടെ എൻറർപ്രണർഷിപ്പ് സ്കില്ലുമൊക്കെയാണ്. ASAP ഉൾപ്പടെയുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ അവരുടെ ജനറൽ സ്കിൽ വർദ്ധിപ്പിക്കുന്നുവെന്ന കാര്യത്തിൽ തർക്കമില്ല. എന്റെ ചോദ്യം, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ കെ.എസ്.യു.-വിന്റെ യൂണിറ്റ് സെക്രട്ടറി ശ്രീ. വിഷ്ണു സജീവൻ, ആ കാമ്പസിൽ നിന്ന് റോയൽ എൻഫീൽഡിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഏക വിദ്യാർത്ഥിയാണ്. അപ്പോൾ നമ്മുടെ വിദ്യാർത്ഥികൾക്കും ടാലന്റുണ്ട്. പക്ഷെ പലപ്പോഴും ജോബ് റിക്വയർമെന്റ്സുമായി കമ്പയർ ചെയ്യുമ്പോൾ അവരുടെ എംപ്ലോയബിലിറ്റിക്ക് തടസ്സങ്ങൾ വരുന്നുണ്ട്.  ഗവൺമെന്റ് നേതൃത്വം നൽകുന്ന ASAP ഉൾപ്പടെയുള്ള പ്രോഗ്രാംസ് വളരെ നല്ലതാണ്. എന്നാൽ അതിനോടൊപ്പം ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ലിങ്കേജ് ഉറപ്പുവരുത്തിയാൽ ഈ കുട്ടികളുടെ എംപ്ലോയബിലിറ്റി വളരെയധികം വർദ്ധിപ്പിക്കാൻ കഴിയും. ലാഭകരമായ പൊതുമേഖലാ സ്ഥാപനങ്ങളായ മലബാർ സിമന്റ്സും കെ.എം.എം.എൽ-ഉം ഉൾപ്പെടെ ഇവിടത്തെ സ്വകാര്യ വ്യവസായ

സംരംഭങ്ങളൊക്കെ വ്യവസായ വകുപ്പുമായി ചേർന്ന് ഇൻഡസ്ട്രിയുടേയും ഇൻസ്റ്റിറ്റ്യൂട്ടിന്റേയും ലിങ്കേജ് ഉറപ്പുവരുത്തി അവരുടെ കോഴ്സ് പൂർത്തീകരിക്കുമ്പോൾ കുട്ടികൾക്ക് നല്ലൊരു ഓപ്പണിംഗ് കിട്ടത്തക്ക രീതിയിൽ കാമ്പസുകളുടെ നിലവാരം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് സംയുക്തമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അത് മെയിൻ ആൻസറിൽത്തന്നെ ഞാൻ പറയുകയുണ്ടായി. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) ആദ്യം ഹയർ സെക്കന്ററി സ്കൂളുകളിലും കോളേജുകളിലും തുടങ്ങി. അത് 2012-13-ൽ തുടങ്ങി 2014-15 ആയപ്പോൾ 102 സ്ഥാപനങ്ങൾ എന്നത് 959 സ്ഥാപനങ്ങളായി. കുട്ടികളുടെ ബാച്ച് 116 -ൽ നിന്ന് 956 ആയി. കുട്ടികൾ 3058 -ൽ നിന്ന് 26000 ആയി. സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ 19-ൽ നിന്ന് 105 ആയി. കോഴ്സുകൾ 13-ൽനിന്ന് 91 ആയി. അപ്പോൾ ഇതൊക്കെ ഓരോ കൊല്ലവും വർദ്ധിച്ചു വരികയാണെന്ന് കാണാം. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഇൻഡസ്ട്രി ലിങ്ക്ഡ് ആയുള്ള കോഴ്സുകൾ നമ്മൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. സ്കിൽ പാർക്ക് തുടങ്ങുന്നതോടുകൂടി പല കോഴ്സുകളും ആരംഭിക്കുകയാണ്. അതാണ് ഞാൻ നേരത്തെ പറഞ്ഞത്, അവർക്ക് ജോബ് ഓപ്പർച്ച്യൂണിറ്റീസ് കൂടി കിട്ടാനുള്ള സൗകര്യമുണ്ടാകും. അതിനുപുറമെ, കമ്പനികളുടെ സഹായത്തോടുകൂടി എഞ്ചിനീയറിംഗ് കോളേജുകളിൽ മെക്കട്രോണിക്സ് പോലുള്ള കോഴ്സുകളും മോൺട്രിയൽ യൂണിവേഴ്സിറ്റിയുടെ കോഴ്സുകളുമെല്ലാം തൊഴിൽ സാദ്ധ്യത ഉണ്ടാക്കുന്നതിനുവേണ്ടി ശ്രമം നടത്തി കൊണ്ടിരിക്കുകയാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ നിർത്താൻ പോകുന്നുവെന്നൊരു വാർത്ത ഡിസംബർ 15-ന്റെ മാതൃഭൂമി ദിനപത്രത്തിൽ പ്രധാന വാർത്തയായി വരികയുണ്ടായി. കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ചയെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ ആശങ്ക രേഖപ്പെടുത്തുകയുണ്ടായി. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തെ എം. പി. ചന്ദ്രശേഖരൻ കമ്മിറ്റി എൻട്രൻസ് പരീക്ഷയുടേയും പ്ലസ് ടു പരീക്ഷയുടേയും മാർക്ക് മാനദണ്ഡമായെടുത്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഗവൺമെന്റ് ഇത്തരത്തിൽ ഒരു പഠനം നടത്തിയ ശേഷമാണോ ഇതുപോലുള്ള നീക്കം നടക്കുന്നത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, എഞ്ചിനീയറിംഗ് മാനേജ്മെന്റ് അസോസിയേഷൻ ഭാരവാഹികൾ എന്നിവരുടെ യോഗത്തിൽ വച്ചാണ് ഇത്തരമൊരു തീരുമാനമുണ്ടായതെന്നാണ് അറിയുന്നത്. അത് ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; ഗവൺമെന്റ്

അത്തരത്തിൽ പ്രവേശന പരീക്ഷ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഗവൺമെന്റ് ഇതിനുവേണ്ടി ഒരു യോഗം നടത്തുകയോ അങ്ങനെയൊരു തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. സെൽഫ് ഫൈനാൻസിംഗ് കോളേജ് മാനേജ്മെന്റുകളുടെ ഒരു ആവശ്യമാണ്. സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതുകൊണ്ട് എന്തിനാണ് എൻട്രൻസ് പരീക്ഷയെന്ന ഒരു ചോദ്യം അവർ ഉന്നയിക്കുന്നുവെന്നല്ലാതെ ഗവൺമെന്റ് ആ കാര്യത്തിൽ ഒരു തീരുമാനവും ഈ നിമിഷംവരെ എടുത്തിട്ടില്ല. അതിനുവേണ്ടി ഒരു യോഗം മുഖ്യമന്ത്രിയുടെയോ എന്റെയോ ഉദ്യോഗസ്ഥന്മാരുടെയോ സാന്നിദ്ധ്യത്തിൽ നടന്നിട്ടുമില്ല.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇന്നലെ 'ദി ഹിന്ദു' പത്രത്തിലെ ഒരു ലേഖനത്തിൽ ബ്രിക്സ് രാജ്യങ്ങളിലെ ഏറ്റവും മികച്ച യൂണിവേഴ്സിറ്റികളുടെ ലിസ്റ്റ് വന്നു. അതിനകത്ത് ഇന്ത്യയിലുള്ള മൂന്ന് യൂണിവേഴ്സിറ്റികളാണുള്ളത്. ഇരുപത്തിയഞ്ചാമതായി ബാംഗ്ലൂർ ഐ.ഐ.റ്റി. ആണ്. ലോകത്തിലെ മികച്ച യൂണിവേഴ്സിറ്റിയെടുത്താൽ ആ മൂന്നെണ്ണംപോലും വരികയില്ല. ഇന്ത്യയിലെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളെടുത്തു കഴിഞ്ഞാൽ അതിനകത്ത് ഒന്നുപോലും കേരളത്തിലില്ല. അത് എന്തുകൊണ്ടാണെന്നതിനെ കുറിച്ച് ഗൗരവമായി ആലോചിക്കണം. നമ്മൾ പ്രസംഗിച്ചതുകൊണ്ടുമാത്രം കാര്യമില്ല. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും യൂണിവേഴ്സിറ്റിയെയുമൊക്കെ സംബന്ധിച്ച് ഈ നിയമസഭയ്ക്കകത്തുതന്നെ ചർച്ച വരുമ്പോൾ അക്കാഡമിക് കാര്യങ്ങൾക്കല്ല പ്രാധാന്യം കൊടുക്കുന്നത് അവിടെ ആർക്ക് ഭക്ഷണം കൊടുക്കണം, ഹോസ്റ്റലിൽ ആരെ താമസിപ്പിക്കണം എന്നുള്ളതിനെക്കുറിച്ചാണ് പറയുന്നത്. തമിഴ്നാട്ടിൽ ഒരു രാഷ്ട്രീയ പാർട്ടിയും യൂണിവേഴ്സിറ്റിയുടെ വിദ്യാഭ്യാസകാര്യത്തിൽ അനാവശ്യമായ ഇത്തരം സമരങ്ങളോ കൈകടത്തലുകളോ ചെയ്യാറില്ല. അതുകൊണ്ട് ഇവിടെ പൊളിറ്റിക്കൽ കൺസെൻസസാണ് ആവശ്യം. ഇവിടെ സിലബസ് പരിഷ്കരണത്തെ എതിർക്കുന്ന, അതുപോലുള്ള ഏത് പരിഷ്കാരത്തെയും എതിർക്കുകയാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള ഒരു പൊളിറ്റിക്കൽ കൺസെൻസസ് ഉണ്ടാക്കാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇടപെട്ട് നമ്മുടെ നാട്ടിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ശോഷണം അവസാനിപ്പിക്കാനുള്ള നടപടി എടുക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, തീർച്ചയായും ഉന്നത വിദ്യാഭ്യാസ രംഗത്തെ ശോഷണം അവസാനിപ്പിക്കാനും അതിന്റെ ക്വാളിറ്റി വർദ്ധിപ്പിക്കാനുമാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഹയർ എഡ്യുക്കേഷൻ കൗൺസിലും ഉന്നത വിദ്യാഭ്യാസ വകുപ്പുമൊക്കെ അതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ്. നമ്മുടെ നാട്ടിലെ സാഹചര്യമെന്താണെന്ന് ബഹുമാനപ്പെട്ട മെമ്പർതന്നെ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഏതായാലും ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് കൂട്ടായ ഒരു ചർച്ചയിലൂടെ തീരുമാനിക്കാം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, യൂണിവേഴ്സിറ്റികൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് യു.ജി.സി. നിയമമനുസരിച്ചാണ്. ഞാൻ പലതവണ ഉന്നയിച്ച ഒരു വിഷയമാണിത്. കേരള യൂണിവേഴ്സിറ്റിയുടെ കേന്ദ്രത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഗസ്റ്റ് ലക്ചറർമാർക്കും, കോൺട്രാക്ട് ലക്ചറർമാർക്കും റഗുലർ ലക്ചറർമാരുടെ ശമ്പളംതന്നെ കൊടുക്കണമെന്ന് യു.ജി.സി. വ്യക്തമായി നിഷ്കർഷിക്കുന്നുണ്ട്. പക്ഷെ വളരെ തുച്ഛമായ തുകയാണ് അവർക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇത് സംബന്ധിച്ച് വകുപ്പുമന്ത്രിക്കും ഉന്നത വിദ്യാഭ്യാസ സെക്രട്ടറിക്കും കത്ത് കൊടുത്തപ്പോൾ യൂണിവേഴ്സിറ്റിക്ക് അതിനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നാണ് മറുപടി കിട്ടിയത്. നിയമസഭയിൽ ഇതേ ചോദ്യം ഞാൻ ഉന്നയിച്ചപ്പോൾ ആ ചോദ്യത്തിന് മറുപടി ഇതേവരെ കിട്ടിയിട്ടില്ല. കോൺട്രാക്ട് ലക്ചറർമാർക്കടക്കം യു.ജി.സി. നിയമപ്രകാരം യൂണിവേഴ്സിറ്റിയിൽനിന്നും അർഹമായ ശമ്പളം കൊടുക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ; നിർദ്ദേശം കൊടുത്തതു കൊണ്ടുമാത്രം കാര്യമില്ല. നടപ്പാക്കുമെന്ന് ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, തീർച്ചയായും അതു സംബന്ധിച്ച് ഒരു വിശദമായ ചർച്ച നടത്തി ആ കാര്യത്തിൽ ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ: സർ, നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരമ്പരാഗതമായി നടക്കുന്ന പഠനത്തിനും ഗവേഷണത്തിനുമപ്പുറം ഒന്നും നടക്കുന്നില്ല. ഇന്ത്യയിലെ പല യൂണിവേഴ്സിറ്റികളും കൺസൾട്ടൻസി വർക്കുകളും എക്സ്റ്റൻഷൻ വർക്കുകളും ഏറ്റെടുക്കുമ്പോൾ നമുക്കതൊന്നും കഴിയുന്നില്ല. കാർഷിക, വെറ്ററിനറി, ഫിഷറീസ് സർവ്വകലാശാലകളിൽ ഗവേഷണങ്ങളും പ്രോജക്ടുകളും എക്സ്റ്റൻഷൻ വർക്കുകളും ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിക്കുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് പഠിക്കുന്ന വിദ്യാർത്ഥികളിൽ ഒരു വിഭാഗത്തിന്റെ മെച്ചപ്പെട്ട വിദ്യാഭ്യാസത്തെ സംബന്ധിച്ചാണ് എല്ലാവരും അഭിപ്രായം പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലത്തിലെ 13 സ്കൂളുകളിലും എസ്.എസ്.എൽ.സി., പ്ലസ് ടു ഇവയിൽ മികവാർന്ന വിജയം കരസ്ഥമാക്കുന്നതിനുവേണ്ടിയുള്ള പരിശോധന നടത്തുന്നതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലെയും പി.ടി.എ. എക്സിക്യൂട്ടീവിന്റേയും അദ്ധ്യാപകരുടേയും യോഗം ചേർന്നു. കുട്ടികൾ എന്തുകൊണ്ടാണ് പരീക്ഷയിൽ ജയിക്കാത്തതെന്ന ചോദ്യത്തിന്

അവിടെനിന്ന് കിട്ടിയ മറുപടി, എസ്.എസ്.എൽ.സി.-ക്ക് പഠിക്കുന്ന കുട്ടിക്ക് മലയാളത്തിൽ ദീർഘം എന്തിനാണ് എഴുതുന്നതെന്നറിയില്ല, ഒന്ന് മുതൽ നൂറ് വരെ തെറ്റുകൂടാതെ പറയാൻ അറിയാത്ത കുട്ടി എങ്ങനെ കണക്ക് പരീക്ഷയ്ക്ക് ജയിക്കും., ഇംഗ്ലീഷിന്റെയും ഹിന്ദിയുടെയും കാര്യമൊന്നും പറയാതിരിക്കുകയാണ് ഭേദം എന്ന നിലയിലാണ് അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും ഭാഗത്തുനിന്നും വന്നിട്ടുള്ള മറുപടി. ഈയൊരു പശ്ചാത്തലത്തിൽ, കേരളത്തിലെ വിദ്യാഭ്യാസം ഇന്ത്യയ്ക്ക് മാതൃകയാണ്, ലോകത്തിന് മാതൃകയാണ് എന്നൊക്കെ പറയുന്ന കൂട്ടത്തിൽ നമ്മുടെ നാട്ടിലെ എല്ലാ കുട്ടികൾക്കും മികവാർന്ന വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഏതായാലും വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മൾ മുന്നിലാണ്. പക്ഷെ എല്ലാംകൊണ്ടും മുന്നിലാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. മുൻകാലങ്ങളെ അപേക്ഷിച്ച് ഈ രംഗത്ത് കുട്ടികൾക്കാണെങ്കിലും അദ്ധ്യാപകർക്കാണെങ്കിലും മികച്ച പരിശീലനം നൽകി നല്ല രീതിയിലുള്ള പരിശീലനം നടത്താൻ വേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തുന്നത്. അതേയവസരത്തിൽ വിദ്യാഭ്യാസ അവകാശ നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെ വരുമ്പോൾ തീർച്ചയായും ഈ ഒരു ക്വാളിറ്റി നമുക്ക് മെയിന്റെയിൻ ചെയ്യാൻ കഴിയാതെ പോകുകയാണ്. കാരണം, എല്ലാ കുട്ടികളെയും ജയിപ്പിക്കണം, ആരെയും തോൽപ്പിക്കാൻ പാടില്ല എന്നൊക്കെയുള്ള രീതിയിൽ കുറെ കാര്യങ്ങൾ അതിന്റെ ഭാഗമായി വരുന്നുണ്ട്. അതും ഈ മൂല്യ ശോഷണത്തിന് ഒരു കാരണമായി നമ്മൾ കാണേണ്ടതായി വരും. സർക്കാർ സ്ഥാപനങ്ങളും എയ്ഡഡ് സ്ഥാപനങ്ങളും അവിടുത്തെ പി.റ്റി.എ.-കളും അദ്ധ്യാപകരുമൊക്കെ ശ്രമിച്ചുകൊണ്ട് വലിയ തോതിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റിനുവേണ്ടിയുള്ള പരിശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ സർവ്വകലാശാലകളുടെ നിലവാരമുയർത്താനും ഗവേഷണത്തിനും പഠനത്തിനും കൂടുതൽ ഊന്നൽ കൊടുക്കാനുമാണ് പ്രീ-ഡിഗ്രി ഡീ-ലിങ്ക് ചെയ്ത സംവിധാനമുണ്ടായത്. പ്രീ-ഡിഗ്രി ഡീ-ലിങ്ക് ചെയ്തിട്ടുപോലും നമ്മുടെ സർവ്വകലാശാലയിലെ നിലവാരമുയർത്താൻ നമുക്ക് കഴിഞ്ഞില്ല. ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാര മികവിന് ഏറ്റവും തടസ്സമായി നിൽക്കുന്നത് നമ്മുടെ യൂണിവേഴ്സിറ്റികളാണ്. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മീറ്റിംഗുകൾ നടക്കുമ്പോൾ 99 ശതമാനം ഫയലുകളും വരുന്നത്

അദ്ധ്യാപകർക്കും ജീവനക്കാർക്കുംവേണ്ടി മാത്രമാണ്. വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള കാര്യങ്ങളും അക്കാദമിക് കാര്യങ്ങളുമാണ് നടക്കാത്തത്. അതുകൊണ്ട് രണ്ട് മാസം കൂടുമ്പോൾ അക്കാദമിക് കാര്യങ്ങൾ മാത്രം ചർച്ച ചെയ്യുന്ന സിൻഡിക്കേറ്റ് മീറ്റിംഗുകൾ നടത്താനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, തീർച്ചയായും വളരെ സ്വാഗതാർഹമായ നിർദ്ദേശമാണ്. പക്ഷെ പ്രായോഗികതലത്തിൽ നടക്കുന്നില്ലെന്നത് ഒരു ദു:ഖസത്യമാണ്. അതിനുവേണ്ടി നിയോഗിക്കപ്പെടുന്ന പ്രതിനിധികൾ, ഗവൺമെന്റ് നോമിനികളാണെങ്കിലും വേറെ നോമിനേറ്റ് ചെയ്ത് വരുന്നവരാണെങ്കിലും ഉദ്യോഗസ്ഥന്മാരാണെങ്കിലും, വൈസ് ചാൻസലർമാരാണെങ്കിലും അക്കാദമിക് കൗൺസിലും ബോർഡ് ഓഫ് സ്റ്റഡീസും സംയുക്തമായി ഒരേ മനസ്സോടുകൂടി പ്രവർത്തിച്ചാൽ വലിയ തോതിലുള്ള മാറ്റമുണ്ടാക്കാൻ കഴിയും.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 1. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭക്ഷണ പദാർത്ഥങ്ങൾക്ക് അമിത വില

3(*393) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ ഭക്ഷണ പദാർത്ഥങ്ങൾക്ക് അമിത വിലയീടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോട്ടലുകളിൽ വില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഹോട്ടലുകളിൽ വില നിയന്ത്രിക്കുന്നതും ഏകീകരിക്കുന്നതും സംബന്ധിച്ച് മുൻപ്രഖ്യാപനങ്ങൾ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഭക്ഷണ പദാർത്ഥങ്ങളുടെ അമിത വില നിയന്ത്രിക്കുന്നതിന്

സംസ്ഥാനത്ത് തൃപ്തി ഹോട്ടലുകൾ തുടങ്ങുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് കാര്യക്ഷമമായി പ്രവർത്തിച്ചിരുന്ന മാവേലി ഹോട്ടലുകൾ പ്രവർത്തന രഹിതമായതിന്റെ കാരണം വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വിലയിൽ വർദ്ധന ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. ഇതു സംബന്ധിച്ച കരട് ബിൽ തയ്യാറായി വരുന്നു.

(സി) ഇല്ല. സംസ്ഥാനത്ത് താലൂക്ക് അടിസ്ഥാനത്തിൽ തൃപ്തി ഹോട്ടലുകൾ ആരംഭിക്കണമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രോജക്ട് ഉണ്ടാക്കുകയും യൂണിറ്റുകളെ ഹോട്ടലുകൾ ആരംഭിക്കുവാൻ സജ്ജരാക്കുകയുമുണ്ടായി. എന്നാൽ ഇതിനായി താലൂക്കുകളിൽ സ്ഥലം കണ്ടെത്താൻ കഴിയാത്തതുമൂലം തൃപ്തി ഹോട്ടലുകൾ ആരംഭിച്ചിട്ടില്ല.

(ഡി) 24-6-2011 വരെ മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോയിൽ നിന്നും നല്കിയിരുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലം മാവേലി ഹോട്ടലുകളുടെ പ്രവർത്തനത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടില്ല എന്നതാണ് കാരണം.

**അനധികൃത അൺ-എയ്ഡഡ് സ്കൂളുകൾ**

4(*394) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി. കെ. എസ്. സലീഖ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്ക് യാതൊരുവിധ അടിസ്ഥാനസൗകര്യങ്ങളും ഇല്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനായി അനധികൃത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാനുള്ള നടപടിയിൽനിന്നും പിന്മാറുന്നതിനു തയ്യാറാകുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ.അബ്ദുറബ്ബ്): സർ,

(എ) അടിസ്ഥാന സൗകര്യങ്ങളില്ലാതെയും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കാതെയും സർക്കാരിന്റെ അറിവോ സമ്മതമോ കൂടാതെയും പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂളുകൾക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ വിലയിരുത്തിയിട്ടില്ല.

(ബി) 2011-ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ ചട്ടം 14 അനുശാസിക്കുന്ന പ്രകാരം അംഗീകാരമുള്ള വിദ്യാലയങ്ങൾ മാത്രമേ വിദ്യാഭ്യാസ മേഖലയിലുണ്ടാവാൻ പാടുള്ളുവെന്നും നിലവിലുള്ള അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുവാനും നിഷ്കർഷിച്ചിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം പ്രവർത്തിക്കുന്നവയാണെങ്കിൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരികയാണ്.

**ആധുനിക സർവ്വേ സംവിധാനങ്ങൾ**

5(*395) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സർവ്വേ സംവിധാനങ്ങൾ ഉപയോഗിച്ച് സർവ്വേ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത രീതിയിൽ സർവ്വേ നടത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) ഉണ്ട്. ആധുനിക സർവ്വേ ഉപകരണങ്ങളായ ETS, GPS എന്നിവ ഉപയോഗിച്ച് സർവ്വേ നടപടികൾ സ്വീകരിച്ച വരുന്നു.

(ബി) കൃത്യതയോടെയും വളരെ വേഗത്തിലും, റീസർവ്വേ നടപടികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാനും റിക്കാർഡുകൾ നശിച്ച പോകാതെ സൂക്ഷിക്കുവാനും സാധിക്കുന്നു. കമ്പ്യൂട്ടറിൽ റിക്കാർഡുകൾ തയ്യാറാക്കുന്നതിനാൽ ഡേറ്റ സൂക്ഷിക്കുവാനും ആവശ്യാനുസരണം പ്രിന്റുകൾ എടുക്കുവാനും സാധിക്കുന്നു.

(സി) ഓരോ കൈവശക്കാരനും അവരവരുടെ ഭൂമിയെ സംബന്ധിച്ച് വളരെ കൃത്യതയോടെ വിവരങ്ങൾ ലഭ്യമാക്കാനും കൂടാതെ റീസർവ്വേ ജോലികൾ ത്വരിതഗതിയിൽ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാനും സാധിക്കുന്നു.

(ഡി) റീസർവെ പൂർത്തിയാക്കാത്ത വില്ലേജുകളിൽ ഭൂമികേരളം പ്രോജക്ട് മുഖാന്തിരം ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ജോലികൾ പൂർത്തിയാക്കാനും ഡിജിറ്റൈസ് ചെയ്യാത്ത മുഴുവൻ റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും നടപടികൾ സ്വകരിച്ചിട്ടുണ്ട്.

**ഹാരിസൺ മലയാളം കമ്പനിയുടെ ഭൂമി കയ്യേറ്റം**

6(*396) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം കമ്പനിക്ക് വ്യാജരേഖ ചമച്ച് സർക്കാർ ഭൂമി കൈവശപ്പെടുത്തുന്നതിന് റവന്യൂ ഉദ്യോഗസ്ഥർ സഹായം നൽകിയത് സംബന്ധിച്ച റിപ്പോർട്ട് റവന്യൂ വകുപ്പിന് ലഭിച്ചിരുന്നുവോ; വിശദാംശം നല്കാമോ;

(ബി) ഇതിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു; ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) കുറ്റാരോപിതരായ ഉദ്യോഗസ്ഥർ നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ടോ; എങ്കിൽ ആരെല്ലാം ഏതൊക്കെ തസ്തികകളിലാണെന്ന് അറിയിക്കാമോ;

(ഡി) ഇത്തരം ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും ഹാരിസൺ കമ്പനിയുടെ കൈവശമുള്ള സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ&ബി) റവന്യൂ വകുപ്പിലെ ചില മുൻ ഉദ്യോഗസ്ഥരുടെ സഹായം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സാക്ഷ്യപ്പെടത്തിയ റെക്കോർഡുകൾ അല്ലാത്തതിനാൽ അവ തയ്യാറാക്കിയത് ആരെന്നോ, എപ്പോഴെന്നോ അറിയുന്നതിന് നിവൃത്തിയില്ല. വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിൻ പ്രകാരം സബ് രജിസ്ട്രാർമാരായ ശ്രീമതി റ്റി. ജെ. മറിയാമ്മ, ശ്രീ. പി. എസ്. ശ്രീകുമാർ, ശ്രീ. വിജയകുമാർ, ശ്രീ. ഗോപിനാഥൻ നായർ എന്നിവർക്കെതിരെ വിജിലൻസ് കേസ് ഫയൽ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(സി) ശ്രീ. വിജയകുമാർ കൊല്ലം ഡിസ്ട്രിക്ട് രജിസ്ട്രാർ (ജനറൽ) ആയി സേവനം അനുഷ്ഠിക്കുന്നുണ്ട്. ബാക്കി മൂന്നുപേരും സർവീസിൽനിന്ന് വിരമിച്ചവരാണ്.

(ഡി) കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതരെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലുള്ള 29185 ഏക്കർ ഭൂമി ഏറ്റെടുത്തു കൊണ്ട് സ്പെഷ്യൽ ഓഫീസർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഒഴിഞ്ഞു തരുന്നതിലേക്കായി ഒരു മാസത്തെ സമയം ബഹു. ഹൈക്കോടതി നിർദ്ദേശിച്ച

പ്രകാരം അനുവദിച്ചിട്ടുണ്ട്. WP(C) 33122/2014 ആയി ഹാരിസൺ മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത കേസിലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായത്തിൽ സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവായ 29185 ഏക്കർ ഭൂമിയുടെ തൽസ്ഥിതി 20-1-2015 വരെ തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി**

7(*397) ശ്രീ. പാലോട് രവി :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ&ബി) വിവിധ ദുരിതങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുന്നതിനു പകരം ഒരൊറ്റ പ്രീമിയത്തിലൂടെ എല്ലാ ദുരിതങ്ങൾക്കും സമഗ്രമായ ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. തീരദേശ മലയോര ദുരിത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി സമഗ്ര ദുരന്ത ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് രൂപരേഖ തയ്യാറാക്കുവാൻ ഐ.എൽ.ഡി.എം.-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് സെന്റർ തലവനെ സർക്കാർ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കരട് രൂപരേഖ ലഭ്യമാക്കിയിട്ടുണ്ട്. പ്രകൃതി ദുരന്തത്തിനും അതുപോലെ തന്നെ മനുഷ്യ പ്രേരിത ദുരന്തത്തിനും ഇരയാകുന്നവർക്കും കുടുംബങ്ങൾക്കും കൂടുതൽ പരിരക്ഷ ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കരട് പദ്ധതി രേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളെക്കുറിച്ചും സാമ്പത്തിക ഉറവിടത്തെക്കുറിച്ചും വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുണ്ട്.

**നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം**

8(*398) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്): സർ,

(എ-ഡി) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. എന്നാൽ ഗവൺമെന്റ് സെക്രട്ടേറിയേറ്റ് ക്യാമ്പിസിനുള്ളിലെ വാഹന പാർക്കിംഗിനുള്ള രൂക്ഷമായ സ്ഥലപരിമിതി പരിഗണിച്ച് സെക്രട്ടേറിയറ്റ് മെയിൻ ക്യാമ്പസിൽ ദർബാർ ഹാളിനു പുറകുവശത്തായി ഒരു ബഹുനില കാർ പാർക്കിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുവേണ്ടി 26-9-2014 ലെ ജി.ഒ. (എം.എസ്)നമ്പർ 270/2014/പൊ.ഭ.വ എന്ന ഉത്തരവ് പ്രകാരം 462 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജനപ്രതിനിധികളും, പൊതുജനങ്ങളും, സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും, ഭരണസിരാ കേന്ദ്രമായ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന സാഹചര്യത്തിൽ, വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യം മെച്ചപ്പെടുത്തി തിക്കും തിരക്കും കുറയ്ക്കേണ്ടത് അടിയന്തര പ്രാധാന്യമുള്ള വിഷയമായതിനാൽ സെക്രട്ടേറിയറ്റിൽ ബഹുനില പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി ദർബാർ ഹാളിനു പുറകുവശത്തായി താൽക്കാലിക കെട്ടിടങ്ങളിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ഓഫീസുകൾ നിർമ്മാണത്തിലിരിക്കുന്ന സെക്രട്ടേറിയറ്റ് അനക്സ് II കെട്ടിടത്തിലേക്ക് മാറുന്ന മുറയ്ക്ക്, നിലവിലുള്ള താല്ക്കാലിക കെട്ടിടം പൊളിച്ച് മാറ്റി 5 നിലകളിലായി 240 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന ഓഫീസുകൾ സെക്രട്ടേറിയറ്റ് അനക്സ് II കെട്ടിടത്തിലേക്ക് മാറുന്ന മുറയ്ക്ക്, പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. സുരക്ഷയ്ക്ക് മുന്തിയ

പരിഗണന നൽകി പൂർണ്ണമായും ഓട്ടോമാറ്റിക് സംവിധാനത്തിൽ പ്രവർത്തിക്കുന്ന രീതിയിലാണ് ബഹുനില പാർക്കിംഗ് സംവിധാനം രൂപകല്പന ചെയ്തിട്ടുള്ളത്.

## ഗതാഗതത്തിരക്ക് പരിഹരിക്കാൻ ബൈപ്പാസുകൾ

9(*399) ശ്രീ. എം. ഉമ്മർ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടണങ്ങളിലെ ഗതാഗതത്തിരക്ക് കണക്കിലെടുത്ത് സുഗമമായ ജില്ലാന്തര ഗതാഗതത്തിനായി ഏറ്റെടുത്തിട്ടുള്ള ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഈ രീതിയിൽ എത്ര ബൈപ്പാസുകളുടെ പണി ഏറ്റെടുത്തിട്ടുണ്ടെന്നും, എത്രയെണ്ണം പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ഇവയുടെ നിർമ്മിതിക്ക് പ്രത്യേക ഫണ്ട് സ്വരൂപിക്കാൻ ഉദ്ദേശ്യമുണ്ടോ; ഫണ്ടിന്റെ അപര്യാപ്തത നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്): സർ,

(എ&ബി) പട്ടണങ്ങളിലെ ഗതാഗതത്തിരക്ക് കണക്കിലെടുത്ത് സുഗമമായ ഗതാതത്തിനായി ദേശീയപാത വിഭാഗത്തിൻ കീഴിൽ തിരുവനന്തപുരം ബൈപ്പാസ്, കൊല്ലം ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ് തൃപ്പൂണിത്തുറ ബൈപ്പാസ്, കോഴിക്കോട് ബൈപ്പാസ്, തലശേരി-മാഹി ബൈപ്പാസ്, മൂവാറ്റുപ്പുഴ ബൈപ്പാസ്, കൊടുങ്ങല്ലൂർ ബൈപ്പാസ്, കോതമംഗലം ബൈപ്പാസ് എന്നീ ബൈപ്പാസുകളുടെ നിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ നിർമ്മാണം പൂർത്തയാക്കി, സർവ്വീസ് റോഡിന്റെ അവശേഷിച്ച ഭാഗം പ്രവൃത്തി നടന്നു വരുന്നു. മറ്റു ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ബൈപ്പാസ് :-

ദേശീയപാത 47-ൽ വരുന്ന, കഴക്കൂട്ടത്തു നിന്ന് ആരംഭിച്ച് തമിഴ്നാട് അതിർത്തിയിൽ അവസാനിക്കുന്ന 43 കി.മീ. ദൈർഘ്യം വരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡുകളോട് കൂടിയ 4 വരി പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26/500 കി.മീ. ഭാഗത്തിന്റെ ഇ.പി.സി. വ്യവസ്ഥയിൽ പണിയാനുള്ള ടെണ്ടർ നടപടികൾ എൻ.എച്ച്.എ.ഐ എടുത്തു വരുന്നു. ബാക്കി ഭാഗത്തിന്റെ സ്ഥലമെടുപ്പിനുള്ള 3(ഡി) നോട്ടിഫിക്കേഷൻ നൽകിക്കഴിഞ്ഞു. ഏറ്റെടുക്കുന്ന വസ്തുവിന്റെ വില/നഷ്ടപരിഹാരം നിർണ്ണയിക്കുന്ന നടപടി Competent Authority of Land Acquisition (CALA) വഴി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

<u>കൊല്ലം ബൈപ്പാസ്</u> :-

ദേശീയപാത 47-ലെ കാവനാട് (കി.മീ.486/500) തുടങ്ങി മേവറം (കി.മീ. 499/500) വരെയുള്ള 13 കി.മീറ്റർ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ 3 പാലങ്ങളോടുകൂടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 50% വീതം തുല്യ വിഹിതത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ 267.16 കോടിക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കൊല്ലം ബൈപ്പാസിന്റെ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ ഇ.പി.സി. വ്യവസ്ഥയിൽ ടെൻഡർ വിളിക്കുകയും 21-10-2014-ൽ ഫൈനാൻഷ്യൽ ബിഡ് തുറക്കുകയും ഉണ്ടായി. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

<u>ആലപ്പുഴ ബൈപ്പാസ്</u> :-

ദേശീയപാത 47-ൽ കൊമ്മാടി മുതൽ (കി.മീ. 408/100) മുതൽ കളർകോട് (കി.മീ. 414/900)വരെയുള്ള 6.80 കി.മീ. വരുന്ന ബൈപ്പാസിന്റെ 2 വരിപ്പാതയിൽ 3.21 കി.മീ എലിവേറ്റഡ് ഹൈവേയും 2 ROB യുമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 50% വീതം തുല്യ വിഹിതത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ 255.75 കോടിക്കുള്ള

ഭരണാനുമതിയും സാങ്കേതിമാനുമതിയും നൽകിയിട്ടുണ്ട്. ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ ഇ.പി.സി വ്യവസ്ഥയിൽ ടെണ്ടർ വിളിക്കുകയും 21-10-2014-ൽ ഫൈനാഷ്യൽ ബിഡ് തുറക്കുകയും ചെയ്തു. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത് ടെണ്ടർ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

<u>തൃപ്പൂണിത്തുറ ബൈപ്പാസ്</u> :-

തൃപ്പൂണിത്തുറ ബൈപ്പാസ് 'SPEEID കേരളയിൽ' ഉൾപ്പെടുത്തിയിട്ടുണ്ട്. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലിന്റെ Estimate-ഉം പ്രവൃത്തികളുടെ എസ്റ്റിമേറ്റും ഉണ്ടാക്കുന്നതിനുവേണ്ടി NATPAC-നെ ചുമതലപ്പെടുത്തുകയും സ്ഥലമെടുപ്പിനായി 984.46 കോടി രൂപയുടേയും നിർമ്മാണത്തിനായി 315.71 കോടി രൂപയുടേയും ഡി.പി.ആർ. NATPAC നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഡി. പി. ആർ. സർക്കാർ പരിശോധിച്ചു വരുന്നു.

<u>കോഴിക്കോട് ബൈപ്പാസ്</u> :-

ദേശീയപാത 17-ലെ കോഴിക്കോട് ബൈപ്പാസിന്റെ ശേഷിക്കുന്ന വെങ്ങളം മുതൽ പുളാടിക്കുന്ന് വരെയുള്ള 5.1 കി.മീ. 2 വരിപ്പാതയായി പൂർത്തീകരണം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് ചെയ്യുവാൻ നിശ്ചയിക്കുകയും അതിന് കേന്ദ്ര മന്ത്രാലയത്തിന്റെ സമ്മതവും ലഭിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 145 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസ് എഗ്രിമെന്റ് വച്ച് പണി പുരോഗമിച്ചു വരുന്നു.

<u>തലശ്ശേരി - മാഹി ബൈപ്പാസ്</u> :-

ദേശീയപ്പാത 17- ൽ മുഴിപ്പിലങ്ങാട് മുതൽ അഴിയൂർ വരെയുള്ള 18 കി.മീ ദൈർഘ്യത്തിലാണ് ഈ ബൈപ്പാസ്. ഇതിന്റെ സ്ഥലമെടുപ്പ് കേന്ദ്ര സഹായത്തോടുകൂടിയാണ് നടന്നു വരുന്നത്. ഇതിൽ മുഴപ്പിലങ്ങാട് നിന്ന് തുടങ്ങി നാലുതറ വരെ 11.9 കി.മീ നീളത്തിൽ 45 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായിട്ടുള്ള ഭാഗത്ത് നിർമ്മാണം മിഷൻ 676-ന്റെ ഭാഗമായുള്ള

'SPEEID' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ NATPAC തയ്യാറാക്കിയിട്ടുണ്ട്. ഡി.പി.ആർ. പ്രകാരം 300.63 കോടി ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ഭരണാനുമതി നൽകാനുള്ള പരിഗണനയിലാണ്. തലശ്ശേരി - മാഹി ബൈപ്പാസിന്റെ ബാക്കി 7.2 കി.മീ നീളത്തിൽ 45 മീറ്റർ വീതിയിൽ സ്ഥലമെടുപ്പ് നടത്തുവാനുണ്ട്.

മൂവാറ്റുപുഴ ബൈപ്പാസ് :-

എൻ എച്ച് 49-ൽ കാരക്കുന്നപള്ളി (ch.248/000) മുതൽ തുടങ്ങി കടാത്തികുരിശ് (ch. 252/700) ൽ അവസാനിക്കുന്ന ആകെ നീളം 4.394 കി.മീ. ആണ്. 45 മീ. വീതിയിൽ സ്ഥലം അക്വയർ ചെയ്യാനായി (21.46 ഹെക്ടർ) 298.17 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഡീറ്റേയിൽഡ് ഇൻവെസ്റ്റിഗേഷനും അതിർത്തി കല്ലിടാനും ആയി 43 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ട്.

കോതമംഗലം ബൈപ്പാസ് :-

എൻ എച്ച് 49-ൽ കോഴിപ്പള്ളി (ch. 238/000) മുതൽ മാതിരപ്പള്ളി (ch. 243/000) വരെയാണ് ബൈപ്പാസിന്റെ നീളം 3.34 കി.മീ 45 മീ. വീതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി (15.02 ഹെക്ടർ) 103.67 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ചെറുകിട പട്ടണങ്ങളും കവലകളും ബൈപാസാക്കുന്ന രീതിയിൽ 60 പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. പദ്ധതികളുടെ വിശദമായ ലിസ്റ്റ് അനാബന്ധമായി ചേർത്തിട്ടുണ്ട്.* ഇതിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തികരിച്ച സ്ഥലങ്ങളുടെസ്ഥലം ലഭ്യമായ മറ്റ് സ്ഥലങ്ങളിലും പ്രവൃത്തികൾ പുരോഗമി ചേർത്തിട്ടുണ്ട്.* ഇതിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച സ്ഥലങ്ങക്കുന്നു.

കൊച്ചി നഗരത്തിലെ ഗതാഗതകുരുക്ക് സുഗമമാക്കാൻ എൻ എച്ച് 66 ബൈപ്പാസിൽനിന്ന് കാക്കനാട് ഇൻഫോപാർക്ക് വരെ നാലുവരിപ്പാതയുടെ നിർമ്മാണത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ടിന് സ്പീഡ് കേരള പദ്ധതിയിൽപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണം കെ.എസ്.സി.സി.-യെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി

---

* ലൈബ്രറി വച്ചിട്ടുണ്ട്.

തിരുവല്ല, തൊടുപുഴ എന്നീ ബൈപ്പാസുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 2.3 കിമീ നീളം വരുന്ന തിരുവല്ല ബൈപ്പാസ് നിർമ്മാണം ഒരു പ്രത്യേക പ്രവൃത്തിയായും 2.57 കി. മീ. നീളം വരുന്ന തൊടുപുഴ ബൈപ്പാസ് നിർമ്മാണം പൊൻകുന്നം-തൊടുപുഴ റോഡ് വികസന പ്രവൃത്തിയിലുൾപ്പെടുത്തിയുമാണ് പണി നടത്തുന്നത്. ഈ രണ്ട് പ്രവൃത്തികളുടെയും നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു.

(സി) ദേശീയപാതാ വികസനത്തിനാവശ്യമായ ബൈപ്പാസുകളുടെ നിർമ്മാണ പ്രവൃത്തികളെല്ലാം തന്നെ കേന്ദ്ര സഹായത്താൽ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ സംസ്ഥാനത്തെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ ദേശീയപാതാ വികസനം മുടങ്ങിയ സാഹചര്യത്തിൽ കൊല്ലം, ആലപ്പുഴ എന്നീ ബൈപ്പാസുകൾ പ്രത്യേകമായി എടുത്ത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ വിഹിതത്തോടെ 2 വരിപ്പാതയായി നിർമ്മിക്കുവാൻ തീരുമാനിക്കുകയും ഇതിന്റെ പ്രവൃത്തി ടെണ്ടർ അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണത്തിനായി മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 145 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളും, സ്ഥലമേറ്റെടുക്കൽ നടപടിയും പൂർത്തീകരിക്കാനാവശ്യമായ ഫണ്ട് ഇപ്പോൾ വകയിരുത്തിയിട്ടില്ല.

**സയൻസ് സിറ്റി**

10(*400) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി.വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സയൻസ് സിറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്;

വിശദാംശങ്ങൾ എന്തെല്ലാം?

വിദ്യഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : സർ,

(എ) ഉണ്ട്. കോട്ടയം, കുറവിലങ്ങാട് കേന്ദ്രമാക്കി സയൻസ് സിറ്റി തുടങ്ങാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 30 ഏക്കർ സ്ഥലം കൃഷി വകുപ്പിൽ നിന്നും ഏറ്റെടുത്തു. ചുറ്റുമതിലിന്റെ പണി പൂർത്തിയായി വരുന്നു. സയൻസ് സിറ്റിയുടെ ഭാഗമായ സയൻസ് സെന്റർ തുടങ്ങുന്നതിനുവേണ്ടിയുള്ള നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചുകഴിഞ്ഞു.

(ബി) പൊതുസമൂഹത്തിൽ ശാസ്ത്ര സംബന്ധമായ അറിവുകളുടെ കാര്യക്ഷമമായ വിതരണം സാദ്ധ്യമാക്കുക, ജനങ്ങളിൽ ശാസ്ത്ര ബോധവും ആഭിമുഖ്യവും വളർത്തിയെടുക്കുക എന്നതാണ് സയൻസ് സിറ്റികൊണ്ട് ലക്ഷ്യമാക്കുന്നത്. ശാസ്ത്രത്തിന്റെ വളർച്ചയും, വികാസവും ചിത്രീകരിക്കുന്നതിനും വിവിധ ശാസ്ത്ര പഠനശാഖകളുടെ തത്വങ്ങളെയും അടിസ്ഥാന സിദ്ധാന്തങ്ങളെയും പ്രായോഗിക രൂപത്തിൽ പരിചയപ്പെടുത്തുന്നതിനും വേണ്ടി തയ്യാറാക്കിയ വിവിധ ഗ്യാലറികൾ, സ്പേസ് തിയേറ്റർ, സയൻസ് പാർക്ക്, സയൻസ് ലൈബ്രറി, ബോട്ടാണിക്കൽ ഗാർഡൻ, ശാസ്ത്ര പ്രദർശന ഹാളുകൾ, വാട്ടർ തീം സയൻസ് പാർക്ക്, ബട്ടർഫ്ളൈ പാർക്ക്, ത്രില്ലേറിയം, ഹൈടെക്ക് ക്ലാസ്സ് മുറികൾ, സെമിനാർ ഹാളുകൾ തുടങ്ങിയ സംവിധാനങ്ങളൊക്കെ ഒരു കുടക്കീഴിൽ യാഥാർത്ഥ്യമാക്കുന്ന ബൃഹത്തായ ഒരു പ്രദർശന നഗരിയാണ് സയൻസ് സിറ്റി കൊണ്ട് ഉദ്ദേശിക്കുന്നത്. കോട്ടയത്ത് ശാസ്ത്ര നഗരി യാഥാർത്ഥ്യമാകുന്നതോടെ ശാസ്ത്ര വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രാധിഷ്ഠിത വിനോദത്തിന്റെയും ഏഷ്യയിലെ ഏറ്റവും വലിയ കേന്ദ്രമായി കോട്ടയം മാറും. ശാസ്ത്ര പ്രതിഭകൾ, ഗവേഷകർ തുടങ്ങിയവർ പങ്കെടുക്കുന്ന ചർച്ചകളും സെമിനാറുകളും ഈ നഗരിയെ ശാസ്ത്രാന്വേഷികളുടെ ഒരു സംഗമ കേന്ദ്രമാക്കി മാറ്റും. ശാസ്ത്ര വിദ്യാഭ്യാസം, ടൂറിസം, തൊഴിൽ മേഖലകളിൽ സംസ്ഥാനത്തിന്റെ വളർച്ചക്കും വികസനത്തിനും ഇത് വഴിയൊരുക്കും.

(സി) ഏകദേശം 100 കോടി രൂപ ചെലവുള്ള ഈ പദ്ധതിക്ക് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽനിന്നും, നോൺഗവൺമെന്റൽ ഓർഗനൈസേഷനുകളിൽ നിന്നും ധനം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാർ നാളിതുവരെ 32.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) 30 ഏക്കർ ഭൂമി കൃഷി വകുപ്പിൽ നിന്നും പദ്ധതിക്കു വേണ്ടി

ഏറ്റെടുത്തിട്ടുണ്ട്. ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. സയൻസ് സിറ്റിയുടെ ഭാഗമായ സയൻസ് സെന്ററിന്റെ കെട്ടിടനിർമ്മാണം നാഷണൽ കൗൺസിൽ ഫോർ സയൻസ് മ്യൂസിയത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു കഴിഞ്ഞു.

**ഹയർസെക്കണ്ടറി സ്കൂൾ പ്രവേശനത്തിന് ഏകജാലക സംവിധാനം**

11(*401) ശ്രീ. എം. എ. ബേബി :

ശ്രീ. സാജു പോൾ :

ശ്രീമതി. കെ. കെ. ലതിക :

പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി സ്കൂൾ പ്രവേശനത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഹയർസെക്കണ്ടറി സ്കൂൾ പ്രവേശനത്തിന് മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഏകജാലക സംവിധാനം നിർത്തലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഇപ്പോൾ ഏകജാലക സംവിധാനം ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് ഈ സംവിധാനം യാതൊരു പരാതികളുമില്ലാതെ കുറ്റമറ്റ രീതിയിൽ നടന്നിരുന്ന കാര്യം അറിവുള്ളതാണോ;

(ഡി) സാമൂഹ്യനീതിയും അവസരസമത്വവും എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന് ഏകജാലകസംവിധാനം കുറ്റമറ്റരീതിയിൽ സംസ്ഥാനത്ത് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി സ്കൂൾ പ്രവേശനത്തിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏകജാലക സംവിധാനം നിറുത്തലാക്കാൻ സർക്കാർ അലോചിക്കുന്നില്ല.

(ബി) ഇപ്പോൾ ഏകജാലക സംവിധാനം ഫലപ്രദമായി നടക്കുന്നുണ്ട്.

(സി) ആണ്.

(ഡി) ഇപ്പോഴും കുറ്റമറ്റ രീതിയിൽ തന്നെയാണ് ഏകജാലക സംവിധാനത്തിലൂടെ പ്ലസ് വൺ പ്രവേശനം നടന്നു വരുന്നത്.

**കേരള സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ**

12(*402) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (കെ.സാക് ) രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി കേന്ദ്രസഹായം ലഭിച്ചിരുന്നോ;

(സി) ബഡ്ജറ്റിൽ ഇതിനായി എത്ര തുക വകയിരുത്തിയിരുന്നു;

(ഡി) കെ.സാക് രൂപീകരണത്തിന് ഇപ്പോൾ എന്താണ് തടസ്സമുള്ളതെന്ന് അറിയിക്കാമോ;

(ഇ) ഇതിന്റെ രൂപീകരണം സ്വകാര്യമേഖലയിൽ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുമെന്നിരിക്കെ, രൂപീകരണം താമസിപ്പിക്കുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ,

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനു അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡ് തുകയിൽ നിന്നും 2014-15 കാലയളവിലേക്കായി ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി&ഇ) കേരള സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ ഡയറക്ടർ സ്ഥാനത്തേക്ക് നിയമനം നടന്നിട്ടില്ല. ആയതിലേക്കുള്ള നിയമനം നടന്നതിനു ശേഷം മാത്രമേ കൗൺസിലിന്റെ രൂപീകരണം സാധ്യമാകൂ.

## രജിസ്ട്രേഷൻ നിയമങ്ങൾ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത

13(*T403) <u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. സി. മോയിൻ കുട്ടി</u> :
<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം നിയമങ്ങൾക്കാണ് ക്രോഡീകരണം ആവശ്യമുള്ളതെന്നു വിശദമാക്കുമോ;

(സി) നിയമപരിഷ്ക്കരണ നടപടികൾക്കായി ആരെയെങ്കിലും ചുമതല ഏല്പിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണെന്നും എന്നാണ് ചുമതല ഏല്പിച്ചതെന്നും എന്തൊക്കെ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>) : സർ,

(എ) ഉണ്ട്. രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 8-6-12-ലെ (എം.എസ്) 98/2012/ നിവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ (മോഡണൈസേഷൻ) എന്ന പുതിയ തസ്തിക സൃഷ്ടിക്കുകയും ആയതിൽ ശ്രീ. കെ. ആർ. വിവേകാനന്ദിനെ നിയമിക്കുകയുമുണ്ടായി. ടി ഉദ്യോഗസ്ഥന് രജിസ്ട്രേഷൻ മാന്വൽ കാലോചിതമായി പരിഷ്ക്കരിക്കുക, രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കാനുള്ള ശുപാർശകൾ നൽകുക, എന്നീ ചുമതലകൾ നൽകുകയുണ്ടായി. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ (മോഡണൈസേഷൻ)-നെ ടിയാന്റെ ചുമതലകൾ നിറവേറ്റുന്നതിൽ സഹായിക്കുന്നതിലേക്കായി ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ശ്രീ. എൻ. കെ. ശിവദാസനെ 23-12-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 997/2013/നിവ. പ്രകാരം നിയമിച്ചിട്ടുണ്ട്.

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) രജിസ്ട്രേഷൻ നിയമങ്ങൾ, രജിസ്ട്രേഷൻ മാനവൽ എന്നിവയിൽ പരിഷ്കരണം ആവശ്യമാണ്.

(സി) ഉണ്ട്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ (മോഡണൈസേഷൻ) ചുമതല ഏൽപ്പിച്ചിട്ടുണ്ട്. 8-6-2012-ലെ (എംഎസ്.) 98/2012/റ്റിഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ ഇൻസ്പെക്ടർ ജനറൽ (മോഡണൈസേഷൻ) എന്ന തസ്തിക സൃഷ്ടിച്ചു. 1-8-2012-ലെ (എംഎസ്.) 138/2012/റ്റിഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ (മോഡണൈസേഷൻ)-ന് നിർവ്വഹിച്ചു നൽകിയ ചുമതലകളിൽ, രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കാനുള്ള ശുപാർശകൾ നൽകലും ഉൾപ്പെടുന്നു. പ്രസ്തുത ചുമതലകൾ കാലവിളംബം കൂടാതെ നിർവ്വഹിക്കുന്നതിന് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വേണമെന്നാവശ്യപ്പെട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**മലയോര ഹൈവേ നിർമ്മാണം**

14(*404) ശ്രീ. രാജു എബ്രഹാം :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഹൈവേ നിർമ്മാണത്തിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എത്ര കിലോമീറ്ററാണ് ഇതിന്റെ ദൈർഘ്യമെന്ന് അറിയിക്കാമോ ;

(ബി) വനമേഖലയിലൂടെയുള്ള ഈ നിർമ്മാണത്തിന് വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോ ;

(സി) മൂന്നാർ മേഖലയിൽ ഹൈവേ നിർമ്മാണം സംബന്ധിച്ച തർക്കങ്ങൾ ഉടലെടുത്തിട്ടുണ്ടോ ;

(ഡി) ആവറുകുടി-പെരുമ്പൻകുത്ത് ഭാഗത്ത് മലയോര ഹൈവേ നിർമ്മാണം

ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നോ ; ഇതനുസരിച്ച് പദ്ധതിക്ക് സർക്കാർ ഭരണാനുമതിയും പ്രത്യേകാനുമതിയും നല്കിയിരുന്നോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്): സർ,

(എ) സംസ്ഥാനത്ത് മലയോര ഹൈവേ നിർമ്മാണത്തിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ആകെ ദൈർഘ്യം 1160 കി. മീറ്ററാണ്.

(ബി) വനമേഖലയിലൂടെയുള്ള ഈ നിർമ്മാണത്തിന് വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. പ്രസ്തുത അനുമതി ലഭിച്ചിട്ടില്ല.

(സി) മൂന്നാർ ഉൾപ്പെടുന്ന ഇടുക്കി ജില്ലയിൽ ഹൈവേ നിർമ്മാണം സംബന്ധിച്ച തർക്കങ്ങളൊന്നും നിലവിലില്ല. എന്നാൽ എറണാകുളം ജില്ലയിലെ എളംബ്ലാശ്ശേരി-ആവറുകുടി മേഖലയിൽ ചില തർക്കങ്ങൾ ഉടലെടുത്തിട്ടുണ്ട്. പ്രസ്തുത മേഖലയിൽ കലുങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് വനംവകുപ്പ് തടസ്സമുന്നയിക്കുകയും പണി നിർത്തിവച്ചിരിക്കുകയുമാണ്.

(ഡി) ആവറുകുടി-പെരുമ്പൻകുത്ത് ഭാഗത്ത് രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 238/12/പൊ.മ.വ. തീയതി 16-2-2012 പ്രകാരം എളംബ്ലാശ്ശേരി-ആവറുകുടി ഭാഗത്തെ പ്രവൃത്തകൾക്ക് 4 കോടി രൂപയുടെയും സർക്കാർ ഉത്തരവ് (സാധാ) നമ്പർ 281/2013/പൊ.മ.വ. തീയതി 23-2-2013 പ്രകാരം 5 കോടി രൂപയുടെയും ഭരണാനുമതിയുടെയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

**ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതി**

15(*405) ശ്രീ. പി. എ. മാധവൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിക്കുവേണ്ടി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്;

(ഇ) പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ) രജിസ്ട്രേഷൻ വകുപ്പിൽ ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. നിലവിൽ ആധാരപ്പകർപ്പുകൾക്കായുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രജിസ്റ്റർ തെരഞ്ഞു നോക്കി ആധാരം കണ്ടുപിടിച്ച് ഡിജിറ്റൽ ക്യാമറയുടെയും കമ്പ്യൂട്ടറിന്റെയും സഹായത്താൽ പകർപ്പ് തയ്യാറാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇതിനായി ബന്ധപ്പെട്ട ആധാരമടങ്ങുന്ന രജിസ്റ്റർ തെരഞ്ഞു നോക്കുന്നതിനുള്ള കാലതാമസവും അപേക്ഷകരുടെ എണ്ണക്കൂടുതലും സമയപരിധിക്കുള്ളിൽ സേവനം നൽകുന്നതിന് തടസ്സമാകുന്നു. ഈ കാലതാമസം പരിഹരിക്കുന്നതിനായി നിലവിൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചു വരുന്ന ആധാര വാല്യങ്ങൾ സ്കാൻ ചെയ്തു ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി നിലവിലെ രജിസ്ട്രേഷൻ ഡേറ്റായുടെ ഭാഗമാക്കിക്കൊണ്ട് ആധാരപകർപ്പുകൾ കാലതാമസം കൂടാതെ നൽകാവുന്ന തരത്തിലുള്ള സേവനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) ആധാരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതോടെ ആധാരപ്പകർപ്പുകൾ കാലതാമസം കൂടാതെ നൽകുന്നതിനുള്ള സൗകര്യമുണ്ടാകുന്നതാണ്. കൂടാതെ ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തുന്നതോടെ ഡിജിറ്റൽ ഒപ്പോടുകൂടിയ ആധാര പകർപ്പുകൾ ഓൺലൈനായിതന്നെ നൽകുന്നതിനുള്ള സൗകര്യവും ലഭിക്കുന്നതാണ്. ഈ സംവിധാനം നടപ്പിൽ വരുമ്പോൾ അക്ഷയ കേന്ദ്രങ്ങൾ വഴിയോ ജനസേവന കേന്ദ്രങ്ങൾ വഴിയോ പൊതുജനങ്ങൾക്ക് പകർപ്പുകൾ ലഭ്യമാക്കാൻ കഴിയുന്നതാണ്.

(സി) സി-ഡിറ്റിന്റെ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) കൊട്ടാരക്കര (അഡീഷണൽ), നേമം, ചാല, പട്ടം, ശാസ്തമംഗലം, തിരുവല്ലം, തിരുവനന്തപുരം (പ്രിൻസിപ്പൽ) എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് നടപടി ഭാഗികമായി പൂർത്തിയായിട്ടുണ്ട്. സ്കാൻ ചെയ്ത ആധാരപകർപ്പുകൾ ഉപയോഗിച്ച് സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുന്ന പദ്ധതി ഉടനെ തന്നെ ആരംഭിക്കുന്നതാണ്.

(ഇ) ഈ പദ്ധതി സംസ്ഥാനത്തെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലും ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കയർ മേഖലയിൽ സ്റ്റാർട്ട് അപ് ഇൻകുബേറ്റർ**

16(*406) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ സ്റ്റാർട്ട് അപ് ഇൻകുബേറ്റർ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) കയർ മേഖലയിൽ യുവ സംരംഭകരെ ആകർഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ആരെല്ലാമാണ് ഇതിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർപ്രകാശ്): സർ,

(എ) ഉണ്ട്. നൂതന ആശയങ്ങളും പുതിയ സാങ്കേതിക വിദ്യകളും ഉപയോഗിച്ച് പുതിയ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും അവയ്ക്ക് വേണ്ട സഹായം നൽകുന്നതിനുമുള്ള പദ്ധതിയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(ബി) കയർ മേഖലയുമായി ബന്ധപ്പെട്ട ആശയങ്ങളുടെ രൂപീകരണം, കണ്ടുപിടിത്തങ്ങൾ, സാങ്കേതിക വിദ്യകൾ എന്നിവ പ്രായോഗിക തലത്തിൽ ഉപയോഗപ്രദമാക്കുന്നതിനും, വ്യക്തികൾ, സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവർക്കു വേണ്ടതായ ഇൻകുബേഷൻ ഫണ്ട് നൽകി സഹായിക്കുന്നതുമാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

(സി) താഴെപ്പറയുന്നകാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. ഉല്പാദന പ്രക്രിയയുടെ ആധുനികവത്കരണം.
2. യന്ത്രങ്ങളുടെയും ഉപകരണങ്ങളുടേയും വികസനം.
3. ഉല്പന്നങ്ങളുടെ വികസനവും, വൈവിദ്ധ്യവൽക്കരണവും
4. പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കൽ
5. സാങ്കേതിക വിദ്യ കൈമാറലും ഇൻകുബേഷനും
6. രൂപകല്പന (Design)-യുടെ വികസനം

(ഡി) നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക്/ഏജൻസികൾക്ക് ഇതിന്റെ സഹായം ലഭിക്കുന്നു. കയർ മേഖലയിലെ ഗവേഷണ വികസന സ്ഥാപനമായ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## വില്ലേജ് ഓഫീസുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം

17(*407) ശ്രീ. അൻവർ സാദത്ത് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) റവന്യൂ വകുപ്പിന്റെ അടിസ്ഥാനഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസ്

സംവിധാനം രൂപീകരിക്കുന്ന കാര്യം പരിഗണിച്ച് വരുന്നു.

(ബി) വില്ലേജ് ആഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് സുഗമവും, കാര്യക്ഷമമായും വേഗത്തിലും സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

(സി&ഡി) അക്ഷയ കേന്ദ്രങ്ങൾ പോലുള്ള വിവിധ ഏജൻസികളിൽ കയറിയിറങ്ങാതെ തന്നെ വില്ലേജാഫീസ്, താലൂക്കാഫീസ് മുതലായ ആഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ട സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്.

**റേഷൻ വിതരണത്തിന് വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനങ്ങൾ**

18(*408) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിന് ഏർപ്പെടുത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതു കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ-സി) പൊതുവിതരണത്തിനായുള്ള ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും വിതരണത്തിനായി കൊണ്ടു പോകുന്ന വാഹനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്ത് സുതാര്യത ഉറപ്പ് വരുത്തുക എന്നതാണ് ജി.പി.എസ്. സംവിധാനം വഴി ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച സാദ്ധ്യത പഠനം നടക്കുകയാണ്.

**ചാൻസലേഴ്സ് കൗൺസിൽ**

19(*409) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാൻസലേഴ്സ് കൗൺസിലിൽ അംഗങ്ങളാകാനുള്ള യോഗ്യത എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിട്ടാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ,

(എ) 25-11-2014-ലെ GS5-3094/2014 ഉത്തരവിലൂടെ സർവ്വകലാശാല ചാൻസലർ കൂടിയായ ബഹു. ഗവർണർ ചാൻസലേഴ്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ചാൻസലർ, പ്രോ-ചാൻസലർ, ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ, ചാൻസലറുടെ അധികാര പരിധിയിലുള്ള സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ, ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഗവർണറുടെ സെക്രട്ടറി എന്നിവരാണ് പ്രസ്തുത കൗൺസിലിലെ അംഗങ്ങൾ. ഗവർണറുടെ സെക്രട്ടറിയാണ് ചാൻസലേഴ്സ് കൗൺസിലിന്റെ കൺവീനർ.

(ബി) കേരളത്തിലെ സർവ്വകലാശാലകൾ തമ്മിലും സർക്കാരുമായും സഹകരണം പരിപോഷിപ്പിക്കുന്നതിനും സർവ്വകലാശാലകളുടെ പ്രവർത്തനം അതിന്റെ ഔന്നത്യത്തിലാണെന്ന് ഉറപ്പുവരുത്തുന്നതിനും കേരളത്തിലെ ജനങ്ങൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള ഏകോപന പ്രവർത്തനങ്ങൾ സംജാതമാക്കുന്നതിനും വേണ്ടിയുള്ള ഒരു ഉപദേശക സമിതി എന്ന നിലയ്ക്കാണ് പ്രസ്തുത കൗൺസിൽ രൂപീകരിക്കുന്നത്.

**ഹിൽ ഹൈവേ പ്രോജക്ട്**

20 (*410) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഇത് സമയബന്ധിതമായി നടപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പ്രോജക്ടുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ,

(എ) സംസ്ഥാനത്തെ മലയോര പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് പ്രസ്തുത പ്രദേശങ്ങളുടെ സമഗ്രമായ വികസനത്തിനും കാർഷിക വിഭവങ്ങളുടെ വിപണനത്തിനുമുതകുന്ന രീതിയിൽ പരമാവധി നിലവിലുള്ള പാതകളെ വികസിപ്പിച്ച് സംസ്ഥാനത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ ബന്ധിപ്പിക്കുകയെന്നതാണ് ഹിൽ ഹൈവേയുടെ ലക്ഷ്യം. ആദിവാസി മേഖലകളുടേയും പിന്നോക്ക പ്രദേശങ്ങളുടേയും വികസനവും ഇത് ലക്ഷ്യമിടുന്നു.

(ബി) സർക്കാർ ഉത്തരവ് (കൈ) നമ്പർ 51/2013/ പൊ.മ.വ തീയതി 14-6-2013 പ്രകാരം ഹിൽ ഹൈവേ പദ്ധതി സർക്കാരിന്റെ 'സ്പീഡ്കേരള'-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഹിൽ ഹൈവേയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നാറ്റ്പാകിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിക്കുന്നു.

(സി) പദ്ധതി രൂപരേഖ തയ്യാറാക്കുന്നത് പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗവും സ്പീഡ് കേരളാ പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തിക്ക് ഫണ്ട് സ്വരൂപിക്കുന്നത് കേരളാ റോഡ് ഫണ്ട് ബോർഡുമാണ്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് 'സ്പീഡ് കേരള' പദ്ധതിയിൽ ഉൾപ്പെടുത്തുകയും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുകൂടാതെ കണ്ണൂർ, എറണാകുളം ജില്ലകളിലെ ഹിൽ ഹൈവേയുടെ ഭാഗമാകുന്ന ചില റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഇപ്പോൾ തന്നെ ഏറ്റെടുത്തു നടത്തിവരുന്നു.

**സപ്ലൈകോയിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിന് നടപടി**

21(*411) ശ്രീമതി. കെ. കെ. ലതിക :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ വ്യാപകമായി അഴിമതിയും ക്രമക്കേടുകളും നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ;

(ബി) അഴിമതിയും ക്രമക്കേടുകളും തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) സപ്ലൈകോയുടെ കീഴിൽ എത്ര സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്; ഇവിടങ്ങളിൽ പരിശോധന നടത്തുന്നതിന് വേണ്ടത്ര ഉദ്യോഗസ്ഥരില്ല എന്ന വസ്തുത അറിവുള്ളതാണോ;

(ഡി) സപ്ലൈകോയുടെ വിജിലൻസ് വിഭാഗത്തിൽ ഇതിന് മതിയായ ഉദ്യോഗസ്ഥരുണ്ടോ ;

(ഇ) വിജിലൻസ് വിഭാഗം നവീകരിക്കുന്നതിനും കൂടുതൽ തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് സാമ്പത്തിക പ്രതിസന്ധി വിഘാതമായി നില്ക്കുന്നുണ്ടോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ&ബി) സപ്ലൈകോയിൽ വ്യാപകമായി അഴിമതിയും ക്രമക്കേടുകളും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അടുത്തകാലത്ത് സപ്ലൈകോയിലെ 2 ഡിപ്പോകളിൽ ക്രമക്കേടുകൾ നടന്നതായി വിവരം ലഭിച്ചിട്ടുണ്ട്. ചേർത്തല ഡിപ്പോയിലും, ആലപ്പുഴ ഡിപ്പോയിലും നടത്തിയ പരിശാധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് കുറ്റക്കാരായ രണ്ട് കസ്റ്റോഡിയന്മാരെ സസ്പെഡ് ചെയ്യുകയുണ്ടായി. സപ്ലൈകോ വില്പനശാലകളിൽ പരിശോധനയ്ക്കായി ജൂനിയർ

മാനേജർ (എം&ഐ)-മാരെ ഡിപ്പോ തലത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർ എല്ലാ മാസവും ശരാശരി 12 വിൽപ്പനശാലകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശോധനകൾ ശക്തമാക്കിയാണ് സപ്ലൈകോയുടെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇതുകൂടാതെ ഡിപ്പോകളിലെയും, വിൽപ്പനശാലകളിലെയും കണക്കുകൾ പരിശോധിക്കുന്നതിനായി ആഭ്യന്തര ആഡിറ്റർമാരെ ജില്ലാതലത്തിലെ ആഡിറ്റിനും ഐ.പി.എ.ഐ. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ആഡിറ്റേഴ്സ് ഓഫ് ഇന്ത്യ) ആഡിറ്റർമാരെ മേഖലാതലത്തിൽ ആഡിറ്റ് നടത്തുന്നതിനും നിയമിച്ചിട്ടുണ്ട്. ഐ.പി.എ.ഐ. ആഡിറ്റർമാരെ മേഖലാതലത്തിൽ ആഡിറ്റ് നടത്തുന്നതിനും നിയമിച്ചിട്ടുണ്ട്. ഐ.പി.എ.ഐ. ആഡിറ്റർമാരുടെ മേൽ നോട്ടത്തിൽ ഡിപ്പോയിലും, വിൽപ്പനശാലകളിലും മിന്നൽ സ്റ്റോക്ക് പരിശോധന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സപ്ലൈകോ കേന്ദ്രകാര്യാലയത്തിൽ വിജിലൻസ് ആഫീസറുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നു. അവർ സപ്ലൈകോയുടെ വിൽപ്പനശാലകളിലും, ഡിപ്പോകളിലും മിന്നൽ പരിശോധനകൾ നടത്തി അവയുടെ പ്രവർത്തനം വിലയിരുത്തുന്നു. ഈ പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ സസ്പെൻഷൻ നടപടികൾ ഉൾപ്പെടെയുള്ള ശക്തമായ ശിക്ഷാനടപടികൾ എടുത്തുവരുന്നു. മേഖലാ മാനേജർമാരും, അസിസ്റ്റന്റ് മേഖലാ മാനേജർമാരും, ഡിപ്പോ മാനേജർമാരും വിൽപ്പനശാലകളും, ഡിപ്പോകളും പരിശോധനയ്ക്ക് വിധേയമാക്കുകയും ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) സപ്ലൈകോയുടെ കീഴിൽ നിലവിൽ 1564 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനായി ജൂനിയർ മാനേജർ (എം&ഐ)-മാരും എല്ലാ ജില്ലയിലും ഓഡിറ്റ് നടത്തുന്നതിനായി ആഭ്യന്തര വിഭാഗം ഓഡിറ്റ് ടീമും ഉണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ആഡിറ്റേഴ്സ് ഓഫ് ഇന്ത്യയുടെ രണ്ടു പേരടങ്ങിയ 6 ടീം അഞ്ച് മേഖലാ ഓഫീസ് തലത്തിലും ഹെഡ്ഢാഫീസിലുമായി നിലവിൽ ഉണ്ട്.

(ഡി) ഇല്ല. നിലവിലുള്ള വിജിലൻസ് വിഭാഗത്തെ ശക്തമാക്കുന്നുണ്ട്.

(ഇ&എഫ്) ഉണ്ട്. വിജിലൻസ് വിഭാഗം നവീകരിക്കുന്നതിനായി രണ്ട്

സർക്കിൾ ഇൻസ്പെക്ടർമാരുടെയും, നാല് സബ്ഇൻസ്പെക്ടർമാരുടെയും, പതിമൂന്ന് സീനിയർ സിവിൽ പോലീസ് ഓഫീസർമാരുടെയും, പതിനാറ് സിവിൽ പോലീസ് ഓഫീസർ, ഡ്രൈവർ എന്നിവരുടെയും തസ്തിക സൃഷ്ടിക്കുന്നതിനുള്ള സപ്ലൈകോ മാനേജിംഗ് ഡയറക്ടറുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

**എൻട്രൻസ് പരീക്ഷാരീതിയിൽ പരിഷ്കാരങ്ങൾ**

22(*412) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻട്രൻസ് പരീക്ഷാരീതിയിലും തുടർനടപടികളിലും അവസാനമായി പരിഷ്കാരം വരുത്തിയത് എന്നാണ്;

(ബി) നിലവിലുള്ള പരീക്ഷാസമ്പ്രദായത്തിൽ ചില ഭേദഗതികൾ വരുത്തണമെന്ന നിർദ്ദേശം ഏതെങ്കിലും മേഖലകളിൽനിന്ന് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പരീക്ഷാവിജ്ഞാപനം മുതൽ കുട്ടികളുടെ പ്രവേശനം വരെയുള്ള വിവിധഘട്ടങ്ങളുടെ കൃത്യമായ സമയക്രമങ്ങൾ കാലേക്കൂട്ടി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ആസൂത്രണങ്ങൾ അവലംബിക്കുന്നതിൽ എത്രത്തോളം വിജയിക്കാൻ സാധിച്ചുവെന്നു വ്യക്തമാക്കുമോ;

(ഡി) എൻട്രൻസ് പരീക്ഷാനടത്തിപ്പിൽ ഇതിനോടകം ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളും പോരായ്മകളും ഉൾക്കൊണ്ട് എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ,

(എ) 18-12-2014-ലെ ജി.ഒ (എംഎസ്സ്.) നമ്പർ 402/2010 ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളുടെ ഗുണനിലവാരം ഉയർത്തുവാനായി പ്രവേശന പരീക്ഷ സമ്പ്രദായം പരിഷ്കരിച്ച് എഞ്ചിനീയറിംഗ് സ്കീമിന്റെ പ്രവേശനവും, തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ, യോഗ്യതാ പരീക്ഷയിലും, പ്രവേശന പരീക്ഷയിലും നേടുന്ന മാർക്കിന് തുല്യമായി വെയിറ്റേജ് നൽകുവാൻ സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ പ്രഗല്ഭരായ അക്കാദമിക വിദഗ്ധരെ ഉൾപ്പെടുത്തി ഒരു എക്സ്പെർട്ട്

കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം യോഗ്യതാ പരീക്ഷയിലും, പ്രവേശന പരീക്ഷയിലും മാർക്കിന് തുല്യവെയിറ്റേജ് നൽകി ഏകീകരിക്കുകയും ചെയ്താണ് 2011-12 അക്കാദമിക് വർഷം മുതൽ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കി വരുന്നത്. 2012-13 അക്കാദമിക് വർഷം മുതൽ അക്കാദമിക് വിദഗ്ധരുടെ നിർദ്ദേശ പ്രകാരം മാർക്ക് ഏകീകരണത്തിന് ഉപയോഗിക്കുന്ന നോർമലൈസേഷൻ പ്രക്രിയയ്ക്ക് പകരം സ്റ്റാൻഡേഡ് ലൈസേഷൻ പ്രക്രിയ അവലംബിക്കുകയും പ്രസ്തുത രീതി ഇപ്പോഴും തുടർന്നുവരികയുമാണ്.

(ബി) മാർക്ക് ഏകീകരണവുമായി ബന്ധപ്പെട്ട് അക്കാദമിക് വിദഗ്ധരുടെ മേഖലകളിൽ നിന്ന് പുതിയ നിർദ്ദേശങ്ങൾ യാതൊന്നും ലഭിച്ചിട്ടില്ല.

(സി) പ്രൊസ്പെക്ടസ് തയ്യാറാക്കുന്നതുമുതൽ പരീക്ഷാ വിജ്ഞാപനം, റാങ്ക് ലിസ്റ്റ്, അലൊട്ട്മെന്റ് എന്നീ മുഴുവൻ നടപടികളും മുൻകൂട്ടി തയ്യാറാക്കി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിൻപ്രകാരമുള്ള സമയക്രമമനുസരിച്ചുള്ള ഷെഡ്യൂൾ പ്രകാരമാണ് നടത്തി വരുന്നത്. ഈ കഴിഞ്ഞ പ്രവേശന പരീക്ഷയുടെ വിവിധ ഘട്ടങ്ങളും കൃത്യമായി മുൻകൂട്ടി നിശ്ചയിച്ച സമയത്ത് തന്നെ പൂർത്തിയാക്കുകയും കൂടാതെ MBBS/BDS അലോട്ട്മെന്റിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അവസാന ആഴ്ചയിലെ നിർദ്ദേശങ്ങൾ കൂടി പാലിച്ച് കൃത്യമായും സമയബന്ധിതവുമായി നടത്തി അലോട്ട്മെന്റ് വിജയകരമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേരുന്ന പ്രേസ്പെക്ടസ് റിവാംപ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് ഓരോ വർഷവും പ്രവേശന പരീക്ഷയുടെ പ്രോസ്പെക്ടസ്സ് തയ്യാറാക്കുന്നത്. പ്രസ്തുത കമ്മിറ്റിയിൽ കഴിഞ്ഞ വർഷം പരീക്ഷ നടത്തിയതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിച്ച് യുക്തമായ മാറ്റം വരുത്തുന്നുണ്ട്.

**സൂപ്പർ മാർക്കറ്റുകളുടെ നവീകരണം**

23(*413) ശ്രീ. കെ. മുരളീധരൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകൾ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആയതിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; ഇതുകൊണ്ട് ജനങ്ങൾക്കുള്ള പ്രയോജനം വ്യക്തമാക്കുമോ;

(സി) നിത്യോപയോഗ സാധനങ്ങൾ പീപ്പിൾസ് ബസാറിൽ ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുമോ; വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ) ഉണ്ട്. പ്രതിമാസം 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും 2500 ച. അടിയിലധികം വിസ്തീർണ്ണമുള്ളതും മതിയായ വാഹന പാർക്കിംഗ് സൗകര്യമുള്ളതും പ്രധാനപ്പെട്ട നഗരങ്ങളിൽ പ്രവർത്തിച്ചു വരുന്നതുമായ സൂപ്പർ മാർക്കറ്റുകളെ പീപ്പിൾസ് ബസാറാക്കി ഉയർത്തുന്നതിന് തീരുമാനിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ഉണ്ട്. 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും മതിയായ സ്ഥലസൗകര്യം ഉള്ളതുമായ 24 സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകളാക്കി മാറ്റി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിലുള്ള 24 പീപ്പിൾസ് ബസാറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | മേഖല | സ്ഥലം |
|---|---|---|
| 1 | തിരുവനന്തപുരം | പഴവങ്ങാടി |
| 2 | | കിഴക്കേക്കോട്ട |
| 3 | | കൊല്ലം |
| 4 | | പുനലൂർ |
| 5 | കോട്ടയം | മുണ്ടക്കയം |
| 6 | | പത്തനംതിട്ട |
| 7 | | അടൂർ |

| | | |
|---|---|---|
| 8 | | തൊടുപുഴ |
| 9 | | അടിമാലി |
| 10 | | കൂത്താട്ടുകുളം |
| 11 | | പനമ്പള്ളി നഗർ |
| 12 | എറണാകുളം | ആലപ്പുഴ |
| 13 | | കൊച്ചി, ചുള്ളിക്കൽ |
| 14 | | അങ്കമാലി |
| 15 | | പാലക്കാട് |
| 16 | | തൃശ്ശൂർ |
| 17 | പാലക്കാട് | പെരിന്തൽമണ്ണ |
| 18 | | ഒറ്റപ്പാലം |
| 19 | | കൊടുങ്ങല്ലൂർ |
| 20 | | അങ്ങാടിപ്പുറം |
| 21 | കോഴിക്കോട് | കോഴിക്കോട് മാവൂർ റോഡ് |
| 22 | | കാസർഗോഡ് ഓൾഡ് ബസ്സ്റ്റാൻഡ് |
| 23 | | കാസർഗോഡ് ന്യൂ ബസ്സ്റ്റാൻഡ് |
| 24 | | സുൽത്താൻ ബത്തേരി |

കൂടാതെ നീലേശ്വരം (കാസർഗോഡ്), കണ്ണൂർ, കൊട്ടിയം (കൊല്ലം) പാരിപ്പള്ളി (കൊല്ലം) എന്നീ സൂപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറുകളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വൻകിട സ്വകാര്യ കമ്പനികൾ ആരംഭിച്ചിട്ടുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും സേവനങ്ങളും സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയാണ് പീപ്പിൾസ് ബസാറുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. സബ്സിഡി നിരക്കുള്ള 13 ഇനം അവശ്യസാധനങ്ങൾക്കും, മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമെ പച്ചക്കറികളും, മറ്റ് ഉപഭോക്തൃ താൽപര്യ ഉൽപ്പന്നങ്ങളും, മിൽമ, കയർ ബോർഡ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യാ തുടങ്ങിയ സർക്കാർ കമ്പനികളുടേതുൾപ്പെടെ, ഒരു കുടുംബത്തിനാവശ്യമായ വിവിധ ബ്രാന്റുകളിലുള്ള എല്ലാ ഉൽപ്പന്നങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക വഴി ഉപഭോക്താക്കൾക്ക് മികച്ച സാധനങ്ങൾ യഥേഷ്ടം തിരഞ്ഞെടുക്കാൻ സാധിക്കുന്നു. ആധുനിക സൗകര്യങ്ങളോടു കൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളികൾ എന്നിവയ്ക്ക്

പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ച് ബോധ്യപ്പെട്ട് തൃപ്തിയായി തിരഞ്ഞെടുക്കാനുള്ള സൗകര്യങ്ങളും പീപ്പിൾസ് ബസാറുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നു.

**സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷകൾ**

24(*414) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ പരീക്ഷകൾക്ക് കേരള പൊതുപരീക്ഷാ ബോർഡിന്റെ പത്താംതരം യോഗ്യതയുടെ തുല്യമായ അർഹത കണക്കാക്കുന്നുണ്ടെങ്കിലും പി.എസ്.സി.-യുടെ അംഗീകാരമില്ലാത്തതിനാൽ മത്സര പരീക്ഷകൾക്ക് പങ്കെടുക്കുന്നതിനും ജോലി കരസ്ഥമാക്കുന്നതിനും സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള സാക്ഷരതാ മിഷൻ നടത്തുന്ന പത്താം തരം തുല്യതാ പരീക്ഷകൾക്ക് പി.എസ്.സി.-യുടെ അംഗീകാരം ലഭ്യമാക്കുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) ഉണ്ട്.

(ബി) കേരള സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതരം തുല്യതാ പരീക്ഷകൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭ്യമാക്കണമെന്ന് പി.എസ്.സി.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**വി.എച്ച്.എസ്.ഇ. പാഠ്യ പദ്ധതി നവീകരണം**

25(*415) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പാലോട് രവി :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ. പാഠ്യ പദ്ധതി നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പാഠ്യ പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ

ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) ഉണ്ട്. വൊക്കേഷണൽ വിഷയങ്ങളുടെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് സ.ഉ (സാധാ) നമ്പർ623/14/പൊ.വി.വ തീയതി 6-2-2014 ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) കുട്ടികൾക്ക് നിലവിലുള്ള പ്രായോഗിക പരിശീലനം വർദ്ധിപ്പിക്കുന്നതിനും അവർ പഠിച്ച തൊഴിലിൽ അവരെ സ്വയം പര്യാപ്തമാക്കുവാനും, ആധുനിക കാലഘട്ടത്തിലെ സാങ്കേതികവിദ്യ കുട്ടികൾക്ക് സ്വായത്തമാക്കുന്നതിനും, വൈദഗ്ദ്യം നിറഞ്ഞ മനുഷ്യ വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിനും, കൂടാതെ വിദ്യാർത്ഥികൾക്ക് തൊഴിൽ മേഖലയിൽ തന്നെ ഉന്നതപഠനത്തിനായി ലാട്രൽ എൻട്രി സംവിധാനവും പാഠ്യപദ്ധതി പരിഷ്കരണം കൊണ്ട് ലക്ഷ്യമിടുന്നു.

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായമൊന്നും ലഭിക്കുന്നില്ല.

(ഡി) വി.എച്ച്.എസ്.ഇ. കോഴ്സിലെ വൊക്കേഷണൽ വിഷയങ്ങൾ പരിഷ്കരിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വൊക്കേഷണൽ വിഷയങ്ങളുടെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ സർക്കാർ 5,90,000 രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. കൂടാതെ ടി പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി സ.ഉ (സാധാ) നമ്പർ 1245/14/പൊ.വി.വ തീയതി 10-3-2014 പ്രകാരം ഒരു വിദഗ്ധ സമിതി രൂപീരിച്ച് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് എക്സ്പർട്ട് കമ്മിറ്റിയുടെ ആദ്യ യോഗം 17-3-2014-ൽ കൂടുകയും അതനുസരിച്ച് എസ്.സി.ഇ.ആർ.ടി. ഡയറക്ടറും വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറും ഉൾപ്പെടെ 20 അംഗ കോർകമ്മിറ്റി രൂപീരിച്ചു. കോർ കമ്മിറ്റിയുടെ ടൂൾ പ്രിപ്പറേഷൻ എസ്.സി.ഇ.ആർ.ടി.-യിൽ വച്ച് നടന്ന അദ്ധ്യാപക

സംഘടനകളുമായും വകുപ്പ്തല ഉദ്യോഗസ്ഥൻമാരുമായുള്ള ചർച്ചയിലും, അതിന്റെ അടിസ്ഥാനത്തിലുള്ള ആശയ രൂപീകരണത്തിലും നടത്തുകയുണ്ടായി.

**കുട്ടികളുടെ പഠന നിലവാരം**

26(*416) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ പഠന നിലവാരം കുറയുന്നതായി കേന്ദ്രം നിയോഗിച്ച ജോയിന്റ് റിവ്യൂ മിഷന്റെ പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠനറിപ്പോർട്ടിലെ മറ്റ് കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പാഠപുസ്തകത്തിലെ ഉള്ളടക്കവും അദ്ധ്യാപന രീതിയും ആശയക്കുഴപ്പം സൃഷ്ടിക്കുന്നതാണെന്ന് പ്രസ്തുത റിപ്പോർട്ടിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ,

(എ&ബി) ജോയിന്റ റിവ്യൂ മിഷന്റെ പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**സപ്ലൈകോയുടെ അരിമില്ലുകൾ**

27(*417) ശ്രീ. സി. കെ സദാശിവൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ സപ്ലൈകോ തുടങ്ങുമെന്ന് പ്രഖ്യാപിച്ച അരിമില്ലുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ

കാരണം വ്യക്തമാക്കാമോ;

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

2013-14 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം വയനാട്, പാലക്കാട്, കുട്ടനാട്, എന്നിവിടങ്ങളിൽ അരിമില്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ തുടങ്ങിയിട്ടുണ്ട്. എന്നാൽ നിർദ്ദിഷ്ട സ്ഥലങ്ങളിൽ പദ്ധതിക്കാവശ്യമായ സ്ഥലങ്ങൾ ലഭിച്ചിട്ടില്ല. അതിനാൽ സ്ഥലങ്ങൾ വിട്ടുകിട്ടുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## സ്പെഷ്യൽ സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതി

28(*418) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യ പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പാഠ്യപദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിക്ക് എവിടെ നിന്നാണ് സാങ്കേതിക സഹായം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി ഏത് അദ്ധ്യയന വർഷം മുതലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ,

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കുന്നതോടൊപ്പം സ്പെഷ്യൽ സ്കൂളുകളിലും ഇത് നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഐ.സി.ടി.@സ്കൂൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യങ്ങളും ഐ.സി.ടി. അധിഷ്ഠിത പഠനപ്രവർത്തനങ്ങൾക്കുള്ള മറ്റു സൗകര്യങ്ങളും ഒരുക്കിയതിനോടൊപ്പം കേൾവിക്കുറവുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്കും ഈ സൗകര്യങ്ങളെല്ലാം വിദ്യാഭ്യാസ വകുപ്പ് ഒരുക്കിയിട്ടുണ്ട്.

കൂടാതെ കാഴ്ചക്കുറവുള്ള വിദ്യാർത്ഥികൾക്കു വേണ്ടി പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പഠനപ്രവർത്തനങ്ങൾക്ക് ലളിതവും ആയാസരഹിതവും അക്കിതീർക്കുന്നതിന് ഐ.സി.ടി-യുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. പ്രത്യേക പരിഗണന ആവശ്യമുള്ള സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ ലഘൂകരിക്കുന്നതിന് പ്രത്യേക ഐ.സി.ടി. അധിഷ്ഠിത സംവിധാനങ്ങൾ ഒരുക്കുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

(സി) സംസ്ഥാനത്ത് ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന, പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഐ.ടി.@ സ്കൂൾ പ്രോജക്ടാണ് ഈ പദ്ധതിയും നടപ്പിലാക്കുന്നത്.

(ഡി) സ്പെഷ്യൽ സ്കൂളുകളിലേക്ക് ഐ.സി.ടി. അനുബന്ധ ഉപകരണങ്ങളും ഐ.സി.ടി.@ സ്കൂൾ പദ്ധതി ആരംഭിച്ച 2007-08 അധ്യയനവർഷം മുതൽ നടപ്പിലാക്കി വരികയാണ്.

## ഹാരിസൺ മലയാളം കമ്പനിയിൽ നിന്നും കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്ന നടപടി

29(*419) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സാജു പോൾ :
ശ്രീ. എസ്. ശർമ്മ :
ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം കമ്പനിയിൽ നിന്നും കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ;

(ബി) പ്രസ്തുത കമ്പനിയുടെ കൈവശമുള്ള സ്ഥലങ്ങളിലെ സർക്കാർ ഭൂമിയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; ഇത് എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) കമ്പനി വ്യാജരേഖ ചമച്ച് മറിച്ച വിറ്റ ഭൂമി തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) ആദ്യഘട്ടമായി കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി എന്നീ

ജില്ലകളിലുള്ള 29185 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഒഴിഞ്ഞു തരുന്നതിലേക്കായി ഒരു മാസത്തെ സമയം ബഹു. ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം അനുവദിച്ചിട്ടുണ്ട്. WP(C)33122/2014 ആയി ഹാരിസൺ മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത കേസിലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായത്തിൽ സർക്കാരിലേക്ക് ഏറ്റെടുത്തു കൊണ്ട് ഉത്തരവായ 29185 ഏക്കർ ഭൂമിയുടെ തൽസ്ഥിതി 20-1-2015 വരെ തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുള്ള റിക്കാർഡുകൾ പ്രകാരം ആകെ 62548 ഏക്കർ ഭൂമിയുണ്ട്.

(സി) ഉണ്ട്.

**ഏകാദ്ധ്യാപകരുടെ ജോലി സുരക്ഷ**

30(*420) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളെ ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്തുന്നതിനുള്ള സർക്കാർ ഉത്തരവ് എന്നാണ് പുറത്തിറങ്ങിയത്; ഉത്തരവിന്റെ വിശദാംശം നല്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരെ പ്രസ്തുത വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ സ്ഥിര നിയമനം നൽകി ജോലി സുരക്ഷ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ഡി.പി.ഐ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങളിൽ തീരുമാനം എടുത്തുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) പരിമിതമായ യാത്രാസൗകര്യങ്ങളിൽ, കിലോമീറ്ററുകൾ കാൽനട യാത്ര ചെയ്ത് അർപ്പണ മനോഭാവത്തോടെ ജോലി ചെയ്യുന്ന ഏകാദ്ധ്യാപകരുടെ ജോലി സുരക്ഷ ഉറപ്പ് വരുത്തുന്നതിന് അടിയന്തരമായി തീരുമാനം എടുക്കുമോയെന്ന്

വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) 1-3-2014-ലാണ് പ്രസ്തുത ഉത്തരവ് പുറത്തിറങ്ങിയത്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പത്ത് എണ്ണത്തെ സർവ്വ ശിക്ഷാ അഭിയാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടമായി അവയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളന്റിയർമാരെ അവരുടെ യോഗ്യതയും സേവന കാലയളവും പരിഗണിച്ച് അദ്ധ്യാപകരായോ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായോ നിലനിർത്തണമെന്ന ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) ഇവരുടെ ജോലി സുരക്ഷ സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ്

1(4595) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ മാർ ഇവാനിയോസ് കോളേജിൽ നിന്നും റിട്ടയർ ചെയ്ത സെലക്ഷൻ ഗ്രേഡ് ലക്ചറർ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതു സംബന്ധിച്ച ഫയലിന്റെ ഇപ്പോഴത്തെ (ഫയൽ നം. 34180/C3/12/HEdn) അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) 42037/EDNC2/Fin നമ്പർ ഫയലിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ വിദ്യാഭ്യാസ വകുപ്പിനു നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ സഹിതം ഫയൽ ധനകാര്യ വകുപ്പിന് പുനഃസമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഫയൽ പുനഃസമർപ്പിക്കുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ?

---

* ലൈബ്രറി വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച ഫയൽ, ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിശദാംശങ്ങളുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിലെ വിവരങ്ങൾകൂടി ഉൾപ്പെടുത്തി ആ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്.

(ഡി) ബാധകമല്ല.

## കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിനുള്ള നടപടികൾ

2(4596) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയുടെ നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങൾ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിന് എന്തെല്ലാം നടപടികളും നിർദ്ദേശങ്ങളുമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തിയ എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ സംബന്ധിച്ച് നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിനായി ഓരോ സാമ്പത്തിക വർഷവും പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും തുക മാറ്റിവയ്ക്കുകയും ഈ തുക ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുമുണ്ട്. സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും പഠനോപകരണങ്ങൾ വാങ്ങുന്നതിനും അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിനും സർവ്വോപരി കോളേജുകളുടെ നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിനുംവേണ്ടി കേന്ദ്രഗവൺമെന്റ് സഹായത്തോടെ TEQIP പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിന് എല്ലാ വർഷവും പ്ലാൻ ഫണ്ടിൽ നിശ്ചിത തുക വകയിരുത്തുകയും പ്രസ്തുത തുക കോളേജുകളുടെ നിലവാരവും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് ഉപയോഗപ്പെടുത്തുന്നുമുണ്ട്. സ്വാശ്രയ കോളേജുകളുടെ നിലവാരവും സൗകര്യവും മെച്ചപ്പെടുത്തുന്നതിന് സർക്കാർ സമയാസമയങ്ങളിൽ സ്വാശ്രയ കോളേജ് മാനേജുമെന്റുകൾക്ക് ആവശ്യമായ

നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇവ പാലിക്കാത്ത കോളേജുകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി സി.ഐ.യു.പി. (കോളേജ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം), സി.ക്യൂ.ഐ.പി. (കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം), സെന്റർ ഓഫ് എക്സലൻസ്, അക്രഡിറ്റേഷൻ ഓഫ് കോളേജ് വിത്ത് നാക് എന്നീ പദ്ധതികൾ ബഡ്ജറ്റ് വിഹിതത്തിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ്, ആർട്സ് & സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസൽ 'റൂസ' പദ്ധതിയിലുൾപ്പെടുത്തി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ അവയുടെകീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് തുടർ അംഗീകാരം നൽകുന്നതിനുവേണ്ടി വർഷംതോറും സർവ്വകലാശാലാതലത്തിൽ പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കുവാൻവേണ്ട കർശന നിർദ്ദേശം കോളേജുകൾക്ക് നൽകുന്നുണ്ട്.

(ബി) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ റഫറൽ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാതെ 'സെന്റർ ഓഫ് എക്സലൻസ്' എന്ന കൺസെപ്റ്റിലേക്ക് ഉയരാൻ കഴിയില്ല. സർക്കാർ മെഡിക്കൽ കോളേജുകളിലെത്തുന്ന രോഗികളുടെ ബാഹുല്യം കുറഞ്ഞാൽ മാത്രമേ ഇത് സാദ്ധ്യമാകൂ. എന്നാൽ പ്രസ്തുത കോളേജുകളിലെ പഠന നിലവാരം വളരെ മികച്ചതാണ്. എഞ്ചിനീയറിംഗ് കോളേജുകളിൽ ബോഷ് റെക്സ്റോത്ത് എന്ന ജർമ്മൻ കമ്പനിയുമായി കൂടിച്ചേർന്ന് ആട്ടോമേഷൻ ടെക്നോളജി മേഖലയിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ മികവിന്റെ ഒരു കേന്ദ്രമാക്കി മാറ്റാനും സംസ്ഥാനതലത്തിൽ മാസ്റ്റർ സെന്റർ സ്ഥാപിക്കാനും മേഖലാ ജില്ലകളിൽ മാത്സര്യത്തിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനും കരാറിൽ ഒപ്പിട്ടുകഴിഞ്ഞു. ഇതിന്റെ ഭാഗമായി കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക്കിൽ സ്ഥാപിക്കുന്ന മേഖലാ കേന്ദ്രം വഴി പോളിടെക്നിക്കുകളിലെ അദ്ധ്യാപകർക്ക് ആട്ടോമേഷൻ ടെക്നോളജി രംഗത്ത് ട്രെയിനിംഗ് പ്രോഗ്രാം നൽകാനും പദ്ധതിയുണ്ട്. ഈ വർഷം സെന്റർ ഓഫ് എക്സലൻസ് സ്കീമിൽ ആർട്സ്&സയൻസ് കോളേജുകൾക്കായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക വിവിധ സർക്കാർ കോളേജുകൾക്കായി നൽകിയിട്ടുണ്ട്. ഇവിടങ്ങളിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(സി) സർക്കാർ മെഡിക്കൽ കോളേജുകളൊന്നും സെന്റർ ഓഫ് എക്സലൻസായി ഉയർത്തിയിട്ടില്ല. ആട്ടോമേഷൻ ടെക്നോളജി മേഖലയിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ മികവിന്റെ ഒരു കേന്ദ്രമാക്കി മാറ്റാനും സംസ്ഥാനതലത്തിൽ മാസ്റ്റർ സെന്റർ സ്ഥാപിക്കാനും മേഖലാ ജില്ലകളിൽ മാത്സര്യത്തിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനും കരാറിൽ ഒപ്പിട്ടുകഴിഞ്ഞു. സെന്റർ ഓഫ് എക്സലൻസ് സ്കീം നടപ്പിലാക്കിയിട്ടുള്ള ആർട്സ് &സയൻസ്

കോളേജുകളുടെ വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2012-13 | 1. | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം |
| | 2. | മഹാരാജാസ് കോളേജ്, എറണാകുളം |
| | 3. | ഗവ.ബ്രണ്ണൻ കോളേജ്, തലശ്ശേരി |
| 2013-14 | 1. | ഗവ. കോളേജ്, കാസർഗോഡ് |
| | 2. | ശ്രീനീലകണ്ഠ സംസ്കൃത കോളേജ്,പട്ടാമ്പി |
| | 3. | ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് |
| 2014-15 | 1. | ഗവ. കോളേജ്, മടപ്പള്ളി |
| | 2. | ഗവ. കോളേജ് ഫോർ വിമൻ, തിരുവനന്തപുരം |
| | 3. | ഗവ. ആർട്സ്&സയൻസ് കോളേജ്, കോഴിക്കോട് |
| | 4. | കെ.എം.എം. വിമൻസ് കോളേജ്, കണ്ണൂർ |

## ഒരു സീറ്റിൽ രണ്ടുപേരുടെ ഫീസ് ഈടാക്കുന്ന സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി

3(4597) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും മെരിറ്റ് ലിസ്റ്റിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ അഡ്മിഷൻ ലഭിച്ച എന്നാൽ പിന്നീട് ഹയർ ഓപ്ഷൻ ലഭിച്ച് ഉപരി പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് സ്വാശ്രയ കോളേജുകൾ ഈടാക്കിയ ഫീസ് തിരികെ നൽകുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഈടാക്കിയ ഫീസ് തിരികെ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

(ബി) ഒരു സീറ്റിൽ തന്നെ ഇപ്രകാരം രണ്ടുപേരുടെ ഫീസ് (Double fees)ഈടാക്കുന്ന ഇത്തരം സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 10-6-2014-ലെ ജി.ഒ.(എംഎസ്.)നമ്പർ 258/14/ഉ.വി.വ. നമ്പർ ഉത്തരവുപ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്കുള്ള അവസാനഘട്ട അലോട്ട്മെന്റ് 25-07-2014-നകം പൂർത്തിയാക്കണമെന്നും പ്രസ്തുത

തീയതിക്കുശേഷം റ്റി.സി. വാങ്ങി വിടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾ മുഴുവൻ കോഴ്സുകളിലേക്കുള്ള ഫീസ് നൽകണമെന്നും എന്നാൽ ഇങ്ങനെ വിടുതൽ ചെയ്ത് ഒഴിവുവന്ന സീറ്റ് സ്ഥാപനം നികത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥി അടച്ച ഫീസ് സ്ഥാപനം തിരികെ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ അവസാനഘട്ട അലോട്ട്മെന്റിനുശേഷം വിടുതൽ ചെയ്ത വിദ്യാർത്ഥിയുടെ ഒഴിവ് പ്രസ്തുത കോളേജ് നികത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥിയിൽ നിന്ന് ഈടാക്കിയ ഫീസ് കോളേജിൽ നിന്ന് തിരികെ ലഭിക്കുന്നതിന് വിദ്യാർത്ഥികൾക്ക് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയെ സമീപിക്കാവുന്നതാണ്.

(ബി) നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു സീറ്റിൽ രണ്ടുപേരുടെ ഫീസ് (Double Fees) സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഈടാക്കുവാൻ വ്യവസ്ഥയില്ല. ഇത്തരത്തിൽ Double Fees വാങ്ങുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**എയിഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ**

4 (T4600) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എയിഡഡ് കോളേജുകളിലെ അനധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നല്കുമോ ;

(ബി) അനധ്യാപക സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിലെ E1/10865/2012 പ്രകാരമുള്ള ഫയലിലെ റിപ്പോർട്ട് സർക്കാരിലേക്കു ലഭിച്ചിട്ടുണ്ടോ ; വിശദാംശം നല്കുമോ ;

(സി) അധ്യാപക തസ്തികകൾക്ക് ആനുപാതികമായി അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ-സി) 1997-ൽ കോളേജുകളിൽനിന്നും പ്രീ-ഡിഗ്രി വേർപ്പെടുത്തിയതിനെ തുടർന്ന് സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിരുന്നു. 1998-നുശേഷം അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ ജോലിഭാരം കൂടി പരിഗണിച്ച് എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണമെന്ന ആവശ്യത്തെത്തുടർന്ന് അത്തരത്തിൽ അനദ്ധ്യാപക

തസ്തികകൾ സൃഷ്ടിക്കുമ്പോൾ ആവശ്യമായ തസ്തികകളുടെ എണ്ണം, അധിക സാമ്പത്തിക ബാദ്ധ്യത എന്നിവ സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ 22-3-2013-ൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ ആകെ 1371 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ളതും ആകെ 11,98,7,887 രൂപ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നതുമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഈ വിഷയം പരിഗണിക്കവേ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട പ്രകാരം സംസ്ഥാനത്തെ എല്ലാ സ്വകാര്യ കോളേജിൽനിന്നും പ്രത്യേകം പ്രത്യേകം അപേക്ഷ വാങ്ങി പരിശോധിച്ച് ക്രോഡീകരിച്ച റിപ്പോർട്ട് 5-3-2014-ലെ ഈ 1/10865/2012-ാം നമ്പർ കത്തുപ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. ഈ റിപ്പോർട്ടിൽ സ്വകാര്യ കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണംമൂലം സർക്കാരിന് പ്രതിവർഷം 28,35,60,046- രൂപയുടെ (ഇരുപത്തിയെട്ട് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അറുപതിനായിരത്തി നാല്പത്തിയാറ് രൂപ മാത്രം) അധിക ബാദ്ധ്യതയുള്ളതായാണ് കണക്കാക്കിയിരുന്നത്. ഈ പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരികയാണ്. ഇതിനിടെ സർക്കാരിന്റെ 19-9-2014-ലെ ജി.ഒ.(പി)400/14/ധന നമ്പർ പ്രകാരം 31-3-2015 വരെ പുതിയ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്ന് തീരുമാനമെടുത്തിട്ടുള്ളതിനാൽ ആയത് പിൻവലിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**സ്വയംഭരണ കോളേജുകൾ**

5(4602) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്വയംഭരണ കോളേജുകളാണ് അനുവദിച്ചത് എന്ന് അറിയിക്കുമോ ;

(ബി) അവ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(സി) പുതുതായി സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നത് സർക്കാർ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 13 കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിനായി യു.ജി.സി.-ക്ക്

അപേക്ഷ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകളോട് നിർദ്ദേശിച്ചിരുന്നു.

(ബി) <u>സർക്കാർ കോളേജുകൾ</u>

1. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
2 മഹാരാജാസ് കോളേജ്, എറണാകുളം

<u>എയ്ഡഡ് കോളേജുകൾ</u>

1. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
2. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം
3. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി
4. സെന്റ് തെരേസാസ് കോളേജ്, എറണാകുളം
5. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം
6. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം
7. ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട
8. സെന്റ് തോമസ് കോളേജ്, തൃശ്ശൂർ
9. എം.ഇ.എസ്. കോളേജ്, മമ്പാട്
10. ഫറോക്ക് കോളേജ്, കോഴിക്കോട്
11. സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്

(സി) ഉണ്ട്.

**മടപ്പള്ളി ഗവൺമെന്റ് കോളേജിന്റെ ക്ലാസ്സ് മുറികളുടെ പഴക്കം**

6(4604) <u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ മേഖലയിലെ പ്രധാന കോളേജ് ആയ മടപ്പള്ളി ഗവ: കോളേജിന്റെ ക്ലാസ്സ് മുറികളുടെ പഴക്കം കാരണം കോൺക്രീറ്റ് പൊട്ടിവീഴുന്നത് പരിഹരിക്കുവാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

മടപ്പള്ളി ഗവ. കോളേജിന്റെ ക്ലാസ് മുറികളുടെ കോൺക്രീറ്റ് പൊട്ടിവീഴുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നിന്നും സ്ഥലം വിട്ടു കൊടുത്ത കാര്യം

7(4605) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ ആവശ്യത്തിന് മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നിന്നും 16.5 സെന്റ് സ്ഥലം വിട്ടു കൊടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രൗണ്ടിന്റെ സ്ഥലം മെട്രോയുടെ ആവശ്യത്തിന് വിട്ടു കൊടുക്കുന്നത് സംബന്ധിച്ച എല്ലാ രേഖകളുടെയും പകർപ്പ് സി.ഡി./പേപ്പർ പ്രിന്റ് രൂപത്തിൽ ലഭ്യമാക്കാമോ;

(സി) നഷ്ടപരിഹാരം പൊതുമരാമത്ത് വകുപ്പിന് കൈമാറാം എന്ന് മെട്രോ അധികൃതരുമായി ധാരണയായിട്ടുണ്ടോ; നഷ്ടപരിഹാര തുക സംബന്ധിച്ച ധാരണകൾ എന്തെല്ലാം;

(ഡി) പ്രസ്തുത ധാരണകൾ പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതു വിധത്തിലാണ് ഈ ധാരണകൾ യാഥാർത്ഥ്യമാക്കാനുദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്ഥലം കൈമാറിയതു സംബന്ധിച്ച രേഖകളുടെ പകർപ്പും ജില്ലാ കളക്ടർ കോളേജ് അധികൃതരുമായി നടത്തിയ യോഗനടപടിക്കുറിപ്പിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) ധാരണയായിട്ടില്ല.

## സർക്കാർ ക്വാട്ടയിലെ പ്രഫഷണൽ ബിരുദ കോഴ്സുകൾക്ക് അഡ്മിഷൻ

8(4610) <u>ശ്രീ. പി. സി. ജോർജ്</u> :
<u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറി വച്ചിട്ടുണ്ട്.

(എ) പ്രഫഷണൽ ബിരുദ കോഴ്സുകൾക്ക് സർക്കാർ ക്വാട്ടയിൽ അഡ്മിഷൻ നേടുകയും അവസാന ഘട്ടത്തിൽ സീറ്റ് നഷ്ടപ്പെടുത്തി ഇതര സ്ഥാപനങ്ങളിൽ അഡ്മിഷൻ തേടിപ്പോയ കേസുകൾ നടപ്പ് അദ്ധ്യയനവർഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതുമൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം സർക്കാർ സീറ്റ് നഷ്ടപ്പെടുത്തുന്നവരുടെ മേൽ ചുമത്താവുന്ന പിഴയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ആയതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കുന്നതിനു സാധിച്ചുവോ; വിശദാംശങ്ങൾ നൽകുമോ;

(സി) അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ട അവസരം ഇപ്രകാരം നഷ്ടപ്പെടുത്തുന്ന പ്രവണത വരും വർഷങ്ങളിൽ ഉണ്ടാകാതിരിക്കാൻ മാതൃകാപരമായ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ടായിട്ടുണ്ട്. സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടില്ല.

(ബി) പ്രവേശനം അവസാനിപ്പിച്ചതിനുശേഷം സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും പഠനം നിർത്തിപ്പോയാൽ 50,000 രൂപ പിഴ ഈടാക്കുന്നതാണ്. എന്നാൽ മറ്റ് സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ കോളേജുകളിൽ നിന്നും പഠനം നിർത്തിപ്പോയാൽ 75,000 രൂപ പിഴ ഒടുക്കണം. SC/ST/OEC, 75,000-ൽതാഴെ വാർഷിക വരുമാനമുള്ള കേരളീയർ എന്നിവരെ പിഴ ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റ് നഷ്ടപ്പെടുത്തുന്ന എല്ലാവർക്കും 75,000 രൂപ പിഴ ബാധകമാണ്. സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ സീറ്റ് നഷ്ടപ്പെടുത്തുന്ന എല്ലാവർക്കും പത്ത് ലക്ഷം രൂപ പിഴ ബാധകമാണ്. എം.ബി.ബി.എസ്./ ബി.ഡി.എസ്. കോഴ്സുകളിൽ സർക്കാർ സീറ്റ് നഷ്ടപ്പെടുത്തിയവരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) അനാവശ്യ ഓപ്ഷനുകൾ നൽകി അവസാനഘട്ട അലോട്ട്മെന്റിൽ സർക്കാർ സീറ്റ് നഷ്ടപ്പെടുത്തുന്നവർക്കും സർക്കാർ ക്വാട്ടയിൽ പ്രവേശനം നേടി അവസാനഘട്ടത്തിൽ സീറ്റ് നഷ്ടപ്പെടുത്തി ഇതര സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടിപ്പോയവർക്കെതിരെ ലിക്വിഡേറ്റഡ് ഡാമേജ് ചുമത്തുന്നതിന് വ്യവസ്ഥയുണ്ട്.

**വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നവീകരണം**

9(4611) <u>ശ്രീ. മാത്യു റ്റി. തോമസ്</u> :
<u>ശ്രീ. സി. കെ. നാണു</u> :

ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ നവീകരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്തു മാനദണ്ഡമാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ കോളേജുകളിൽ ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടക്കാത്തതുകൊണ്ട് ക്ലാസ്സ് സമയങ്ങളിൽ കോൺക്രീറ്റ് അടർന്നു വീഴുന്നതു പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളുടെയും മറ്റ് നവീകരണ പ്രവൃത്തികളുടെയും അടിയന്തര പ്രാധാന്യം മുൻനിർത്തിയും ആയതിന്മേൽ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് അംഗീകരിച്ചുമാണ് കാലപ്പഴക്കംചെന്ന കെട്ടിടങ്ങൾ യഥാസമയം നവീകരിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചുവരുന്നത്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സ്വാശ്രയമേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ**

10(4613) ശ്രീ. എം. എ. ബേബി :
ശ്രീ. എം. ഹംസ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയമേഖലയിൽ തുടർന്നും എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതേവരെ എത്ര കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സ്വാശ്രയമേഖലയിൽ സംസ്ഥാനത്താകെ നിലവിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിലെല്ലാം കൂടി എത്ര സീറ്റുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) ഈ അദ്ധ്യയനവർഷം ഈ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് സീറ്റുകൾ പ്രവേശനം നേടാതെ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) സ്വാശയ എഞ്ചിനീയറിംഗ് കോളേജുകളിൽ ബഹുഭൂരിഭാഗവും മതിയായ

സൗകര്യങ്ങളില്ലാതെ സജ്ജീകരിക്കപ്പെട്ടവയായതിനാൽ പ്രവേശനത്തിന് കുട്ടികളെ ലഭിക്കാതെ വൻപ്രതിസന്ധിയിലാണെന്ന കാര്യം അറിവുള്ളതാണോ;

(ഇ) ചട്ടപ്രകാരമുള്ള അടിസ്ഥാനസൗകര്യങ്ങളുടെയും യോഗ്യതയുള്ള അദ്ധ്യാപകരുടെയും കുറവും ക്രമത്തിലുമധികം സ്ഥാപനങ്ങൾക്ക് അനുമതി നൽകിയതുമാണ് ഈ പ്രതിസന്ധിക്ക് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ നിലവിൽ നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ വിവിധ സർവ്വകലാശാലകളുടെ കീഴിലായി 39 എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) സ്വാശ്രയ മേഖലയിൽ സംസ്ഥാനത്താകെ 157 എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാംകൂടി ആകെ 58836 സീറ്റുകൾ നിലവിലുണ്ട്.

(സി) അലോട്ട്മെന്റിനുശേഷം (സ്പോട്ട് അഡ്മിഷനു മുമ്പ്) സ്വാശ്രയ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ 12177 സർക്കാർ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതായി പ്രവേശന പരീക്ഷാ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി&ഇ) അടിസ്ഥാന സൗകര്യങ്ങളുടെ കുറവുകാരണം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനത്തിന് കുട്ടികളെ ലഭിക്കാതെ പ്രതിസന്ധിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക് യോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കോളേജുകൾക്ക് എം.ടെക് യോഗ്യതയുള്ള കൂടുതൽ അദ്ധ്യാപകരെ നിയമിക്കാൻ നിർദ്ദേശം നൽകുകയും സംസ്ഥാനത്ത് എം.ടെക് യോഗ്യതയുള്ളവരുടെ കുറവ് പരിഹരിക്കുന്നതിനായി കൂടുതൽ എം.ടെക് കോഴ്സുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗ് മേഖലയിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞതിനാൽ എഞ്ചിനീയറിംഗ് പഠനത്തിൽ കൂടുതൽ വിദ്യാർത്ഥികൾ ആകൃഷ്ടരാകുന്നില്ല. ഇതിനുപുറമേ ഐ.ടി., ഇലക്ട്രോണിക്സ് എന്നീ ശാഖകളിൽ വിദ്യാർത്ഥികൾക്കുള്ള താല്പര്യം കുറഞ്ഞിട്ടുമുണ്ട്. ആകയാൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു.

**കടത്തുരുത്തിയിൽ കേരളാ സിവിൽ സർവ്വീസ് അക്കാഡമിയുടെ**

## സബ് സെന്റർ

11(4614) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്ത് കടത്തുരുത്തിയിൽ കേരളാ സിവിൽ സർവ്വീസ് അക്കാഡമിയുടെ സബ് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; സബ് സെന്റർ സ്ഥാപിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) മദ്ധ്യ കേരളത്തിലെ ഗ്രാമീണ മേഖലയിൽനിന്നും വരുന്ന കുട്ടികൾക്ക് ഉപകാരപ്രദമായ രീതിയിൽ സബ് സെന്റർ സ്ഥാപിക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) വെർച്വൽ ക്ലാസ്സ് റൂം തുടങ്ങുന്നതിന് വേണ്ട ചെലവ് വ്യക്തമാക്കാമോ; ഇതിനു വേണ്ട നടപടിക്രമങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ നിലവിലുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ഉപകേന്ദ്രം ആരംഭിക്കുന്നതിനുള്ള ശിപാർശ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പല ജില്ലകളിലും സിവിൽ സർവ്വീസ് അക്കാഡമിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. എന്നാൽ പരിശീല ക്ലാസ്സുകൾ മികച്ച നിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് പരിചയസമ്പന്നരായ അദ്ധ്യാപകരുടെ ലഭ്യതക്കുറവാണ് കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രധാന വെല്ലുവിളി. ഈ സാഹചര്യത്തിൽ ഇപ്പോൾ പരിഗണനയിലുള്ള ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി എന്നീ കേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങിയശേഷം മാത്രമേ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(സി) വെർച്വൽ ക്ലാസ്റൂം തുടങ്ങുന്നതിന് ഉപകരണങ്ങൾക്കായി 15 ലക്ഷം രൂപയും ഇരിപ്പിട സംവിധാനത്തിനായി 3 ലക്ഷം രൂപയും ക്ലാസ്റൂമിന്റെ ശബ്ദനിയന്ത്രണത്തിനായി (Aquatic proof) പാനലിംഗ് ജോലികൾ, മറ്റ്

ഇന്റീരിയർ വർക്കുകൾ, ലൈറ്റ് ഫിറ്റിംഗുകൾ, യു.പി.എസ്. എന്നിവയ്ക്കായി 5 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ് ഉപകരണങ്ങൾ വാങ്ങുന്നത്. ഇരിപ്പിട സംവിധാനം, പാനലിംഗ്, ഇന്റീരിയർ തുടങ്ങിയവ പി.ഡബ്ല്യു.ഡി.യോ മറ്റ് അംഗീകൃത ഏജൻസികൾ മുഖാന്തിരമോ ചെയ്യാവുന്നതാണ്.

## എൽ.ബി.എസ്. എൻജിനീയറിംഗ് കോളജുകളിലെ ക്വാളിറ്റി ഇംപ്രൂവ് മെൻറ് പ്രോഗ്രാം

12(4615) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ബി.എസ്. എൻജിനീയറിംഗ് കോളജുകളിൽ നടപ്പിലാക്കുന്ന ക്വാളിറ്റി ഇംപ്രൂവ്മൻറ് പ്രോഗ്രാമിൽ ഉന്നതപഠനത്തിന് അദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) 2012-13, 2013-14, 2014-15 അദ്ധ്യയനവർഷങ്ങളിൽ സർവ്വീസ് സീനിയോറിറ്റി പരിഗണിച്ചാണോ അദ്ധ്യാപകരെ പ്രസ്തുത പ്രോഗ്രാമിലേക്ക് തിരഞ്ഞെടുത്തതെന്നു വ്യക്തമാക്കാമോ ;

(സി) ഈ കാലയളവിൽ നൽകിയ അദ്ധ്യാപക അപേക്ഷകൾ നിരസിക്കപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിരസിയ്ക്കാനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) എ.ഐ.സി.റ്റി.ഇ.-യുടെ നേതൃത്വത്തിൽ കോളേജ് അദ്ധ്യാപകർക്കു വേണ്ടി ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ക്ഷണിക്കുന്ന നോട്ടിഫിക്കേഷൻ പ്രകാരം എൽ.ബി.എസ്-ന്റെ കീഴിൽ പൂജപ്പുരയും കാസർഗോഡും പ്രവർത്തിക്കുന്ന രണ്ട് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും അനുമതി നൽകുന്നതിനുമായി ഡയറക്ടർ/ജോയിന്റ് ഡയറക്ടർ, രണ്ട് കോളേജുകളിലെയും പ്രിൻസിപ്പൽമാർ, ഫിനാൻസ് ഓഫീസർ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജോയിന്റ് ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നിവർ മെമ്പറായുള്ള ഒരു സ്ക്രൂട്ടനൈസിംഗ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ മിനിട്ട്സ് പ്രകാരം അപേക്ഷകൾ QIP സെന്ററുകളിലേക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

(ബി) സ്ക്രൂട്ടനൈസിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അപേക്ഷകൾ പരിശോധിച്ച് പ്രസ്തുത കമ്മിറ്റിയുടെ മിനിട്ട്സിന്റെ അടിസ്ഥാനത്തിലാണ് അദ്ധ്യാപകർ സമർപ്പിക്കുന്ന അപേക്ഷകൾ QIP പ്രോഗ്രാമിലേക്ക് അയയ്ക്കാൻ

തെരഞ്ഞെടുക്കുന്നത്.

(സി) ഉണ്ട്. സ്ക്രൂട്ടനൈസിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് അപേക്ഷകൾ പരിഗണിച്ചത്.

**സ്കൂളുകളിലെ അനദ്ധ്യാപകർ**

13(4616) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവ മാനുവലിൽ അനദ്ധ്യാപകരെ സംഘാടക സമിതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കുന്നതിനും, അനദ്ധ്യാപക ബാങ്ക് നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്ക് ലഭിച്ചുകൊണ്ടിരുന്ന ഗ്രേഡ് സ്കെയിൽ നഷ്ടപ്പെട്ടത്, കഴിഞ്ഞ ശമ്പള പരിഷ്കരണ പ്രാബല്യ തീയതി മുതൽ പുനഃസ്ഥാപിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കുന്ന വേളയിൽ ഇത് പരിഗണിക്കാവുന്നതാണ്.

(ബി) ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. അനദ്ധ്യാപക ജീവനക്കാരായി ലാബ് അസിസ്റ്റന്റുമാർ മാത്രമാണുള്ളത്. ഈ തസ്തികയിൽ അധിക ജീവനക്കാരില്ലാത്തതിനാൽ അനദ്ധ്യാപക ബാങ്ക് നടപ്പാക്കേണ്ടതില്ല.

(സി) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ നിലവിൽ വന്നതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പാഠപുസ്തകവിതരണം**

14(4617) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 അദ്ധ്യായന വർഷം ഒന്നാം ക്ലാസു മുതൽ പത്താം ക്ലാസുവരെ ആകെ എത്ര പുസ്തകങ്ങൾ അച്ചടിച്ചു ; ആയതിന് ചെലവായ ആകെ തുക എത്ര ; ഇതിൽ എത്ര പുസ്തകങ്ങൾ വിതരണം ചെയ്യാതെ കെട്ടിക്കിടന്നു ; ഇതിൽ എത്ര പുസ്തകങ്ങൾ നശിപ്പിച്ചു; പ്രസ്തുത പുസ്തകങ്ങൾ എവിടെയെല്ലാമാണ് അച്ചടിച്ചത് ; ഇവർക്ക് എത്ര തുക വീതം നൽകി ; ഇനി എത്ര തുക നൽകാനുണ്ട് ; ആയത് 2014-

15 അദ്ധ്യയന വർഷവുമായി താരതമ്യം ചെയ്യുമോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) 2014-15 അദ്ധ്യായന വർഷം പാഠപുസ്തക വിതരണം യഥാസമയം വിതരണം ചെയ്യാൻ സാധിക്കാതെ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ എന്തെല്ലാം ശിക്ഷാനടപടികൾ സ്വീകരിച്ചു ; വിശദാംശം നല്കുമോ ;

(സി) 2014-15 അദ്ധ്യായന വർഷം പാഠപുസ്തകവിതരണം യഥാസമയം നടത്താനായി എത്ര ഉന്ന തല യോഗങ്ങൾ കൂടി ; എന്തു നടപടി സ്വീകരിച്ചു ; ഇതിന് എത്ര തുക ചെലവായി ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2013-14 അദ്ധ്യയന വർഷം 30360701 പാഠപുസ്തകങ്ങളാണ് അച്ചടിച്ചത്. ഇതിനായി 56440809 രൂപ ചെലവായി. 2013-14 വർഷം 30,81,927 പുസ്തകങ്ങൾ വിതരണം ചെയ്യാതെ ബാക്കിയുണ്ട്. ആയവയൊന്നും നശിപ്പിച്ചിട്ടില്ല. അച്ചടിച്ച് വിതരണം ചെയ്യാതെ അധികം വന്ന പുസ്തകങ്ങളുടെ സ്റ്റോക്ക് ബാലൻസ് കെ.ബി.പി.എസ്.-ൽ നിന്നും വിദ്യാഭ്യാസ ഓഫീസുകലിൽ നിന്നും എടുത്തതിനുശേഷമാണ് ബാക്കിയുള്ള പുസ്തകങ്ങൾക്ക് 2014-15 അദ്ധ്യയന വർഷം പ്രിന്റ് ഓർഡർ നൽകിയിട്ടുള്ളത്. ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ കെ.ബി.പി.എസ്-ൽ ആണ് അച്ചടിക്കുന്നത്. 2013-14-ലെ അച്ചടിക്കായി 56440809 രൂപ കെ.ബി.പി.എസ്.-ന് നൽകി. ബാക്കിത്തുക നൽകാനില്ല. 2014-15 അദ്ധ്യയന വർഷം ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലേക്കായി 37762596 പുസ്തകങ്ങൽ അച്ചടിച്ചു. ഈ വർഷം 1,3,5,7 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മാറിയതിനാൽ മുൻവർഷത്തെ ബാക്കി പുസ്തകങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തേതിലും കൂടുതൽ പുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്. 2014-15 വർഷം 2 കോടി രൂപ കെ.ബി.പി.എസ്-ന് അഡ്വാൻസ് നൽകിയിട്ടുണ്ട്.

(ബി) 2014-15 അദ്ധ്യയന വർഷം ഇന്റൻഡ് ചെയ്തതനുസരിച്ചുള്ള പാഠപുസ്തക വിതരണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടില്ല.

(സി) മൂന്ന് മന്ത്രിതല യോഗങ്ങളും പൊതുവിദ്യാഭ്യാസ സെക്രട്ടറി തലത്തിൽ നിരവധി യോഗങ്ങളും ചേരുകയുണ്ടായി. സമയബന്ധിതമായി പാഠപുസ്തക അച്ചടി പൂർത്തീകരിച്ച് വിതരണം നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയുണ്ടായി. യോഗ നടത്തിപ്പിനായി പ്രത്യേക ചെലവുകളൊന്നും ഉണ്ടായിട്ടില്ല.

**പാഠപുസ്തകങ്ങളിലെ അക്ഷരത്തെറ്റുകൾ**

15(4618) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 അദ്ധ്യയനവർഷം ഒന്നാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പഠിക്കാനായി അച്ചടിച്ച പുസ്തകങ്ങളിൽ വ്യാപകമായ തെറ്റുകൾ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അച്ചടിച്ച് വിതരണം ചെയ്ത പുസ്തകങ്ങളിൽ 7-ാം ക്ലാസ്സ് ഇംഗ്ലീഷ് പുസ്തകത്തിൽ കടന്നു കൂടിയിട്ടുള്ള അക്ഷരത്തെറ്റ്, അർത്ഥത്തിലെ വ്യത്യാസങ്ങൾ, വ്യാകരണത്തെറ്റുകൾ ഉൾപ്പെടെ ഏതെല്ലാം ക്ലാസ്സുകളിലെ എത്ര പുസ്തകങ്ങളിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെന്നാണ് വകുപ്പ് കണക്കാക്കിയത്; ഇവ തിരുത്താൻ എന്തു നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്രകാരം വിദ്യാഭ്യാസ വകുപ്പിന്റെ പരിശോധനയിൽ വളരെയധികം തെറ്റുകൾ കണ്ടെത്തിയ പാഠപുസ്തകങ്ങൾ ഏതെല്ലാമെന്നും ഇവ തയ്യാറാക്കാൻ നിയോഗിക്കപ്പെട്ട അദ്ധ്യാപകർ ആരെല്ലാമെന്നും അവർക്കെതിരെ എപ്രകാരമുള്ള നടപടി വകുപ്പ് സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) നിലവിൽ കുട്ടികൾക്ക് പഠിക്കാനുള്ള പാഠപുസ്തകങ്ങളിൽ വ്യാപകമായ തെറ്റുകൾ വരുന്ന സാഹചര്യത്തിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കുവാൻ നൂതനമായ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ് വരെയുള്ള ക്ലാസ്സുകളിലേക്ക് തയ്യാറാക്കിയ പാഠപുസ്തകങ്ങളിൽ തെറ്റുകൾ കണ്ടെത്തിയിട്ടില്ല. എന്നാൽ ചില പുസ്തകങ്ങളിലെ ആദ്യപ്രതി പ്രിന്റ് ചെയ്തപ്പോഴുണ്ടായ അച്ചടിപ്പിശകുകൾ പരിഹരിച്ച് വീണ്ടും അച്ചടിക്ക് നൽകിയിട്ടുണ്ട്. ഇത് പരിഹരിച്ചുള്ള നിർദ്ദേശം അദ്ധ്യാപകർക്ക് പരിശീലന സമയത്ത് നൽകിയിരുന്നു.

(സി) പാഠപുസ്തകങ്ങളിൽ കണ്ടെത്തിയ നിസാരമായ പിശകുകൾ പരിഹരിച്ചാണ് റീപ്രിന്റിനു നൽകിയത്. ഇത് എല്ലാ വർഷവും പുസ്തകം റീപ്രിന്റിന് നൽകുന്നതിനു മുമ്പായി നടത്തുന്ന പ്രക്രിയയാണ്. സാരമായ തെറ്റുകളല്ലാത്തതിനാൽ തയ്യാറാക്കിയ അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിക്കേണ്ടി വന്നില്ല.

(ഡി) കരിക്കുലം സബ് കമ്മിറ്റിയുടെയും സ്റ്റിയറിംഗ് കമ്മിറ്റിയുടെയും അംഗങ്ങളെ ഉൾപ്പെടുത്തി സൂക്ഷ്മപരിശോധനയ്ക്കുശേഷം മാത്രമേ പാഠപുസ്തകങ്ങൾ അച്ചടിക്ക് നൽകുകയുള്ളൂ. കൂടാതെ പുസ്തകങ്ങൾ അച്ചടിക്ക് നൽകുന്നതിനു മുമ്പ്

വിദഗ്ധ സമിതിയെക്കൊണ്ട് സൂക്ഷ്മ പരിശോധന നടത്തുന്നതാണ്. പിശകുകളില്ല എന്നുറപ്പാക്കി മാത്രമേ പാഠപുസ്തകങ്ങൾ അച്ചടിക്ക് നൽകുകയുള്ളൂ.

**യൂണിഫോം വിതരണം**

16(4620) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ കുട്ടികൾക്ക് കഴിഞ്ഞ അദ്ധ്യയന വർഷം വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്ന യൂണിഫോം യഥാസമയം വിതരണം ചെയ്തു തീർക്കാത്തതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

ഉദ്യോഗസ്ഥർ കൃത്യവിലോപം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആദ്യ സംരംഭമെന്ന നിലയിൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ കണക്ക് (എ.പി.എൽ./ ബി.പി.എൽ.) ശേഖരിക്കുന്നതിനും, ഗുണമേന്മേയുള്ള തുണിത്തരങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് കമ്പനികളെ എംപാനൽ ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സമയം വേണ്ടിവന്നു. ഈ പദ്ധതി ആദ്യമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനാൽ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് കമ്പനികളെ എംപാനൽ ചെയ്തതിനാൽ സ്വാഭാവിക കാലതാമസം മാത്രമേ നേരിട്ടിട്ടുള്ളൂ.

**കൊരട്ടി ലിറ്റിൽ ഫ്ലവർ കോൺവെന്റ് സ്കൂളിലെ എൽ.പി.എസ്.എ.-മാരുടെ നിയമന അംഗീകാരം**

17(4621) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ലിറ്റിൽഫ്ലവർ കോൺവെന്റ് എൽ.പി.എസ്-2012-ൽ എൽ.പി.എസ്.എ.-മാരായി ജോലിയിൽ പ്രവേശിച്ച ശ്രീമതി ബിജി പൗലോസ്, ശ്രീമതി ലിബി എം. ജോസ് എന്നിവരുടെ നിയമനം

അംഗീകരിച്ചു കിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ശ്രീമതി ബിജി പൗലോസിന്റെ നിയമനം സർക്കാർ ഉത്തരവ് നമ്പർ 836/2014/പൊ.വി.വ., തീയതി 7-11-2014 പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്. ശ്രീമതി ലിബി എം. ജോസിന്റെ നിയമനം സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്.

## അധികമുള്ള അദ്ധ്യാപകരുടെ കണക്ക്

18(4622) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധികമുള്ള അദ്ധ്യാപകരുടെ കണക്കുകൾ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ പുനർവിന്യാസ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) തസ്തിക നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും പുനർവിന്യാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)

| ജില്ല | ഗവൺമെന്റ് | എയ്ഡഡ് |
|---|---|---|
| തിരുവനന്തപുരം | 351 | 593 |
| കൊല്ലം | 221 | 512 |

| | | |
|---|---|---|
| ആലപ്പുഴ | 111 | 413 |
| പത്തനംതിട്ട | 46 | 364 |
| കോട്ടയം | 61 | 444 |
| ഇടുക്കി | 1 | 182 |
| എറണാകുളം | 208 | 754 |
| തൃശ്ശൂർ | 213 | 881 |
| പാലക്കാട് | 120 | 558 |
| മലപ്പുറം | 241 | 684 |
| കോഴിക്കോട് | 117 | 619 |
| വയനാട് | 13 | 66 |
| കണ്ണൂർ | 103 | 733 |
| കാസർഗോഡ് | 115 | 95 |

(ബി) അദ്ധ്യാപക ബാങ്ക് രൂപീകരിച്ച് പുനർവിന്യസിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ അദ്ധ്യാപക ബാങ്കിന്റെ രൂപീകരണം പൂർത്തിയായിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**ഐ.ഇ.ഡി.എസ്.എസ്.-ന് കീഴിലെ റിസോഴ്സ് അദ്ധ്യാപകർ**

19(4623) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ. ഇ. ഡി. എസ്. എസ്. (ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് അറ്റ് സെക്കന്ററി സ്റ്റേജ്) -ന് കീഴിൽ കരാർ വ്യവസ്ഥയിൽ സംസ്ഥാനത്ത് എത്ര റിസോഴ്സ് അദ്ധ്യാപകരാണ് ജോലി ചെയ്തു വരുന്നത് എന്ന ജില്ല തിരിച്ച കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അദ്ധ്യാപകർക്ക് സ്ഥിരനിയമനം നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) 725 റിസോഴ്സ് അദ്ധ്യാപകരാണ് ജോലി ചെയ്തുവരുന്നത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 103 |
| കൊല്ലം | - | 53 |
| പത്തനംതിട്ട | - | 38 |
| ആലപ്പുഴ | - | 35 |
| കോട്ടയം | - | 59 |
| ഇടുക്കി | - | 33 |
| എറണാകുളം | - | 83 |
| തൃശ്ശൂർ | - | 55 |
| പാലക്കാട് | - | 38 |
| മലപ്പുറം | - | 59 |
| കോഴിക്കോട് | - | 87 |
| കണ്ണൂർ | - | 39 |
| വയനാട് | - | 22 |
| കാസർഗോഡ് | - | 18 |

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകർ**

20(4624) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകർ എത്ര കുട്ടികളെയാണ് പഠിപ്പിക്കുന്നത്;

(ബി) കേന്ദ്രത്തിൽ നിന്നും ഇതിനായി എത്ര ഫണ്ടാണ് വർഷം തോറും

സംസ്ഥാനത്ത് ലഭിക്കുന്നത്; വിശദാംശം നൽകുമോ;

(സി) മറ്റു സംസ്ഥാനങ്ങളിലെ റിസോഴ്സ് അദ്ധ്യാപകർക്ക് നൽകുന്ന വേതനത്തെക്കാൾ കുറവാണ് കേരളത്തിലെ അദ്ധ്യാപകർക്ക് നൽകുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ റിസോഴ്സ് അദ്ധ്യാപകർക്ക് എത്ര രൂപയാണ് വേതനം നൽകുന്നത്; വിശദമാക്കുമോ ? റിസോഴ്സ് അദ്ധ്യാപകർക്ക് വേതനം വർദ്ധിപ്പിക്കുന്നതിനും സ്ഥിര നിയമനം നൽകുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) എം.എച്ച്.ആർ.ഡി. ഗൈഡ് ലൈൻ പ്രകാരം എട്ട് കുട്ടികൾക്ക് ഒരു ടീച്ചർ എന്ന അനുപാതമാണുള്ളതെങ്കിലും യോഗ്യരായ അദ്ധ്യാപകരെ ലഭിക്കുന്നതിലുള്ള കുറവും എം.എച്ച്.ആർ.ഡി. പുതിയ അദ്ധ്യാപകരെ അനുവദിക്കാത്തതിലുള്ള പ്രയാസവുംമൂലം ഈ അനുപാതത്തിൽ നിയമിക്കാൻ സാധിക്കുന്നില്ല.

(ബി) ഡി.പി.ഐ-ൽ നിന്നും ആർ.എം.എസ്.എ. വഴി സംസ്ഥാന സർക്കാർ എം.എച്ച്.ആർ.ഡി.-ക്ക് സമർപ്പിക്കുന്ന പ്രൊപ്പോസൽ എം.എച്ച്.ആർ.ഡി.യുടെ പി.എ.ബി. പരിശോധിച്ച് അംഗീകരിച്ചാണ് ഫണ്ട് അനുവദിക്കുന്നത്. 2014-15 വർഷത്തേക്ക് 26 കോടി രൂപയാണ് വിവിധ ഇനങ്ങൾക്കായി അനുവദിച്ചിരിക്കുന്നത്.

(സി) ഏറ്റക്കുറച്ചിലുകളുള്ളതിനാൽ വ്യക്തമായ കണക്ക് ലഭ്യമല്ല.

(ഡി) സംസ്ഥാനത്തെ റിസോഴ്സ് അദ്ധ്യാപകർക്ക് നിലവിൽ 18665 രൂപയാണ് വേതനമായി നൽകുന്നത്. സംസ്ഥാന സർക്കാർ എം.എച്ച്.ആർ.ഡി.-ക്ക് നൽകുന്ന പ്രൊപ്പോസൽ പ്രോജക്ട് അപ്രൈസൽ ബോർഡ് പരിശോധിച്ചാണ് തുക അനുവദിക്കുന്നത്. 2009-10-ലെ 8500 രൂപയിൽ നിന്ന് തുടർ വർഷങ്ങളിലായി 8810, 11620, 14620, 18665 എന്നീ ക്രമത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. സ്ഥിരം നിയമനം സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലില്ല.

## റീ ട്രെഞ്ച്ഡ് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. ജീസൺ ജോർജ്ജിന് (യു.പി.എസ്.എ.) പുനർ നിയമനം

21(4625) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ, തൃശ്ശൂർ ജില്ലയിലെ മേലൂർ ആർ.യു.പി.എസ്.-ൽ 2006-ൽ നിയമനം ലഭിച്ച

ശ്രീ. ജീസൺ ജോർജ്ജ് (യു.പി.എസ്.എ.)-നെ റീട്രെഞ്ച്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തി പുനർനിയമനം നടത്തുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് (G.O. Rt 1415/14/G.Edn-Dated 25-3-2014) ഉണ്ടായിട്ടും ഇതുവരേയും പുനർനിയമനം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 15 അദ്ധ്യാപകരടങ്ങിയ പ്രസ്തുത റീടഞ്ച്ഡ് ലിസ്റ്റിൽ നിന്നും 1314 എന്നീ നമ്പർകാർക്ക് നിയമനം ലഭിച്ചിട്ടും 12-ാം നമ്പർകാരനായ ശ്രീ. ജീസൺ ജോർജിന് നിയമനം നൽകാത്തത് പരിശോധിച്ച് ടിയാന് നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ അമിതഫീസ്**

22(4626) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്. ഇ., ഐ.സി.എസ്.ഇ. മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ വിദ്യാഭ്യാസ അധികൃതർക്ക് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഈ മേഖലയിൽ ഏകീകൃതമായ ഒരു ഫീസ് സമ്പ്രദായം കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അമിത ഫീസ് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല. പരാതികൾ പരിശോധിക്കുന്നതിന് മാനേജ്മെന്റ് പ്രതിനിധികളും അദ്ധ്യാപക സംഘടനാ പ്രതിനിധികളുമടങ്ങുന്ന സ്റ്റേറ്റ് ലെവൽ കമ്മിറ്റി നിലവിലുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**പി.എസ്.സി. നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം**

23(4627) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ./എൽ.പി.എസ്.എ തസ്തികകളിലേക്ക് 2014 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പി.എസ്.സി നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് ഇനിയും നിയമനം നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ/എൽ.പി.എസ്.എ. തസ്തികകളിലേക്ക് എത്ര പേർക്ക് ഇനിയും നിയമനം നൽകാനുണ്ടെന്ന് വിഷയം തിരിച്ച് അറിയിക്കുമോ;

(സി) ഇത്തരത്തിലുള്ളവർക്ക് നിയമനം നൽകുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തസ്തിക പുനർ നിർണ്ണയത്തിൽ തസ്തികകൾ കുറഞ്ഞതിനാലാണ് നിയമനം നൽകുവാൻ കഴിയാത്തത് എങ്കിൽ ഇവരെ സൂപ്പർ ന്യൂമറി ആയി നിയമിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തസ്തിക നിർണ്ണയംമൂലം നിരവധി അദ്ധ്യാപക തസ്തികകൾ നഷ്ടമായതിനാൽ നിലവിൽ ഒഴിവുകളില്ല. തസ്തിക നിർണ്ണയത്തിനു മുമ്പ് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ പി.എസ്.സി. നൽകിയ നിയമന ശിപാർശകളിൽ ഒഴിവുകളില്ലാത്ത കാരണത്താൽ നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല.

| | | | |
|---|---|---|---|
| (ബി) | എച്ച്.എസ്.എ. നാച്വറൽ സയൻസ് | - | 3 |
| | എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് | - | 4 |
| | എച്ച്.എസ്.എ. മാത്സ് | - | 6 |
| | എച്ച്.എസ്.എ. ഹിന്ദി | - | 4 |
| | എൽ.പി.എസ്.എ. മലയാളം | - | 12 |

ആകെ - 29

(സി&ഡി) ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഹയർ സെക്കണ്ടറി പ്രവേശനം**

24(4628) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് 2-ൽ 40 കുട്ടികൾ പോലും ലഭിക്കാത്ത എത്ര സ്കൂളുകൾ ഉണ്ട്; സർക്കാർ/എയിഡഡ്/അൺ എയിഡഡ് എന്നിങ്ങനെ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2013-14 അദ്ധ്യായന വർഷം ഹയർസെക്കണ്ടറിക്ക് കുട്ടികളില്ലാതെ സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ എത്ര ബാച്ചുകൾ നഷ്ടപ്പെട്ടിരുന്നു; ഇതു വഴി എത്ര അദ്ധ്യാപകർക്ക് തൊഴിൽ നഷ്ടപ്പെട്ടു; സർക്കാർ/എയിഡഡ് എന്നിങ്ങനെ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) അൺ എയിഡഡ് സ്കൂളുകളിൽ ഹയർ സെക്കണ്ടറി അനുമതി ലഭിച്ചവയിൽ മതിയായ കുട്ടികൾ ലഭിക്കാത്ത അൺ എയിഡഡ് സ്കൂളുകൾ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**ഉത്തരം**

(എ) ആകെ സ്കൂളുകൾ

| | | |
|---|---|---|
| ഗവൺമെന്റ് | - | 7 |
| ആലപ്പുഴ | - | 1 |
| ഇടുക്കി | - | 3 |
| പത്തനംതിട്ട | - | 3 |
| എയ്ഡഡ് | - | 2 |
| പത്തനംതിട്ട | - | 1 |
| കോട്ടയം | - | 1 |

(ബി) ഹയർസെക്കണ്ടറി മേഖലയിൽ സംസ്ഥാനത്ത് കുട്ടികളുടെ കുറവുമൂലം സ്കൂളുകളിലെ ബാച്ചുകളോ അദ്ധ്യാപക തസ്തികകളോ നഷ്ടപ്പെട്ടിട്ടില്ല.

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരം | - | 3 |
| | കൊല്ലം | - | 7 |
| | പത്തനംതിട്ട | - | 9 |
| | ആലപ്പുഴ | - | 6 |
| | കോട്ടയം | - | 8 |
| | ഇടുക്കി | - | 3 |
| | എറണാകുളം | - | 9 |
| | തൃശ്ശൂർ | - | 5 |
| | പാലക്കാട് | - | 6 |
| | മലപ്പുറം | - | 7 |
| | കോഴിക്കോട് | - | 7 |
| | വയനാട് | - | 2 |
| | കണ്ണൂർ | - | 5 |
| | കാസർഗോഡ് | - | 5 |
| | ആകെ | - | 82 |

**അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം**

25(4630) ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് കൊല്ലമായി അംഗീകാരത്തിന് അപേക്ഷ നല്കിയിട്ടുള്ള അൺ എയ്ഡഡ് സ്കൂളുകളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ ഉള്ള മുഴുവൻ അൺ എയ്ഡഡ് സ്കൂളുകൾക്കും അംഗീകാരം നല്കുവാൻ നടപടി ഉണ്ടാകുമോ ;

(സി) അംഗീകാരത്തിനായി നല്കിയിട്ടുള്ള അപേക്ഷകളിൽ കാരണങ്ങൾ ഒന്നും പറയാതെ മടക്കിയിട്ടുള്ള അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കുമോ ഏതെല്ലാമാണ് അവയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാത്ത അൺ എയ്ഡഡ് വിദ്യാലയങ്ങൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രവർത്തിച്ചുവരികയാണെങ്കിൽ അവയ്ക്ക് അംഗീകാരം നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചിരുന്നു. അപക്ഷേ സർക്കാരിന് സമർപ്പിക്കാനുള്ള അവസാന തീയതി 31-12-2013 വരെയായി നിജപ്പെടുത്തുകയും ഇതുമായി ബന്ധപ്പെട്ട് 625 അപേക്ഷകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 19 |
| കൊല്ലം | - | 41 |
| പത്തനംതിട്ട | - | 20 |
| കോട്ടയം | - | 12 |
| എറണാകുളം | - | 15 |
| തൃശ്ശൂർ | - | 47 |
| പാലക്കാട് | - | 57 |
| മലപ്പുറം | - | 121 |
| കോഴിക്കോട് | - | 63 |
| കണ്ണൂർ | - | 118 |
| കാസർഗോഡ് | - | 59 |
| ഇടുക്കി | - | 31 |
| ആലപ്പുഴ | - | 3 |
| വയനാട് | - | 19 |

എന്നാൽ അപേക്ഷകൾ സമർപ്പിക്കാനുള്ള തീയതി 31-12-2014 വരെ ദീർഘിപ്പിച്ചു നൽകിയ സാഹചര്യത്തിൽ പുതുതായി ലഭിച്ച അപേക്ഷകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സ.ഉ.(കൈ)184/2013/പൊ.വി. തീയതി 10-6-2013 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള

മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്ന അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കാതെയും സർക്കാർ നിശ്ചയിച്ച രേഖകൾ സമർപ്പിക്കാത്തവയുമായ അപേക്ഷകളാണ് ന്യൂനതകൾ പരിഹരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മടക്കിയിട്ടുള്ളത്. യാതൊരു കാരണവുമില്ലാതെ അപേക്ഷകളൊന്നും തന്നെ തിരിച്ചയച്ചിട്ടില്ല. എല്ലാ ന്യൂനതകളും പരിഹരിച്ചുകൊണ്ട് അംഗീകാരം നേടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31-12-2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

## പൊതു വിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമവും സേവനാവകാശ നിയമവും നടപ്പാക്കാൻ നടപടി

26(4632) ശ്രീ. പാലോട് രവി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമവും സേവനാവകാശ നിയമവും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ ഇൻഫർമേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത നിയമം സംബന്ധിച്ച് ബന്ധപ്പെട്ടവർക്കിടയിൽ വേണ്ടത്ര പ്രചരണം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ-സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. വിവരാവകാശ നിയമം 2005-ലെ സെക്ഷൻ 4 പ്രകാരം സ്വമേധയാ വെളിപ്പെടുത്തേണ്ട വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ (www.education.kerala.gov.in)

പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും 9-1-2014 തീയതിയിലെ സ.ഉ.(എംഎസ്.)നമ്പർ 10/2014/പൊ.വി.വ. ഉത്തരവുപ്രകാരം സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ എന്നീ വകുപ്പുതലവന്മാരുടെ കാര്യാലയങ്ങളിലും പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലും നൽകിവരുന്ന സേവനങ്ങളെക്കുറിച്ചും അപേക്ഷകളിന്മേൽ തീരുമാനമെടുക്കേണ്ട സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി തുടങ്ങിയ വിശദാംശങ്ങളും 24-4-2013 തീയതിയിലെ 334/2013 നമ്പർ എസ്.ആർ.ഒ. (സ.ഉ.(പി) നമ്പർ 145/2013/ പൊ.വി.വ) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമം നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കുലറുകളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കാൻ വകുപ്പുതലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ഡി) വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവയുമായി ബന്ധപ്പെട്ട് വേണ്ടത്ര പ്രചരണം നൽകിയിട്ടുണ്ട്.

## വടകര മണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

27(4633) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ട് ഭൂരിഭാഗവും ഉപയോഗിച്ചിട്ടും വടകര മണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ കെട്ടിടങ്ങൾ ആവശ്യമായതിനാൽ, കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ പൂർത്തീകരിക്കുവാനുള്ള സഹായം നല്കുവാൻ വിദ്യാഭ്യാസ വകുപ്പിന് കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം കെട്ടിടനിർമ്മാണത്തിന് ആവശ്യമായ സാമ്പത്തിക സഹായം മറ്റേതെങ്കിലും വിധത്തിലുള്ള പദ്ധതികൾ വഴി ലഭ്യമാകുമോയെന്നു അറിവുണ്ടോ ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിക്കുന്നതാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**എൽ.പി./യു.പി. അസിസ്റ്റന്റുമാരുടേയും ഹൈസ്കൂൾ അദ്ധ്യാപകരുടേയും പൊതുസ്ഥലംമാറ്റം**

28(4634) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി./യു.പി. അസിസ്റ്റന്റുമാരുടേയും ഹൈസ്കൂൾ അദ്ധ്യാപകരുടേയും പൊതുസ്ഥലം മാറ്റം സാധാരണയായി എപ്പോഴാണ് നടത്തുന്നതെന്ന് അറിയിക്കുമോ;

(ബി) 2014-15 വർഷത്തെ പൊതുസ്ഥലം മാറ്റം എപ്പോഴാണ് നടന്നതെന്ന് അറിയിക്കുമോ; നടപ്പു വർഷം പൊതുസ്ഥലം മാറ്റത്തിനു പുറമേ എത്ര ട്രാൻസ്ഫറുകൾ നടത്തിയെന്ന് അറിയിക്കുമോ;

(സി) അടിക്കടിയുള്ള സ്ഥലംമാറ്റങ്ങൾ പൊതുവിദ്യാലയങ്ങളിലെ അക്കാഡമിക് പ്രവർത്തനങ്ങളെ എങ്ങനെയെല്ലാം ബാധിക്കും ; ഇതിനുള്ള പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ;

(ഡി) പുതിയ തസ്തിക നിർണ്ണയത്തിലൂടെ അധികമായി വന്ന അദ്ധ്യാപകരെ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മദ്ധ്യവേനൽ അവധിക്കാലത്ത്.

(ബി) സെപ്റ്റംബർ മാസത്തിലാണ് നടന്നത്; വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പകരം അദ്ധ്യാപകരെ നിയമിക്കുന്നതിനാൽ സ്ഥലംമാറ്റംമൂലം അക്കാഡമിക് പ്രവർത്തനങ്ങൾക്ക് തടസ്സമില്ല.

(ഡി) അധിക അദ്ധ്യാപകരെ നിലനിർത്തുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**എൻ.സി.സി., സ്കൗട്ട് എന്നിവയുടെ ചുമതലയുള്ള അദ്ധ്യാപകർ**

29(4635) ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിംഗിൾ മാനേജ്മെന്റ് സ്കൂളുകളിലെ എൻ.സി.സി., സ്കൗട്ട് എന്നിവയുടെ ചുമതലയുള്ള അദ്ധ്യാപകരെ അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുമ്പോൾ അതതു സ്കൂളുകളിൽ നിലനിർത്തുവാൻ നിലവിൽ നിയമമുണ്ടോ;

(ബി) ഇല്ലെങ്കിൽ, ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിയമമില്ല.

(ബി) പരിഗണനയിലില്ല.

**ആർ.എം.എസ്.എ. പദ്ധതി**

30(4636) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതി ഏത് തലം വരെയാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) ആർ.എം.എസ്.എ. പദ്ധതി ഹയർ സെക്കണ്ടറി തലത്തിൽ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതൽ നടപ്പാക്കി എന്ന് വ്യക്തമാക്കുമോ; നടപ്പാക്കിയിട്ടില്ലെങ്കിൽ എന്നേക്ക് ഈ പദ്ധതി ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) നാളിതുവരെ ഈ പദ്ധതിയിൻ കീഴിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; ഇത് എന്തൊക്കെ പരിപാടികൾക്കായാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ 5 വർഷക്കാലം കേന്ദ്ര വിഹിതമായി പ്രസ്തുത പദ്ധതിക്ക് ലഭിച്ച തുകയെത്രയെന്നും ചെലവഴിച്ച തുകയെത്രയെന്നും വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതി സംസ്ഥാനത്ത് 9, 10 ക്ലാസ് തലം വരെയാണ് നടപ്പാക്കിയിട്ടുള്ളത്.

(ബി) ആർ.എം.എസ്.എ. പദ്ധതി ഹയർ സെക്കന്ററി തലത്തിൽ നടപ്പിലാക്കിയിട്ടില്ല. കേന്ദ്രസർക്കാരാണ് പ്രസ്തുത വിഷയത്തിൽ ഒരു തീരുമാനമെടുക്കേണ്ടത്.

(സി) 2009 മുതൽ വിവിധ പരിപാടികൾക്കായി ഈ പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2009-10 | 298.05 |
| 2010-11 | 2248.43 |
| 2011-12 | 1598.49 |
| 2012-13 | 2270.10 |
| 2013-14 | 4291.16 |
| ആകെ | 10706.23 |

പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ പരിപാടികൾ

1. ആർ.എം.എസ്.എ. സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപകരുടെ ശമ്പളം
2. ആർ.എം.എസ്.എ. സ്കൂളുകളിലെ കെട്ടിട നിർമ്മാണം
3. സ്കൂൾ ഗ്രാന്റ്, മൈനർ റിപ്പയർ ഗ്രാന്റ്
4. പുസ്തകമേള, ക്രാഫ്റ്റ് മേള
5. സ്കൂൾ കലോത്സവം-ജില്ലാതലം, സബ്ജില്ലാതലം
6. ഒമ്പതാം ക്ലാസ്സിലെ പെൺകുട്ടികൾക്കായി സ്വയം പ്രതിരോധ പരിശീലനം

(ഡി) കഴിഞ്ഞ അഞ്ച് വർഷക്കാലം കേന്ദ്രവിഹിതമായി പ്രസ്തുത പദ്ധതിക്ക് ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദവിവരങ്ങൾ താഴെകൊടുക്കുന്നു:

| വർഷം | കേന്ദ്രവിഹിതമായി ലഭിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2009-10 | 1962 | 298.05 |
| 2010-11 | 584 | 2248.43 |

| | | |
|---|---|---|
| 2011-12 | 1909 | 1598.49 |
| 2012-13 | 1527 | 2270.10 |
| 2013-14 | 1719 | 4291.16 |
| ആകെ | 7701 | 10706.23 |

പ്രസ്തുത കാലയളവിൽ സംസ്ഥാന സർക്കാർ വിഹിതമായി 4484.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക കൂടി ആകെ ചെലവഴിച്ച തുകയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മങ്കട എ.ഇ.ഒ. ഓഫീസിന് കെട്ടിടം**

31(4638) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട എ. ഇ. ഒ. ഓഫീസിന് കെട്ടിടം പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ജീർണ്ണാവസ്ഥയിലായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത എ.ഇ.ഒ. ഓഫീസിന് കെട്ടിടം പണിയുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മങ്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കെട്ടിടങ്ങൾ പൂർണ്ണമായും ജീർണ്ണാവസ്ഥയിലാണ് നിൽക്കുന്നത്. ആയത് പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്ത് പുതിയ ഇരുനില കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള രേഖകളടങ്ങുന്ന അപേക്ഷ പൊതുമരാമത്ത് വകുപ്പിന്റെ പരിശോധനയിലാണ്.

**പ്ലസ് ടു തുല്യതാ കോഴ്സുകൾ**

32(4639) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർവിദ്യാഭ്യാസ പദ്ധതിപ്രകാരം പി.ഡി.സി. പൂർത്തിയാകാത്തവരും പ്ലസ് ടു പൂർത്തിയാകാത്തവരുമായ ഉയർന്ന പ്രായപരിധിയുള്ളവർക്ക് പ്ലസ് ടു തുല്യതാ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോഴ്സിൽ ചേരുന്നതിനുള്ള പ്രായപരിധിയും കോഴ്സിന്റെ കാലദൈർഘ്യവും ഫീസും സിലബസ്സും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) തുല്യതാ കോഴ്സുകൾ പാസ്സാകുന്നവർക്ക് ഉപരിപഠനത്തിനും പ്രൊമോഷനും റഗുലർ പ്ലസ് ടു -വിന് സമാനമായ എല്ലാതരം അംഗീകാരവും ഉണ്ടാകുമോ;

(ഡി) എസ്.എസ്.എൽ.സി. പാസായ നിശ്ചിത പ്രായപരിധിയുള്ളവർക്ക് ചുരുങ്ങിയ കാലയളവിൽ പ്രസ്തുത കോഴ്സ് പഠിച്ച് പാസ്സാകാൻ അവസരമൊരുക്കിയാൽ അന്യസംസ്ഥാന കോഴ്സുകളുടെ തട്ടിപ്പിൽനിന്നും മലയാളികളെ രക്ഷിക്കാൻ കഴിയുമോ ; എങ്കിൽ ഇത്തരത്തിൽ കോഴ്സ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്ലസ് ടു തുല്യത കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്. പത്താംതരം തുല്യത കോഴ്സ് പഠിച്ച് പാസ്സായവർക്ക് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ ഔപചാരിക എസ്.എസ്.എൽ.സി. പാസ്സായാവർക്കും തോറ്റവർക്കും പി.ഡി.സി./പ്ലസ് ടു കോഴ്സ് പൂർത്തിയാക്കിയവർക്കും ഇടയ്ക്കുവച്ച് പഠനം നിർത്തേണ്ടിവന്നവർക്കും കോഴ്സ് ആരംഭിക്കുമ്പോൾ ജൂൺ 1-ന് 22 വയസ്സ് പൂർത്തിയായിരിക്കണം. കോഴ്സിന്റെ കാലാവധി രണ്ട് വർഷമാണ്. രജിസ്ട്രേഷൻ ഫീസ് 300 രൂപയും കോഴ്സ് ഫീസ് ഒരു വർഷത്തേക്ക് 1950 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഔപചാരിക വിദ്യാഭ്യാസത്തിലെ ഹയർസെക്കണ്ടറി കോഴ്സിന് സമാനമായ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തി ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളാണ് ഇപ്പോൾ ആരംഭിക്കുന്നത്.

(സി) കോഴ്സ് ആരംഭിച്ചശേഷം ഇതുസംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) എസ്.എസ്.എൽ.സി. പാസ്സായ നിശ്ചിത പ്രായപരിധിയുള്ളവർക്ക് ചുരുങ്ങിയ കാലയളവിൽ പ്രസ്തുത കോഴ്സ് പഠിച്ച് പാസ്സാകാൻ അവസരമുണ്ടാകുന്ന തരത്തിലാണ് കോഴ്സ് തുടങ്ങാൻ തീരുമാനിച്ചിട്ടുള്ളത്.

**പുതിയ ഹയർ സെക്കൻഡറി കോഴ്സുകൾക്ക് അദ്ധ്യാപക നിയമനം**

33 (4640) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച ഹയർ സെക്കണ്ടറി കോഴ്സുകൾ പഠിപ്പിക്കുന്നതിന് സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടി ആയിട്ടുണ്ടോ;

(ബി) സ്ഥിരം നിയമനം നടത്താൻ തടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇപ്പോൾ തികച്ചും ദിവസ വേതനക്കാരായ അദ്ധ്യാപകർക്ക് ശമ്പളം ഇതുവരെ നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് വേണ്ടി

പ്രത്യേകം ഫണ്ട് നീക്കിവെച്ചിട്ടുണ്ടോ;

(ഡി) ഏതുവർഷം വരെയുള്ള താത്ക്കാലിക അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) ഹയർ സെക്കണ്ടറി പുതുതായി ആരംഭിച്ച സ്കൂളുകളിൽ വേണ്ടത്ര സൗകര്യങ്ങളില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഹയർ സെക്കണ്ടറി സ്കൂളുകളിൽ കെട്ടിടനിർമ്മാണത്തിന് പ്രത്യേക ഫണ്ട് വകയിരുത്താൻ കഴിയുമോ?

ഉത്തരം

(എ&ബി) 2014-15 അധ്യയന വർഷത്തിൽ പുതുതായി ആരംഭിച്ച കോഴ്സുകളിൽ ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) 2011-12 അദ്ധ്യായന വർഷം അനുവദിച്ച അധിക ഹയർ സെക്കണ്ടറി ബാച്ചുകളിൽ നിയമിതരായ ദിവസവേതനക്കാരായ അധ്യാപകർക്ക് ശമ്പള കുടിശ്ശിക നൽകുവാനുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് ശമ്പളം നൽകാനായി പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടില്ല.

(ഡി) 2010-11 അദ്ധ്യായന വർഷംവരെ അനുവദിച്ച സ്കൂളുകളിലേയും അധിക ബാച്ചുകളിലെയും ഗസ്റ്റ് അദ്ധ്യാപകർക്ക് ശമ്പളം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) പുതുതായി ആരംഭിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലെ സൗകര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിശോധന നടപടികൾ പുരോഗമിച്ചുവരുന്നു, റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(എഫ്) സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലെ കെട്ടിട നിർമ്മാണത്തിന് 2013-14 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റിൽ തുക വകയിരുത്തിവരുന്നുണ്ട്.

**ഹയർ സെക്കണ്ടറി വകുപ്പ് ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങളിലെ കാലതാമസം**

34 (4641) ശ്രീ. കെ. എൻ. എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ നിയമനം ലഭിച്ചവരുടെ സർവ്വീസ് വെരിഫിക്കേഷൻ നടപടികൾ യഥാസമയം നടക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഈ വകുപ്പിലെ നിയമനങ്ങൾ റഗുലറൈസ് ചെയ്യുന്നതിലും സ്ഥാനക്കയറ്റ നടപടികൾ വൈകുന്നതിനും ഇടയാക്കുന്നുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വെരിഫിക്കേഷൻ നടപടികൾ അടിയന്തരമായി പൂർത്തിയാക്കി, റഗുലറൈസേഷൻ, സ്ഥാനക്കയറ്റം എന്നിവയിലെ കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇതിനായി ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

**സമഗ്ര വിദ്യാഭ്യാസ പദ്ധതി**

35 (4644) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിവരുന്ന മണ്ഡലങ്ങളിൽ ഓരോന്നിലും നടന്നുവരുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നൂതനവും വ്യത്യസ്തവുമായ പദ്ധതികൾ/പരിപാടികൾ എന്തെല്ലാം;

(ബി) ഓരോ നിയോജകമണ്ഡലത്തിലും നടപ്പാക്കുന്ന പ്രസ്തുത വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദാംശം പ്രോജക്റ്റ് റിപ്പോർട്ട് സഹിതം ലഭ്യമാക്കാമോ;

(സി) സമഗ്ര വിദ്യാഭ്യാസ പരിപാടി നടപ്പാക്കുന്ന കൊയിലാണ്ടിയിൽ പദ്ധതി പ്രഖ്യാപിച്ചതിനുശേഷം സീമാറ്റിന്റെ മേൽനോട്ടത്തിൽ ഇതുവരെ എത്ര തവണ അവലോകനം നടന്നിട്ടുണ്ടെന്നും അവലോകനത്തിൽ കണ്ടെത്തിയ

കാര്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ഡി) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്ന കൊയിലാണ്ടിയിൽ RMSA, SSA എന്നീ സംവിധാനങ്ങളും വിദ്യാഭ്യാസ വകുപ്പും വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ പദ്ധതി നടത്തിപ്പ് സംവിധാനത്തിന്റെ ചെയർമാൻ കൂടിയായ എം.എൽ.എ.-യോടുകൂടി ആലോചിക്കാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരമെന്ത്?

<u>ഉത്തരം</u>

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കി വരുന്ന അസംബ്ലി നിയോജക മണ്ഡലങ്ങളിൽ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മോഡ്യൂൾ തയ്യാറാക്കൽ, നിയോജകമണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർ സെക്കൺണ്ടറിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടന്നു. പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. അദ്ധ്യക്ഷനായ നിയോജകമണ്ഡലം സമിതിയുടെ നേതൃത്വത്തിലും മുനിസിപ്പൽ/പഞ്ചായത്ത്/സ്കൂൾ തലങ്ങളിലുമുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും നടന്നുകൊണ്ടിരിക്കുന്നു.

(ബി) സമഗ്ര വിദ്യാഭ്യാസ പദ്ധതി 56 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കിവരുന്നു. അതിൽ 7 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയ രൂപീകരണവും 4 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ പ്രോജക്ട് തയ്യാറാക്കലും, 45 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയരൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറിതലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച മാനേജ്മെന്റ് പരിശീലനവും സീമാറ്റ് കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കി കഴിഞ്ഞു.

(സി) കൊയിലാണ്ടി അസംബ്ലി നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയരൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മോഡ്യൂൾ തയ്യാറാക്കൽ, നിയോജകമണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ പൂർത്തിയായി കഴിഞ്ഞു. പ്രോജക്ട്

റിപ്പോർട്ടനുസരിച്ചുള്ള പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. അദ്ധ്യക്ഷനായ നിയോജക മണ്ഡലം സമിതിയുടെ നേതൃത്വത്തിലും മുനിസിപ്പൽ/പഞ്ചായത്ത്/സ്കൂൾ തലങ്ങളിലുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും നടന്നുകൊണ്ടിരിക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സമഗ്ര വിദ്യാഭ്യാസ പദ്ധതി**

36 (4645) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് എന്നാണ് നടപ്പിലാക്കിയത്;

(ബി) പ്രസ്തുത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ എന്തെല്ലാം കാര്യങ്ങൾ ആണ് ലക്ഷ്യം വച്ചിരുന്നത്;

(സി) ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; നിയോജകമണ്ഡല അടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(ഡി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം കാര്യങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 28-11-2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5289/2011 പ്രകാരമാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത്.

(ബി) വിദ്യാഭ്യാസമേഖലയിൽ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഗുണമേന്മയുള്ളതും കാര്യക്ഷമവുമായ വിദ്യാഭ്യാസം ലഭ്യമാക്കുകയെന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) പദ്ധതിക്കായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല. എം.എൽ.എ.-മാരുടെ വികസനഫണ്ട്, ആർ.എം.എസ്.എ., എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ് സന്നദ്ധസംഘടനകൾ എന്നീ ധനസ്രോതസുകൾ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മോഡ്യൂൾ തയ്യാറാക്കൽ, നിയോജകമണ്ഡലത്തിലെ

പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ പൂർത്തിയായിക്കഴിഞ്ഞു. പ്രോജക്ട് റിപ്പോർട്ടനുസരിച്ചുള്ള പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. അദ്ധ്യക്ഷനായ നിയോജക മണ്ഡലം സമിതിയുടെ നേതൃത്വത്തിലും മുനിസിപ്പൽ/പഞ്ചായത്ത്/സ്കൂൾ തലങ്ങളിലുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും നടന്നുകൊണ്ടിരിക്കുന്നു.

### ഹയർ സെക്കണ്ടറി പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമാക്കി കൊണ്ടുവരാനുള്ള നിർദ്ദേശം

37 (4646) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം എന്നിവ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമാക്കി ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ?

ഉത്തരം

ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണയിലില്ല.

### ഹയർ സെക്കണ്ടറിയിലെ അദ്ധ്യാപക നിയമനം

38 (4647) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ഡയറക്ടറുടെ 2-12-2004-ലെ ADB1/110480/01/ HSE ഉത്തരവ് പ്രകാരം നടത്തിയ 1437 അദ്ധ്യാപകരുടെ നിയമനം എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന് വിശദമാക്കാമോ;

(ബി) നേരിട്ടും തസ്തിക മാറ്റവും വഴിയുള്ള നിയമനത്തിന്റെ 3:1 എന്ന അനുപാതം ഇതിൽ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഈ നിയമനത്തിൽ ഉണ്ടായ അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ 3:1 അനുപാതം പാലിക്കാതെ നിയമനം നടത്തിയത് മൂലം നേരിട്ടുള്ള നിയമനത്തിന് അർഹരായ എത്രപേർക്ക് അവസരം നഷ്ടമായി എന്ന് പരിശോധിച്ചിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

## എച്ച്.എസ്.എസ്.ടി പൊളിറ്റിക്കൽ സയൻസ് ജൂനിയർ, സീനിയർ വിഭാഗങ്ങളിലെ ഒഴിവുകൾ

39 (4648) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി പൊളിറ്റിക്കൽ സയൻസ് (ജൂനിയർ,സീനിയർ) വിഭാഗങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ പൊളിറ്റിക്കൽ സയൻസ് ജൂനിയർ തസ്തികയിൽ-21 ഒഴിവുകളും സീനിയർ തസ്തികയിൽ-24 ഒഴിവുകളും നിലവിലുണ്ട്.

(ബി&സി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ എച്ച്.എസ്.എസ്.റ്റി.-(ജൂനിയർ) തസ്തികയിലെ 12 ഒഴിവുകളും എച്ച്.എസ്.എസ്.റ്റി. (സീനിയർ) തസ്തികയിലെ 12 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

40 (4649) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് പദ്ധതിക്ക് സാമ്പത്തിക സഹായം ലഭിക്കുന്നത് എവിടെ നിന്നാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിൽ അസാപ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എവിടെയെല്ലാമാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്ര സർക്കാരിന്റെ ഇലക്ട്രോണിക്

വകുപ്പിൽ നിന്നും ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിൽ നിന്നും അസാപ് പദ്ധതിക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി എം.എൽ.എ.-മാരുടെ സഹകരണത്തോടുകൂടി വിവിധ നിയോജകമണ്ഡലങ്ങളിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനകം 25 മണ്ഡലങ്ങളിൽനിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

**സൗജന്യ സ്കൂൾ യൂണിഫോം വിതരണം**

41 (4650) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ സ്കൂൾ യൂണിഫോം വിതരണ പദ്ധതിയിൽ ഏതെല്ലാം വിഭാഗം വിദ്യാർത്ഥികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇവർക്ക് ഈ അദ്ധ്യയന വർഷം യൂണിഫോം വിതരണം ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) മുൻവർഷം യൂണിഫോം ലഭിച്ചിരുന്ന ഏതെങ്കിലും വിഭാഗം വിദ്യാർത്ഥികളെ ഇത്തവണ യൂണിഫോം വിതരണ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ വർഷം യൂണിഫോം വിതരണം ചെയ്തതിന്റെ പണം കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടുണ്ടോ; കുടിശ്ശിക എത്ര; നൽകാൻ കഴിയാത്തതിന്റെ കാരണമെന്ത്;

(ഡി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി സ്കൂൾ യൂണിഫോം വിതരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ഇ) ഈ വർഷത്തെ യൂണിഫോം എന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ എസ്.എസ്.എ. പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ എ.പി.എൽ. വിഭാഗം ആൺ കുട്ടികൾ ഒഴികെയുള്ള ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണ പദ്ധതി നടത്തുന്നുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം എം.എച്ച്.ആർ.ഡി. മാനദണ്ഡം അനുസരിച്ച് ലഭിക്കുന്നില്ല. വിവേചനപരമായ ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കുവാനാണ് 2013-14 അദ്ധ്യയന വർഷം ഈ പദ്ധതി എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കുകൂടി നൽകാൻ സംസ്ഥാന സർക്കാർ പദ്ധതി ആവിഷ്കരിച്ചത്. ഈ അദ്ധ്യയന വർഷം (2014-15) ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് പുതിയതായി എയ്ഡഡ് സ്കൂളിൽ ചേരുന്ന കുട്ടികൾക്ക് യൂണിഫോമിന് തുകയായി 400 രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ അദ്ധ്യയന വർഷം (2013-14) ഒന്നു മുതൽ എട്ടാം ക്ലാസ്സ് വരെ എ.പി.എൽ. വിഭാഗത്തിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ കുട്ടികളെയുമാണ് യൂണിഫോം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ അദ്ധ്യയന വർഷം (2014-15) പുതിയതായി എയ്ഡഡ് സ്കൂളിൽ ചേരുന്ന കുട്ടികൾക്ക് യൂണിഫോമിന്റെ തുകയായി 400/- രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ ഉത്തരവ് ആയിട്ടുള്ളത്.

(സി-ഇ) കഴിഞ്ഞ വർഷം യൂണിഫോം വിതരണം ചെയ്തതിന്റെ തുക പൂർണ്ണമായി കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടില്ല. 2014 മാർച്ച് മാസത്തിൽ ധനകാര്യ വകുപ്പിന്റെ സാമ്പത്തിക നിയന്ത്രണമുണ്ടായിരുന്നതിനാൽ പല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പണം പിൻവലിക്കാൻ കഴിയാതെ വന്നു. അങ്ങനെ പിൻവലിക്കുവാൻ കഴിയാതെ വന്ന തുക പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത തുക പിൻവലിക്കുന്നതിനും കോഴിക്കോട് ജില്ലയ്ക്കാവശ്യമായ രണ്ടാം ഗഡു തുകയായ 5 കോടി രൂപ 2014-15 ഉപധനാഭ്യർത്ഥനയിൽ അനുവദിച്ചിരുന്ന തുകയിൽ നിന്നും നൽകുന്നതിനുമുള്ള അനുമതിക്കായി ധനകാര്യ വകുപ്പിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതിയോടെ 2014 ഡിസംബർ മാസത്തിൽ തന്നെ യൂണിഫോമിന് ആവശ്യമായ തുക ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതാണ്.

**നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം**

42 (4651) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ്, എയ്ഡഡ്, ഹയർസെക്കണ്ടറി സ്കൂളുകളിൽ ഹയർ സെക്കണ്ടറിക്ക് മാത്രമായി ക്ലറിക്കൽ സ്റ്റാഫ് ഉൾപ്പെടെ നോൺ ടീച്ചീംഗ് സ്റ്റാഫിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ;

(സി) നിയമനം നടന്നിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്താൻ പി.എസ്.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; നിലവിൽ പി.എസ്.സി. ലിസ്റ്റ് നിലനില്ക്കുന്നുണ്ടോ;

(ഇ) പല സ്കൂളുകളിലും മേൽ സൂചിപ്പിച്ച നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ അഭാവം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറിക്ക് മാത്രമായി നോൺ ടീച്ചിംഗ് സ്റ്റാഫായി ലാബ് അസിസ്റ്റന്റിന്റെ തസ്തിക മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ.

(ബി) ലാബ് അസിസ്റ്റന്റ് തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. ലാബ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ഇ) ഉണ്ട്.

**നെന്മാറ മണ്ഡലത്തിലെ നെന്മാറ ഗവൺമെന്റ് ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടി**

43 (4652) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളിലെ ഒരു സർക്കാർ സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ബി) നെന്മാറ മണ്ഡലത്തിലെ നെന്മാറ ഗവൺമെന്റ് ബോയ്സ് ഹയർ

സെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ച് മേൽ നടപടികൾ സ്വീകരിച്ചു വരികയാണ്.

## പ്രൈമറി സ്കൂളുകളിലെയും ഹൈസ്കൂളുകളിലെയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

44 (4653) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൈറ്റ് റ്റു എഡ്യൂക്കേഷൻ ആക്ട് പ്രകാരം പ്രൈമറി സ്കൂളുകളിലേയും ഹൈസ്കൂളുകളിലെയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയായിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്;

(ബി) കേരളത്തിലെ പ്രൈമറി സ്കൂളുകളിലും ഹൈസ്കൂളുകളിലും ഇപ്പോൾ നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് അറിയിക്കുമോ;

(സി) സർക്കാർ സ്കൂളുകളിലേയും എയ്ഡഡ് സ്കൂളുകളിലേയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) എയ്ഡഡ് സ്കൂളുകളിലെ അതേ റേഷ്യോയിൽ തന്നെ സർക്കാർ സ്കൂളുകളിലെയും റേഷ്യോ പുനഃക്രമീകരിച്ച് തസ്തികകൾ നിലനിർത്തുന്നതിന് എന്തെല്ലാം തടസ്സങ്ങളുണ്ടെന്നും ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ;

(ഇ) റൈറ്റ് റ്റു എഡ്യൂക്കേഷൻ ആക്ട് കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; പ്രസ്തുത ആക്ട് നടപ്പിലാക്കിയിട്ടുള്ള ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഷെഡ്യൂൾ പ്രകാരം 1 മുതൽ 5 വരെ സ്കൂൾ തലത്തിൽ 1:30-ഉം 6 മുതൽ 8 വരെ സ്കൂൾ തലത്തിൽ 1:35 അനുപാതവും ആയിരിക്കേണ്ടതാണ്.

(ബി&സി) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഡിവിഷൻ

തലത്തിൽ 1:45 ആണ് ഇപ്പോൾ നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം.

(ഡി) രണ്ടുമേഖലയിലും ഒരേ അനുപാതമായതിനാൽ ബാധകമല്ല.

(ഇ) കേരളമുൾപ്പെടെ എല്ലാ സംസ്ഥാനങ്ങളിലും വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കി വരുന്നുണ്ട്.

**അധ്യാപക ബാങ്ക്**

45 (4654) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ അദ്ധ്യാപക ബാങ്കിൽ എത്ര അദ്ധ്യാപകരാണ് ഉള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഈ അദ്ധ്യാപകരെ പുനർ നിയമിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ജില്ലാ തലത്തിൽ അദ്ധ്യാപക ബാങ്ക് രൂപീകരിച്ച് പുനർവിന്യാസം നടത്തുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതേയുള്ളൂ. ബാങ്ക് രൂപീകരിച്ച ശേഷമേ കൃത്യമായ കണക്കുകൾ ലഭിക്കുകയുള്ളൂ.

**സ്കൂൾ കലോൽസവ മാനുവൽ**

46 (4655) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ കലോൽസവ മാനുവൽ പരിഷ്കരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

ഇല്ല. സ്കൂൾ കലോത്സവ മാനുവലിലെ സംഘാടക സമിതി പരിഷ്കരിച്ച് കലോത്സവം നടക്കുന്ന സ്ഥലത്തെ എം.എൽ.എ.-യെ സംഘാടക സമിതി ചെയർമാനാക്കി ഉത്തരവായിട്ടുണ്ട്. നിലവിലെ മാന്വൽ പ്രകാരം സംഘാടക സമിതി ചെയർമാൻ കലോത്സവം നടക്കുന്ന സ്ഥലത്തെ മേയർ/മുനിസിപ്പൽ ചെയർമാൻ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്നു.

## സ്കൂൾ ലൈബ്രറികൾ

47 (4656) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ലൈബ്രറികളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ സ്കൂളുകളിലും ലൈബ്രറികൾ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം 1184 സർക്കാർ ഹൈസ്കൂളുകൾക്ക് 2014-15 വർഷം സ്കൂൾ ലൈബ്രറികൾക്ക് ആവശ്യമായ പുസ്തകം വാങ്ങുന്നതിന് സ്കൂൾ ഗ്രാന്റായി 50,000 രൂപയിൽ നിന്നും പരമാവധി 10,000 രൂപ അനുവദിച്ചിട്ടുണ്ട്. സ്കൂൾ ലൈബ്രറികൾ ഓട്ടോമേഷനിലൂടെ ആധുനികവൽക്കരിക്കാനും എല്ലാ ആഴ്ചയിലും ലൈബ്രറി പീരിയഡ് ഉൾപ്പെടുത്താനും സ്കൂൾ കുട്ടികൾ അംഗങ്ങളായുള്ള ലൈബ്രറി കമ്മിറ്റി രൂപീകരിച്ച് എല്ലാ വർഷവും പുസ്തകങ്ങൾ വാങ്ങാനുള്ള സംവിധാനം ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## സ്കൂൾ പാഠപുസ്തക വിതരണം

48 (4657) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 അദ്ധ്യായന വർഷം വിതരണം ചെയേണ്ട സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിച്ചുവോ ; ആകെ എത്ര പുസ്തകങ്ങൾ അച്ചടിക്കേണ്ടതുണ്ട് ; നാളിതുവരെ എത്ര അച്ചടിച്ചു; എത്ര വിതരണം നടത്തി ; എത്ര സ്കൂളുകളിൽ പൂർണ്ണമായും വിതരണം നടത്തി ; ഇനി എത്ര സ്കൂളുകളിൽ വിതരണം നടത്തേണ്ടതുണ്ട്: ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാഠപുസ്തകങ്ങൾ എപ്പോൾ വിതരണം നടത്തുവാനാണ് വകുപ്പിന്റെ തീരുമാനമെന്നും 2014 നവംബർ 30 വരെ എത്ര ശതമാനം വിതരണം നടത്തിയെന്നും അവസാന പരീക്ഷയ്ക്ക് എത്ര ദിവസം മുൻപ് വിതരണം പൂർത്തീകരിക്കുവാൻ വകുപ്പിന് കഴിയുമെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പുസ്തകങ്ങൾ അച്ചടിക്കുവാൻ ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയത് ; ഇതിന് ഈ അദ്ധ്യയന വർഷം നാളിതുവരെ ചെലവഴിച്ച തുക എത്ര ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അച്ചടി പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നു മുതൽ പത്താം ക്ലാസ്സുവരെയുള്ള 37762596 പുസ്കങ്ങൾ അച്ചടിച്ചു. സ്കൂളുകളുടെ ഇൻഡന്റ് പ്രകാരം പാഠപുസ്തക വിതരണം പൂർത്തീകരിച്ചു. വിദ്യാഭ്യാസ ഉപ ഡയറക്ടർമാരിൽ നിന്നും കുറവുവന്ന പുസ്തകങ്ങളുടെ കണക്ക് ശേഖരിച്ച് ലഭിക്കേണ്ട പുസ്തകങ്ങളും ജില്ലകളിൽ എത്തിച്ച് വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. 2014-15 അദ്ധ്യായന വർഷത്തെ പ്ലസ് 1 പ്ലസ് 2 പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ലഭിച്ച പ്രകാരമുള്ള അച്ചടി പൂർത്തീകരിച്ചിട്ടുണ്ട്. പ്ലസ് 1 ന്റെ 1456345 പുസ്തകങ്ങളും പ്ലസ് 2 ന്റെ 663761 പുസ്തകങ്ങളും അച്ചടിച്ച് വിതരണം നടത്തിയിട്ടുണ്ട്. ഇൻഡന്റ് ലഭിച്ച പ്രകാരമുള്ള എല്ലാ ജില്ലകളിലും വിതരണം നടത്തിയിട്ടുണ്ട്.

(ബി) ഇൻഡന്റ് ചെയ്തതനുസരിച്ച് നവംബർ 30-ന് മുമ്പുതന്നെ പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. പാഠപുസ്തകങ്ങൾ ഇനിയും കുറവ് ലഭിച്ചതായി രേഖപ്പെടുത്തിയതും അഡീഷണൽ ആയി പുസ്തകങ്ങൾ ആവശ്യപ്പെട്ട സ്കൂളുകൾക്ക് അതാത് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കണക്ക് പ്രകാരം വിതരണം ഡിസംബർ 15-ന് അകം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനോടകം ഇൻഡന്റ് ലഭിച്ച ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിട്ടുണ്ട്. സ്കൂളുകളിൽ നിന്നും ഇപ്പോഴും ഇൻഡന്റ് ലഭിക്കുന്നുണ്ട്. ഇൻഡന്റ് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്കൂളുകളിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ വിതരണം നടത്തിവരികയാണ്. 2014 നവംബർ 30 വരെ ലഭിച്ച ഇൻഡന്റ് പ്രകാരമുള്ള ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായി കഴിഞ്ഞു.

(സി) ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടിക്കായി കെ.ബി.പി.എസ്.-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കെ.ബി.പി.എസ്സിന് ഈ വർഷാരംഭം രണ്ട് കോടി രൂപ അഡ്വാൻസ് മാത്രമേ അനുവദിച്ചിട്ടുള്ളൂ. ബാക്കി തുക നൽകിയിട്ടില്ല. ഹയർ സെക്കണ്ടറി പാഠപുസ്തകം അച്ചടിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് സി-ആപ്റ്റിനെയാണ്. പ്ലസ് 1 ടെക്സ്റ്റ് ബുക്ക് അച്ചടിച്ച ഇനത്തിൽ ഇതുവരെ ഏകദേശം 9,35,08,088 രൂപയുടെ ബില്ലും, പ്ലസ് 2 ടെക്സ്റ്റ് ബുക്ക് അച്ചടിച്ച ഇനത്തിൽ ഇതുവരെ ഏകദേശം 8,66,183 രൂപയുടെ ബില്ലും പേപ്പർ ഇനത്തിൽ 1,63,49,349 രൂപയും പ്ലേറ്റ് ഇനത്തിൽ 1,83,856 രൂപയും ചെലവാക്കിയിട്ടുണ്ട്.

**കൊല്ലം ജില്ലയിലെ പൂതക്കുളം, ചെമ്പകശ്ശേരി ഹയർസെക്കണ്ടറി സ്കൂൾ**

49 (4658) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പൂതക്കുളം, ചെമ്പകശ്ശേരി ഹയർസെക്കന്ററി സ്കൂളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളും ഇതര ഭൗതിക സാഹചര്യങ്ങളും എന്തൊക്കെയാണെന്നും ആയതു തൃപ്തികരമാണോയെന്നും പരിശോധിച്ച് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത സ്കൂളിൽ ഈ അദ്ധ്യയന വർഷത്തിൽ പ്ലസ് വൺ അഡ്മിഷന് വേണ്ടി ഈ സ്കൂളിലെ ഒരു അദ്ധ്യാപകൻ കോഴ ആവശ്യപ്പെടുകയും പ്രസ്തുത വാർത്ത ഒരു വാർത്താ ചാനൽ പുറത്ത് വിടുകയും ഇതുമൂലം ബഹുജനസമരം നടന്നതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നുവോ ;

(സി) എങ്കിൽ ഇതിന്മേൽ സ്കൂളുമായി ബന്ധപ്പെട്ടും ആരോപണ വിധേയനായ അദ്ധ്യാപകനുമായി ബന്ധപ്പെട്ടും എന്ത് അന്വേഷണമാണ് നടത്തിയതെന്നും ആരാണ് അന്വേഷണ ഉദ്യോഗസ്ഥൻ എന്നും വെളിപ്പെടുത്തുമോ ;

(ഡി) ഈ അന്വേഷണത്തിൽ എന്തു നിഗമനത്തിലാണ് എത്തിച്ചേർന്നതെന്നും ഈ അദ്ധ്യാപകനും സ്കൂളിനുമെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും അറിയിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ സ്കൂൾ പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ ഭൗതിക സാഹചര്യങ്ങളിൽ അപര്യാപ്തത കണ്ടെത്തുകയും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനായി മാനേജ്മെന്റ് നിർദ്ദേശം നൽകുകയുണ്ടായി. തുടർ പരിശോധനയിൽ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത പരിഹരിക്കുന്നതിന് ഭാഗികമായ നടപടികൾ മാനേജ്മെന്റ് സ്വീകരിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതിനാൽ ചട്ടപ്രകാരമുള്ള മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യണമെന്ന് ഹയർസെക്കണ്ടറി ഡയറക്ടർ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി&ഡി) ബാധകമല്ല.

## ഗസ്റ്റ് ലക്ചറർമാർ

50 (4660) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും ഗസ്റ്റ് ലക്ചറർമാരുടെ സേവന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; നിലവിലുള്ള സേവന വ്യവസ്ഥകൾ വന്നത് എന്നു മുതൽക്കാണെന്ന് വിശദമാക്കാമോ;

(ബി) റഗുലർ അദ്ധ്യാപകരുടെ ശമ്പള സ്കെയിൽ അനുസരിച്ച് ഗസ്റ്റ് ലക്ചറർമാരുടെ വേതനം വളരെ കുറവായതിനാൽ ആയത് പുതുക്കി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പുതുതായി ആരംഭിച്ച 22 കോളേജുകളിൽ എവിടെയെങ്കിലും സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) പുതുതായി ആരംഭിച്ച കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാർക്ക് വേതനം സർക്കാർ നൽകുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് നൽകുന്നത്?

<u>ഉത്തരം</u>

(എ) 14-9-2011-ലെ സ.ഉ(പി) 225/2011/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം, അസിസ്റ്റന്റ് പ്രൊഫസ്സറുടെ യോഗ്യതയുള്ള, ഗസ്റ്റ് അദ്ധ്യാപകന് ഒരു ലക്ചറിന് 1000 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 25,000 രൂപ വേതനമായി അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിന് 1-1-2010 മുതൽ പ്രാബല്യമുണ്ടായിരുന്നു. പ്രസ്തുത ഉത്തരവിന് ഭേദഗതി വരുത്തി പുറപ്പെടുവിച്ച 28-11-2012-ലെ സ.ഉ(പി)602/2012/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒരു ലക്ചറിന് 500 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 25000 രൂപ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനമായി അനുവദിക്കാവുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന് പ്രസ്തുത ഉത്തരവ് തീയതി മുതൽ മാത്രമേ പ്രാബല്യമുണ്ടായിരുന്നുള്ളൂ. 25-1-2012 ലെ സ.ഉ (പി) 28/2012/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം, 25 മണിക്കൂർ ലക്ച്ചർ എടുക്കുന്ന ഗസ്റ്റ് അദ്ധ്യാപകർ അക്കാദമിക് ജോലികൾ ഉൾപ്പെടെ കുറഞ്ഞത് 50 മണിക്കൂർ കോളേജുകളിൽ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഗസ്റ്റ് ലക്ചറർമാരുടെ സേവന വ്യവസ്ഥ സംബന്ധിച്ച വിവരം പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) ഉണ്ട്, പുതുതായി ആരംഭിച്ച 22 കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തിക ഉൾപ്പെടെ 13 കോളേജുകളിലായി ആകെ 145 അദ്ധ്യാപക തസ്തികകളും 6 കോളേജുകളിൽ അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(ഡി) പുതുതായി ആരംഭിച്ച കോളേജുകളിൽ ട്രഷറി ഓതറൈസേഷൻ ലഭിച്ച താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഗസ്റ്റ് ലക്ചർമാർക്ക് വേതനം നൽകുന്നുണ്ട്.

1. ഗവ. ആർട്സ് & സയൻസ് കോളേജ്, ബാലുശ്ശേരി
2. ഗവ. ആർട്സ് & സയൻസ് കോളേജ്, മങ്കട
3. ഗവ. ആർട്സ് & സയൻസ് കോളേജ്, കൊണ്ടോട്ടി
4. ഗവ. ആർട്സ് & സയൻസ് കോളേജ്, ചേലക്കര
5. ഗവ. ആർട്സ് & സയൻസ് കോളേജ്, മലയിൻകീഴ്
6. ഗവ. ആർട്സ് & സയൻസ് കോളേജ്, തൃത്താല
7. ഗവ. ആർട്സ് & സയൻസ് കോളേജ്, താനൂർ
8. ഗവ. ആർട്സ് & സയൻസ് കോളേജ്, കൊടുവള്ളി
9. ഗവ. ആർട്സ് & സയൻസ് കോളേജ്, നെയ്യാറ്റിൻകര
10. ഗവ. ആർട്സ് & സയൻസ് കോളേജ്, തലശ്ശേരി

## സങ്കലിത വിദ്യാഭ്യാസ പദ്ധതിയിൻ കീഴിലുള്ള കരാർ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

51 (4661) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സങ്കലിത വിദ്യാഭ്യാസ പദ്ധതി (IEDSS)-യിൻ കീഴിൽ സംസ്ഥാനത്ത് ആകെ കരാർ വ്യവസ്ഥയിൽ എത്ര അദ്ധ്യാപകരാണ് ജോലിനോക്കുന്നതെന്ന് അറിയിക്കുമോ; ഇവർ പ്രസ്തുത ജോലികളിൽ എത്ര വർഷത്തോളമായി ജോലി നോക്കുന്നവരാണെന്നും അറിയിക്കുമോ;

(ബി) മേൽ വിഭാഗം ജീവനക്കാരുടെ പ്രധാന ജോലികൾ എന്തൊക്കെയാണ്; ഇതുമൂലം സമൂഹത്തിലെ ഏത് വിഭാഗം കുട്ടികൾക്കാണ് പ്രയോജനം ലഭിക്കുക;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളവും ഇതര ആനുകൂല്യങ്ങളും ലഭ്യമാക്കുന്നത് ഏത് ഫണ്ട് ഉപയോഗിച്ചാണെന്ന് അറിയിക്കുമോ; ഈക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയുണ്ടോ; വിദശാംശം അറിയിക്കുമോ;

(ഡി) പ്രസ്തുത വിഭാഗം അദ്ധ്യാപകർക്ക് കേന്ദ്ര മാനവവിഭവശേഷി വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലായെങ്കിൽ നടപ്പിലാക്കുവാൻ സർക്കാർ തയ്യാറാകുമോ;

(ഇ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ച ജയരാജൻ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് നടപ്പിലാക്കുവാൻ സന്നദ്ധമാകുമോ;

(എഫ്) കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് ഫണ്ട് ലഭ്യമാക്കി പ്രസ്തുത വിഭാഗം അദ്ധ്യാപകർക്ക് മാന്യമായ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുവാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

<u>ഉത്തരം</u>

(എ) IEDSS പദ്ധതിയിൻകീഴിൽ ഗവൺമെന്റിന്റെ അനുവാദത്തോടെ 725 റിസോഴ്സ് അദ്ധ്യാപകരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയായ IEDC പ്രകാരം 2002 മുതലും IED(SS) പദ്ധതി പ്രകാരം 2009-10 മുതലും കരാർ പുതുക്കി നിയമിക്കപ്പെട്ടാണ് ഇവർ ജോലിനോക്കി വരുന്നത്.

(ബി) പൊതു വിദ്യാലയങ്ങളിൽ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ എന്ന വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന, പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സഹായിക്കുകയും കൂടാതെ അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടിയുടെ പഠനത്തിൽ സഹായിക്കേണ്ടവിധം ബോധവൽക്കരിക്കുകയും പാഠഭാഗങ്ങളിൽ ആവശ്യമായ അനുരൂപീകരണം നടത്തുകയും ചെയ്യുന്നു. ഇത് ഭിന്നശേഷിയുള്ള കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് പ്രയോജനപ്പെടുന്നു.

(സി) കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിപ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള റിസോഴ്സ് അദ്ധ്യാപകർക്ക് കേന്ദ്രസർക്കാർ ലഭ്യമാക്കുന്ന ഫണ്ട് ഉപയോഗിച്ചാണ് ശമ്പളം നൽകുന്നത്. പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നതിനാൽ സംസ്ഥാനത്തിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടില്ല.

(ഡി) ഉണ്ട്. കേന്ദ്ര സർക്കാർ ശമ്പള ഇനത്തിൽ അനുവദിക്കുന്ന തുക റിസോഴ്സ് അദ്ധ്യാപകർക്ക് വേതനമായി നൽകിവരുന്നു.

(ഇ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ച ജയരാജൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) 2015-16 വർഷത്തേക്കുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിക്കുമ്പോൾ പ്രസ്തുത അദ്ധ്യാപകർക്ക് അർഹമായ ശമ്പളം ശിപാർശ ചെയ്യുന്നതും അനുവദിക്കുന്ന തുക വേതനമായി നൽകുന്നതുമാണ്.

## സ്കൂൾ കായികാദ്ധ്യാപക രംഗത്തെ പ്രശ്നങ്ങൾ

52 (4662) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കായികാദ്ധ്യാപക രംഗത്തെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ സ്കൂൾ കായികമേള തടസ്സപ്പെട്ടതായി ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കായികാദ്ധ്യാപക യോഗ്യത ഉള്ളവരെ മാത്രം കായിക അദ്ധ്യാപകരായി നിലനിർത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) തസ്തിക ഇല്ലാത്ത കായിക അദ്ധ്യാപകരെ മറ്റ് സ്കൂളിലേക്ക് ക്ലബ് ചെയ്ത് നിയമിക്കുന്ന പഴയ രീതി നിലനിർത്തുമോ;

(ഇ) എല്ലാ എയ്ഡഡ് - സർക്കാർ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 2014-15 വർഷത്തെ തസ്തിക നിർണ്ണയംമൂലം അധികമായി കണ്ടെത്തിയിട്ടുള്ള സർക്കാർ സ്കൂൾ അദ്ധ്യാപകരെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കും പ്രകാരം എസ്.എസ്.എ. വഴി പാർട്ട് ടൈം ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. കേന്ദ്ര സർക്കാരിൽനിന്നും ഇതിലേക്കായി അനുവദിച്ച തുക വിനിയോഗിച്ച് ടി അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനും തികച്ചും താൽക്കാലിക അടിസ്ഥാനത്തിൽ അധികമായി കണ്ടെത്തിയ അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിനുമാണ് നടപടികൾ

സ്വീകരിച്ചിരുന്നത്. എന്നാൽ ഇതിനെതിരെ കായികാദ്ധ്യാപകരുടെയും കായികാദ്ധ്യാപക വിദ്യാർത്ഥികളുടേയും പ്രതിഷേധം മൂലമാണ് ജില്ലാ സ്കൂൾ കായികമേള തടസ്സപ്പെട്ടത്.

(സി) യോഗ്യതയുള്ളവരെയാണ് കായികാദ്ധ്യാപകരായി നിലനിർത്തുന്നത്.

(ഡി) എല്ലാ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനായി കായികാദ്ധ്യാപകരെ പൂളിംഗ് വ്യവസ്ഥയിൽ നിയമിക്കുന്നുണ്ട്.

(ഇ) 1-10-2011-ലെ ജി.ഒ(പി) നമ്പർ 199/2011/പൊ.വി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പൂളിംഗ് നടത്തി, എല്ലാ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതാണ്.

**അധ്യാപക തസ്തികകളിലേക്ക് പി.എസ്.സി. അഡ്വൈസ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ**

53 (4663) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അദ്ധ്യാപക തസ്തികകളിലേക്ക് പി.എസ്.സി. അഡ്വൈസ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്ത എത്ര ഉദ്യോഗാർത്ഥികൾ നാളിതുവരെയുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) അദ്ധ്യാപക ബാങ്കിൽ നിന്നും സർക്കാർ സ്കൂളുകളിൽ ഈ അദ്ധ്യായന വർഷം എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പി.എസ്.സി. അഡ്വൈസ് ചെയ്ത പോസ്റ്റുകളിലേക്ക് അദ്ധ്യാപക ബാങ്കിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര?

ഉത്തരം

| | | |
|---|---|---|
| (എ) | തിരുവനന്തപുരം | 37 |
| | കൊല്ലം | 18 |
| | ആലപ്പുഴ | 4 |
| | എറണാകുളം | 28 |
| | മലപ്പുറം | 84 |
| | വയനാട് | 5 |

| | |
|---|---|
| കണ്ണൂർ | 17 |
| കാസർഗോഡ് | 7 |
| മറ്റ് ജില്ലകളിൽ | ഇല്ല |

(ബി) കോട്ടയം ജില്ലയിൽ അദ്ധ്യാപക ബാങ്കിലേക്ക് മാറ്റപ്പെടുവാൻ ഉദ്ദേശിച്ച 4 അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ താൽക്കാലിക ഒഴിവുകളിൽ നിയമിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 17 അദ്ധ്യാപകരെ വർക്ക് അറേഞ്ച്മെന്റ് രീതിയിൽ ആർ.എം.എസ്.എ-യിൽ നിയമിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 57 അദ്ധ്യാപകരെ അപ്ഗ്രേഡ് ചെയ്ത 14 ഹൈസ്കൂളുകളിൽ താൽക്കാലികമായി വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(സി) പി.എസ്.സി. അഡ്വൈസ് ചെയ്ത പോസ്റ്റുകളിലേക്ക് അദ്ധ്യാപക ബാങ്കിൽനിന്നും ഒരു ജില്ലയിലും നിയമനം നടത്തിയിട്ടില്ല.

## സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം

54 (4665) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ പാചകത്തൊഴിലാളികളുടെ വേതനം ഈ സർക്കാരിന്റെ കാലയളവിൽ പരിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; ഇവർക്ക് നിലവിലുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) സ്കൂൾ പാചകത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനും, ഇവരുടെ വേതനം പരിഷ്കരിക്കുന്നതിനും സ്കൂൾ പാചക തൊഴിലാളികളുടെ യൂണിയനുകളുമായി അടിയന്തരമായി ചർച്ച നടത്തുമോ?

### ഉത്തരം

(എ) ഉണ്ട്. 2011-12-ൽ പാചകത്തൊഴിലാളികളുടെ പ്രതിദിന കുറഞ്ഞ വേതനം 100 രൂപയിൽനിന്നും 150 രൂപയായും കൂടിയ വേതനം 150 രൂപയിൽ നിന്നും 200 രൂപയായും വർദ്ധിപ്പിച്ചു. 2012-13-ൽ പ്രസ്തുത നിരക്കുകൾ യഥാക്രമം 200 രൂപയും 250 രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് ഉത്സവ ബത്തയും നൽകുന്നുണ്ട്. 2014-ലെ ഓണത്തിന് 1000 രൂപയാണ് ഉത്സവ ബത്തയായി അനുവദിച്ചിട്ടുള്ളത്.

(ബി) ഇവരുടെ വേതനം പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## ആദിവാസി, ദളിത് വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം

55 (4666) ശ്രീ. കെ. രാധാകൃഷ്ണൻ :

<u>ശ്രീ. കെ. വി. വിജയദാസ്</u> :

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :

<u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാദായകരമായി കണക്കാക്കപ്പെട്ട സ്കൂളുകളിൽ പഠിക്കുന്ന ആദിവാസി, ദളിത് വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണം ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിലേക്കായി ഒരു കുട്ടിയ്ക്ക് എത്ര രൂപയാണ് ചെലവിനായി നീക്കി വെച്ചിട്ടുള്ളത്;

(സി) ഭക്ഷ്യവസ്തുകൾക്ക് വൻതോതിൽ വില വർദ്ധിച്ചിട്ടുള്ള ഇക്കാലത്ത് ഈ തുക പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ഡി) പ്രസ്തുത തുക വർദ്ധിപ്പിച്ച് ഉച്ചഭക്ഷണ പദ്ധതി ഊർജ്ജിതമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കുട്ടിയൊന്നിന് 5 രൂപ നിരക്കിൽ നൽകിവരുന്നു.

(സി&ഡി) പരിശോധിച്ചുവരുന്നു.

## വലപ്പാട് ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ്ടു അദ്ധ്യാപക തസ്തിക

56 (4667) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലപ്പാട് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ 2011-12 വർഷത്തിൽ അനുവദിച്ച അധിക പ്ലസ് ടു ബാച്ചിന് ആവശ്യമായ അദ്ധ്യാപക തസ്തിക നിർണ്ണയിച്ച് അനുമതി നൽകാൻ കാലതാമസം നേരിടുന്നതിന് കാരണം വിശദമാക്കുമോ;

(ബി) അധിക ബാച്ച് അനുവദിച്ചതു മൂലം ഉണ്ടായ തസ്തികകളിൽ ഗസ്റ്റ് അദ്ധ്യാപകരായി ജോലി നോക്കുന്നവർക്ക് ശമ്പളം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) തസ്തിക നിർണ്ണയം പൂർത്തിയാക്കി ഗസ്റ്റ് അദ്ധ്യാപകർക്ക് ശമ്പളം നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വലപ്പാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ 2011-12 വർഷത്തിൽ അനുവദിച്ച അധിക പ്ലസ് ടു ബാച്ചിന്റെ പ്രവർത്തനം കുട്ടികളുടെ കുറവുമൂലം ടി അദ്ധ്യായന വർഷം ആരംഭിച്ചിരുന്നില്ല. അതിനുശേഷം 2012-13 അദ്ധ്യായന വർഷം മുതൽ മതിയായ കുട്ടികൾ ഉള്ളതിനാൽ ടി ബാച്ചിന് പ്രവർത്തനാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 2014-ൽ ഹയർ സെക്കണ്ടറി ഡയറക്ടറിൽനിന്നും ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. ബാച്ചിന് പ്രവർത്തനാനുമതി നൽകിയശേഷം തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി&സി) ജോലി ഭാരത്തിനനുസൃതമായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാലാണ് ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകാൻ കഴിയാതിരുന്നത്. തസ്തികകൾ സൃഷ്ടിച്ചതിനുശേഷം നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി നിയമിക്കപ്പെട്ട യോഗ്യരായ എല്ലാ ഗസ്റ്റ് അദ്ധ്യാപകർക്കും ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മൾട്ടി ഗ്രേഡ് ലേണിംങ് സെന്റർ ഇൻസ്ട്രക്ടർമാരുടെ വേതനം**

57 (4668) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ MGLC (മൾട്ടി ഗ്രേഡ് ലേണിംങ് സെന്റർ) ഇൻസ്ട്രക്ടർമാരുടെ വേതനം പതിനായിരം രൂപയായി വർദ്ധിപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ശുപാർശ പരിഗണിച്ച് മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേതനം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പരിഗണിച്ച് വിദ്യാ വോളന്റിയർമാരുടെ വേതനം 3000 രൂപയിൽ നിന്നും 5000 രൂപയായി ഉയർത്തിയിട്ടുണ്ട്. 2014 സെപ്റ്റംബർ മുതൽ ഇവർക്ക് 5000 രൂപ ഓണറേറിയം നൽകുന്നുണ്ട്.

**കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. മലയാളം തസ്തികകൾ**

58 (4669) <u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എച്ച്.എസ്.എ. മലയാളം എത്ര തസ്തികകളാണ് നിലവിലുള്ളത്, ഇതിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജില്ലയിൽ സ്റ്റാഫ് ഫിക്സേഷൻ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലായെങ്കിൽ എന്ന് പൂർത്തീകരിക്കും ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ ജില്ലയിൽ എച്ച്.എസ്.എ. മലയാളം തസ്തികയിൽ എക്സസ് ആയ അദ്ധ്യാപകരുടെ ലിസ്റ്റ് എടുത്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) നിലവിൽ ജില്ലയിലെ ഈ തസ്തികയിൽ ആരെങ്കിലും ദിവസവേതന അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ജോലി നോക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഇ) ഈ ജില്ലയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; ഈ ലിസ്റ്റിൽ നിന്നും എച്ച്.എസ്.എ (മലയാളം) നാളിതുവരെയായി എത്രപേരെയാണ് നിയമിച്ചിരിക്കുന്നത് ;

(എഫ്) പി.എസ്.സി ലിസ്റ്റ് നിലവിലുള്ളപ്പോൾ, കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ :

(ജി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ 1x45 അനുപാതത്തിൽ എച്ച്.എസ്.എ. മലയാളത്തിന് 228 തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ 236 പേർ ജോലി ചെയ്യുന്നുണ്ട്. നിലവിൽ 8 പേർ അനുവദനീയമായതിലും കൂടുതലാണ്. ആയതിനാൽ ഇപ്പോൾ ഒഴിവുകളൊന്നുംതന്നെ നിലവിലില്ല.

(ബി) പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 1x45 അനുപാതത്തിൽ അനുവദനീയമായതിലും കൂടുതലായി 8 പേർ നിലവിലുണ്ട്.

1. നിത എ, ജി.എച്ച്.എസ്.എസ്, പാലയാട്.

2. മോഹനൻ ജി, ജി.എച്ച്.എസ്.എസ്, കോട്ടയം, മലബാർ.

3. രവീന്ദ്രൻ തെക്കുമ്പാടൻ, ജി.എച്ച്.എസ്.എസ്, വെള്ളൂർ.

4. രാധാമണി വി. വി, ജി.എച്ച്.എസ്.എസ്, ശ്രീകണ്ഠാപുരം.

5. എസ്. പി. മധുസൂദനൻ, ജി.എച്ച്.എസ്.എസ്, കണ്ണൂർ സിറ്റി.

6. ജ്യോതിലക്ഷ്മി വി. പി, ജി.എച്ച്.എസ്.എസ്, പള്ളിക്കുന്ന്.

7. ഭാർഗ്ഗവി സി. കെ, പി.ജി.എം. ജി.എച്ച്.എസ്.എസ്, ചെറുവാഞ്ചേരി.

8. റിത പി., പി.ജി.എം. ജി.എച്ച്.എസ്.എസ്, ചെറുവാഞ്ചേരി

മുകളിൽ കാണിച്ച ക്രമ നമ്പർ 1 മുതൽ 6 വരെയുള്ള അദ്ധ്യാപകരെ 1x35 അനുപാതത്തിൽ അതാത് സ്കൂളുകളിൽതന്നെ നിലനിർത്തിയിട്ടുണ്ട്. ക്രമ നമ്പർ 7, 8 എന്നിവയിലെ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകർ പഞ്ചായത്ത് ഹൈസ്കൂളുകളിൽ നിന്നുള്ളവരായതിനാൽ അവരെ പ്രസ്തുത സ്കൂളുകളിൽ തന്നെ നിലനിർത്തിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) നിലവിലുണ്ട്. 1-12-2011 മുതൽ നാളിതുവരെ 23 പേർക്ക് നിയമനം നൽകി.

(എഫ്) കരാർ അടിസ്ഥാനത്തിൽ ആരുംതന്നെ ജില്ലയിൽ എച്ച്.എസ്.എ. മലയാളം തസ്തികയിൽ ജോലി ചെയ്യുന്നില്ല.

(ജി) എച്ച്.എസ്.എ. മലയാളം തസ്തികയിൽ കണ്ണൂർ ജില്ലയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഒഴിവുകൾ നിലവിലില്ല.

**കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. മലയാളം നിയമനം**

59 (4670) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് നാല് വർഷം കഴിഞ്ഞതിനു ശേഷവും 246 പേരുള്ള ഈ ലിസ്റ്റിൽ നിന്നും നിയമനങ്ങൾ കാര്യമായി നടക്കാത്തതിനെത്തുടർന്ന് എത്രയും വേഗം പ്രസ്തുത തസ്തികയിലേക്കുള്ള ഒഴിവുകൾ റിപ്പോർട്ടു ചെയ്യണമെന്ന് 18-9-2014-ൽ അഡ്മിനിസ്ട്രേറ്റീവ്

ട്രിബ്യൂണൽ ഉത്തരവിട്ടതിനു ശേഷവും 26-9-2014, 27-9-2014 എന്നീ തീയതികളിൽ മേൽപറഞ്ഞ ഉത്തരവ് ലംഘിച്ചുകൊണ്ട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, പുനർവിന്യാസ ഉത്തരവു പുറപ്പെടുവിക്കാൻ കാരണമെന്താണെന്നും പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ;

(ബി) പ്രതീക്ഷിത റിട്ടയർമെന്റ് ഒഴിവുകൾ ഉൾപ്പെടെ പ്രസ്തുത തസ്തികയിലെ എല്ലാ ഒഴിവുകളും എന്നത്തേക്ക് റിപ്പോർട്ടു ചെയ്യും എന്ന് വിശദമാക്കുമോ;

(സി) കണ്ണൂർ ജില്ലയിൽ എച്ച്.എസ്.എ. മലയാളം അദ്ധ്യാപക നിയമനത്തിൽ 1:35 എന്ന അനുപാതം നിലനിർത്തി, 26-9-2014, 27-9-2014 എന്നീ തീയതികളിൽ പുനർവിന്യാസം നടത്തി നിയമിച്ചവരെ മാതൃവിദ്യാലയത്തിലേക്കു തിരിച്ചയക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2014-15 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 1x45 അനുപാതത്തിൽ 228 എച്ച്.എസ്.എ. (മലയാളം) തസ്തികകളാണ് കണ്ണൂർ ജില്ലയിൽ നിലവിലുള്ളത്. എന്നാൽ 236 പേർ ജോലി ചെയ്തുവരുന്നുണ്ട്. നിലവിൽ 8 പേർ അനുവദനീയമായതിലും കൂടുതലായതിനാൽ 1x35 അനുപാതത്തിൽ താൽക്കാലികമായി അതാത് സ്കൂളുകളിൽ നിലനിർത്തിയിരിക്കുകയാണ്. 18-9-2014-ലെ ഉത്തരവ് പ്രകാരം നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശിച്ചു എങ്കിലും തസ്തികയിൽ ഒഴിവില്ലാത്തതിനാൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) അദ്ധ്യാപകരുടെ തസ്തിക നിർണ്ണയിക്കുന്നത് ഓരോ വർഷവും റോളിലുള്ള വിദ്യാർത്ഥികളുടെ എണ്ണം അനുസരിച്ചാണ്. ഇക്കാരണത്താൽ ഓരോ അദ്ധ്യായന വർഷവും തസ്തിക നഷ്ടപ്പെടുവാൻ സാധ്യതയുള്ളതിനാലും നിലവിൽ 8 പേർ അധികമായി ജോലി ചെയ്യുന്നതിനാലും പ്രതീക്ഷിത ഒഴിവുകൾ തൽക്കാലം റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുന്നതല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**അധികമായി കണ്ടെത്തിയ ഭാക്ഷാധ്യാപകർ**

60 (4671) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷം തസ്തിക നിർണ്ണയത്തിൽ അധികമായി കണ്ടെത്തിയ ഭാഷ അദ്ധ്യാപകരുടെ കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

അധിക അദ്ധ്യാപകരെയെല്ലാം അദ്ധ്യാപക ബാങ്ക് രൂപീകരിച്ച് പുനർ വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്വകാര്യ ലാഭത്തിനായി സ്കൂളുകൾ പൂട്ടുന്നതിനെതിരെ നടപടി**

61 (4672) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായകരമല്ലെന്ന പേരിൽ സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന എയ്ഡഡ് സ്കൂളുകൾ പൂട്ടാൻ മാനേജർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്കൂളും പരിസരവും ഉൾപ്പെടുന്ന സ്കൂൾ വക സ്വത്തിന്റെ പൂർണ്ണാവകാശം മാനേജർമാർക്ക് ഉപാധിരഹിതമായി വിട്ടു കൊടുക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; അത്തരം തീരുമാനങ്ങൾ സ്കൂളുകൾ പൂട്ടാനുള്ള നടപടിക്ക് മാനേജർമാരെ പ്രേരിപ്പിക്കുന്ന സ്ഥിതി വരുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) നഗരമധ്യത്തിലെ പല എയ്ഡഡ് വിദ്യാലയങ്ങളും നിലനിൽക്കുന്ന സ്ഥലത്തിന്റെ മാർക്കറ്റ് വില കണക്ക് കൂട്ടി മാനേജർമാർ വിദ്യാലയങ്ങൾ അടച്ചിടാൻ ശ്രമം നടത്തുന്നത് തടയാൻ ശ്രദ്ധിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) കച്ചവട താല്പര്യത്തോടെ ചില മാനേജർമാർ ഇത്തരത്തിൽ നീക്കങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അനുവദിക്കുന്ന ഒരു ഉത്തരവും സർക്കാർ നൽകിയിട്ടില്ല.

**ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾ**

62 (4673) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സർക്കാർ സ്കൂളുകൾ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നു; വിശദാംശം നൽകുമോ;

(ബി) ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം എൽ.പി. സ്കൂളുകൾ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നു; വിശദമാക്കുമോ;

(ഡി) വേണ്ടത്ര ഭൗതിക സാഹചര്യങ്ങൾ ഉണ്ടായിരുന്നിട്ടും പുന്നപ്ര പറവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എൽ.പി. വിഭാഗം ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) സ്കൂൾ അധികാരികളും പി.ടി.എ. -യും പൊതുജനങ്ങളും നിരന്തരം ആവശ്യപ്പെട്ടിട്ടും ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ;

(എഫ്) പറവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ എൽ.പി. വിഭാഗത്തിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സാധാരണ നിലയിൽ ക്ലാസ്സുകൾ നടത്തുവാൻ കെട്ടിടവും മറ്റു ഭൗതിക സാഹചര്യങ്ങളും ലഭ്യമല്ലാത്തതുമൂലമാണ് സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തേണ്ടി വരുന്നത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി-എഫ്) പുന്നപ്ര പറവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ എൽ.പി. വിഭാഗത്തിലെ ഷിഫ്റ്റ് സമ്പ്രദായം ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16-12-2014-ലെ ബി5/11213/14 നമ്പർ ഉത്തരവ് പ്രകാരം അവസാനിപ്പിച്ചിട്ടുണ്ട്.

**അദ്ധ്യാപക നിയമനം**

63 (4674) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ 2014-15-ലെ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച ഡിവിഷനുകളിലേക്കുള്ള അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ;

(ബി) കരുനാഗപ്പള്ളി വിദ്യാഭ്യാസ ഉപജില്ലയിൽ, ആദിനാട് ഗവൺമെന്റ് യു.പി. സ്കൂൾ (code 41246)-ൽ 2014-15 അദ്ധ്യയനവർഷത്തിൽ ലോവർപ്രൈമറി വിഭാഗത്തിൽ അനുവദിച്ച രണ്ട് ഡിവിഷനിലേക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്കൂളിന്റെ പ്രവർത്തനം സുഗമമായി നടക്കുന്നതിനുവേണ്ടി രണ്ട് അദ്ധ്യാപകരെ അദ്ധ്യാപകബാങ്കിൽ നിന്നും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2014-15-ലെ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനിരിക്കുന്നതേയുള്ളൂ.

(ബി&സി) തസ്തിക നിർണ്ണയം സംബന്ധിച്ച പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച ശേഷമേ ഇക്കാര്യത്തിലുള്ള തീരുമാനങ്ങൾ സ്വീകരിക്കാനാവൂ.

**അദ്ധ്യാപക പാക്കേജ്**

64 (4675) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ 25-10-2011-ലെ ജെ./60930/11 പൊ.വി. വിശദീകരണ പ്രകാരം അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് 1-6-2011-ന് മുൻപുള്ള എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക തസ്തികയിലേക്കുള്ള നിയമനങ്ങൾ അംഗീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അധിക തസ്തികയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരിൽ ആർക്കെങ്കിലും കോടതിയുത്തരവ് മുഖേനയോ അല്ലാതെയോ 1-6-2011-ന് മുമ്പുള്ള നിയമനം അംഗീകരിച്ച് ശമ്പളം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽ വടവൂർ, ചക്കാല എച്ച്.എച്ച്.എസിൽ 5-6-2006 മുതൽ 31-10-2010 വരെ അവധി ഒഴിവിൽ ജോലിചെയ്ത ശ്രീമതി ഷബീന. വി.എൻ.

എന്ന ഇംഗ്ലീഷ് അദ്ധ്യാപികയ്ക്ക് ശമ്പളം ലഭ്യമാക്കുമോ;

(ഡി) വടവൂർ ചക്കാല എച്ച്.എച്ച്.എസ്.-ലെ അബ്ദുറഹീമിന്റെ അവധി ഒഴിവിൽ 5-6-2006 മുതൽ 31-6-2010 വരെ മറ്റാർക്കെങ്കിലും നിയമനം നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് ശമ്പളം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) മേലുത്തരവ് പ്രകാരം ശ്രീമതി ഷബീന. വി. എൻ.-ന്റെ അവധി ഒഴിവിലേയ്ക്കുള്ള തസ്തിക അംഗീകരിക്കാനും ശമ്പളം നൽകാനും നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ട 1-6-2011 മുതൽ നിയമന അംഗീകാരം ലഭിച്ചവരുടെ 1-6-2011-ന് മുമ്പുള്ള മുൻകാല സർവ്വീസ് അംഗീകരിക്കുന്നതല്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി-ഇ) വിവരം ശേഖരിച്ചു വരുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികൾ**

65 (4676) <u>ശ്രീ. എസ്.ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ നിന്നും 2010, 2011,2012,2013 വർഷങ്ങളിൽ 8A+, 9A+, 10A+ എന്നീ ഗ്രേഡുകൾ ലഭിച്ച് എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

2010, 2011, 2012, 2013 വർഷങ്ങളിൽ വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ നിന്നും 8A+, 9A+, 10A+ എന്നീ ഗ്രേഡുകൾ ലഭിച്ച് എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| വർഷം | 8A+ | 9A+ | 10A+ |
|---|---|---|---|
| 2010 | 6 | 10 | 11 |

| | | | |
|---|---|---|---|
| 2011 | 12 | 12 | 16 |
| 2012 | 9 | 16 | 24 |
| 2013 | 14 | 18 | 38 |

**ഏകാദ്ധ്യാപക വിദ്യാലയങ്ങൾ ലോവർ പ്രൈമറി സ്കൂളായി ഉയർത്താൻ നടപടി**

66 (4677) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ ലോവർ പ്രൈമറി സ്കൂളായി ഉയർത്താൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലോവർ പ്രൈമറി സ്കൂളായി ഉയർത്തുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പത്ത് എണ്ണത്തെ സർവ്വ ശിക്ഷാ അഭിയാൻ തെരഞ്ഞെടുക്കുകയും ആദ്യഘട്ടമായി അവയുടെ പ്രവർത്തനം അടുത്ത അദ്ധ്യായന വർഷം തന്നെ ആരംഭിക്കുവാൻ വേണ്ട നടപടിക്രമങ്ങൾ പൂർത്തിയായിട്ടുമുണ്ട്.

**കോഴിക്കോട് ജില്ലയിലെ എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത അദ്ധ്യാപകർ**

67 (4680) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ 2011 ആഗസ്റ്റ് മുതൽ നിയമിക്കപ്പെട്ട് ഇനിയും നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത എത്ര അദ്ധ്യാപകർ ഉണ്ട് എന്നത് ഉപജില്ല, വിദ്യാഭ്യാസ ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത അദ്ധ്യാപകരുടെ പേരുവിവരം സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) ശമ്പളമില്ലാതെ ജോലി ചെയ്യുന്ന പ്രസ്തുത അദ്ധ്യാപകർക്ക് നിയമനാംഗീകാരം

* ലൈബ്രറി വച്ചിട്ടുണ്ട്.

നൽകി ശമ്പളം ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2011-നുശേഷം നിയമനാംഗീകാരമില്ലാതെയുള്ള അദ്ധ്യാപകരുടെ സർവ്വീസ് വിഷയങ്ങളിലുൾപ്പെടെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**അമ്പലപ്പുഴ മണ്ഡലത്തിലെ ശുചിമുറികൾ (ടോയിലറ്റുകൾ) ഇല്ലാത്ത സർക്കാർ സ്കൂളുകൾ**

68 (4682) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴ മണ്ഡലത്തിൽ ശുചിമുറികൾ (ടോയിലറ്റുകൾ) ഇല്ലാത്ത എത്ര സർക്കാർ സ്കൂളുകൾ ഉണ്ട്; ഇവിടങ്ങളിൽ ശുചിമുറികൾ സ്ഥാപിക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

അമ്പലപ്പുഴ മണ്ഡലത്തിലെ എല്ലാ സർക്കാർ സ്കൂളുകൾക്കും ശുചിമുറികളുണ്ട്.

**സ്പെഷ്യൽ സ്കൂളുകൾക്കുള്ള ബഡ്ജറ്റ് വിഹിതം**

69 (4683) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ സ്കൂളുകൾക്കായി സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകം തുക നീക്കിവെയ്ക്കാൻ തുടങ്ങിയത് എന്നുമുതലാണ്;

(ബി) ഈ സാമ്പത്തിക വർഷം സ്പെഷ്യൽ സ്കൂളുകൾക്കായി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്;

(സി) നൂറ് കുട്ടികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭ്യമായ ബഡ്ജറ്റ് രേഖകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ മുപ്പതോളം

വർഷങ്ങളായി സ്പെഷ്യൽ സ്കൂളുകൾക്കായി സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തുന്നതായി കാണുന്നു.

(ബി) 2014-15 സാമ്പത്തിക വർഷം സ്പെഷ്യൽ സ്കൂളുകൾക്കായി 3344.49 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) 28-4-2014-ലെ സ.ഉ (പി) നമ്പർ 69/2014/പൊ.വി.വ പ്രകാരം ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

## ട്രെയിനിംഗ് പാർട്ട്ണർ സ്കീം

70 (4684) <u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. സി. പി. മു ഹമ്മദ്</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ട്രെയിനിംഗ് പാർട്ട്ണർ സ്കീമിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്ത് ട്രെയിനിംഗ് പാർട്ട്ണർ സ്കീം (TPS) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആർട്ട്സ് & സയൻസ് കോളേജുകളിലെ അവസാന വർഷ ഡിഗ്രി, പി ജി വിദ്യാർത്ഥികളിൽ നിന്ന് തെരഞ്ഞെടുത്തവർക്ക് സോഫ്റ്റ്വെയർ സ്കില്ലിലും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും പരിശീലനം നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കോളേജുകൾ, ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങൾ എന്നിവയെ ചുമതലപ്പെടുത്തുന്ന പദ്ധതിയാണ് 'ട്രെയിനിംഗ് പാർട്ട്ണർ സ്കീം'. ഇത്തരത്തിൽ തെരഞ്ഞെടുത്ത

സ്ഥാപനങ്ങൾ അസാപ് നിർദ്ദേശിക്കുന്ന രീതിയിൽ ഗുണനിലവാരത്തോടെ, തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നിർവ്വഹിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇതിന് പ്രത്യേക മാനദണ്ഡങ്ങളും നിബന്ധനകളും അസാപ് തയ്യാറാക്കി വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ മെച്ചപ്പെട്ട സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും ഫാക്കൽറ്റികളുടെ വൈദഗ്ധ്യവും തൊഴിൽ പരിശീലനത്തിനായി ഉപയുക്തമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. കൂടാതെ പ്രത്യേക വൈദഗ്ധ്യമേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ സാധാരണ പ്രവൃത്തി സമയത്തിനുപുറമെയുള്ള മണിക്കൂറുകൾ മറ്റ് വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യവും ഇതിനുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അസാപ്പിൽ സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളായി പ്രവർത്തിക്കുന്നതിനും പദ്ധതി അവസരമൊരുക്കുന്നു.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ, എയ്ഡഡ് കോളേജുകൾ.

(ഡി) കുറഞ്ഞ ചെലവിൽ മികച്ച സ്ഥാപനങ്ങളുടെ സഹായത്തോടെ പരിശീലനം സമയബന്ധിതമായി പൂർത്തിയാക്കുക.

## സ്കൂളുകളിലെ ഉച്ചഭക്ഷണം

71 (4685) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ എൽ.പി., യു.പി. വിഭാഗത്തിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അളവും മെനുവും അറിയിക്കുമോ;

(സി) ഓരോ കുട്ടിക്കും നൽകേണ്ടുന്ന പച്ചക്കറിയുടെ അളവും അതിനായി അനുവദിക്കുന്ന തുകയും എത്രയാണ്;

(ഡി) ആഴ്ചയിൽ എത്ര ദിവസം എത്ര അളവിലാണ് ഓരോ കുട്ടിക്കും പാലും കോഴിമുട്ടയും നൽകുന്നത്;

(ഇ) ഉച്ചഭക്ഷണത്തിനായി അനുവദിക്കുന്ന കയറ്റിറക്ക് കൂലിയും പാചകക്കൂലിയും എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അരി - പ്രൈമറി വിഭാഗത്തിന് - 100 ഗ്രാം

അരി - അപ്പർപ്രൈമറി വിഭാഗത്തിന് - 150 ഗ്രാം

വൈവിദ്ധ്യമുള്ളതും, പോഷകപ്രദവുമായ സമീകൃതാഹാരം കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഓരോ ദിവസവും ലഭിക്കുന്ന രീതിയിൽ മെനു തയ്യാറാക്കാൻ സ്കൂൾ നൂൺഫീഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പച്ചക്കറി - പ്രൈമറി വിഭാഗത്തിന് - 50 ഗ്രാം പച്ചക്കറി

അപ്പർ പ്രൈമറി വിഭാഗത്തിന് - 75 ഗ്രാം.

കുട്ടിയൊന്നിന് പ്രതിദിനം അനുവദിക്കുന്ന 5 രൂപയിൽനിന്നും പച്ചക്കറിക്കുള്ള തുക സ്കൂൾ അധികൃതർ നൽകുന്നതാണ്.

(ഡി) പാൽ 150 മി. ലിറ്റർ തോതിൽ ആഴ്ചയിൽ രണ്ടുദിവസം, മുട്ട ആഴ്ചയിൽ ഒരു ദിവസം.

(ഇ) കയറ്റിറക്കു കൂലി കുട്ടികൾക്ക് പ്രതിദിനം അനുവദിക്കുന്ന 5 രൂപയിൽ നിന്നും കണ്ടെത്തേണ്ടതാണ്. പാചകക്കൂലി കുറഞ്ഞത് 200 രൂപയും പരമാവധി 250 രൂപയും പ്രത്യേകമായി നൽകി വരുന്നു.

## ഉച്ചക്കഞ്ഞി വിതരണം

72 (4687) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉച്ചക്കഞ്ഞി വിതരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനേജ്മെന്റ് ഫണ്ട് (MME) ഇനത്തിൽ എന്തു തുക നീക്കി വെച്ചുവെന്നും ഓരോ അദ്ധ്യായന വർഷവും എന്തു തുക വിനിയോഗിച്ചുവെന്നും അതിന്റെ ശതമാനവും വെളിപ്പെടുത്തുമോ ;

(ബി) ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കുന്നതെന്നും ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉച്ചഭക്ഷണ പദ്ധതിയുടെ

മാനേജ്മെന്റ് ഫണ്ട് (MME) തുക അനുവദിച്ചിട്ടില്ല. 2006-07, 2007-08, 2009-10 വർഷത്തിൽ ആകെ 354.44 ലക്ഷം രൂപ ഈയിനത്തിൽ അനുവദിച്ചിട്ടുണ്ട്. ചെലവു വിവരം ചുവടെ ചേർക്കുന്നു:

| വർഷം | വർഷാരംഭത്തിൽ നീക്കിയിരുപ്പ് (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|
| 2011-12 | 207.67 | 15.93 | 7.67% |
| 2012-13 | 191.74 | 25.72 | 13.41% |
| 2013-14 | 166.02 | 48.46 | 29.19% |
| 2014-15 (30-9-2014 വരെ) | 117.56 | 20.51 | 17.44% |

(ബി&സി ) നൂൺ മീൽ ആഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

**അനാദായകരമായ സ്കൂളുകൾ**

73 (4689) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകൾ അനാദായകരം എന്ന് തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പത്തിൽ താഴെ കുട്ടികളുള്ള എത്ര സ്കൂളുകളാണുള്ളത് ; ഇവ പൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) അനാദായകരമായതും പത്തിൽ താഴെ കുട്ടികളുള്ളതുമായ സ്കൂളുകൾ അത്യാവശ്യമുള്ള സ്ഥലങ്ങളിലേക്ക് മാറ്റി നൽകാൻ തയ്യാറാവുമോ ;

(ഡി) ഇത്തരം സ്കൂളുകൾ മാറ്റി സ്ഥാപിക്കുന്നത് അനാവശ്യമായ ശമ്പള ചെലവുകൾ ഒഴിവാക്കുന്നതിനും അത്യാവശ്യമായി സ്കൂളുകൾ വേണ്ട സ്ഥലങ്ങളിൽ അധിക ബാധ്യതയില്ലാതെ സൗകര്യമൊരുക്കുന്നതിനും സഹായമാവുമെന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഒരു ക്ലാസ്സിൽ 25-ൽ കുറവ് കുട്ടികളുള്ള സ്കൂളുകളാണ് അനാദായകരം

എന്ന് കേരള വിദ്യാഭ്യാസ ചട്ടത്തിൽ വിവക്ഷിച്ചിട്ടുള്ളത്. ഇത്തരത്തിൽ 5252 സ്കൂളുകൾ സംസ്ഥാനത്തുണ്ട്. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി മേൽപ്പറഞ്ഞ വ്യവസ്ഥയിൽ താല്ക്കാലിക ഇളവ് വരുത്തിയതു പ്രകാരം 15-ൽ താഴെ കുട്ടികളുള്ള സ്കൂളുകളെയാണ് അനാദായകരമായി കണക്കാക്കുന്നത്. ഇത്തരത്തിൽ 3531 സ്കൂളുകൾ നിലവിൽ ഉണ്ട്.

(ബി-ഡി) പത്തിൽ താഴെ കുട്ടികളുള്ള 191 സ്കൂളുകൾ സംസ്ഥാനത്തുണ്ട്. ഇവ അടച്ചുപൂട്ടാൻ നയപരമായ തീരുമാനം സർക്കാർ എടുത്തിട്ടില്ല.

## സർക്കാർ സ്കൂളുകളുടെ മേൽക്കൂര

74 (4691) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൻ കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളിലെ 8(5)-ൽ സർക്കാർ സ്കൂളുകളുടെ മേൽക്കൂര ആസ്ബസ്റ്റോസ്/ടിൻ ഷീറ്റ് എന്നിവ ഉപയോഗിച്ചിട്ടുള്ളതാണെങ്കിൽ ആയത് നിയമം നിലവിൽവന്ന് ഒരു വർഷത്തിനുള്ളിൽ മാറ്റണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള സ്കൂളുകളെ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പത്തനംതിട്ട ജില്ലയിലെ തിരുവല്ല വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ പ്രവർത്തിക്കുന്ന പരുമല ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ മേൽക്കൂര ആസ്ബസ്റ്റോസ്/ ടിൻ ഷീറ്റ് ഉപയോഗിച്ചുള്ളതാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത സ്കൂളിന്റെ നിലവിലെ റ്റിൻഷീറ്റ് മേൽക്കൂര മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവര ശേഖരണം നടത്തിവരുന്നു.

(സി) ഉണ്ട്.

(ഡി) സ്കൂളിന്റെ നിലവിലെ മേൽക്കൂര മാറ്റി അലുമിനിയം ജി1 ഷീറ്റിന്റെ മേൽക്കൂര ആക്കിയിട്ടുണ്ട്.

## സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക, ആരോഗ്യ പ്രശ്നങ്ങൾ

75 (4692) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലെയും വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക, ആരോഗ്യപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്താൻ ശ്രമിച്ചിട്ടുണ്ടോ;

(ബി) ആയത് വിലയിരുത്തുന്നതിന് എല്ലാ സർക്കാർ സ്കൂളുകളിലും കൗൺസിലിങ് ഏർപ്പെടുത്തുന്നതിനായി ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കുട്ടികളുടെ മാനസിക, ശാരീരിക, ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 1200 സർക്കാർ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. ക്ലബ്ബുകൾക്ക് നേതൃത്വം നൽകുന്ന അദ്ധ്യാപകർക്ക് കൗസിലിംഗിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ സർക്കാർ-എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും വിദ്യാർത്ഥികളുടെ മാനസിക ശാരീരിക ആരോഗ്യ പ്രശ്നങ്ങൾ ഏതൊക്കെയെന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന കരിയർ ഗൈൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ വിലയിരുത്തിയിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ മാനസികം, സാമുദായികം, സാമൂഹികം, ശാരീരികം, ആരോഗ്യപരം എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. എല്ലാ സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് എന്ന പേരുള്ള താല്ക്കാലിക സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

## സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ കൂലി

76 (4693) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കുന്ന പാചകത്തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി എത്രയാണ്;

(ബി) പാചകത്തിനായി ഓരോ കുട്ടിക്കും സർക്കാർ എത്ര രൂപയാണ് അനുവദിക്കുന്നത്;

(സി) പ്രസ്തുത തുക മുഴുവനായി പാചക തൊഴിലാളികൾക്ക് നൽകാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പാചകത്തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 200 രൂപ

(ബി) 150 കുട്ടികൾ വരെയുള്ള സ്കൂളിൽ ദിവസം 200 രൂപ നിരക്കിലും 150-നു മുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ 200 രൂപയ്ക്കു പുറമെ കുട്ടിയൊന്നിന് 25 പൈസ നിരക്കിൽ പരമാവധി 250 രൂപ വരെയും നൽകുന്നു.

(സി) നൽകുന്നുണ്ട്.

(ഡി) ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ലൈബ്രേറിയൻ തസ്തിക**

77 (4694) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഇതുവരെയായി തസ്തിക സൃഷ്ടിക്കാത്തതിനാൽ ലൈബ്രേറിയൻമാരെ നിയമിച്ചിട്ടില്ല; വിശദാംശം നൽകുമോ;

(ബി) ഹൈസ്കൂളിലും ഹയർ സെക്കണ്ടറി തലത്തിലും ഉള്ള കുട്ടികൾ ലൈബ്രറികളെ റഫറൻസിനും പ്രൊജക്ട് ചെയ്യുന്നതിനും കൂടുതലായി ആശ്രയിക്കുന്ന കാലഘട്ടത്തിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഹൈസ്കൂളിലും ഹയർ സെക്കണ്ടറിയിലും കൂടി ഒരു ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രറികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ജോലി ഭാരം കുറവുള്ള അദ്ധ്യാപകർക്ക് പ്രതിഫലത്തോടെ അധിക ചുമതല നൽകിയിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

**സർവ്വശിക്ഷാ അഭിയാൻ പദ്ധതി**

78 (4695) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്ക് കേന്ദ്രം അനുവദിച്ച തുക ഏതെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) സ്കൂൾ കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുവാൻ ഈ പദ്ധതിയിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോയെന്നും ; എല്ലാവർക്കും യൂണിഫോം വിതരണം പൂർത്തിയാക്കിയിട്ടുണ്ടോയെന്നും പറയാമോ;

(സി) ഈ വർഷം എസ്.എസ്.എ. പദ്ധതി വിഹിതം ഉപയോഗിച്ച് കേന്ദ്രം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കുവാൻ സംസ്ഥാനത്ത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും അത് നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ ഉറപ്പുവരുത്തുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സർവ്വ ശിക്ഷാ അഭിയാൻ കേരളയ്ക്ക് നടപ്പുവർഷം 429.81 കോടി രൂപ പദ്ധതി അടങ്കലായി അനുവദിച്ചു. ഇതിൽ കേന്ദ്ര വിഹിതം 259.22 കോടിയാണ്. 103 കോടി ലഭിച്ചു. 30-11-2014 വരെ 120.50 കോടി രൂപ ചെലവഴിച്ചു. താഴെ പറയുന്ന മേഖലകളിലാണ് തുക പ്രധാനമായും ചെലവഴിക്കുന്നത്.

1. സൗജന്യ പാഠപുസ്തകം
2. സൗജന്യ യൂണിഫോം
3. അദ്ധ്യാപക പരിശീലനം
4. സ്കൂൾ ഗ്രാന്റ്
5. ഗവേഷണവും മൂല്യനിർണ്ണയവും
6. ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സഹായ വിതരണം
7. പെൺകുട്ടികളുടെ വിദ്യാഭ്യാസം
8. പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം
9. ന്യൂനപക്ഷ വിദ്യാഭ്യാസം
10. കമ്മ്യൂണിറ്റി പരിശീലനം

11. സിവിൽ വർക്ക്

12. പഠന ബോധന പരിപാടി

13. സാമൂഹ്യ പങ്കാളിത്തം

(ബി) 2014-15 സാമ്പത്തിക വർഷം യൂണിഫോമിനായി അനുവദിക്കപ്പെട്ട തുക ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകളിലെ എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാവർക്കും യൂണിഫോം വിതരണം നടത്തിവരുന്നു.

(സി) 2013-14 വർഷത്തെ വാർഷിക പദ്ധതിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുവാനുള്ള നടപടികൾ സംസ്ഥാന ജില്ലാ ഓഫീസുകൾ കൈക്കൊണ്ടുവരുന്നു.

**അദ്ധ്യാപകരുടെ പെൻഷൻ പ്രായം വർദ്ധനവ്**

79 (4696) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസം മുതൽ നാളിതുവരെ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ കെ.ഇ.ആർ. വ്യവസ്ഥ അനുസരിച്ച് 1:45 അനുപാതത്തിൽ അധിക തസ്തികയുണ്ടായത് പ്രകാരം പ്രസ്തുത തസ്തികയിൽ നിയമിതരായ അദ്ധ്യാപകർക്ക് എന്ന് നിയമന അംഗീകാരം നൽകും; വിശദാംശം ലഭ്യമാക്കുമോ ;

(ബി) അദ്ധ്യാപകരുടെ പെൻഷൻ പ്രായം വർദ്ധനവ് പരിഗണനയിലുണ്ടോ?

ഉത്തരം

(എ) 2011-നുശേഷം അധിക തസ്തികകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടേതുൾപ്പെടയുള്ള വിഷയങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. അന്തിമ രൂപമായിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**തെരഞ്ഞെടുപ്പ് പെരുമാറ്റചട്ട ലംഘനം നടത്തിയ ഉദ്യോഗസ്ഥർ**

80 (4697) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക് സഭ തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിന ശേഷം പെരുമാറ്റചട്ടം നിലനിൽക്കെ ഇടുക്കി ഉപവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽനിന്നും സ്ഥലമാറ്റ ഉത്തരവുകൾ പുറത്തിറങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥലമാറ്റ ഉത്തരവുകൾ തെരഞ്ഞെടുപ്പ് വിജ്ഞാപനം നിലനിൽക്കെ പുറത്തിറക്കിയിട്ടുണ്ട് ;

(ബി) തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലനിൽക്കെ ഇപ്രകാരം സ്ഥലമാറ്റ ഉത്തരവുകൾ പുറത്തിറക്കാൻ ഇടയാക്കിയ അടിയന്തിര സാഹചര്യം വിശദമാക്കുമോ;

(സി) തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ട ലംഘനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദീകരണം നൽകാമോ;

(ഡി) തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കെ ഈ ഓഫിസിൽ നിന്നും പുറത്തിറങ്ങിയിട്ടുള്ള സ്ഥലംമാറ്റ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 15-3-2014-ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം അനുസരിച്ച് ലോകസഭ തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിനുശേഷം പെരുമാറ്റ ചട്ടം നിലവിൽ വന്ന 15-3-2014 മുതൽ അവസാനിച്ച 28-5-2014 വരെയുള്ള കാലയളവിൽ സ്ഥലംമാറ്റം നൽകിക്കൊണ്ട് ഉത്തരവുകൾ ഒന്നും ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽനിന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

## പൊതുവിദ്യാഭ്യാസ രംഗത്ത് ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ വിപുലമാക്കൽ

81 (4699) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് ഏതെല്ലാം മേഖലകളിലാണ് പ്രവർത്തനങ്ങൾ വിപുലീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) പ്രസ്തുക പദ്ധതിയുടെ നടത്തിപ്പുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ രംഗത്ത് ഐടി അധിഷ്ഠിത പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു;

1. ഡിസ്റ്റന്റ് ഇ-ലേണിംഗ് - 14 റിസോഴ്സ് കേന്ദ്രങ്ങൾ മുഖേന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മന്ത്രിസഭയുടെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ മുഖേന വെർച്ചൽ കണക്ട് രീതിയിൽ ഇന്ററാക്ടീവ് ഡിസ്റ്റന്റ് ഇ-ലേണിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാൻ സാധിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത. ഒരു കേന്ദ്രത്തിൽ അദ്ധ്യാപകന് ക്ലാസ് റൂമിൽ എന്ന പോലെ അദ്ധ്യാപനം നടത്തുവാനും വിദ്യാർത്ഥികളുടെ സംശയങ്ങൾ തത്സമയം ദൂരീകരിക്കാനും കഴിയും.

2. ടാബ്ലറ്റ് ലൈബ്രറി പദ്ധതി സർക്കാർ സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് ലൈബ്രറി സിസ്റ്റം രീതിയിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു.

3. ആധുനിക സൗകര്യങ്ങളോടുകൂടി സ്മാർട്ട് ക്ലാസ് റൂം, ഡിജിറ്റൽ ക്ലാസ് റൂം എന്നിവ സർക്കാർ സ്കൂളുകളിൽ അടുത്ത അദ്ധ്യായന വർഷം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(സി) ഐടി@സ്കൂളും കെൽട്രോണുമായി സഹകരിച്ചാണ് വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടത്തുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) 1. ഡിസ്റ്റന്റ് ഇ-ലേഡിംഗ് സെന്റർ - 14 ജില്ലാ കേന്ദ്രങ്ങളിൽ നിന്നും 30 അദ്ധ്യാപകർക്കും കേന്ദ്ര സ്റ്റുഡിയോയിലെ വിദഗ്ദ്ധരായ അദ്ധ്യാപകരുമായിട്ട് സംവദിക്കുന്നതിന് ആവശ്യമായ വീഡിയോ കോൺഫറൻസ് സംവിധാനം ഏർപ്പെടുത്തും.

2. ടാബ്‌ലറ്റ് ലൈബ്രറി-പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മാത്രം ഏർപ്പെടുത്തും.

3. ലാപ്ടോപ്പ് കമ്പ്യൂട്ടർ, അൾട്രാ ഷോർട്ട് ത്രോ പ്രൊജക്ടറുകളും ആധുനിക രീതിയിലുള്ള സൗണ്ട് സിസ്റ്റവും ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, വൈഫൈ സൗകര്യവുമുള്ള അധുനിക ക്ലാസ് മുറിയും വിദ്യാലയങ്ങളിൽ ഏർപ്പെടുത്തുന്നതാണ്.

## പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സംസ്ഥാന - കേന്ദ്രാവിഷ്കൃത പദ്ധതികൾ

82 (4700) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2010-11, 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ വിവിധ സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി നീക്കിവച്ച തുകയും ആയതിൽ ചെലവഴിച്ച തുകയും പദ്ധതി തിരിച്ച് വെളിപ്പെടുത്താമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## ഭിന്നശേഷിക്കാരായ കുട്ടികൾ

83 (4701) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതികൾക്കാവശ്യമായ ഫണ്ടിന്റെ സ്രോതസ് എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കേന്ദ്രസർക്കാരിന്റെ എസ്.എസ്.എ. പദ്ധതിയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ലഭിക്കുന്ന ഫണ്ട് സംബന്ധിച്ച വിശദാംശം

നൽകാമോ; മുൻവർഷവും നടപ്പ് സാമ്പത്തിക വർഷവും ഇതിനായി കേന്ദ്രം അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രത്യേക പരിഗണന അർഹിക്കുന്ന ഇത്തരം വിദ്യാർത്ഥികൾക്കുള്ള പദ്ധതികൾ വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം സംയോജിത വിദ്യാഭ്യാസപദ്ധതി (1 മുതൽ 8 വരെയുള്ള ക്ലാസ്സ്) ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഫോർ ദി ഡിസേബിൾഡ് അറ്റ് സെക്കന്ററി സ്റ്റേജ് (9,10,11,12 എന്നീ ക്ലാസ്സുകൾ) എന്നിവയും സംസ്ഥാന പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിയുള്ള കുട്ടികൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുകളും പ്രവർത്തിച്ചു വരുന്നു.

(ബി) കേന്ദ്രപദ്ധതികൾക്കാവശ്യമായ തുക കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ലഭ്യമാക്കുകയും സംസ്ഥാന പദ്ധതിക്കാവശ്യമായ തുക സംസ്ഥാന സർക്കാരും ലഭ്യമാക്കുന്നു.

(സി) ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് എസ്.എസ്.എ. പദ്ധതിപ്രകാരം കേന്ദ്രസർക്കാർ 2014-15-ൽ 2384.91 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മുൻ വർഷം കേന്ദ്രം അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) എസ്.എസ്.എ.-യുടെ ഭാഗമായി പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പദ്ധതികളെല്ലാം നടപ്പിലാക്കിവരുന്നു.

## പ്രധാനമന്ത്രിയുടെ ക്ലീൻ ഇൻഡ്യാ പരിപാടി

84 (4702) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ക്ലീൻ ഇൻഡ്യാ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ശുചിത്വ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്ത് മതിയായ ശൗചാലയങ്ങൾ ഇല്ലാതെ എത്ര സ്കൂളുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഒഴിഞ്ഞുകിടക്കുന്ന ക്ലാസ്സ് റൂമുകളിൽ അംഗൻവാടികൾ**

85 (4703) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്ന ക്ലാസ്സ് റൂമുകളിൽ സ്കൂളിന്റെ പ്രവർത്തനത്തിന് വിഘാതം വരാത്ത തരത്തിൽ അംഗൻവാടികൾക്ക് പ്രവർത്തിക്കുവാൻ അനുമതി നൽകുന്ന എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതിനുള്ള അനുമതി ആരാണ് നൽകേണ്ടത്;

(സി) സ്കൂൾ സ്ഥലത്ത് ഒഴിഞ്ഞുകിടക്കുന്ന ക്ലാസ്സ് റൂമുകൾ, സ്ഥലം എന്നിവയിൽ സ്കൂൾ വികസനത്തിന് തടസ്സമാകാതെ അംഗൻവാടികൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് അംഗൻവാടികൾക്ക് പ്രവർത്തിക്കുവാൻ അനുമതി നൽകേണ്ടത് വിദ്യാഭ്യാസ വകുപ്പാണ്. നിലവിൽ ഇതു സംബന്ധിച്ച പൊതുവായ ഉത്തരവുകളില്ല. ടി വിഷയം ചർച്ച ചെയ്യുന്നതിന് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി 18-11-2014-ൽ വിളിച്ചുകൂട്ടിയ യോഗത്തിൽ നിലവിൽ പ്രീപ്രൈമറി പ്രവർത്തിക്കാത്തതും സ്കൂളുകളിൽ ക്ലാസ് മുറികൾ ഒഴിഞ്ഞുകിടപ്പുള്ള സ്കൂളുകളിൽ, അംഗൻവാടി പ്രവർത്തിക്കുന്നതിനും, ഈ റൂമുകൾ ഭാവിയിൽ സ്കൂളിന് ആവശ്യമായി വരുന്ന പക്ഷം മടക്കി നൽകാമെന്നുമുള്ള വ്യവസ്ഥയിൽ അംഗൻവാടികൾക്ക് അനുമതി നൽകാമെന്ന് തീരുമാനിച്ചിട്ടുണ്ട്.

**യൂണിവേഴ്സിറ്റികളിൽ നിന്നും ഓപ്ഷൻ വ്യവസ്ഥയിൽ ഹയർ സെക്കണ്ടറി വകുപ്പിൽ ജോലി ചെയ്യുന്നവർ**

86 (4707) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ ജോലി ചെയ്തു വരുന്നവരിൽ എത്ര പേർ യൂണിവേഴ്സിറ്റികളിൽ നിന്നും ഓപ്ഷൻ വ്യവസ്ഥയിൽ വന്നവരാണ്;

(ബി) ഇവരിൽ എത്രപേർ ജോലി ചെയ്യുന്ന തസ്തികയേക്കാൾ ഉയർന്ന തസ്തികയിലെ നിരക്കിൽ ശമ്പളം വാങ്ങുന്നുണ്ട് ;

(സി) സർക്കാർ നിയമിച്ച അനോമലി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

യൂണിവേഴ്സിറ്റിയിൽ നിന്നും ഓപ്ഷൻ നൽകിവന്നവരെ റഗുലറൈസ് ചെയ്യുന്ന നടപടികൾ പൂർത്തീകരിക്കാത്തതുമൂലം ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കാത്തതുമൂലം പി.എസ്.സി. വഴി നിയമിച്ച ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ തടഞ്ഞുവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) യൂണിവേഴ്സിറ്റിയിൽ നിന്നും ഓപ്ഷൻ പ്രകാരം വന്ന ഉദ്യോഗസ്ഥരിൽ ഹയർ സെക്കണ്ടറി വകുപ്പിൽ റഗുലറൈസ് ചെയ്യുവാൻ താല്പര്യം പ്രകടിപ്പിക്കാത്ത ഉദ്യോഗസ്ഥരെ മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 59 പേർ

(ബി) 41 പേർ

(സി) ഉണ്ട്

(ഡി) ഇല്ല. പി.എസ്.സി. വഴി നിയമിച്ച ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകി വരുന്നുണ്ട്.

(ഇ) പരിശോധിച്ചുവരുന്നു.

## 40 കുട്ടികൾ തികയാത്ത പ്ലസ് വൺ ബാച്ചുകൾ

87 (4709) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ അദ്ധ്യയനവർഷം പുതിയതായി അനുവദിച്ച 415 പ്ലസ് വൺ ബാച്ചുകളിൽ 40 കുട്ടികൾ തികയാത്ത എത്ര ബാച്ചുകൾ ഉണ്ട്;

<u>ഉത്തരം</u>

ഇതുവരെ 7 ബാച്ചുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

## കണ്ണൂർ ജില്ലയിലെ HSA മലയാളം പി.എസ്.സി. ലിസ്റ്റ്

88 (T 4710) <u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ 197/2007 കാറ്റഗറി നമ്പരായി നിലവിലുള്ള HSA മലയാളം പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിയമന ഉത്തരവ് ലഭിച്ചിട്ടും ജോലിയിൽ പ്രവേശിക്കാത്തവരുടെതായി എത്ര ഒഴിവുകളാണ് ഉള്ളത്; വിശദാംശം ലഭ്യമാക്കമോ;

(ഡി) നിലവിലുള്ള ഒഴിവുകൾ സത്വരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നടപടി സർക്കാർ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ നിലവിലുള്ള എച്ച്.എസ്.എ. മലയാളം പി.എസ്.സി. ലിസ്റ്റിൽ നിന്നും 23 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 1-12-2011 മുതൽ 26 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിയമന ഉത്തരവ് ലഭിച്ചിട്ടും ജോലിയിൽ പ്രവേശിക്കാത്തതായി ഒരു ഒഴിവ് ഉണ്ട്. വിവരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിലവിൽ ഒഴിവുകളില്ല.

## RMSA പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ

89 (4711) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളാണ് RMSA-യിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം സ്കൂളുകളിൽ ആവശ്യമായ അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്; വിശദാംശം വഭ്യമാക്കുമോ;

(സി) R.M.S.A പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ ഒരു അദ്ധ്യാപക തസ്തിക പോലും അനുവദിക്കാത്ത സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകളിൽ തസ്തിക സൃഷിടിച്ച് അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ 2009-10 വർഷം 12 സ്കൂളുകളും 2010-11 വർഷം 2 സ്കൂളുകളുമാണ് ആർ.എം.എസ്.എ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 12 സ്കൂളുകളിൽ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 114/2011/പൊ.വി.വ. തീയതി, 19/05/2011 പ്രകാരം താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| എച്ച്.എം. | - | 1 |
| ഹൈസ്കൂൾ അദ്ധ്യാപകർ | - | 6 |
| (4 കോർ സബ്ജക്റ്റ്+2 ലാംഗ്വേജ്) | | |
| ക്ലർക്ക് | - | 1 |
| പ്യൂൺ | - | 2 |
| എഫ്.റ്റി.എം. | - | 2 |

2010-11 വർഷം അപ്ഗ്രേഡ് ചെയ്ത 2 സ്കൂളുകളിൽ സർക്കാർ ഉത്തരവ് (എം.എസ്) നം. 317/2013/പൊ.വി.വ തീയതി, 5-12-2013 പ്രകാരം താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| എച്ച്.എം. | - | 1 |
| എച്ച്.എസ്.എ. | - | 5 |

(3 വിഷയാദ്ധ്യാപകർ-സോഷ്യൽ സയൻസ്, സയൻസ്, കണക്ക് (2 ഭാഷാദ്ധ്യാപകർ-മലയാളം, ഹിന്ദി)

ഓഫീസ് അസിസ്റ്റന്റ്/മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ് - 1

ആർ.എം.എസ്.എ. പദ്ധതി പ്രകാരം ശമ്പളം നൽകുന്നതിന് അനുവദനീയമായ തസ്തികകൾ താഴെ പറയുന്നു:

| | | |
|---|---|---|
| എച്ച്.എം. | - | 1 |

എച്ച്.എസ്.എ. - 5

(3 വിഷയാദ്ധ്യാപകർ-സോഷ്യൽ സയൻസ്, സയൻസ്, കണക്ക് (2 ഭാഷാദ്ധ്യാപകർ-മലയാളം, ഹിന്ദി)

ഓഫീസ് അസിസ്റ്റന്റ്/മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ് *- 1

(സി) 2011-12 വർഷം ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളിൽ അദ്ധ്യാപക തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) പ്രസ്തുത സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ച് അദ്ധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. അദ്ധ്യാപനം തടസ്സപ്പെടാതിരിക്കാൻ അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽനിന്നും വിന്യസിക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

## സ്കിൽപാർക് '

90 (4712) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിലെ കുളക്കട സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ ' അസാപ് ' പ്രകാരം ' സ്കിൽപാർക് '; അനുവദിച്ചിരുന്നോ;

(ബി) സ്കിൽപാർക് ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങൾ വിശദമാക്കുമോ;

(സി) സ്കിൽ പാർക്കിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുന്നതിനായി ഉദ്ദേശിക്കുന്നു?

<u>ഉത്തരം</u>

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് കീഴിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി വിവിധ നിയോജക മണ്ഡലങ്ങളിൽ എം.എൽ.എ.-മാരുടെ സഹകരണത്തോടുകൂടി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അസാപ്പിന്റെ ചീഫ് എഞ്ചിനീയർ, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ

കൺസൾട്ടന്റ് എന്നിവരുടെ നേതൃത്വത്തിൽ വിശദമായ പരിശോധനയും ചർച്ചയും നടത്തിയതിനുശേഷം ഭൂമിയുടെ ലഭ്യതയനുസരിച്ച് സ്കിൽ പാർക്കുകൾ താമസിയാതെ ആരംഭിക്കുന്നതാണ്.

## വയനാട് മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിലെ അദ്ധ്യാപക തസ്തികകൾ

91(4716) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മേപ്പാടി ഗവ. പോളിടെക്നിക്കിൽ ഓരോ വിഭാഗത്തിലും എത്ര അദ്ധ്യാപകരാണ് നിലവിലുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പോളിടെക്നിക്കിൽ ഏതെല്ലാം അദ്ധ്യാപക തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) തസ്തികകളുടെയും നിലവിലുള്ള ഒഴിവുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഒഴിവുകൾ എല്ലാം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗസ്റ്റ് ലക്ചറർമാരുടെ സേവനം പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ തടസ്സം കൂടാതെ നടത്തുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പുവഴി നിയമനം നടത്തേണ്ട കെമിസ്ട്രി, ഫിസിക്സ്, ഇംഗ്ലീഷ് ലക്ചറർ തസ്തികകളിൽ സ്ഥിര നിയമനം നടത്താൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

## തൃപ്രയാർ ശ്രീരാമ ഗവൺമെന്റ് പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ കോഴ്സ് അനുവദിക്കുന്നതു സംബന്ധിച്ച്

92 (4721) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ തൃപ്രയാർ ഗവൺമെന്റ് പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ ബ്രാഞ്ച് അനുവദിക്കുന്നതു സംബന്ധിച്ച് രേഖാമൂലമുള്ള ആവശ്യം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിലെ പോളിടെക്നിക്കുകളിലൊന്നുമില്ലാത്ത ഓട്ടോ മൊബൈൽ ബ്രാഞ്ച് ശ്രീരാമ പോളിയിൽ അനുവദിക്കുന്നതിന്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച നിർദ്ദേശം പരിഗണിച്ച് കോഴ്സ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ലഭിച്ചിട്ടുണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കുമ്പോൾ അതിനനുബന്ധമായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പരിമിതിമൂലം തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണമുണ്ട്. ആയതിനാൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല.

**ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി**

93 (4724) <u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ആരംഭിച്ചത് സംസ്ഥാന സർക്കാരിന്, പ്രത്യേകിച്ച് വകുപ്പുമന്ത്രിക്ക്, ഏറെ അഭിമാനിക്കാവുന്നതാണോ; ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ വി.സി., പി.വി.സി., രജിസ്ട്രാർ ഇൻ ചാർജ്, കൺട്രോളർ ഓഫ് എക്സാംസ് എന്നിവരെ നിയമിച്ചിട്ടുണ്ടോ; ഇവരിൽ ആരെല്ലാം ചുമതലയെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സ്ഥാപനം സ്ഥാപിക്കുന്നതിനു ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എത്ര ഏക്കർ ഭൂമിയാണു വിഭാവനം ചെയ്യുന്നത്;

(ഡി) പ്രസ്തുത സർവകലാശാല സ്ഥാപിക്കുന്നതിന് സീനിയർ ഡെപ്യൂട്ടി കലക്ടറുടെ ഫുൾടൈം സേവനം ലഭ്യമാക്കുന്നതിനു റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

ഇല്ലായെങ്കിൽ ഭൂമി ഏറ്റെടുക്കുന്നതിനു സീനിയർ ഡെപ്യൂട്ടി കലക്ടറുടെ സേവനം ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആണ്. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് കാമ്പസിലെ എം.ബി.എ. ബിൽഡിംഗിലാണ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി താൽക്കാലികമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

(ബി) വി.സി., പി.വി.സി., രജിസ്ട്രാർ ഇൻ ചാർജ് എന്നിവരെ നിയമിച്ചിട്ടുണ്ട്. വി.സി. ആയി ഡോ. കുഞ്ചേറിയ പി. ഐസക്, പി.വി.സി. ആയി ഡോ. അബ്ദുൾ റഹ്മാൻ എന്നിവർ 2014 സെപ്റ്റംബർ 1-നും, രജിസ്ട്രാർ ഇൻ-ചാർജായി ഡോ. ജി.പി. പത്മകുമാർ 2014 നവംബർ 20-നും ചുമതലയേറ്റെടുത്തിട്ടുണ്ട്.

(സി) ഇല്ല. 100 ഏക്കർ ഭൂമിയാണ് വിഭാവനം ചെയ്യുന്നത്.

(ഡി) സർവ്വകലാശാല സ്ഥാപിക്കുന്നതിന് സീനിയർ ഡെപ്യൂട്ടി കലക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടില്ല.

**ഹയർസെക്കണ്ടറി സ്കൂളുകളിലെ സന്നദ്ധ സംഘടനകൾ**

94 (4725) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഏതെല്ലാം സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത്തരം സംഘടനകളിൽ പ്രവർത്തിക്കുന്ന വാളണ്ടിയർമാർക്ക് വ്യത്യസ്ത ഗ്രേസ് മാർക്കുകളാണ് അനുവദിക്കുന്നതെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) എൻ.എസ്.എസ്.-ന് രണ്ട് ശതമാനം മാത്രം ഗ്രേസ് മാർക്ക് നൽകുന്നത് വാളണ്ടിയർമാരുടെ ആത്മവീര്യവും താൽപ്പര്യവും കുറയ്ക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എല്ലാ വിഭാഗം സന്നദ്ധ സംഘടനകളുടെയും ഗ്രേസ് മാർക്ക് ഏകീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി., സ്കൗട്ട് ആന്റ് ഗൈഡ്സ്, ഭൂമിത്ര സേനാ ക്ലബ്ബ്, സൗഹൃദ ക്ലബ്ബ് തുടങ്ങിയ സന്നദ്ധ സംഘടനകൾ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**റവന്യൂ ഭൂമിയിൽ ആദിവാസികൾക്ക് നീക്കി വച്ചിട്ടുള്ള ഭൂമിയുടെ വിവരം**

95 (T. 4726) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റവന്യൂ ഭൂമി ലീസിനു കൊടുത്തിട്ടുള്ളതും അല്ലാതെയും അന്യ കൈവശം ഉള്ളതും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമിയിൽ ആദിവാസികൾക്കു വേണ്ടി നീക്കിവച്ചിട്ടുള്ള ഭൂമി എത്ര;

(സി) ആദിവാസികൾക്ക് നീക്കി വച്ചിട്ടുള്ള ഭൂമി മുഴുവൻ വിതരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ആദിവാസികൾക്ക് നീക്കിവച്ച ഭൂമി സ്വകാര്യ വ്യക്തികളുടെ കൈവശം ഉണ്ടോ; ഉണ്ടെങ്കിൽ പേര് വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ വില്ലേജ് ആഫീസുകളിൽ കാലതാമസം**

96 (4727) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി പോക്ക് വരവ്, സ്ഥലം അളന്നു തിട്ടപ്പെടുത്തൽ തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിന് വൈപ്പിൻ മണ്ഡലത്തിലെ വില്ലേജ് ആഫീസുകളിൽ കാലതാമസം നേരിടുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർ വില്ലേജ് ഓഫീസുകളിൽ ഇപ്പോഴും ഇത്തരം ജോലികൾക്കായി നിയോഗിക്കപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**കർഷകരിൽ നിന്നും ഭൂനികുതി സ്വീകരിക്കൽ**

97 (4728) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട്, ചക്കിട്ടപാറ, കാന്തലാട്ട് വില്ലേജുകളിലെ കർഷകരിൽ നിന്നും ഭൂനികുതി ഈടാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ പ്രസ്തുത വില്ലേജുകളിലെ കർഷകരിൽ നിന്നും നികുതി സ്വീകരിക്കാം എന്ന തീരുമാനമുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(സി) ഈ തീരുമാനം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിന്റെ തീരുമാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ എതിർപ്പ് കാരണം കൂരാച്ചുണ്ട്, കാന്തലാട്ട് എന്നീ വില്ലേജുകളിൽ ഭൂനികുതി ഈടാക്കുന്നില്ല. ചക്കിട്ടപ്പാറ വില്ലേജിൽ ഇത്തരത്തിലുള്ള ഭൂനികുതി പ്രശ്നം നിലവിലില്ല.

(ബി) ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ പ്രസ്തുത വില്ലേജുകളിലെ കൈവശക്കാരിൽ കരം സ്വീകരിച്ച 62 പേരുടെ കൈവശമിരിക്കുന്ന 94 ഹെക്ടർ ഭൂമിയിൽ വനം വകുപ്പിന്റെ ഭൂമി ഉണ്ട് എന്ന വനം വകുപ്പിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ സംയുക്ത സർവ്വേ നടത്തുന്നതിനും വ്യക്തമായ രേഖകൾ ഉള്ളതും ഫീൽഡിൽ ഉള്ളതുമായ ഭൂമി സംബന്ധിച്ച് വിലയിരുത്തി തീരുമാനത്തിൽ എത്തേണ്ടതാണെന്നും തീരുമാനിച്ചിരുന്നു. സർവ്വേ നടപടികൾ പുരോഗമിക്കുന്നതിനാൽ ഇത് സംബന്ധിച്ച ഉത്തരവുകൾ ഒന്നുംതന്നെ ഇറങ്ങിയിട്ടില്ല.

(സി) ഇല്ല.

(ഡി) ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റവന്യൂ/വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി സർവ്വേ ജോലികൾ പുരോഗമിക്കുന്നുണ്ട്. പ്രസ്തുത ജോലികൾ 2015 ഫെബ്രുവരി 5-നകം തീർക്കണമെന്ന തീരുമാനത്തിൽ എത്തിയിട്ടുണ്ട്.

**ഭൂപരിഷ്ക്കരണ നിയമപ്രകാരം ട്രസ്റ്റുകൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമി**

98 (4729) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്ക്കരണ നിയമപ്രകാരം ട്രസ്റ്റുകൾക്ക് എത്ര ഭൂമി വരെ കൈവശം വയ്ക്കാമെന്ന് നിബന്ധനയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലും ട്രസ്റ്റുകൾക്ക് എത്ര ഏക്കർ ഭൂമി വീതം കൈവശം ഉണ്ടെന്ന് വെളിപ്പെടുത്താമോ; ട്രസ്റ്റുകളുടെ പേരുവിവരം വെളിപ്പെടുത്താമോ;

(സി) എത്ര ട്രസ്റ്റുകൾക്ക് 20 ഏക്കറിൽ കൂടുതൽ അധികഭൂമി കൈവശം വയ്ക്കാനുള്ള അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സ്പെഷ്യൽ ഉത്തരവ് പ്രകാരം ഏതെങ്കിലും ട്രസ്റ്റുകൾക്ക് കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ അനുമതി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. കേരള ഭൂപരിഷ്കരണ നിയമപ്രകാരം 10 സ്റ്റാൻഡേർഡ് ഏക്കർ (പരമാവധി 15 സാധാരണ ഏക്കർ)

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കോഴിക്കോട് ജില്ലയിൽ ശ്രീ സത്യസായി ട്രസ്റ്റിന് 90 ഏക്കർ കൈവശം വയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളുടെ വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**കുട്ടനാട്ടിൽ വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം**

99(4730) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടനാട്ടിൽ വെള്ളപ്പൊക്കത്തിൽ

തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ തുക അനുവദിച്ച് നാളിതുവരെ ആരംഭിക്കാത്ത പ്രവൃത്തികൾ ഉത്തരവ് നമ്പർ സഹിതം വ്യക്തമാക്കാമോ; ആയതിനുള്ള കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ റോഡ് പ്രവൃത്തികൾക്കുള്ള ഫണ്ട് ജില്ലാടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്. ആയതിനാൽ മറ്റുതരത്തിലുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) ബാധകമല്ല.

**പുഴ മുതൽ പുഴ വരെ പദ്ധതി**

100(4731) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'പുഴ മുതൽ പുഴ വരെ' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഏത് ഏജൻസിയിലൂടെയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പുഴകളുടെ ജൈവ ഘടനയെയും ആവാസ വ്യവസ്ഥയേയും എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ;

(സി) ഓരോ പുഴയ്ക്കും അവയുടെ ജൈവ ഘടനയ്ക്കും ആവാസ വ്യവസ്ഥയ്ക്കും അനുയോജ്യമായ തരത്തിൽ പ്രത്യേകം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 15-1-2014-ലെ സ.ഉ (എംഎസ്.) 475/14/റവ. നമ്പർ ഉത്തരവ് പ്രകാരം 'പുഴ മുതൽ പുഴ വരെ' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് ലാന്റ് റവന്യൂ കമ്മീഷണർ മുഖേന

ആയിരിക്കുന്നതാണ്.

(ബി) പഠനം നടത്തിയിട്ടില്ല.

(സി) പുഴയുടെ ജൈവ ഘടനയും ആവാസ വ്യവസ്ഥയും അനുയോജ്യമായ തരത്തിൽ പുഴ തീരങ്ങൾ സംരക്ഷിക്കുകയെന്നതാണ് 'പുഴ മുതൽ പുഴ വരെ' എന്ന മാതൃകാ പദ്ധതി വിഭാവനം ചെയ്യുന്നത്. ആയതിന്റെ ആദ്യ ഘട്ടമാണ് ഭാരതപ്പുഴ, അച്ചൻകോവിലാർ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നത്.

## ഐ.എച്ച്.ആർ.ഡി. കോളേജിനായി പി.ഐ.പി.- യുടെ ഉടമസ്ഥതയിലുള്ള അയിരൂർ വില്ലേജിലെ ഭൂമി കൈമാറ്റം

101(4732) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂരിലെ നിർദ്ദിഷ്ട ഐ.എച്ച്.ആർ.ഡി. കോളേജിനായി പി.ഐ.പി.-യുടെ ഉടമസ്ഥതയിലുള്ള അയിരൂർ വില്ലേജിലെ ഭൂമി കൈമാറുന്നതു സംബന്ധിച്ച് ഫയൽ എന്നാണ് റവന്യൂ വകുപ്പിൽ എത്തിയിട്ടുള്ളത്; ഈ ഫയലിൻമേൽ, സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും റവന്യൂ വകുപ്പിലെ വിവിധ ഓഫീസുകളിൽ ഏതൊക്കെ തീയതികളിലായി ഇതു സംബന്ധിച്ച ഫയൽ എത്തിയിട്ടുണ്ട് എന്നും ഓരോ ഓഫീസിലും എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഇപ്പോൾ പ്രസ്തുത ഫയൽ ആരുടെ പക്കലാണ് ഉള്ളതെന്നും എന്നു മുതലാണ് ഫയൽ ഈ ഓഫീസിലുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഭൂമി കൈമാറ്റം സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ റവന്യൂ സെക്രട്ടറി പത്തനംതിട്ട ജില്ലാ കളക്ടർക്ക് എന്നാണ് കത്തു നൽകിയത്; കളക്ടർ ഇതിന് മറുപടി നൽകിയോ; നൽകിയെങ്കിൽ എന്നാണ് കത്ത് നൽകിയത്; ആർക്കാണ് കത്ത് നൽകിയത്; കത്തിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ഭൂമി കൈമാറ്റം സംബന്ധിച്ച് റവന്യൂ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകേണ്ടതിനു പകരം ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് ഭൂമി ഏറ്റെടുക്കാൻ സമ്മതമാണോ എന്നു ചോദിച്ച് കത്ത് പോയിട്ടുണ്ടോ; ആരുടെ പേരിലാണ് ഇത്തരത്തിൽ കത്തയച്ചിരിക്കുന്നത്; ഇത്തരത്തിൽ കത്തയച്ചത് ആര്; ഇതിനിടയാക്കിയ സാഹചര്യം എന്താണെന്ന്

വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ ഇതു സംബന്ധിച്ച ഫയൽ ആരുടെ കൈവശമാണ് ; ഭൂമി സംബന്ധിച്ച റിപ്പോർട്ട് റവന്യൂ സെക്രട്ടറിക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; അടിയന്തരമായി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കാനും അധികാര ദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) അയിരൂരിൽ IHRD കോളേജിനായി PIP-യുടെ ഉടമസ്ഥതയിലുള്ള സ്ഥലം കൈമാറുന്നത് സംബന്ധിച്ച ഫയൽ ജലവിഭവ (ഐ.ആർ.) വകുപ്പിൽ നിന്നും 7-3-2013-ൽ റവന്യൂ (എ) വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഭൂമി കൈമാറ്റ ശുപാർശ ലഭ്യമാക്കുന്നതിലേക്കായി ഫയലിനോടൊപ്പം ലഭിച്ച ചീഫ് എഞ്ചിനീയറുടെ (പദ്ധതി വിഭാഗം)17-10-2012-ലെ പി.ജി 2/4140/12-ാം നമ്പർ കത്തും അനുബന്ധ രേഖകളും സഹിതം 19-7-2013-ലെ 13019/എ 1/2013/ റവ നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം റിപ്പോർട്ടിനായി പത്തനംതിട്ട ജില്ലാകളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കൈമാറേണ്ട സ്ഥലത്തിന്റെ മഹസർ, ബി.ടി.ആർ.-ന്റെ പകർപ്പ്, സ്കെച്ച് മുതലായ രേഖകൾ സഹിതം പത്തനംതിട്ട ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന, ഉചിതമായ ശുപാർശയോടെ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്കാണ് സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്. പ്രസ്തുത റിപ്പോർട്ട് ഇതുവരേയും സർക്കാരിന് ലഭിച്ചിട്ടില്ല. ഈ വിഷയം പരിശോധിക്കുന്ന 13019/എ 1/2013 റവ നമ്പർ ഫയൽ 7-3-2013 മുതൽ റവന്യൂ (എ) വകുപ്പിലെ 'എ 1' സീറ്റിൽ കൈകാര്യം ചെയ്തു വരുന്നു.

(ഡി&ഇ) വിവരം ശേഖരിച്ചു വരുന്നു.

**നിലം നികത്തലും മണലെടുപ്പും തടയുന്നതിന്**

102 (4733) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിലം നികത്തലും മണലെടുപ്പും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മണലെടുപ്പും നിലം നികത്തലും തടയുന്നതിന് പ്രത്യേക സംഘത്തെ നിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ നിലം നികത്തുന്നതിനും മണലെടുക്കുന്നതിനും

മണൽ വില്ക്കുന്നതിനും അനുമതി ലഭിച്ച വ്യക്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) അനുമതി നൽകുന്ന ഉദ്യോഗസ്ഥരുടെയും സർക്കാർ വകുപ്പുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 13 പ്രകാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അനധികൃതമായി പരിവർത്തനം ചെയ്യുന്ന നിലങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിച്ചു വരുന്നു. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത നികത്തലുകൾക്കെതിരെ 1967-ലെ KLU ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. അനധികൃത മണലെടുപ്പ് തടയുന്നതിനായി കളക്ടേറ്റിൽ നാല് സ്ക്വാഡുകൾ രൂപീകരിച്ച് രാപകൽ ഭേദമെന്യേ അനധികൃത മണലെടുപ്പ് നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി വരുന്നതും നിരവധി വള്ളങ്ങൾ/ വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്ത് നടപടി സ്വീകരിച്ചു വരുന്നതുമാണ്. ഇത് കൂടാതെ താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു.

(സി) ആലപ്പുഴ ജില്ലയിൽ 33 വ്യക്തികൾക്ക് മണൽ ശേഖരിച്ച് വിപണനം നടത്തുന്നതിന് നിലവിൽ ഡീലർ ലൈസൻസുണ്ട്. ഡീലർ ലൈസൻസ് നിലവിലുള്ളവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരം വീട് വയ്ക്കാനായി നിലം നികത്താൻ അനുമതി ലഭിച്ചവരുടെ വിവരം ശേഖരിച്ചു വരുന്നു.

(ഡി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരം പഞ്ചായത്തുകളിൽ 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ 5 സെന്റും നികത്തുന്നതിനുള്ള അനുമതി നൽകേണ്ടത് റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായുള്ള ജില്ലാതല അധികൃത സമിതിയാണ്. ആലപ്പുഴ ജില്ലയിൽ ഇതിന്റെ അധികാരി ആലപ്പുഴ റവന്യൂ ഡിവിഷണൽ ഓഫീസറാണ്.

**സീറോ ലാൻഡ്ലെസ് പദ്ധതി**

103(4734) <u>ശ്രീ. മാത്യു റ്റി. തോമസ്</u> :
<u>ശ്രീ. സി. കെ. നാണു</u> :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശ്രീമതി ജമീല പ്രകാശം :

ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറോ ലാൻഡ്‌ലെസ് പദ്ധതി പ്രകാരം പട്ടയം ലഭിച്ചവർക്ക് ഭൂമി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടയം വിതരണം ചെയ്ത എത്ര പേർക്ക് ഇപ്രകാരം ഭൂമി വിതരണം ചെയ്യാനുണ്ട്;

(സി) ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പട്ടയം വിതരണം ചെയ്തുകഴിഞ്ഞ കേസുകളിൽ ചട്ടപ്രകാരം ഭൂമി കൈമാറുന്ന പ്രവർത്തനംകൂടി പൂർത്തിയാകേണ്ടതിനാൽ ഭൂമി ലഭിച്ചിട്ടില്ലായെന്ന് ചുരുക്കം പരാതികളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടയം വിതരണം ചെയ്ത 10,103 കേസുകളിൽ കൂടി ചട്ടപ്രകാരം ഭൂമി കൈമാറുവാനുണ്ട്. പ്രസ്തുത ജോലികൾ ജില്ലകളിൽ അതിവേഗം പുരോഗമിച്ച് വരുന്നു.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഭൂമി കൈമാറുന്ന പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ച് വരികയാണ്. പട്ടയം വിതരണം ചെയ്ത് കഴിഞ്ഞ കേസുകളിൽ ഭൂമി കൈമാറുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായാൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

**നിലം നികത്തുന്നതിനു ജില്ലാ സമിതിയുടെ അംഗീകാരമില്ലാതെ അനുമതി**

104(4735) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ടി.ആറിൽ നിലം എന്നു രേഖപ്പെടുത്തിയിരിക്കുന്ന ഭൂമി നികത്തുന്നതിനു ജില്ലാ സമിതിയുടെ അംഗീകാരമില്ലാതെ അനുമതി നൽകുവാൻ ആർ. ഡി. ഒ.-യ്ക്ക് അധികാരം ഉണ്ടോ;

(ബി) തിരുവല്ല താലൂക്കിൽ കാവുംഭാഗം വില്ലേജിൽ വൻതോതിൽ നിലം നികത്തുവാൻ ആർ.ഡി.ഒ. ഉത്തരവ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന്

വിശദമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**നിലം നികത്തിയവർക്കെതിരെ നടപടി**

105 (4736) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുങ്കടവിള വില്ലേജ് ഓഫീസിന്റെ പരിധിയിലുള്ള ബ്ലോക്ക് നമ്പർ 35-ൽ തണ്ടപ്പേർ നമ്പർ 328 സർവ്വേ നമ്പർ 51/1-ൽ 00.07.00, 51/2-ൽ 00.09.40. ആർ നിലം മണ്ണിട്ടു നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുക നിലം നികത്തിയതു സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ ;

(സി) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് പ്രസ്തുത നിലം നികത്തുന്നതിന് ജില്ലാ കലക്ടർ അദ്ധ്യക്ഷനായ സമിതി അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) അനുമതി ഇല്ലാതെയാണ് നികത്തിയതെങ്കിൽ പ്രസ്തുത നിലം പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത നിലം നികത്തിയവർക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ ; ഇവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഒരു സമിതിയില്ല.

(ഡി&ഇ) വില്ലേജ് ഓഫീസറുടേയും കൃഷി ഓഫീസറുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുതിയ ഭൂമി പൊന്നും വിലകൊടുക്കൽ നിയമം**

106(4737) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ ഭൂമി പൊന്നും വിലകൊടുക്കൽ നിയമം നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തി വെക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) നിലവിൽ നടപടികൾ പുരോഗമിച്ച കേസുകൾ നിർത്തിവെച്ചിട്ടുണ്ടോ;

(സി) കേരളത്തിൽ തദനുസൃതമായ ചട്ടങ്ങൾ എന്നത്തേക്ക് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കാലഹരണപ്പെട്ട കേസ്സുകൾ ഒഴികെ പൊന്നുംവില നടപടികൾ നിർത്തിവച്ചിട്ടില്ല.

(സി) പുതിയ പൊന്നുംവില നിയമത്തെ അടിസ്ഥാനമാക്കിയുള്ള കരട് ചട്ടങ്ങൾ സർക്കാർ അംഗീകരിച്ച് 28-11-2014-ലെ കേരള അസാധാരണ ഗസറ്റിൽ (നമ്പർ 2890 വാല്യം 3) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസം വരെ ആക്ഷേപങ്ങൾ/നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് അവസരം സർക്കാർ നൽകിയിട്ടുണ്ട്. ടി തീയതിയ്ക്കുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഫ്ളഡ് റിലീഫ്-വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾ**

107(4738) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും

കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫ്ളഡ് റിലീഫ് - വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾ എം.എൽ.എ.-മാരുടെ തീരുമാനമനുസരിച്ചുള്ള ഏജൻസിയെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**ദേശീയ കുടുംബ സഹായ പദ്ധതി**

108(4739) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കുടുംബത്തിന്റെ വരുമാന സ്രോതസ്സായ വ്യക്തിയുടെ മരണം കാരണം നിരാലംബരാകുന്ന കുടുംബത്തെ സഹായിക്കുവാൻ വേണ്ടി കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ കുടുംബ സഹായ പദ്ധതി (Family Benefit Scheme) ജില്ലകളിൽ കൈകാര്യം ചെയ്യുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്, അർഹതയുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതിയിൽ അപേക്ഷിക്കുന്നതിന് കാലതാമസം വന്നവരുടെ അപേക്ഷകൾ പരിഗണിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ ഈ പദ്ധതിയിൽ അപേക്ഷിച്ചവർക്കോ, യഥാസമയം അപേക്ഷിക്കാൻ കഴിയാത്തവരുടെ മാപ്പപേക്ഷയിന്മേലോ ധനസഹായം നൽകുന്നതിന് ബാക്കിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതിക്ക് ആവശ്യമായ പ്രചാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) NFBS ജില്ലകളിൽ കൈകാര്യം ചെയ്യുന്നത് ജില്ലാകളക്ടറാണ്.

(ബി) 1. മരണപ്പെടുന്ന വ്യക്തി കുടുംബത്തിലെ പ്രധാന വരുമാന വാഹകൻ ആയിരിക്കണം.

2. കുടുംബം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരിക്കണം.

3. അപേക്ഷിക്കുന്നയാൾ കേരളത്തിൽ 3 വർഷം താമസിക്കുന്ന ആളായിരിക്കണം.

4. മരണമടഞ്ഞ വ്യക്തി 18-ന്ന മുകളിലും 60 വയസ്സിന്ന താഴേയും പ്രായമുള്ളവരായിരിക്കണം.

5. മരണ തീയതി മുതൽ ഒരു മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം.

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിച്ച അപേക്ഷകളിൽ ധനസഹായം നൽകിയതിനു ശേഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കാലതാമസം വന്നിട്ടുള്ള അപേക്ഷകളിൽ ധനസഹായം അനുവദിച്ചു നൽകുന്നു.

(ഡി) ഉണ്ട്. ആകെ മാപ്പപേക്ഷ സഹിതം ലഭിച്ച 3687 അപേക്ഷകളിൽ 2019 അപേക്ഷകളിൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്. ഇനി മാപ്പപേക്ഷ സഹിതം ലഭിച്ച് 1668 അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിക്കാൻ ബാക്കിയുണ്ട്. ആയതിന്മേലുള്ള തുടർ നടപടികൾ തുടർന്നു വരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

## കൈവശം വച്ച് നികുതി അടയ്ക്കുന്ന ഭൂമിയുടെ പട്ടയം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

109(4740) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികളുടെ കൈവശമുള്ളതും നികുതി അടച്ച് പോകുന്നതുമായ ഭൂമിയുടെ പട്ടയം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും, ഇതിനായി എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതു് എന്നും വിശദമാക്കാമോ;

(ബി) ഇതിനാവശ്യമായ അപേക്ഷ ആർക്കൊക്കെയാണ് നൽകേണ്ടത്;

(സി) വില്ലേജ് ഓഫീസർക്കും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്കും ഇതിനായി അപേക്ഷ നൽകിയാൽ എത്രദിവസത്തിനകം മറുപടി നൽകണമെന്നാണ് നിലവിലുള്ള വ്യവസ്ഥ;

(ഡി) ഇതിനായി വ്യക്തികളിൽനിന്നും ഫീസ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

(ഇ) അനുവദിച്ച പട്ടയങ്ങളുടെ പകർപ്പ് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ടവർക്ക്

അപേക്ഷ സമർപ്പിച്ചാൽ സേവനാവകാശനിയമ പ്രകാരം എത്ര ദിവസത്തിനകം മറുപടി നല്കണമെന്നുള്ള വ്യവസ്ഥയാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(എഫ്) മലപ്പുറം ജില്ലയിൽ പട്ടയങ്ങളുടെ പകർപ്പ് ലഭിക്കാൻ വേണ്ടിയുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

## റവന്യൂ വകുപ്പ് സേവനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

110 (4741) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ്, താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതി രഹിതവും ആക്കുന്നതിന് ഇ-ഫയലിംഗ് സംവിധാനം റവന്യൂ വകുപ്പിൽ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വില്ലേജ്, താലൂക്ക്, കളക്ടേറ്റുകളിലെ കൂടുതൽ സേവനങ്ങൾ സേവനാവകാശ നിയമത്തിൻ കീഴിൽ കൊണ്ടുവരുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ വില്ലേജ്/താലൂക്ക് ഓഫീസുകളിലെ ഇ-ഫയലിംഗ് സംവിധാനം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ഏറാമല വില്ലേജ് ഓഫീസ്

111(4742) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ ഏറാമല വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏറാമല വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ടെണ്ടർ വിളിച്ച് ഉടൻ നിർമ്മാണം ആരംഭിക്കുവാൻ ജില്ലാ കളക്ടർ 5-12-2014-ന് കോഴിക്കോട് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടെണ്ടർ അംഗീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

**മിച്ച ഭൂമികളിൽ താമസിക്കുന്നവർക്ക് ഭൂമി ലഭ്യമാക്കാൻ നടപടി**

112(4743) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 -ലെ കേരള ലാന്റ് റിഫോംസ് അമെന്റ്മെന്റ് ആക്ടിലെ വകുപ്പ് 7 ഇ. പ്രകാരം മിച്ച ഭൂമികളിൽ താമസിക്കുന്ന ആളുകളെ കേസ്സുകളിൽ നിന്നും ഒഴിവാക്കി ഭൂമി അവർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ കുടിയാൻമാർ എന്നതിന്റെ നിർവചനമെന്താണ്; ജൻമിമാരാൽ കബളിപ്പിക്കപ്പെട്ട് മിച്ചഭൂമി വിലയ്ക്കുവാങ്ങിയ കർഷകർക്ക് ഭൂമിയുടെ സ്ഥിരാവകാശം നൽകുമെന്ന 2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രസ്താവന നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരള ഭൂപരിഷ്കരണ നിയമം നിലവിൽ വന്നത് മുതൽ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം, 2005 പ്രാബല്യത്തിൽ വന്നുവരെയുള്ള കാലയളവിൽ മിച്ചഭൂമിയാണ് എന്നറിയാതെ ജന്മിമാരിൽ നിന്നും വില നൽകി വാങ്ങിയതോ മറ്റ് വിധത്തിലോ നാല് ഏക്കർ ഭൂമി വരെ കൈവശം വച്ചുവരുന്നവരെ കുടിയാനായി കണക്കാക്കുന്നതിനായിട്ടാണ് കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ല്-2013-ലൂടെ ലക്ഷ്യമിടുന്നത്. ടി ബില്ല് കേരള നിയമസഭ പാസാക്കിയിട്ടുണ്ട്. ആയത് ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം ടി നിയമത്തിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ച് ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കുടിയാന്റെ നിർവ്വചനം അനുബന്ധമായി ചേർക്കുന്നു.*

**മിശ്ര വിവാഹിതരുടെ മക്കളുടെ ജാതി**

113(4744) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) മിശ്ര വിവാഹിതരുടെ മക്കൾക്ക് മാതാപിതാക്കളുടെ ജാതിയിൽ ഏത് വേണമെങ്കിലും സ്വീകരിക്കാം എന്നതു സംബന്ധിച്ച് കോടതി വിധി നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് താലൂക്ക്-വില്ലേജ് ഓഫീസുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നിർദ്ദേശം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

**വനഭൂമി ഉള്ള കർഷകർക്ക് കൈവശാവകാശ രേഖ ലഭ്യമാക്കൽ**

114(4745) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട്, കാന്തലാട്, ചക്കിട്ടപ്പാറ വില്ലേജുകളിൽ 1-1-1977-ന് മുമ്പ് മുതൽ വനഭൂമി കൈവശം വച്ചനുഭവിച്ചു വരുന്ന എത്ര കർഷകരാണ് കൈവശാവകാശ രേഖ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുള്ളത്;

(ബി) ഓരോ വില്ലേജിലും എത്ര അപേക്ഷകരാണുള്ളത്; ആരെല്ലാമാണ് അപേക്ഷകർ;

(സി) വിവിധ ഘട്ടങ്ങളിലായി ഓരോ വില്ലേജിലും എത്രപേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്;

(ഡി) ഓരോ വില്ലേജിലും എത്ര പേർക്കാണ് കൈവശ രേഖ നൽകാനുള്ളത്;

(ഇ) കൂരാച്ചുണ്ട്, കാന്തലാട്, ചക്കിട്ടപ്പാറ വില്ലേജുകളിലെ കർഷകർക്ക് കൈവശ രേഖ നൽകുന്നതുമായി ബന്ധപ്പെട്ട് 16-1-2013-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ ആരെല്ലാമാണ് പങ്കെടുത്തത്;

(എഫ്) 16-1-2013-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു;

(ജി) 16-1-2013-ന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിലെ തീരുമാനപ്രകാരം കൈക്കൊണ്ട തുടർനടപടികൾ എന്തെല്ലാമാണ്;

ഏകദേശം രണ്ട് വർഷക്കാലമായിട്ടും പ്രസ്തുത യോഗ തീരുമാനങ്ങൾ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 123 അപേക്ഷകർ ഉണ്ടായിരുന്നു

(ബി) കൊയിലാണ്ടി താലൂക്കിലെ കൂരാച്ചുണ്ട് വില്ലേജിൽ 88-ഉം, താമരശ്ശേരി താലൂക്കിലെ കാന്തലാട് വില്ലേജിൽ 35-ഉം അപേക്ഷകർ ഉണ്ടായിരുന്നു. ചക്കിട്ടപ്പാറയിൽ അപേക്ഷകർ ഇല്ലായിരുന്നു. അപേക്ഷകരുടെ ലിസ്റ്റ് അനുബന്ധം I-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.*

(സി) കൈവശരേഖ നൽകിയിട്ടില്ല.

(ഡി) കൂരാച്ചുണ്ട് വില്ലേജിൽ 88 കൈവശക്കാരിൽ രേഖകൾ ഹാജരാക്കിയ 47 പേരുടെയും കാന്തലാട് വില്ലേജിൽ 35 കൈവശക്കാരിൽ രേഖകൾ ഹാജരാക്കിയ 15 പേരുടെയും കൈവശമിരിക്കുന്ന 94 ഹെക്ടർ ഭൂമിയിൽ റവന്യൂ/വനം വകുപ്പുകളുടെ സംയുക്ത സർവ്വേ നടപടി തുടർന്നു വരുന്നു. പ്രസ്തുത നടപടി പൂർത്തിയായതിനു ശേഷം മാത്രമേ കൈവശരേഖ നൽകുന്നത് സംബന്ധിച്ച തീരുമാനത്തിലെത്തുവാൻ കഴിയുകയുള്ളൂ.

(ഇ) ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(എഫ്) 1 പട്ടയം, ആധാരം, ലാന്റ് ഏരിയ രജിസ്റ്റർ ഇവ പരിശോധിച്ച് ഇവയിൽ ഏതെങ്കിലുമൊന്ന് കർഷകർക്ക് അനുകൂലമാണെങ്കിൽ കൈവശാവകാശരേഖ നൽകുന്നതിനും കരം സ്വീകരിക്കുന്നതിനുമുള്ള നിയമപ്രകാരമുള്ള അനന്തര നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

2 കൂരാച്ചുണ്ട് വില്ലേജിലെ പരാതികളിൽ 2013 മാർച്ച് 31-ന് മുമ്പും കാന്തലാട് വില്ലേജിലെ പരാതികളിൽ 2013 ഏപ്രിൽ 30-ന് മുമ്പും നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

(ജി) പ്രസ്തുത യോഗ തീരുമാനപ്രകാരം കരം സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചപ്പോൾ ടി ഭൂമികൾ വനഭൂമിയിൽ ഉൾപ്പെട്ടതാണെന്ന വനം വകുപ്പിന്റെ അവകാശവാദത്തെതുടർന്ന് 4-3-2014, 11-7-2014 എന്നീ തീയതികളിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ടായിരുന്നു. 11-7-2014-ലെ തീരുമാനമനുസരിച്ച് വനം/റവന്യൂ സംയുക്ത സർവ്വേ നടത്തി കല്ലിടുന്ന പ്രവർത്തനങ്ങൾ

ഊർജ്ജിതമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ദുരന്ത നിവാരണ അതോറിറ്റി**

115(4746) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ ദുരന്ത നിവാരണ സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ സംസ്ഥാന അടിയന്തരഘട്ട കാര്യ നിർവ്വഹണകേന്ദ്രം (സ്റ്റേറ്റ് ഏമർജൻസി ഓപ്പറേഷൻസ് സെന്റർ) എന്ന പേരിൽ ദുരന്ത നിവാരണ സംവിധാനം നിലവിൽ പ്രവർത്തിച്ചു വരുന്നു.

(ബി) സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

(1) 24 മണിക്കൂറും സജ്ജമായ നിരീക്ഷണ പരിരക്ഷണ സംവിധാനം

(2) സംസ്ഥാനത്ത് പൊതുവായുണ്ടാകുന്ന ദുരന്തങ്ങളെ സമഗ്രമായി പഠനവിധേയമാക്കുക.

(3) പ്രസ്തുത ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനും നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

(4) സ്വയം നിയന്ത്രിത ദുരന്ത പ്രവചന ഉപകരണങ്ങളായ കാലാവസ്ഥാ ഉപകരണങ്ങൾ, ഡിസ്ചാർജ്ജ്ഗേജ്, ഭൂകമ്പമാപിനികൾ

എന്നിവയിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് പ്രകൃതി ദുരന്തങ്ങളുടെ മുൻകൂട്ടിയുള്ള പ്രവചനം സാദ്ധ്യമാക്കുക.

(5) ജില്ലാദുരന്തനിവാരണ അതോറിറ്റികൾക്ക് ആവശ്യമായ അടിയന്തര നിർദ്ദേശങ്ങൾ യഥാസമയം നൽകുക വഴി കേന്ദ്രീകൃത ദുരന്ത നിവാരണ പ്രവർത്തനം ഫലപ്രദമായ നടപ്പിലാക്കുക.

(സി) റവന്യൂ-ദുരന്ത നിവാരണ വകുപ്പ്, ആഭ്യന്തര വകുപ്പ്, ശാസ്ത്ര സാങ്കേതിക വകുപ്പ്, അഗ്നിശമന സേനാ വിഭാഗം, കൃഷി-മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ്, ജലവിഭവ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വനം വകുപ്പ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് എന്നിവ ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിലുള്ള സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററുമായി ചേർന്ന് പ്രവർത്തിക്കുന്നു.

(ഡി) ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അത്യാധുനിക സജ്ജീകരണങ്ങളുള്ള ഒരു ആസ്ഥാന മന്ദിരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കുവേണ്ടി നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

## റവന്യൂ വകുപ്പിലെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

116(4747) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നുള്ള വിവരം നൽകുമോ ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ തീയതി തിരിച്ചുള്ള വിശദ വിവരം നൽകുമോ ?

<u>ഉത്തരം</u>

റവന്യൂ വകുപ്പിൽ നിലവിലുള്ള 181 ഒഴിവുകളിൽ 162 ഒഴിവുകൾ 12-12-2014-ന മുമ്പ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 19 ഒഴിവുകൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

## റവന്യൂ ഡിവിഷനിൽ ഓഫീസ് കാക്കനാട് കളക്ടറേറ്റിലേക്ക് മാറ്റാൻ നടപടി

117(4748) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ ഡിവിഷണൽ ഓഫീസ് എറണാകുളം ജില്ലയുടെ പടിഞ്ഞാറെ അതിർത്തിയിൽ പ്രവർത്തിക്കുന്നതിനാൽ വടക്കേ അറ്റത്തെ അതിർത്തിയിലുള്ള നിയോജക മണ്ഡലമായ അങ്കമാലിയിലെയും മറ്റു നിയോജക മണ്ഡലങ്ങളിലെയും പൊതുജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി പ്രസ്തുത ഓഫീസിൽ എത്തിച്ചേരുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് റവന്യൂ ഡിവിഷണൽ ഓഫീസിന്റെ പ്രവർത്തനം കാക്കനാട് കല്ലക്ടേറ്റിലേക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

നിലവിൽ ഫോർട്ട് കൊച്ചിയിൽ പ്രവർത്തിച്ച് വരുന്ന റവന്യൂ ഡിവിഷണൽ ഓഫീസ് കാക്കനാട് സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്ന വിഷയം സംബന്ധിച്ച പ്രൊപ്പോസൽ തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**റാന്നി ഉതിമൂട്ടിൽ ഉള്ള വസ്തുവിൽ നിന്നും ഗവൺമെന്റ് ഐ.ടി.ഐയ്ക്ക് സ്ഥലം**

118(4749) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഐ.പി.-യുടെ ഉടമസ്ഥതയിൽ റാന്നി ഉതിമൂട്ടിൽ ഉള്ള വസ്തുവിൽ നിന്നും ഗവൺമെന്റ് ഐ.ടി.ഐയ്ക്ക് വേണ്ടി എത്ര സ്ഥലം കൈമാറുന്നതിനാണ് എൻ.ഒ.സി. ലഭിച്ചിട്ടുള്ളത്;

(ബി) ഭൂമി കൈമാറുന്നതു സംബന്ധിച്ച് എന്നാണ് പി.ഐ.പി. അപേക്ഷ നൽകിയത്; ഭൂമി അനുവദിക്കണം എന്നാവശ്യപ്പെട്ട് എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചത്;

(സി) പ്രസ്തുത ഭൂമി ഡിപ്പാർട്ട്മെന്റിന് കൈമാറിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഭൂമി കൈമാറാത്തത്; ഭൂമി കൈമാറ്റത്തിനായി ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കുന്നത്;

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കി അടിയന്തിരമായി വസ്തു കൈമാറുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ജലവിഭവ (ഐ.ആർ.) വകുപ്പിന്റെ 27-6-2014-ലെ 30863/ഐ.ആർ1/12/ജ.വി.വ. നമ്പർ കത്ത് പ്രകാരം റാന്നി സർക്കാർ ഐ.ടി.ഐ-ക്ക് വേണ്ടി റാന്നി വില്ലേജിൽ ജലസേചന വകുപ്പിന്റെ അധീനതയിലുള്ള 517/6, 6-2, 6-10 എന്നീ

സർവ്വേ നമ്പരുകളിൽപ്പെട്ട 0.749 ഹെക്ടർ ഭൂമി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടു നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) പി.ഐ.പി.-യിൽ നിന്നും അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ റാന്നി വില്ലേജിൽ സർവ്വേ നമ്പർ 517/6, 6-2, 6-10 ൽപ്പെട്ട 0.749 ഹെക്ടർ സ്ഥലം റാന്നി സർക്കാർ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറണമെന്ന് ആവശ്യപ്പെട്ട് 4-11-2014-ലെ ഐ 4-23764/10 നമ്പർ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടറിൽ നിന്നും അപേക്ഷ പത്തനംതിട്ട ജില്ലാ കളക്ടേറ്റിൽ ലഭിച്ചിട്ടുണ്ട്.

(സി&ഡി) ഭൂമി കൈമാറിയിട്ടില്ല. കൈമാറേണ്ട സ്ഥലത്തിന്റെ മഹസ്സർ, എഫ്.എം.ബി.-യുടെ പകർപ്പ്, പുറമ്പോക്ക് രജിസ്റ്ററിന്റെ പകർപ്പ്, സെറ്റിൽമെന്റ് രജിസ്റ്ററിന്റെ പകർപ്പ്, പി.ഐ.പി.യിൽ നിന്നും കൈമാറ്റം ചെയ്തു ലഭിച്ചതിന്റെ രേഖകൾ എന്നിവ സഹിതം പത്തനംതിട്ട ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ഉചിതമായ ശുപാർശയോടെ അനന്തര നടപടികൾക്കായി സർക്കാരിന് ലഭ്യമാക്കേണ്ടതുണ്ട്.

## റിവർ മാനേജ്മെന്റ് ഫണ്ട് -വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

119(4750) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 2 വർഷത്തിനിടയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വഴി വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) റിവർ മാനേജ്മെന്റ് വഴി പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നിബന്ധനകളും മാനദണ്ഡങ്ങളും എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിൽ വൈക്കം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വഴി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം, ചട്ടങ്ങൾ എന്നിവ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ജില്ലാ വിദഗ്ധ സമിതി അംഗീകരിച്ച് എസ്റ്റിമേറ്റ് സഹിതം ലഭ്യമാകുന്ന പദ്ധതികൾക്ക് സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തിന് വിധേയമായി ഭരണാനുമതി നൽകി വരുന്നു.

**അനധികൃത പാറ ഖനനം**

120(4751) ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. ബി. സത്യൻ :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി കയ്യേറി പാറ ഖനനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആദിവാസി സങ്കേതങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളിൽപ്പോലും ഭൂമി കയ്യേറിയുള്ള അനധികൃത ഖനനം നടക്കുന്ന കാര്യം അറിവുള്ളതാണോ; ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാണോ;

(സി) മുക്കുന്നിമലയിൽ ഇത്തരത്തിലുള്ള എത്ര കയ്യേറ്റങ്ങൾ നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇതു സംബന്ധിച്ച് റവന്യൂ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) സർക്കാർ ഭൂമി കയ്യേറിയുള്ള ഇത്തരം ക്വാറികളുടെ പ്രവർത്തനങ്ങൾക്ക് ഉദ്യോഗസ്ഥരുടെ ഒത്താശയുണ്ടെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ അഞ്ച് ജില്ലകളിൽ സർക്കാർ ഭൂമി കൈയ്യേറി പാറഖനനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇത്തരം കേസുകളിൽ പരിശോധന നടത്തി കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) കോട്ടയം, കോഴിക്കോട് ജില്ലകളിൽ ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

(സി) മുക്കുന്നിമലയിൽ ആദിവാസി സങ്കേതങ്ങൾ നിലവിലുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. കൂടാതെ പ്രസ്തുത സ്ഥലത്ത് സർക്കാർ പാറയിൽ അനധികൃത കൈയ്യേറ്റം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഉണ്ട്. മൂക്കുന്നിമലയിലെ നിയമാനുസൃതമല്ലാത്ത ക്വാറികൾ നിർത്തലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേന്ദ്ര പുനരധിവാസ നിയമം**

121(4752) <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേന്ദ്ര പുനരധിവാസ നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഈ നിയമം എങ്ങനെ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റികളേയും വിദഗ്ദ്ധ സമിതികളേയും നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനോടനുബന്ധിച്ചിട്ടുള്ള നിയമങ്ങളും മറ്റും രൂപപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഭൂവുടമകൾക്ക് വർദ്ധിച്ച നഷ്ട പരിഹാരവും പുനഃരധിവാസവും കേന്ദ്ര സർക്കാരിന്റെ പുതിയ നിയമം ഉറപ്പ് നൽകുന്നു. പാർപ്പിടം നഷ്ടപ്പെടുന്ന അർഹരായ ഗുണഭോക്താക്കൾക്ക് ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പാർപ്പിടം, വലിയ പ്രോജക്ടുകൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ പകരം ഭൂമി, തൊഴിൽ സംരംഭമാണെങ്കിൽ

അർഹതയ്ക്കനുസരിച്ച് തൊഴിൽ/ധനസഹായം എന്നിവയും വാഗ്ദാനം ചെയ്യുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ സുതാര്യവും നിഷ്പക്ഷവും ആക്കാനാണ് പുതിയ നയം ലക്ഷ്യം വയ്ക്കുന്നത്.

(ബി) പുതിയ പൊന്നുംവില നിയമത്തെ അടിസ്ഥാനമാക്കിയുള്ള കരട് ചട്ടങ്ങൾ സർക്കാർ അംഗീകരിച്ച് 28-11-2014-ലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസം വരെ ആക്ഷേപങ്ങൾ/നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് അവസരം സർക്കാർ നൽകിയിട്ടുണ്ട്. തുടർന്ന് ചട്ടങ്ങൾ നിലവിൽ വരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) ചട്ടങ്ങൾ രൂപീകരിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. ആക്ടിൽ വ്യവസ്ഥ ചെയ്യുന്ന സമിതികളും അതോറിറ്റികളും രീപീകരിക്കുന്നതിനുള്ള നടപടി പിന്നീട് സ്വീകരിക്കുന്നതാണ്.

(ഡി) പുതിയ പൊന്നുംവില നിയമത്തെ അടിസ്ഥാനമാക്കിയുള്ള കരട് ചട്ടങ്ങൾ സർക്കാർ അംഗീകരിച്ച് 28-11-2014-ലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസം വരെ ആക്ഷേപങ്ങൾ/നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് അവസരം സർക്കാർ നൽകിയിട്ടുണ്ട്. ഈ ആക്ഷേപങ്ങൾ/ നിർദ്ദേശങ്ങൾ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കയ്യേറ്റ ഭൂമി ഏറ്റെടുക്കുന്നതിനു നടപടി**

122(4753) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃമായി കൈവശം വച്ചിരുന്ന സർക്കാർ ഭൂമി ഏറ്റെടുത്തതിനു ശേഷം ആയത് എന്തെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കയ്യേറിയ സർക്കാർ ഭൂമിയും അനധികൃതമായി കൈവശം വച്ചിരിക്കുന്ന മിച്ച ഭൂമിയും റീസർവ്വേ നടത്തണമെങ്കിൽ കൈവശക്കാർ അപേക്ഷ നല്കി ഫീസ് കെട്ടണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ, ഇപ്രകാരം എത്ര അപേക്ഷ ലഭിച്ചു; എത്ര ഹെക്ടർ സ്ഥലത്ത് റീ സർവ്വേ നടത്തി എത്ര ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് 'ഭൂമി കേരളം' പദ്ധതി പരാജയപ്പെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; എങ്കിൽ, പ്രസ്തുത പദ്ധതി കാര്യക്ഷമമായി മുന്നോട്ട് കൊണ്ടു പോകുന്നതിന് എന്ത് നടപടികളാണുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## ഹാരിസൺ കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിന് നടപടി

123 (4754) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഏക്കർ ഭൂമിയാണ് ഹാരിസൺ മലയാളം ലിമിറ്റഡ് വിറ്റതെന്ന് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വിറ്റതായി കണ്ടെത്തിയിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുവാൻ ഭൂപരിഷ്കരണ നിയമപ്രകാരമാണോ നടപടി സ്വീകരിക്കുന്നത് ;

(ഡി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ചെറുക്കാൻ ഹാരിസൺ മലയാളം കോടതിയെ സമീപിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വയ്ക്കുന്ന ഭൂമിയും കൈമാറ്റം ചെയ്ത ഭൂമിയും മറ്റ് അനധികൃത കൈവശങ്ങളും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വയ്ക്കുന്ന 29185 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് 1-12-2014-ൽ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് വിൽപ്പന നടത്തിയ ഭൂമി സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കോടതി സ്റ്റേയുള്ള പത്തനംതിട്ട ജില്ലയിലെ അരുവാപ്പലം വില്ലേജിലെ കോണി എസ്റ്റേറ്റിന്റെ ഒരു ഭാഗമായ 832 ഏക്കർ ഭൂമി ഉൾപ്പെടെ അനുബന്ധത്തിൽ വിവരിച്ച അന്യകൈവശത്തിലുള്ള 8149 ഏക്കറും ചേർത്ത് ആകെ 8981 ഏക്കർ ഭൂമി KLC Act പ്രകാരം സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

(സി) അല്ല, കേരള ലാൻഡ് കൺസർവൻസി ആക്ട്, 1957 പ്രകാരമാണ് സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്.

(ഡി) ഉണ്ട്; WP(C) 33122/2014-ാം നമ്പർ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിലെ 10-12-2014-ലെ ഇടക്കാല വിധിന്യായത്തിൽ സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവായ 29185 ഏക്കർ ഭൂമിയുടെ തൽസ്ഥിതി 20-1-2015 വരെ തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്.

## തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഫ്ലഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

124(4755) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും വർഷം പ്രതി എത്ര തുക ഏതെല്ലാം പദ്ധതികൾക്കു വേണ്ടി അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതിനകം എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ബാക്കി ഓരോ പ്രവൃത്തിയും ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(സി) ഫ്ലഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, വിശദാംശം വെളിപ്പെടുത്താമോ?

### ഉത്തരം

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കാറില്ല.

(ബി-ഡി) ബാധകമല്ല.

## വരൾച്ച മൂലമുള്ള പ്രശ്നങ്ങൾ

125(4756) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നതിനും കുടിവെള്ള ദൗർലഭ്യത്തിന് പരിഹാരമായും സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കാമോ;

(ബി) ജില്ലാ ഭരണകൂടത്തിന് ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളെന്തെങ്കിലും നൽകിയിട്ടുണ്ടോ; വരൾച്ചാപ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകളെന്തെങ്കിലും ജില്ലാ കളക്ടർമാരിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(സി) വരൾച്ച നേരിടുന്നതിന് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകൾക്ക് എത്ര വീതം ഫണ്ടനുവദിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ;

(ഡി) വരൾച്ചാദുരിതം ഏറെ അനുഭവിക്കുന്ന മലബാർ മേഖലയ്ക്ക് പ്രത്യേക സഹായം അനുവദിക്കുമോ?

### ഉത്തരം

(എ) വരൾച്ച മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നതിനായി 18-2-2014-ലെ 11050/K3/2012/ DMD നമ്പർ സർക്കാർ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുകിണറുകൾ ഉൾപ്പെടെയുള്ള ജലസംഭരണികൾ ചെളി മാറ്റി ഉപയോഗയോഗ്യമാക്കുക, നിലവിലുള്ള കുടിവെള്ള പദ്ധതികൾ കേടുപാടുകൾ പരിഹരിച്ച് ശക്തിപ്പെടുത്തുക, ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ പ്രവൃത്തികൾ ഇതിലുൾപ്പെടുന്നു. അനധികൃതമായി കുടിവെള്ളം ഊറ്റുന്നവർക്കെതിരെയും കുടിവെള്ളം ദുരുപയോഗം ചെയ്യുന്നവർക്കെതിരെയും നടപടി സ്വീകരിക്കുന്നതിനും വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ശുദ്ധജല ദുരുപയോഗം കുറയ്ക്കുക, പുനർ വിനിയോഗം എന്നിവയ്ക്കും ഊന്നൽ നൽകുകയും കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ളതും വരൾച്ച

ബാധിതമായിട്ടുള്ളതുമായ പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാർ, ജില്ലയിലെ എം.എൽ.എ.-മാർ, എം.പി.-മാർ മറ്റ് ഡിപ്പാർട്ടുമെന്റിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ജില്ലാതലത്തിൽ മീറ്റിംഗ് വിളിച്ചു ചേർക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ എല്ലാ വർഷവും കുടിവെള്ളക്ഷാമം പതിവായി അനുഭവിക്കപ്പെട്ടുവരുന്ന 1500 കേന്ദ്രങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. കോഴിക്കോട് ജില്ലയിലും ഇത്തരത്തിലുള്ള പ്രവൃത്തി നടന്നു വരുന്നു.

(ബി) 18-2-2014-ലെ 11050/K3/2012/DMD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി)

| ജില്ല | അനുവദിച്ച തുക |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 8,73,50,000 |
| കൊല്ലം | 3,51,50,000 |
| പത്തനംതിട്ട | 3,65,60,000 |
| ആലപ്പുഴ | 7,51,50,000 |
| കോട്ടയം | 4,52,20,000 |
| ഇടുക്കി | 7,05,00,000 |
| എറണാകുളം | 7,66,50,000 |
| (1) | (2) |
| തൃശ്ശൂർ | 3,51,50,000 |
| പാലക്കാട് | 7,77,50,000 |
| മലപ്പുറം | 8,51,50,000 |

| | |
|---|---|
| കോഴിക്കോട് | 6,27,50,000 |
| വയനാട് | 4,01,50,000 |
| കണ്ണൂർ | 6,01,50,000 |
| കാസർഗോഡ് | 4,07,50,000 |
| ആകെ | 82,84,30,000 |

(ഡി) ജില്ലാ കളക്ടർമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ ലഭ്യതയ്ക്കനുസരിച്ചും മാനദണ്ഡങ്ങൾക്ക് വിധേയമായും വരൾച്ച അനുഭവിക്കുന്ന എല്ലാ മേഖലകൾക്കും ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

**മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് മുഖേനയുള്ള പദ്ധതികൾ**

126(4757) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നടപ്പുവർഷം റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്, എത്ര രൂപ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്?

(ബി) പ്രസ്തുത പദ്ധതികളിൽ ഏറനാട് മണ്ഡലത്തിൽ നിന്നും ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ; വിശദമാക്കുമോ?

(സി) 2013-14 വർഷത്തെ ഏറനാട് മണ്ഡലത്തിലെ പ്രവർത്തികളിൽ ഏതെല്ലാമാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ നടപ്പുവർഷം റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് അഞ്ച് പദ്ധതികൾക്ക് 366.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ഏറനാട് മണ്ഡലത്തിൽ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

**ഭൂനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ട തുക**

127(4758) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2012-13, 2013-14 വർഷങ്ങളിൽ ഭൂനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

ഉണ്ടെങ്കിൽ എന്താണ് ?

<u>ഉത്തരം</u>

സംസ്ഥാനത്ത് ഭൂനികുതി (ലാന്റ് ടാക്സ്) ഇനത്തിൽ 2012-13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പിരിച്ചെടുക്കുവാൻ ലക്ഷ്യമിട്ടിരുന്ന തുകയുടെ 32.27 ശതമാനവും 2013-14 സാമ്പത്തിക വർഷം പിരിച്ചെടുക്കുവാൻ ലക്ഷ്യമിട്ടിരുന്ന തുകയുടെ 33.68 ശതമാനവും പിരിച്ചെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. പ്രസ്തുത വർഷങ്ങളിലെ ഭൂനികുതി പിരിവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പിരിച്ചെടുക്കാൻ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലക്ഷ്യം വച്ചിരുന്ന തുക (തുക ലക്ഷത്തിൽ) | പ്രസ്തുത സാമ്പത്തിക വർഷത്തിൽ പിരിച്ചെടുത്ത തുക (തുക ലക്ഷത്തിൽ) | പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടതിൽ പിരിച്ചെടുത്ത തുകയുടെ ശതമാനം | പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടതിൽ പിരിച്ചെടുക്കാൻ കഴിയാത്ത തുകയുടെ ശതമാനം |
|---|---|---|---|---|
| 2012-13 | 6499.75 | 4402.31 | 67.73% | 32.27% |
| 2013-14 | 7499.75 | 4973.88 | 66.32 | 33.68% |

ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ഭൂനികുതി വരുമാനം 2012-13 സാമ്പത്തിക വർഷത്തിൽ 65 കോടിയായിരുന്നുവെങ്കിലും പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലാന്റ് ടാക്സ് ഇനത്തിൽ ആകെ ഉണ്ടായിട്ടുള്ള ഡിമാന്റ് 43.29 കോടി രൂപയാണ്. പ്രസ്തുത ഡിമാന്റിൽ നൂറ് ശതമാനവും (104.15%) 2012-13 സാമ്പത്തിക വർഷത്തിൽ പിരിച്ചെടുത്തിട്ടുള്ളതാണ്. 2013-14 സാമ്പത്തിക വർഷത്തിൽ ഭൂനികുതി ഇനത്തിൽ ഉണ്ടായിട്ടുള്ള ആകെ ഡിമാന്റ് 47.38 കോടിരൂപയായിരുന്നു. പ്രസ്തുത ഡിമാന്റിലെ 100 ശതമാനം തുക 2013-14 സാമ്പത്തിക വർഷം പിരിച്ചെടുത്തിട്ടുള്ളതാണ്. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ താരതമ്യേന കൂടുതൽ തുക പിരിവ് ലക്ഷ്യമാക്കി നിശ്ചയിച്ച് വരുന്നതും ആയതനുസരിച്ചുള്ള ഡിമാന്റ് പ്രസ്തുത സാമ്പത്തിക വർഷത്തിൽ വരാത്തതുമായ സാഹചര്യത്തിലാണ് ടി പട്ടിക

പ്രകാരമുള്ള പിരിവിലെ കുറവ് വന്നിട്ടുള്ളത്.

## വളപട്ടണം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി നടപടി

128(4759) ശ്രീ. കെ. എം .ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ കളക്ടറുടെ അധീനതയിലുള്ള കണ്ണൂർ ജില്ലയിലെ വളപട്ടണം വില്ലേജിൽ റീ.സ.33/1-ൽപ്പെട്ട 1.51 ഏക്കർ സ്ഥലം വളപട്ടണം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറൽ വ്യവസ്ഥ പ്രകാരം വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 17-7-2014-ന് 277/കെ. എം./14 നമ്പറായി ബഹു. റവന്യൂ വകുപ്പുമന്ത്രി, കോഴിക്കോട് ജില്ലാകളക്ടർ, കണ്ണൂർ ജില്ല കളക്ടർ എന്നിവർക്ക് എം.എൽ.എ. നൽകിയ കത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമി സംബന്ധിച്ച് രേഖകളൊന്നും വളപട്ടണം വില്ലേജിൽ ലഭ്യമല്ലെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) കോഴിക്കോട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ പ്രസ്തുത ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഭൂമി കൈമാറി ശുപാർശ തയ്യാറാക്കുന്നതിനായി പ്രസ്തുത രേഖകൾ വളപട്ടണം വില്ലേജ് ഓഫീസർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കാലതാമസം ഒഴിവാക്കി പ്രസ്തുത ഭൂമി വളപട്ടണം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത ഭൂമി കൈമാറി നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) 17-7-2014-ന് സർക്കാരിൽ ലഭിച്ച അപേക്ഷ റിപ്പോർട്ടിനായി കോഴിക്കോട്, കണ്ണൂർ ജില്ലാ കളക്ടർമാർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലാ കളക്ടർക്ക് ലഭിച്ച അപേക്ഷ ഭൂമി കൈമാറ്റ ശുപാർശ സമർപ്പിക്കുന്നതിലേക്കായി തലശ്ശേരി ആർ.ഡി.ഒ-യ്ക്ക് അയച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ കളക്ടർക്ക് ലഭിച്ച അപേക്ഷയിൽ പ്രസ്തുത ഭൂമി സംബന്ധിച്ച രേഖകൾ കോഴിക്കോട് കളക്ടേറ്റിൽനിന്നും ലഭ്യമാക്കുന്നതിനുള്ള

നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(സി) പരിശോധിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള രേഖകൾ ലഭ്യമാക്കുന്നതിനായി തലശ്ശേരി സബ് കളക്ടർ നടപടി കൈക്കൊണ്ട് വരുന്നുണ്ട്.

(ഡി&ഇ) ഭൂമി കൈമാറ്റ ശുപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം സ്ഥിതിചെയ്യുന്ന റവന്യൂ ഭൂമി**

129(4760) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം സ്ഥിതിചെയ്യുന്ന റവന്യൂ ഭൂമി നഗരസഭയ്ക്ക് കൈമാറണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) റവന്യൂ ഭൂമി കൈമാറുന്നതിന് നിയമപരമായ തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന റവന്യൂ ഭൂമി നഗരസഭയ്ക്ക് കൈമാറണമെന്നാവശ്യപ്പെട്ട് 20-8-2011-ന് സർക്കാരിൽ ലഭ്യമാക്കിയ അപേക്ഷയിൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 24-9-2014-ൽ ബഹു. പ്രതിപക്ഷ ഉപനേതാവ് റവന്യൂ വകുപ്പിന് കത്തു നൽകിയിരുന്നു. ആയത് പരിശോധിച്ചതിൽ 20-8-2011-ലെ കത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയതാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും പ്രസ്തുത വിഷയത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ബേപ്പൂർ - ചാലിയാർ തീരത്ത് വയലും തണ്ണീർത്തടവും നികത്തിയവർക്കെതിരെ നടപടി**

130(4761) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ രാമനാട്ടുകര പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളിൽ ചാലിയാർ തീരത്ത് വൻതോതിൽ വയലും തണ്ണീർത്തടവും നിയമവിരുദ്ധമായി നികത്തുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് രാമനാട്ടുകര വില്ലേജ് ഓഫീസർ കോഴിക്കോട് തഹസീൽദാർക്ക് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ;

(ഡി) നിയമവിരുദ്ധമായി വയലും തണ്ണീർത്തടവും നികത്തിയവർക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ മൂർക്കനാട് ഭാഗത്ത് നെൽവയലും തണ്ണീർത്തടവും മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ഇതുസംബന്ധിച്ച് കരിങ്കല്ലായ്-ചാലിപ്പാടം നെൽവയൽ സംരക്ഷണ സമിതി പരാതി സമർപ്പിച്ചിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ രാമനാട്ടുകര വില്ലേജ് ഓഫീസർ സ്റ്റോപ് മെമ്മോ നൽകുകയും പ്രസ്തുത വിവരം കോഴിക്കോട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ മിച്ച ഭൂമി വിതരണം**

131(4762) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പാലക്കാട് ജില്ലയിൽ എത്ര മിച്ച ഭൂമി വിതരണം ചെയ്തിട്ടുണ്ട്;

(ബി) പുതിയതായി എത്ര മിച്ച ഭൂമി കണ്ടെത്തിയിട്ടുണ്ട്;

(സി) പാലക്കാട് ജില്ലയിലെ വിവിധ താലൂക്ക് ലാന്റ് ബോർഡ് മുമ്പാകെ എത്ര കേസുകൾ തീർപ്പു കല്പിക്കുവാനുണ്ട്;

(ഡി) കഴിഞ്ഞ വർഷം എത്ര കേസ്സുകൾ തീർപ്പാക്കി?

(ഇ) കഴിഞ്ഞ വർഷം ഓരോ ലാന്റ് ബോർഡും നടത്തിയ സിറ്റിംഗുകളുടെ എണ്ണം എത്രയാണ്?

<u>ഉത്തരം</u>

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 20.40 ഏക്കർ (8.2591 ഹെക്ടർ) മിച്ച ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി മുഖേന വിതരണം ചെയ്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ 5 താലൂക്ക് ലാന്റ് ബോർഡുകളിലായി ആകെ 962.97 ¾ ഏക്കർ (389.8693 ഹെക്ടർ) മിച്ചഭൂമി ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്.

(സി) 5 താലൂക്ക് ലാന്റ് ബോർഡുകളിലായി ആകെ 224 കേസുകൾ തീർപ്പാക്കാനുണ്ട്.

(ഡി) 34 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | പാലക്കാട് | - | 42 |
| | ചിറ്റൂർ | - | 27 |
| | ആലത്തൂർ | - | 36 |
| | ഒറ്റപ്പാലം | - | 19 |
| | മണ്ണാർക്കാട് | - | 9 |

**സീതാംഗോളി ഗവൺമെന്റ് ഐ.ടി.ഐ.**

132(4763) <u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീതാംഗോളി ഗവൺമെന്റ് ഐ.ടി.ഐ. നിലവിൽ പുത്തിഗെ പഞ്ചായത്തിൽ സൗകര്യപ്രദമല്ലാത്ത താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് പുത്തിഗെ വില്ലേജിൽ റീ.സ. നമ്പർ 130/പി.റ്റി-ൽ പെട്ട 1.90 ഏക്കർ സ്ഥലം വ്യവസായിക പരിശീലന വകുപ്പിനു കൈമാറുന്നതുമായി ബന്ധപ്പെട്ട 53543/എൽ. 1/2012/ റവന്യൂ ഡിപ്പാർട്ട്മെന്റ് എന്ന ഫയലിൻമേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഫയലിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സീതാംഗോളി സർക്കാർ ഐ.ടി.ഐ-യ്ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് വ്യാവസായിക പരിശീലന വകുപ്പിന് ഭൂമി കൈമാറ്റത്തിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

(ബി) സീതാംഗോളി സർക്കാർ ഐ.ടി.ഐ-യ്ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് വ്യാവസായിക പരിശീലന വകുപ്പിന് കൈമാറ്റത്തിന് നിർദ്ദേശിക്കപ്പെട്ട 1.90 ഏക്കർ ഭൂമിയിൽ ഒരു ഭാഗത്ത് 11 kv ഹൈടെൻഷൻ ഇലക്ട്രിക് ലൈനും വാട്ടർടാങ്കും ഉള്ളതിനാൽ 0.60 ഏക്കർ സ്ഥലം ഒഴിവാക്കി 1.30 ഏക്കർ ഭൂമിയിൽ വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള അപകട സാദ്ധ്യതകൾ ഉണ്ടോയെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് വരികയാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**മിച്ചഭൂമി ഉള്ളവർക്ക് പട്ടയം**

133(4764) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ 17-7-2014-ന് പാസ്സാക്കിയ ഭൂപരിഷ്കരണ ഭേദഗതി നിയമമനുസരിച്ച് മിച്ചഭൂമി ആണെന്നറിയാതെ വാങ്ങി കൈവശം വയ്ക്കുന്ന നാല് എക്കർവരെ ഭൂമിയുടെ പട്ടയം ലഭിക്കാൻ അർഹതയുള്ളവർ എത്രയാണെന്ന കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഭൂപരിഷ്കരണ ആക്ട് നിലവിൽ വന്ന 1963-നും ഭേദഗതി നിലവിൽ വന്ന 2005-നും ഇടയിൽ വിലകൊടുത്ത് വാങ്ങിയോ അല്ലാതെയോ സ്വന്തമാക്കിയ മിച്ചഭൂമി എത്രയാണെന്ന കണക്കുകൾ ലഭ്യമാണോ;

(സി) നാല് ഏക്കറിന് കൂടുതൽ ഇപ്രകാരം കൈവശം വച്ച് വന്നവരിൽ നിന്നും നിയമം നിലവിൽ വന്നതിനുശേഷം എത്ര ഏക്കർ ഭൂമി മിച്ചഭൂമിയായി ലഭിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ-സി) കേരള ഭൂപരിഷ്കരണ നിയമം നിലവിൽ വന്നത് മുതൽ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം, 2005 പ്രാബല്യത്തിൽ വന്നതുവരെയുള്ള കാലയളവിൽ മിച്ചഭൂമിയാണ് എന്നറിയാതെ ജന്മിമാരിൽ നിന്നും വില നൽകി വാങ്ങിയതോ മറ്റ് വിധത്തിലോ നാല് ഏക്കർ ഭൂമി വരെ കൈവശം വച്ചുവരുന്നവരെ കുടിയാനായി കണക്കാക്കുന്നതിനായിട്ടാണ് കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ല് 2013-ലൂടെ ലക്ഷ്യമിടുന്നത്. ടി ബില്ല് കേരള നിയമസഭ പാസാക്കിയിട്ടുണ്ട്. ആയത് ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം ടി നിയമത്തിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ച് ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിയമം പ്രാബല്യത്തിൽ വരുന്ന തീയതിക്ക് ശേഷം ലഭ്യമാകുന്ന അപേക്ഷകൾ കൂടി പരിഗണിച്ചുകൊണ്ട് മാത്രമേ പട്ടയം ലഭിക്കാൻ അർഹതയുള്ളവരുടെ എണ്ണവും സർക്കാരിന് ലഭിക്കുന്ന മിച്ചഭൂമിയുടെ കണക്കും ലഭ്യമാകുകയുള്ളൂ.

**ചേർത്തല മിനിസിവിൽ സ്റ്റേഷൻ ശുചിയാക്കാൻ നടപടി**

134(4765) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മിനിസിവിൽ സ്റ്റേഷൻ കെട്ടിടവും പരിസരവും വൃത്തിയാക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത് എന്ന് വ്യക്തമാക്കുമോ; തിരക്കേറിയ ഈ ഓഫീസിലെത്തുന്ന ജനങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾക്കും വിശ്രമിക്കുന്നതിനും യാതൊരു സംവിധാനവും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടം വൃത്തിഹീനമായി കിടക്കുന്നതിനാൽ പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മിനി സിവിൽസ്റ്റേഷന്റെ സമഗ്രമായ ശുചീകരണത്തിനും ഓഫീസുകളുടെയും കോമ്പൗണ്ടിന്റെയും സംരക്ഷണത്തിനും വേണ്ട ക്രമീകരണങ്ങൾ ഉണ്ടാക്കുമോ ;

(ബി) ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ രാത്രികാല ഡ്യൂട്ടിക്ക് ഒരു വാച്ച്മാനെ നിയമിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ചില ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർമാരുണ്ടെങ്കിലും അവർ ബന്ധപ്പെട്ട ഓഫീസുകൾ മാത്രമാണ് വൃത്തിയാക്കുന്നത്. കെട്ടിടത്തിന്റെ പൊതുവായിട്ടുള്ള ഭാഗങ്ങളും പരിസര

പ്രദേശങ്ങളും ടോയ്‌ലറ്റ്, വാഷ്ബേസിൻ എന്നിവയും വൃത്തിയാക്കുന്നതിന് നിലവിൽ സ്ഥിരം സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ല. മിനിസിവിൽ സ്റ്റേഷനിലെ വിവിധ ഓഫീസുകളിലെത്തുന്ന ജനങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾക്കും വിശ്രമിക്കുന്നതിനും വേണ്ടത്ര സൗകര്യങ്ങളില്ല. ചേർത്തല എം.എൽ.എ-യുടെയും നഗരസഭ ചെയർപേഴ്സന്റെയും നേതൃത്വത്തിൽ സിവിൽസ്റ്റേഷനിലെ ജീവനക്കാരെല്ലാം ചേർന്ന് ടി കെട്ടിടവും പരിസരവും വൃത്തിയാക്കിയിട്ടുള്ളതും തുടർന്നുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് വേസ്റ്റ്ബിൻ സ്ഥാപിച്ചിട്ടുള്ളതുമാണ്. മിനി സിവിൽ സ്റ്റേഷൻ കെട്ടിടവും പരിസരവും സുരക്ഷിതമാക്കുന്നതിനായി നൈറ്റ് വാച്ച്മാനെ നിയമിച്ച് സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

**കാസർകോട് വില്ലേജിൽ ഭൂമി കിട്ടാനുള്ള കുടുംബങ്ങൾ**

135(4766) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് വില്ലേജിൽ ഫയൽ നമ്പർ 10/11 പ്രകാരം എത്ര കുടുംബങ്ങൾക്കാണ് ഭൂമി കിട്ടാനുള്ളത്; പ്രസ്തുത ഫയൽ തീർപ്പാകാതെ അനന്തമായി നീളുന്നതിന്റെ കാരണമെന്താണ്;

(ബി) കാസർകോട് കളക്ടറേറ്റിൽ C3-31424/13 നമ്പർ ഫയൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടതാണോ; ഈ ഫയലിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ തീരുമാനത്തിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ അതിനുള്ള കാരണവും വിശദമാക്കുമോ?

ഉത്തരം

(എ) 5 കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ട്. ഈ കുടുംബങ്ങൾക്ക് പതിച്ചു കൊടുക്കേണ്ടുന്ന ഭൂമിയുടെ വിസ്തീർണ്ണംസംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലാണ് ഫയൽ തീർപ്പാകാതെ നീളുന്നത്.

(ബി) അതെ. പതിച്ചു കൊടുക്കേണ്ടുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിൽ വ്യത്യാസമുള്ളതിനാൽ ഇതുസംബന്ധിച്ച് വ്യക്തത വരുത്തി ഫയൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**കടലാക്രമണം മൂലം വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകാൻ നടപടി**

136 ( T 4767) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രൂക്ഷമായ കടലാക്രമണത്തിൽപ്പെട്ട് ആമ്പലപ്പുഴ മണ്ഡലത്തിൽ എത്ര വീടുകൾ പൂർണ്ണമായി നഷ്ടപ്പെട്ടു; എത്ര വീടുകൾ ഭാഗികമായി നഷ്ടപ്പെട്ടു; വ്യക്തമാക്കാമോ;

(ബി) ഇവർക്കായി എത്ര വീടുകൾ നിർമ്മിച്ചു നൽകി; വ്യക്തമാക്കാമോ;

(സി) വീടുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് എത്ര രൂപ നഷ്ടപരിഹാരം നൽകി;

(ഡി) വീട് ഭാഗികമായി നഷ്ടപ്പെട്ടവർക്ക് എത്ര രൂപ നഷ്ടപരിഹാരമായി നൽകി;

(ഇ) വീടുകൾ നഷ്ടപ്പെട്ടവർക്ക് അടിയന്തരമായി വീടുകൾ നിർമ്മിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടലാക്രമണത്തിൽ അമ്പലപ്പുഴ മണ്ഡലത്തിലെ 33 വീടുകൾ പൂർണ്ണമായും 550 വീടുകൾ ഭാഗികമായും നഷ്ട്പ്പെട്ടു.

(ബി) വീടുകൾ നിർമ്മിച്ചു നൽകിയിട്ടില്ല.

(സി) 4,10,000 രൂപ

(ഡി) 12,34,500 രൂപ

(ഇ) വീടുകൾ നിർമ്മിച്ചു നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പെരുവത്തൂർ വില്ലേജിലെ മിച്ച ഭൂമി സംബന്ധമായ കേസ്സുകൾ**

137(4768) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവത്തൂർ വില്ലേജിൽ മിച്ച ഭൂമി സംബന്ധമായ ധാരാളം കേസ്സുകൾ നിലവിലുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ഈ വില്ലേജിൽ തീർപ്പാക്കാനുണ്ട് ;

(സി) ഇത്തരത്തിൽ ഈ വില്ലേജിലെ തന്നെ നേരത്തെ തീർപ്പാക്കിയ കേസ്സുകൾ, നിയമത്തിലെ ഏതു മാനദണ്ഡമനുസരിച്ചാണ് തീർപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഡി) ചെറുകിട, നാമമാത്ര കുടിയാന്മാരായ കൈവശക്കാർ ഈ കേസുകളുടെ

പേരിൽ നേരിടുന്ന പ്രതിസന്ധികൾ പരിഗണിച്ച് ഇവ അടിയന്തിരമായി തീർപ്പാക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 718 എണ്ണം

(സി) കെ.എൽ.ആർ. ആക്ട് സെക്ഷൻ 85(8) പ്രകാരമാണ് തീർപ്പാക്കുന്നത്.

(ഡി) താലൂക്ക്, ലാന്റ് ബോർഡ് മുമ്പാകെയുള്ള കേസുകളിൽ നടപടികൾ പാലിച്ചുകൊണ്ട് തീർപ്പ് കൽപ്പിക്കുന്നതിന് തിരൂരങ്ങാടി താലൂക്ക് ലാന്റ് ബോർഡിന്, സെക്രട്ടറി സ്റ്റേറ്റ് ലാന്റ് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുടുംബശ്രീ അംഗങ്ങളുടെ മേലുള്ള ജപ്തി ഒഴിവാക്കാൻ നടപടി**

138(T.4769) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ എള്ളനാട് വില്ലേജിൽ കാർത്തികദീപം, ഗ്രാമദീപം, പുലരി, അക്ഷയ എന്നീ കുടുംബശ്രീ യൂണിറ്റുകൾക്ക് 2004-ൽ കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷിക്ക് 25000 രൂപ വീതം അനുവദിച്ചിട്ടുള്ളതും പ്രതികൂല കാലാവസ്ഥയെ തുടർന്ന് വായ്പകുടിശ്ശിക തിരിച്ചടയ്ക്കുവാൻ കഴിയാത്തതിനാൽ അംഗങ്ങളുടെമേൽ ജപ്തിനടപടികൾ സ്വീകരിച്ചതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ തൊഴിലുറപ്പ് പദ്ധതികൊണ്ട് മാത്രം ഉപജീവനം കഴിക്കുന്ന കുടുംബശ്രീ അംഗങ്ങളുടെ മേലുള്ള ജപ്തി നടപടികൾ നിറുത്തിവച്ച് കുടിശ്ശിക തിരിച്ചടവിൽ നിന്നൊഴിവാക്കുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വളരെ നിർദ്ധനരായ ഈ കുടുംബശ്രീ അംഗങ്ങളെ കുടിശ്ശിക തിരിച്ചടവിൽ നിന്നൊഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ചേലക്കര മണ്ഡലത്തിലെ എള്ളനാട് വില്ലേജിലെ കാർത്തിക ദീപം, ഗ്രാമദീപം, പുലരി, അക്ഷയ എന്നീ കുടുംബശ്രീ യൂണിറ്റുകൾക്കെതിരെ മണ്ണ സംരക്ഷണ വിഭാഗം ഓഫീസറുടെ അർത്ഥന പ്രകാരം റവന്യൂ റിക്കവറി നടപടികൾ നിലവിലുള്ളതാണ്. ഓരോ യൂണിറ്റിലും 25,000 രൂപ വീതം കുടിശ്ശികയുള്ളതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കുടിശ്ശിക ഒഴിവാക്കേണ്ടത് അർത്ഥനാധികാരി ആയതിനാൽ ഈ വകുപ്പിൽ നിന്നും നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

**കൊയിലാണ്ടി താലൂക്കിലെ റീ-സർവ്വേ നടപടികളുടെ പുരോഗതി**

139(4770) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിൽ നടന്നുവരുന്ന റീ-സർവ്വേ നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇനിയും റീ-സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ലാത്ത വില്ലേജുകൾ ഏതെല്ലാം?

ഉത്തരം

(എ) കൊയിലാണ്ടി താലൂക്കിലെ 36 വില്ലേജുകളിൽ മേപ്പയൂർ വില്ലേജിന്റെ റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ഇരിങ്ങൽ വില്ലേജിന്റെ റീ-സർവ്വേ ജോലികൾ പുരോഗതിയിലാണ്.

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ലാത്ത വില്ലേജുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. പച്ചോളി
2. തുറയൂർ
3. ചെറുവണ്ണൂർ
4. പാലോരി
5. ചെമ്പനോട
6. പേരാമ്പ്ര
7. മഞ്ഞാണ്യം
8. അരിക്കുളം

9. മൂടാടി
10. പന്തലായനി
11. ചേമഞ്ചേരി
12. ഇള്ളേ്യരി
13. കോട്ടൂർ
14. കൂരാച്ചുണ്ട്
15. അവിടനല്ലൂർ
16. പനങ്ങോട്
17. ശിവപുരം
18. തിക്കോടി
19. കൊഴക്കല്ലൂർ
20. എരവട്ടൂർ
21. ചങ്ങരോത്ത്
22. ചക്കിട്ടപ്പാറ
23. കൂത്താളി
24. തൊച്ചാട്
25. കീഴരിയൂർ
26. വിയ്യൂർ
27. ചേങ്ങോട്കാവ്
28. അത്തോളി
29. നടുവണ്ണൂർ
30. കായണ്ണ
31. കാന്തലാട്

32. ബാല്യശ്ശേരി

33. കിനാലൂർ

34. ഉണ്ണികുളം

**നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം പാലക്കാട് ജില്ലാ സമിതി മുമ്പാകെ ലഭിച്ച അപേക്ഷകൾ**

140(4771) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം കഴിഞ്ഞ വർഷം പാലക്കാട് ജില്ലാ സമിതി മുമ്പാകെ എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) അതിൽ എത്ര എണ്ണം പരിഹരിച്ചു? എത്ര എണ്ണത്തിൽ തീർപ്പു കല്പിച്ചു;

(സി) അനുവദിച്ച ഭൂമിയുടെ വിസ്തീർണ്ണം എത്രയാണ്;

(ഡി) അനുവദിച്ച വിസ്തീർണ്ണത്തിൽ കൂടുതൽ പരിവർത്തനം ചെയ്യുന്നുണ്ടോ എന്ന കാര്യം പരിശോധനയ്ക്കു വിധേയമാക്കാറുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഭവന നിർമ്മാണത്തിന് നിലം പരിവർത്തനപ്പെടുത്തുന്നതിനായി പാലക്കാട് ജില്ലയിൽ 1559 അപേക്ഷകൾ ലഭിച്ചു.

(ബി) അവയിൽ 1498 അപേക്ഷകൾ തീർപ്പ് കൽപ്പിക്കുകയും ഇവയിൽ 1131 എണ്ണത്തിൽ നിലം പരിവർത്തനപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ആകെ 26.74 ഹെക്ടർ നിലം പരിവർത്തനപ്പെടുത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

(ഡി) അനുവദിച്ച വിസ്തീർണ്ണത്തിൽ കൂടുതൽ സ്ഥലം പരിവർത്തനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച ഫ്ലഡ് റോഡുകളുടെ വിശദാംശങ്ങൾ**

141(4772) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ മാവേലിക്കര മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിൽപ്പെടുത്തി ഫണ്ട് അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) അനുവദിക്കപ്പെടുന്ന ഫ്ലഡ് റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ സമയനിഷ്ഠ പാലിക്കാതെ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വെള്ളപ്പൊക്കദുരിതാശ്വാസ പ്രവൃത്തികൾക്കുള്ള ഫണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ അനുവദിക്കാറില്ല.

(ബി) നിലവിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഭരണാനുമതി നൽകിയ തീയതി മുതൽ 2 വർഷത്തെ കാലാവധി അനുവദിച്ചിട്ടുള്ളതാണ്. നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സ്വമേധയാ റദ്ദാക്കപ്പെടുന്നതാണ്.

**നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം**

142(4773) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2007-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം നിലവിൽ വരുന്നതിനും 25 വർഷങ്ങൾക്കുമുമ്പ് വൈദ്യുതീകരിച്ച കെട്ടിടങ്ങളുള്ള ഭൂമിയെ റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആക്ട് പ്രകാരം സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ഡാറ്റാബാങ്കിൽ ഇത്തരം ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കൊല്ലം ജില്ലയിലെ പടിഞ്ഞാറേ കല്ലട പഞ്ചായത്തിൽ 25 വർഷങ്ങൾക്കു മുമ്പ് വൈദ്യുതീകരിച്ച കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂമി, റവന്യൂ രേഖകളിൽ പുരയിടം എന്നതിനുപകരം നിലമെന്ന് വിവക്ഷിച്ചിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

(ഡി) എങ്കിൽ ഇത്തരം കേസുകളിൽ ഉണ്ടായ അപാകതകൾ പരിഹരിക്കുന്നതിനും ഇത്തരം ഭൂമിയെ പുരയിടത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം നിലവിൽ വന്നത് 2008-ലാണ്.

(ബി) എല്ലാ പഞ്ചായത്തുകളിലും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ല. കരട് ഡാറ്റാ ബാങ്കിൽ ന്യൂനതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം നിലവിൽ വന്ന 12-8-2008-ലെ സ്ഥിതി അനുസരിച്ചാണ് ടി നിയമത്തിന്റെ നിർവ്വചനത്തിൽപ്പെട്ട നിലമായോ തണ്ണീർത്തടമായോ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തേണ്ടത്. അപ്രകാരമല്ലാത്ത രേഖപ്പെടുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) 25 വർഷങ്ങൾക്കു മുമ്പ് വൈദ്യുതീകരിച്ച കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂമി റവന്യൂ രേഖകളിൽ നിലമെന്ന് വിവക്ഷിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയുടെ തരം/ഇനം മാറ്റം വരുത്തുവാൻ നിലവിലുള്ള നിയമങ്ങളിൽ വ്യവസ്ഥയില്ല.

**അടംച്ചുട്ടി കുന്നിലെ കുടികിടപ്പുകാർക്ക് പട്ടയം**

143 (4774) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല - തലപ്പിള്ളി താലൂക്കിലെ കുന്നംകുളം, ചൊവ്വന്നൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടു കിടക്കുന്ന അടംച്ചുട്ടി കുന്നിലെ കുടികിടപ്പുകാർക്ക് നാളിതുവരെ പട്ടയം അനുവദിച്ചു നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് പട്ടയം അനുവദിച്ചു നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(സി) വർഷങ്ങളായി ഇവിടെ താമസിച്ചു വരുന്നവർക്ക് പട്ടയം ലഭ്യമല്ലാത്തതിനാൽ സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളും മറ്റും ലഭ്യമാകുന്നില്ല എന്നത് കണക്കിലെടുത്ത് കഴിവതും വേഗത്തിൽ പട്ടയം അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്വീകരിക്കുമെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബി.ടി.ആർ. പ്രകാരം ശ്മശാന പുറമ്പോക്ക് ഭൂമിയായതിനാൽ നഗരപാലികാ നിയമപ്രകാരം കുളം നഗരസഭയുടെ അധീനതയിൽ വരുന്നതാകയാൽ റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷേപം ചെയ്ത് ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തേണ്ടതുണ്ട്.

(സി&ഡി) പ്രസ്തുത ഭൂമി നഗരസഭയിൽ നിക്ഷിപ്തമായതിനാൽ സർക്കാരിലേക്ക് പുനർനിക്ഷിപിതമായാൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## തളിപ്പറമ്പ് താലൂക്കിലെ ഭൂവുടമസ്ഥർക്ക് നികുതി അടയ്ക്കാൻ കഴിയാത്തതിന്റെ കാരണം

144(4775) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കേരളം പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട തളിപ്പറമ്പ് താലൂക്കിലെ മാണിയൂർ അംശം വേശാല ദേശത്ത് താമസക്കാരായ ഭൂവുടമസ്ഥർക്ക് നികുതി (2014-15) യഥാസമയം അടയ്ക്കാൻ കഴിയാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ദേശത്ത് പുതുതായി നടത്തിയ സർവ്വെ പ്രകാരം പലരുടെയും ഭൂമിയുടെ ഉടമസ്ഥാവകാശം പഴയ ജന്മിമാരിൽ നിക്ഷിപ്തമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റീസർവ്വേയിൽ വന്ന അപാകത പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ഡി) 2013-വരെ നികുതി അടച്ചവരിൽ നിന്നു തന്നെ അതത് ഭൂമിയുടെ നികുതി സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) നികുതി സ്വീകരിക്കാത്തതിനാൽ ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥർ ഇപ്പോഴനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമോ?

<u>ഉത്തരം</u>

(എ) റീ-സർവ്വേ സമയത്ത് കൈവശക്കാർക്ക് സ്ഥലത്തിന്റെ ജന്മാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ സാധിക്കാതെ വന്നാൽ റീ-സർവ്വേ റിക്കാർഡുകളിൽ പേര് ഉൾപ്പെടുത്താൻ സാധിക്കാതെ വരുന്നു. റീ-സർവ്വേ സമയത്തും തുടർന്നുള്ള വെരിഫിക്കേഷൻ സമയത്തും തുടർന്ന് സർവ്വേ അതിരടയാള നിയമം 9(2) വിജ്ഞാപനത്തെ തുടർന്നുള്ള റീ-സർവ്വേ പരാതികൾ സ്ഥിരീകരിക്കുന്ന

സമയത്തും കൈവശക്കാർക്ക് വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ റീ-സർവ്വേ റിക്കാർഡുകളിൽ പേര് ഉൾപ്പെടുത്തുന്നതിന് അവസരം ലഭിച്ചിരുന്നു. എന്നാൽ ടി അവസരങ്ങൾ വിനിയോഗിക്കാതെ വന്ന കൈവശക്കാരുടെ ഭൂനികുതി സ്വീകരിക്കാൻ സാധിക്കാതെ വരുന്നു.

(ബി) ഉണ്ട്; റീ-സർവ്വേ സമയത്തും തുടർന്നുള്ള പരാതി പരിഹാര വേളകളിലും കൈവശക്കാർക്ക് ജന്മാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ സാധിക്കാതെ വന്നാൽ ടി സ്ഥലത്തിന്റെ പഴയ സർവ്വേ റിക്കാർഡുകൾ പ്രകാരമുള്ള (അടങ്കൽ രജിസ്റ്റർ) ജന്മിയുടെ പേര് റീ-സർവ്വേ റിക്കാർഡുകളിൽ നിലനിറുത്തുന്നു.

(സി) റീ-സർവ്വേ റിക്കാർഡുകളിൽ പേര് ഉൾപ്പെടുത്താത്ത കൈവശക്കാർക്ക് ജന്മാവകാശം തെളിയിക്കുന്ന രേഖകളോടുകൂടി തളിപ്പറമ്പ് താലൂക്ക്, എൽ.ആർ.എം. അഡീഷണൽ തഹസീൽദാർക്ക് ഫോം നമ്പർ 8-ൽ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകി പ്രശ്നപരിഹാരം തേടുവാനുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) റീ-സർവ്വേ സമയത്ത് ജന്മാവകാശം തെളിയിക്കുന്ന രേഖകളോടെ റിക്കാർഡുകളിൽ പേര് ഉൾപ്പെടുത്താൻ സാധിക്കാതെ വന്ന കൈവശക്കാരിൽ നിന്നും നികുതി സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതാണ്. അവർക്ക് അഡീഷണൽ തഹസീൽദാർ മുമ്പാകെ എൽ.ആർ.എം. പ്രകാരം അപേക്ഷ കൊടുത്ത് രേഖകൾ ശരിയാക്കാവുന്നതും അതിനുശേഷം നികുതി ഒടുക്കാവുന്നതുമാണ്.

(ഇ) ഭൂ ഉടമസ്ഥർക്ക് കൈവശസ്ഥലത്തിന്റെ ജന്മാവകാശം തെളിയിക്കുന്ന രേഖകളോടുകൂടി തളിപ്പറമ്പ് താലൂക്ക് എൽ.ആർ.എം. അഡീഷണൽ തഹസീൽദാർക്ക് ഫോം നമ്പർ 8-ൽ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകി പ്രശ്നപരിഹാരം തേടാവുന്നതാണ്.

## ആറ്റിങ്ങൽ മണ്ഡലത്തിലെ കരവാരം വില്ലേജ് വർക്കല താലൂക്കിനോട് ചേർത്തത്

145(4776) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിൽ കരവാരം പഞ്ചായത്തിലെ കരവാരം വില്ലേജ് വർക്കല താലൂക്കിനോട് ചേർത്തതിനെ തുടർന്ന് ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള

പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് നൽകിയ നിവേദനത്തിന്റെ പേരിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ; ഒരു പഞ്ചായത്തിലെ രണ്ട് വില്ലേജുകൾ രണ്ട് താലൂക്കിലും, രണ്ട് നിയോജകമണ്ഡലങ്ങളിലും (ആറ്റിങ്ങൽ, വർക്കല) ആയതിനാൽ കരവാരം വില്ലേജ് ചിറയിൻകീഴ് താലൂക്കക്കിനോട് കൂടി ചേർക്കാൻ വേണ്ട നിർദ്ദേശം കൊടുക്കാമോ ;കാട്ടാക്കട പുതിയ താലൂക്കിൽ ഉൾപ്പെടുത്തിയിരുന്ന വെള്ളനാട് വില്ലേജിനെ പിന്നീട് ഒഴിവാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വ്യക്തമാക്കാമോ?

ഉത്തരം

നിലവിൽ വർക്കല താലൂക്കിൻ കീഴിലുള്ള കരവാരം വില്ലേജും ചിറയിൻകീഴ് താലൂക്കിന് കീഴിലുള്ള ആലംകോട് വില്ലേജും ഉൾപ്പെടുന്നതാണ് കരവാരം ഗ്രാമപഞ്ചായത്ത്. ഒരു പഞ്ചായത്തിലെ നിവാസികൾ ഒരേ കാര്യത്തിനായി രണ്ട് താലൂക്കുകളിൽ പോകേണ്ട സ്ഥിതിയാണിപ്പോൾ നിലവിലുള്ളത്. പൊതുജനങ്ങൾക്ക് യാത്രാസൗകര്യമുള്ളത് ചിറയിൻകീഴ് താലൂക്കിൽ പോകുന്നതിനാണ്. കൂടാതെ താലൂക്ക് സഭ കൂടുന്ന അവസരത്തിൽ ഒരേ വിഷയം രണ്ട് താലൂക്കിലും ഉന്നയിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. മേൽ വിഷയത്തിന്മേലുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ഉണ്ട്. പുതിയ കാട്ടാക്കട താലൂക്കിൽ ഉൾപ്പെട്ടിരുന്ന വെള്ളനാട് വില്ലേജിനെ നെടുമങ്ങാട് താലൂക്കിൽ നിലനിർത്തി ഉത്തരവായിട്ടുണ്ട്. ആയതിന്റെ ഗസറ്റ് വിജ്ഞാപനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

**വൈത്തിരിയിലെ കർഷകരുടെ ഭൂമിക്ക്നികുതി**

146(4777) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്കിലെ വിവിധ പ്രദേശങ്ങളിലെ കർഷകരുടെ കൈവശഭൂമിക്ക് നികുതി സ്വീകരിക്കാത്തതിനു കാരണം വ്യക്തമാക്കുമോ;

(ബി) വൈത്തിരി താലൂക്കിലെ ഓരോ പ്രദേശത്തുമുള്ള കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതിന്റെ കാരണം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കുന്നതിനായി ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വില്ലേജ് റിക്കാർഡുകളിൽ നിക്ഷിപ്ത വനഭൂമിയായി രേഖപ്പെടുത്തിയതുമൂലമാണ് ഭൂ നികുതി സ്വീകരിക്കാൻ കഴിയാത്തത്.

(സി) വനം വകുപ്പുമായി തർക്കം നിലനിൽക്കുന്ന പ്രദേശങ്ങളിൽ റവന്യൂ, വനം, സർവേ വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടക്കുന്നതിന് 22-5-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2423/2010 പ്രകാരം ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടന്നു വരുന്നതുമാണ്. സംയുക്ത പരിശോധന പൂർത്തിയാക്കി വനം വകുപ്പിന്റെ അനുമതിയോടു കൂടി അർഹതയുള്ളവരുടെ പേരിൽ ഭൂ നികുതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**ദേശീയപാതയുടെ സ്ഥലമെടുപ്പ് ചുമതലയുള്ള റവന്യൂ ഓഫീസുകൾ**

147(4778) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ സ്ഥലമെടുപ്പ് ചുമതലയുള്ള റവന്യൂ സ്ഥലമെടുപ്പ് ഓഫീസുകൾക്ക് ഫണ്ട് നൽകില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; ഈ സന്ദർഭത്തിൽ റവന്യൂ വകുപ്പിൽ നിന്നും സ്ഥലമെടുപ്പ് പ്രത്യേക ഓഫീസുകളിലേക്ക് നിയമിക്കപ്പെട്ട ജീവനക്കാരെ ഏതു നിലയിലാണ് പുനർവിന്യസിക്കുക എന്നു വ്യക്തമാക്കുമോ;

(ബി) ദേശീയ പാതയുടെ ഗുണനിലവാരവും വലിപ്പവും ഒരു ദേശീയ സ്റ്റാൻഡേർഡാണെന്നിരിക്കേ അപ്രകാരമുള്ള ഒരാവശ്യത്തിന് സ്ഥലമെടുക്കുവാൻ ദീർഘകാലമായി ഒട്ടേറെ മനുഷ്യാധ്വാനവും പൊതു സമ്പത്തും ചെലവിട്ടു കഴിഞ്ഞ ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രവർത്തനത്തിനായി ചെലവിട്ട തുക വൃഥാവിലാകാതിരിക്കാനും ഈ ആവശ്യത്തിനായി വിന്യസിക്കപ്പെട്ട റവന്യൂ ജീവനക്കാരെ അവിടെ നിലനിർത്താനും എന്തു നടപടികൾ കൈക്കൊള്ളുമെന്നു പറയാമോ?

<u>ഉത്തരം</u>

(എ) ദേശീയപാതയുടെ സ്ഥലമെടുപ്പ് ചുമതലയുള്ള റവന്യൂ സ്ഥലമെടുപ്പ് ഓഫീസുകൾക്ക് ഫണ്ട് നൽകില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടില്ല. നിർത്തലാക്കിയ ആഫീസിലെ റവന്യൂ ജീവനക്കാർക്ക് അതതു ജില്ലയിൽ പുനർവിന്യാസം നടത്താൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജീവനക്കാരെ അതതു ജില്ലകളിൽ തന്നെ പുനർവിന്യസിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**തിരുവനന്തപുരം - കിള്ളിയാറിന്റെ കരഭൂമി കയ്യേറ്റം**

148(4779) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കിള്ളിപാലം മുതൽ ചിറമുക്ക് വരെ കിള്ളിയാറിന്റെ കരഭൂമി ആരെങ്കിലും കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്കെതിരെ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് ബന്ധപ്പെട്ട ഉത്തരവുകൾ സഹിതം വ്യക്തമാക്കുമോ?

ഉത്തരം

(എ) കിള്ളിയാറിന്റെ തീരത്ത് അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തഹസീൽദാരുടെ സഹായത്തോടെ കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തുന്ന നടപടി സ്വീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭ മുഖാന്തിരം നടപടികൾ സ്വീകരിച്ചു വരുന്നു.

**ഭൂരഹിതർക്കു ഭൂമി നൽകുന്ന പദ്ധതി - കാസർഗോഡ്**

149(4780) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്കു ഭൂമി നൽകുന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ ഇനി എത്ര പേർക്ക് ഭൂമി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് എപ്പോൾ ഭൂമി നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ നിന്ന് തെരഞ്ഞെടുത്തിരുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തന്നെ ഭൂമി അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ പട്ടയം ലഭിച്ചു കഴിഞ്ഞവർക്ക് ചട്ടപ്രകാരം ഭൂമി കൈമാറുന്ന പ്രവർത്തനങ്ങളും ജില്ലയിൽ പുരോഗമിച്ചു വരികയാണ്.

**സംസ്ഥാനത്തിന് വെളിയിൽ സർക്കാരിന്റെ പേരിൽ പട്ടയമുള്ള ഭൂമി**

150(4781) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പേരിൽ പട്ടയമുള്ള ഭൂമികളും അവയിലുള്ള കെട്ടിടങ്ങളും സംസ്ഥാനത്തിന് വെളിയിൽ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഈ ഭൂമികളിലെ കയ്യേറ്റം തടയുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇവ സംരക്ഷിക്കുവാൻ നിയമനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) പത്മനാഭപുരം സമുച്ചയം ഉൾപ്പെടുന്ന ഭൂമിയിൽ റീ-സർവ്വേയിൽ കുറവ് വന്നിട്ടുണ്ടെന്ന് കണ്ടെത്തിയ ഭൂമി ഇപ്പോഴുള്ള അതിരിന് വെളിയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. രണ്ട് സർക്കാരും ചേർന്നുള്ള റീ-സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റാലത്തുള്ള കേരള പാലസിന്റെ ഭൂമിയിൽ 20.5 സെന്റ് സ്ഥലം ഹിന്ദു റിലീജയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് എന്ന പേരിലുള്ള സംഘടന കയ്യേറിയിട്ടുണ്ട്. പ്രസ്തുത കയ്യേറ്റം ഒഴിവാക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. പൊള്ളാച്ചി, നഞ്ചൻഗുഡ്, ചെങ്കോട്ട എന്നീ തടി ഡിപ്പോകളിൽ കയ്യേറ്റം ഉണ്ടാകാതിരിക്കാൻ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ച് വരുന്നു. കൂടാതെ സ്ഥലവും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും പൂർണ്ണമായും കേരള ഗവൺമെന്റിന്റെ അധീനതയിൽ ആയതിനാലും ഇവയിൽ കേരളത്തിന്റെ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നതിനാലും കയ്യേറ്റ സാധ്യതകൾ നിലവിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചിന്നക്കനാൽ വില്ലേജിൽ കരം അടയ്ക്കാൻ അനുമതി

151(4782) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിന്നക്കനാൽ വില്ലേജിൽ 411 തണ്ടപ്പേരുകളിൽ 2006 മുതൽ കരം അടയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തണ്ടപ്പേരുകളുമായി ബന്ധപ്പെട്ട റിക്കാർഡുകൾ ഇപ്പോൾ വിജിലൻസിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ടോ;

(സി) ഇവ തിരികെ താലൂക്ക് ഓഫീസിൽ ലഭിച്ച സാഹചര്യത്തിൽ ഒരു പ്രത്യേക റവന്യൂ സ്ക്വാഡിനെ നിയമിച്ചുകൊണ്ട് അർഹതയുള്ള തണ്ടപ്പേരുകളിൽ കരം അടയ്ക്കാനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരികെ ലഭിച്ചിട്ടില്ല.

(സി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ ചോദ്യമുദിക്കുന്നില്ല.

## തിരുവനന്തപുരം-മണക്കാട് വില്ലേജിൽ കൈവശഭൂമിക്ക് പട്ടയം

152(4783) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം-മണക്കാട് വില്ലേജിൽ അമ്പലത്തറ വാർഡിലെ കല്ലടി മുഖം, ചൂരൽ തോപ്പ്, മുട്ടാറ്റുവരമ്പ് എന്നിവിടങ്ങളിൽ ബണ്ട് പുറമ്പോക്കിൽ 30 വർഷത്തിലേറെയായി താമസിക്കുന്ന നൂറിലധികം കുടുംബങ്ങൾക്ക് അവരുടെ കൈവശഭൂമിക്ക് എന്നത്തേക്ക് പട്ടയം കൊടുക്കുമെന്നും ഇത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുവരെയെത്തി എന്നും വിശദമാക്കുമോ?

ഉത്തരം

ബണ്ട് പുറമ്പോക്കിലെ നിലവിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം സംയുക്ത പരിശോധനയ്ക്കു ശേഷം 121 അർഹരായ കുടുംബാംഗങ്ങളുടെ ലിസ്റ്റ് മണക്കാട് വില്ലേജാഫീസർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത കക്ഷികൾക്ക് പട്ടയം അനുവദിക്കുന്നതിലേക്കായി പതിവ് റിക്കാർഡുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി റീ-സർവ്വേ പ്രകാരം ഓരോ കുടുംബത്തിന്റെയും കൈവശഭൂമിയുടെ അളവ് നിശ്ചയിച്ച് സ്കെച്ച് ഉൾപ്പെടെയുള്ള മറ്റ് രേഖകൾ തയ്യാറാക്കുന്നതിലേക്കായി ഒരു

പ്രത്യേക സർവ്വേ ടീമിനെ നിയോഗിക്കുന്നതിനായി ജില്ലാ സർവ്വേ സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം സർവ്വേ നടപടികൾ പുരോഗമിച്ച് വരുന്നതുമാണ്. സർവ്വേ നടപടികൾ പൂർത്തിയായാലുടനെ പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## ട്രസ്റ്റുകളുടെ പേരിൽ കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി

153(4784) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ട്രസ്റ്റുകളുടെ പേരിൽ കൈവശം വയ്ക്കാവുന്ന ഭൂമിക്ക് പരിധി ഉണ്ടോ;

(ബി) പ്ലാന്റേഷൻ ഇല്ലാത്ത കൃഷി ഭൂമി ട്രസ്റ്റുകൾക്ക് എത്ര വിസ്തീർണ്ണം വരെ കൈവശം വയ്ക്കാമെന്ന് വെളിപ്പെടുത്താമോ;

(സി) പതിനഞ്ച് ഏക്കറിൽ കൂടുതൽ കൈവശം വച്ചിരിക്കുന്ന ട്രസ്റ്റുകളുടെ എണ്ണം വെളിപ്പെടുത്താമോ;

(ഡി) അവർക്ക് ഭൂപരിഷ്ക്കരണ നിയമമനുസരിച്ച് ഇളവ് നൽകിയിട്ടുണ്ടോ; ഇതിൽ കൂടുതൽ ഭൂമി കൈവശമുള്ള ഏതെല്ലാം ട്രസ്റ്റുകളാണ് ഉള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഭൂപരിഷ്ക്കരണ നിയമപ്രകാരം 10 സ്റ്റാൻഡേർഡ് ഏക്കർ (പരമാവധി 15 സാധാരണ ഏക്കർ)

(സി&ഡി) കോഴിക്കോട് ജില്ലയിൽ ശ്രീ. സത്യസായി ട്രസ്റ്റിന് 90 ഏക്കർ കൈവശം വയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളുടെ വിവരം ശേഖരിച്ചുവരുന്നു.

## പെരിന്തൽമണ്ണ താലൂക്കിലെ വടക്കാങ്ങര വില്ലേജിലുള്ള ഭൂമി

154(4785) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ പെരിന്തൽമണ്ണ താലൂക്കിലെ വടക്കാങ്ങര വില്ലേജിലുള്ള ഭൂമിയിൽ നിന്നും ഇരുപത് സെന്റ് ഭൂമി മക്കരപറമ്പ് പഞ്ചായത്തിന് കൈമാറി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ജലവിഭവ വകുപ്പുമന്ത്രിയുടെ തീരുമാനപ്രകാരം വിട്ട് നൽകിയ പ്രസ്തുത ഭൂമി നടപടിക്രമങ്ങൾ പൂർത്തിയാക്കി പഞ്ചായത്തിന് കൈമാറുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമി മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് പതിച്ചുനൽകുന്നതിനുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ 21-8-2014-ൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി 22-12-2000-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) 387/2000/റവ. പ്രകാരം ഇറിഗേഷൻ ഭൂമി റവന്യൂ ഭൂമിയാക്കി മാറ്റുന്ന നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭരണാനുമതിയുൾപ്പെടെ 22-12-2000-ലെ ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിനുശേഷം വ്യക്തമായ പ്രൊപ്പോസൽ സമർപ്പിക്കാൻ 5-11-2014-ലെ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**അപേക്ഷകളുടെയും രസീതുകളുടെയും ലളിതവൽക്കരണം**

155(4786) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. ഐ.സി.ബാലകൃഷ്ണൻ</u> :
<u>ശ്രീ. ആർ . സെൽവരാജ്</u> :
<u>ശ്രീ. വർക്കല കഹാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ അപേക്ഷകൾ, രശീതുകൾ എന്നിവ ലളിതവൽക്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇത് മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ഇ-ഗവേണൻസിന്റെ ഭാഗമായി റവന്യൂ വകുപ്പിൽ നിന്നും നൽകി വരുന്ന 23 സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഫോർമാറ്റിൽ നൽകി വരുന്നു. NLRMP യുടെ കീഴിലുള്ള Relis പദ്ധതി പ്രകാരം Online Transfer of Registry (പോക്കുപരവ്) ജില്ലകളിൽ വിജയകരമായി നടത്തി വരുന്നു. പൂർണ്ണമായ paperless പോക്കുവരവ് സംവിധാനം നടപ്പാക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സ്മാർട്ട് വില്ലേജ്

ഓഫീസുകൾ കടലാസുരഹിത ഓഫീസുകളാക്കുന്നതാണ്. ഇ-പെയ്മെന്റ് സംവിധാനമടക്കമുള്ള പേപ്പർ രഹിത ഗവേണൻസ് സംവിധാനം നടപ്പിലാക്കുക എന്നതാണ് ലക്ഷ്യം.

## ഭൂരഹിതരില്ലാത്ത കേരളം

156(4787) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ നാളിതുവരെ ലഭിച്ച അപേക്ഷയുടെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) അപേക്ഷകൾക്ക് നല്കുന്നതിന് അളന്നു തിട്ടപ്പെടുത്തിയ ഭൂമിയുടെ വിശദാംശങ്ങൾ ജില്ലാടിസ്ഥനത്തിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ തുടക്കത്തിൽ ആകെ 292014 അപേക്ഷകൾ 14 ജില്ലകളിലായി ലഭിച്ചിരുന്നു. 1-2-2014 മുതൽ 31-3-2014 വരെ അപേക്ഷ സമർപ്പിക്കുവാൻ വീണ്ടും അവസരം നൽകിയതിനെ തുടർന്ന് 67,281 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | ഒന്നാം ഘട്ടത്തിൽ ലഭിച്ചത് | 1-2-2014 മുതൽ 31-3-2014 വരെ ലഭിച്ചത്. |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 47595 | 9595 |
| കൊല്ലം | 29850 | 6280 |
| പത്തനംതിട്ട | 7532 | 1142 |
| ആലപ്പുഴ | 17143 | 1223 |
| (1) | (2) | (3) |
| കോട്ടയം | 10742 | 1094 |
| ഇടുക്കി | 10496 | 3433 |
| എറണാകുളം | 43248 | 3619 |

| | | |
|---|---|---|
| തൃശ്ശൂർ | 30836 | 2278 |
| പാലക്കാട് | 28524 | 5742 |
| മലപ്പുറം | 25998 | 1221 |
| കോഴിക്കോട് | 9071 | 2575 |
| വയനാട് | 6611 | 690 |
| കണ്ണൂർ | 12184 | 11952 |
| കാസർഗോഡ് | 12184 | 16437 |
| ആകെ | 292014 | 67281 |

(ബി) വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന അപേക്ഷകരെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. വീട് വയ്ക്കാൻ അനുയോജ്യമായതും പതിവിന് വിധേയമായതുമായ എല്ലാതരം സർക്കാർ ഭൂമികളും പദ്ധതിക്ക് ഉപയോഗപ്പെടുത്തുന്നു. അനുയോജ്യമായ ഭൂമി കണ്ടെത്തുന്ന പ്രവർത്തനവും അവ സർവ്വേ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കുന്ന പ്രവർത്തനവും ജില്ലകളിൽ ഊർജ്ജിതമായി നടന്നുവരികയാണ്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

157(4788) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) തൃശ്ശൂർ-ചാവക്കാട് താലൂക്കുകളിൽ ഭൂമി ലഭിക്കുന്നതിന് എത്ര അപേക്ഷകൾ കൈപ്പറ്റിയെന്നും, എത്ര ഗുണഭോക്താക്കൾക്ക് ഭൂമി വിതരണം നടത്തിയെന്നും അറിയിക്കുമോ;

ഉത്തരം

(എ) ഉണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും നടന്നുകഴിഞ്ഞു. രണ്ടാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.

(ബി) തൃശ്ശൂർ, ചാവക്കാട് താലൂക്കുകളിൽ നിന്ന് ലഭ്യമായ 15,002

അപേക്ഷകളിൽ നിന്നും 13161 കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. 252 കുടുംബങ്ങൾക്ക് ഒന്നാം ഘട്ടമായി ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

158(4789) ശ്രീ. കെ .രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം സർക്കാർ ഇതേവരെ എത്രപേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും എവിടെയെല്ലാമാണെന്നും ജില്ല തിരിച്ച് പറയാമോ;

(ബി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരിൽ എത്രപേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) സംസ്ഥാനത്താകെ ഭൂരഹിതരായി സർക്കാർ കണ്ടെത്തിയത് എത്രപേരാണെന്നും അതിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ എത്രപേരുണ്ടായിരുന്നുവെന്നും അവർക്കെല്ലാവർക്കും സർക്കാർ നൽകിയ ഉറപ്പനുസരിച്ച് ഭൂമി വിതരണം പൂർത്തിയാക്കാൻ എന്തുകൊണ്ട് സാധിച്ചില്ലെന്നും പറയാമോ;

(ഡി) ഭൂരഹിതരായി സർക്കാർ കണ്ടെത്തിയ എല്ലാപേർക്കും എന്ന് ഭൂമി വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ?

### ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 36491 പേർക്ക് ഒന്നാം ഘട്ടത്തിൽ ഭൂമി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | അനുവദിച്ച പട്ടയങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3181 |
| കൊല്ലം | 683 |
| പത്തനംതിട്ട | 506 |

| | |
|---|---|
| ആലപ്പുഴ | 256 |
| കോട്ടയം | 1309 |
| ഇടുക്കി | 1992 |
| എറണാകുളം | 1449 |
| തൃശ്ശൂർ | 510 |
| പാലക്കാട് | 2114 |
| മലപ്പുറം | 843 |
| കോഴിക്കോട് | 1550 |
| വയനാട് | 727 |
| കണ്ണൂർ | 11100 |
| കാസർഗോഡ് | 10271 |
| ആകെ | 36491 |

(ബി) പട്ടികജാതിയിൽപ്പെട്ട 5668 പേർക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട 518 പേർക്കും ഭൂമി അനുവദിച്ചിട്ടുണ്ട്.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പദ്ധതിയുടെ ഭാഗമായി ലഭ്യമായ അപേക്ഷകളിൽ അന്വേഷണം നടത്തിയതിൽ ഒന്നാം ഘട്ടമായി ആകെ 243928 പേരെയാണ് അർഹരായ ഭൂരഹിത കുടുംബങ്ങളായി കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അപേക്ഷ സ്വീകരിക്കുന്ന തീയതി നീട്ടിയതിൻപ്രകാരം ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടത്തി വരുന്നു. അവരിൽ താഴെ വിവരിക്കും പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഉണ്ടെന്നും കണ്ടെത്തിയിരുന്നു. ഒന്നാംഘട്ട പട്ടയവിതരണത്തിൽ തന്നെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ലിസ്റ്റിലുണ്ടായിരുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും പട്ടയം അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. ലിസ്റ്റിൽ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് കൂടി ഭൂമി നൽകി പദ്ധതിയുടെ

ലക്ഷ്യത്തിൽ എത്തുന്നതിനുള്ള തീവ്രയത്ന പരിപാടികൾ നടപ്പിലാക്കി വരുന്നു.

| ജില്ല | പട്ടികജാതിക്കാർ | പട്ടികവർഗ്ഗക്കാർ |
|---|---|---|
| തിരുവനന്തപുരം | 6585 | 34 |
| കൊല്ലം | 3363 | 19 |
| പത്തനംതിട്ട | 1779 | 68 |
| ആലപ്പുഴ | 1513 | 86 |
| കോട്ടയം | 1115 | 119 |
| ഇടുക്കി | 2543 | 63 |
| എറണാകുളം | 4128 | 182 |
| തൃശ്ശൂർ | 4792 | 23 |
| പാലക്കാട് | 4229 | 311 |
| മലപ്പുറം | 3695 | 195 |
| കോഴിക്കോട് | 456 | 15 |
| വയനാട് | 285 | 862 |
| കണ്ണൂർ | 799 | 73 |
| കാസർഗോഡ് | 566 | 176 |

(ഡി) വിവിധ ഘട്ടങ്ങളിലായാണ് പദ്ധതി പ്രകാരം പട്ടയങ്ങൾ നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും നടന്നുകഴിഞ്ഞു. രണ്ടാം ഘട്ട പട്ടയവിതരണത്തിനുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. 2015 ഡിസംബർ മാസത്തോടു കൂടി പദ്ധതി പ്രകാരമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനാണ് ലക്ഷ്യം വയ്ക്കുന്നത്.

**വനാതിർത്തിയിലെ കൃഷിഭൂമിക്ക് നികുതി അടയ്ക്കാൻ സൗകര്യം**

159(4790) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കൂരാച്ചുണ്ട്, പനങ്ങാട് ഗ്രാമപഞ്ചായത്തുകളിലെ വനാതിർത്തിയിലെ കൃഷിഭൂമിക്ക് നികുതി സ്വീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് നടന്ന ഉന്നതതലയോഗ തീരുമാനപ്രകാരം പ്രത്യേക സർവ്വേ ടീം രൂപീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സർവ്വേ ടീം വനാതിർത്തി നിർണ്ണയം പൂർത്തിയാക്കിയോ;

(ഡി) കർഷകരുടെ നികുതി സ്വീകരിക്കുന്നതിനും ഭൂരേഖകൾ നൽകുന്നതിനും ഇനിയും തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത നടപടികൾ പെട്ടെന്ന് പൂർത്തിയാക്കാൻ നിർദ്ദേശിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ/വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടെ പ്രത്യേക സർവ്വേ ടീം രൂപീകരിച്ചിട്ടുണ്ട്.

(സി) 2015 ഫെബ്രുവരി 5-ന് മുമ്പ് പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) 1-1-1977-ന് മുമ്പ് കൈവശം വെച്ചുവരുന്നവരുടെ ഭൂമിയുടെ അതിർത്തി തിരിച്ച് കല്ലിടൽ പ്രവൃത്തി പൂർത്തിയാകുന്നതോടെ കർഷകരുടെ നികുതി സ്വീകരിക്കുന്നതിനും ഭൂരേഖകൾ നൽകുന്നതിനുമുള്ള തടസ്സങ്ങൾ നീങ്ങുന്നതാണ്.

(ഇ) 2015 ഫെബ്രുവരി 5-ന് മുമ്പ് പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാലവർഷക്കെടുതിയിലെ നാശനഷ്ടങ്ങൾ**

160(4791) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷമുണ്ടായ കാലവർഷക്കെടുതിയിൽ മൊത്തം എന്തു തുകയുടെ നാശനഷ്ടങ്ങളാണ് കണക്കാക്കിയിരിക്കുന്നത്;

(ബി) നഷ്ടം സംഭവിച്ചവർക്കും മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്കും എന്ത് സഹായമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരത്തുക ഇനിയും നൽകാനുണ്ടോ; എങ്കിൽ എത്രപേർക്ക്; ഇതിന് എന്തു തുക വേണ്ടി വരും;

(ഡി) കാലവർഷക്കെടുതി നേരിടുന്നതിന് ഈ സാമ്പത്തികവർഷം സർക്കാർ ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) കേന്ദ്രസഹായം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്തു തുകയാണ് ആവശ്യപ്പെട്ടിരുന്നത്; ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഈ വർഷമുണ്ടായ കാലവർഷക്കെടുതിയിൽ 399,98,11,460 (മുന്നൂറ്റി തൊണ്ണൂറ്റി ഒമ്പത് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി പതിനൊന്നായിരത്തി നാന്നൂറ്റി അറുപത് രൂപാ മാത്രം) രൂപയുടെ നാശനഷ്ടങ്ങളാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം കണക്കാക്കിയിരിക്കുന്നത്.

(ബി) 21-8-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 361/2014/ ഡി.എം.ഡി., 30-10-2013-ലെ സ.ഉ.(കൈ)നമ്പർ 478/13/റവ. എന്നീ ഉത്തരവുകൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി ആശ്വാസ ധനസഹായം നൽകി വരുന്നു. അതനുസരിച്ച് ഭവനനാശം സംഭവിച്ചവർക്ക് നഷ്ടത്തിന്റെ തോത് അനുസരിച്ച് പരമാവധി 2 ലക്ഷം രൂപ വരെയും മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് 2 ലക്ഷം രൂപ വീതവും ധനസഹായം നൽകി വരുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരമുള്ള മറ്റു ധനസഹായങ്ങളും നൽകി വരുന്നു.

(സി) 39181 പേർക്കായി ആകെ 40,74,56,141 രൂപ (നാല്പത് കോടി എഴുപത്തിനാലു ലക്ഷത്തി അമ്പത്തി ആറായിരത്തി നൂറ്റി നാല്പത്തിയൊന്ന് രൂപാ മാത്രം) ആശ്വാസ ധനസഹായമായി നൽകുവാനുണ്ട്.

(ഡി) ഈ വർഷം ആകെ 199,95,65,291 രൂപ (നൂറ്റി തൊണ്ണൂറ്റി ഒമ്പത് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപാ മാത്രം) കാലവർഷം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തം നേരിടുന്നതിന്

സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഇ) 2014-15-ലെ കാലവർഷക്കെടുതിയെത്തുടർന്ന് 399.98 കോടി രൂപയുടെ കേന്ദ്രസഹായം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെയും കേന്ദ്ര സഹായമൊന്നും ലഭ്യമായിട്ടില്ല.

**കോട്ടക്കുന്ന് പ്രദേശത്ത് 16-ഓളം കുടികിടപ്പുകാർക്ക് പട്ടയം**

161(4792) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്ക് കുന്നംകുളം വില്ലേജിലെ കോട്ടക്കുന്ന് പ്രദേശത്ത് 16-ഓളം കുടികിടപ്പുകാർക്ക് ഇതുവരെയായിട്ടും പട്ടയം അനുവദിച്ചു നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് പട്ടയം അനുവദിച്ചു നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പട്ടയം അനുവദിച്ചു നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബി.ടി.ആർ. പ്രകാരം കന്നുകാലി മേച്ചിൽപ്പുറം ഇനത്തിൽപ്പെട്ട പുറമ്പോക്കായ പ്രസ്തുത ഭൂമി നഗരപാലികാ നിയമപ്രകാരം കുന്നംകുളം നഗരസഭയുടെ അധീനതയിൽ വരുന്നതാകയാൽ റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കേണ്ടതുണ്ട്.

(സി&ഡി) നഗരസഭയുടെ അധീനതയിലുള്ള ഭൂമി സർക്കാരിലേക്ക് പുനർനിക്ഷിപ്തമാക്കിയാൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**50 വർഷത്തിലധികമായി കൈവശാനുഭവത്തിലുള്ള ഭൂമിക്ക് കരം ഒടുക്കുന്നതിനുള്ള അനുമതി**

162(4793) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1950-ന് മുമ്പ് വിലയാധാരം വാങ്ങുകയും വീട് വച്ച് താമസിച്ചും കൃഷി

ചെയ്യും വരുന്ന ഭൂമി റീ-സർവ്വെ പ്രകാരം ഇപ്പോൾ കരം ഒടുക്കാൻ കഴിയാതെ വന്നിട്ടുള്ള ഭൂവുടമകൾക്ക് കരം ഒടുക്കാൻ ഗവൺമെന്റ് അനുമതി നൽകുമോ; ഇതിനായി ഗവൺമെന്റ് പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) വിലയാധാരം വാങ്ങിയ ഭൂമിയോടൊപ്പം പട്ടയം ലഭിച്ച ഭൂമിയും ഉള്ള ഭൂവുടമകൾക്ക് പിന്നീട് പട്ടയം റദ്ദായതിനൊപ്പം വിലയാധാരം വാങ്ങിയ ഭൂമിയുടെ പട്ടയവും റദ്ദായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാമാണ്; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഗവൺമെന്റിന്റെ സീറോ ലാൻഡ് ലെസ്സ് പദ്ധതിക്കായി ഇത്തരക്കാരുടെ ഭൂമി ഏറ്റെടുക്കാൻ ഉദ്യോഗസ്ഥർ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരക്കാരുടെ ഭൂമി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) 50 വർഷത്തിലധികമായി വീട് വച്ചും കൃഷി ചെയ്തും കൈവശ അനുഭവത്തിലുള്ള ഇത്തരക്കാരുടെ ഭൂമി (50 സെന്റിൽ താഴെ ഉള്ളത്) കരം ഒടുക്കി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) കാൻസർ രോഗ ബാധിതരായിട്ടുള്ള ഇത്തരം ഭൂവുടമകൾക്ക് മുൻഗണന നൽകുമോ?

<u>ഉത്തരം</u>

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

**ഭൂരഹിതം കേരളം പദ്ധതി - പുതുക്കാട് മണ്ഡലത്തിൽ നിന്നുള്ള അപേക്ഷകൾ**

163(4794) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതം കേരളം പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് പുതുക്കാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷ ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ പുതുക്കാട് മണ്ഡലത്തിൽ ആകെ 1322 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ തൊറവ് വില്ലേജിൽ നിന്നുള്ള 26 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ തന്നെ പട്ടയം വിതരണം ചെയ്തുകഴിഞ്ഞു. അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് കൂടി പട്ടയം നൽകുന്നതിനാവശ്യമായ വിവിധതരം സർക്കാർ ഭൂമികൾ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കൃഷിഭൂമികളെ ടൗൺഷിപ്പുകളാക്കി മാറ്റാൻ അനുമതി

164(4795) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെൽപ്പാടങ്ങളേയും കൃഷിഭൂമികളേയും, ഹൗസിംഗ് കോളനികളും ഫ്ലാറ്റുകളും ഉൾപ്പെടുന്ന ടൗൺഷിപ്പുകളാക്കി മാറ്റാൻ എത്ര പേർക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അനുമതി നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

## കുമാരഗിരി എസ്റ്റേറ്റിൽ നിന്നും സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി

165(4796) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്കിലെ, മങ്കട, കീഴാറ്റൂർ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന കുമാരഗിരി എസ്റ്റേറ്റിനുവേണ്ടി വ്യാപകമായി സർക്കാർ ഭൂമി കയ്യേറിയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടിയന്തരമായി സർവ്വേ നടപടികൾ നടത്തി സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ഏകദേശം 600 ഏക്കറോളം സർക്കാർ ഭൂമി കയ്യേറിയതായി പരാതിയുള്ള കുമാരഗിരി എസ്റ്റേറ്റിൽ നിന്നും സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പരാതിയുണ്ടായിരുന്നു. സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം സ്പെഷ്യൽ സർവ്വേ ടീം പരിശോധിച്ചതിൽ സർക്കാർ ഭൂമി കയ്യേറ്റങ്ങളൊന്നും കണ്ടെത്തിയിട്ടില്ല.

**ദേശീയ ഭൂരേഖ പരിഷ്കരണ പദ്ധതി**

166(4797) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭൂരേഖ പരിഷ്കരണ പദ്ധതിയിൽ (എൻ. ആർ. എം. എൽ.) ഉൾപ്പെടുത്തി ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ജില്ലയിൽ എത്ര ശതമാനം ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിച്ചു എന്ന് വിശദമാക്കുമോ;

(സി) ബാക്കി പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലയിൽ 2006 കാലഘട്ടത്തിൽ ഭൂവുടമകളിൽ നിന്നും ഡിക്ലറേഷൻ വാങ്ങി ആയതിന്റെ അടിസ്ഥാനത്തിൽ 36 ശതമാനം ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

(സി) കേന്ദ്രാവിഷ്കൃതവും തുടർപദ്ധതിയുമായ എൻ.എൽ.ആർ.എം.പി.-യുടെ ഭാഗമായാണ് ഭൂരേഖ കമ്പ്യൂട്ടർവൽക്കരണം നടന്നുവരുന്നത്. കേന്ദ്രസർക്കാരിന്റെ അംഗീകാരവും ഫണ്ടും ലഭിക്കുന്നതിന് അനുസൃതമായാണ് പ്രവൃത്തികൾ നടന്നു വരുന്നത്.

## റവന്യൂ രേഖകൾ ഡിജിറ്റലൈസ് ചെയ്യാൻ നടപടി

167(4798) ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ രേഖകൾ ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമൂലം ജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

### ഉത്തരം

(എ) തീരുമാനമെടുത്തിട്ടുണ്ട്. റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളുടെ ഭൂരേഖകളും (മാപ്പുകളും രജിസ്റ്ററുകളും) കൂടാതെ റീ-സർവ്വേയ്ക്ക് മുമ്പുള്ള ഒറിജിനൽ സർവ്വേ റിക്കാർഡുകളും NLRMP പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖാന്തിരം ഡിജിറ്റൈസ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കാലപ്പഴക്കം മൂലം നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും ഒറ്റ പ്രതി മാത്രം അവശേഷിക്കുന്നതുമായ വിലയേറിയ സർവ്വേ രേഖകൾ ഡിജിറ്റലായി സംരക്ഷിക്കുക, സ്കാനിംഗിലൂടെ സംരക്ഷിക്കപ്പെട്ട ഡിജിറ്റൽ മാപ്പുകളെ വെക്ടറൈസേഷൻ എന്ന പ്രക്രിയയിലൂടെ കമ്പ്യൂട്ടറൈസ് ചെയ്യുക, ടി വെക്ടറൈസ്ഡ് മാപ്പുകളെ ഭൂമിയിലെ യഥാർത്ഥ കോർഡിനേറ്റുമായി (അക്ഷാംശ രേഖാംശ രേഖകൾ) ബന്ധിപ്പിക്കുന്ന ജിയോ റഫറൻസിംഗ് കമ്പ്യൂട്ടറിൽ നടത്തുക, ഇത്തരത്തിൽ ജിയോ റഫറൻസ്ഡ് ആയ മാപ്പുകളിൽ ഭൂമി സംബന്ധമായ വിവിധ വിവരങ്ങൾ ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്.) എന്ന സംവിധാനമുപയോഗിച്ച് ചേർത്ത് ഭൂമി സംബന്ധമായ ഒരു ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (എൽ.ഐ.എസ്.) വികസിപ്പിച്ചെടുക്കൽ എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കഡാസ്ട്രൽ റിക്കാർഡുകളുടെ ഒരു ഏകീകൃത വിവരശേഖരം തയ്യാറാക്കി

ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ഇന്റർനെറ്റിന്റെ സഹായത്താൽ എവിടെ നിന്നും എപ്പോൾ വേണമെങ്കിലും അവ ലഭ്യമാക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുന്നു. റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഡാറ്റാകൾ ഭൂമിയിലെ യഥാർത്ഥ വിവരങ്ങൾ ഉൾക്കൊള്ളുന്ന കഡാസ്ട്രൽ മാപ്പുകളുമായി ബന്ധിപ്പിച്ച് ഓൺലൈൻ മ്യൂട്ടേഷൻ സംവിധാനമേർപ്പെടുത്തി ഭൂമി ഇടപാടുകളിൽ സുതാര്യതയും വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിച്ച് ഭൂമി സംബന്ധമായ പരാതികൾ കുറയ്ക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നു.

(ഡി) സർവ്വേ റിക്കാർഡുകളുടെ സംരക്ഷണവും ഡിജിറ്റൈസേഷനും ഓൺലൈനായി ജനത്തിന് ലഭ്യമാക്കലും ലക്ഷ്യം വച്ച് ഇ-രേഖ എന്ന പദ്ധതി ആരംഭിച്ച് നടപ്പാക്കി വരുന്നു. ടി റിക്കാർഡുകൾ സൂക്ഷിക്കുവാനും എളുപ്പത്തിലുള്ള അവയുടെ വീണ്ടെടുക്കൽ സാദ്ധ്യമാക്കുന്നതിനുമായി ഒരു മോഡേൺ റിക്കാർഡ് റൂം സ്ഥാപിച്ചുവരുന്നു. റീ-സർവ്വേ റിക്കാർഡുകളുടെ സംരക്ഷണത്തിനും ഡിജിറ്റൈസേഷനുമായി സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ (സി.ഡി.സി.) എന്ന ജി.ഐ.എസ്. അധിഷ്ഠിതമായ ഒരു മോഡേൺ ലബോറട്ടറി തിരുവനന്തപുരത്ത് സ്ഥാപിച്ച് ഡിജിറ്റൈസേഷൻ ജോലികൾ നടന്നുവരുന്നു. കൂടാതെ സി.ഡി.സി.-യുടെ സബ് സെന്ററുകളായി 12 ജില്ലകളിൽ കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ ജില്ലാതല ഡിജിറ്റൈസേഷൻ സെന്റർ രൂപീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായി വരുന്നു. കഡാസ്ട്രൽ റിക്കാർഡുകൾ നഷ്ടമാകാതെ കൃത്യമായി സൂക്ഷിക്കുവാനും ആവശ്യ നേരത്ത് വേഗത്തിൽ എടുക്കുവാനും ഉതകും വിധമുള്ള 12 മോഡേൺ റിക്കാർഡ് റൂമുകളും സ്ഥാപിച്ചു വരുന്നു. ടി സർവ്വേ രേഖകൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുവാനും വീണ്ടെടുക്കുവാനും സ്റ്റോറേജ് സെർവറും അതിലേക്കുള്ള സോഫ്റ്റ്‌വെയർ സംവിധാനവും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ പക്കലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം**

168(4799) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ഹാരിസന്റെ പക്കലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം പരിശോധിക്കാൻ നിയുക്തനായ സ്പെഷ്യൽ ഓഫീസറുടെ മുമ്പാകെ കമ്പനി അസൽ പ്രമാണങ്ങൾ ഹാജരാക്കിയിരുന്നോ;

(ബി) ഇടുക്കി ജില്ലയിലെ ഭൂമി, കേരള സംരക്ഷണ നിയമപരിധിയിൽ ഉൾപ്പെട്ടതാണെന്ന് സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ;

(സി) ഭൂമിയിൽ ഉടമസ്ഥത സ്ഥാപിക്കാൻ എന്തൊക്കെ വാദങ്ങളാണ് കമ്പനി ഉന്നയിച്ചതെന്ന് വ്യക്തമാക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) വിവിധ ബ്രിട്ടീഷ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ ഭൂമി വിറ്റ കമ്പനികളുടെയും പ്രസ്തുത ഭൂമി വാങ്ങിയ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെയും വിലാസം ഒന്ന തന്നെയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

<u>ഉത്തരം</u>

(എ) ഇല്ല. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അസ്സൽ ആധാരങ്ങൾ ഹാജരാക്കിയിട്ടില്ല.

(ബി) റിപ്പോർട്ടല്ല, നടപടിക്രമമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. 28-11-2014-ലെ GLR(LR)4/2013-ാം നമ്പർ നടപടിക്രമം പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശംവയ്ക്കുന്നതും ടി കമ്പനി കൈമാറ്റം ചെയ്തതും, അന്യകൈവശങ്ങളിലുള്ള ഭൂമിയും സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന ഭൂമിയാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) 1908-ലെ ഇംഗ്ലീഷ് കമ്പനീസ് (കൺസോളിഡേഷൻ) ആക്ട് പ്രകാരം ഇംഗ്ലണ്ടിൽ 1921-ൽ രജിസ്റ്റർ ചെയ്ത M/s ഹാരിസൺസ് മലയാളം പ്ലാന്റേഷൻ (യു.കെ.) ലിമിറ്റഡ് എന്ന വിദേശ കമ്പനിയുടെ പേരിൽ രാജഭരണക്കാലത്ത് തിരുവിതാംകൂർ സംസ്ഥാനത്ത് കൈവശത്തിലുണ്ടായിരുന്ന സർക്കാർ ഗ്രാന്റുകളിൽപ്പെട്ട ഭൂമിയും സ്വകാര്യ വ്യക്തികളിൽ നിന്നും പാട്ടമായി ലഭിച്ച ഭൂമിയും ടി വിദേശ കമ്പനികൾക്ക് 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 'കുടിയായ്മ (Tenancy)'-യിലൂടെ അവകാശം സിദ്ധിച്ചിട്ടുണ്ടെന്നും, പ്രസ്തുത വിദേശ കമ്പനിയുടെ പിൻതലമുറക്കാരായ 1984-ൽ നിലവിൽ വന്ന M/s ഹാരിസൺസ് മലയാളം ലിമിറ്റഡ് എന്ന കമ്പനി കേരള സംസ്ഥാനത്തിലെ നടപ്പുകുടിയാൻ (Cultivating tenant) ആണെന്നതുമാണ് കമ്പനിയുടെ പ്രധാന വാദം. എന്നാൽ കേരള ഭൂപരിഷ്കരണ നിയമപ്രകാരം വിദേശികൾക്ക് കേരളത്തിലെ കുടിയായ്മ സ്ഥാപിച്ചു നൽകാൻ വ്യവസ്ഥയില്ല, ഒരു കുടിയാന് ലഭിക്കാവുന്ന പരമാവധി ഭൂമി ടിയാന്റെ

കുടുംബത്തിന്റെ കൈവശഭൂമി ഉൾപ്പെടെ 15 ഏക്കർ ആണ്. 1-4-1964-ന് ശേഷം സംസ്ഥാനത്ത് കുടിയായ്മ സൃഷ്ടിക്കാൻ കഴിയില്ല.

(ഡി) ഇംഗ്ലണ്ടിലെ ഒരേ മേൽവിലാസത്തിലുള്ള അനേകം കമ്പനികളുടെ അംഗീകൃത ഏജന്റായി ഭൂമി വിൽപ്പന നടത്തുന്ന വ്യക്തിയും, ടി കമ്പനികൾ വിൽക്കുന്ന ഭൂമി അതേ വിലാസത്തിലുള്ള M/s മലയാളം പ്ലാന്റേഷൻ (യു.കെ.) ലിമിറ്റഡിന് വേണ്ടി വാങ്ങുന്ന വ്യക്തിയും ഏജന്റായ ശ്രീ. ജോൺമാക്കിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളും സ്വകാര്യ പാട്ടങ്ങളും മറച്ചുവയ്ക്കുന്നതിന് ഇത്തരം വിൽപ്പനക്കരാറുകൾ ഈസ്റ്റിന്ത്യാ കമ്പനിക്ക് വേണ്ടി ശ്രീ. ജോൺമാക്കി വ്യാജമായി തയ്യാറാക്കിയിട്ടുള്ളത്. ഇവയുടെ പകർപ്പുകളാണ് M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശഭൂമിയിലെ അവകാശവാദം ഉന്നയിക്കാൻ ഹാജരാക്കിയിട്ടുള്ളത്. അസ്സലുകൾ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല.

## സ്വകാര്യ വ്യക്തി കൈയേറിവച്ചിട്ടുള്ള സർക്കാർ ഭൂമി

169(4800) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്കിൽ ഒറ്റൂർ വില്ലേജിൽ റീ-സർവ്വെ നമ്പർ 116/8-നോട് ചേർത്ത് ഒരു സ്വകാര്യ വ്യക്തി കൈയേറി വച്ചിട്ടുള്ള സർക്കാർ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തും എം.എൽ.എ.-യും നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; പ്രസ്തുത ഭൂമി റീ-സർവ്വെ റക്കോർഡിലും വില്ലേജ് രജിസ്റ്ററിലും കാണുന്നത് സർക്കാർ പുറമ്പോക്ക് ആണെന്നാണോ;

(ബി) സ്വകാര്യ വ്യക്തി സർക്കാർ ഭൂമി കൈയേറിയാൽ കൈയ്യേറ്റം ഒഴിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) കരവാരം വില്ലേജിൽ വണ്ടിത്തടം ക്ഷീര സംഘത്തിന്റെ മുന്നിലുള്ള സർക്കാർ സ്ഥലം ഒരു വ്യക്തി കൈയേറിയത് ഒഴിപ്പിക്കാൻ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഒറ്റൂർ വില്ലേജിൽ റീ-സർവ്വേ നമ്പർ 116/8-ൽ-പ്പെട്ട സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനായി കയ്യേറ്റ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്ന ജോലി നടന്നുവരുന്നു. റിക്കാർഡുകൾ പ്രകാരം റീ-സർവ്വേ നമ്പർ 116/8 സർക്കാർ ഭൂമിയാണ്.

(ബി) 1957-ലെ ഭൂസംരക്ഷണ നിയമപ്രകാരം B ഫോം നോട്ടീസ് നൽകി കക്ഷിയെ കേട്ടശേഷം C ഫോം നോട്ടീസ് നടത്തി ഭൂമി ഏറ്റെടുക്കൽ നടപടി സ്വീകരിക്കും.

(സി) കരവാരം വില്ലേജിൽ വണ്ടിത്തടം ക്ഷീരസംഘത്തിന്റെ മുന്നിലുള്ള സർക്കാർ സ്ഥലം ഒരു വ്യക്തി കയ്യേറിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതു തിരിച്ചുപിടിക്കുന്നതിനായി 1957-ലെ ഭൂസംരക്ഷണ നിയമപ്രകാരമുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

**വസ്തുവിലേക്ക് വഴി അനുവദിക്കാൻ നടപടി**

170(4801) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ആധാരത്തിൽ വഴിപറഞ്ഞിട്ടില്ലാത്തതിനാൽ പരമ്പരാഗതമായി കൈമാറി വന്ന വസ്തുവിലേക്ക് പോലും വഴി തടസ്സപ്പെടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുമോ;

(ബി) റോഡരികിൽ ഗാർഹിക സൗകര്യങ്ങൾ ഒരുക്കുന്നവർ പുറകിൽ കഴിയുന്നവർക്ക് വഴി നടക്കാനുള്ള അവകാശം പോലും ലംഘിക്കുകയും പ്രസ്തുത വസ്തു കുറഞ്ഞ വിലയ്ക്ക് തട്ടിയെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ വഴി തടസ്സപ്പെടുത്തുന്നതിനെതിരെ ആർ.ഡി.ഒ.-യ്ക്കും മറ്റും വരുന്ന പരാതി പരിഹരിക്കുന്നതിന് എന്തു മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതൊരു വസ്തുവിലേയ്ക്കുമുള്ള വഴികൾ തടയുന്നത് ക്രിമിനൽ കുറ്റമായി കണ്ട് കേസെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള ആധാരത്തിൽ വഴി പറഞ്ഞിട്ടില്ലാത്തതിനാൽ പരമ്പരാഗതമായി കൈമാറി വന്ന വസ്തുവിലേക്കുള്ള വഴി തടസ്സപ്പെടുന്ന പരാതി സിവിൽ സ്വഭാവമുള്ള വിഷയമാകയാൽ ബന്ധപ്പെട്ട സിവിൽ കോടതി മുഖേന പ്രശ്നം പരിഹരിക്കുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരത്തിൽ വഴി തടസ്സം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ

പ്രാഥമിക അന്വേഷണം നടത്തി സർക്കാർ ഭൂമിയിലുൾപ്പെട്ടതാണെങ്കിൽ അനധികൃത കയ്യേറ്റത്തിനെതിരെ ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർക്ക് നിർദ്ദേശം നൽകുകയും സ്വകാര്യ വസ്തുവിലുൾപ്പെട്ട പരാതികൾ സിവിൽ കോടതി മുഖേന പരിഹരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നു. കോഡ് ഓഫ് ക്രിമിനൽ പ്രൊസീജിയർ 1973-ലെ സെക്ഷൻ 133 പ്രകാരം സബ്കളക്ടർ/ആർ.ഡി.ഒ. പൊതുവഴി തടസ്സം സംബന്ധിച്ച വിഷയങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള നിയമപ്രകാരം നിലവിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## സർവേയർ ഗ്രേഡ് II റാങ്ക് ലിസ്റ്റ്

171(4802) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവേയർ ഗ്രേഡ് II തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര ഒഴിവുകളാണ് നികത്താനുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നിലവിലെ സർവേയർ ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 17 എൻ.ജെ.ഡി. ഒഴിവുകൾ. ജില്ല തിരിച്ചുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | കാസർഗോഡ് | - | 13 |
| 2. | കോഴിക്കോട് | - | 2 |
| 3. | വയനാട് | - | 1 |
| 4. | ഇടുക്കി | - | 1 |

ആകെ - 17

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ലീഗൽ മെട്രോളജി വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം

172(4803) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പ്രത്യേക മാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് വിജിലൻസ് എന്തെങ്കിലും നിർദ്ദേശങ്ങൾ/ശിപാർശകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും ഉത്തരവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പും ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് വിജിലൻസ് സർക്കാരിലേക്ക് ശുപാർശകൾ നൽകിയിട്ടുണ്ട്. പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ ലീഗൽ മെട്രോളജി കൺട്രോളർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## പെട്രോൾ പമ്പുകളിൽ നിന്ന് ലഭിക്കുന്ന പെട്രോൾ/ഡീസൽ അളവിൽ കൃത്രിമം

173(4804) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഉണഭോക്താക്കളെ കബളിപ്പിക്കുന്നത് സംബന്ധിച്ച ആക്ഷേപം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീഡിംഗിൽ കൃത്രിമം കാണിച്ച് പെട്രോൾ/ഡീസൽ അളവിൽ വെട്ടിപ്പ് നടത്തുന്ന പെട്രോൾ പമ്പുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പെട്രോൾ പമ്പുകളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കുന്ന പെട്രോൾ/ ഡീസൽ എന്നിവയുടെ അളവിൽ കൃത്രിമം നടക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് എത്ര മാസത്തിലൊരിക്കലാണ് പമ്പുകളിൽ പരിശോധന നടത്താറുള്ളത്; ഇല്ലെങ്കിൽ ഇതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എല്ലാ മാസവും പമ്പുകൾ പരിശോധിക്കണമെന്ന നിർദ്ദേശം ലീഗൽ മെട്രോളജി വകുപ്പിലെ എല്ലാ അസിസ്റ്റന്റ് കൺട്രോളർമാർക്കും നൽകിയിട്ടുണ്ട്.

**മിനി ഡി ഫൈബറിംഗ് മില്ലുകളുടെ വിതരണം**

174(4805) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.എം.ആർ.ഐ. വികസിപ്പിച്ച മിനി ഡി ഫൈബറിംഗ് മില്ലുകൾ ഇതുവരെ എത്ര എണ്ണം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര യന്ത്രങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ മില്ലുകൾ ആർക്ക് എന്ന് വിതരണം ചെയ്തുവെന്നും എന്ന് ഉല്പാദനം ആരംഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) ഓരോ പ്രോജക്ടിലും വിതരണം ചെയ്തിട്ടുള്ള യന്ത്രങ്ങളുടെ വിവരങ്ങൾ, ഓരോ യൂണിറ്റിലും ഉല്പാദിപ്പിച്ച ചകിരി എന്നിവയുടെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഇ) കയർ മേഖലയിൽ നില നിൽക്കുന്ന ചികിരി ക്ഷാമം പരിഹരിക്കാൻ ഡി-ഫൈബറിംഗ് മില്ലുകൾ എത്രത്തോളം പ്രയോജന പ്രദമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) എൻ.സി.ആർ.എം.ഐ. വികസിപ്പിച്ച 200 മിനി ഡീഫൈബറിംഗ് മില്ലുകൾ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 43 യന്ത്രങ്ങൾ വിതരണം ചെയ്തു.

(സി&ഡി) ഓരോ പ്രോജക്ടിലും ആർക്കൊക്കെ, എന്നാണ് യന്ത്രങ്ങൾ വിതരണം ചെയ്തിട്ടുള്ളതെന്നും, ഉല്പാദനം ആരംഭിച്ച തീയതി, ഓരോ യൂണിറ്റിലും ഉല്പാദിപ്പിച്ച ചകിരി എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) കയർ മേഖലയിൽ നിലനിൽക്കുന്ന ചകിരി ക്ഷാമം പരിഹരിക്കാൻ ഡീഫൈബറിംഗ് മില്ലുകൾ വളരെയധികം ഫലപ്രദമാണ്. എൻ.സി.ആർ.എം.ഐ.-യിൽ നിന്നും വിതരണം ചെയ്ത ഡീഫൈബറിംഗ് മില്ലുകൾ ഉപയോഗിച്ച് 928401.8 കിലോ ചകിരി ഉല്പാദിപ്പിച്ചിട്ടുണ്ട്.

**കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പ്രൊമോഷൻ**

175(4806) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-ൽ മുൻ സർക്കാരിന്റെ കാലത്ത് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര എൽ. ഡി. ക്ലാർക്കുമാരെ യു.ഡി. ക്ലാർക്കുമാരായും, പിന്നീട് എത്ര ദിവസം കഴിഞ്ഞ് ഫിനാൻസ് മാനേജർ, ഓഫീസ് മാനേജർ, വെൽഫയർ ഇൻസ്പെക്ടർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് തുടങ്ങിയ തസ്തികകളിൽ പ്രമോഷൻ നൽകി നിയമിച്ചു; ഇത്രയും പ്രമോഷൻ ലഭിച്ചവരുടെ പേരും തസ്തികകളും നൽകുമോ; ഈ കാലയളവിൽ ഈ സ്ഥാപനത്തിൽ സർക്കാർ അംഗീകരിച്ച തസ്തികകളും ശമ്പള സ്കെയിലുകളും വ്യക്തമാക്കാമോ;

(ബി) പ്രമോഷൻ കൊടുത്ത് നിയമിച്ച തസ്തികകൾക്ക് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇപ്രകാരം നടത്തിയ പ്രമോഷനുകൾ കേരള കയർ തൊഴിലാളി ക്ഷേമനിധിയുടെ ഡയറക്ടർ ബോർഡോ, സർക്കാരോ നാളിതുവരെ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് മേൽപറഞ്ഞ പ്രമോഷൻ നടത്തുവാൻ അധികാരമുണ്ടോ;

(ഡി) പ്രമോഷൻ സംബന്ധിച്ച് ധനകാര്യ വകുപ്പ് നടത്തിയ പരിശോധന റിപ്പോർട്ടിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു;

(ഇ) അനധികൃത പ്രമോഷൻ നടത്തിയതിലൂടെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് ധനനഷ്ടം വരുത്തിയ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) അനധികൃതമായി നടത്തിയ പ്രമോഷൻ സംബന്ധിച്ച് ഇപ്പോൾ ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ;

(ജി) ടി പ്രമോഷൻ റദ്ദ് ചെയ്യുമോ?

<u>ഉത്തരം</u>

(എ) 16-3-1996-ലെ ജി.ഒ.(എംഎസ്.) നമ്പർ 61/96/വ്യവ. പ്രകാരം കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്ഥിരപ്പെടുത്തിയ 22 എൽ.ഡി. ക്ലാർക്കുമാരിൽ 17 പേരെ 1-3-2005 പ്രാബല്യത്തോടെ 17-8-2006-ലെ ക്ഷേമനിധി ബോർഡിന്റെ CWB/E1/2011/2000 ഉത്തരവു പ്രകാരം യു.ഡി. ക്ലാർക്കുമാരായി പ്രൊമോഷൻ നൽകിയിട്ടുണ്ട്. തുടർന്ന് 25-മതു ദിവസം 17 യു.ഡി. ക്ലർക്കുമാരിൽ നിന്നും 12 പേർക്ക് സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് തുടങ്ങിയ തസ്തികകളിലേക്ക് പ്രൊമോഷൻ നൽകി. ടി പ്രൊമോഷൻ ലഭിച്ചവരുടെ പേരും തസ്തികകളും അനുബന്ധമായി ചേർക്കുന്നു.* ഈ കാലയളവിൽ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ അംഗീകരിച്ച തസ്തികകളും ശമ്പള സ്കെയിലുകളും ഇല്ല.

(ബി) പ്രൊമോഷൻ കൊടുത്ത് നിയമിച്ച തസ്തികകൾക്ക് അനുമതി നൽകിയിട്ടില്ല.

(സി) ടി പ്രൊമോഷനുകൾ കേരള കയർ തൊഴിലാളി ക്ഷേമനിധിയുടെ ഡയറക്ടർ ബോർഡോ സർക്കാരോ നാളിതുവരെ അംഗീകാരം നൽകിയിട്ടില്ല. കൂടാതെ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് പ്രൊമോഷനുകൾ നടത്തുവാൻ അധികാരമില്ല.

(ഡി) പ്രസ്തുത ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയത് ചട്ടവിരുദ്ധമായ നടപടിക്രമം ആയതിനാലും ബോർഡിലെ സ്റ്റാഫ് പാറ്റേണും സ്പെഷ്യൽ റൂളും അംഗീകരിച്ചു കിട്ടാത്ത പരിഗണിച്ചും, ടി ജീവനക്കാരുടെ പ്രൊമോഷൻ സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതിനാലും, പ്രൊമോഷൻ കിട്ടിയ തസ്തികയിലെ ശമ്പളം സ്വീകരിക്കുന്നത് അഭികാമ്യമല്ലാത്തതിനാൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിരുദ്ധമായി നടത്തിയ പ്രൊമോഷനുകൾ റദ്ദ് ചെയ്യുന്നതിനും ടി ഇനത്തിൽ നൽകിയിട്ടുള്ള അധികവേതനം അടിയന്തരമായി തിരിച്ച് പിടിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പ് നിർദ്ദേശത്തിനുമേൽ ഇപ്രകാരം പ്രൊമോഷൻ ലഭിച്ച 12 ജീവനക്കാരെ റിവേർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചപ്പോൾ പ്രസ്തുത നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ ടി ജീവനക്കാർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും താല്ക്കാലിക സ്റ്റേ വാങ്ങി അതത് തസ്തികയിൽ തുടർന്ന് പോരുകയും ചെയ്യുന്നു. എന്നാൽ ഇപ്പോൾ ബഹു. കേരള ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. വിധിപ്പകർപ്പ് ലഭിച്ചശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഉണ്ട്. പ്രസ്തുത കേസിന്മേൽ ബഹു. കേരള ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വിധി ന്യായത്തിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമായിട്ടില്ല.

(ജി) ഇത് സംബന്ധിച്ച ബഹു. ഹൈക്കോടതി വിധി പകർപ്പ് ലഭിച്ചശേഷം നടപടി സ്വീകരിക്കുന്നതാണ്.

**കയർ മേഖലയുടെ സംരക്ഷണം**

176(4807) ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കയർ വ്യവസായ മേഖലയെ നിലനിർത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സാദ്ധ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുള്ള വില വർദ്ധനവും കയർ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ ചകിരി സംഭരിച്ച് കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ നൽകാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകി. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ

പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, സ്ഥിരമൂലധനം എന്നിവ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ അനുവദിച്ചതിനെ തുടർന്ന് ഉല്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്നമേഖലയിലെ കുറഞ്ഞ കൂലി 1.-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർ പിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ചകിരി ഉല്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരവും സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു വരുന്നു. കയർ മേഖലയെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി മന്ത്രിസഭ അംഗീകരിച്ച താഴെപ്പറയുന്ന പദ്ധതികൾ 2014-16 വർഷത്തിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിക്കും. നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരണ ഡീഫൈബറിംഗ് മേഖലകളിൽ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ഒരു വിഹിതം വേതനം നൽകി ചകിരിയുടെ ലഭ്യത ഉറപ്പാക്കും.

2) കയർ മേഖലകളിൽ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്ക്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കും.

3) കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കും.

4) കയർ മേഖലകളിൽ ഉല്പാദനവും തൊഴിൽ ദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകും.

5) കയർ മേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി സംഘങ്ങൾക്ക്

വർക്ക്ഷെഡ്, ടോയ്‌ലറ്റ്, ആധുനിക പണി സാമഗ്രികൾ എന്നിവ നൽകും.

6) ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനം ആരംഭിക്കും.

**കയർ മേഖലയിലെ തൊഴിലാളികളുടെ കൂലി**

177(4808) ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കയർ മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കയർപിരി മേഖലയിൽ കൂലി വർദ്ധനവിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഉൽപാദന മേഖലയിൽ കുറഞ്ഞകൂലി എത്രയായിട്ടാണ് വർദ്ധിപ്പിച്ചത്; വിശദമാക്കുമോ;

(ഡി) തൊഴിലാളികളുടെ കൂലി ബാങ്ക് അക്കൗണ്ട് വഴി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 150 രൂപയിൽ നിന്നും 210 രൂപയായും തുടർന്ന് 260 രൂപയായും ഇപ്പോൾ 300 രൂപയായും ഉൽപ്പന്നമേഖലയിലെ കുറഞ്ഞ കൂലി 200 രൂപയിൽ നിന്ന് 285 രൂപയായും പിന്നീട് 360 രൂപയായും വർദ്ധിപ്പിച്ചു.

(ബി) വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 2-2-2012 മുതൽ 210 രൂപയായും 1-5-2013 മുതൽ 260 രൂപയായും

1-3-2014 മുതൽ 300 രൂപയായും വർദ്ധിപ്പിച്ചു.

(സി) ഉല്പാദനമേഖലയിലെ കുറഞ്ഞ കൂലി 200 രൂപയിൽ നിന്നും 285 രൂപയായും 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി, ഡീഫൈബറിംഗ് മേഖലകളിലെ തൊഴിലാളികളുടെ കൂലിയിൽ ഒരു വിഹിതം സർക്കാർ നൽകുന്നു. അർഹരായ തൊഴിലാളികൾക്ക് സർക്കാർ വിഹിതം കൂലിയായി നൽകുന്നതിനു വേണ്ടിയുള്ള ഫണ്ട് കയർ വികസന ഡയറക്ടറേറ്റിൽ നിന്നും ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർമാർക്ക് ആവശ്യാനുസരണം അലോട്ട് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ടവരിൽ നിന്നും ക്ലെയിം ലഭിക്കുമ്പോൾ പരിശോധിച്ച് അർഹമായ സർക്കാർ വിഹിതം ബന്ധപ്പെട്ട തൊഴിലാളികളുടെ ഈ ആവശ്യത്തിനുവേണ്ടി എടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പ്രോജക്ട് ഓഫീസർ (കയർ) നിക്ഷേപിക്കുന്നു. ഈ പദ്ധതി പ്രകാരം ബാങ്ക് അക്കൗണ്ട് തുടങ്ങാനുള്ള തീയതി 31-3-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**ചകിരിക്ഷാമം പരിഹരിക്കാൻ നടപടി**

178(4809) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ കടുത്ത ചകിരി ക്ഷാമം മൂലം കയർ സഹകരണ സംഘങ്ങൾക്കും ചെറുകിട ഉല്പാദകർക്കും നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യാൻ കയർഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2012-13, 2013-14, 2014-15 നവംബർ വരെ ഓരോ വർഷവും എന്തു വിലയുള്ള എത്ര ക്വിന്റൽ ചകിരി കയർഫെഡ് വഴി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ഡി) ചകിരിക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കയർ മേഖലയ്ക്കാവശ്യമായ ചകിരിയുടെ ദൗർലഭ്യവും ചകിരിയുടെ അടിക്കടിയുള്ള വിലവർദ്ധനവും സംഘങ്ങളുടെയും ചെറുകിട ഉല്പാദകരുടെയും ഉല്പാദനപ്രവർത്തനങ്ങളെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യുന്നതിനായി സർക്കാർ കയർഫെഡിനെ ചുമതലപ്പെടുത്തുകയും ഈ ആവശ്യത്തിലേക്കായി 2013-14 വർഷം 4,86,20,000 രൂപ കയർഫെഡിന് അനുവദിക്കുകയും ചെയ്തു. കയർഫെഡ് 2013 നവംബർ മുതൽ 2014 മെയ് വരെയും തുടർന്ന് ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ഇപ്രകാരം സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്തിട്ടുണ്ട്.

(സി) സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യാൻ കയർഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കയർഫെഡ് വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്ത ചകിരിയുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | തൂക്കം (ക്വിന്റൽ) | വില (രൂപ) |
|---|---|---|
| 2012-13 | വിതരണം ഇല്ല. | --- |
| 2013-14 | 26,693.79 | 7,30,29,202 |
| 2014-15 (സെപ്റ്റംബർ വരെ) | 33,105.38 | 9,11,40,708 |

(ഡി) കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർ ഫെഡിന് 4,86,20,000 രൂപ 2013-1-ൽ അനുവദിച്ചു. ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച, ദിവസവും 3000-4000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന മിനി ഡീഫൈബറിംഗ് മെഷീനുകൾ കയർ മേഖലയിൽ വിതരണം ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിലെ ഡീഫൈബറിംഗ് സൊസൈറ്റികൾക്ക് വലിയ ഡീഫൈബറിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകിവരുന്നുണ്ട്. മാത്രമല്ല, തൊണ്ട് സംഭരണം ശക്തമാക്കുന്നതിന് കയർ സംഘങ്ങളെ ഉൾപ്പെടുത്തിയും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ച് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. ഉണക്കത്തൊണ്ടും

പച്ചത്തൊണ്ടും ചതച്ച് ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി ഫാക്ടറിയിലൂടെ ഉല്പാദിപ്പിച്ച് കയർ മേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**മങ്കട ഗ്രാമപഞ്ചായത്തിലെ കോഴിക്കോട്ട് പറമ്പിൽ മാവേലി സ്റ്റോർ**

179(4810) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമപഞ്ചായത്തിലെ കോഴിക്കോട്ട് പറമ്പിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സൗജന്യമായി നൽകുന്ന ബാങ്ക് കെട്ടിടത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മങ്കട പഞ്ചായത്തിലെ കോഴിക്കോട്ട് പറമ്പിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷയിന്മേൽ സാധ്യതാ പഠനം നടത്തിയതിന്റെ റിപ്പോർട്ട് മേഖലാ മാനേജരിൽ നിന്നും സപ്ലൈകോ ഹെഡ് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. നിലവിൽ മങ്കട പഞ്ചായത്തിൽ മങ്കടയിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നിരുന്നാലും നിലവിലെ മാനദണ്ഡമനുസരിച്ചുള്ള വാടകരഹിത കെട്ടിടവും ഒരു ലക്ഷം രൂപയും നൽകുന്നതിന് ഗ്രാമപഞ്ചായത്ത് തയ്യാറായിട്ടുള്ളത് പരിഗണിച്ച് സാധ്യതാ പഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുട്ടനാട്ടിൽ നിന്നും സംഭരിച്ച നെല്ല്**

180(4811) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ കുട്ടനാട്ടിൽ നിന്നും എത്ര തുകയുടെ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തരം സംഭരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) സംഭരിച്ച നെല്ലിന്റെ തുക എത്ര ദിവസം കഴിഞ്ഞാണ് കർഷകർക്ക്

ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ ;

(സി) നെല്ല് കർഷകർക്ക് തുക അനുവദിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് സംവിധാനം ഏർപ്പെടുത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം ഇതുവരെ (12-12-2014) കുട്ടനാട്ടിൽ നിന്നും 1369183662 രൂപയുടെ (72062298 കി.ഗ്രാം) നെല്ല് സംഭരിച്ചു കഴിഞ്ഞു.

(ബി) ഏപ്രിൽ 2014 മുതൽ ജൂൺ 2014 വരെ (2013-14 രണ്ടാം സീസൺ) സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിൽ 2 മുതൽ 3 മാസം വരെ കാലതാമസം സംഭവിച്ചിട്ടുണ്ട്. എന്നാൽ ഈ സീസണിൽ 7-11-2014 വരെ സംഭരിച്ച നെല്ലിന്റെ വിലയാണ് നൽകിയിട്ടുള്ളത്. അതായത് ഏകദേശം 40 ദിവസത്തെ താമസം സംഭവിച്ചിട്ടുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

**ഇ-പി.ഡി.എസ്. പ്രകാരം എഫ്.എം.പി.ഡി.എസ്. നടപ്പാക്കൽ**

181(4812) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പി.ഡി.എസ്. പ്രകാരം എഫ്.എം.പി.ഡി.എസ്. (ഫുഡ് ഗ്രെയ്ൻസ് മൂവ്മെന്റ് ഫോർ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനുവേണ്ടി ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) എഫ്.എം.പി.ഡി.എസ്. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഭക്ഷ്യ ധാന്യങ്ങളുടെ നീക്കം നിരീക്ഷിക്കുക, സുരക്ഷിതമാക്കുക, കരിഞ്ചന്ത തടയുക, ഉപഭോക്താവിന്റെ അറിയാനുള്ള അവകാശത്തെ ശക്തിപ്പെടുത്തുക തുടങ്ങിയവയാണ് ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ. ഇത് വെബ് അടിസ്ഥാനമാക്കിയുള്ള എസ്.എം.എസ്. അലർട്ട് സംവിധാനമാണ്. ഇതിനായി സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിന്റെ വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനമുണ്ട്. (www.civilsupplieskerala.gov.in)

(സി&ഡി) ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.-യിൽ നിന്നും വിട്ടെടുക്കുമ്പോൾ തന്നെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്ക് എസ്.എം.എസ്. വഴി അലർട്ട് ലഭിക്കുന്നുണ്ട്. ഇതിൽ ലിഫ്റ്റ് ചെയ്ത എ.ഡബ്ല്യു.ഡി. നമ്പർ, വിട്ടെടുത്ത തീയതി, സമയം, ഇനം, അളവ്, ട്രക്ക് നമ്പർ എന്നീ വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. വിട്ടെടുക്കൽ വിവരങ്ങൾ വെബ്സൈറ്റിൽ നൽകാനായി ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഒന്നാം കമ്പോണന്റിന്റെ ഭാഗമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ പകുതി ചെലവ് കേന്ദ്രസർക്കാർ വഹിക്കുന്നുണ്ട്.

**ഇ.പി.ഡി.എസ് പ്രകാരം ആർ.സി.എം.എസ്.ഇ. വെരിഫിക്കേഷൻ**

182(4813) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.പി.ഡി.എസ്. പ്രകാരം ആർ.സി.എം.എസ് ഇ-വെരിഫിക്കേഷൻ സേവനങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) ഇതുമൂലം ഉപഭേക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനു വേണ്ടി ലഭിക്കുന്നത്?

<u>ഉത്തരം</u>

(എ) ആർ.എസ്.എം.എസ്.-ൽ നിന്ന് ഇ-വെരിഫിക്കേഷൻ സേവനങ്ങൾ നൽകി വരുന്നുണ്ട്.

(ബി) മറ്റു വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും റേഷൻ കാർഡ് സംബന്ധിച്ച വെരിഫിക്കേഷൻ ആവശ്യമായി വരുമ്പോൾ ഇ-വെരിഫിക്കേഷൻ മുഖേന റേഷൻ കാർഡിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച നിജസ്ഥിതി മനസ്സിലാക്കാൻ സാധിക്കും. ആർ.സി.എം.എസ്. ഡാറ്റാ ബേസിലുള്ള നിശ്ചിത ഫീൽഡുകൾ മറ്റു വകുപ്പുകൾക്ക് പങ്ക് വച്ചാണ് ഇ-വെരിഫിക്കേഷൻ നടത്തി വരുന്നത്.

(സി) ഉപഭോക്താക്കൾ മറ്റു വകുപ്പുകളിൽ ഹാജരാക്കുന്ന റേഷൻ കാർഡ് വിവരങ്ങൾ ആതന്റിക്കേറ്റ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ഇതുമൂലം സാധിക്കും.

(ഡി) ഇ-ഡിസ്ട്രിക്ട് പോലുള്ള പദ്ധതികളിൽ റേഷൻകാർഡ് ആതന്റിക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നത് എൻ.ഐ.സി. യാണ്.

(ഇ) നിലവിൽ കേന്ദ്രസഹായം ലഭിക്കുന്നില്ല.

**ബി.പി.എൽ.ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ നിർദ്ദേശം**

183(4814) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.പി.എൽ. ഉൾപ്പെട്ടവരുടെ ലിസ്റ്റിൽ നിന്നും പരമാവധി പേരെ ഒഴിവാക്കണമെന്ന നിർദ്ദേശം നല്കിയിട്ടുണ്ടോ;

(ബി) ജനുവരി ഒന്നു മുതൽ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഫാറത്തിൽ കഴിയുന്നതും കൂടുതൽ പേരെ ഒഴിവാക്കുന്നതിന് വേണ്ടിയുള്ള ചോദ്യാവലിയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ (ചോദ്യാവലി) ലളിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) റേഷൻ കാർഡ് പുതുക്കുന്നതിനോടൊപ്പം ഭക്ഷ്യസുരക്ഷാ നിയമം നടപ്പിൽ വരുത്തുന്നതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനായുള്ള വിവരശേഖരണം കൂടി നടത്തുന്നുണ്ട്. ഇതിനായുള്ള ചോദ്യാവലികൾ 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ 14-1-2011-ലെ സ.ഉ.(കൈ) നമ്പർ 16/11/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ) നമ്പർ 112/12/ ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്.

## പാചക വാതക ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

184(4815) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് ഏജൻസി ഓഫീസ് നടപടിക്രമത്തിലെ കാലതാമസം മൂലം പാചക വാതക വിതരണം ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നത്; നിലവിലുള്ള സംവിധാനം ഫലപ്രദമാണോ;

(സി) ജനപ്രതിനിധികളെയും പാചക വാതക വിതരണക്കാരെയും ഉപഭോക്താക്കളെയും മറ്റു ബന്ധപ്പെട്ടവരെയും ഉൾപ്പെടുത്തി പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇത്തരം കമ്മിറ്റികൾക്ക് ആവശ്യമായ നിയമത്തിന്റെ പിൻബലം നൽകുമോ;

(ഇ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ 6 മാസത്തിനിടെ ഇത്തരം പരാതി പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗ്യാസ് സിലിണ്ടർ ബുക്ക് ചെയ്യുന്നതിനും ഡെലിവറിക്കും കൃത്യമായ നടപടിക്രമങ്ങൾ എണ്ണക്കമ്പനികൾ ഏർപ്പെടുത്തിയിട്ടുണ്ട്. റൂട്ട് ഡെലിവറിക്ക് പുറമെ IVRS സംവിധാനം വഴി സിലിണ്ടർ ബുക്ക് ചെയ്യുവർക്കും സീനിയോറിറ്റി അനുസരിച്ചാണ് ഡെലിവറി നടത്തുന്നത്. സിലിണ്ടർ ബുക്കിംഗും ഡെലിവറിയും എസ്.എം.എസ്. സംവിധാനത്തിലൂടെ രജിസ്റ്റേർഡ് മൊബൈലിൽ അറിയിക്കുന്നുമുണ്ട്. ഇത്തരം സംവിധാനങ്ങൾ നിലവിലുള്ള ഈ സാഹചര്യത്തിൽ എൽ.പി.ജി. ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷിച്ച് നടപടിയെടുക്കുന്നതിലേക്കായി അതാത് ജില്ലാ സപ്ലൈ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പാചക വാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫാറങ്ങളിൽ താലൂക്ക് സപ്ലൈ ഓഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്.

(ഡി) സോഷ്യൽ മോണിറ്ററിംഗ് സമിതികൾ 2-5-2012-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 9/2012/ഭ.സി.സ.വ. പ്രകാരമാണ് പ്രവർത്തിക്കുന്നത്.

(ഇ) പാലക്കാട് ജില്ലയിൽ പരാതി പരിഹരിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എണ്ണക്കമ്പനി പ്രതിനിധികൾ, എൽ.പി.ജി. വിതരണക്കാർ, ഉപഭോക്തൃ സംരക്ഷണ സമിതി അംഗങ്ങൾ, പരാതിക്കാർ എന്നിവർ ഉൾപ്പെടുന്ന ഓപ്പൺ ഫാറം നടത്തുന്നുണ്ട്.

**പുതിയ റേഷൻ കാർഡുകൾ**

185(4816) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ റേഷൻ

കാർഡുകൾ അനുവദിച്ചുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കാർഡുകൾ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നതാണെന്ന് അറിയിക്കുമോ;

(സി) ക്യാൻസർ പോലുള്ള മാരകരോഗങ്ങൾക്കടിമപ്പെടുന്ന രോഗികളുടെ എത്ര കുടുംബങ്ങൾക്ക് എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1112822 പുതിയ കാർഡുകൾ അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | 1,13,836 |
| കൊല്ലം | 99,242 |
| പത്തനംതിട്ട | 22,937 |
| ആലപ്പുഴ | 51,357 |
| കോട്ടയം | 38,034 |
| ഇടുക്കി | 30,434 |
| എറണാകുളം | 95,053 |
| തൃശ്ശൂർ | 2,22,499 |
| പാലക്കാട് | 99,039 |
| മലപ്പുറം | 1,14,355 |
| കോഴിക്കോട് | 76,140 |
| വയനാട് | 19,224 |
| കണ്ണൂർ | 83,972 |

| | |
|---|---|
| കാസർഗോഡ് | 46,700 |
| ആകെ | 11,12,822 |

(ബി) 115822 കാർഡുകൾ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നതാണ്.

(സി) 49116 കാർഡുകൾ.

**പുതിയ റേഷൻകടകൾ**

186(4817) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ.ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻകടകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്തുടനീളമായി 14305 റേഷൻ കടകളാണുള്ളത്. പൊതുജനങ്ങളുടെ സൗകര്യം കണക്കിലെടുത്ത്, നിലവിലെ കടകളുടെ നിലനിൽപ്പിനെ ബാധിക്കാത്ത രീതിയിൽ ആവശ്യമാണെങ്കിൽ ജില്ലാ കളക്ടറുടെ ശിപാർശയിന്മേൽ പുതിയ കടകൾ അനുവദിച്ചു വരുന്ന രീതിയാണ് നിലവിലുള്ളത്.

(ബി) പുതിയ റേഷൻ കടകൾ തുടങ്ങുന്നതിനായി കേന്ദ്ര സഹായം ലഭിക്കുന്നില്ല.

(സി) ബാധകമല്ല.

**സപ്ലൈ കോ സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

187(4818) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെയും പാർക്കിംഗ് തൊഴിലാളികളെയും ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; മറ്റു ജില്ലകളിൽ നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) സപ്ലൈകോയുടെ കീഴിൽ ഇ.എസ്.ഐ. പരിധിയിൽ വരുന്ന സ്ഥലങ്ങളിലെ ഔട്ട്ലെറ്റുകളിൽ ജോലി ചെയ്യുന്ന എല്ലാ താൽക്കാലിക ജീവനക്കാരെയും പായ്ക്കിംഗ് തൊഴിലാളികളെയും ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇ.എസ്.ഐ. പരിധിയിൽ വരാത്ത സ്ഥലങ്ങളിലുള്ള ഔട്ട്ലെറ്റുകളിൽ ജോലി ചെയ്യുന്ന മേൽപ്പറഞ്ഞ ജീവനക്കാരെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കൽ**

188(4819) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ സംസ്ഥാനത്തിനും, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങൾക്കും എന്തൊക്കെ പ്രയോജനമുണ്ടാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

നിലവിൽ ബി.പി.എൽ., എ.എ.വൈ. കാർഡുടമകളായ 20 ലക്ഷത്തോളം കുടുംബങ്ങൾക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാകുമ്പോൾ ഏകദേശം 30 ലക്ഷം കുടുംബങ്ങൾക്ക് മുൻഗണനാ കാർഡുകൾ പ്രകാരമുള്ള ആനുകൂല്യം ലഭിക്കും. പ്രതിമാസം അഞ്ച് കിലോ ഭക്ഷ്യധാന്യം

മുൻഗണനാ കാർഡുടമയ്ക്ക് അവകാശമായി മാറുന്നു. അരി 3 രൂപാ നിരക്കിലും ഗോതമ്പ് 2 രൂപാ നിരക്കിലും ഇതര ഭക്ഷ്യധാന്യം 1 രൂപാ നിരക്കിലുമാണ് ലഭ്യമാകുന്നത്. ഭക്ഷ്യധാന്യം നൽകാൻ കഴിയാതെ വരികയാണെങ്കിൽ തുല്യമായ തുകയ്ക്ക് അവകാശമുണ്ടായിരിക്കും. പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കമ്മീഷനുകളുണ്ടാകും. കുടുംബത്തിലെ മുതിർന്ന വനിത കാർഡുടമയായിരിക്കും. ഇതു കൂടാതെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 6 മാസം മുതൽ 14 വയസ്സുവരെയുള്ള പോഷകാഹാര കുറവുള്ള കുട്ടികൾക്ക് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.

**റേഷൻ കടകളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം**

189(4820) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണ പദ്ധതി നടപ്പാക്കുന്നതിന് ഐക്യരാഷ്ട്ര സഭയുടെ സഹകരണം നേടാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി വേൾഡ് ഫുഡ് പ്രോഗ്രാമുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത കരാർ വഴി ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) റേഷൻ കടകൾ ലാഭകരമാക്കാനുള്ള വിഷയം കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ&ബി) പൊതുവിതരണ സമ്പ്രദായത്തിന്റെ സമഗ്ര വികസനത്തിന് ഐക്യരാഷ്ട്ര സഭയുടെ ഒരനുബന്ധ സംഘടനയായ വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ (WFP) സഹകരണം ലഭിച്ചു വരുന്നുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാമുമായി 26-2-2014-ന് ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ ശാക്തീകരണം,

വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്കായുള്ള RFP (Request for Proposal) തുടങ്ങിയ രേഖകൾ തയ്യാറാക്കുന്നതിന് സഹായം നൽകുക, പ്രോജക്ടിന്റെ വിവിധ പങ്കാളികളുമായുള്ള ഫലപ്രദമായ സഹകരണം ഉറപ്പുവരുത്തുക, വേൾഡ് ഫുഡ് പ്രോഗ്രാം മറ്റിടങ്ങളിൽ ഫലപ്രദമായി നടപ്പാക്കിയ പ്രോജക്ട് വിവരങ്ങൾ പങ്കുവയ്ക്കുക, മറ്റു സാങ്കേതിക ഉപദേശങ്ങൾ നൽകുക തുടങ്ങിയവ ഇതിലുൾപ്പെടുന്നു.

(സി&ഡി) വേൾഡ് ഫുഡ് പ്രോഗ്രാം ഒരു പ്രോജക്ട് അഡ്വൈസറിനെ പൂർണ്ണമായും സിവിൽ സപ്ലൈസ് വകുപ്പിനായി നിയമിച്ചിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ viability (സാമ്പത്തിക ക്ഷമത) സംബന്ധിച്ച പഠനം WFP-യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതുകൂടാതെ ഒരു ടെക്നോളജി വിദ്ഗദ്ധന്റെ സേവനം ലഭ്യമാക്കുന്നതിന് WFP തയ്യാറായിട്ടുണ്ട്. ഇതിനായുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. സപ്ലൈകോ മുഖാന്തിരം നടപ്പാക്കാനുദ്ദേശിക്കുന്ന ഡോർ ടു ഡോർ ഡെലിവറിയുടെ സാങ്കേതിക ഉപദേശം നൽകുന്നതിനും WFP തയ്യാറായിട്ടുണ്ട്. ഇതിനായി WFP-യുടെ ലോജിസ്റ്റിക്സ് വിഭാഗം തലവനായ ശ്രീ. ബർണാർഡ് ചോമിലിയർ 2014 നവംബർ മാസത്തിൽ സംസ്ഥാനം സന്ദർശിച്ചിരുന്നു. റേഷൻ വ്യാപാരികളുടെ സാമ്പത്തിക ക്ഷമത കണക്കാക്കുന്നതിനുവേണ്ടി വിശദമായ ചോദ്യാവലി തയ്യാറാക്കി കുടുംബശ്രീയുടെ സഹായത്തോടെ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ച് അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി ഇ-പോസ് മെഷീനുകളുടെ പരീക്ഷണം നടത്തുന്നതിനും ടെസ്റ്റ് ഡോക്യുമെന്റ് തയ്യാറാക്കുന്നതിനും WFP-യുടെ സാങ്കേതിക സഹായം ലഭിക്കും.

### നെല്ല് സംഭരണത്തിലെ കളക്ഷൻ, പ്രോസസിംഗ് ചെലവ്

190(4821) ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈക്കോ കഴിഞ്ഞ സീസണിൽ കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിച്ച ഇനത്തിൽ കളക്ഷൻ, പ്രോസസിംഗ് എന്നിവയ്ക്കായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

സപ്ലൈകോ കഴിഞ്ഞ സീസണിൽ (2013-14 രണ്ടാം സീസൺ) കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിച്ച ഇനത്തിൽ കളക്ഷൻ ചാർജ്ജായി 20,03,27,227 രൂപയും പ്രോസസിംഗ് ചാർജ്ജായി 34,45,57,792 രൂപയും ചെലവഴിച്ചു.

## മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റുകളിലും അവശ്യസാധനങ്ങളുടെ വിലവർദ്ധന

191(4822) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റുകളിലെയും അവശ്യസാധനങ്ങൾക്ക് 2014 ജനവരി ഒന്നുമുതൽ വിലവർദ്ധന നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലൂടെ നൽകിയിരുന്ന അവശ്യവസ്തുക്കൾക്ക് നൽകിയിരുന്ന സബ്സിഡി വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ എത്ര കുറച്ചു;

(സി) മാർക്കറ്റ് വിലയിൽ നിന്ന് എത്ര ശതമാനം സബ്സിഡിയാണ് ഇപ്പോൾ സ്ഥാപനങ്ങളിലൂടെ നൽകുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

## തൃശ്ശൂർ ജില്ലയിൽ നെല്ലിന്റെ സംഭരണ വില നൽകാനുള്ള നടപടി

192(4823) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിലെ കർഷകരിൽ നിന്ന് ആകെ സംഭരിച്ച നെല്ലിന്റെ അളവ് എത്രയാണെന്നും അതിനുള്ള സംഭരണവില ആകെ എത്രയെന്നും അറിയിക്കുമോ;

(ബി) ആകെയുള്ള സംഭരണ വിലയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്നും കുടിശ്ശിക വിതരണം എപ്പോൾ പൂർത്തിയാക്കുമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിലെ കർഷകരിൽ നിന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആകെ സംഭരിച്ച നെല്ലിന്റെ അളവ് 1911993.65 ക്വിന്റൽ ആണ്. അതിനുള്ള സംഭരണവില ആകെ 3253639957 രൂപയാണ്. ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സീസൺ | അളവ് (in Qtl) | സംഭരണ വില (₹) | കുടിശ്ശിക |
|---|---|---|---|---|
| 1 | 2011-2012 1st | 17253.77 | 25880655.00 | 0 |
| 2 | 2011-2012 2nd | 724832.86 | 1087249290.00 | 0 |
| 3 | 2012-2013 1st | 14510.01 | 24667017.00 | 0 |
| 4 | 2012-2013 2nd | 391925.36 | 666273112.00 | 0 |
| 5 | 2013-2014 1st | 10262.52 | 18472536.00 | 0 |
| 6 | 2013-2014 2nd | 732840.66 | 1392397254.00 | 0 |
| 7 | 2014-2015 1st (upto 12-12-2014) | 20368.47 | 38700093.00 | 0 |
| | TOTAL | 1911993.65 | 3253639957.00 | 0 |

(ബി) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ നിന്ന് നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശികയൊന്നും നൽകുവാനില്ല.

**പാചകവാതക ഗ്യാസ് ഫില്ലിങ്ങും വിതരണവും അവശ്യ സർവ്വീസ് ആക്കാൻ നടപടി**

193(4824) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക ഗ്യാസ് ടാങ്കർ തൊഴിലാളികളുടെയും, ഗ്യാസ് ഫില്ലിങ്ങ് തൊഴിലാളികളുടെയും സമരം കാരണം പാചകവാതക വിതരണം പലപ്പോഴും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാചകവാതക സിലിണ്ടർ വിതരണം തടസ്സപ്പെടുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന്റെ ഭാഗമായി ഗ്യാസ് ഫില്ലിങ്ങ്, ഗ്യാസ് വിതരണ ജോലികൾ അവശ്യ സർവ്വീസായി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പാചകവാതക സിലിണ്ടറിന്റെ വിതരണത്തിലുള്ള ക്രമക്കേടുകൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാചകവാതക വിതരണം അവശ്യസർവ്വീസായി പ്രഖ്യാപിച്ചിട്ടുണ്ട്. ഗ്യാസ് ഫില്ലിംഗ് ഉൾപ്പെടെയുള്ള സേവനങ്ങളെ അവശ്യസർവ്വീസായി പ്രഖ്യാപിക്കുന്ന കാര്യം ആവശ്യമെങ്കിൽ പരിശോധിക്കുന്നതാണ്.

(സി) പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ഓഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്.

## വിലക്കയറ്റ നിയന്ത്രണ നടപടികൾ

194(4826) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന് സർക്കാർ സബ്സിഡി നല്കാറുണ്ടോ; എങ്കിൽ 2011 മുതൽ ഓരോ വർഷവും നില്കേണ്ട തുക എത്രയാണെന്നും നല്കിയ തുക എത്രയാണെന്നും അറിയിക്കുമോ;

(ബി) സബ്സിഡിയിനത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന് സർക്കാർ ഇതുവരെ നല്കാനുള്ള കുടിശിക തുക എത്രയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന് സർക്കാർ സബ്സിഡി നൽകാറില്ല. എന്നാൽ സപ്ലൈകോയ്ക്ക് സബ്സിഡി നൽകുന്നുണ്ട്. സബ്സിഡി നൽകിയ തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | സബ്സിഡിയിനത്തിൽ സപ്ലൈകോ ചെലവഴിച്ച ആകെ തുക (കോടിയിൽ ) | സബ്സിഡി ഇനത്തിൽ നൽകിയ തുക (കോടിയിൽ) |
|---|---|---|
| 2011-12 | 164.96 | 118.35 |
| 2012-13 | 288.55 | 135.00 |
| 2013-14 | 311.94 | 116.021 |
| 2014-15 (സെപ്റ്റംബർ വരെ) | 179.35 | 65.00 |

**നിത്യോപയോഗ സാധനങ്ങളുടെ വിലകുറയ്ക്കാൻ നടപടി**

195(4827) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റപ്പോൾ മാവേലിസ്റ്റോറുകളും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളും വഴി നൽകിയ നിത്യോപയോഗ സാധനങ്ങളുടെ കിലോഗ്രാമിന്റെ വില എത്ര എന്ന് വ്യക്തമാക്കാമോ; ഇതേ സമയം പൊതുവിപണിയിൽ ഈ സാധനങ്ങളുടെ വില എത്രയായിരുന്നു; ഓരോ ഇനത്തിലെയും സബ്സിഡി തുക എത്രയായിരുന്നു.;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തവണയാണ് പ്രസ്തുത സ്ഥാപനങ്ങളിലെ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധിപ്പിച്ചത്; ; പ്രസ്തുത സ്ഥാപനങ്ങളിലും പൊതു വിപണിയിലും ഇപ്പോൾ ഇവ ഓരോന്നിന്റെയും വില എത്രയാണ് ?

ഉത്തരം

(എ) വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മൂന്ന് തവണ നിത്യോപയോഗ സാധനങ്ങളുടെ സബ്സിഡി വില വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്ന 13 ഇനം ഭക്ഷ്യവസ്തുക്കളുടെ വിലയും, നിലവിലെ പൊതുവിപണി വിലയുടെയും വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

## പൊതുവിതരണം ശക്തിപ്പെടുത്തുന്നതിന് നടപടി

196(4828) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) നിലവിൽ എ.പി.എൽ, ബി.പി.എൽ വിഭാഗക്കാർക്ക് റേഷൻ കടകൾ വഴി ലഭ്യമാകുന്ന അവശ്യവസ്തുക്കളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) വിലക്കയറ്റം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നിലവിൽ റേഷൻകടകളിലൂടെ നൽകി വരുന്ന സാധനങ്ങളോടൊപ്പം പലവ്യഞ്ജനങ്ങളും കൂടി സബ്സിഡി നിരക്കിൽ നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി പൊതുവിതരണ ശൃംഖലയിലൂടെ കുറഞ്ഞ നിരക്കിൽ ഭക്ഷ്യസാധനങ്ങൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പും നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് അവശ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കാനിടയുള്ള സാഹചര്യങ്ങളെ മുൻകൂട്ടിക്കണ്ട് അതിനെതിരെ കർശന നടപടി സ്വീകരിക്കുവാൻ സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ റേഷൻ മൊത്ത/ചില്ലറ വ്യാപാര ഡിപ്പോകളിലെ പരിശോധന ഊർജ്ജിതമാക്കുന്നതിനായി സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും റേഷനിംഗ് ഇൻസ്പെക്ടർമാരും പരിശോധനകൾ നടത്തുകയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരികയും ചെയ്യുന്നു. കൂടാതെ ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. റേഷൻ സാധനങ്ങളുടെ നീക്കം നിരീക്ഷിക്കുക, കരിഞ്ചന്ത തടയുക, എഫ്.സി.ഐ.-യിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ നീക്കം നിരീക്ഷിക്കുക, ഉപഭോക്താവിന്റെ അറിയാനുള്ള ആഗ്രഹത്തെ ശക്തിപ്പെടുത്തുക മുതലായ ലക്ഷ്യത്തോടുകൂടി വെബ് അടിസ്ഥാനമാക്കിയ എസ്.എം.എസ്. FMPDS (Food grain Movement for effective Public Distribution System) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് അർഹമായ അളവിലും തൂക്കത്തിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാർ വീട് വീടാന്തരം റേഷൻ കാർഡുകൾ പരിശോധിക്കുകയും റേഷൻ കടകളിലെ രജിസ്റ്ററുമായി ഒത്തുനോക്കി റേഷൻ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇവയെല്ലാം തന്നെ കരിഞ്ചന്ത തടയുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും സഹായിക്കുന്നു.

(ബി) എ.പി.എൽ. കാർഡുടമകൾക്ക് 10 കി.ഗ്രാം അരി 8.90 രൂപാ നിരക്കിലും 1 കി.ഗ്രാം ഗോതമ്പ് കിലോഗ്രാമിന് 6.70 രൂപ നിരക്കിലും കാർഡൊന്നിന് 2 കി.ഗ്രാം ആട്ട കിലോഗ്രാമിന് 15 രൂപാ നിരക്കിലും പ്രതിമാസം നൽകുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ട് രൂപാ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കിലോഗ്രാം അരി കിലോഗ്രാമിന് 2 രൂപാ നിരക്കിൽ നൽകുന്നു. ബി.പി.എൽ. കാർഡുടമകൾക്ക് കിലോഗ്രാമിന് 1 രൂപാ നിരക്കിൽ 25 കി.ഗ്രാം അരിയും 2 രൂപാ നിരക്കിൽ 7 കിലോഗ്രാം ഗോതമ്പും കിലോഗ്രാമിന് 13.50 രൂപാ നിരക്കിൽ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും നൽകുന്നു. എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് 1 രൂപാ നിരക്കിൽ 35 കിലോഗ്രാം അരിയും കിലോഗ്രാമിന് 13.50 രൂപാ നിരക്കിൽ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകുന്നു. എല്ലാ വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്കും ½ ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 17/18 രൂപ നിരക്കിൽ നൽകുന്നു.

(സി) നിലവിൽ ഇക്കാര്യം പരിഗണിക്കുന്നതിന് നിർവ്വാഹമില്ല.

**ഹോട്ടലുകളുടെ ഗ്രേഡിങ്ങ്, വില ഏകീകരണം**

197 (4829) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഹോട്ടലുകളുടെ ഗ്രേഡിങ്ങ്, വില ഏകീകരണം എന്നിവ സംബന്ധിച്ച എന്ത് നിയമമാണ് നിലവിലുള്ളത്; ഇത് പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ നിലവിലുള്ള സംവിധാനമെന്താണ്?

ഉത്തരം

ഹോട്ടലുകളിലെ വില ഏകീകരിക്കുന്നത് സംബന്ധിച്ചോ അതിനായി ഗ്രേഡിംഗ് നടത്തുന്നതിനോ നിലവിൽ നിയമം ഒന്നും തന്നെയില്ല. ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതു സംബന്ധിച്ച് ഒരു നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

**ഭക്ഷ്യസുരക്ഷാ നിയമം**

198 (4830) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് കേരളത്തിന് കിട്ടുന്ന ആനുകൂല്യങ്ങളും ഗുണഫലങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ എത്ര ശതമാനം പേർക്ക് ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പരിരക്ഷ ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 154.8 ലക്ഷത്തോളം ജനങ്ങൾക്ക് പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യം ഉറപ്പുവരുത്തുന്നു. അരി 3 രൂപാ നിരക്കിലും ഗോതമ്പ് 2 രൂപാ നിരക്കിലും മറ്റ് ധാന്യങ്ങൾ 1 രൂപാ നിരക്കിലുമാണ് ലഭ്യമാകുന്നത്. മുതിർന്ന വനിത കാർഡുടമയായിരിക്കും. പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുന്നുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 6 മാസം മുതൽ 14 വയസ്സുവരെയുള്ള പോഷകാഹാര കുറവുള്ള കുട്ടികൾക്കും പോഷക കുറവ് പരിഹരിക്കുന്നതിനുള്ള ഭക്ഷണം ലഭ്യമാക്കുന്നതിന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

(ബി) 1. മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുക.

2. പരാതി പരിഹരിക്കുന്നതിനായി ജില്ലാതല പരിഹാര കമ്മിറ്റികൾ സംഘടിപ്പിക്കുക.

3. അപ്പീൽ പരാതികൾ പരിഹരിക്കുന്നതിന് സംസ്ഥാന ഫുഡ് കമ്മീഷൻ രൂപവീകരിക്കുക.

4. വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം കുറ്റമറ്റതാക്കുക.

5. ഡോർ സ്റ്റെപ്പ് ഡെലിവറി നടപ്പിലാക്കുക.

6. ഇന്റർമീഡിയറി ഗോഡൗണുകൾ സ്ഥാപിക്കുക.

(സി) 2011-ലെ സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ 52.63% ജനങ്ങൾക്കും നഗരപ്രദേശങ്ങളിലെ 39.5% ജനങ്ങൾക്കുമുൾപ്പെടെ സംസ്ഥാനത്തെ മൊത്ത ജനസംഖ്യയുടെ 46.3% ജനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പരിരക്ഷ ലഭിക്കുന്നതാണ്.

(ഡി) 2009-ലെ ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിനായി നൽകിയിട്ടുള്ള 14-1-2011-ലെ സ.ഉ (കൈ) നമ്പർ 16/11/ത.സ്വ.ഭ.വ, 27-4-2012-ലെ സ.ഉ (കൈ) നമ്പർ 112/12/ത.സ്വ.ഭ.വ എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.

## ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതുമൂലം ഭക്ഷ്യധാന്യങ്ങളുടെ അളവിൽ വരുന്ന വ്യത്യാസം

199 (4831) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :

<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കിയാൽ കേരളത്തിന് ഇപ്പോൾ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളിൽ എത്ര കുറവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിൽ നിന്നും 2014 ഡിസംബർ മാസത്തിൽ ലഭ്യമാകുന്ന അരി, ഗോതമ്പ് എന്നിവയുടെ അളവ് ചുവടെ ചേർക്കുന്നു:

| ഇനം | പ്രതിമാസം (മെ.ടൺ) |
|---|---|
| എ.പി.എൽ. അരി | 59333.750 |
| ബി.പി.എൽ.അരി | 37953.125 |
| എ.എ.വൈ. അരി | 20855.000 |
| എ.പി.എൽ. ഗോതമ്പ് | 11777.000 |
| ബി.പി.എൽ. ഗോതമ്പ് | 6963.000 |

(ബി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുമ്പോൾ കേരളത്തിന് പ്രതിവർഷം ലഭ്യമാകുന്ന വിഹിതം 14.25 ലക്ഷം മെ.ടൺ ആണ്. കേരളത്തിന് നിലവിൽ പ്രതിമാസം ലഭിച്ചുകൊണ്ടിരിക്കുന്ന എ.പി.എൽ., ബി.പി.എൽ., എ.എ.വൈ., വിഭാഗങ്ങൾക്കുള്ള അരി, ഗോതമ്പ് എന്നിവയുടെ ആകെ അളവ് 136881875 മെ.ടൺ എന്ന ക്രമത്തിൽ പ്രതിവർഷം 1642582.500 മെ.ടൺ ആണ്. ആയതിനാൽ 2.17 ലക്ഷം മെട്രിക് ടൺ അളവ് വിഹിതം കുറയുവാൻ സാധ്യതയുണ്ട്. ഇത് നിലനിർത്തി തരണമെന്ന് തുടർച്ചയായി സംസ്ഥാനം ആവശ്യപ്പെടുന്നുണ്ട്.

**ഭക്ഷ്യപൊതുവിതരണ രംഗത്ത് സുതാര്യവല്ലത പോർട്ടൽ**

200 (4832) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യപൊതുവിതരണ രംഗത്ത് സുതാര്യവല്കൃത പോർട്ടൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്?

<u>ഉത്തരം</u>

(എ&ബി) എഫ്.സി.ഐ. മുതൽ എ.ആർ.ഡി വരെയുള്ള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കേണ്ടതുണ്ട്. അതോടൊപ്പം ഇതുസംബന്ധിച്ച് എല്ലാ വിവരങ്ങളും ഒരു സുതാര്യവൽകൃത പോർട്ടൽ തയ്യാറാക്കി അതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു സുതാര്യ പോർട്ടൽ നടപ്പാക്കുന്നതിലൂടെ പൊതുവിതരണ ശൃംഖല പൂർണ്ണമായും സുതാര്യമാവുന്നതാണ്. എഫ്.സി.ഐ.-യിൽ നിന്നും വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഉപഭോക്താവ് റേഷൻ കടകളിൽ നിന്നും വാങ്ങുന്നത് വരെയുള്ള എല്ലാ വിവരങ്ങളും ഈ പോർട്ടലിൽ ലഭിക്കുന്നതാണ്. വിവരങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തുന്ന സംവിധാനത്തിൽ മാനുഷിക യത്നം പൂർണ്ണമായും ഒഴിവാക്കി ഒരു ഓട്ടോമേറ്റഡ് സംവിധാനത്തിലൂടെ റിയൽ ടൈം ആയി അപ്ഡേറ്റ് ചെയ്യുകയാണ്. ഇത്തരമൊരു പോർട്ടലിലൂടെ പൊതുവിതരണ സംവിധാനത്തിലെ എല്ലാ വിവരങ്ങളും അപ്പപ്പോൾ തന്നെ അപ്ഡേറ്റ് ആവുന്നതിനാൽ ഭരണതലത്തിൽ തീരുമാനങ്ങൾ അതിവേഗം എടുക്കുന്നതിനും മറ്റും സഹായകമാവുന്നതാണ്.

(സി) സുതാര്യവത്കൃത പോർട്ടലിൽ നിന്നും ഒരു ഉപഭോക്താവിന് പൊതുവിതരണ ശൃംഖലയിലെ ഓരോ മേഖലയിലെയും വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാവുന്നതാണ്. പൊതുവിതരണ വകുപ്പിന്റെ ഓഫീസുകൾ ഗോഡൗണുകൾ, റേഷൻ കടകൾ, ഉപഭോക്താക്കളുടെ വിവരങ്ങൾ, അതോടൊപ്പം എഫ്.സി.ഐ.-യിൽ

നിന്നും വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് അവയുടെ വിൽപ്പന വിവരങ്ങൾ, സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ ഒരു നിശ്ചിത ദിനത്തിലെ വിൽപ്പന/സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ, ഒരു റേഷൻ കടയിൽ ലഭ്യമായ സ്റ്റോക്ക്, അവ എത്ര അളവിൽ ഏതൊക്കെ ഉപഭോക്താക്കൾ വാങ്ങി എന്നത് സംബന്ധിച്ച വിവരങ്ങൾ എല്ലാം ലഭിക്കുന്നതാണ്. ഇത് നടപ്പാക്കുന്നതോടെ കരിഞ്ചന്തയും മറിച്ച് വിൽപ്പനയും പൂർണ്ണമായും തടയാൻ സാധിക്കുന്നതാണ്.

(ഡി) ഇത്തരത്തിൽ സുതാര്യവൽകൃത പോർട്ടൽ ഒരു RFP (Request for Proposal) പ്രക്രിയയിലൂടെ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഇ) സംസ്ഥാനത്ത് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഒന്നാം കംപോണന്റിന്റെ ഭാഗമായി കേന്ദ്ര സർക്കാർ 50:50 അനുപാതത്തിൽ അനുവദിച്ച തുകയിൽ പോർട്ടൽ നടപ്പാക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## പാരിപ്പള്ളിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന സൂപ്പർമാർക്കറ്റിലെ ഓഫീസർ-ഇൻചാർജ്

201 (4833) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന സൂപ്പർമാർക്കറ്റിലെ ഓഫീസർ-ഇൻ-ചാർജ് പ്രസ്തുത സ്ഥാപനത്തിൽ എന്നുമുതലാണ് ജോലിയിൽ പ്രവേശിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ടി ഉദ്യോഗസ്ഥനെതിരെ പെരുമാറ്റദൂഷ്യവും മറ്റ് നടപടികളും ആരോപിച്ച് എത്ര പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭിച്ചിട്ടുണ്ടെന്ന് പറയുമോ;

(സി) പ്രസ്തുത പരാതികളിന്മേൽ അന്വേഷണം വല്ലതും നടത്തിയിട്ടുണ്ടോ; എങ്കിൽ ആരാണ് അന്വേഷണം നടത്തിയതെന്നും അന്വേഷണ നിഗമനം എന്തായിരുന്നുവെന്നും വെളിവാക്കുമോ;

(ഡി) അന്വേഷണം നടത്തിയതിൽ മേൽ ജീവനക്കാരൻ തെറ്റുകാരനാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇല്ലായെങ്കിൽ കാരണം അറിയിക്കുമോ;

(ഇ) സൂപ്പർമാർക്കറ്റുപോലെയുള്ള ജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന സ്ഥാപനങ്ങളിൽ ഇരുന്ന് വളരെ മോശം പെരുമാറ്റം നിരന്തരമായി നടത്തുന്ന ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിലെ സപ്ലൈകോ സൂപ്പർ മാർക്കറ്റിലെ ഓഫീസർ ഇൻ-ചാർജ് 4-4-2013-ന് ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചു.

(ബി) 4 പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി&ഡി) ടിയാനെതിരെ ലഭിച്ച പരാതിയിന്മേൽ കൊല്ലം ഡിപ്പോ ജൂനിയർ മാനേജർ (എം & ഐ, കൊല്ലം ഡിപ്പോ മാനേജർ എന്നിവർ അന്വേഷണം നടത്തുകയും ഒരു പരാതിയിൽ കഴമ്പുണ്ടെന്നു കണ്ടെത്തുകയും ചെയ്തു. ആയതിനെ തുടർന്ന് ടിയാന് കർശന താക്കീതു നൽകിയിട്ടുണ്ട്. ഉപഭോക്താക്കളിൽ നിന്നും ഏതെങ്കിലും വിധത്തിലുള്ള പരാതി ലഭിക്കുന്ന പക്ഷം കർശന നടപടി സ്വീകരിക്കുന്നതാണെന്ന വിവരം സപ്ലൈകോ മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഇ) പരിശോധിച്ച് ഉചിതമായ നടപടി എടുക്കുന്നതാണ്.

## ഗാർഹികാവശ്യത്തിനുള്ള എൽ.പി.ജി. ഗ്യാസ് കൃത്യമായി ലഭ്യമാക്കാൻ നടപടി

202 (4834) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹികാവശ്യത്തിനുള്ള എൽ.പി.ജി. ഗ്യാസ് ഉപഭോക്താക്കൾക്ക് കൃത്യമായി ലഭിക്കുന്നില്ല എന്ന വ്യാപക പരാതി പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്യാസ് ഏജൻസികളുടെ പ്രവർത്തന സമയം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ എങ്കിൽ അതു വിശദമാക്കുമോ?

(സി) എല്ലാ സർക്കാർ അവധി ദിനങ്ങളും ഗ്യാസ് ഏജൻസികൾക്ക് ബാധകമാണോ?

(ഡി) നിശ്ചിത സമയപരിധിക്കുള്ളിൽ ഉപഭോക്താക്കൾക്ക് ഗ്യാസ് നിറച്ച

സിലിണ്ടർ നൽകണമെന്ന് വ്യവസ്ഥയുണ്ടോ? എങ്കിൽ അത് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാചക വാതക വിതരണരംഗത്തെ അവശ്യസേവനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫാറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫാറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാകളക്ടറുടെ നേതൃത്യത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ പാചകവാതക വിതരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിച്ച് ആവശ്യത്തിന് വേണ്ട സിലിണ്ടറുകൾ വിപണിയിൽ ലഭ്യമാക്കുവാൻ എണ്ണകമ്പനികളുടെ സംസ്ഥാന തല കോ-ഓർഡിനേറ്ററിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. രാവിലെ 8.30 മുതൽ 5.30 വരെ ഉച്ചയ്ക്ക് 1.00 മുതൽ 1.30 വരെ അരമണിക്കൂർ ഇടവേളയോടുകൂടിയാണ് പാചക വാതക വിതരണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

(സി) അല്ല

(ഡി) സാധാരണഗതിയിൽ സിലിണ്ടർ ബുക്ക് ചെയ്താൽ 48 മണിക്കൂറിനകം ലഭ്യമാക്കാൻ ഓയിൽ കമ്പനികൾ ശ്രമിക്കാറുണ്ട്. എന്നും, പ്രകൃതി ദുരന്തങ്ങൾ, സമരങ്ങൾ, ഹർത്താലുകൾ, സിലിണ്ടറുകളുടെ ലഭ്യതക്കുറവ് എന്നിവ മൂലം ഇതിൽ താമസം നേരിടാറുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

**നിയന്ത്രണാതീതമായുണ്ടാകുന്ന വിലക്കയറ്റം തടഞ്ഞുനിർത്താൻ**

203 (4835) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയന്ത്രണാതീതമായുണ്ടാകുന്ന വിലക്കയറ്റം തടഞ്ഞുനിർത്താൻ ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മാർക്കിറ്റിടപടലുകൾക്കായി പ്രതിവർഷം എത്ര തുക നീക്കിവച്ചിരുന്നെന്ന് വെളിപ്പെടുത്താമോ;

(ബി) നീക്കിവച്ച തുകയിൽ നാളിതുവരെ പ്രതിവർഷം എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തുക ചെലവഴിച്ചതു വഴി പൊതുജനങ്ങൾക്ക് എന്തെല്ലാം

ഗുണങ്ങളാണുണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ മാർക്കറ്റിൽ ഇടപെടലുകൾക്കായി നീക്കിവച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | തുക (കോടിയിൽ) |
|---|---|
| 2011-12 | 118.35 |
| 2012-13 | 135.00 |
| 2013-14 | 116.021 |
| 2014-15 (11-12-2014 വരെ) | 65.00 |

(ബി) നീക്കിവച്ച തുക മുഴുവനും ചെലവഴിച്ചിട്ടുണ്ട്.

(സി) 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ പൊതു വിപണി വിലയേക്കാൾ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുക വഴി ഇവയുടെ പൊതുവിപണി വില പിടിച്ചു നിർത്തുവാനും അതുവഴി പൊതുജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുവാനും സാധിക്കുന്നുണ്ട്.

**മായം ചേർക്കലും കൃത്രിമം കണ്ടുപിടിക്കുന്നതിനും സംവിധാനങ്ങൾ**

204 (4836) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കൾ പരിശോധന നടത്തുന്നതിനും അവയിലെ മായം ചേർക്കലും കൃത്രിമവും കണ്ടുപിടിക്കുന്നതിനും സംസ്ഥാനത്ത് നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ മുഖേന 2014-15 വർഷത്തിൽ എത്ര സാമ്പിളുകൾ പരിശോധിച്ചുവെന്നും എത്രപേർക്കെതിരെ കേസെടുത്തുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) എഫ്.എസ്.എസ്.എ. 2006 പ്രകാരം മായം ചേർക്കലും കൃത്രിമം

കണ്ടുപിടിക്കുന്നതിനുമുള്ള സംവിധാനം ഭക്ഷ്യ വകുപ്പിനുകീഴിലുള്ള സി.എഫ്.ആർ.ഡി.-യിലുണ്ട്. സംസ്ഥാന വ്യാപകമായി പരിശോധന നടത്തി ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിയും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഇന്റലിജൻസ് സ്ക്വാഡുകളും, കൂടാതെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യ സുരക്ഷാ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ശേഖരിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ അനലറ്റിക്കൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) സി.എഫ്.ആർ.ഡി.-യിലുള്ള സംവിധാനങ്ങൾ മുഖേന 2014-15-ൽ നാളിതുവരെ 1642 സാമ്പിളുകൾ പരിശോധിക്കുകയും അതിൽ 51 സാമ്പിളുകൾ പോരായ്മകൾ ഉണ്ടെന്ന് കണ്ടെത്തി ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള ഓഫീസുകൾ മുഖാന്തിരം 2278 സ്റ്റാറ്റ്യൂട്ടറി ഭക്ഷ്യ സാമ്പിളുകൾ പരിശോധിക്കുകയും 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം 2014-15 വർഷത്തിൽ ഇതിനകം 158 കേസ്സുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

**ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം പിടിക്കപ്പെട്ട കേസ്സുകൾ**

205 (4837) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം ഈ സർക്കാർ കാലയളവിൽ പിടിക്കപ്പെട്ട കേസ്സുകൾ എത്രയാണെന്നും അവയിൽ എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടു എന്നും വ്യക്തമാക്കുമോ;

(ബി) ഉപഭോക്താവിന് ലഭിക്കുന്ന സേവനങ്ങളും വസ്തുക്കളും കുറ്റമറ്റതാക്കുവാനും ന്യായമാക്കുവാനും എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് പറയുമോ;

(സി) ഉപഭോക്താവ് വാങ്ങുന്ന വസ്തുക്കൾ മായം കലർന്നവയെന്നോ അന്യായ വില ചുമത്തപ്പെട്ടതെന്നോ കൃത്യമായ അളവില്ലാത്തതെന്നോ അതുപോലെ

സേവനങ്ങൾ ശരിയായ രീതിയിൽ ലഭിക്കുന്നില്ലായെന്നോ ബോധ്യപ്പെട്ടാൽ പ്രസ്തുത അവസ്ഥയിൽ അടിയന്തര പരിഹാരം ഉണ്ടാക്കുവാൻ ബന്ധപ്പെടാവുന്ന ഒരു ടോൾ ഫ്രീ നമ്പർ ലഭിക്കുമോ; ഇത്തരം പരാതികളിൽ അടിയന്തര നടപടി സ്വീകരിയ്ക്കാൻ സംവിധാനം ഒരുക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലുമായി ആകെ 22280 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുകയും അതിൽ 9967 കേസ്സുകളിൽ ഉപഭോക്താവിന് അനുകൂലമായി വിധി നിർണ്ണയിക്കപ്പെടുകയോ/ കുറ്റവാളികൾ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്.

(ബി) ഉപഭോക്താവിന് ലഭ്യമാകുന്ന സേവനങ്ങളും വസ്തുക്കളും കുറ്റമറ്റതാക്കുവാനും ന്യായമാക്കുവാനും വിവരാവകാശനിയമം, സേവനാവകാശ നിയമം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രാബല്യത്തിൽ വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന് പിഴ ചുമത്തുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ നിലവിലുണ്ട്. കൂടാതെ ഉപഭോക്താവ് കബളിപ്പിക്കപ്പെട്ടാൽ സംസ്ഥാനത്ത് 14 ജില്ലകളിലും പ്രവർത്തിച്ച് വരുന്ന ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ മുഖേന 20 ലക്ഷം രൂപ വരെയുള്ളതും 20 ലക്ഷത്തിനുമുകളിൽ 1 കോടി രൂപവരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും അതിന് മുകളിൽ വരുന്നവ ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുഖേനയും നഷ്ടപരിഹാരം നേടുവാൻ കഴിയുന്നതാണ്.

(സി) ഉപഭോക്തൃ പരാതികളെക്കുറിച്ച് സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട 1800-425-1550 എന്ന ടോൾ ഫ്രീ നമ്പരും ഉപഭോക്താവ് വാങ്ങുന്ന ആഹാര പദാർത്ഥങ്ങളിൽ ആഹാരയോഗ്യമല്ലാത്തതും മായം കലർന്നതുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിൽ 1800-425-1125 എന്ന ടോൾ ഫ്രീ നമ്പരും നിലവിലുണ്ട്. ഈ നമ്പരുകളിൽ വരുന്ന പരാതികളിന്മേൽ 5 ദിവസത്തിനകം പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ഉപഭോക്തൃ കമ്മീഷൻ, ഉപഭോക്തൃ ജില്ലാ ഫോറങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്**

206 (4838) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഉപഭോക്തൃ കമ്മീഷൻ, ഉപഭോക്തൃ ജില്ലാ ഫോറങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എപ്രകാരമാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ കമ്മീഷൻ സംസ്ഥാന കമ്മീഷനുകൾക്കും ജില്ലാ ഉപഭോക്തൃ ഫോറങ്ങൾക്കും സഹായം നൽകുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷം ലഭിച്ച സഹായത്തിന്റെ വിശദാംശങ്ങൾ നൽകുമോ; ലഭിക്കുന്ന തുക കമ്മീഷനുകൾക്കും ഫോറങ്ങൾക്കും നേരിട്ടാണോ ലഭിക്കുന്നത്; സിവിൽ സപ്ലൈയ്സ് വകുപ്പ് മുഖാന്തിരമാണോ ലഭിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന കമ്മീഷൻ, ജില്ലാ ഫോറം എന്നിവയുടെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് നേരിട്ടാണോ, സിവിൽ സപ്ലൈയ്സ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണോ നൽകുന്നത്; വ്യക്തമാക്കുമോ;

(ഇ) നേരിട്ടാണെങ്കിൽ കഴിഞ്ഞ മൂന്ന് വർഷം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ; സിവിൽ സപ്ലൈസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണെങ്കിൽ കഴിഞ്ഞ മൂന്ന് വർഷം കമ്മീഷന്റെയും ജില്ലാ ഫോറങ്ങളുടെയും പ്രവർത്തനങ്ങൾക്ക് എത്ര വീതം വകുപ്പ് നൽകിയിട്ടുണ്ട്;

(എഫ്) ഉപഭോക്തൃ അവകാശങ്ങൾ സംബന്ധിച്ച പ്രചരണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ മൂന്നു വർഷം ചെലവഴിച്ച തുകയും ഓരോ വർഷവും നടത്തിയ പ്രചരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും നൽകുമോ; പണം ചെലവഴിച്ചത് കമ്മീഷനാണോ, വകുപ്പാണോ; വ്യക്തമാക്കുമോ;

(ജി) ഓരോ വർഷവും നടത്തിയ പ്രചരണ പ്രവർത്തനങ്ങൾക്ക് വേദിയായി തെരഞ്ഞെടുക്കപ്പെട്ട ഹോട്ടലുകളും അവയ്ക്ക് ചെലവായ തുകയും വ്യക്തമാക്കുമോ ; സാധാരണക്കാർക്ക് അപ്രാപ്യമായ ഇത്തരം വേദികൾ തെരഞ്ഞെടുക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഉപഭോക്തൃ കമ്മീഷന്റേയും ജില്ലാ ഫോറങ്ങളുടെയും

പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സംസ്ഥാന സർക്കാർ മുഖാന്തിരമാണ് ലഭ്യമാക്കുന്നത്. കെട്ടിട നിർമ്മാണ/നിർമ്മാണേതര പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമാകുന്നുണ്ട്.

(ബി) ദേശീയ കമ്മീഷൻ സംസ്ഥാന കമ്മീഷനുകൾക്കും ജില്ലാ ഉപഭോക്തൃ ഫോറങ്ങൾക്കും സഹായം ഒന്നും നൽകുന്നില്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് നൽകുന്നത്

(ഇ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി സംസ്ഥാന ഉപഭോക്തൃ കമ്മീഷന്റേയും ജില്ലാ ഉപഭോക്തൃ ഫോറങ്ങളുടെയും പ്രവർത്തനങ്ങൾക്കായി സിവിൽ സപ്ലൈസ് വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അനുവദിച്ച തുക (കോടിയിൽ) |
|---|---|
| 2011-12 | 6.5156 |
| 2012-13 | 6.6034 |
| 2013-14 | 7.0318 |

(എഫ്) <u>2011-2012</u>

ഉപഭോക്തൃബോധവൽക്കരണത്തിനായി സെമിനാറുകൾ, ശില്പശാലകൾ, ബാനറുകൾ പ്രദർശിപ്പിക്കുന്നത്, തെരുവ് നാടകങ്ങൾ സംഘടിപ്പിക്കുന്നത്, ലഘുരേഖകൾ വിതരണം ചെയ്യുന്നത് എന്നിവയ്ക്കായി 27,25,108 രൂപ കേന്ദ്ര സർക്കാർ അനുവദിച്ച 28 ലക്ഷം രൂപയിൽ നിന്നും ചെലവഴിച്ചു. റേഷൻ സാധനങ്ങളുടെ വിഹിതം സംബന്ധിച്ച പരസ്യ ചിത്രത്തിന്റെ നിർമ്മാണത്തിലും സംപ്രേക്ഷണത്തിനുമായി കേന്ദ്ര സർക്കാർ സഹായമായി ലഭിച്ച 20 ലക്ഷം രൂപ ഉൾപ്പെടെ 29,30,340 രൂപ ദൂരദർശന് നൽകിയിട്ടുണ്ട്.

<u>2012-2013</u>

ഉപഭോക്തൃ ബോധവൽക്കരണത്തിനായി സെമിനാറുകൾ, ശില്പശാലകൾ,

ഉപഭോക്തൃ ദിനാചരണം, ലഘുരേഖകൾ വിതരണം ചെയ്യുന്നത് എന്നിവയ്ക്കായി 20,45,306 രൂപ കേന്ദ്ര സർക്കാർ വിഹിതത്തിൽ നിന്നും ചെലവഴിച്ചു. ഉപഭോക്തൃ ബോധവൽക്കരണത്തിനായി കൈപുസ്തകങ്ങൾ, നോട്ടീസുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുന്നതിനും ഉപഭോക്തൃ ബോധവൽക്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിനും ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ വിഹിതത്തിൽ നിന്നും ആകെ 27,82,102 രൂപ ചെലവഴിച്ചു. ഉപഭോക്തൃ ബോധവൽക്കരണത്തിനായി പരസ്യചിത്രങ്ങൾ നിർമ്മിച്ച് വിവിധ ദൃശ്യമാധ്യമങ്ങൾ മുഖേന സംപ്രേഷണം ചെയ്യുന്നതിന് 13,97,391 രൂപയും ബുക്ക് ലെറ്റ്, ബ്രോഷർ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് 4,29,318 രൂപയും കേന്ദ്ര സർക്കാർ വിഹിതത്തിൽ നിന്നും ചെലവഴിച്ചു.

2013-2014

2013 ഡിസംബർ 24-ാം തീയതിയിലെ ഉപഭോക്തൃ ദിനാചരണ പരിപാടികൾ സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്നതിനായി ആകെ 7,73,500 രൂപ ചെലവഴിച്ചു. എല്ലാ ജില്ലകളിലും വകുപ്പിന്റെയും സപ്ലൈകോയുടെയും ആഭിമുഖ്യത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളത്. ഈ തുക സിവിൽ സപ്ലൈസ് വകുപ്പ് മുഖേനയാണ് ചെലവഴിച്ചിട്ടുള്ളത്.

(ജി) 2011-12 വർഷം ഉപഭോക്തൃ ബോധവൽക്കരണത്തിനായി കോഴിക്കോട് ജില്ലയിലെ ഹോട്ടൽ നളന്ദ വേദിയായി തെരഞ്ഞെടുത്തതിൽ 3000 രൂപ ചെലവായിട്ടുണ്ട്. 2012-13 വർഷം കോഴിക്കോട് ജില്ലയിലെ ഹോട്ടൽ നളന്ദ വേദിയായി തെരഞ്ഞെടുത്തതിൽ 4180 രൂപയും എറണാകുളം ജില്ലയിലെ ന്യൂ ഭാരത് ടൂറിസ്റ്റ് ഹോം വേദിയായി തെരഞ്ഞെടുത്തതിൽ 45,752 രൂപയും ചെലവായിട്ടുണ്ട്. 2013-14 വർഷം കോഴിക്കോട് ജില്ലയിലെ ഹോട്ടൽ നളന്ദ വേദിയായി തെരഞ്ഞെടുത്തതിൽ 31,211 രൂപ ചെലവായിട്ടുണ്ട്. പൊതു വേദികൾ ലഭ്യമാകാത്ത അപൂർവ്വം അവസരങ്ങളിൽ മാത്രമേ ഹോട്ടലുകൾ വേദിയായി തെരഞ്ഞെടുക്കാറുള്ളൂ. ഇത്തരം വേദികളിൽവെച്ച് പരിപാടികൾ സംഘടിപ്പിക്കുമ്പോൾ പൊതുജനങ്ങൾക്ക് യാതൊരു നിയന്ത്രണവും ഏർപ്പെടുത്താറില്ല.

**പെട്രോൾ ബങ്കുകളിൽ വാഹനങ്ങൾക്ക് ആവശ്യമായ വെള്ളം, എയർ എന്നിവ സൗജന്യമായി നൽകണമെന്ന നിർദ്ദേശം**

207 (4839) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസിന്റെ പെട്രോൾബങ്കുകളിലും പ്രൈവറ്റായിട്ടുള്ള പെട്രോൾ ബങ്കുകളിലും വാഹനങ്ങൾക്ക് ആവശ്യമായ വെള്ളം, എയർ എന്നിവ സൗജന്യമായി നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് ഘടകവിരുദ്ധമായി പ്രവർത്തിക്കുന്ന പമ്പ് ഉടമകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദൂരയാത്രകാർക്ക് ആശ്വാസമേകുന്ന ടോയിലറ്റ് സംവിധാനം തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പൊതുജനങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതു ഫലപ്രദമായ രീതിയിൽ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പെട്രോൾ ബങ്കുകളിൽ വാഹനങ്ങൾക്കാവശ്യമായ വെള്ളം, എയർ എന്നിവ ലഭ്യമാക്കുന്നുണ്ട്. പ്രൈവറ്റായിട്ടുള്ള പെട്രോൾ ബങ്കുകളിൽ വായു, വെള്ളം എന്നിവ ഉപഭോക്താക്കൾക്ക് സൗജന്യമായി നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് എണ്ണ കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) ഇത്തരം സേവനങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അവ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കാറുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി&ഡി) ദൂരയാത്രക്കാർക്ക് ടോയിലറ്റ് സംവിധാനം ലഭ്യമാക്കുന്നതിൽ അതീവശ്രദ്ധ ചെലുത്താറുണ്ട് എന്നും എന്തെങ്കിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

**സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം**

208 (4840) <u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ യു.പി.എസ്-ന്റെ തകരാർ കാരണം വൈദ്യുതി തടസ്സമുണ്ടാവുകയും രജിസ്ട്രേഷൻ ജോലികൾ മുടങ്ങുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

(സി) തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ഏതെല്ലാം സബ് രജിസ്ട്രാർ ഓഫീസുകളിലാണ് ഇത്തരത്തിൽ രജിസ്ട്രേഷൻ അനുബന്ധ ജോലികൾ മുടങ്ങിയിട്ടുള്ളത്;

(ഡി) ഇത്തരത്തിൽ രജിസ്ട്രേഷൻ അനുബന്ധ ജോലികൾ മുടങ്ങുന്നത് ഭാവിയിൽ ഇല്ലാതാക്കുന്നതിനും, ധനനഷ്ടം ഉണ്ടാകാതിരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) യു.പി.എസ്. തകരാറുമൂലം ചില സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് വാർഷിക അറ്റകുറ്റപ്പണിയുടെ ഭാഗമായിട്ടുള്ള സാങ്കേതിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ രജിസ്ട്രാർമാരിൽ നിന്ന് വിശദമായ റിപ്പോർട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് ലഭിച്ചിട്ടുണ്ട്.

(സി) തൃശ്ശൂർ ജില്ലയിൽ മുണ്ടൂർ, പഴയന്നൂർ, എരുമപ്പെട്ടി, കുട്ടനല്ലൂർ, അയ്യന്തോൾ, അക്കിക്കാവ്, കാട്ടൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിലും പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് സബ് രജിസ്ട്രാർ ഓഫീസിലും യു.പി.എസ്. തകരാറുമൂലം ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നേരിടുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഡി) രജിസ്ട്രേഷൻ അനുബന്ധ ജോലികൾ മുടങ്ങുന്നത് ഭാവിയിൽ ഇല്ലാതാക്കുന്നതിനും ധനനഷ്ടം ഉണ്ടാകാതിരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കും.

**ഫെയർ വാല്യൂ**

209 (4841) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ നെല്ലനാട് വില്ലേജിലെ ഭൂമിയുടെ താരിഫ് വില നിശ്ചയിച്ചിട്ടുണ്ടോ; എന്നാണ് പ്രസ്തുത താരിഫ് വില പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കുമോ;

(ബി) നെല്ലനാട് വില്ലേജിലെ താരിഫ് വിലയെ സംബന്ധിച്ച വിവരങ്ങൾ ഇന്റർനെറ്റിലോ വാമനപുരം സബ്‌രജിസ്ട്രാർ ഓഫീസിലോ ലഭ്യമല്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് അടിന്തിരമായി ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) താരിഫ് വിലയെ സംബന്ധിച്ച ഉത്തരവിന്റെ പകർപ്പും ലിസ്റ്റും നല്കുമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് വില്ലേജിലെ ഭൂമിയുടെ താരിഫ് വില നിശ്ചയിച്ചിട്ടുണ്ട്. 2-11-2012-ലാണ് ഭൂമിയുടെ ന്യായവില പ്രാബല്യത്തിൽ വന്നത്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചു. പ്രസ്തുത ന്യായവില വിവരങ്ങൾ 30-11-2014 മുതൽ ഇന്റർനെറ്റിൽ ലഭ്യമാണ്.

(ഡി) ഭൂമിയുടെ താരിഫ് നിരക്ക് നിശ്ചയിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് റവന്യൂ വകുപ്പാണ്, രജിസ്ട്രേഷൻ വകുപ്പല്ല. നെല്ലനാട് വില്ലേജിലെ ഭൂമിയുടെ ന്യായ വില വിവരങ്ങൾ www.igr.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**ഭൂമി ക്രയവിക്രയം ചെയ്ത ഇനത്തിൽ രജിസ്ട്രാർ ഓഫീസിൽ അടയ്ക്കേണ്ട തുക**

210 (4842) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവിലയിലും, രജിസ്ട്രേഷൻ ചാർജിലും വരുത്തിയിട്ടുള്ള വർദ്ധനവിന് ശേഷം ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളവർ ഏതെല്ലാം ഇനത്തിൽ എത്ര തുക വീതമാണ് രജിസ്ട്രാർ ഓഫീസിൽ അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ നിശ്ചയിച്ച ന്യായവിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമിയുടെ ക്രയവിക്രയം നടത്തിയിട്ടുള്ളവർ ഏത് രൂപത്തിലാണ് രജിസ്ട്രാർ ഓഫീസിൽ പണം അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂമിയുടെ ന്യായവിലയിൽ 50 ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. അതനുസരിച്ച് നിലവിലുള്ള ന്യായവിലയുടെ ഒന്നര ഇരട്ടി അധികരിച്ച തുകയിന്മേലാണ് കരണങ്ങൾക്ക് മുദ്ര ചുമത്തേണ്ടത്.

(ബി) സർക്കാർ നിശ്ചയിച്ച ന്യായവിലയെക്കാൾ കുറവാണ് ആധാരത്തിൽ കാണിച്ചിട്ടുള്ളതെങ്കിൽ കേരള മുദ്രപ്പത്രനിയമം വകുപ്പ് 45A(3), 45B(3) അനുശാസിക്കുന്ന വിധത്തിൽ കുറവ് തുകയുടെ മുദ്രയും ഫീസും സബ് രജിസ്ട്രാറാഫീസിൽ ഒടുക്കാവുന്നതാണ്.

**സഹകരണ സ്ഥാപനങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്**

211 (4843) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾക്ക് വസ്തുവകകൾ വാങ്ങുന്നതിനും വിൽക്കുന്നതിനും സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ ഇളവ് സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതിന് ഏതെങ്കിലും സബ് രജിസ്ട്രാർമാർ വിസമ്മതിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു കാരണങ്ങളാലാണ് ഇളവനുവദിക്കുന്നതിന് വിസമ്മതിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഇതുസംബന്ധിച്ച നിയമം നിലനിൽക്കെ ഈ ഇളവ് അനുവദിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 8-10-1960-ലെ ജി.ഒ. (എംഎസ്.) 795/1960/അഗ്രി. ഉത്തരവ് പ്രകാരം സഹകരണ സംഘങ്ങൾക്ക് ബിസിനസ്സ് ആവശ്യത്തിനായുള്ള ആധാരങ്ങൾക്ക് മുദ്ര ഇളവ് നൽകുന്നുണ്ട്.

(ബി) 8-10-1960-ലെ ജി.ഒ (എംഎസ്.) 795/60/അഗ്രി. നമ്പർ ഉത്തരവ് അനുസരിച്ചുള്ള മുദ്രസല ഇളവ് ലഭിക്കണമെങ്കിൽ സഹകരണ നിയമപ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘം, സംഘത്തിന്

വേണ്ടിയോ അല്ലെങ്കിൽ അതിന്റെ ഒരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഒരു അംഗമോ സംഘത്തിന്റെ കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട് ചമയ്ക്കുന്ന കരണമായിരിക്കണം എന്നീ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. 19-11-2011-ലെ WP (C)No. 17973/2010-(V)-നമ്പരായുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ സൊസൈറ്റിയിൽ അംഗമല്ലാത്ത ഒരാൾ ചമയ്ക്കുന്ന കരണത്തിനോ ബിസിനസ്സ് ആവശ്യാർത്ഥമല്ലാത്ത കരണത്തിനോ മേൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഇളവ് അനുവദനീയമല്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ള കേസുകളിൽ മുദ്രയിളവ് അനുവദിക്കാൻ സബ് രജിസ്ട്രാർമാർ വിസമ്മതിക്കുന്നുണ്ട്.

(സി) WP(C) 17973/2010 നമ്പർ റിട്ട് ഹർജിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 19-11-2011-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെയും, പ്രസ്തുത വിഷയുമായി ബന്ധപ്പെട്ട് WA.1248/13 നമ്പർ റിട്ട് അപ്പീലും, സമാനമായ നിരവധി കേസുകളും ബഹുമാനപ്പെട്ട ഹൈക്കോടതി ഫുൾ ബഞ്ചിന്റെ പരിഗണനയിൽ ആണെന്നതിന്റെയും അടിസ്ഥാനത്തിലാകണം 8-10-1960-ലെ ജി.ഒ. (എംഎസ്.) നമ്പർ 795/1960/ അഗ്രി. നമ്പർ ഉത്തരവുപ്രകാരമുള്ള ഇളവുകൾ അനുവദിക്കാത്തത്.

## നികുതി പരിധി

212 (4844) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന നികുതി പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന (രജിസ്ട്രേഷൻ) നികുതി പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കുടുംബാംഗങ്ങൾക്കിടയിലെ വസ്തു കൈമാറ്റത്തിനുള്ള നികുതി പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ-സി) ഭാഗപത്രം, ഒഴിമുറി എന്നിവയ്ക്ക് ന്യായവിലയുടെ/മൂല്യത്തിന്റെ

1 ശതമാനം നിരക്കിലുള്ള മുദ്രയിൽ പരമാവധി 1000 രൂപ എന്ന പരിധിയും ധനനിശ്ചയം, ദാനം എന്നിവയ്ക്ക് ന്യായവിലയുടെ/മൂല്യത്തിന്റെ 2 ശതമാനം നിരക്കിലുള്ള മുദ്രയിൽ പരമാവധി 1000 രൂപ എന്ന പരിധിയും നിലവിലുണ്ടായിരുന്നു. ടി 1000 രൂപ എന്ന പരിധി 8-10-2014 തീയതിയിലെ 20478/Leg.A2/Law നമ്പർ ഉത്തരവിലൂടെ (ഓർഡിനൻസ്) ഒഴിവാക്കിയിരുന്നു. എന്നാൽ ഉപധനാഭ്യർത്ഥനയുടെ ചർച്ചാ വേളയിൽ ഈ വിഷയം പരിഗണിക്കുകയും പഴയ അവസ്ഥ പുനസ്ഥാപിച്ചു കൊണ്ടുള്ള ഭേദഗതി നിയമസഭ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

## ഭൂമിയുടെ ന്യായവില

213 (4845) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവിലയിൽ എത്ര ശതമാനം വർദ്ധനയാണ് വരുത്തിയിട്ടുള്ളത്; ഇത് എന്നു മുതൽ നിലവിൽ വന്നു;

(ബി) ന്യായവില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ;

(സി) നിലവിൽ എൻ. എച്ച്., എസ്. എച്ച്, ജില്ലാ റോഡുകൾ എന്നിവയിൽ നിന്ന് അകലെയുള്ളതും വഴിപോലും ഇല്ലാത്തതുമായ ഭൂമിക്കും പ്രധാന റോഡുകളോട് ചേർന്നുള്ള ഭൂമിയുടെ അതേ വില ന്യായവിലയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ എടുത്തിട്ടുള്ളത്;

(ഇ) ഇതിനുള്ള നടപടിക്രമങ്ങൾ സങ്കീർണ്ണമാണെന്നുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇവ ലളിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) വർദ്ധിപ്പിച്ച ന്യായവില കുറയ്ക്കുന്നതിന് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഭൂമിയുടെ ന്യായവിലയിൽ 50 ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്.

ആയത് 17-11-2014 മുതൽ നിലവിൽ വന്നു.

(ബി) ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു; 1959-ലെ കേരള മുദ്രപ്പത്രനിയമം 28-ാം വകുപ്പ് (2)-ാം ഉപവകുപ്പ് ക്ലോസ് (എ) പ്രകാരം ഭൂമി സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ വികസനാവസ്ഥ, അതായത് വാണിജ്യപരമായ പ്രാമുഖ്യം, ജല വിതരണം, വൈദ്യുതി, ഗതാഗതം, വാർത്താവിനിമയം എന്നിവയുള്ള സൗകര്യം എന്നിവ കണക്കിലെടുക്കേണ്ടതുണ്ട്. വകുപ്പ് 28 എ(2) (ബി) പ്രകാരം കമ്പോളങ്ങൾ, ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഫാക്ടറികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സാമീപ്യം പരിഗണിക്കണം. വകുപ്പ് 28 എ(2) (സി) പ്രകാരം ഭൂമിയുടെ ഭൂമിശാസ്ത്രപരമായ കിടപ്പ്, ഭൂമിയുടെ പ്രകൃതി, അതായത് വരണ്ടതോ, തരിശോ, ചതുപ്പോ, തോട്ടമോ എന്നതും ഫലഭൂയിഷ്ഠത, വിളകളുടെ സ്വഭാവം, ഉൽപ്പാദനശേഷി, കൃഷി ചെലവ് എന്നിവയും ന്യായവില നിർണ്ണയത്തിൽ കണക്കിലെടുക്കുന്ന ഘടകങ്ങളാണ്. കൂടാതെ ഓരോ സർവ്വേ നമ്പരിലും സബ് ഡിവിഷനിലുമുള്ള ഭൂമിയെ വീണ്ടും 15 വിഭാഗങ്ങളിലായി തരംതിരിച്ചുകൊണ്ട് കേരള മുദ്രപ്പത്രം (ഭൂമിയുടെ ന്യായവില നിർണ്ണയം) ചട്ടങ്ങളിലെ ഫോറം എ ഭേദഗതി ചെയ്തിട്ടുണ്ട്. ഇപ്പറഞ്ഞ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നത്.

(സി) ന്യായവില നിർണ്ണയത്തിൽ ചില അപാകതകൾ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേരള മുദ്രപ്പത്ര നിയമം വകുപ്പ് 28 എ (4)-ാം ഉപവകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട്, അന്തിമ ന്യായവില സംബന്ധിച്ച അപ്പീലുകൾ ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള കാലപരിധി ന്യായവില വിജ്ഞാപന തീയതി മുതൽ 30 ദിവസം എന്നത് ഒരു വർഷമായി നീട്ടുകയും മതിയായ കാരണമുണ്ടെന്ന് ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ഒരു വർഷത്തിനുശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. നാളിതുവരെ ലഭിച്ച അപ്പീലുകളിൽ 1,59,859 അപ്പീലുകൾ തീർപ്പാക്കിയിട്ടുണ്ട്. അപ്പീൽ സമർപ്പണം തുടർപ്രക്രിയ ആയതിനാൽ ഇപ്പോഴും ലഭിക്കുന്ന അപ്പീലുകൾ ജില്ലാ കളക്ടർമാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ 2000-ൽ താഴെ അപ്പീലുകൾ മാത്രമേ തീർപ്പാക്കാൻ അവശേഷിക്കുന്നുള്ളൂ.

(ഇ&എഫ്) നടപടിക്രമങ്ങൾ സങ്കീർണ്ണമല്ല. നിശ്ചിത ഫോറത്തിൽ (ഫോം-ബി) ജില്ലാ കളക്ടർക്ക് അപ്പീൽ നൽകിയാൽ മതിയാകുന്നതാണ്.

(ജി) ഇപ്പോൾ പരിഗണയിലില്ല.

**ഭൂമിയുടെ ന്യായവില, രജിസ്ട്രേഷൻ ഫീസ് എന്നിവയുടെ വർദ്ധനവ്**

214 (4846) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. ശശി :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഭൂമിയുടെ ന്യായവിലയും രജിസ്ട്രേഷൻ ഫീസും വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തവണ വർദ്ധിപ്പിച്ചുവെന്നു വ്യക്തമാക്കാമോ;

(ബി) ഓരോ ഇനത്തിലും നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും തമ്മിൽ താരതമ്യം ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത വർദ്ധനവിലൂടെ ഇതുവരെ എത്ര അധിക വരുമാനമുണ്ടാക്കിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം. ഭൂമിയുടെ ന്യായവില 14-11-2014-ലെ ജി.ഒ. (പി) നമ്പർ 188/2014/റ്റി.ഡി. നമ്പർ ഉത്തരവ് മുഖേന 50 ശതമാനം വർദ്ധിപ്പിച്ചുണ്ട്. കൂടാതെ 8-10-2014-ലെ ജി.ഒ. (പി) നമ്പർ 172/2014/റ്റി.ഡി. നമ്പർ വിജ്ഞാപനത്തിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 1 ശതമാനം എന്നതിന് വിധേയമായി പരമാവധി 25000 രൂപ എന്നതിൽ പരമാവധി 25000 രൂപ എന്നത് ഒഴിവാക്കി വിലയുടെ 1 ശതമാനം ആയി ഭേദഗതി വരുത്തി.

(ബി) നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും തമ്മിൽ താരതമ്യം ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ ന്യായവിലയും രജിസ്ട്രേഷൻ ഫീസും വർദ്ധിപ്പിച്ചതിൽ ഓരോ ഇനത്തിലുമുള്ള

അധികവരുമാനം സംബന്ധിച്ച് പ്രത്യേകം കണക്കുകൾ സൂക്ഷിച്ചിട്ടില്ല. കൂടാതെ ന്യായവില വർദ്ധിപ്പിച്ചത് 2014 നവംബർ 17-ാം തീയതി മുതലായതിനാൽ ഒരു പൂർണ്ണമായ കലണ്ടർ മാസം പൂർത്തിയായിട്ടില്ലാത്തതിനാൽ മുൻവർഷങ്ങളിലെയോ, മുൻമാസങ്ങളിലെയോ വരുമാനം സംബന്ധിച്ച് താരതമ്യം ചെയ്ത് വരുമാന വർദ്ധന കണക്കാക്കാൻ കഴിയുന്നില്ല.

**ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ്**

215 (4847) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ് എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്; ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് സഹിതം വിശദാംശം നൽകുമോ?

ഉത്തരം

8-10-2014-ലെ ജി.ഒ (പി) 172/2014/റ്റി.ഡി. നമ്പർ വിജ്ഞാപനത്തിലൂടെ നിശ്ചിത കുടുംബാംഗങ്ങൾ തമ്മിലുള്ള ഒഴിമുറി, ഭാഗപത്രം, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 1 ശതമാനം എന്നതിന് വിധേയമായി പരമാവധി 25,000 രൂപ എന്നതിന് മാറ്റം വരുത്തി പരിധിയില്ലാതെ വസ്തുവിലയുടെ 1 ശതമാനമായി ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉൾക്കൊള്ളിച്ചിരിക്കുന്നു.

**കരാറുകൾ രജിസ്റ്റർ ചെയ്യാൻ നടപടി**

216 (4848) ശ്രീ. എളമരം കരീം :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകൾ കമ്പനികളും വ്യക്തികളുമായും ഉണ്ടാക്കുന്ന കരാറുകൾ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശം ഉണ്ടോ;

(ബി) ഈ നിർദ്ദേശം പല വകുപ്പ് മേധാവികളും പാലിക്കുന്നില്ല എന്ന കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുകാരണം സർക്കാരിനുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഇത്തരം കരാറുകൾ രജിസ്റ്റർ ചെയ്യേണ്ടതിന്റെ ആവശ്യകത ബോധ്യമുള്ളതാണോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1908-ലെ രജിസ്ട്രേഷൻ നിയമം വകുപ്പ് 17(ബി) അനുസരിച്ച് സ്ഥാവര വസ്തുവിൽ നൂറ് രൂപയോ അതിൽ കൂടുതലോ വിലയുള്ള വല്ല അവകാശവും ഉണ്ടാക്കുന്ന, മരണ ശാസനമല്ലാത്ത എല്ലാ കാരണങ്ങളും, ടി നിയമം 17 (ഡി) വകുപ്പനുസരിച്ച് ഒരു വർഷമോ അതിനുമുകളിലോ കാലാവധി നിശ്ചയിച്ച സ്ഥാവര വസ്തുവിന്റെ പാട്ടക്കരാറുകളും നിർബന്ധമായി രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. സർക്കാരിന്റെ വിവിധ വകുപ്പുകൾ വിവിധ കമ്പനികളുമായും വ്യക്തികളുമായും ഉണ്ടാക്കുന്ന വിവിധ കരാറുകൾ ടി നിയമത്തിലെ ടി വ്യവസ്ഥകൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാത്തതുമൂലം, സർക്കാരിന് ഭീമമായ റവന്യൂ നഷ്ടം ഉണ്ടാകുന്നതായി 2010-11 സാമ്പത്തിക വർഷത്തെ കംപ്ട്രോളർ & ഓഡിറ്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന്, സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട ഓരോ ഉദ്യോഗസ്ഥനും നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് 7/5/2014-ലെ 13087/ഇ 2/2012/നിവ. നമ്പർ സർക്കുലർ മുഖേന സംസ്ഥാനത്തെ എല്ലാ വകുപ്പുമേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 7-5-2014-ലെ 13087/ഇ 2/2012/നിവ. നമ്പർ സർക്കുലർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) അതെ. സർക്കാരിന്റെ വിവിധ വകുപ്പുകൾ വിവിധ കമ്പനികളുമായും വ്യക്തികളുമായും ഉണ്ടാക്കുന്ന വിവിധ കരാറുകൾ രജിസ്റ്റർ ചെയ്യപ്പെടാത്തതുമൂലം സർക്കാരിന് റവന്യൂ നഷ്ടം ഉണ്ടാകുന്നതായി 2010-11 സാമ്പത്തിക വർഷത്തെ കംപ് ട്രോളർ & ഓഡിറ്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 7-5-2014-ലെ 13087/ഇ 2/2012/നിവ. നമ്പർ സർക്കുലർ മുഖേന ഇപ്രകാരമുള്ള റവന്യൂ നഷ്ടം തടയുന്നതിനായി എല്ലാ വകുപ്പുകൾക്കും ആവശ്യമായ

നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 2014-ലെ ഫിനാൻസ് ആക്ട് മുഖേന, 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് ATM, മൊബൈൽ ടവർ ഇവ സ്ഥാപിക്കുന്നതിനുള്ള കരാറുകൾക്ക് പ്രത്യേകമായി മുദ്ര നിരക്ക് ഏർപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ ടി കരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ആയതിനാൽ ടി ഇനത്തിൽ ഇപ്പോൾ റവന്യൂ നഷ്ടം സംഭവിക്കുന്നില്ല.

## അന്തിക്കാട് രജിസ്ട്രാർ ഓഫീസ്

217 (4849) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ അന്തിക്കാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം കാലഹരണപ്പെട്ട് ചോർന്നൊലിക്കുന്ന അവസ്ഥയിലായതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി വിശദമായ പ്ലാനും എസ്റ്റിമേറ്റും സഹിതമുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച്, ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഭരണാനുമതി നൽകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

## കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നികുതി പരിധി

218 (4850) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നികുതി പരിധി എടുത്തു കളഞ്ഞതു വഴി സ്റ്റാംപ് ഡ്യൂട്ടി ഇനത്തിൽ വൻതുക നൽകേണ്ടി വരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റം വൈകുന്നതിനിടയാക്കുമെന്നുള്ള

ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിൽ സാമ്പത്തിക ക്രയവിക്രയം ഉണ്ടാകാത്ത സാഹചര്യത്തിൽ ഈടാക്കാവുന്ന സ്റ്റാമ്പ് ഡ്യൂട്ടിയ്ക്കും രജിസ്ട്രേഷൻ ഫീസിനും പരമാവധി പരിധി നിശ്ചയിച്ചിരുന്ന രീതി പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) സ്റ്റാമ്പ് ഡ്യൂട്ടി സംബന്ധിച്ച ആവശ്യം സർക്കാർ പരിഗണിക്കുകയും ഉപധനാഭ്യർത്ഥനയുടെ ചർച്ചയിൽ ഇളവ് പുനസ്ഥാപിച്ചുകൊണ്ടുള്ള ഭേദഗതി നിയമസഭ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

## മേത്തുരുമ്പ-ചപ്പാരപ്പടവ്-കുറ്റൂർ, വെള്ളോറ-കക്കറ-കടുക്കാരം മുക്ക് റോഡുകളുടെ നവീകരണം

219 (4851) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരമം-കുറ്റൂർ പഞ്ചായത്തിൽപ്പെടുന്ന മേജർ ജില്ലാ റോഡുകളായ മേത്തുരുമ്പ-ചപ്പാരപ്പടവ്-കുറ്റൂർ, വെള്ളോറ-കക്കറ-കടുക്കാരംമുക്ക് എന്നീ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പൊട്ടിപ്പൊളിഞ്ഞ പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) മേത്തുരുമ്പ-ചപ്പാരപ്പടവ്-കുറ്റൂർ റോഡ് കി.മീ. 10/285 മുതൽ 23/285 വരെയും വെള്ളോറ-കക്കറ-കടുക്കാരം മുക്ക് റോഡ് കി.മീ. 0/000 മുതൽ 11/400 വരെയും ബി.എം.& ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. പ്രസ്തുത റോഡുകളിൽ അടിയന്തര

അറ്റകുറ്റപ്പണികൾക്കായി 26 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചു വരുന്നു.

## പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി

220 (4852) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായി കാലതാമസം വരുത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ നിയമം പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ കാലതാമസം വരുത്തുന്ന കരാറുകാരിൽ നിന്ന് കരാർ പ്രകാരം പിഴ ഈടാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ വരുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തുന്നത് തടയാൻ എഗ്രിമെന്റ് പ്രകാരമുള്ള സമയത്തിന്റെ പകുതി സമയം മാത്രമേ പരമാവധി നീട്ടിക്കൊടുക്കാവൂ എന്നും PWD Mannual-ൽ പറഞ്ഞിട്ടുണ്ട്. കൂടാതെ കാലതാമസം വരുത്തുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കാനും മാന്വലിൽ വ്യവസ്ഥയുണ്ട്.

(ബി) പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിൽ ഇക്കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജി.ഒ (എംഎസ്.) നമ്പർ 59/2013/PWD തീയതി 17-7-2013 പ്രകാരം കോൺട്രാക്ട് രജിസ്ട്രേഷൻ നിയമം പരിഷ്കരിച്ചിട്ടുണ്ട്.

(സി&ഡി) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുതുക്കിയ മാന്വലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിൽ ഇ-ഫയലിംഗ്

221 (4853) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുമോ;

(ബി) പൊതുമരാമത്ത് വകുപ്പിനെ നവീകരിക്കുവാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ചീഫ് എഞ്ചിനീയർ ഓഫീസുകളിൽ ഇ-ഫയലിംഗ് സംവിധാനമായ IDEAS സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്ര ഇ-ഗവേർണേൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഇ-ഫയലിംഗ് സംവിധാനം എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്.

(ബി) പൊതുമരാമത്ത് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം ലക്ഷ്യമിട്ടുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ പ്രാരംഭം എന്ന നിലയിൽ ടെണ്ടറിംഗ് സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. എസ്റ്റിമേഷൻ, സാങ്കേതികാനുമതി, ഭരണാനുമതി എന്നിവയ്ക്കുള്ള കമ്പ്യൂട്ടർവത്കൃത സംവിധാനം (PRICE software) 1-1-2014 മുതൽ നടപ്പിലാക്കുകയുണ്ടായി. ഇത് ഉടൻ തന്നെ വകുപ്പിലെ മറ്റ് വിഭാഗങ്ങളിലും നടപ്പിലാക്കും. ഇതിനെത്തുടർന്ന് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളിലും കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതിനുള്ള ഇ-ഗവേർണൻസ് സംവിധാനമായി PRICE software-നെ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**കുട്ടിലങ്ങാടി - കുറുവ - കാടാമ്പുഴ പാങ്ങ്‌വേണ്ടി പാലം**

222 (4854) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടിലങ്ങാടി-കുറുവ-കാടാമ്പുഴ റോഡിലെ പാങ്ങ്‌വേണ്ടി പാലം പുതുക്കി പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പാലം പുതുക്കി പണിയുന്നതിന് ഇതുവരെ സ്വീകരിച്ച

നടപടികൾ വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ വളരെ ശോഷിച്ചതും അപകടാവസ്ഥയിലുമുള്ള പാങ്ങ്വേണ്ടി പാലം പുതുക്കി പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത പാലം പുതുക്കിപണിയുന്നതിന് വേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കി വരുന്നു.

**പി.ഡബ്ള്യൂ.ഡി. കരാറുകാർക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക**

223 (4855) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതിയോടു കൂടി ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെല്ലാം പ്രവൃത്തികളാണ് ധനവകുപ്പ് തുക ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രതിസന്ധിയിലായിട്ടുള്ളതെന്ന വിവരം നൽകുമോ;

(ബി) പി.ഡബ്ള്യൂ.ഡി. കരാറുകാർക്ക് 1-12-2014 വരെ എത്ര തുക കുടിശ്ശിക ഇനത്തിൽ നൽകാനുണ്ടെന്നുള്ള വിവരം നൽകുമോ; ഇതിനായി എന്തെങ്കിലും പാക്കേജ്, പി.ഡബ്ള്യൂ.ഡി. ധനവകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഭരണാനുമതിയോടുകൂടി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവൃത്തികളൊന്നും തന്നെ പ്രതിസന്ധിയിലായിട്ടില്ല.

(ബി) കരാറുകാർക്ക് കുടിശ്ശികയിനത്തിൽ ദേശീയപാത വിഭാഗത്തിൻ കീഴിൽ 52.43 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ 1403.53 കോടി രൂപയും കെട്ടിടവിഭാഗത്തിൻ കീഴിൽ 327 കോടി രൂപയും (1-1-2014 മുതൽ 30-9-2014 വരെ) നൽകാനുണ്ട്. ഇതിനായി പാക്കേജുകളൊന്നും ധനവകുപ്പിന് സമർപ്പിച്ചിട്ടില്ല. എന്നാൽ ലെറ്റർ ഓഫ് ക്രെഡിറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

**അരൂർ മണ്ഡലത്തിലെ കാക്കതുരുത്ത് ദ്വീപിലേക്കുള്ള പാലം നിർമ്മാണം**

224 (4856) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് ദ്വീപിലേക്കുള്ള പാലം നിർമ്മാണത്തിന് എന്നാണ് ഭരണാനുമതി ലഭിച്ചത്; എത്ര രൂപയാണ് അടങ്കൽ തുക; എന്നാണ് പാലം ശിലാസ്ഥാപനം നിർവ്വഹിച്ചത്; നിർമ്മാണ പ്രവർത്തനം അപ്രോച്ച് റോഡിന്റെ പ്രശ്നത്തിൽ എന്ന് മുതലാണ് നിർത്തി വെക്കേണ്ടി വന്നത്; പ്രശ്നം പരിഹരിക്കാൻ ആലപ്പുഴ ജില്ലാ കളക്ടറുടെയും എം.എൽ.എ.-യുടെയും സാന്നിദ്ധ്യത്തിൽ രമ്യമായ പരിഹാരം ഉണ്ടാക്കിയത് എന്നാണ്;

(ബി) ആയത് പ്രകാരം നിർമ്മാണം ആരംഭിക്കണമെങ്കിൽ കോൺട്രാക്ടർക്ക് കാലതാമസം മൂലം ഉണ്ടായ നഷ്ടപരിഹാരത്തിന് പുറമെ ഏറ്റവും പുതിയ ഷെഡ്യൂൾ നിരക്കിൽ പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ ആലപ്പുഴ ഇ.ഇ നൽകിയിട്ടുണ്ടോ; ആയത് പ്രകാരം പുതുക്കിയ നിരക്കിൽ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ദ്വീപ് നിവാസികളുടെ ചിരകാലസ്വപ്നം സാക്ഷാത്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 14-7-2009-ലാണ് ഭരണാനുമതി ലഭിച്ചത്. അടങ്കൽ തുക 4,87,41,455 (നാലുകോടി എൺപത്തിയേഴ് ലക്ഷത്തി നാൽപ്പത്തി ഒന്നായിരത്തി നാന്നൂറ്റി അൻപത്തി അഞ്ച് രൂപ മാത്രം). 26-12-2011-നാണ് ശിലാസ്ഥാപനം നിർവ്വഹിച്ചത്. 2012 സെപ്റ്റംബർ മുതൽ പ്രവർത്തനം നിർത്തിവച്ചു. 23-9-2014-നാണ് രമ്യമായിട്ട് പരിഹാരം ഉണ്ടാക്കിയത്.

(ബി&സി) എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ**

225 (4857) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. ഹംസ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കോർപ്പറേഷനിൽ നടക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോർപ്പറേഷന്റെ ഇടപാടുകളിൽ ഉന്നതരടക്കം കോഴ കൈപ്പറ്റുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോർപ്പറേഷൻ ഏറ്റെടുത്തിരുന്ന നിർമ്മാണപ്രവൃത്തികൾ നടത്താൻ സംവിധാനമോ തൊഴിലാളികളോ ഉണ്ടോ; ഇവ ഇല്ലെങ്കിൽ ഇവയെല്ലാം ഉള്ള സ്ഥാപനങ്ങൾക്ക് നൽകുന്ന പ്രത്യേക പരിഗണന കോർപ്പറേഷന് നൽകുന്നത് എന്തു കൊണ്ടാണ്?

<u>ഉത്തരം</u>

(എ) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

(ബി) ആക്ഷേപമുണ്ടായ അവസരങ്ങളിൽ പരിശോധിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് സ്വന്തമായി നിർമ്മാണ സാമഗ്രികൾ ഇപ്പോൾ ഇല്ല. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ എം പാനൽ കരാറുകാരുടെ കൈവശമുള്ള യന്ത്ര സാമഗ്രികൾ ആണ് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. നിർമ്മാണ തൊഴിലാളികളെ കരാറുകാരാണ് ഏർപ്പാട് ചെയ്യുന്നത്. 27-2-1975-ലെ ജി.ഒ (എംഎസ്.) നമ്പർ 39/75/പൊ.മ.വ. അനുസരിച്ചാണ് പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്. 28-9-1988-ലെ ജി.ഒ. (എംഎസ്.) നമ്പർ 52/88/പി.ഡബ്ല്യു.&റ്റി, 12-2-1992-ലെ ജി.ഒ.(എം.എസ്) നമ്പർ 16/92/പി. ഡബ്ല്യു. & റ്റി, 7-8-1997-ലെ ജി.ഒ. (എം.എസ്) നമ്പർ 81/97/പി.ഡബ്ല്യു. & റ്റി, 18-8-1998-ലെ ജി.ഒ. (പി) നമ്പർ 75/98/പി.ഡബ്ല്യു.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് പ്രത്യേക പരിഗണന കോർപ്പറേഷന് നൽകുന്നത്.

## താനൂർ മിനി സിവിൽ സ്റ്റേഷൻ

226 (4858) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാനാകുമെന്നും, പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി,

5-9-2013 ലെ സ.ഉ. (സാധാ) നമ്പർ 1185/2011/പൊ.മ.വ. ഉത്തരവ് പ്രകാരം താനൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി 343.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 2-12-2013-ൽ പ്രസ്തുത പ്രവൃത്തിക്ക് 343.50 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 11-3-2014-ൽ ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. 25-9-2014-ലെ സ.ഉ. (സാധാ) നമ്പർ 1344/2014/പൊ.മ.വ. ഉത്തരവ് പ്രകാരം, പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് മൃഗാശുപത്രി കെട്ടിടം സ്ഥിതി ചെയ്യുന്നതിനാൽ ഈ കെട്ടിടം പൊളിച്ചു മാറ്റാൻ ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മൃഗാശുപത്രി കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് പൊളിച്ചു നീക്കുന്ന മുറയ്ക്ക്, കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി, കരാർ വച്ചശേഷം 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും.

## റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് പരിഗണന

227 (4859) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം പരിഗണനയാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കിലോമീറ്റർ റോഡാണ് ഈ ശൃംഖലയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പുതുതായി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് പരമാവധി ബി.എം. & ബി.സി പ്രതലമാണ് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് നിശ്ചിത കാലയളവിലേക്കുള്ള ഗ്യാരണ്ടിയും നിഷ്കർഷിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളുടെ വികസനത്തിന് മുന്തിയ പരിഗണന നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ലോകബാങ്ക് ധനസഹായത്തോടെ കെ.എസ്.ടി.പി. പദ്ധതി നിലവിൽ വന്നത്. കെ.എസ്.ടി.പി.-ഒന്ന് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത

254 കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുകയും 1200 കി.മീ. റോഡുകൾ ഹെവിമെയിന്റനൻസ് ചെയ്ത് വികസനം പൂർത്തിയാക്കുകയും ചെയ്തു. ഇതിനെ തുടർന്ന് കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി ലോകബാങ്ക് ധനസഹായത്തോടെ കേരളത്തിലെ തെരഞ്ഞെടുത്ത 363 കി.മീ. ദൈർഘ്യമുള്ള 6 പ്രധാന റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ദേശീയപാതകളായ എൻ.എച്ച്. 47 ഉം-എൻ.എച്ച്.17 ഉം ബി.ഒ.റ്റി. വ്യവസ്ഥയിൽ സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ പൂർണ്ണ സഹകരണം നൽകി പദ്ധതി സാക്ഷാത്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റു 5 ദേശീയപാതകളായ എൻ.എച്ച്. 49, എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.220, എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി ഘട്ടംഘട്ടമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യപടിയായി പ്രസ്തുത പദ്ധതികൾക്കുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചു വരുന്നു.

**കൊരട്ടി ജംഗ്ഷനിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി നടപടി**

228 (4860) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ജംഗ്ഷനിൽ നാലുവരിപ്പാതയുടെയും, റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണം പൂർത്തിയാക്കിയെങ്കിലും നിലവിൽ ഉണ്ടായിട്ടുള്ള ഗതാഗതക്കുരുക്കും, അപകടസാധ്യതകളും ഒഴിവാക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) മുരിങ്ങൂർ ഡിവൈൻ നഗർ റെയിൽവേ മേൽപ്പാലത്തിൽ നടപ്പാത നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊരട്ടി റെയിൽവേ മേൽപ്പാലം നിർമ്മാണത്തോടനുബന്ധിച്ച് അപ്രോച്ച് റോഡ് നാഷണൽ ഹൈവേയിൽ ചേരുന്ന ജംഗ്ഷൻ വിപുലീകരിച്ച് നിർമ്മിച്ചിട്ടുണ്ട്.

(ബി) മുരിങ്ങൂർ ഡിവൈൻ നഗർ റെയിൽവേ മേൽപ്പാലത്തിൽ കാൽനടക്കാർക്കു വേണ്ടി റെയിൽവേ ഭാഗത്തിന് ഇരുവശവും ആയി ചവിട്ടുപടികൾ നിർമ്മിക്കുന്നത്

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്രോച്ച് ഭാഗത്ത് റെയിൽവേയുടെ അടുത്തുള്ള 2 സ്പാനുകൾ ഒഴികെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞതാണ്. ആയതിനാൽ പുതിയതായി നടപ്പാത കൂട്ടിച്ചേർക്കുന്നത് പ്രായോഗികമല്ല.

**അരൂർ മണ്ഡലത്തിലെ തുറവൂർ-കുമ്പളങ്ങി റോഡിന്റെ പുനരുദ്ധാരണം**

229 (4861) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലെ തുറവൂർ-കുമ്പളങ്ങി റോഡിന്റെ പുനരുദ്ധാരണത്തിന് എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; എന്നാണ് വർക്ക് ടെൻണ്ടർ ചെയ്തത്; കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടി എന്നാണ് സ്വീകരിച്ചത്; പിന്നീട് വർക്ക് ടെൻണ്ടർ ചെയ്തോ; എത്ര പ്രാവശ്യം ചെയ്തു; ഏത് വർഷത്തെ നിരക്കിലാണ് വർക്ക് ടെൻണ്ടർ ചെയ്തത്;

(ബി) റിസ്ക് ആന്റ് കോസ്റ്റിൽ മുൻ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്ത സ്ഥിതിക്ക് ഏറ്റവും പുതിയ നിരക്കിൽ വർക്ക് ടെൻണ്ടർ ചെയ്യുന്നതിന് നിയമ തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിച്ച് വർക്ക് ടെൻണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലെ തുറവൂർ-കുമ്പളങ്ങി റോഡിന്റെ പുനരുദ്ധാരണത്തിന് 390 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 11-1-2010-ൽ വർക്ക് ടെണ്ടർ ചെയ്തു. 16-11-2013-ൽ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. പിന്നീട് രണ്ടു പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും പ്രവർത്തി ഏറ്റെടുക്കാൻ ആരും തയ്യാറാകാത്തതുകാരണം ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. 2009 എസ്.ഒ.ആർ. പ്രകാരമാണ് വർക്ക് ടെണ്ടർ ചെയ്തത്.

(ബി) ചീഫ് എഞ്ചിനീയറിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകി പുതിയ നിരക്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**അരൂർ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

230 (4862) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ വാക്കയിൽ പി.എസ്.ഫെറി, അഞ്ചുതുരുത്ത് കുടപുറം കെൽട്രോൺ ഫെറി-കുമ്പളങ്ങി എന്നിവിടങ്ങളിലെ പാലം നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള മണ്ണ് പരിശോധന, ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എസ്റ്റിമേറ്റ് തയ്യാറാക്കൽ ഉൾപ്പെടെയുള്ള നടപടികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രോച്ച് റോഡിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് ആവശ്യമുള്ളിടത്ത് ആയതിനായുള്ള AS മുൻകൂട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; സ്ഥലമെടുപ്പ് നടപടികൾക്ക് കേന്ദ്ര നിയമത്തിന് അനുസൃതമായ റൂൾ തയ്യാറാക്കി കഴിഞ്ഞോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വാക്കയിൽ കടവ്, പി.എസ്, ഫെറി, അഞ്ചുതുരുത്ത്, കടപ്പുറം എന്നിവിടങ്ങളിലെ പാലങ്ങളുടെ മണ്ണ് പരിശോധന പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കി വരുന്നു. കെൽട്രോൺ ഫെറി-കുമ്പളങ്ങി പാലത്തിന്റെ മണ്ണു പരിശോധന പൂർത്തിയായി കരട് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്.

(ബി) നിലവിലുള്ള നിയമമനുസരിച്ച് ആവശ്യമായ ഭൂമി ലഭ്യമായാൽ മാത്രമേ ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ. ഭൂമി ഏറ്റെടുക്കുന്നതിന് കേന്ദ്ര നിയമത്തിന് അനുസൃതമായ നിയമം തയ്യാറാക്കുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു.

## ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളമായ വൈക്കത്ത് നടപ്പിലാക്കിയ സൗകര്യങ്ങൾ

231 (4863) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളമായ വൈക്കത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് തലത്തിൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തീർത്ഥാടന കാലത്ത് നടത്തുന്ന താത്ക്കാലിക പ്രവർത്തനങ്ങളല്ലാതെ

വകുപ്പുതലത്തിൽ സ്ഥിരമായ പ്രയോജനം ലഭിക്കുന്ന ഏതെങ്കിലും പ്രവൃത്തികൾ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 3 വർഷത്തിനുള്ളിൽ വൈക്കം ക്ഷേത്രത്തിനു സമീപം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) വൈക്കം ക്ഷേത്രവുമായി ബന്ധപ്പെട്ട് തീർത്ഥാടകർ ഉപയോഗിക്കുന്ന പ്രധാന റോഡുകൾ ഏതൊക്കെയെന്നും; ഈ റോഡുകളുടെ നിലവിലെ സ്ഥിതിയെന്തെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൈക്കം ക്ഷേത്രവുമായി ബന്ധപ്പെട്ട് ശബരിമല തീർത്ഥാടകർ ഉപയോഗിക്കുന്ന പാതകളിലെ തകർന്ന ഭാഗങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്.

(ബി) വൈക്കം ക്ഷേത്രത്തിന്റെ സമീപമുള്ള പ്രധാന റോഡുകൾ കഴിഞ്ഞ 3 വർഷക്കാലമായി അറ്റകുറ്റപ്പണികൾ നടത്തി തീർത്ഥാടകർക്ക് സ്ഥിരമായ പ്രയോജനം ലഭിക്കുന്ന വിധത്തിലാക്കിയിട്ടുണ്ട്.

(സി) ഏറ്റുമാനൂർ-എറണാകുളം റോഡ്, വൈക്കം-വെച്ചൂർ റോഡ്, വടക്കേനട റോഡ്, എൽ.പി. റോഡ്, തെക്കേനട റോഡ്, വൈക്കം ടൗൺ ലിങ്ക് റോഡ്, ചേരുംചുവട്-പുളിച്ചുവട് റോഡ്, ചാലപ്പറമ്പ് റോഡ്, വാഴമന- കൊട്ടാരം റോഡ്, മൂത്തേടത്തുകാവ് റോഡ്, വി.ടി. റോഡ് എന്നിവയാണ് വൈക്കം ക്ഷേത്രവുമായി ബന്ധപ്പെട്ട് തീർത്ഥാടകർ ഉപയോഗിക്കുന്ന പ്രധാന റോഡുകൾ. പ്രസ്തുത പാതകൾ അറ്റകുറ്റപ്പണികൾ നടത്തി തീർത്ഥാടകർക്ക് സ്ഥിരമായ പ്രയോജനം ലഭിക്കുന്ന വിധത്തിലാക്കിയിട്ടുണ്ട്.

**ചേലക്കര മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം**

232 (4864) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ പറയാമോ ;

(ബി) ഓരോ റോഡുകൾക്കും പുനരുദ്ധാരണത്തിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് പറയാമോ ;

(സി) ഈ റോഡുകളുടെ പുനരുദ്ധാരണത്തിനാവശ്യമായ ഭരണാനുമതി

ലഭ്യമായതിന് ശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) 2014-15 സാമ്പത്തിക ബഡ്ജറ്റിൽ പഴയന്നൂർ-എളനാട് റോഡിന്റെ പുനഃരുദ്ധാരണത്തിനായി 5 കോടി രൂപയുടെ ശുപാർശയും തൃശ്ശൂർ-ഷൊർണ്ണൂർ റോഡിലെ 24/200 കിലോമീറ്ററിലെ വാഴക്കോട് വളവിലെ അപകട നിവാരണത്തിനായുള്ള പ്രവർത്തിയ്ക്കായി 2.72 കോടി രൂപയുടെ ശുപാർശയും ഉൾപ്പെടുത്തുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**നെന്മാറ മണ്ഡലത്തിലെ പയ്യാങ്കോട് - വീട്ടിക്കൽക്കടവ് റോഡ്**

233 (4865) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പയ്യാങ്കോട് - വീട്ടിക്കൽക്കടവ് റോഡിന്റെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവർത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിലെ പയ്യാങ്കോട് വീട്ടിക്കൽക്കടവ് റോഡിന് 8-10-2014-ലെ സ.ഉ.(സാധാ) നമ്പർ 1396/2014/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയത് പൂർത്തീകരിച്ച ശേഷം ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**വഴുവാടി പാലം നിർമ്മാണത്തിനു നടപടി**

234 (4866) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര വഴുവാടി പാലം നിർമ്മാണത്തിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ; നിലവിലെ ഇതിന്റെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) മാവേലിക്കര റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഇതിനാവശ്യമായ നടപടി ക്രമങ്ങൾ ആരംഭിക്കുമോ ; ഇതിനായി കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിക്കുമോ ;

(സി) മാവേലിക്കര എറുമക്കുഴി-ഇടപ്പോൺ റോഡ് ബുദ്ധ ജംഗ്ഷൻ -കറ്റാനം റോഡ് എന്നിവ ബി.എം./ബി.സി. മാതൃകയിൽ നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ; ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 14-8-2009-ലെ സ.ഉ. (സാധാ) നമ്പർ1044/2009/പൊ.മ.വ. പ്രകാരം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പാലം പണിയ്യാനാവശ്യമായ ഭൂമി ഇതുവരെ ലഭ്യമായിട്ടില്ല.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

**നാട്ടിക മണ്ഡലത്തിലെ അഴിമാവ് കടവ് പാലം**

235 (4867) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ അഴിമാവ് കടവ് പാലം നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ;

(ബി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രവൃത്തി നിർവ്വഹിക്കാൻ ചുമതലപ്പെടുത്തിയ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഇക്കാര്യത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ-സി) 14-7-2009-ലെ സ.ഉ. (സാധാ) നമ്പർ 1044/2009/പൊ.മ.വ പ്രകാരം അഴിമാവ് കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി എസ്.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**വട്ടോളി പാലത്തിന്റെ നിർമ്മാണ നടപടികൾ**

236 (4868) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വട്ടോളി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയുണ്ടായോ;

(ബി) ഡിസൈൻ അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ എപ്പോഴാണ് സമർപ്പിച്ചത് ;

(സി) വട്ടോളി പാലത്തിന്റെ ഡിസൈൻ അപ്രൂവൽ നൽകുകയുണ്ടായോ ;

(ഡി) ഡിസൈൻ അപ്രൂവൽ ലെറ്ററിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) വട്ടോളി പാലത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(എഫ്) നടപ്പു സാമ്പത്തിക വർഷം തന്നെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡിന് സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 18-6-2014-ൽ പ്രൊപ്പോസൽ സമർപ്പിച്ചു.

(സി&ഡി) ഡിസൈൻ അപ്രൂവൽ ലഭിച്ചിട്ടില്ല.

(ഇ&എഫ്) ഡിസൈൻ അപ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ചേലക്കര മണ്ഡലത്തിലെ പാഞ്ഞാൾ-വെട്ടിക്കാട്ടിരി റോഡ്**

237 (4869) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ പാഞ്ഞാൾ-വെട്ടിക്കാട്ടിരി റോഡ് തകർന്ന് ഗതാഗത യോഗ്യമല്ലാതായിക്കിടക്കുന്നതായും ആയതിനാൽ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തണമെന്നും ഉള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റോഡ് പുനരുദ്ധരിച്ച് ഗതാഗതയോഗ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ;

(സി) സ്കൂളുകൾ, എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുന്ന ഈ റോഡ് എത്രയും വേഗം ഗതാഗത യോഗ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) നിവേദനം ലഭിച്ച മുറയ്ക്ക് ചേലക്കരയിലെ നിരത്തു ഉപവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം പരിശോധിക്കുകയും പുനഃരുദ്ധാരണത്തിന് വേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയും ചെയ്യുന്നു.

**ദേശീയപാത വികസനം**

238 (4870) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയതെപ്പോഴാണ്; പാതയുടെ അലൈൻമെന്റിന് രൂപം നൽകിയിട്ട് എത്ര കാലമായി;

(ബി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് വിവിധ ഭാഗങ്ങളിലായി എത്ര ആഫീസുകൾ സ്ഥാപിച്ചുവെന്നും ഇതുവരെ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) വികസനം എത്ര കാലം കൊണ്ട് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്;

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാത വികസനത്തിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയത് ദേശീയപാതാ വികസന അതോറിറ്റിയാണ്. പ്രസ്തുത ഏജൻസിയിൽ നിന്നും പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയ കാലയളവിനെ കുറിച്ച് ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

I. a) ദേശീയപാത 47-ൽ ചേർത്തല മുതൽ ഓച്ചിറ വരെയും (കി.മീ.379/100 മുതൽ കി.മീ. 465/000 വരെ) ഓച്ചിറ മുതൽ തിരുവനന്തപുരം വരെയും (കി.മീ 465/000 മുതൽ കി.മീ. 551/900 വരെ) നാലുവരിപ്പാതയാക്കുന്ന തിനുള്ള ഡി.പി.ആർ. തയ്യാറാക്കിയത് 8-3-2010-ലാണ്.

b) കഴക്കൂട്ടം മുതൽ കേരള-തമിഴ്നാട് അതിർത്തി വരെ (കി.മീ.0/100 മുതൽ കി.മീ. 43/000 വരെ) ബൈപ്പാസിന്റെ നിർമ്മാണത്തിന് ഡി.പി.ആർ. തയ്യാറാക്കിയത് 25-4-2008-ൽ ആണ്

II. ദേശീയപാത 17 ൽ ഇടപ്പള്ളി വരെ ദേശീയപാത വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ 2007-ലാണ് തയ്യാറാക്കിയത്.

III. ദേശീയപാത 47-ൽ വാളയാർ മുതൽ മണ്ണുത്തി വരെ 4/6 വരിപ്പാതയാക്കുവാൻ ഡി.പി.ആർ. തയ്യാറാക്കിയത് 2006-ൽ ആണ്.

IV. ദേശീയപാത 47-ൽ തൃശ്ശൂർ മുതൽ അങ്കമാലി വരെ നാലുവരിപ്പാതയാക്കുവാനും അങ്കമാലി മുതൽ ഇടപ്പള്ളി വരെയുള്ള ദേശീയപാതയുടെ നവീകരണത്തിനുമായി ഡി.പി.ആർ. തയ്യാറാക്കിയത് 2005- ലാണ്.

(ബി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സ്ഥാപിച്ച ഓഫീസുകളുടെയും തസ്തികകളുടെയും വിവരങ്ങൾ അടങ്ങിയ ഉത്തരവുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) മണ്ണുത്തി മുതൽ അങ്കമാലി വരെ 4 വരിപ്പാതയാക്കുന്നതും അങ്കമാലി മുതൽ ഇടപ്പള്ളി വരെ നവീകരണം നടത്തുന്നതും 4-12-2011-ൽ പൂർത്തിയാക്കിയിട്ടുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെ 6 വരിപ്പാതയാക്കാൻ 31-3-2016-ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. ദേശീയപാത 47-ൽ വാളയാർ മുതൽ വടക്കഞ്ചേരി വരെ നാലുവരിപ്പാതയാക്കുന്നത് 13-11-2015-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ദേശീയപാത 47-ൽ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള നാലുവരിപ്പാതയുടെ നിർമ്മാണത്തിന് ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മുക്കോല മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള ഭാഗത്തെ സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ദേശീയപാതയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ അനിശ്ചിതമായി നീണ്ടു പോയതിനാൽ ദേശീയപാത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

17-ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ദേശീയപാത 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ ദേശീയപാത വികസനത്തിൽ നിന്നും ദേശീയപാത അതോറിറ്റി പിൻവാങ്ങിയിരുന്നു. ഈ തീരുമാനം റദ്ദു ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 30-10-2014-ൽ ബഹുമാനപ്പെട്ട കേന്ദ്ര റോഡ് ഗതാഗത വകുപ്പ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കൂടാതെ 2-12-2014-ൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം സെക്രട്ടറിക്കും ഇതേ ആവശ്യം ഉന്നയിച്ച് ചീഫ് സെക്രട്ടറി കത്തയച്ചിട്ടുണ്ട്.

**വാമനപുരം നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ പട്ടിക**

239 (4871) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്; ഓരോ റോഡും എത്ര ദൂരമാണ് നന്നാക്കിയതെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്ര വീതമാണെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം ചിറ്റാർ (വി.സി.) റോഡ് എത്ര പ്രാവശ്യം അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്; ഇവയ്ക്ക് നാളിതുവരെ എത്ര രൂപ ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇപ്പോൾ ഭരണാനുമതി ലഭിച്ചിട്ടുള്ളതും എന്നാൽ പണി ആരംഭിക്കാൻ സാധിക്കാത്തതുമായ ഏതെല്ലാം റോഡുകളുണ്ട്; ഇവയ്ക്ക് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്;

(ഇ) വാമനപുരം മണ്ഡലത്തിലെ ഇപ്പോൾ അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ ഏതെല്ലാമാണെന്നും ഇവയ്ക്ക് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം ചിറ്റാർ (വി.സി.) റോഡിന്റെ വിവിധ അറ്റകുറ്റപ്പണികൾക്കായി 29.65 ലക്ഷം രൂപ ചെലവാക്കി.

(ഡി) അനുബന്ധം III ആയി ചേർക്കുന്നു.*

(ഇ) അനുബന്ധം IV ആയി ചേർക്കുന്നു.*

**അങ്കമാലി ബൈപ്പാസ്**

240 (4872) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 ബഡ്ജറ്റ് പ്രസംഗത്തിൽ 1000 കോടി രൂപയുടെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന അങ്കമാലി ബൈപ്പാസിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(ബി) ഇത് പ്രാവർത്തികമാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ ;

(സി) അങ്കമാലി നഗത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗതകുരുക്ക് കണക്കിടലെടുത്ത് ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അങ്കമാലി ബൈപ്പാസ് നിർമ്മാണം PPP മാതൃകയിൽ നടപ്പാക്കുന്നതിനുള്ള കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) ശക്തമായ കാലവർഷം കാരണം സർവ്വേ നടപടികൾ തടസ്സപ്പെട്ടതാണ് കാലതാമസത്തിനിടയാക്കിയത്.

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**നഗരറോഡു വികസനപദ്ധതി**

241 (4873) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര റോഡു വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം നഗരറോഡുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വ്യക്തമാക്കുമോ;

(സി) കൽപ്പറ്റ നഗര റോഡ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹനയാത്രക്കാരുടെയും, കാൽനട യാത്രക്കാരുടെയും സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാക്രമീകരണങ്ങൾ, ഉന്നത നിലവാരത്തിലുള്ള തെരുവ് വിളക്കുകൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനട യാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ഓട്ട പാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേട്ടുകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

(ബി) തിരുവനന്തപുരം നഗര റോഡുവികസന പദ്ധതി മിക്കവാറും പൂർത്തിയായി കഴിഞ്ഞു. കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതു കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി നഗര റോഡുവികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(സി) ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള നഗര റോഡു വികസന പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൽപ്പറ്റ നഗര റോഡ് വികസന പദ്ധതി ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയം നവീകരണം**

242 (4874) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയം നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും തുക അനുവദിച്ചിരുന്നുവോ; എങ്കിൽ എത്ര തുകയാണനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണുള്ളതെന്നും, ആയതു ഇംപ്ലിമെന്റിംഗ് ഏജൻസിയായ വകുപ്പിന് കൈമാറിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയം നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും തുക അനുവദിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**കവിയൂർ-കുന്നന്താനം റോഡ് ടാർ ചെയ്യാൻ നടപടി**

243 (4875) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവിയൂർ-കുന്നന്താനം ശുദ്ധജല പദ്ധതിക്ക് വേണ്ടി പൈപ്പ് സ്ഥാപിക്കുവാൻ റോഡ് കുഴിച്ചത് ടാർ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് അടിയന്തരമായി ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പണി അടിയന്തരമായി ചെയ്ത് റോഡ് ഗതാഗത യോഗ്യമാക്കുന്നതിനായി റെക്ടിഫിക്കേഷൻ വർക്ക് അറേഞ്ച് ചെയ്ത് കരാർ കൊടുക്കുകയും കരാറുകാരൻ പണി നടത്തുന്നതിനുള്ള മെറ്റീരിയൽസ് ഇറക്കുകയും ചെയ്തിട്ടുണ്ട്. പണി ഉടനെ തന്നെ തുടങ്ങുന്നതാണ്.

**ആറ്റിങ്ങൽ ബൈ പാസ് റോഡ് നിർമ്മാണം**

244 (4876) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ദേശീയ പാതവികസനത്തിൽ നിന്നും ദേശീയ പാത അതോറിറ്റി പിൻമാറിയ സാഹചര്യത്തിൽ വീണ്ടും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ ദേശീയ പാത അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തീയതിയും കത്തിന്റെ പകർപ്പും നൽകാമോ;

(ബി) നിർദ്ദിഷ്ട ആറ്റിങ്ങൽ ബൈ പാസ് റോഡ് നിർമ്മാണം സ്റ്റാന്റ് എലോൺ പ്രോജക്റ്റ് ആയി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ബൈ പാസ് റോഡ് നിർമ്മാണത്തിന് മറ്റ് തടസ്സങ്ങൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ദേശീയപാത അതോറിറ്റിക്ക് ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 30-10-2014-ൽ ബഹുമാനപ്പെട്ട കേന്ദ്ര റോഡ് ഗതാഗതവകുപ്പ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കൂടാതെ 2-12-2014-ൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം സെക്രട്ടറിക്കും ഇതേ ആവശ്യം ഉന്നയിച്ച് ചീഫ് സെക്രട്ടറിയും കത്തയച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ദേശീയപാത വികസന പദ്ധതിയിൽപ്പെട്ട എൻ.എച്ച്.47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ ആറ്റിങ്ങൽ ബൈപ്പാസും ഉൾപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ഈ ഭാഗത്തെ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ച സാഹചര്യത്തിൽ പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. ഈ തീരുമാനം പുനപരിശോധിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**അരേങ്ങാട് പാലം നിർമ്മാണം**

245 (4877) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ അരേങ്ങാട് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് ഏത് ഉത്തരവുപ്രകാരമാണ് ;

(ബി) പാലം നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണ് ;

(സി) അരേങ്ങാട് പാലം നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അരേങ്ങാട് പാലം നിർമ്മാണത്തിനായി 9-11-2011-ലെ സ.ഉ. (സാധാ) നമ്പർ 1540/11/പൊ.മ.വ പ്രകാരം 195 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സാങ്കേതികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് തയ്യാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റെയിൽവേ ഓവർ ബ്രിഡ്ജ്

246 (4878) <u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) NH-17 ൽ മഞ്ചേശ്വരത്ത് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് RBDC-യിൽ നിന്നും റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നാഷണൽ ഹൈവേയിൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് നൽകിയ റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും ആയത് പരിഗണിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## ധർമ്മടം നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ പ്രവൃത്തികൾ

247 (4879) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വിശദാംശം സഹിതം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വല്ല തടസ്സവും നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) ധർമ്മടം നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളും, പ്രസ്തുത പ്രവൃത്തികളുടെ ഘട്ടവും അനുബന്ധമായി ചേർത്തിരിക്കുന്നു.* അടങ്കൽ തുക ഡെപ്പോസിറ്റ് ചെയ്യാത്തതിനാൽ ആദ്യ രണ്ടു പ്രവൃത്തികളും കരാറുകാരൻ താൽക്കാലികമായി നിറുത്തിവച്ചിരിക്കുന്നു.

**ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ പ്രവൃത്തി**

248 (4880) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച ഏതൊക്കെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് ആരംഭിക്കാൻ ബാക്കിയുള്ളത്; പ്രസ്തുത പാലങ്ങൾക്ക് ഭരണാനുമതി ലഭിച്ചതെപ്പോൾ; പ്രസ്തുത പാലങ്ങൾക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എത്രയും വേഗം പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മിക്കുന്നതിന് 14-7-2009 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി) നമ്പർ 1044/09/പൊ.മ.വ. അനുസരിച്ച് 925 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കാത്തതിനാൽ പ്രവൃത്തി തുടങ്ങുന്നതിനുള്ള തുടർ നടപടികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

(ബി) ആവശ്യമായ സ്ഥലം ലഭ്യമായാൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഡോക്ടർ പൗലോസ് ജേക്കബ് ഫ്രീ സറണ്ടറായി നൽകിയ ഭൂമി**

249 (4881) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാതയിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനായി അങ്കമാലി ഫെഡറൽ ബാങ്ക് ജംഗ്ഷനിലെ കുരൻവീട്ടിൽ ഡോക്ടർ പൗലോസ് ജേക്കബ് ഫ്രീ സറണ്ടറായി നൽകിയ ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച കേസ് തീർപ്പാക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ആലുവ മുൻസിഫ് കോടതിയിൽ കേസ് നിലവിലുണ്ട്. (O.S 25/2013). ടി കേസിൽ കക്ഷിയായ റവന്യൂ വകുപ്പ് വസ്തുതവിവര പത്രിക (Statement of Facts) സമർപ്പിച്ചിട്ടുണ്ട്. കേസ് തീർപ്പായിട്ടില്ല.

## വൈപ്പിൻ മണ്ഡലത്തിലെ വികസന പ്രവൃത്തികൾ

250 (4882) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ചിട്ടും വൈപ്പിൻ മണ്ഡലത്തിൽ ഇതുവരെയും ആരംഭിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) എഗ്രിമെന്റ് പ്രകാരമുള്ള സമയ പരിധിയിൽ നിന്നും സമയം ദീർഘിപ്പിച്ച് നൽകുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആരെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ പള്ളിപ്പുറം റോഡിലെ കാന നിർമ്മാണം, കൈമൾചിറ റോഡിന്റെ ഉപരിതലം പുതുക്കൽ, എളംകുന്നപ്പുഴ കിഴക്കേആറാട്ടുവഴി-കറുത്തേടം റോഡിന്റെ ഉപരിതലം പുതുക്കൽ, കാട്ടുങ്ങൽ-അടപ്പുറോഡിന്റെ ഉപരിതലം പുതുക്കൽ എന്നീ പ്രവൃത്തികൾ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്തവയാണ്.

(ബി) നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ ഉടമ്പടി പ്രകാരമുള്ള പിഴയീടാക്കുന്നതാണ്. കൂടാതെ റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്തി ടെർമിനേറ്റ് ചെയ്യാനും വ്യവസ്ഥയുണ്ട്.

(സി) എഗ്രിമെന്റ് പ്രകാരമുള്ള സമയപരിധിയിൽ നിന്നും സമയം ദീർഘിപ്പിച്ച് നൽകുന്നതിന് ഉത്തരവാദപ്പെട്ടിട്ടുള്ളത് എഗ്രിമെന്റിൽ ഒപ്പ് വച്ചിട്ടുള്ള ഉദ്യോഗസ്ഥനാണ്.

## പള്ളിമൺ പാലത്തിന്റെ നിർമ്മാണം

251 (4883) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടാവസ്ഥയിലുള്ള പള്ളിമൺ പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതി നൽകാനുള്ള നടപടികൾ അടിയന്തരമായി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ&ബി) പുതിയ പാലം നിർമ്മിക്കുന്നതിന് വേണ്ടി 230 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു. പുതുക്കിയ ഷെഡ്യൂളിൽ 2015-16 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**റെയിൽവേ മേൽപ്പാലം പണിയുന്നതിന് നടപടി**

252 (4884) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-പൊള്ളാച്ചി ഗേജ് മാറ്റം പണി പൂർത്തീകരണ ഘട്ടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ പണികൾ പൂർത്തീകരിക്കുന്നതോടെ കൊല്ലങ്കോട്-പാലക്കാട് റൂട്ടിലെ റോഡു ഗതാഗതത്തിന് വലിയതോതിൽ തടസ്സം ഉണ്ടാവുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ഗതാഗത തടസ്സം നീക്കുന്നതിനായി ഊട്ടറയിൽ റെയിൽവേ മേൽപ്പാലം പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഊട്ടറയിൽ റെയിൽവേ മേൽപ്പാലം പണിയുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല

(സി&ഡി) ഊട്ടറയിൽ ഗുരുതരമായ ഗതാഗത തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ റെയിൽവേ മേൽപ്പാലം പണിയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

**ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

253 (4885) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്;

(ബി) ഇതിൽ ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി നൽകിയിട്ടുള്ളതും അല്ലാത്തതും ഭരണാനുമതി നൽകിയവയുടെ ജി.ഒ. നമ്പറും തീയതിയും സഹിതം പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയും അല്ലാത്തവ അനുബന്ധം 3 ആയും ചേർത്തിരിക്കുന്നു.*

**ഗുണനിലവാര പരിശോധനയ്ക്ക് ക്വാളിറ്റി മാന്വൽ**

254 (4886) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ വിവിധ തലങ്ങളിലുള്ള ഗുണനിലവാര പരിശോധനയ്ക്ക് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള വിവിധ തലങ്ങളിലെ ഗുണനിലവാര പരിശോധന സംബന്ധിച്ച നിബന്ധനകൾ വിശദമാക്കുമോ ;

(സി) പൊതുമരാമത്ത് പ്രവൃത്തികൾ നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലല്ല നടത്തിയത് എന്ന് തെളിഞ്ഞാൽ കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) ഇത് സംബന്ധിച്ച് ക്വാളിറ്റി മാന്വൽ പ്രസിദ്ധീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്. ഗവൺമെന്റ് സർക്കുലർ നമ്പർ 10434/സി 3/2014/ പൊ.മ.വ തീയതി 8-5-2014 പ്രകാരം രണ്ട് തലത്തിലുള്ള ഗുണനിലവാര പരിശോധന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിഷ്കർഷിച്ചിട്ടുണ്ട്. ആദ്യതല ഗുണനിലവാര പരിശോധന, നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടം നടത്തുന്ന ഫീൽഡ് ഉദ്യോഗസ്ഥർ അംഗീകൃത ലാബുകളിൽ നടത്തേണ്ടതും അതിന്റെ നിർവ്വഹണ ചെലവുകൾ കരാറുകാർ വഹിക്കേണ്ടതുമാണ്. രണ്ടാംതല ഗുണനിലവാര പരിശോധന പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ ഉദ്യോഗസ്ഥർ നിർവ്വഹിച്ച് അതിന്റെ ടെസ്റ്റ് റിപ്പോർട്ട് നൽകേണ്ടതാണ്. ഇതുകൂടാതെ 5 കോടിക്കുമുകളിൽ അടങ്കൽ തുക വരുന്ന നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിനു പുറത്തുള്ള വിദഗ്ധൻമാരുടെ നേതൃത്വത്തിൽ മൂന്നാംതല ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പരിഷ്കരിച്ച പൊതുമരാമത്ത് മാന്വലിലെ ചട്ടം 2401.1 പ്രകാരം ദ്വിതല ഗുണനിലവാര പരിശോധന നിഷ്കർഷിച്ചിട്ടുണ്ട്. ഗുണനിലവാരം പരിശോധിക്കുന്നത് 2 തലത്തിലായിട്ടാണ്. ഒന്നാം ഘട്ട പരിശോധന മേൽനോട്ടം വഹിക്കുന്ന അതാത് എഞ്ചിനീയർമാരുടെ ചുമതലയാണ്. അവർ അത് നിശ്ചിത സമയക്രമത്തിൽ പരിശോധന നടത്തി, ടെസ്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിവെയ്ക്കണം. ഇതുകൂടാതെ രണ്ടാം ഘട്ടമായി ക്വാളിറ്റി ലാബുകളിലുള്ള എഞ്ചീനീയർമാർ മിന്നൽ പരിശോധന നടത്തുകയും, (റാൻഡം ചെക്കിംഗ്) പരിശോധന റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു. ഗുണനിലവാരമില്ലാത്ത വസ്തുക്കളുടെ റിപ്പോർട്ടുകൾ PWD വിജിലൻസിന് കൈമാറുന്നു. ആദ്യതലത്തിലുള്ള ഗുണനിലവാര പരിശോധന കരാറുകാരുടെ സ്വന്തം ചെലവിൽ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സൈറ്റിൽ തന്നെ നടത്തേണ്ടതാണ്. രണ്ടാമത്തെ തലത്തിൽ വകുപ്പ് സജ്ജീകരിച്ചിട്ടുള്ള ലബോറട്ടറികൾ വഴി വകുപ്പ് നേരിട്ട് ഗുണനിലവാരം പരിശോധിക്കേണ്ടതാണ്. ഇപ്രകാരം പരിശോധിച്ച്, സർട്ടിഫിക്കറ്റ് നൽകിയ പ്രവൃത്തികൾക്ക് മാത്രമേ ബിൽ നൽകാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിൽ ചെയ്യാത്ത പ്രവൃത്തികൾക്ക് ബിൽ നൽകുന്നത് തടയാനും കരാറുകാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാനും കരിമ്പട്ടികയിൽ ഉൾപ്പെടുത്താനും വ്യവസ്ഥയുണ്ട്.

(ഡി) ക്വാളിറ്റി മാന്വൽ തയ്യാറാക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## റോഡുകളുടെ അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവുകൾ

255 (4887) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവുകൾ കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ശബരിമലയിലേക്കുള്ള റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും അവലംബിച്ച രീതി മറ്റ് റോഡുകളുടെ കാര്യത്തിലും പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ രീതി ഏതെല്ലാം പാതകളിലാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) റോഡുകളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് പുതുതായി ബി.എം&ബി.സി ഉപരിതലം നിർമ്മിക്കുക എന്നാണുദ്ദേശിക്കുന്നത്. 40 എം.എം.-ന് മുകളിലുള്ള ഉപരിതല ടാറിംഗ് പ്രവൃത്തികൾ ചെയ്യുന്ന റോഡുകൾക്ക് ഗ്യാരണ്ടി പീരിഡ് 3 വർഷവും, 40 എം.എം-ൽ താഴെയുള്ള വർക്കുകൾക്ക് ഗ്യാരണ്ടി പീരീഡ് 1 വർഷവും ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവിൽ ഉണ്ടാകുന്ന കേടുപാടുകൾ അതാതുകരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും പരിഹരിക്കാൻ ബാധ്യസ്ഥനാണ്.

(ബി&സി) ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും അവലംബിച്ച രീതി ധനലഭ്യതക്കനുസരിച്ച് മറ്റു റോഡുകളുടെ കാര്യത്തിലും പരിഗണിക്കുന്നതാണ്.

## പോരിങ്ങോം-വയക്കര പഞ്ചായത്തും ഈസ്റ്റ് എളേരി പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലാട പാലം

256 (4888) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പോരിങ്ങോം-വയക്കര പഞ്ചായത്തും കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലാട പാലം നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി പൂർത്തീകരിച്ച് എന്ന് തുറന്നു കൊടുക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പോരിങ്ങോം-വയക്കര പഞ്ചായത്തും കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലാട പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇരു ഭാഗത്തുമുള്ള സമീപന റോഡിന്റെ നിർമ്മാണം നടന്ന് കൊണ്ടിരിക്കുന്നു. 2015 മാർച്ച് മാസത്തോടെ പ്രവൃത്തി പൂർത്തീകരിച്ച് പാലത്തിൽ കൂടിയുള്ള ഗതാഗതം സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## പേരാമ്പ്ര-ചെറുവണ്ണൂർ-ചാനിയംകടവ്-വടകര റോഡിന്റെ പുനരുദ്ധാരണം

257 (4889) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര-ചെറുവണ്ണൂർ-ചാനിയംകടവ്-വടകര റോഡിന്റെ പുനരുദ്ധാരണത്തിനു വേണ്ടിയുള്ള പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആരാണ് ഈ പ്രവൃത്തി ചെയ്യുന്നതെന്നും, എത്ര കോടി രൂപയുടെ പ്രവൃത്തിയാണെന്നും, പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് എത്രകാലം കൊണ്ടാണ് ഇതിന്റെ പണം നൽകേണ്ടതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ടെണ്ടർ അംഗീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്നും ആയതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പേരാമ്പ്ര-ചെറുവണ്ണൂർ-വടകര റോഡിന്റെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള സംസ്ഥാന റോഡ് വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിലെ റോഡുകളുടെ ടെണ്ടർ വിളിച്ചപ്പോൾ കരാറുകാർ ക്വോട്ട് ചെയ്ത റേറ്റ് വളരെ കൂടുതലായതിനാൽ റോഡ് പാക്കേജുകൾ ചെറുതായി ടെണ്ടർ നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി) പാക്കേജുകളിലെ വലിപ്പം മൂലവും ക്വോട്ട് ചെയ്ത റേറ്റ് കൂടുതലായതിനാലും വലിയ തുക കണ്ടെത്തേണ്ടിവരുമെന്നതിനാലുമാണ് അംഗീകാരം ലഭിക്കാത്തത്. ആയതിനാൽ പാക്കേജുകളുടെ വലിപ്പം കുറച്ച് ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കുന്ദമംഗലം - പെരിങ്ങളം - കുറ്റിക്കാട്ടൂർ റോഡിന്റെ പുനരുദ്ധാരണം**

258 (4890) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം - പെരിങ്ങളം - കുറ്റിക്കാട്ടൂർ റോഡിന്റെ പുനരുദ്ധാരണത്തിന് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

4.70 കി.മീ.ദൈർഘ്യമുള്ള കുന്ദമംഗലം-പെരിങ്ങളം-കുറ്റിക്കാട്ടൂർ റോഡിന്റെ 0/000 മുതൽ 1/100 വരെ ബി.എം&ബി.സി പ്രവൃത്തി പൂർത്തീകരിച്ചു. ശേഷിക്കുന്ന ഭാഗത്തിന്റെ പുതുക്കിയ നിരക്കിലുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

**കുന്നംകുളം മുതൽ ചാട്ടുകുളം വരെയുള്ള റോഡ് നിർമ്മാണം**

259 (4891) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല - കുന്നംകുളം നിയോജകമണ്ഡലം ചാവക്കാട് വടക്കാഞ്ചേരി റോഡിലെ കുന്നംകുളം മുതൽ ചാട്ടുകുളം വരെയുള്ള ഭാഗം റോഡ് പ്രവൃത്തി ഇനിയും പൂർത്തീകരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്;

(ബി) ഈ പണി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൊതുമരാമത്ത് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) സാധാരണയുള്ള വാഹനങ്ങൾക്കു പുറമേയായി ഗുരുവായൂർ അമ്പലദർശനത്തിന്റെ ഭാഗമായും മറ്റും വടക്കൻ ജില്ലകളിൽനിന്നും, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുമായി ദിനംപ്രതി ആയിരക്കണക്കിന് ഭക്തരുടെ വാഹനങ്ങൾ കടന്നുപോകുന്ന ഈ റോഡിന്റെ ഗതാഗത പ്രാധാന്യം കണക്കിലെടുത്ത് റോഡു പണി പൂർത്തീകരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ചാവക്കാട് വടക്കാഞ്ചേരി റോഡ് (എസ്എച്ച്.) 5/785 മുതൽ 9/400 വരെ (ചാട്ടുകുളം മുതൽ കുന്ദംകുളം വരെ)യുള്ള 3.615 കിലോമീറ്റർ നീളം പുനരുദ്ധാരണ പ്രവൃത്തി ചെയ്ത് ബി.എം. & ബി.സി. ചെയ്യുന്നതിന് 14-7-2009-ൽ 185 ലക്ഷം രൂപ അനുവദിക്കുകയും പ്രവർത്തി 14-10-2009-ന് ടെണ്ടർ ചെയ്ത് ശ്രീ. കെ. വി. ജോർജ്ജ് എന്ന കരാറുകാരന് 35 ശതമാനം അധിക നിരക്കിൽ (2009 SOR) കരാർ നൽകുകയും, 24-4-2012-ന് സൈറ്റ് കൈമാറ്റം ചെയ്യുകയും ചെയ്തു. ഈ റോഡിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത് കാന നിർമ്മാണവും കലുങ്കുകളുടെ പുനഃനിർമ്മാണവും എക്സ്റ്റൻഷൻ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ചാട്ടുകുളം മുതൽ കുന്ദംകുളം വരെയുള്ള ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് മെയിൻ പൈപ്പ് കാലപ്പഴക്കത്തിനാൽ പമ്പ് ചെയ്യുമ്പോൾ ഇടയ്ക്കിടയ്ക്ക് പൊട്ടുകയും, തദ്വാര റോഡ് പൊട്ടിതകരുകയും ചെയ്യുന്ന അവസ്ഥയായിരുന്നു. ആയതിനാൽ പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കാതെ റോഡ് പുനരുദ്ധാരണ പ്രവർത്തി മുന്നോട്ട് കൊണ്ട് പോകുവാൻ യാതൊരു നിർവ്വാഹവും ഉണ്ടായിരുന്നില്ല. പൈപ്പുകൾ പുന:സ്ഥാപിക്കാൻ വേണ്ടി 2 കോടി രൂപ വാട്ടർ അതോറിറ്റിക്ക് അനുവദിച്ച് കൊടുക്കുകയും, 21-5-2014-ൽ ചാട്ടുകുളം മുതൽ ഗേൾസ് ഹൈസ്കൂൾ വരെ പൈപ്പ് ലൈൻ പുന:സ്ഥാപിക്കുകയും ചെയ്തു. സ്ഥലം എം.എൽ.എ.-യുടെയും, ജില്ലാ കളക്ടറെയും ഉറപ്പിന്റെ അടിസ്ഥാനത്തിൽ റോഡ് വെട്ടിപ്പൊളിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചതിലേക്ക് പൊതു മരാമത്ത് വകുപ്പിലേയ്ക്ക് അടയ്ക്കേണ്ട തുക വാട്ടർ അതോറിറ്റി 19-11-2014-ന് അടയ്ക്കുകയും, തുടർന്ന് ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ റോഡിൽ നിന്നിരുന്ന കെ.എസ്.ഇ.ബി.-യുടെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.-യിലേക്ക് 9 ലക്ഷം രൂപ കരാറുകാരൻ അടച്ചിരുന്നുവെങ്കിലും പോസ്റ്റ് മാറ്റിക്കിട്ടിയത് 28-5-2014-ന് മാത്രമാണ്. മേൽ കാരണം കൊണ്ട് കരാറുകാരന് യഥാസമയം പണി പൂർത്തീകരിക്കാൻ സാധിച്ചില്ല. പ്രസ്തുത പ്രവർത്തി പൂർത്തീകരിക്കുന്നതിന് വേണ്ടി കരാറുകാരൻ 31-1-2015-വരെ സമയം നീട്ടി ചോദിക്കുകയും ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 31-1-2015-ന് മുൻപ് പണിപൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുന്നംകുളം നിയോജക മണ്ഡലത്തിലെ വേലൂർ പോസ്റ്റാഫീസ് - തയ്യൂർ - എരുമപ്പെട്ടി റോഡ്

260 (4892) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച കുന്നംകുളം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വേലൂർ പോസ്റ്റാഫീസ്-തയ്യൂർ-എരുമപ്പെട്ടി റോഡ് പ്രവർത്തിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ചുവോ;

(സി) സാങ്കേതിക അനുമതി ലഭിച്ച് ഒരു വർഷമായിട്ടും ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി വൈകുന്നതിന്റെ കാരണമെന്താണ്; വിശദാംശം വ്യക്തമാക്കാമോ;

(ഡി) കഴിവതും വേഗത്തിൽ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് റോഡ് പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ഭരണാനുമതി ലഭിച്ച കുന്നംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വേലൂർ പോസ്റ്റാഫീസ്-തയ്യൂർ-എരുമപ്പെട്ടി റോഡിന് സാങ്കേതികാനുമതി നൽകുകയും ടെണ്ടർ ക്ഷണിച്ച് നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. ടെണ്ടർ സ്വീകരിക്കുവാൻ ഒരു കരാറുകാരനും മുന്നോട്ടുവരാത്തതിനാൽ ക്വട്ടേഷൻ സ്വീകരിക്കുകയും ആയത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കാസർകോട് ജില്ലയിൽ പൊതു മരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ

261 (4893) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി മുതൽ കാസർകോട് ജില്ലയിൽ എത്ര കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കാണ് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയതെന്ന്, പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, നിയോജക മണ്ഡലം, ഉത്തരവ് തീയതി, ഫണ്ടിന്റെ ഉറവിടം, എന്നിവ തിരിച്ച് കണക്കുകൾ വിശദമാക്കുമോ;

(ബി) അതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയെന്ന് പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, ഉത്തരവ് തീയതി ,നിയോജക മണ്ഡലം എന്നിവ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഇനിയും സാങ്കേതികാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് നിയോജക മണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള കാലാവധിയും നടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2014 ജനുവരി മുതൽ കാസർഗോഡ് ജില്ലയിൽ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

**കോഴിക്കോട് ജില്ലയിൽ ചെറുകിട വൻകിട പാലങ്ങൾ**

262 (4894) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച എത്ര ചെറുകിട, വൻകിട പാലങ്ങൾ നിർമ്മാണം തുടങ്ങാത്തതായുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനുള്ള കാരണം എന്താണ്;

(സി) കൂളിമാട് കടവ് പാലത്തിന്റെ പ്രവൃത്തികൾക്ക് ഇതുവരെയായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ജില്ലയിൽ എത്ര പാലങ്ങൾക്ക് ഇൻവെസ്റ്റിഗേഷന് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) കോഴിക്കോട് പാറക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഇല്ലെങ്കിൽ അപ്രോച്ച് റോഡ് നിർമ്മാണം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയതും പ്രവത്തി തുടങ്ങാത്തതുമായ പാലങ്ങൾ.

1. ഉള്ളൂർക്കടവ് പാലം-സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.
2. കല്ലാച്ചേരിക്കടവ് പാലം- സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.
3. കോട്ടക്കടവ് പാലം-സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.

4. അഴീക്കൽക്കടവ് പാലം-സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.
5. കരുവറ്റക്കടവ് പാലം-സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.
6. തുരുത്തിമുക്ക് പാലം-സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.
7. പെരുഞ്ചേരിക്കടവ് പാലം-ഇറിഗേഷൻ വകുപ്പിന്റെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന് നിർദ്ദേശമുണ്ട്.
8. മുനമണ്ണിൽ ജീപ്പ് പാലം-സ്ഥലം ലഭ്യമായിട്ടില്ല.
9. മുക്കത്ത്ക്കടവ് ജീപ്പ് പാലം-ടെണ്ടർ എടുക്കാൻ കരാറുകാർ തയ്യാറായില്ല.
10. കിഴക്കോത്ത് പള്ളി നടപ്പാലം-ടെണ്ടർ എടുക്കാൻ കരാറുകാർ തയ്യാറായില്ല.
11. അന്നാരുകം നടപ്പാലം-ടെണ്ടർ എടുക്കാൻ കരാറുകാർ തയ്യാറായില്ല.
12. നടമ്മൽക്കടവ് പാലം-സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.
13. കുളിമാട് പാലം (എൽ.എ)-സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.
14. തോട്ടുമിക്കംപാലം-2014-ൽ സ്ഥലം ലഭ്യമായി. പുതുക്കിയ ഭരണാനുമതി നൽകുന്നത് സർക്കാർ പരിശോധിച്ചു വരുന്നു.
15. തെങ്ങിലക്കടവ് പാലം-സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.
16. കുളിരാന്തിരി പാലം-സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.
17. പുതിയപാലം പാലം-സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.
18. കടിയങ്ങാട് പാലം-ഉടൻ ടെണ്ടർ ക്ഷണിക്കുന്നതാണ്.

(സി) തുക ചെലവഴിച്ചിട്ടില്ല

(ഡി) ഇൻവെസ്റ്റിഗേഷന് ഭരണാനുമതി നൽകിയ 7 പാലങ്ങളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു:

1. കുരിക്കൽ തോടിക കടവ് പാലം-CE/R&B/GI/Invest/KKD-1/2014-15 dated 31-5-2014 പ്രകാരം 3 ലക്ഷം രൂപ.

2. പുളിമൂട്ടിക്കടവ് പാലം- CE/R&B/GI/Invest/KKD/2014-15 dated 31-5-2014 പ്രകാരം 3 ലക്ഷം രൂപ.

3. പള്ളിപ്പടി പാലം-CE/R&B/GI/Invest/KKD/2014-15 dated 31-5-2014 പ്രകാരം 1 ലക്ഷം രൂപ.

4. തേരായിക്കടവ് പാലം- CE/R&B/GI/Invest/KKD/2014-15 dated 22-8-2014 പ്രകാരം 7,80,000 ലക്ഷം രൂപ.

5. അകലാപ്പുഴ പാലം-CE/R&B/GI/Invest/KKD/2014-15 dated 22-8-2014 പ്രകാരം 7,80,000 ലക്ഷം രൂപ.

6. ഒളവെണ്ണ പള്ളിക്കടവ് പാലം CE/R&B/GI/Invest/KKD/60 23/2014-15 dated 11-7-2014 പ്രകാരം 4,50,000 ലക്ഷം രൂപ.

7. പുഴംപുരം പാലം- CE/R&B/GI/Invest/KKD/6023/2014-15 dated 11-7-2014 പ്രകാരം 3,70,000 ലക്ഷം രൂപ.

(ഇ) പുതുക്കിയ ഭരണാനുമതിയ്ക്കായുള്ള 330 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം**

263 (4895) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം റോഡുകളുടെയും, കെട്ടിടങ്ങളുടെയും നിർമ്മാണത്തിന് വിഘാതം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള കരുതൽ നടപടികൾ വിശദമാക്കുമോ;

(സി) പരമ്പരാഗത രീതിയിൽ മാറ്റം വരുത്തി, സുലഭമായ മറ്റു നിർമ്മാണ സാമഗ്രികൾ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം നിർമ്മാണത്തെ ചില സ്ഥലങ്ങളിൽ മന്ദീഭവിപ്പിക്കുന്നുണ്ട്.

(ബി&സി) നിർമ്മാണത്തിന് ദൗർലഭ്യം നേരിടുന്ന വസ്തുക്കൾക്ക് പകരമായി മറ്റു വസ്തുക്കൾ ഉപയോഗിക്കുവാനുള്ള ഫലപ്രദമായ സാങ്കേതിക വിദ്യകൾ തൽക്കാലം നമ്മുടെ സംസ്ഥാനത്ത് ലഭ്യമല്ല. ഇത് സംബന്ധമായി നമ്മുടെ രാജ്യത്തും ആഗോളതലത്തിലും നടന്നുവരുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ ഫലമായി ഉരുത്തിരിയുന്ന സാങ്കേതികവിദ്യ നമ്മുടെ സംസ്ഥാനത്തിന് യോജിക്കുന്നവയാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഇ-മണൽ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ സംവിധാനങ്ങൾ വഴി ചില നിർമ്മാണ പ്രവൃത്തികൾക്ക് മിതമായ നിരക്കിൽ മണൽ ലഭ്യമാക്കുന്നുണ്ട്. ഓഫ് ഷോർ സാന്റ് ഉപയോഗിച്ചുള്ള കോൺക്രീറ്റ്, ഫ്ലൈ ആഷ് ബ്രീക്ക് മുതലായവയുടെ പഠനം നടത്തിവരുന്നു.

## കുന്നംകുളം നിയോജകമണ്ഡലത്തിലെ ചൂണ്ടൽ പഴുന്നാന - മരത്തംകോട് റോഡ്

264 (4896) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ കുന്നംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചൂണ്ടൽ പഴുന്നാന-മരത്തംകോട് റോഡ് പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; സാങ്കേതിക അനുമതിക്കു ശേഷം ടെണ്ടർ നടപടി പൂർത്തീകരിച്ചുവോ;

(ബി) ഭരണാനുമതി ലഭിച്ചിട്ട് ഒരു വർഷത്തോളമായിട്ടും റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി വൈകുന്നതിന്റെ കാരണമെന്താണ്; വിശദാംശം വ്യക്തമാക്കാമോ;

(സി) കഴിവതും വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഭരണാനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ കുന്നംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചൂണ്ടൽ-പഴുന്നാന-മരത്തംകോട് റോഡ് പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും സ്വീകരിക്കുവാൻ ഒരു കരാറുകാരനും മുന്നോട്ട് വന്നില്ല. ആയതിനാൽ ക്വോട്ടേഷൻ സ്വീകരിക്കുകയും ആയത് അംഗീകരിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ കോട്ടരുവം ഭാഗത്തെ മണ്ണിടിച്ചിൽ

265 (4897) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. ഏറ്റെടുത്ത് അഭിവൃദ്ധിപ്പെടുത്തുന്ന കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ അശാസ്ത്രീയമായ നിർമ്മാണം മൂലം കോട്ടരുവം ഭാഗത്ത് മണ്ണിടിഞ്ഞ് ഏത് സമയത്തും ഒരു ദുരന്തം ഉണ്ടാകാനുള്ള സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഉന്നത തലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്തി ദുരന്ത സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) മണ്ണിടിയാനുള്ള സാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് അശാസ്ത്രീയമായ നിർമ്മാണം മൂലം അല്ല. കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ നിർമ്മാണം പുരോഗമിച്ചു വരുന്ന കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിൽ കോട്ടരുവം ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തി ചെയ്ത സമയത്ത് മണ്ണ് ഇടിഞ്ഞു വീഴുകയുണ്ടായി. ഉടൻ തന്നെ അതിനുള്ള സംരക്ഷണ നടപടി എടുക്കുകയുണ്ടായി. മണ്ണിടിയാൻ സാധ്യതയുള്ളതിനാൽ വളരെ ശ്രദ്ധയോടെയാണ് പ്രവൃത്തികൾ ചെയ്യുന്നത്. ഇതിലെ പ്രശ്നങ്ങൾ മുന്നിൽ കണ്ട് ഈ പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്ന സൂപ്പർവിഷൻ കൺസൾട്ടന്റ് ഈ രംഗത്തെ വിദഗ്ധനെ കൊണ്ട് പ്രസ്തുത സ്ഥലം പരിശോധിക്കുകയും വിദഗ്ധ നിർദ്ദേശം തേടുകയുമുണ്ടായി. ഇതിൻ പ്രകാരം ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തി നടത്തുന്ന കരാറുകാരനായ M/s. RDS Projects-നെ കൊണ്ട് ഡിസൈൻ മാറ്റുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പയ്യന്നൂർ മണ്ഡലത്തിലെ ജില്ലാ റോഡുകളിൽ മെക്കാഡം ടാറിംഗ്

266 (4898) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പ്രധാനപ്പെട്ട മേജർ ജില്ലാ റോഡുകളായ വെള്ളൂർ-പാടിയോട്ടുചാൽ-പുളിങ്ങോം, ചെറുതാഴം-കുറ്റൂർ-പെരിങ്ങോം എന്നിവ മെക്കാഡം ടാറിംഗ് നടത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഭരണാനുമതി എപ്പോൾ നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ പ്രധാനപ്പെട്ട മേജർ ജില്ലാ റോഡുകളായ വെള്ളൂർ-പാടിയോട്ടുചാൽ-പുളിങ്ങോം, ചെറുതാഴം-കുറ്റൂർ-പെരിങ്ങോം എന്നിവ മെക്കാഡം ടാറിംഗ് നടത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കാഞ്ഞങ്ങാട് - പാണത്തൂർ സംസ്ഥാന പാത**

267 (4899) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് - പാണത്തൂർ സംസ്ഥാന പാതയിൽ മെക്കാഡം ടാറിംഗ് ചെയ്യാൻ ബാക്കിയുള്ള 29 കി.മീ. റോഡിൽ 24 കി.മീ. ടാറിംഗ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തി എസ്റ്റിമേറ്റ് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ നടപടികൾ ഏതുവരെയായി എന്ന് പറയാമോ?

ഉത്തരം

(എ&ബി) കാഞ്ഞങ്ങാട്-പാണത്തൂർ റോഡിൽ കി.മീ. 15/000 മുതൽ 44/125 വരെയുള്ള 29 കി.മീ. റോഡ് മെക്കാഡം ടാറിംഗ് ചെയ്യുന്നതിന് 2014-15-ലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**മുരിങ്ങൂർ ഡിവൈൻ നഗറിലെ റെയിൽവേ മേൽപ്പാലം നിർമ്മാണം**

268 (T 4900) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെടുന്ന മുരിങ്ങൂർ ഡിവൈൻ നഗറിലെ റെയിൽവേ മേൽപ്പാലം നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രോച്ച് റോഡുകളുടെ നിർമ്മാണം അവസാനഘട്ടത്തിലെത്തിയിട്ടും റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മേൽപ്പാല നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിന് ആവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) മുരിങ്ങൂർ ഡിവൈൻ നഗറിലെ റെയിൽവേ മേൽപ്പാലത്തിന്റെ സംസ്ഥാനം നിർമ്മിക്കുന്ന അപ്രോച്ച് ഭാഗത്തെ റെയിൽവേയും ആയി ബന്ധിപ്പിക്കുന്ന രണ്ട് സ്പാനുകൾ ഒഴികെയുള്ള പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ രണ്ട് സ്പാനുകളുടെ പണികൾ റെയിൽവേയുടെ പണികൾ പൂർത്തിയായ ശേഷം മാത്രമേ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. റെയിൽവേയുടെ പണികൾ നടന്നുവരികയാണ്.

**മലയാറ്റൂർ കോടനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

269 (4901) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 13 കോടി രൂപ അനുവദിച്ച മലയാറ്റൂർ കോടനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ നിർമ്മാണ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(സി) നിർമ്മാണ കാലാവധി എത്ര തവണ ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട് ;

(ഡി) നിർമ്മാണ പ്രവൃത്തികൾ വൈകാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഇ) എന്തെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തിയാക്കേണ്ടതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) 31-3-2015-ൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ദീർഘിപ്പിച്ച നിർമ്മാണ കാലാവധി 31-3-2015-ന് അവസാനിക്കും.

(സി) മൂന്നുതവണ നിർമ്മാണ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

(ഡി) ഫൗണ്ടേഷൻ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലതാമസവും 2013-ലെ അതിശക്തമായ മഴയും പാർട്ട് ബിൽ ലഭിക്കുന്നതിനുള്ള താമസവും മൂലമാണ് നിർമ്മാണ പ്രവൃത്തികൾ വൈകിയത്.

(ഇ) പാലത്തിന്റെ ഡെക്ക് സ്ലാബിലെ wearing coat-ഉം അപ്രോച്ച് നിർമ്മാണവും പൂർത്തിയാക്കാനുണ്ട്.

**കണ്ടൻകാളി റോഡിന്റെ പുനരുദ്ധാരണം**

270 (4902) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കുടിവെള്ള പദ്ധതിക്കായി പൈപ്പിട്ടപ്പോൾ ഗതാഗതയോഗ്യമല്ലാതായി തീർന്ന കണ്ടൻകാളി റോഡിന്റെ പുനരുദ്ധാരണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്കുള്ള സാങ്കേതിക അനുമതി എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) 17-6-2014-ന് 2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 595 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 1-10-2013 മുതൽ ഷെഡ്യൂൾ പരിഷ്ക്കരിച്ച് ഡി.എസ്.ആർ. 2013 പ്രാബല്യത്തിൽ വന്നതിനാൽ ഡി.എസ്.ആർ. 2013 റേറ്റ് പ്രകാരവും മോർത്ത് ഡാറ്റ പ്രകാരവും എസ്റ്റിമേറ്റ് പുതുക്കി ചീഫ് എഞ്ചിനീയേഴ്സ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായി കടവ് പാലം**

271 (4903) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായി കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് ഏത് ഉത്തരവു പ്രകാരമാണ് ; അടങ്കൽ തുക എത്രയാണ് ;

(ബി) ടെണ്ടർ ചെയ്തത് എപ്പോഴാണ് ;

(സി) കരാറുകാരനുമായി എഗ്രിമെന്റ് വച്ചത് എപ്പോഴാണ് ;

(ഡി) എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എപ്പോഴാണ് ;

(ഇ) ഇപ്പോൾ പാലം നിർമ്മാണ പ്രവൃത്തി ഏതു ഘട്ടത്തിലാണ് ;

(എഫ്) ബാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 14-7-2009- ലെ സ.ഉ (സാധാ) നമ്പർ 1044/09/പൊ.മ.വ (പ്രകാരം) 523 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 20-9-2011-ലാണ് ടെണ്ടർ ചെയ്തത്.

(സി) 13-12-2011-ലാണ് എഗ്രിമെന്റ് വച്ചത്.

(ഡി) 12-6-2013-ൽ ആണ് പണികൾ പൂർത്തീകരിക്കേണ്ടിയിരുന്നത്.

(ഇ&എഫ്) മണക്കായിക്കടവ് പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാൽ കരാറുകാരന് പ്രവൃത്തി പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ 12-3-2014-ലെ സ.ഉ. (സാധാ) നമ്പർ 432/14/പൊ.മ.വ. പ്രകാരം മേൽ പ്രവൃത്തിയിൽ നിന്നും കരാറുകാരനെ നിരുപാധികം ഒഴിവാക്കിയിട്ടുണ്ട്. ഇപ്പോൾ മട്ടന്നൂർ മുനിസിപ്പാലിറ്റി പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാക്കാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 475 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കുളിക്കടവുപാലം**

272 (4904) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കുളിക്കടവുപാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് ഏത് ഉത്തരവ് പ്രകാരമാണ്;

(ബി) അടങ്കൽ തുക എത്രയാണ്;

(സി) കുളിക്കടവുപാലം നിർമ്മാണ പ്രവൃത്തി ടെണ്ടർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 28-2-2011-ലെ സ.ഉ (സാധാ) നമ്പർ 385/11/പൊ.മ.വ പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പാലം നിർമ്മാണത്തിന് ആവശ്യമായ ഭൂമി ലഭ്യമാകാത്തതിനാൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

**കേന്ദ്രസഹായം**

273 (4905) <u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ റോഡുകളുടെ വികസനത്തിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രസഹായം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര റോഡുകളുടെ വികസനത്തിനാണ് ധനസഹായം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത റോഡുകളുടെ പണി എത്രനാൾക്കകം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ&ബി) ലഭിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം കേന്ദ്ര മന്ത്രാലയം കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിന് 500 കോടി രൂപയുടെയും, പാലങ്ങൾക്കും അവയുടെ അനുബന്ധ പ്രവൃത്തികൾക്കുമായി 107.15 കോടി രൂപയുടെയും പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2014-15 സാമ്പത്തിക വർഷം ദേശീയപാത പ്ലാൻ സ്കീമിൽ 224 കോടി രൂപയും നോൺ പ്ലാനിൽ (മെയിന്റനൻസ് റിപ്പയറിംഗിന്) 73.97 കോടി രൂപയും, സി.ആർ.എഫിൽ 54.60 കോടി രൂപയും ഇന്റർ സ്റ്റേറ്റ് കണക്ടിവിറ്റിയിൽ 20.56

കോടി രൂപയുമുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(സി&ഡി) പ്രസ്തുത ഫണ്ട് അനുവദിച്ചിരിക്കുന്നത് സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ദേശീയപാതകളുടെ വികസന പ്രവൃത്തികൾക്കും/ഉപരിതലം പുതുക്കുന്നതിനും സി.ആർ.എഫ്. പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന ഫണ്ട് സംസ്ഥാന/ജില്ലാ റോഡുകളുടെ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾക്കും ആണ്. നിലവിൽ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി 30 റോഡുകളുടെയും ഒരു പാലത്തിന്റെയും പ്രവർത്തികൾ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു. 2015 അവസാനത്തോടുകൂടി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ പടിഞ്ഞാറൻ ബൈപ്പാസിന്റെ നിർമ്മാണം**

274 (4906) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന പടിഞ്ഞാറൻ ബൈപ്പാസിന്റെ നിർമ്മാണം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതുവരെ എന്തൊക്കെ നടപടികൾ പൂർത്തിയായിട്ടുണ്ട്;

(സി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ചുള്ള അനുമതി ലഭിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്;

(ഡി) നിർമ്മാണ നടപടികൾ സമയ ബന്ധിതമായി നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത ബൈപ്പാസിന്റെ സർവ്വേ നടപടികൾ പൂർത്തിയായി.

(സി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവിനായി കോട്ടയം ആർ.ഡി.ഒ.-യ്ക്ക് കത്ത് സമർപ്പിച്ചിട്ടുണ്ട്.

(ഡി) സ്ഥലമെടുപ്പ് പൂർത്തിയായതിനുശേഷം സമയബന്ധിതമായി നിർമ്മാണ നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുമരാമത്ത് ജോലികളുടെ ഗുണ നിലവാര പരിശോധനാ സർട്ടിഫിക്കറ്റ്**

275 (4907) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ജോലികളുടെ ഗുണ നിലവാരം പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന് എന്തെല്ലാം സംവിനധാനങ്ങളാണ് ഗുണനിലവാര പരിശോധനാ ലാബുകളിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എവിടെയെല്ലാമാണ് ഇത്തരം ലാബുകൾ പ്രവർത്തിച്ചു വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പരിശോധനകൾ കൊണ്ട് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ ലാബുകളിൽ പ്രധാന നിർമ്മാണ വസ്തുക്കളായ സിമെന്റ്, അഗ്രിഗ്രേറ്റ്, ബിറ്റുമെൻ, ബിറ്റുമെൻ മിശ്രിതം, സ്റ്റീൽ ബാർ, കോൺക്രീറ്റ് മുതലായവയുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വർക്കുസൈറ്റുകളിൽ പരിശോധന നടത്തി കോൺക്രീറ്റ് ബിറ്റുമെൻ മിശ്രിതം, എർത്ത് വർക്ക് എന്നിവയുടെ ഫീൽഡ് ടെസ്റ്റുകൾ നിർവഹിക്കാനുള്ള സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്. ടെസ്റ്റ് റിപ്പോർട്ടുകൾ ചീഫ് എഞ്ചിനീയർമാർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകാറുണ്ട്.

(ബി) കേരളത്തിലെ 11 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ജില്ലാ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് റീജിയണൽ ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. ഈ മൂന്നു റീജിയണൽ ലാബുകൾ ജില്ലാ ലാബുകളുടെ ചുമതലയും മേൽനോട്ടം നിർവ്വഹിക്കുന്നു.

(സി) പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സാധിക്കുന്നു. IS കോഡ് പ്രകാരമുള്ള ഗുണനിലവാരം ഇല്ലാത്ത വസ്തുക്കൾ ഉപയോഗിക്കുന്നത് തടയാൻ സാധിക്കുന്നു.

**പൊതുമരാമത്ത് വകുപ്പിന് കീഴിലെ ഒഴിവുകൾ**

276(4908) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും, അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും, ഓവർസിയർമാരുടെയും, ഡ്രാഫ്റ്റ്സ്മാൻമാരുടെയും ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഒഴിവുകൾ ചുവടെ ചേർക്കുന്നു:

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 12
2. അസിസ്റ്റന്റ് എഞ്ചിനീയർ - 34

   (പട്ടിക വർഗ്ഗ വിഭാഗത്തിനായി മാറ്റിവയ്ക്കപ്പെട്ടത്)
3. ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ് മാൻ - 91

   (പ്രമോഷൻ ഉൾപ്പെടെയുള്ള ഒഴിവുകൾ)
4. സെക്കന്റ് ഗ്രേഡ് ഡ്രഫ്റ്റ്സ് മാൻ - 280
5. തേർഡ് ഗ്രേഡ് ഓവർസിയർ - 287

(ബി)

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ 12 ഒഴവുകൾ 16-12-2014-ലെ ജി.ഒ (ആർ.റ്റി.)നമ്പർ1733/14/ പൊ.മ.വ പ്രകാരം നികത്തിയിട്ടുണ്ട്.
2. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
3. ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ് മാൻ, സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ് മാൻ എന്നിവരുടെ പ്രെമോഷൻ വഴി നികത്തേണ്ട ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിച്ച വരുന്നു. നേരിട്ട് നികത്തേണ്ട ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
4. തേർഡ് ഗ്രേഡ് ഓവർസിയറുടെ എല്ലാ ഒഴിവുകളും

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ക്വാർട്ടേഴ്സുകളിലെ വൈദ്യുതി ചാർജ്ജ്**

277(4909) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സുകളിൽ വൈദ്യുതി ചാർജ്ജിന്റെ ഭാഗമായുള്ള എ.സി.ഡി. ബിൽ വഴി വൻതുക ഈടാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ക്വാർട്ടേഴ്സുകളുടെ കാലപ്പഴക്കവും, കാലഹരണപ്പെട്ട വയറിംഗ് സംവിധാനവും ഇതിന് കാരണമാകുന്നു എന്ന വസ്തുത പരിശോധിക്കുമോ;

(സി) സർക്കാർ ക്വാർട്ടേഴ്സുകളുടെ എ.സി.ഡി. ചാർജ് പൊതുമരാമത്ത് വകുപ്പ് ക്വാർട്ടേഴ്സ് താമസക്കാരായ ജീവനക്കാർക്ക് തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് എ.സി.ഡി. ചാർജ് ജീവനക്കാർക്ക് കിഴിവ് ചെയ്ത് നൽകിയത് ശ്രദ്ധയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സർക്കാർ ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സുകളിൽ വൈദ്യുതി ചാർജ്ജിന്റെ ഭാഗമായുള്ള എ.സി.ഡി. ബിൽ വഴി വൻതുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്വാർട്ടേഴ്സുകളുടെ കാലപ്പഴക്കവും കാലഹരണപ്പെട്ട വയറിംഗ് സംവിധാനവും വൈദ്യുതി ഉപഭോഗം കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി വരുന്നുണ്ട്.

(സി) വൈദ്യുതി ഉപഭോഗം കുറയുന്നതിനനുസരിച്ച് എ.സി.ഡി. ചാർജ്ജ് വൈദ്യുതി ബോർഡ് ബില്ലിൽ അഡ്ജസ്റ്റ് ചെയ്ത് നൽകാറുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന റോഡുകളുടെ ഗുണനിലവാരം**

278(4910) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നിലവിലെ നിബന്ധനകൾ അനുസരിച്ച് എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിക്കുന്നതെന്നും നിബന്ധനകൾ ലംഘിച്ചാലുണ്ടാകുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) പി.ഡബ്ല്യൂ.ഡി റോഡുകൾ നിശ്ചിത കാലാവധിക്കു മുമ്പ് ദുർബലമായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിബന്ധനകൾ എന്നുമുതൽ നിലവിൽ വന്നതാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിന്റെ മേൽനാട്ടത്തിൽ പണിയുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകളിലെ ഉദ്യോഗസ്ഥർ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ 'റാൻഡം' സന്ദർശനം നടത്തി നിശ്ചിത അളവിലുള്ള സാമ്പിളുകൾ ശേഖരിക്കുകയും, പ്രവൃത്തി സ്ഥലത്തുവച്ച് പരിശോധിക്കാനുള്ളത് അവിടെവച്ചും, ബാക്കിയുള്ളവ ഗുണനിലവാര പരിശോധന ലാബുകളിൽ വച്ചും പരിശോധന നടത്തുന്നു. പരിശോധനാഫലങ്ങൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചീഫ് എഞ്ചിനീയർമാർക്കും അയച്ചുകൊടുക്കുന്നു. ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന്റെ പരിശോധനയ്ക്കു വിധേയമായും അവരുടെ ടെസ്റ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുമാണ് കരാറുകാരുടെ ബിൽ പാസ്സാക്കി നൽകുന്നത്. നിബന്ധന ലംഘിച്ചാൽ കരാറുകാരന്റെ ബില്ലിൽ നിന്നും നഷ്ടപരിഹാരതുക ഈടാക്കുന്നതാണ്. ദേശീയപാതാ വിഭാഗത്തിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങളുടെ കരാറുകൾ സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിലെ നിബന്ധനകൾക്ക് അനുസരിച്ചാണ്. പ്രസ്തുത ഡോക്യുമെന്റിലെ നിബന്ധനകൾ പ്രകാരം പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ സംവിധാനങ്ങളോടും കൂടിയ ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം കോൺട്രാക്ടർ സൈറ്റിൽ സ്ഥാപിക്കേണ്ടതും ടെസ്റ്റുകൾ നടത്തി ഗുണനിലവാരം ഉറപ്പാക്കേണ്ടതുമാണ്. കൂടാതെ 40 മി.മീ. വരെ ഘനം വരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് 1 വർഷവും അതിൽ കൂടുതൽ ഘനം വരുന്ന ബിറ്റുമിൻ പ്രവൃത്തികൾക്ക് 3 വർഷം ഡിഫക്ട് ലയബിലിറ്റി പിരീഡും ബാധകമാക്കിയിട്ടുണ്ട്. ഈ കാലഘട്ടത്തിൽ വരുന്ന പ്രവൃത്തിയിലെ തകരാറുകൾ കരാറുകാരന്റെ ചെലവിൽ ചെയ്ത് ശരിയാക്കേണ്ടതാണ്.

(ബി) നിശ്ചിത കാലാവധിയ്ക്കകം റോഡ് തകരുകയാണെങ്കിൽ പ്രവൃത്തി ചെയ്ത കരാറുകാരനെ കൊണ്ട് തന്നെ തകരാർ പരിഹരിക്കാൻ വ്യവസ്ഥയുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം വകുപ്പ് തലത്തിൽ അന്വേഷണം നടത്തി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ക്വാളിറ്റി സർട്ടിഫിക്കറ്റുകളും മറ്റു നിബന്ധനകളും 1-9-2014 മുതൽ നിർബന്ധമാക്കി കൊണ്ട് സർക്കാർ സർക്കുലർ നമ്പർ 10434/സി3/2014/ പൊ.മ.വ. തീയതി 4-9-2014 പുറപ്പെടുവിച്ചിട്ടുണ്ട്.

## ചങ്ങനാശ്ശേരി ബൈപ്പാസ്സിൽ എസ്.എച്ച്. ജംഗ്ഷന്റെ വിപുലീകരണം

279(4911) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ബൈപ്പാസ്സിൽ എസ്.എച്ച്. ജംഗ്ഷന്റെ വിപുലീകരണം സംബന്ധിച്ചുള്ള ജോലി ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) ഭൂമിയേറ്റെടുക്കൽ നടപടി അവസാന ഘട്ടത്തിലായെങ്കിൽ നിർമ്മാണം സംബന്ധിച്ച പ്ലാനും എസ്റ്റിമേറ്റും കൂടി തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അപകടങ്ങൾ കൂടുതലുണ്ടാകുന്ന ജംഗ്ഷനായതുകൊണ്ട് നിർമ്മാണ നടപടികൾ സമയ ബന്ധിതമായി തീർക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. സ്ഥലമെടുപ്പിന് ആവശ്യമായ ഫണ്ട് ലഭ്യമാണ്. D.D. ഉടൻ തന്നെ L.A. തഹസീൽദാർക്ക് കൈമാറുന്നതാണ്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചതിനു ശേഷം നിർമ്മാണ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## മഞ്ഞനക്കാട്ട് ഫുട്ട് ബ്രിഡ്ജിന്റെ നിർമ്മാണം

280(4912) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. അസറ്റ് ഡവലപ്പ്മെന്റ് സ്കീം പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള

മഞ്ഞനക്കാട്ട് ഫുട്ട് ബ്രിഡ്ജിന്റെ നിർമ്മാണത്തിന് കാലതാമസ്സം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണപ്രവൃത്തി സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) എം.എൽ.എ. എ.ഡി.എസ്. പ്രകാരമുള്ള പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശം മേൽപ്രവൃത്തിയുടെ കാര്യത്തിൽ ലംഘിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പുരോഗതി റിപ്പോർട്ട് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) പാലം നിർമ്മാണത്തിനു വേണ്ടുന്ന ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പാലത്തിന്റെ രൂപകല്പന ലഭിച്ച ശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുരോഗതി റിപ്പോർട്ട് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

### കുട്ടനാട്ടിലെ സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണം

281(4913) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിട നിർമ്മാണത്തിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) കരാറുകാർ ഏറ്റെടുത്ത എടത്വ സബ്ട്രഷറി കെട്ടിടം നാളിതുവരെ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് കാലാവധി നീട്ടി നൽകിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിക്കുള്ള ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ ആലപ്പുഴ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) എടത്വ സബ് ട്രഷറി കെട്ടിടത്തിന്റെ സ്ഥലം സംബന്ധിച്ച് കേസ് ആലപ്പുഴ മുൻസിഫ് കോടതിയിൽ നിലവിലുള്ളതിനാൽ പ്രസ്തുത നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. ടി പ്രവൃത്തിക്ക് കാലാവട്ടി നീട്ടി നൽകിയിട്ടില്ല.

**അഴീക്കൽകടവ്, പെരിഞ്ചേരിക്കടവ് പാലങ്ങൾ**

282(4914) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽകടവ് പെരിഞ്ചേരിക്കടവ് പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തികൾ ഏതുഘട്ടംവരെയെത്തി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അഴീക്കൽകടവ് പാലത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ റഗുലേറ്റർ കം ബ്രിഡ്ജിന് വേണ്ടിയുള്ള പദ്ധതി ടി സ്ഥലത്ത് ഉള്ളതിനാൽ നിർദ്ദിഷ്ട പെരിഞ്ചേരിക്കടവ് പാലത്തിനുള്ള നടപടി ക്രമങ്ങൾ നിർത്തി വച്ചിരിക്കുകയാണ്.

(ബി) പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായാൽ അഴീക്കൽകടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭക്കുന്നതാണ്.

**കരാറുകാർക്ക് കുടിശ്ശിക**

283(4915) <u>ശ്രീമതി ജമീല പ്രകാശം</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ല്യൂ.ഡി. കരാറുകാരിൽ ഏതൊക്കെ കാറ്റഗറിയിൽപ്പെട്ട എത്ര കരാറുകാർക്കാണ് കുടിശ്ശിക കൊടുത്തു തീർക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ദേശീയപാത വിഭാഗത്തിൽ എ, ബി, സി എന്നീ കാറ്റഗറിയിൽപ്പെട്ട 19 കർാറുകാർക്കും നിരത്ത് വിഭാഗത്തിൽ 1161 'A' ക്ലാസ് കരാറുകാർക്കും 668 'B' ക്ലാസ് കരാറുകാർക്കും 710 'C' ക്ലാസ് കരാറുകാർക്കും 58 'D' ക്ലാസ് കരാറുകാർക്കും കുടിശ്ശിക നൽകാനുണ്ട്. കെട്ടിട വിഭാഗത്തിലെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

**മാല്യങ്കരപ്പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണം**

284(4916) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാല്യങ്കരപ്പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനും, പാർശ്വഭിത്തി സംരക്ഷണത്തിനും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും, ഭരണാനുമതിയുടെ പകർപ്പും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എഗ്രിമെന്റ് പ്രകാരമുള്ള കാലാവധി എത്രയെന്നും, സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ എത്ര തവണയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ശക്തമായ കാലവർഷം മൂലമാണ് കാലതാമസം നേരിട്ടത്.

(സി) 4 മാസമാണ് കാലാവധി. 2 തവണ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

**കാലപ്പഴക്കംകൊണ്ട് കേടുപാട് സംഭവിച്ച പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ**

285(4917) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) സംസ്ഥാനത്ത് കാലപ്പഴക്കംകൊണ്ട് കേടുപാട് സംഭവിച്ച പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ ശക്തിപ്പെടുത്തലും അറ്റകുറ്റപ്പണിയും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പൊതുമരാമത്തു വകുപ്പിന്റെ, കാലപ്പഴക്കം മൂലം നാശം സംഭവിച്ചു കൊണ്ടിരിക്കുന്ന പാലങ്ങൾക്ക് പകരം പാലങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് കാലപ്പഴക്കം കൊണ്ട് കേടുപാട് സംഭവിച്ചതോ നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതോ ആയ രീതിയിൽ 91 പാലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ പാലങ്ങൾക്ക് പകരം പാലം നിർമ്മിക്കുവാൻ പ്രത്യേക പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പാലങ്ങൾ പുനർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**റോഡുനവീകരണത്തിനും നിർമ്മാണത്തിനുമായി ഏകോപന സംവിധാനം**

286(4918) <u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുനവീകരണത്തിനും നിർമ്മാണത്തിനുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവൃത്തികൾ നടത്തുവാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇതിനായി ഒരു പ്രത്യേക ഏജൻസിക്കു രൂപം നൽകുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം അധികാരങ്ങളാണ് പ്രസ്തുത ഏജൻസിക്കു നൽകുവാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ;

(ഡി) വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഏജൻസികളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ഈ വിഷയം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

**കാലവർഷക്കെടുതിയാൽ തകർന്ന ഗതാഗതയോഗ്യമല്ലാതായ പി.ഡബ്ല്യൂ.ഡി. റോഡുകകൾ**

287(4919) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒട്ടുമിക്ക പി.ഡബ്ല്യൂ.ഡി. റോഡുകളും കാലവർഷ കെടുതിയാൽ തകർന്ന ഗതാഗതയോഗ്യമല്ലാതായ വിവരം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) തകർന്ന പി.ഡബ്ല്യൂ.ഡി. റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എന്തെല്ലാം അടിയന്തരനടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നതെന്ന വ്യക്തമാക്കാമോ;

(സി) അതിനായി നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) 1-6-2014 മുതൽ 30-11-2014 വരെ അനുവദിച്ച തുകയുടെ കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഇ) 1-7-2011 മുതൽ 30-11-2014 വരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണിക്കായി അനുവദിച്ച തുകയുടെ വിശദാംശം സർക്കാർ ഉത്തരവുകൾ സഹിതം നൽകാമോ?

ഉത്തരം

(എ) ചില റോഡുകൾ തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിരത്തുവിഭാഗത്തിൻ കീഴിലുള്ള തകർന്ന റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായി നോൺ പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയപാതയുടെ കീഴിലുള്ള തകർന്ന റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായി എസ്റ്റിമേറ്റ് മോർത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി&ഡി) നിരത്തുവിഭാഗത്തിന് 137 കോടി രൂപയും ദേശീയപാതാ വിഭാഗത്തിന് 24.2939297 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. തുകയുടെ കണക്ക് അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) 1-7-2011 മുതൽ 30-11-2014 വരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണിക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

**കാൽനട യാത്രക്കാർക്ക് സുരക്ഷിത നടപ്പാത**

288(4920) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ കാൽനട യാത്രക്കാർക്ക് സുരക്ഷിത നടപ്പാതയും, ക്രോസിംഗിനുള്ള സൗകര്യങ്ങളും എർപ്പെടുത്തുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ എത്ര കിലോമീറ്റർ റോഡുകളാണുള്ളതെന്നും , അതിൽ എത്ര കിലോമീറ്റർ സുരക്ഷിത നടപ്പാതയാണ് നിലവിലുള്ളതെന്നും വിശദമാക്കുമോ ;

(സി) നിരവധി ജില്ലാ, ഗ്രാമ റോഡുകളിൽ നടപ്പാത നിർമ്മിക്കാനാവശ്യമായ സ്ഥലം ഒഴിഞ്ഞു കിടപ്പുള്ളത് ഉപയോഗപ്പെടുത്തി സുരക്ഷിത നടപ്പാത നിർമ്മിക്കുന്നതിനുള്ള സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ?

ഉത്തരം

(എ) കാൽനട യാത്രക്കാർക്ക് സുരക്ഷിതമായി നടക്കുന്നതിന് ഇരു വശങ്ങളിലും നടപ്പാതയും, പ്രധാന ക്രോസിംഗുകളിൽ കാൽനട യാത്രക്കാർക്ക് സുരക്ഷിതമായി റോഡ് മുറിച്ച് കടക്കുന്നതിനു വേണ്ടി സീബ്രാ ക്രോസിംഗും ഏർപ്പെടുത്താറുണ്ട്. പുതുതായി നിർമ്മിക്കുന്ന റോഡുകളിലും Resurfacing നടത്തുമ്പോഴും, കാൽനട യാത്രക്കാർക്ക് ക്രോസിംഗിനായി സീബ്രാലൈനുകൾ വരയ്ക്കാറുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന് കീഴിൽ 31812 കി.മീ. റോഡുകളാണുള്ളത്. ഇതിൽ നഗര പ്രദേശങ്ങളിൽ വരുന്ന വളരെ കുറച്ച് ദൈർഘ്യം മാത്രമേ നടപ്പാത പണിതിട്ടുള്ളു. ഇതിന്റെ സ്ഥിതിവിവര കണക്ക് ശേഖരിച്ച് വരുന്നു.

(സി) നഗര പ്രദേശങ്ങളിലും തിരക്കേറിയ സ്ഥലങ്ങളിലും സ്ഥല ലഭ്യതയുണ്ടെങ്കിൽ സുരക്ഷിത നടപ്പാത പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

## എൻ.എച്ച് . 17 കോഴിക്കോട് ബൈപ്പാസിൽ അറപ്പുഴ പാലത്തിന്മേലുള്ള ടോൾ

289(4921) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 17 കോഴിക്കോട് ബൈപ്പാസിൽ അറപ്പുഴ പാലത്തിന്മേലുള്ള ടോൾ പിരിവ് എന്നാണ് ആരംഭിച്ചതെന്നും ഇതുവരെ എത്ര രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) ഇപ്പോഴുള്ള കരാറുകാരന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(സി) ഈ പാലത്തിന് എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്;

(ഡി) ഈ പാലത്തിന്റെ ടോൾ പിരിവ് എന്ന് അവസാനിപ്പിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 7-6-2012-ലാണ് ടോൾ പിരിവ് ആരംഭിച്ചത്. ഇതുവരെ 17,12,34,375 രൂപ ടോൾ ഇനത്തിൽ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(ബി) 31-3-2015-ൽ കരാർ കാലാവധി അവസാനിക്കും.

(സി) പാലത്തിന് 13.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ നിയമമനുസരിച്ചാണ് ദേശീയപാതകളിൽ ടോൾ പിരിക്കുന്നത്. ടോൾ പിരിവ് അവസാനിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല.

## ദേശീയപാത 47-ൽ വാളയാർ മുതൽ മണ്ണുത്തി വരെയുള്ള പാത വികസനം

290(4922) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 47-ൽ വാളയാർ മുതൽ മണ്ണുത്തി വരെയുള്ള പാത വികസനം എത്രത്തോളമായി എന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി യഥാർത്ഥത്തിൽ എന്നാണ് പൂർത്തീകരിക്കേണ്ടത്; യഥാർത്ഥ സമയത്തിനകം തന്നെ നവീകരിച്ച പാത ഗതാഗതത്തിനു തുറന്നു കൊടുക്കുവാൻ സാധിക്കുമോ;

(സി) പ്രസ്തുത പാത വികസനത്തിന്റെ കാര്യത്തിൽ തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള നാലുവരി പാതയുടെ വികസനം ത്വരിതഗതിയിൽ നടന്നു വരുന്നു. ഇപ്പോൾ ഏകദേശം 70% പൂർത്തീകരിച്ചിട്ടുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള 6 വരിപ്പാതയുടെ വികസന പ്രവൃത്തികൾ സ്ഥലം ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ കാരണവും കൺസഷണയർന് ലോൺ കിട്ടുന്നതിനുള്ള പ്രശ്നങ്ങൾ കാരണവും പണി 7-10-2014-ൽ മാത്രമാണ് വീണ്ടും തുടങ്ങാൻ സാധിച്ചത്. ഇപ്പോൾ 5% പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള നാലുവരിപ്പാത പൂർതതിയാക്കേണ്ട സമയപരിധി 13-11-2015 ആണ്. ഈ സമയപരിധിക്കുള്ളിൽ തന്നെ പ്രസ്തുത പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള ആറു വരിപ്പാതയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള സമയ പരിധി 6-4-2013 ആയിരുന്നു. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ കാരണം പണി തുടങ്ങുന്നതിനുള്ള സമയം 15-9-2012 ആയി പുനർ നിർണ്ണയിക്കുകയുണ്ടായി. എന്നാൽ ലോൺ കിട്ടുന്നതിനുള്ള പ്രശ്നങ്ങൾ കാരണം 7-10-2014-ലാണ് കൺസഷണയർ പണി ആരംഭിച്ചത്. 31-3-2016-നകം പ്രസ്തുത പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) സ്ഥലം വിട്ടുനൽകുന്നതിലെ പ്രശ്നങ്ങൾ, BOT വ്യവസ്ഥയോടുള്ള പൊതുജനങ്ങളുടെ എതിർപ്പ്, നഷ്ടപരിഹാര തുക ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രശ്നങ്ങൾ തുടങ്ങിയവയായിരുന്നു. പ്രസ്തുത പാത വികസനത്തിന്റെ കാര്യത്തിലുണ്ടായ തടസങ്ങൾ. ഇപ്പോൾ ടി തടസ്സങ്ങളെല്ലാം മാറി 7-10-2014-ൽ പണി ആരംഭിച്ചിട്ടുണ്ട്.

## S.A.R.B.T.M. ഗവൺമെന്റ് കോളേജിലെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ

291(4923) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ, S.A.R.B.T.M. ഗവൺമെന്റ് കോളേജിലെ, ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ അംഗീകാരത്തിനായുള്ള അപേക്ഷ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; വിശദമാക്കാമോ;

(ബി) ടെണ്ടർ അംഗീകരിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ഉത്തരവ് എപ്പോൾ പുറപ്പെടുവിക്കും ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ S.A.R.B.T.M. ഗവൺമെന്റ് കോളേജിലെ ചുറ്റുമതിൽ നിർമ്മാണപ്രവൃത്തിയുടെ ടെണ്ടർ അംഗീകാരത്തിനായുള്ള അപേക്ഷ 26-9-2014-ൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ലോക്കൽ മാർക്കറ്റ് റേറ്റ് സമർപ്പിക്കാൻ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടെണ്ടർ നിർദ്ദേശം സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് കമ്മിറ്റിയിൽ പരിശോധിച്ച് ഇതുസംബന്ധിച്ച് ഉത്തരവിറക്കുന്നതാണ്.

**സപ്ലൈകോ വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ പേരും വിലയും**

292(4925) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ (2011 മേയ്) സപ്ലൈക്കോ വഴി വിതരണം ചെയ്തിരുന്ന സബ്സിഡി സാധനങ്ങളുടെ പേരും അന്നത്തെ വിലയും വ്യക്തമാക്കാമോ;

(ബി) 2014 നവംബറിൽ സപ്ലൈക്കോയുടെ വിതരണം ചെയ്ത സബ്സിഡി സാധനങ്ങളുടെ പേരും അവയുടെ വിലയും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011 മെയ് മാസം സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന സബ്സിഡി സാധനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.*

(ബി) 2014 നവംബർ മാസത്തിൽ സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന സബ്സിഡി സാധനങ്ങളുടെവിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.*

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(നക്ഷത്ര ചിഹ്നമിടാത്ത 4598, 4599, 4601, 4603, 4606, 4607, 4608, 4609, 4612, 4619, 4629, 4631, 4637, 4642, 4643, 4659, 4664, 4678, 4679, 4681, 4686, 4688, 4690, 4698, 4704, 4705, 4706, 4708, 4713, 4714, 4715, 4717, 4718, 4719, 4721, 4722, 4723, 4825 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

9.30 Am]

## II അടിയന്തരപ്രമേയം

## കെ.എസ്.ആർ.ടി.സി. പെൻഷൻകാരന്റെ ആത്മഹത്യ

മി. ഡെപ്യൂട്ടി സ്പീക്കർ: പെൻഷൻ മുടങ്ങിയതിനെത്തുടർന്നുണ്ടായ സാമ്പത്തിക പ്രയാസത്തിൽ മനംനൊന്ത് കെ.എസ്.അർ.ടി.-സി.യിൽനിന്നും വിരമിച്ച തിരുവനന്തപുരം വെള്ളനാട് സ്വദേശി കെ.ഗോപിനാഥപിള്ള ഇന്നലെ ആത്മഹത്യ ചെയ്തിരുന്നു. സെക്രട്ടേറിയറ്റിനുമുൻപിൽ പെൻഷൻകാരും കെഎസ്.ആർ.ടി.സി. ജീവനക്കാരും നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കാനോ നിയമസഭയിൽ നൽകിയ ഉറപ്പ് പാലിക്കാനോ തയ്യാറാകാത്തതിനാലും 19 പെൻഷൻകാർ ആത്മഹത്യ ചെയ്തിരിക്കുന്നതിനാലും ഉളവായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. രാജു, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ജോസ് തെറ്റയിൽ, എ.കെ ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, തിരുവനന്തപുരം വെള്ളനാട് സ്വദേശിയും റിട്ടയേർഡ് കെ.എസ്.ആർ.ടി.സി. ജീവനക്കാരനുമായ ഗോപിനാഥപിള്ള (65 വയസ്സ്) പേരൂർക്കട അമ്പലമുക്കിലുള്ള രണ്ടാമത്തെ മകനും പ്ലാനിംഗ് ബോർഡ് ഉദ്യോഗസ്ഥനുമായ ശ്രീ. ഗോപകുമാറിന്റെ വീട്ടിൽനിന്നും 17-12-2014-ന് രാവിലെ 6.30 മണിയോടെ പ്രഭാതസവാരിക്ക് പോയി. രാവിലെ 7.30 മണിയായിട്ടും തിരികെ വീട്ടിലെത്താത്തതിനാൽ ശ്രീ. ഗോപകുമാറും അയൽവാസികളും ചേർന്ന് രാവിലെ 8.00 മണിയോടുകൂടി അമ്പലമുക്കിലും പരിസരങ്ങളിലും അന്വേഷണം നടത്തിയിട്ടും കാണാതായതിനെത്തുടർന്ന് വെള്ളനാടുള്ള ബന്ധുവിനെ വിവരമറിയിച്ചു. അതനുസരിച്ച് ഗോപിനാഥപിള്ളയുടെ സഹോദരൻ കുടുംബവീടായ വെള്ളനാട് മേലേകോണം ജയാ നിവാസിലെത്തി അന്വേഷിച്ചപ്പോൾ ഗോപിനാഥപിള്ളയെ വിഷംകഴിച്ച് അവശനിലയിൽ കാണപ്പെട്ടു. അതിനുശേഷം മെഡിക്കൽ കോളേജിൽ കൊണ്ടുപോയെങ്കിലും അദ്ദേഹം മരിച്ചതായി ഡോക്ടർമാർ സർട്ടിഫൈ ചെയ്തു. അദ്ദേഹത്തിന്റെ കുടുംബത്തോട് ഞാൻ ദുഃഖം രേഖപ്പെടുത്തുകയാണ്. അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി ധനലക്ഷ്മി വിദ്യാഭ്യാസ വകുപ്പിൽനിന്നും റിട്ടയേർഡ് ചെയ്ത ഉദ്യോഗസ്ഥയാണ്. ശ്രീ. പത്മകുമാർ (റെയിൽവേ ഉദ്യോഗസ്ഥൻ), ശ്രീമതി ഗോപിക (പ്ലാനിംഗ് ബോർഡ്, വയനാട്), മരുമക്കളായ ശ്രീമതി സന്ധ്യ

(വിദ്യാഭ്യാസ വകുപ്പ്), ശ്രീമതി സൗമ്യ (എസ്.ബി.ഐ.), ശ്രീ. ഷിനു (പോലീസ് ഡിപ്പാർട്ടുമെന്റ്) എന്നിവരാണ് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ. ആ കുടുംബത്തോടുള്ള ഗവൺമെന്റിന്റെ ദുഃഖം ഞാൻ രേഖപ്പെടുത്തുകയാണ്. അങ്ങനെയൊരു സാഹചര്യം ഉണ്ടാകരുതെന്നായിരുന്നു നമ്മുടെ പൊതുതാൽപര്യം. പെൻഷൻ കൊടുക്കുന്നതുമായി ബന്ധപ്പെടുത്തി ഇതിനെ കാണേണ്ടതില്ലെന്നാണ് എന്റെ പക്ഷം.

1984-85-ലാണ് കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ ആരംഭിച്ചത്. അന്ന് പെൻഷൻ കൊടുക്കാൻ വർഷത്തിൽ 3.48 കോടി രൂപ മതിയായിരുന്നു. ഇപ്പോൾ, 2014-15-ൽ 500 കോടി രൂപയുണ്ടെങ്കിലേ പെൻഷൻ കൊടുത്തു തീർക്കാൻ സാധിക്കുകയുള്ളൂ. നമ്മുടെ വരവും ചെലവും തമ്മിൽ യോജിക്കുന്നില്ലെന്നുള്ളതാണ് പ്രധാന പ്രശ്നം. 1984-ൽ പെൻഷൻ കൊടുക്കാൻ തീരുമാനിച്ചെങ്കിലും 2014 ആയിട്ടും പെൻഷൻ ഫണ്ട് രൂപീകരിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഇന്ന് സഭയിൽ ചർച്ചയ്ക്ക് വരുന്ന ഒരു ബില്ല് അതുമായി ബന്ധപ്പെട്ടുള്ളതാണ്. കെ.എസ്.ആർ.ടി.സി.-യുടെ ഭാഗത്തുനിന്ന് എടുക്കാവുന്ന തുക ഞങ്ങളെടുക്കും. ബാക്കിയുള്ള തുക കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകും. അങ്ങനെ 10-30 വർഷക്കാലമായി പരിഹരിക്കാതെ കിടക്കുന്ന ഈ പ്രശ്നത്തിന് ശാശ്വതമായൊരു പരിഹാരമുണ്ടാക്കുന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുന്നത്. ഇത് സഭയുടെ പൊതുവായൊരു വികാരമാണ്. കാരണം പെൻഷൻ ഫണ്ട് രൂപീകരിക്കാൻ കഴിയാതിരുന്നതിൽ രണ്ടുപക്ഷത്തിനും അവരുടേതായ പങ്കാളിത്തമുണ്ടാകുമെന്നുള്ളതാണ് എന്റെ വിശ്വാസം. പരസ്പരം അങ്ങോട്ടുമിങ്ങോട്ടും തർക്കിച്ചും ആക്ഷേപം പറഞ്ഞുകൊണ്ടുമിരിക്കാതെ നമുക്കീ പ്രശ്നം പരിഹരിക്കണം. ഇന്ന് ഈ ബില്ല് പാസ്സാകുന്നതോടുകൂടി ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്. ഈ വിഷയം സംബന്ധിച്ച് 22-ാം തീയതി മുഖ്യമന്ത്രി ഒരു ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്. അതിൽ ധനകാര്യ വകുപ്പുമന്ത്രിയും ഞാനുമുണ്ടാകും. റെക്കഗ്നൈസ്ഡ് യൂണിയന്റെ നേതാക്കളെക്കൂടി പങ്കെടുപ്പിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനുള്ള പോസിറ്റീവായ നടപടികളിലേയ്ക്കാണ് ഗവൺമെന്റ് പോകുന്നത്. ബാക്കിയുള്ള കാര്യങ്ങൾ ശ്രീ. കെ. രാജു സംസാരിച്ചതിനുശേഷം ഞാനിവിടെ സൂചിപ്പിക്കാം.

<u>ശ്രീ. കെ. രാജു</u>: സർ, കെ.എസ്.ആർ.ടി.സി മുൻ ജീവനക്കാരനായ ഗോപിനാഥപിള്ളയുടെ ആത്മഹത്യയെ ലഘൂകരിക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടിയിലൂടെ ശ്രമിച്ചിട്ടുള്ളത്. അദ്ദേഹം സൂചിപ്പിക്കുന്നത് കേട്ടാൽ ഭാര്യയുടെ ചെലവിൽ കഴിയുന്നത് അഭിമാനമാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഭാര്യയുടെ അല്ലെങ്കിൽ അന്യരുടെ ചെലവിൽ കഴിയണമെന്നാണോ അങ്ങ് പറയുന്നത്? 30-35 വർഷക്കാലത്തെ സേവനത്തിനുശേഷം പിരിഞ്ഞു പോകുന്ന ഒരു ജീവനക്കാരന് മരണംവരെ ജീവിക്കുന്നതിനാവശ്യമായ സ്റ്റാറ്റ്യൂട്ടറി പെൻഷൻ കൊടുക്കണമെന്നല്ല അദ്ദേഹം സൂചിപ്പിക്കുന്നത്. അദ്ദേഹം പറയുന്നത് പ്ലാനിംഗ് ബോർഡിലെ ജീവനക്കാരനുണ്ട്, ഭാര്യയ്ക്ക് ജോലിയുണ്ട് എന്നൊക്കെയാണ്. ഭാര്യയുടെയും മറ്റുള്ളവരുടെയും ചെലവിൽ കഴിഞ്ഞുകൊള്ളണമെന്ന ദുഃസൂചനയല്ലേ ഇത്? കെ.എസ്.ആർ.ടി.സി.-യിൽ പണിയെടുത്ത് പെൻഷൻപറ്റി പിരിഞ്ഞിട്ടുള്ള മുഴുവൻ തൊഴിലാളികളുടെയും അഭിമാനത്തെ ബാധിക്കുന്ന തരത്തിലുള്ളൊരു ചോദ്യം ചെയ്യലാണ് അങ്ങിവിടെ നടത്തിയിരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 65 വയസ്സുണ്ടായിരുന്ന റിട്ടയേർഡ് സ്റ്റേഷൻ മാസ്റ്ററായ ഗോപിനാഥപിള്ള വെള്ളനാട് കുതിരക്കുളം ഭഗവതിപുരത്തുള്ള ജയ നിവാസ് വീട്ടിൽ അദ്ദേഹത്തിന്റെ ഇളയ മകനോടൊപ്പമാണ് താമസിച്ചിരുന്നത്. ഇളയ മകന് ജോലിയില്ല. രാവിലെ 9.30 മണിയോടുകൂടി മെഡിക്കൽ കോളേജിൽ വച്ചാണ് ഗോപിനാഥപിള്ള മരിക്കുന്നത്. ഗോപിനാഥപിള്ളയുടെ വീട്ടിൽ രാവിലെ 7.30-ഓടുകൂടി വിഷംകഴിച്ച് മൃതപ്രായനായാണ് കണ്ടത്. അതിനുശേഷം മെഡിക്കൽ കോളേജിൽ കൊണ്ടുപോയി, അവിടെവച്ച് മരിച്ചു. പോസ്റ്റ്മോർട്ടത്തിനുശേഷം ഏതാണ്ട് 4.00 മണിയോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങടക്കമുള്ള മന്ത്രിമാരെല്ലാം വാണരുളുന്ന ഭരണ സിരാകേന്ദ്രമായ സെക്രട്ടേറിയറ്റിന് മുൻവശത്ത് മൃതശരീരം കൊണ്ടുവന്ന് വച്ചില്ലേ ആയിരക്കണക്കിനു തൊഴിലാളികളും നാട്ടുകാരും മറ്റ് ജനവിഭാഗങ്ങളുമെല്ലാം സെക്രട്ടേറിയറ്റിന്റെ മുൻപിൽ വന്ന് ഗോപിനാഥപിള്ളയുടെ മൃതശരീരം കണ്ടില്ലേ; ഈ സർക്കാരിനെതിരായിട്ടുള്ള വമ്പിച്ച പ്രതിഷേധമല്ലേ അവിടെ കണ്ടത്; 2004 ഏപ്രിൽ മാസത്തിലാണ് അദ്ദേഹം സർവ്വീസിൽനിന്ന് റിട്ടയർ ചെയ്യുന്നത്. അതിനുശേഷം തുടർന്നിങ്ങോട്ട് അദ്ദേഹം സ്ഥിരമായി രോഗിയാണ്. കെ.എസ്.ആർ.ടി.സി.-യിൽനിന്നും റിട്ടയർ ചെയ്ത മിക്കവാറും പേർ പാവപ്പെട്ടവരല്ലേ; 30 വർഷക്കാലത്തെ സേവനത്തിനുശേഷം കെ.എസ്.ആർ.ടി.സി.യിൽ

നിന്ന് പിരിഞ്ഞുപോയിട്ടുള്ള ഡ്രൈവറാകട്ടെ, കണ്ടക്ടറാകട്ടെ, സ്റ്റേഷൻ മാസ്റ്ററാകട്ടെ അത്തരത്തിലുള്ള ജീവനക്കാരിൽ ബഹുഭൂരിപക്ഷവും പാവപ്പെട്ടവരാണ്. അവർ മറ്റിതര ഡിപ്പാർട്ടുമെന്റിൽ ഉള്ളവരെപ്പോലെയല്ല. ഇന്നിപ്പോൾ ഗോപിനാഥപിള്ളയുടെ മരണത്തോടെ കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് റിട്ടയർ ചെയ്തതിനുശേഷം ആത്മഹത്യ ചെയ്തവരുടെ എണ്ണം 19 ആയി. ഈ വിഷയം ഗവൺമെന്റിന്റെ മുൻപിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ ബാറുകൾ പൂട്ടിയതുകൊണ്ട് 9 തൊഴിലാളികൾ ആത്മഹത്യ ചെയ്തതായി പറഞ്ഞു. അതിന്റെ ഫലമായി അടിയന്തരമായി മന്ത്രിസഭ യോഗം ചേരുമെന്നും സർക്കാരിന്റെ മദ്യനയത്തിൽ മാറ്റം വരുത്തുമെന്നും പറഞ്ഞില്ലേ; ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരന്റെ അഭിപ്രായംപോലും മാറ്റിവച്ചുകൊണ്ട് മദ്യനയത്തിൽ വെള്ളം ചേർക്കുന്നു എന്നൊക്കെ പറഞ്ഞില്ലേ. ബാർ തൊഴിലാളി മേഖലയിൽ 9 പേർ ആത്മഹത്യ ചെയ്തപ്പോഴുണ്ടായിട്ടുള്ള കനിവ് എന്തുകൊണ്ട് കെ.എസ്.ആർ.ടി.സി. തൊഴിലാളികളിൽ 19 പേർ ആത്മഹത്യ ചെയ്തപ്പോഴുണ്ടാകുന്നില്ലെന്നാണ് ഞാൻ ചോദിക്കുന്നത്. അതിന്റെ പിന്നിൽ ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലുള്ള കോഴയുടെ വിഷയമാണോ; കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർ പണം പിരിച്ച് കോഴയുമായി വരുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; ബാർ തുറക്കുന്നതിനുവേണ്ടി ബാർ മുതലാളിമാർ കോഴയുമായി വന്നു. ആ കോഴയുടെ പങ്ക് പറ്റിക്കൊണ്ട് മദ്യനയത്തിൽ മാറ്റം വരുത്താൻ തീരുമാനിക്കുന്നതുപോലെ ഈ തൊഴിലാളികൾ കോഴയുമായി വരുമെന്നും കോഴ വാങ്ങിക്കൊണ്ട്നയത്തിൽ മാറ്റം വരുത്താമെന്ന് കരുതുകയാണോ? അങ്ങ് റോമാ സാമ്രാജ്യം കത്തിയെരിയുമ്പോൾ വീണ വായിച്ച നീറോചക്രവർത്തിയെപ്പോലെയാണ്. ഇവിടെ ഇങ്ങനെയുള്ള പ്രശ്നങ്ങൾ നടക്കുമ്പോൾ ഫിലിം ഫെസ്റ്റിവലിന്റെ ചുമതലയുമായി നടക്കുകയാണ്. ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയും, ആരോഗ്യവകുപ്പ് മന്ത്രിയും സിനിമാ തിയേറ്ററിലിരുന്ന് സിനിമ കണ്ട് രസിക്കുന്ന പടം ഇന്നത്തെ പത്രങ്ങളിൽ വന്നു. അങ്ങും, ശ്രീ. വി. എസ്. ശിവകുമാറും കൂടി സിനിമ കാണുമ്പോൾ പാവപ്പെട്ട ഗോപിനാഥൻ പിള്ള ജീവിക്കാൻ നിവൃത്തിയില്ലാതെ ആത്മഹത്യ ചെയ്യുന്നതിനുവേണ്ടി ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്ന വസ്തുത മനസ്സിലാക്കണം. റോമാ സാമ്രാജ്യം കത്തിയെരിമ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുന്നു എന്ന് പറയുന്നതുപോലെ, ഇവിടെ ഓരോ തൊഴിലാളികളായി ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ

പ്രശ്നങ്ങൾ ലഘൂകരിച്ചുകൊണ്ട് സ്വസ്ഥമായിരുന്ന് വീണ വായിക്കുകയാണെന്നുള്ളതല്ലേ സത്യം? കെ.എസ്.ആർ.ടി.സി. യിൽ കഴിഞ്ഞ മൂന്ന് മാസമായി പെൻഷൻ ലഭിക്കുന്നില്ല. ശ്രീ. എളമരം കരീം ഈ വിഷയമുന്നയിച്ചുകൊണ്ട് സംസാരിച്ചയവസരത്തിൽ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നിയമസഭയിൽ പറഞ്ഞത് ഏതാനും ദിവസങ്ങൾക്കുള്ളിൽ പെൻഷൻ പൂർണ്ണമായും കൊടുത്തുതീർക്കുമെന്നാണ്. ഇപ്പോൾ മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശികയാണ്. അതിന്റെ ഫലമായാണ് ആത്മഹത്യകൾ നടന്നു കൊണ്ടിരിക്കുന്നത്. ഈ നിലയ്ക്കാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് റിട്ടയർ ചെയ്തവർ കൂട്ട ആത്മഹത്യ ചെയ്യേണ്ടി വരും, ആ കാലം വിദൂരമല്ല. ഇതുപോലുള്ള സംഭവങ്ങളുണ്ടാകുമ്പോൾ നമ്മുടെ പൊതുസമൂഹവും തൊഴിലാളികളും വെറുതെ കണ്ണും കെട്ടി നോക്കിയിരിക്കുമെന്ന് ഈ ഗവൺമെന്റ് കരുതരുത്. 1938-ൽ തിരുവിതാംകൂർ മഹാരാജാവ് ഭരിക്കുന്ന സമയത്ത് പബ്ലിക്ക് യൂട്ടിലിറ്റി സർവ്വീസ് എന്ന നിലയ്ക്കാണ് കെ.എസ്.ആർ.ടി.സി. ഇവിടെ രൂപം കൊണ്ടത്. തിരുവനന്തപുരത്ത് നിന്നും നാഗർകോവിലിലേക്ക് ഒരു ബസ് ഓടിച്ചുകൊണ്ടാണ് ആദ്യമായി ഈ ഗവൺമെന്റ് ഈ വകുപ്പിന്റെ പ്രവർത്തനമാരംഭിച്ചത്. ആർ. ശങ്കർ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ, 1965 ഏപ്രിലിൽ, ഇത് കോർപ്പറേഷനാക്കി മാറ്റി. സർക്കാർ ജീവനക്കാർ എന്ന രീതിയിൽ ഈ ഡിപ്പാർട്ട്മെന്റിൽ കിട്ടിക്കൊണ്ടിരുന്ന ശമ്പളവും മറ്റാനുകൂല്യങ്ങളുമെല്ലാം അതേ രീതിയിൽത്തന്നെ നൽകുന്നതാണെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് അന്ന് കോർപ്പറേഷനാക്കി മാറ്റിയത്. അങ്ങനെ രൂപീകരിച്ച ആ കോർപ്പറേഷന്റെ ഇന്നത്തെ സ്ഥിതിക്ക് ഒരു പരിഹാരം കാണാൻ ഗവൺമെന്റിന് ഉത്തരവാദിത്വമില്ലേ ജനങ്ങൾക്ക് പൊതുമേഖലയിൽ ഗതാഗത സൗകര്യം നൽകുവാനുള്ള ബാധ്യത സർക്കാരിനുണ്ട്. ഇത് ഒരു പബ്ലിക്ക് യൂട്ടിലിറ്റി സർവ്വീസാണ് ആണ്. അതുകൊണ്ടുതന്നെ നിരവധി ആനുകൂല്യങ്ങൾ നൽകാൻ കെ.എസ്. ആർ.ടി.സി. നിർബന്ധിതമായിട്ടുണ്ട്. വികലാംഗർക്കും പലവിധത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കും ജനപ്രതിനിധികൾക്കുമെല്ലാം യാത്രാ സൗജന്യങ്ങൾ നൽകുന്നുണ്ട്. ഇത് ലാഭം മാത്രം നോക്കി നടത്തിക്കൊണ്ട് പോകേണ്ട ഒരു സ്ഥാപനമല്ല. ഈ സ്ഥാപനത്തെ നിലനിർത്തിക്കൊണ്ടു പോകണമെങ്കിൽ, ഗവൺമെന്റ് അതിനാവശ്യമായ ധനസഹായം നൽകുകയും പെൻഷൻ പൂർണ്ണമായും കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം. അങ്ങയുടെ പാർട്ടിയുടെ നേതാവായിരുന്ന സുന്ദരൻ നാടാർ മുതൽ

ശ്രീ. ആര്യാടൻ മുഹമ്മദിന്റെ കാലംവരെ പെൻഷന് ഒരു തടസ്സവുമില്ലായിരുന്നു. പ്രായത്തിൽ ജൂനിയറായിരുന്ന ശ്രീ. കെ. ബി. ഗണേഷ് കുമാറും ശ്രീ. വി. എസ്. ശിവകുമാറും ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോൾപോലും പെൻഷൻ കൊടുത്തിരുന്നു. പിന്നെന്തുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് കഴിയുന്നില്ല? അങ്ങ് ഈ വകുപ്പ് ഏറ്റെടുത്തതിനുശേഷം തൊഴിലാളികൾക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും കിട്ടുന്നില്ല. അങ്ങ് നിയമസഭയിൽ പ്ലസ് ടു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര ഉറപ്പു നൽകുന്നു എന്നൊരു പ്രഖ്യാപനം നടത്തി. യഥാർത്ഥത്തിൽ കേരളത്തിലെ ജനങ്ങൾ അത് സ്വീകരിച്ചോ? അങ്ങയുടെ പ്രഖ്യാപനത്തോട് അനുകൂലമായ ഒരു പ്രതികരണം അങ്ങ് പ്രതീക്ഷിച്ചതുപോലെ ഉണ്ടായില്ല, അതല്ലേ വസ്തുത. കാരണം അങ്ങ് നടത്തിയ പ്രഖ്യാപനം നടക്കാൻ പോകുന്നുവോ; കെ.എസ്.ആർ.ടി.സി. നിലനിൽക്കുമോ; കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് ഇപ്പോഴുള്ള ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുമെന്ന് ഉറപ്പുണ്ടോ? വിദ്യാർത്ഥികൾക്ക് ഒരാനുകൂല്യം നൽകിയാൽ കെ.എസ്.ആർ.ടി.സി.-യിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമല്ല, പ്രൈവറ്റ് ബസ്സിലടക്കം സഞ്ചരിക്കുന്ന വിദ്യാർത്ഥികൾക്കെല്ലാം അത് ലഭ്യമാക്കണം. അങ്ങയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അത് ലഭിക്കുമോ? ഇപ്പോൾ 40 കിലോമീറ്റർ വരെയുള്ള യാത്രയ്ക്കാണ് സൗജന്യം ലഭിക്കുന്നത്. അതിൽക്കൂടുതലുള്ള യാത്രയ്ക്കും ഫാസ്റ്റിലും സൂപ്പർ ഫാസ്റ്റിലും സൗജന്യമില്ല. യാതൊരു ആനുകൂല്യങ്ങളും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല. അങ്ങ് അധികാരത്തിൽ വന്നതിനുശേഷം ഡീസലിന്റെ വിലയിൽ 10 രൂപയോളം കുറവ് വന്നു. ആ സാഹചര്യത്തിൽ ടിക്കറ്റിന്റെ നിരക്ക് കുറച്ചുകൂടെ? ടിക്കറ്റിന്റെ നിരക്ക് എല്ലാവർക്കും കുറച്ചുകൊടുക്കാമെന്നിരിക്കേ, വിദ്യാർത്ഥികളുടെ പേരിൽ ഒരു പ്രഖ്യാപനം നടത്തി മുതലക്കണ്ണീരൊഴുക്കി തട്ടിപ്പ് നടത്താനുള്ള ശ്രമമാണ് അങ്ങ് നടത്തിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിൽ ഉയർന്നതലത്തിലുള്ള ഉദ്യോഗസ്ഥർ വൻതോതിൽ അഴിമതി നടത്തുകയാണ്. പത്രങ്ങളിൽ അതിനെ സംബന്ധിച്ചുള്ള വാർത്തകൾ വന്നതാണ്. പുതിയതായി നിയമിക്കപ്പെട്ട ഫിനാൻസ് ഓഫീസർ, നിരവധി ഔദ്യോഗിക തസ്തികകളാണ് ഒരേ സമയം വഹിക്കുന്നത്. സി.എം.ഡി.യാണെങ്കിൽ അടുത്ത സമയത്ത് ബ്രസീലിൽ പോയിരുന്നു. ലോകം ചുറ്റലാണ് അദ്ദേഹത്തിന്റെ പ്രധാന പണി. അദ്ദേഹം ഏതെല്ലാം കോർപ്പറേഷനിൽ എം.ഡി.യായി ഇരുന്നിട്ടുണ്ടോ അവിടെയെല്ലാം ഇപ്പോൾ ഇവിടെ നിയമിതനായിട്ടുള്ള ഫിനാൻസ് മാനേജരെയും കൊണ്ടു പോയിക്കൊണ്ടിരിക്കുകയാണ്. 1000

മുതൽ 1500 വരെ തൊഴിലാളികളുണ്ടായിരുന്ന ചെറിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഫിനാൻസ് മാനേജരായി പ്രവർത്തിച്ച ആളിനെ ഇന്നിപ്പോൾ 40,000-ത്തോളം ജീവനക്കാരുള്ള ഈ സ്ഥാപനത്തിൽ ഫിനാൻസ് മാനേജരാക്കിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ പേരിൽ നിരവധി ആരോപണങ്ങൾ ഉയർന്നുവന്നിട്ടുണ്ട്, ഹൈക്കോടതിയിൽ കേസുമുണ്ട്. അദ്ദേഹം ഏതെല്ലാം സ്ഥാപനങ്ങളിൽ ഇരുന്നിട്ടുണ്ടോ ആ സ്ഥാപനങ്ങളിലെല്ലാം ആരോപണങ്ങളുണ്ടാവുകയും അതിനെത്തുടർന്ന് ആ സ്ഥാനങ്ങൾ രാജിവയ്ക്കുകയും ചെയ്തിട്ടുള്ള ആളാണ്. ഇപ്പോൾ വകുപ്പുമന്ത്രിയുടെ ഒത്താശയോടുകൂടിയാണ് ഇദ്ദേഹത്തെ ഈ പ്രധാനപ്പെട്ട സ്ഥാനത്ത് നിയമിച്ചിരിക്കുന്നത്. ഇതുപോലെ അഴിമതി ആരോപണങ്ങളിൽ ഉൾപ്പെട്ടവരെ ഉയർന്ന സ്ഥാനങ്ങളിൽ നിറച്ച് കെ.എസ്.ആർ.ടി.സി.-യെ കുത്തുപാളയെടുപ്പിക്കുന്ന നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. കെ.എസ്.ആർ.ടി.സി. നിലനിൽക്കണം, കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൃത്യമായ ശമ്പളം ലഭിക്കണം, പെൻഷൻകാർക്ക് പെൻഷൻ ലഭിക്കണം, കെ.എസ്.ആർ.ടി.സി. നേരിടുന്ന വിഷയങ്ങൾ ഇവിടെ ചർച്ച ചെയ്യണം. ഈ പ്രശ്നം സംബന്ധിച്ച് പ്രതിപക്ഷത്തിന്റെ അഭിപ്രായം കേൾക്കണം. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് കെ.എസ്.ആർ.ടി.സി. പെൻഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഞാൻ ആരെയും ആക്ഷേപിക്കുവാൻ വേണ്ടി പറഞ്ഞതല്ല, ദേശാഭിമാനിയിൽ വന്ന ഒരു വാർത്ത വായിച്ചെന്നേയുള്ളൂ. ഞാൻ ഇതുപോലെയുള്ള കാര്യത്തിൽ ആരെയും ആക്ഷേപിക്കാറില്ല. ആ കുടുംബത്തോടുള്ള ദുഖം രേഖപ്പെടുത്താൻ വേണ്ടി ചെയ്തതാണ്.........(ബഹളം)......... ഇവിടെ അദ്ദേഹം കുറേ കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം പറഞ്ഞുപറഞ്ഞ് ഞാൻ സിനിമ കാണാൻ പോയതുപോലും പറഞ്ഞു. ഞാൻ സിനിമ കണ്ടില്ല, ഞാൻ ആ തിയറ്ററിൽ പോയി എന്നത് സത്യമാണ്. ഞാൻ സിനിമയുടെ ചാർജ്ജുള്ള മന്ത്രിയാണ്. ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ നടക്കുമ്പോൾ ഞാൻ ആ തിയറ്ററിൽ പോകണ്ടേ; ഞാൻ അവിടെപ്പോയി, അവിടത്തെ ഒരുക്കങ്ങൾ നോക്കി, ഉടനെ തിരികെ പോന്നു. അതുപോലും അദ്ദേഹം ഈ രൂപത്തിൽ പറഞ്ഞതിൽ എനിക്ക് വലിയ വിഷമമുണ്ട്. അങ്ങനെയൊക്കെ പറയാമോ? ഞാൻ അതൊന്നും ഗൗരവമായി എടുക്കുന്നില്ല. അദ്ദേഹവും അത് ഗൗരവമായി പറഞ്ഞതാകില്ലെന്ന് ഞാൻ കരുതുന്നു. ഗവൺമെന്റ് ഈ വിഷയം ഗൗരവമായി എടുത്തതുകൊണ്ടാണ് ഇതിനെക്കുറിച്ച് ചർച്ച ചെയ്യാനായി 22-ാം തീയതി മുഖ്യമന്ത്രി യോഗം വിളിച്ചിരിക്കുന്നത്. ബന്ധപ്പെട്ട ആളുകളെക്കൂടി വിളിച്ച് ഈ പ്രശ്നത്തിന്

പരിഹാരമുണ്ടാക്കണം. ഞാൻ ഒരു കാര്യം പറയട്ടെ, 1984 ഏപ്രിൽ 2-ാം തീയതി മുതൽ ഈ പെൻഷൻ രീതിയാണ്. അതിനുശേഷം പല സന്ദർഭങ്ങളിലും പെൻഷൻ മുടങ്ങിയിട്ടുണ്ട്. മുടങ്ങിയിട്ടുള്ളതിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. ആ കണക്കുകളൊന്നും ഞാനിപ്പോൾ പറയുന്നില്ല. ആ കണക്കുകൾ വച്ച് തർക്കിക്കാനുള്ള സമയമല്ലിത്. പെൻഷൻ ഫണ്ട് പ്രത്യേകം മാറ്റിവച്ചിട്ടില്ലാത്തതിനാൽ പല സന്ദർഭങ്ങളിലും പെൻഷൻ മുടങ്ങിയിട്ടുണ്ട്. അതുണ്ടാകാതിരിക്കണമെങ്കിൽ പെൻഷൻ ഫണ്ട് രൂപീകരിക്കണം. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം കെ.എസ്.ആർ.ടി.സി.-യിലെ വരവും ചെലവും തമ്മിൽ യോജിക്കുന്നില്ലെന്നതാണ്. വരുമാനവും ചെലവും തമ്മിൽ യോജിച്ചെങ്കിൽ മാത്രമെ ഈ കാര്യങ്ങൾ മുമ്പോട്ട് കൊണ്ട് പോകാൻ സാധിക്കുകയുള്ളൂ. കെ.എസ്.ആർ.ടി.സി.-യുടെ റവന്യൂ ചെലവ് ശമ്പളയിനത്തിൽ 750 കോടിയും രൂപയും സ്പെയർപാർട്സ് വാങ്ങുന്നതിനായി 120 കോടി രൂപയും ഡീസലിന് 864 കോടി രൂപയും വേണം. അതോടൊപ്പംതന്നെ ലോൺ റീപേയ്മെന്റിനുവേണ്ടി 612 കോടി രൂപ കണ്ടെത്തണം. കോടതി വിധി പ്രകാരം മാറ്റി വയ്ക്കേണ്ടത് 144 കോടി രൂപയുമുണ്ട്. വെഹിക്കിൾ ടാക്സ് അടയ്ക്കാൻ 11 കോടി രൂപ വേണം. ഇതെല്ലാം കൂടി 2551 കോടി രൂപ വേണം. ഇതിനോടൊപ്പം പെൻഷൻ കൊടുക്കാനുള്ള 500 കോടി കൂടി ചേർത്താൽ മൊത്തം 3,051 കോടി രൂപയുണ്ടെങ്കിലേ കെ.എസ്.ആർ.ടി.സി. എന്ന സ്ഥാപനം നിലനിൽക്കുകയുള്ളൂ. അല്ലാതെ ഇതിന്റെ തലപ്പത്ത് വരുന്ന വ്യക്തികളുടെ കുഴപ്പമല്ല. കെ.എസ്.ആർ.ടി.സി.യുടെ 1965 മുതലുള്ള പ്രവർത്തനത്തിന്റെ ബാക്കി പത്രമാണ് ഈ അവസ്ഥയിൽ എത്തിനിൽക്കുന്നത്. അവസാനത്തെ ഒരു വർഷം എനിക്കും അതിൽ പങ്കാളിയാകേണ്ടി വന്നുവെന്നുള്ളതും സത്യമാണ്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനമെന്ന് പറയുന്നത് 1,860 കോടി രൂപയേയുള്ളൂ. ആനുവൽ ഡെഫിസിറ്റ് 1,221 കോടി രൂപയാണ്. ഈ 1,221 കോടി രൂപ കിട്ടണമെങ്കിൽ വളരെ ബുദ്ധിമുട്ടാണ്. കെ.എസ്.ആർ.ടി.സി. ഒരുപാട് കമാനങ്ങളും കെട്ടിടങ്ങളും നിർമ്മിച്ചില്ലേ എന്നൊക്കെ ചോദിക്കുന്നവരുണ്ട്. അതിന് കെ.എസ്.ആർ.ടി.സി.-യുടെ ഭൂമി പോയിട്ടുണ്ടെന്നത് ശരിയാണ്. അവിടെ മുടക്കിയ പണത്തിന് കാര്യമായ റിട്ടേണമില്ല. അതിനുവേണ്ടി കടമെടുത്ത 1,300 കോടി രൂപയ്ക്ക് 16.25 ശതമാനം പലിശ കൊടുക്കേണ്ടതായി വരികയാണ്. ................(ബഹളം).........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്..........(ബഹളം).........പ്ലീസ്...... നിങ്ങൾക്ക് സംസാരിക്കാൻ അവസരമുണ്ടല്ലോ. നിങ്ങൾ അടിയന്തരപ്രമേയം അവതരിപ്പിച്ചു. ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയട്ടേ. ........(ബഹളം)......ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ് ... പ്ലീസ് ...പ്ലീസ്... ശ്രീ. വി. എസ്. സുനിൽകുമാർ പ്ലീസ്... ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയട്ടേ ..ശ്രീ. കെ. കെ. ജയചന്ദ്രൻ പ്ലീസ്..

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, കെ.ടി.ഡി.എഫ്.സി.-യിൽനിന്ന് വായ്പയെടുത്ത 1,300 കോടി രൂപയ്ക്ക് 16.25 ശതമാനം നിരക്കിൽ പലിശ കൊടുക്കണം. ആ പലിശ കൊടുക്കുന്നത് ആരാണ്? 1,300 കോടി രൂപ ഏത് രൂപത്തിൽ പോയിയെന്നുള്ളതല്ലേ ചോദിക്കുന്നത്........(ബഹളം)...... ഇതാണ് ഇവിടത്തെ പ്രധാന പ്രശ്നം, യഥാർത്ഥ കാര്യങ്ങൾ പറയാൻ അനുവദിക്കില്ല, അപ്പോഴേക്കും പ്രശ്നങ്ങളുണ്ടാക്കുകയാണ്. ഈ 1,300 കോടി രൂപയ്ക്ക് പ്രതിമാസം 16.25 ശതമാനം നിരക്കിൽ പലിശ കൊടുക്കാനുള്ള വരുമാനമെവിടെനിന്നാണ്? അപ്പോൾ ഞങ്ങൾ ഒരു കാര്യം ചെയ്തു; ഈ 16.25 ശതമാനം പലിശ ഒഴിവാക്കത്തക്ക വിധത്തിൽ കെ.ടി.ഡി.എഫ്.സി.യുടെ 1,300 കോടി രൂപ നാഷണലൈസ്ഡ് ബാങ്കുമായി റീസ്ട്രക്ചർ ചെയ്യാൻ തീരുമാനിച്ചു. അത് സ്വാപ്പ് ചെയ്ത് ആ പലിശ കുറച്ച് അങ്ങനെ കെ.എസ്.ആർ.ടി.സി.-ക്ക് ഒരു മാസത്തിൽ 30 കോടി രൂപ വച്ച് ലാഭിച്ച് 365 ദിവസംകൊണ്ട് ഈ അവസ്ഥയിൽനിന്ന് വലിയ വ്യത്യാസമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സാവകാശം ലഭിച്ചാലല്ലേ കാര്യങ്ങൾ ചെയ്യാൻ കഴിയൂ. ഇക്കാര്യത്തിൽ രണ്ട് രൂപത്തിലുള്ള സമീപനമാവശ്യമാണ്. ഒന്ന്, ഇമ്മീഡിയറ്റായി ചെയ്യാനുള്ള കാര്യങ്ങൾ; രണ്ട്, ദീർഘകാലം കൊണ്ട് ചെയ്യേണ്ടത്. പാവപ്പെട്ട തൊഴിലാളികൾ പകൽ മുഴുവൻ കഷ്ടപ്പെട്ട് അദ്ധ്വാനിച്ചുണ്ടാക്കുന്ന കളക്ഷനിൽനിന്ന് ഈ പലിശ കൂടി അടയ്ക്കണമെന്ന് പറഞ്ഞാൽ പലിശ അടയ്ക്കുമോ അതോ ഇവർക്ക് ശമ്പളം കൊടുക്കുമോ? ശമ്പളം കൊടുക്കുന്ന കാര്യത്തിനല്ലേ പ്രയോറിറ്റി കൊടുക്കേണ്ടത്; രാവിലെ മുതൽ അദ്ധ്വാനിക്കുന്ന പാവപ്പെട്ട തൊഴിലാളിക്ക് ശമ്പളം കൊടുക്കുന്നതിനുള്ള നടപടി എടുക്കാതിരിക്കാൻ കഴിയില്ല. അവരുടെ ശമ്പളം പ്രയോറിറ്റിയിൽത്തന്നെ കൊടുക്കണം. അവരാണ് കഷ്ടപ്പെടുന്നത്, അവരുടെ രക്തം കൊണ്ടാണ് ഈ തുക ഓരോ ദിവസവും കളക്ഷനായി എത്തിച്ചേരുന്നത്. ആ തൊഴിലാളിയേയും അവരുടെ കുടുംബത്തേയും പട്ടിണി കിടക്കാൻ അനുവദിക്കണമോ? അവർക്ക് ശമ്പളം യഥാസമയം കൊടുക്കണം. ആ ശമ്പളം കൊടുക്കണമോ നേരത്തെ വരുത്തിവച്ച ഈ പലിശ അടയ്ക്കണമോ എന്നുള്ളതാണ്. അതുകൊണ്ട് ഈ പലിശ അടച്ച് തീർക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേക്ക് നമ്മൾ പോവുകയാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികളെടുത്തിട്ടുണ്ട്. നമ്മൾ സംസാരിക്കുന്ന ഈ ദിവസം 5171 കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിൽ ഓടുന്നുണ്ട്. ഇന്നലത്തെ കണക്ക് ഞാൻ പറയുന്നില്ല കാരണം തിരുവനന്തപുരം ജില്ലയിൽ ഇന്നലെ സമരമായിരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കഴിഞ്ഞ വർഷത്തേക്കാൾ ഒരു ദിവസം ഒരു കോടി രൂപ കൂടിയിട്ടുണ്ട്. ഇങ്ങനെ

പ്രതിവർഷം 365 കോടി രൂപയുടെ വരുമാനവർദ്ധനവാണുണ്ടായിട്ടുള്ളത്. ഇതൊക്കെ ചെയ്തുകൊണ്ട് പോകണമെങ്കിൽ നിങ്ങളും സഹകരിക്കണം. യൂണിയനിലുള്ള ഭൂരിപക്ഷം ആളുകളും ഏത് രാഷ്ട്രീയത്തിൽ നിൽക്കുന്നുവെന്നത് ഞാൻ ഓർമ്മിപ്പിക്കുന്നതേയില്ല. പക്ഷേ അവരുടെ സഹകരണം കൂടി ആവശ്യമാണ്. ശമ്പളം കൊടുക്കാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽനിന്ന് പലിശയ്ക്ക് പണം കടമെടുക്കേണ്ടതായി വന്നു. പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് എന്റെ വകയാണോ?

<u>ശ്രീ. മാത്യു. റ്റി. തോമസ്</u> : സർ, എന്തുകൊണ്ടാണ് പണം കടമെടുക്കേണ്ടി വന്നത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് കേൾക്കൂ, അങ്ങേക്കും ഇതൊക്കെ അറിയാവുന്നതല്ലേ; അങ്ങേക്ക് എന്നേക്കാൾ കൂടുതൽ ഇക്കാര്യങ്ങളെ കുറിച്ച് അറിയാമല്ലോ; ഞാൻ തർക്കിക്കുന്നില്ല. ഗവൺമെന്റ് ഗ്യാരന്റി കൊടുക്കാമെന്ന് പറഞ്ഞു. അതുകൂടാതെ കെ.എസ്.ആർ.ടി.സി.-യിൽനിന്നും അതിനുള്ള കൊളാറ്ററൽ സെക്യൂരിറ്റികൂടി നൽകിയിട്ടാണ് കടമെടുത്ത് ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ തീരുമാനിച്ചത്. ഒരു ഗവൺമെന്റിന് ഇതല്ലാതെ മറ്റെന്താണ് ചെയ്യാൻ കഴിയുക; വരുമാനമില്ല. ചെലവ് കുറയ്ക്കാൻ കഴിയില്ല, ശമ്പളം നൽകുന്നതിന് പണമുണ്ടാകണം. അതുകൊണ്ട് കിട്ടുന്ന എല്ലാ സ്ഥലങ്ങളിൽ നിന്നും പണം കടമെടുക്കാൻ ശ്രമിക്കുകയാണ്.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, ഇവിടത്തെ വിഷയം, ആത്മഹത്യ ചെയ്തവരുടെ എണ്ണം 19 ആയി. അവർക്ക് പെൻഷൻ കൊടുക്കാൻ കഴിയുമോയെന്ന് പറയണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ അതിനെക്കുറിച്ചുതന്നെ പറയുമായിരുന്നു. പക്ഷെ, ബഹുമാന്യനായ ശ്രീ. കെ. രാജു - അദ്ദേഹം ലാ കോളേജിൽ എന്റെ കൂടെ പഠിച്ചയാളാണ് - ഒരുപാട് കാര്യങ്ങൾ പറഞ്ഞപ്പോൾ ഞാൻ അതിനെക്കുറിച്ച് പറയാതെ വന്നാൽ അത് തെറ്റല്ലേ; അങ്ങയുടെ പാർലമെന്ററി പാർട്ടി അംഗമായ ശ്രീ. കെ. രാജു പറഞ്ഞതിന് ഞാൻ മറുപടി പറഞ്ഞില്ലെങ്കിൽ അതെല്ലാം unanswered ആയി രേഖകളിൽ കിടക്കില്ലേ; അതുകൊണ്ട് മാത്രം പറഞ്ഞതാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കൂടണം, പെൻഷൻ കൊടുക്കണം, അതിനുള്ള പരിശ്രമമുണ്ടാകണം. അതിനാണ് മുഖ്യമന്ത്രി 22-ാം തീയതി ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ടെന്ന് ഞാൻ പറഞ്ഞത്.

<u>ശ്രീ. എളമരം കരീം</u> : സർ, മരണപ്പെട്ടത് പത്തൊൻപതാമത്തെയാളാണ്. മരണപ്പെടാനുണ്ടായ കാരണം പെൻഷൻ കൊടുക്കാത്തതാണ്. മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തെങ്കിലും നഷ്ടപരിഹാരം കൊടുക്കുന്നതിനെപ്പറ്റി അങ്ങ് ഒന്നും

പറയാത്തതെന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞതിനെയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. സൂയിസൈഡ് നോട്ടുണ്ടോയെന്ന് ഞാൻ ചോദിച്ചിരുന്നു. ഇല്ലെന്നാണ് പറഞ്ഞത്.

ശ്രീ. വി.എസ്. സുനിൽ കുമാർ : സർ, ആത്മഹത്യ ചെയ്ത 19 പേരുടെ കുടുംബത്തിന് നഷ്ടപരിഹാരം കൊടുക്കുന്നതിനെക്കുറിച്ചാണ് ചോദിച്ചത്.

10.00 Am]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങയുടെ നേതാവ് ശ്രീ. സി. ദിവാകരൻ ചോദിച്ച ചോദ്യത്തിന് ഞാൻ ഉത്തരം പറയുകയല്ലേ; അത് കേൾക്കാനുള്ള സഹിഷ്ണുത കാണിക്കേണ്ടേ; ഞാൻ അദ്ദേഹം ചോദിച്ചതിന് മറുപടി പറയട്ടെ. പെൻഷൻ കൊടുത്തേ മതിയാകൂ. പെൻഷൻ കൊടുക്കാനുള്ള പണമുണ്ടാകണം. കെ.എസ്.ആർ.ടി.സി.-യുടെ ചരിത്രത്തിൽ ഇന്നേവരെ കൊടുക്കാനുള്ള പെൻഷന്റെ 50 ശതമാനം കെ.എസ്.ആർ.ടി.സി. തന്നെ ഉണ്ടാക്കിക്കൊള്ളാമെന്ന് പറഞ്ഞ ഒരു കാലഘട്ടവുമില്ല. ഞാൻ ഈ സഭയിൽ ഉറപ്പു പറയുന്നു, കൊടുക്കേണ്ട പെൻഷന്റെ 50 ശതമാനം കെ.എസ്.ആർ.ടി.സി. തന്നെ ഉണ്ടാക്കിക്കൊള്ളും. ബാക്കി 50 ശതമാനം കണ്ടെത്തണം. അതിനുള്ള ആലോചനകൾ നടക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 22-ാം തീയതി യോഗം വിളിച്ചിട്ടുണ്ട്. ആ യോഗത്തിൽ തീരുമാനമുണ്ടാകുമെന്നുള്ള ശുഭ പ്രതീക്ഷയിലാണ് ഞാനും. നമുക്കെല്ലാപേർക്കുംകൂടി സഹകരിച്ച് ഈ മഹാപ്രസ്ഥാനത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കണ മെന്നു തന്നെയാണ് എന്റെയും അഭിപ്രായം.

ശ്രീ. എളമരം കരീം: സർ, ആത്മഹത്യ ചെയ്ത ആളിന്റെ കുടുംബത്തിന് എന്തെങ്കിലും ധനസഹായം കൊടുക്കാൻ മന്ത്രി മന:സാക്ഷി കാണിക്കണ്ടേ; ഇതൊരു ജീവകാരുണ്യപരമായ പ്രശ്നമല്ലേ; അത് ധാർമ്മികമായ ഉത്തരവാദിത്വമല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ എന്നെക്കുറിച്ച് പറയുമ്പോൾ തെറ്റിദ്ധരിക്കുകയില്ലെങ്കിൽ ഞാനൊരു കാര്യം പറയാം. ഈ പെൻഷന്റെ പ്രശ്നം വന്ന സമയത്ത്, ഓണത്തിന് അവർക്ക് പെൻഷൻ കൊടുത്ത് തീർക്കുന്നതുവരെ ഞാൻപോലും ശമ്പളബില്ലിൽ എഴുതിയില്ല. ദയവായി അതുപോലും കളിയാക്കുന്ന രൂപത്തിൽ എടുക്കരുത്. അതുകൊണ്ട് എന്തെങ്കിലുമായോ എന്നൊരു ചോദ്യം ചോദിക്കാം. ഒന്നുമായിട്ടില്ല. എന്റെയൊരു കാഴ്ചപ്പാട് അതാണ്. നമ്മൾ ഈ പ്രശ്നത്തെ എങ്ങനെ സമീപിക്കുന്നുവെന്നുള്ളതാണ് പ്രശ്നം. അതുകൊണ്ട് നമ്മൾ ഈ പ്രശ്നത്തിൽ വളരെ പോസിറ്റീവായി നിൽക്കുകയാണ്. അവർക്ക് പെൻഷൻ

കൊടുത്തേ മതിയാകൂ. അതുകൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാക്കാൻ കഴിയത്തക്കവിധത്തിലുള്ള എമൗണ്ട് കെ.എസ്.ആർ.ടി.സി. ഉണ്ടാക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങ് ഇവിടെ പറഞ്ഞതൊക്കെ മനസ്സിലായി. പത്തൊൻപതാമത്തെ ആളാണ് ആത്മഹത്യ ചെയ്തിരിക്കുന്നത്. ആ കുടുബത്തിന് എന്തെങ്കിലുമൊരു സഹായം നിങ്ങൾ കൊടുക്കണം. അതിന് നിങ്ങൾ വേറൊന്നും ആലോചിക്കേണ്ട കാര്യമില്ല. മുഖ്യമന്ത്രി ഇപ്പോൾ പ്രഖ്യാപിച്ചാൽ പോരേ? മരിച്ചവരുടെ കുടുംബത്തിന് പത്തുലക്ഷവും അഞ്ചുലക്ഷവുമൊക്കെ കൊടുക്കുന്നില്ലേ; അത് പരിഗണിച്ചുകൊണ്ട് ഈ കുടുംബത്തിന് എന്തുകൊണ്ടാണ് സഹായധനം പ്രഖ്യാപിക്കാത്തത്; ഈ പത്തൊൻപത് കുടുംബങ്ങൾക്കും സഹായധനം പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാണോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അത് ആലോചിക്കാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മുഖ്യമന്ത്രി പറയട്ടെയെന്ന് കരുതിയാണ് ഞാൻ മിണ്ടാതിരുന്നത്. ഞങ്ങൾ ഈ കാര്യത്തിൽ വളരെ പോസിറ്റീവാണ്. ഇതിനകത്ത് പണമില്ലാത്തതാണ് പ്രശ്നം. അതിനുവേണ്ടിയുള്ള എല്ലാ മാർഗ്ഗവും നോക്കുന്നുണ്ട്. ഒരു മാർഗ്ഗവും ഞങ്ങൾ നോക്കാതിരിക്കുന്നില്ല. ഈ സഭ ഒന്നടങ്കം ഈ കാര്യത്തിന് വളരെ പോസിറ്റീവായ നിലപാടെടുക്കണം. അങ്ങനെ നിലപാടെടുത്ത് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാം. പത്തുനാൽപത് വർഷമായി നമ്മൾ അഭിമുഖീകരിക്കുന്ന ഒരു വിഷമമാണ്. ഈ വർഷമെങ്കിലും അത് പരിഹരിക്കാനിടയാകട്ടെ എന്നുള്ളതാണ് എന്റെ നിലപാട്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഈ കാര്യങ്ങൾ എല്ലാ ആളുകളും മനസ്സിലാക്കണമെന്ന് മാത്രമേ എനിക്ക് ഓർമ്മിപ്പിക്കാനുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇത്ര കഴിവുകെട്ടതും നാണംകെട്ടതുമായ ഉമ്മൻ ചാണ്ടി സർക്കാരിനെപ്പറ്റി എന്താണ് പറയേണ്ടത്? ഇതുവരെ അഴിമതി സർക്കാർ, കോഴ സർക്കാർ, അഴിമതിമുഖ്യൻ, കോഴ മാണി എന്നൊക്കെയാണ് പറഞ്ഞിരുന്നതെങ്കിൽ ഇനി ഈ സർക്കാരിനെപ്പറ്റി കൊലയാളി സർക്കാർ എന്നല്ലേ വിളിക്കേണ്ടത്. കെ.എസ്.ആർ.ടി.സി. പെൻഷൻകാരനായ

ഗോപിനാഥപിള്ള ആത്മഹത്യ ചെയ്തത് എങ്ങനെയാണ്. മൂന്നുപതിറ്റാണ്ടിലേറെ കാലം കെ.എസ്.ആർ.ടി.സി.-യെ സേവിച്ചതിനുശേഷം വിരമിച്ച അദ്ദേഹത്തിന് ആറുമാസമായി പെൻഷൻ ലഭിച്ചിട്ടില്ല. സാറും ഈ വകുപ്പ് കൈകാര്യം ചെയ്ത ആളാണല്ലോ. ഒരു മാസമെങ്കിലും അങ്ങ് കുടിശ്ശിക വരുത്തിയിട്ടുണ്ടോ? വരുത്തിയിട്ടില്ല. അങ്ങനെ ജീവിതം വഴിമുട്ടിയപ്പോഴാണ് അദ്ദേഹം ആത്മഹത്യയിൽ അഭയം തേടിയത്. എത്ര രൂപയാണ് പെൻഷൻ? 8,300 രൂപ. അത് ആറുമാസമായി നൽകാതിരുന്നാൽ പാവപ്പെട്ട ഒരു മനുഷ്യൻ എന്തുചെയ്യും? ശ്രീ. ഉമ്മൻ ചാണ്ടിക്കും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. കെ. എം. മാണിക്കുമൊക്കെ പ്രതിമാസ ശമ്പളം കിട്ടിയില്ലെങ്കിലും കുഴപ്പമൊന്നുമില്ല. കുഴപ്പം എന്തെങ്കിലുമുണ്ടോ? വേറെ പല നിലയിലും നിങ്ങളുടെ മടിശീലയ്ക്ക് നല്ല കനമാണല്ലോ. എന്നാൽ അതല്ലല്ലോ പാവപ്പെട്ട കെ.എസ്.ആർ.ടി.സി.-ക്കാരുടെ സ്ഥിതി. ഒരു ഗോപിനാഥപിള്ള മാത്രമാണോ ആത്മഹത്യ ചെയ്തത്. പെൻഷൻ കിട്ടാത്തതിനെത്തുടർന്ന് ആത്മഹത്യ ചെയ്തതിൽ പത്തൊൻപതാമത്തെ അംഗമാണ് ഗോപിനാഥപിള്ള. 18 കുടുംബങ്ങളെയും ഈ സർക്കാർ അനാഥമാക്കി. ഈ കുടുംബങ്ങളുടെ ശാപവാക്കുകളിൽനിന്ന് ശ്രീ. ഉമ്മൻ ചാണ്ടിക്കോ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോ എങ്ങനെ മോചനം നേടാൻ കഴിയും. ഈ പാവപ്പെട്ട മനുഷ്യരുടെ മരണത്തിന്റെ രക്തക്കറയല്ലേ നിങ്ങളുടെ കൈകളിൽ പതിഞ്ഞിരിക്കുന്നത്. കഴിഞ്ഞയാഴ്ചയല്ലേ ഈ സഭയിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ നൽകുന്നതിനുള്ള കാലതാമസം സംബന്ധിച്ച് പ്രതിപക്ഷം അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. അത് ഇപ്പോൾ ശരിയാക്കുമെന്ന് പറഞ്ഞ് അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുകയല്ലേ നിങ്ങൾ ചെയ്തത്. പണമില്ലെന്ന കാര്യമാണല്ലോ നിങ്ങൾ പറയുന്നത്. ഈ സർക്കാരിന്റെ പണമൊക്കെ എവിടെപ്പോയി; അതൊക്കെ സരിതമാരും സലിം രാജ്മാരും സൂരജുമാരുമൊക്കെ അടിച്ചുകൊണ്ടുപോയോ? ശ്രീ. കെ. എം. മാണിയെ പോലെ പരിശുദ്ധനായ ഒരു മന്ത്രിയെ കേരളം കണ്ടിട്ടുണ്ടോയെന്ന് ഇന്നലെ ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടിയും മറ്റും പറയുന്നത് കേട്ടു. എനിക്കൊരു അപേക്ഷയുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി മുൻകൈയെടുത്ത് ശ്രീ. കെ. എം. മാണിയെ വിശുദ്ധനായി പ്രഖ്യാപിക്കാൻ വേണ്ടത് ചെയ്യണം. അതുകൂടി ചെയ്താൽ എല്ലാം ഭംഗിയാകും. അന്ന് ഈ പ്രശ്നം ചർച്ച ചെയ്ത് പരിഹാരനടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഈ പാവപ്പെട്ട മനുഷ്യരെ മരണത്തിന് എറിഞ്ഞു കൊടുക്കേണ്ടി വരുമായിരുന്നോ? 10 ബാർ തൊഴിലാളികളുടെ ആത്മഹത്യ സർക്കാരിന്റെ ആത്മവിശ്വാസം കെടുത്തിയതു കൊണ്ടാണ് മദ്യനയത്തിൽ മാറ്റം വരുത്തുന്നതെന്ന്

കഴിഞ്ഞ ദിവസം മുഖ്യമന്ത്രി സഭയിൽ പറയുന്നത് കേട്ടു. ബിജു രമേശിന്റെ വാണിംഗല്ലേ ഇതിന് കാരണം. ഇത് മരിച്ചവരോടുള്ള സ്നേഹം കൊണ്ടൊന്നുമല്ല, കോഴ വാങ്ങിയ ശ്രീ. കെ. എം. മാണിക്കും അതുവഴി മുഖ്യമന്ത്രിക്കും രക്ഷപ്പെടാനുള്ള കള്ളക്കണ്ണീരായിരുന്നില്ലേ അത്. ആത്മാർത്ഥതയെന്ന ഒരു വാക്ക് ഇവരുടെ വർത്തമാനത്തിലെങ്കിലുമുണ്ടോ. ആത്മാർത്ഥതയില്ലെന്ന് പറയാനാവില്ല. ആത്മാർത്ഥതയുള്ളത് കോഴയിൽമാത്രം. അതുകൊണ്ടല്ലേ ഇപ്പോൾ മുഖ്യമന്ത്രി മൂകസാക്ഷിയായും മുഖ്യമന്ത്രിയാകാൻ ഉടുപ്പും തുന്നിനടന്ന വിദ്വാൻ മുഖ്യപ്രതിയുമായത്. ഇതൊക്കെ കണ്ടാലും കേട്ടാലും നിങ്ങൾക്ക് നാണമില്ലെന്നറിയാം. അതുകൊണ്ടാണ് ഇതേപ്പറ്റിയുള്ള അടിയന്തരപ്രമേയം അനുവദിക്കാത്തത്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷി അംഗങ്ങളും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിന്റെ അപൂർവ്വമായ പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണ് കെ.എസ്.ആർ.ടി.സി. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ സുദീർഘമായ ഒരു പാരമ്പര്യവും ആ പൊതുമേഖലാ വ്യവസായത്തിനുണ്ട്. ആ സ്ഥാപനത്തിൽ പണിയെടുക്കുന്ന തൊഴിലാളികളെപ്പറ്റിയുള്ള യാതൊരു കുഴപ്പവും ഇതുവരെ ആരും പറഞ്ഞിട്ടില്ല. അവിടെ അനിശ്ചിതകാല പണിമുടക്കില്ല, യാതൊരു അട്ടിമറി പ്രവർത്തനവും നടക്കുന്നില്ല. എന്നാൽ ഇവർ നാളെ പെൻഷൻ പറ്റിക്കഴിഞ്ഞാൽ സ്റ്റാറ്റ്യൂട്ടറിയായി, നിയമപരമായി കിട്ടേണ്ട ആനുകൂല്യം കിട്ടില്ല. നിയമവാഴ്ചയുള്ള ഒരു രാജ്യത്ത് ഗവൺമെന്റ് സംവൽസരങ്ങളായി നൽകികൊണ്ടിരുന്ന ന്യായമായ ജീവനാംശം കൊടുക്കില്ലെന്നുള്ള സ്ഥിതി വരേണ്ട കാര്യം എന്താണ്? അവിടെയെല്ലാം നടക്കുന്നുണ്ടെന്നാണ് അങ്ങയുടെ കണക്കുതന്നെ പറയുന്നത്. ഡീസലിന്റെ കാശ് അപ്പോൾതന്നെ കൊടുക്കുന്നുണ്ട്, ടാക്സ് കൊടുക്കുന്നുണ്ട്, ശമ്പളം കൊടുക്കുന്നുണ്ട്, റ്റി.എ. വാങ്ങുന്നുണ്ട്, സർവ്വകാര്യങ്ങളും നടക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ആകെ മുടങ്ങിയത് പെൻഷൻ മാത്രമാണ്. അവർക്ക് സംഘടിതശക്തിയില്ലാത്തതുകൊണ്ടാണോ; എന്ത് ന്യായമാണ് പറയുന്നത്? ബഹുമാനപ്പെട്ട മന്ത്രി ലാഭനഷ്ടത്തിന്റെ കാര്യമാണ് പറഞ്ഞത്. ലാഭനഷ്ടം നോക്കിയാണോ സാമൂഹ്യപ്രതിബദ്ധത നടത്തേണ്ടത്. ലാഭനഷ്ടം നോക്കിയിട്ടാണെങ്കിൽ സെക്രട്ടേറിയറ്റ് ലാഭനഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; കേരളത്തിലെ സർക്കാർ ജീവനക്കാരുടെ പെൻഷൻ കൊടുക്കുന്നത് ലാഭ നഷ്ടത്തിന്റെ അടിസ്ഥാനത്തിലാണോ? സർക്കാർ ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും സേവന-വേതന വ്യവസ്ഥകളും ഇവർക്കും ബാധകമാണെന്നു പറഞ്ഞ് കരാറുണ്ടാക്കിയാണ് ഈ സ്ഥാപനം

കോർപ്പറേഷനാക്കിയത്. ബഹുമാനപ്പെട്ട മന്ത്രി ഇതൊന്ന് ശ്രദ്ധിക്കണം. 19 ആളുകളുടെ ആത്മഹത്യക്കാണ് അങ്ങ് സാക്ഷ്യം വഹിക്കാൻ പോകുന്നത്. ഇനിയും ആത്മഹത്യ തുടരാൻ പോകുകയാണ്. ഈ തൊഴിലാളികളുടെ ആത്മാക്കളെല്ലാം സെക്രട്ടേറിയറ്റിനകത്ത് നിങ്ങളെ അന്വേഷിച്ച് നടക്കുകയാണ്. പച്ച മനുഷ്യന്റെ ശവഗന്ധമല്ലേ സെക്രട്ടേറിയറ്റിൽ, ഭരണത്തിന്റെ സിരാകേന്ദ്രത്തിൽ; ഇത് അപമാനമാണ്. ഒരു ജനാധിപത്യ സമ്പ്രദായത്തിൽ പെൻഷനുവേണ്ടി ആത്മഹത്യ ചെയ്തയാളിന്റെ ശവശരീരം ആളുകൾ സെക്രട്ടേറിയറ്റിന്റെ നടയിൽ കൊണ്ടുവയ്ക്കുകയാണ്. ഇവിടെ എന്താണ് നടക്കുന്നത്. ഇത് പ്രാകൃതമായ ഒരു രാജ്യത്തുപോലും നടക്കുന്നതാണോ? ഇവിടെ എത്ര മന്ത്രിമാരാണുള്ളത്? ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ദേശാഭിമാനി പത്രത്തിൽ വന്ന കാര്യങ്ങളെല്ലാം ഉദ്ധരിച്ചു. അതിന്റെ കാര്യങ്ങൾ കേട്ടവർക്കെല്ലാം മനസ്സിലാകും. നിങ്ങൾ അനീതി കാണിച്ചു എന്നുമാത്രമല്ല സഭയിൽ അത് ഉന്നയിച്ചാൽ അതിനെ അടച്ച് ആക്ഷേപിക്കുന്ന സമീപനമെടുക്കരുത്, നിങ്ങൾ ഇതിന്റെകൂടെ നിൽക്കേണ്ടവരാണ്. നിങ്ങളും ഞങ്ങളെപോലെ തന്നെയാണ്, നിങ്ങൾ ഭരിക്കുന്നു എന്നുള്ളതല്ലാതെ; നിങ്ങൾ ഞങ്ങളെപോലെ മനുഷ്യരും തൊഴിലാളികളോട് സ്നേഹമുള്ളവരുമാണ്. ഞാൻ ഇന്നലെ സെക്രട്ടേറിയറ്റിന്റെ നടയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഐ.എൻ.റ്റി.യു.സി.യുടെ നേതാവ് ശശി പ്രസംഗിക്കുന്നത് കേട്ടു. നാണമുണ്ടോ ഈ സർക്കാരിന് എന്നാണ് അദ്ദേഹം ചോദിക്കുന്നത്. ഐ.എൻ.റ്റി.യു.സി. നേതാവ് അടക്കമുള്ളവരാണ് നിങ്ങളെ പ്രതിയാക്കിയിരിക്കുന്നത്. ഞങ്ങളോടുമാത്രം ഈ പ്രതികാരം കാണിക്കേണ്ട ആവശ്യമുണ്ടോ? ഈ ആളുകളെല്ലാം ഓരോന്നായി തൊഴിലാളികളുടെ രാജ്യമായ കേരളത്തിൽ, തൊഴിലാളി വർഗ്ഗത്തിന്റെ സമരഭൂമിയായ കേരളത്തിൽ, തൊഴിലാളി വർഗ്ഗങ്ങളുടെ കൂട്ട ആത്മഹത്യക്ക് തൊഴിൽവകുപ്പും ബന്ധപ്പെട്ട മന്ത്രിമാരും മാപ്പു സാക്ഷികളാകുന്നു. നിങ്ങൾക്ക് അതിൽ ഇടപെടാൻ കഴിയുന്നില്ല. ഈ ക്യാബിനറ്റിന് ഒറ്റ ദിവസം ഒരു മണിക്കൂർ കൊണ്ട് തീരുമാനിക്കാവുന്ന കാര്യമല്ലേയുള്ളൂ. 500 കോടി രൂപ വലിയ ആനക്കാര്യമാണോ; എത്ര പ്രഗല്ഭന്മാരായ മന്ത്രിമാരുള്ളിടത്ത് 500 കോടി എന്നു പറയുന്നത് ചെറിയ കാര്യമല്ലേ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഒറ്റപ്പെടുത്തിയ ശ്രീ. കെ. എം. മാണി എന്തുകൊണ്ട് തീരുമാനമെടുക്കുന്നില്ല; എന്തുകൊണ്ട് മുഖ്യമന്ത്രി മുൻകൈ എടുക്കുന്നില്ല? ഇത് കേരളത്തിന്റെ പ്രശ്നമാണ്. എൽ.ഡി.എഫ്., യു.ഡി.എഫ്. പ്രശ്നമല്ല. കേരളത്തിൽ സമൂഹത്തിനുവേണ്ടി ജോലി ചെയ്ത ആളുകളെ ആത്മഹത്യയിലേക്ക് തള്ളിവിടുന്ന പ്രശ്നമാണ്. ട്രാൻസ്പോർട്ടിന് എത്ര കോടി രൂപയാണ് നഷ്ടം; സാമൂഹ്യ പ്രതിബദ്ധതയുള്ള ഗവൺമെന്റിനുവേണ്ടി

അങ്ങ് ഇപ്പോൾ ഒന്നരലക്ഷം വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര പ്രഖ്യാപിച്ചു. അത് ആര് വഹിക്കും? 30 കൊല്ലംവരെ കെ.എസ്.ആർ.ടി.സി-യിൽ സേവനം നടത്തിയിട്ട് അവസാനം തൊഴിലാളികൾ ഭിക്ഷക്കാരനായി ഭിക്ഷാപാത്രവുമായി തെണ്ടുകയാണ്.

മി.ഡെപ്യൂട്ടി സ്പീക്കർ : യെസ്....യെസ്

ശ്രീ. സി. ദിവാകരൻ : സർ, നിങ്ങൾ മനസ്സിലാക്കണം, കശുവണ്ടി മുതലാളിമാർ നടത്തുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഇതുപോലുള്ള ദയനീയമായ അവസ്ഥയില്ല. സെക്രട്ടേറിയറ്റ് നടയിൽ ഭിക്ഷ യാചിക്കുകയാണ്. ജീവിക്കാൻ നിവൃത്തിയില്ലാതെ, ചായ കുടിക്കാനും മരുന്നുവാങ്ങാനും നിവൃത്തിയില്ലാതെ മന്ത്രിമാരുടെ മുന്നിൽ തൊഴിലാളികൾ ഭിക്ഷാപാത്രവുമായി തെണ്ടികളായി നിൽക്കുമ്പോൾ ഈ ഗവൺമെന്റിന് എന്തഭിമാനമാണുള്ളത്. ഞങ്ങളെ തോൽപ്പിച്ചോളൂ. നിങ്ങൾക്ക് ഭൂരിപക്ഷമുള്ളതുകൊണ്ട് ഞങ്ങളെ തോൽപ്പിച്ചോളൂയെന്നുപറഞ്ഞ് കേരളത്തിന്റെ മന:സാക്ഷി നിലവിളിക്കുകയാണ്. കേരളത്തിലെ തൊഴിലാളിവർഗ്ഗം എനിക്കും നിങ്ങൾക്കും രാജ്യത്തിനുംവേണ്ടി ഇന്നലെ പടപൊരുതിയ തൊഴിലാളി വർഗ്ഗങ്ങൾക്കുവേണ്ടിയാണ് ഞങ്ങൾ വാദിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്......ശ്രീ. സി. ദിവാകരൻ ഏഴ് മിനിട്ടായി.

ശ്രീ. സി. ദിവാകരൻ : ഗവൺമെന്റ് നീതി കാട്ടുമെന്നാണ് ഞങ്ങൾ വിചാരിച്ചത്. ഈ പെൻഷൻ കൊടുക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നിരത്തുന്ന വാദങ്ങളൊന്നും ന്യായമല്ല. പെൻഷൻ കൊടുക്കുന്നില്ലെങ്കിൽ പെൻഷനില്ലെന്നുള്ള ഒരു ജി.ഒ. ഇറക്കണം. അതുകൊണ്ട് ഇത്രയും ഗുരുതരമായ ഒരു വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്താൽ എന്താണ് കുഴപ്പം? വിലക്കയറ്റം വന്നപ്പോൾ ഞങ്ങൾ അടിയന്തിര പ്രമേയം കൊണ്ടുവന്നു. നിങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്തില്ല. ട്രാൻസ്പോർട്ടിലെ പെൻഷൻകാരുടെ ആത്മഹത്യകളുണ്ടായപ്പോൾ ഞങ്ങൾ അടിയന്തിര പ്രമേയം കൊണ്ടുവന്നു, നിങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറായില്ല. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്. ......(ബഹളം)......

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഇവിടെ ആത്മഹത്യയെക്കുറിച്ച് പറയുമ്പോൾ ഒരു മന്ത്രി ഇങ്ങനെയുള്ള അഭിപ്രായം പറയാൻ പാടില്ല വാക്കൗട്ട് നടത്തുമ്പോൾ 'പോയിട്ട് വാ' എന്നു ഒരു മന്ത്രി പറയരുത്. ഇങ്ങനെയാണോ ആത്മഹത്യയെ ഈ ഗവൺമെന്റ് നോക്കി കാണേണ്ടത്. ശ്രീ. സി. ദിവാകരൻ വാക്കൗട്ട് നടത്തുമ്പോൾ ഒരു മന്ത്രി പോയിട്ട് വേഗം വരാനാണ് പറയുന്നത്. ഈ വിഷയത്തെ ഇങ്ങനെയാണോ കാണേണ്ടത്; ഇത്രയും ലാഘവത്തോടുകൂടിയാണോ കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ പെൻഷന്റെ കാര്യം ഗവൺമെന്റ് കാണുന്നത്? ശ്രീ. അടൂർ പ്രകാശ് അത്തരത്തിലുള്ള ഒരു കമന്റ് അവിടെ ഇരുന്ന് പറഞ്ഞത് ഏറ്റവും ദൗർഭാഗ്യകരമായിപ്പോയി. കെ.എസ്.ആർ.ടി.സി. തൊഴിലാളികൾ

.....(ബഹളം)..... വളരെ മോശമായിപ്പോയി....ബഹളം.... അങ്ങ് ഈ ദിവസം ഇത് പറയാൻ പാടില്ലായിരുന്നു. ഏത് വിഷയത്തിൽ പറഞ്ഞാലും കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ കാര്യത്തിൽ പറയാൻ പാടില്ലായിരുന്നു......ഇത് മര്യാദയാണോ?..... (ബഹളം) ........

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുസമീപം വന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ്, ശ്രീ. സി. ദിവാകരനും അടൂർ പ്രകാശും തമ്മിലുള്ള ലോഹ്യം കൊണ്ടാണ് പറഞ്ഞത് ....ബഹളം).........

ശ്രീ. മാത്യൂ റ്റി. തോമസ് : ഗോപിനാഥൻപിള്ളയുടെ കാര്യത്തിൽ ആ ലോഹ്യം വേണ്ട. ആത്മഹത്യ ചെയ്തയാളുടെ കാര്യം പറയുമ്പോൾ ലോഹ്യം വേണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് സീരിയസ്സായി എടുക്കണ്ട.

ശ്രീ. മാത്യൂ റ്റി. തോമസ് : ആത്മഹത്യയുടെ സീരിയസ്സ് മന്ത്രിക്ക് മനസ്സിലായിട്ടില്ല. ഒരാൾ ആത്മഹത്യയുടെ കാര്യം പറയുമ്പോൾ പോയിട്ടുവരാനാണ് പറയുന്നത്. ഈ കാര്യത്തിൽ അങ്ങ് സീരിയസാണല്ലോ?

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ ........

ശ്രീ. സി. ദിവാകരൻ : .......(മൈക്ക് ഓഫ്)........

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): .......(മൈക്ക് ഓഫ്......... (ബഹളം)...........

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സി. ദിവാകരൻ അങ്ങ് വാക്കൗട്ട് നടത്തിയതല്ലേ? ......(ബഹളം)........ശ്രീ. മാത്യൂ റ്റി. തോമസ് അങ്ങേക്ക് സംസാരിക്കാം......... ശ്രീ. വി. ശിവൻകുട്ടി, സഭ നടത്തിക്കൊണ്ടുപോകണ്ടേ? പ്ലീസ്.......പ്ലീസ്........

ശ്രീ. സി. ദിവാകരൻ: സർ, നിയമസഭയിൽ ഞാൻ ഉന്നയിച്ച കാര്യം അവിടെ പോയി പറയാൻ പറഞ്ഞു. അത് ബഹുമാനപ്പെട്ട ചെയർ രേഖ പരിശോധിച്ച് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. ദിവാകരൻ, ചെയർ രേഖകൾ പരിശോധിക്കാം. അങ്ങനെ പറഞ്ഞത് രേഖയിലുണ്ടെങ്കിൽ തീർച്ചയായും നീക്കം ചെയ്യുന്നതാണ്.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. മാത്യൂ റ്റി. തോമസ്</u>: സർ, അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ഒരു മുൻ മന്ത്രിയാണ്. 19 ആളുകൾ ആത്മഹത്യ ചെയ്ത ഒരു വിഷയത്തെ ഇത്ര ലാഘവത്തോടെ, കളിയാക്കിക്കൊണ്ടുള്ള ഭരണകക്ഷിയിലെ മന്ത്രിമാരുടെ സമീപനം കാണുമ്പോൾ അങ്ങേക്ക് വേദന തോന്നുന്നില്ലേ; 22-ാം തീയതി യോഗം വിളിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ആ യോഗത്തിൽ പി. ഗോപിനാഥപിള്ളയേയും മറ്റ് 18 പേരേയും പങ്കെടുപ്പിക്കാൻ കഴിയുമോ; ഇത്രയധികം ആളുകൾ ആത്മഹത്യ ചെയ്ത വിഷയത്തെ ലാഘവത്തോടുകൂടി, തമാശരൂപത്തിൽ ഈ സർക്കാർ സമീപിക്കുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. വാക്കൗട്ട് നടത്തുമ്പോൾ ഇറങ്ങിപ്പോകാനും അവിടെ പോയി പറയാനും പറയുന്നത് രേഖയിൽ ഉണ്ടാകില്ല. കാരണം സീറ്റിൽ ഇരുന്ന് പറഞ്ഞതല്ലേ. എന്നാലും അത്തരം കമന്റുകൾ ഉത്തരവാദപ്പെട്ട മന്ത്രിമാർ സഭയിൽ പറഞ്ഞത് വളരെ സങ്കടകരമായിപ്പോയി. ഇവിടെ ആത്മഹത്യ ചെയ്ത പി. ഗോപിനാഥപിള്ളയുടെ ഭാര്യയ്ക്ക് വിദ്യാഭ്യാസ വകുപ്പിലായിരുന്നു ജോലി, മകൻ റെയിൽവെ ഉദ്യോഗസ്ഥനാണ്, വേറൊരാൾ പ്ലാനിംഗ് ബോർഡിലും മറ്റൊരാൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലും വേറൊരാൾ പോലീസിലും ആണെന്ന് ദേശാഭിമാനി വായിച്ച് മന്ത്രി പറഞ്ഞതിന്റെ കാരണങ്ങളൊക്കെ ഇവിടെല്ലാവർക്കും മനസ്സിലാകും. ആ വീട്ടിൽ ഒരു ദാരിദ്ര്യവുമില്ല, മരണ കാരണം ഇതല്ലെന്നാണ് പറഞ്ഞത്. കൂട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യംകൂടി പറഞ്ഞു, ആത്മഹത്യാ കുറിപ്പുണ്ടോ എന്നന്വേഷിച്ചു, ഇല്ല. പ്രേമനൈരാശ്യം കൊണ്ടാണ് ആത്മഹത്യ ചെയ്തതെന്നുകൂടിപ്പറഞ്ഞാൽ ആ കുടുംബത്തിനെ ഇതിൽ കൂടുതൽ അപമാനിക്കേണ്ടി വരില്ലായിരുന്നു. അതുകൂടി പറഞ്ഞിരുന്നുവെങ്കിൽ 19 പേരുടെ കുടുംബത്തെ അപമാനിക്കുന്നതിന്റെ പാരമ്യതയിൽ എത്തിനിൽക്കുമായിരുന്നു സർക്കാർ. .........(ബഹളം)........ആത്മഹത്യ ചെയ്ത ആളുകളുടെ കുടുംബത്തെ അപമാനിക്കുന്ന കാര്യത്തിൽ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരും മത്സരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെയുള്ള പ്രശ്നം പെൻഷൻ ലഭിക്കുക എന്നുള്ളത് നിയമപരമായ അവകാശമാണോ അല്ലയോ എന്നുള്ളതാണ്. …..(ബഹളം)............

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്............ പ്ലീസ്........ അദ്ദേഹം സംസാരിക്കട്ടെ.

<u>ശ്രീ. മാത്യൂ റ്റി. തോമസ്</u>: സർ, ഇന്ന് ഈ സഭയിൽ ചർച്ച ചെയ്യുന്ന ബില്ലിൽ പെൻഷൻ എന്നുള്ളതിന്റെ നിർവ്വചനം-'പെൻഷൻ എന്നാൽ കോർപ്പറേഷനിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ഈ ആക്ടിന്റെ പ്രാരംഭ തീയതിയിൽ നിലവിലുള്ള നിയമങ്ങൾ പ്രകാരം ലഭിക്കാൻ അർഹതയുള്ള പെൻഷൻ'. എന്നാണ്. നിലവിലുള്ള നിയമങ്ങൾ പ്രകാരം ലഭിക്കാൻ അർഹതയുള്ള പെൻഷൻ മാസങ്ങളായി കിട്ടാതെ വന്നതിന്റെ പേരിലാണ് ആത്മഹത്യ ചെയ്തത്. അത് കൊടുക്കാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ; 26-8-2014-ൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗം ചേർന്നു. 3.00 മണിക്ക് യോഗമാരംഭിച്ചു. മന്ത്രിയുടെ ആദ്യത്തെ വാചകം മാത്രം ഞാൻ വായിക്കാം-

പുനരുദ്ധാരണ പാക്കേജിലെ പ്രധാന നിർദ്ദേശമായ പെൻഷൻ ഫണ്ട് രൂപീകരിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചിരിക്കുന്നതിനാൽ........... എന്നുപറഞ്ഞാണ് മന്ത്രി പ്രസ്താവന നടത്തിയിരിക്കുന്നത്. പെൻഷൻ ഫണ്ട് രൂപീകരിച്ച് പെൻഷൻ കൊടുക്കാനുള്ള ...... (തടസ്സം)........

ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ്: കെ.എസ്.ആർ.ടി.സി.-യുടെ ചരിത്രം മുഴുവൻ പറയുകയാണ്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ ചരിത്രം പറയുന്നില്ല. പെൻഷന്റെ കാര്യം മാത്രമേ പറയുന്നുള്ളൂ. പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശത്തെ ധനകാര്യ വകുപ്പ് എതിർത്തെന്ന് ബഹുമാനപ്പെട്ട മന്ത്രി ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗത്തിൽ പറഞ്ഞു. അപ്പോൾ പെൻഷൻ കൊടുക്കാനുള്ള പദ്ധതിക്ക് തടസ്സം നിൽക്കുന്നത് ധനകാര്യ വകുപ്പാണോ; പെൻഷൻ നൽകുന്നതിന് പണമുണ്ടാകണം. ഇല്ലെന്ന് ഞാൻ പറയുന്നില്ല. സർവ്വീസിതര ചെലവിന് സർവ്വീസിതര വരുമാനമുണ്ടാകണം. അതിനാണ് ഞങ്ങൾ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ കെട്ടിടം പണിയാൻ തുടങ്ങിയത്. അതിനെയാണ് മന്ത്രി ആക്ഷേപിക്കാൻ ശ്രമിക്കുന്നത്. കെട്ടിടം പണിയുന്നതിന് ഒരു നയാപൈസപോലും കെ.എസ്.ആർ.ടി.സി.-ക്ക് മുതൽമുടക്കില്ലാത്ത രീതിയിലാണ് ആ പദ്ധതി അന്ന് കൊണ്ടുവന്നത്. ഇവിടെ മദ്യ വ്യവസായ തൊഴിലാളികളിൽ 10 പേർ ആത്മഹത്യ ചെയ്തപ്പോൾ അടിസ്ഥാന നയങ്ങളിൽ മാറ്റം വരുത്താൻ തയ്യാറായവർ എന്തുകൊണ്ടാണ് 19 പേർ ആത്മഹത്യ ചെയ്തപ്പോൾ പെൻഷൻ ഫണ്ട് രൂപീകരിക്കാൻ തയ്യാറാകാത്തത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നിങ്ങളുടെ കാലത്തും പെൻഷൻ ഫണ്ട് രൂപീകരിക്കാമായിരുന്നല്ലോ?

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് പെൻഷൻ മുടങ്ങിയിരുന്നില്ല. 37000 പേരും ആത്മഹത്യ ചെയ്താൽ ഈ ബാദ്ധ്യത ഒഴിവായിക്കിട്ടുമെന്ന നിസ്സംഗതയിലിരിക്കാതെ ഇവർക്ക് പെൻഷൻ കൊടുക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങാൻ സർക്കാർ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, വളരെ നിർഭാഗ്യകരമായ ഒരു സമീപനമാണ് ഇന്നിവിടെയുണ്ടായിട്ടുള്ളത്. പെൻഷൻ കിട്ടാത്തതുമൂലം കെ.എസ്.ആർ.ടി.സി. തൊഴിലാളികൾ ആത്മഹത്യ ചെയ്യുന്ന ഒരു സാഹചര്യത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടത് ഒരു മഹാ അപരാധമായിപ്പോയെന്ന മട്ടിൽ മന്ത്രിയും ഭരണകക്ഷി അംഗങ്ങളും കണക്കാക്കിയതെന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇതിന്റെ പ്രശ്നങ്ങൾ മന്ത്രിക്ക് ഇവിടെ വിശദീകരിക്കാമല്ലോ. അങ്ങനെ വിശദീകരിച്ചതിനുശേഷം ഈ പ്രതിസന്ധി എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന ചർച്ചയാണല്ലോ നമുക്കാവശ്യം. ആ ചർച്ചയിലൂടെയാണല്ലോ ഒരു സമവായത്തിൽ എത്തിച്ചേരാൻ കഴിയുന്നത്. കെ.എസ്.ആർ.ടി.സി. ജീവനക്കാർ ആത്മഹത്യയിലേയ്ക്കു നീങ്ങുന്ന സാഹചര്യത്തെ സംബന്ധിച്ച് ഒരു ചർച്ച വേണമെന്നാവശ്യപ്പെട്ടപ്പോൾ ഇത്രയേറെ അസ്വസ്ഥത കാണിച്ചത് ദൗർഭാഗ്യകരമായിപ്പോയി.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കെ.എസ്.ആർ.ടി.സി.-യിലെ റിട്ടയേർഡ് ഉദ്യോഗസ്ഥൻ ആത്മഹത്യ ചെയ്തത് പെൻഷൻ ലഭിക്കാത്തതു കൊണ്ടാണെന്നുള്ളതിന് എന്തെങ്കിലുമൊരു തെളിവ് നൽകാൻ അങ്ങേക്ക് കഴിയുമോ; ഞാൻ ഇന്നലെ ഈ മരണത്തെക്കുറിച്ച് അന്വേഷിച്ചു. രണ്ടുമാസത്തെ പെൻഷൻ മാത്രമേ കിട്ടാനുള്ളൂ. ബാക്കി മുഴുവൻ പെൻഷനും അദ്ദേഹം വാങ്ങിയിട്ടുണ്ട്. ആ രണ്ടുമാസത്തെ പെൻഷനുവേണ്ടിയാണോ ഈ മനുഷ്യൻ മരിച്ചത്; ഇദ്ദേഹം പെൻഷൻ അസോസിയേഷന്റെ അക്കൗണ്ടിൽ രണ്ടരക്കോടി രൂപ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. അതറിയാമോ; എന്നിട്ടാണോ ഈ ചെറിയ തുകയ്ക്കുവേണ്ടി ആ മനുഷ്യൻ ആത്മഹത്യ ചെയ്തത്; ആത്മഹത്യ ദുഃഖകരമാണ്, ആ കുടുംബത്തിന് എന്ത് സഹായം വേണമെങ്കിലും ചെയ്യണം. അതിനോട് ഞാൻ യോജിക്കുന്നു. പക്ഷെ ശ്രീ. എ. കെ. ശശീന്ദ്രനെങ്കിലും വസ്തുതകൾ മനസ്സിലാക്കി കാര്യങ്ങൾ പറയണം. ....... (മൈക്ക് ഓഫ്).......

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ശ്രീ. പി. സി. ജോർജ് എന്റെ അടുത്ത സുഹൃത്തും ചീഫ് വിപ്പുമായതുകൊണ്ടാണ് ഞാൻ വഴങ്ങിയത്. അദ്ദേഹം ശശീന്ദ്രന്റെ കയ്യിൽ തെളിവുണ്ടോ എന്ന് ചോദിച്ചു. ഞാനൊരു ഇൻവെസ്റ്റിഗേഷൻ ഓഫീസറല്ല. കഴിഞ്ഞ കുറച്ചു മാസത്തിനിടയിൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പെൻഷൻ പറ്റിയ ജീവനക്കാർ ഓരോരുത്തരായി ആത്മഹത്യ ചെയ്തു കൊണ്ടിരിക്കുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. ആ വസ്തുതയ്ക്കുനേരെ കണ്ണടയ്ക്കാൻ നമുക്ക് കഴിയുമോ. രണ്ടാമത് അദ്ദേഹം ചോദിച്ചത് പി. ഗോപിനാഥപിള്ള

ആത്മഹത്യ ചെയ്തത് പെൻഷൻ കിട്ടാത്തതുകൊണ്ടാണോ എന്നാണ്, ആളുകൾ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയല്ലേ; ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഇത്തരം തർക്കങ്ങൾ ഉന്നയിക്കുമ്പോഴാണ് ഗവൺമെന്റിന്റെ ആത്മാർത്ഥയെ കുറിച്ച് സംശയം തോന്നുന്നത്. എന്തിനാണ് നമ്മൾ തമ്മിൽ ഇത്തരത്തിലൊരു തർക്കമുന്നയിക്കുന്നത്; അങ്ങനെയൊരു തർക്കം നമ്മൾ ഉന്നയിക്കേണ്ട കാര്യമില്ല. ആത്മഹത്യക്ക് പ്രേരിപ്പിക്കാനും പാടില്ല. പക്ഷെ സത്യത്തിനുനേരെ കണ്ണടച്ചിട്ട് എന്തെങ്കിലും കാര്യമുണ്ടോ? സഹതാപമുണ്ടെന്നു പറയുകയും പ്രശ്നങ്ങൾ ഉന്നയിക്കുന്നവരെ ആക്ഷേപിക്കുകയും ചെയ്യുമ്പോഴാണ് ഗവൺമെന്റിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നത്. ഈ ഗവൺമെന്റ് ആത്മാർത്ഥതയില്ലാത്ത ഒരു നിലപാടാണ് സ്വീകരിക്കുന്നത്. ഈ സഭ തന്നെ പെൻഷൻ കാര്യം പലപ്പോഴായി ചർച്ച ചെയ്തു. ചർച്ച ചെയ്തപ്പോഴൊക്കെ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങൾ പാലിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെയൊരു സാഹചര്യത്തിൽ എങ്ങനെയാണ് പെൻഷൻ കൊടുക്കാൻ കഴിയുക; എപ്പോൾ കൊടുക്കാൻ കഴിയും അതിന് എന്തൊക്കെയാണ് ചെയ്യേണ്ടത് എന്നൊരു ക്രിയാത്മകമായ ചർച്ചയ്ക്ക് വഴി തുറക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു അടിയന്തരപ്രമേയം ഇവിടെ കൊണ്ടുവന്നത്. നിർഭാഗ്യവശാൽ ആ സ്പിരിറ്റുൾക്കൊള്ളാതെ പ്രതിപക്ഷത്തെ കടന്നാക്രമിക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ആ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രദ്ധക്ഷണിക്കൽ എടുക്കുന്നതിനുമുമ്പ് ചെയർ ഒരു കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ഇന്ന് നമ്മുടെ നിയമസഭാ സമ്മേളനം അവസാനിക്കുന്ന ദിവസമാണ്. ഇന്ന് 45 സബ്മിഷനുകളാണുള്ളത്. ഇടയ്ക്ക് പലകാരണങ്ങൾകൊണ്ട് സബ്മിഷൻ അവതരിപ്പിക്കാൻ സാധിക്കാതെ പോയിട്ടുണ്ട്. അംഗങ്ങളുടെ ആവശ്യങ്ങൾ സഭയിൽ ഉന്നയിക്കുന്നതിനു വേണ്ടിയാണ് 45 എണ്ണം അനുവദിച്ചിരിക്കുന്നത്. അതുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കുന്നവർ സമയം വളരെകുറച്ച് എടുക്കുകയും മറുപടി പറയുന്ന മന്ത്രിമാർ കൊണ്ടുവന്ന മറുപടിക്ക് വ്യത്യസ്ഥമായി വാക്കുകൾ ചുരുക്കണമെന്നും ചെയർ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ കഴിയുമെങ്കിൽ മൂന്ന് മിനിട്ടനകത്ത് പ്രസംഗം അവസാനിപ്പിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ രണ്ട് മിനിട്ടുകൊണ്ട് പ്രസക്തമായ ഭാഗംമാത്രം പറയുകയും ചെയ്യണം. ഇന്ന് 12.30 മണിക്ക് തന്നെ ധനവിനിയോഗബിൽ എടുക്കുന്നതാണ്. അതുകൊണ്ട് എല്ലാ ബഹുമാന്യരായ അംഗങ്ങളും സഹകരിക്കണമെന്ന് ചെയർ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

## III ശ്രദ്ധക്ഷണിക്കൽ

### (1) പൈതൃക സ്മാരകങ്ങൾ, ഭാഷ, പാരമ്പര്യ അറിവുകൾ എന്നിവയുടെ സംരക്ഷണം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നമ്മുടെ സംസ്ഥാനത്ത് പൈതൃക സ്മാരകങ്ങൾ ഭാഷ, പാരമ്പര്യ അറിവുകൾ, ഭക്ഷണം ഇതൊക്കെ അമൂല്യമായ സമ്പത്തുകളാണ്. കുറ്റകരമായ അനാസ്ഥയും അശ്രദ്ധയുംകൊണ്ട് തിരിച്ചുകിട്ടാൻ കഴിയാത്ത വിധത്തിൽ ഇതൊക്കെ നഷ്ടപ്പെട്ടുപോകുന്നൊരു സാഹചര്യം ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. കേരളത്തിന്റെ തനതായ വാസ്തുശിൽപ്പമാതൃകകൾ, ദേവാലയങ്ങൾ, പ്രത്യേകിച്ച് ക്ഷേത്രങ്ങൾ, പുരാതനമായ പള്ളികൾ ഇതൊക്കെ തന്നെ നമ്മുടെ ശ്രദ്ധയില്ലാത്തതുകാരണം അവിടെ ഒരു പുനരുദ്ധാരണ കമ്മിറ്റിയൊക്കെ ഉണ്ടാക്കി പൊളിച്ച് പണിഞ്ഞ് കോൺക്രീറ്റ് കൂടുകളാക്കി മാറ്റുകയാണ്. ഇത് പിന്നീട് തിരിച്ചുകിട്ടാത്ത ഒരു സാഹചര്യമാണുള്ളത്. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക്, അദ്ദേഹത്തിന്റെ ഒരു ലേഖനം മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചിരുന്നു. മാതൃഭൂമി തന്നെ ആ വാർത്ത വലിയ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആലപ്പുഴയിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ പണ്ട് താമസിച്ചിരുന്ന കൊട്ടാരം ഇന്ന് ഡി.എം.ഒ. ഓഫീസാണ്. ആ ഡി.എം.ഒ. ഓഫീസ് നാളെ ഏതെങ്കിലും ഒരു പി.ഡബ്ല്യു.ഡി. എഞ്ചിനീയർ 'അൺഫിറ്റ്' എന്ന് പറയുന്ന ഒരു സർട്ടിഫിക്കറ്റ് കൊടുത്തുകഴിഞ്ഞാൽ മറ്റെന്നാൾ അതിനെ പൊളിക്കുകയും ഒരു എസ്റ്റിമേറ്റ് ഉണ്ടാക്കി കേരളവർമ്മ വലിയകോയിത്തമ്പുരാൻ താമസിച്ച കൊട്ടാരം പൊളിച്ചുകളഞ്ഞ് അവിടെയൊരു കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കും. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയുടെ മണ്ഡലമായ ഹരിപ്പാടിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ മയൂരസന്ദേശം ഇരുന്ന് എഴുതിയ കൊട്ടാരം ഇന്ന് ചോർന്നൊലിച്ച് ജീർണ്ണാവസ്ഥയിലാണ്. അവിടത്തെ മറ്റൊരുകൊട്ടാരം താലൂക്ക് ഓഫീസായും ഇപ്പോൾ പ്രവർത്തിക്കുകയാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള പൈതൃക സ്മാരകങ്ങൾ നമ്മുടെ കുറ്റകരമായ അനാസ്ഥ കൊണ്ട് നഷ്ടപ്പെട്ടുപോകുന്ന

സാഹചര്യമുണ്ട്. എന്റെ മണ്ഡലമായ ചെങ്ങന്നൂരിൽ ശിവപാർവ്വതി ക്ഷേത്രം പെരുന്തച്ചൻ നിർമ്മിച്ചതാണ്. ആ ക്ഷേത്രത്തെ ഇപ്പോൾ പുനരുദ്ധാരണ കമ്മിറ്റിക്കാർ വന്ന് അതിനെ ഒരു കോൺക്രീറ്റ് കൂടായി നിർമ്മിച്ചു. പെരുന്തച്ചന്റെ വാസ്തുശിൽപ്പ ചരിത്രം ഉൾക്കൊള്ളുന്ന ആ ക്ഷേത്രത്തെ നഷ്ടപ്പെടുത്തുകയാണ്. അതുകൊണ്ട് ഇത്തരം പൈതൃക സ്മാരകങ്ങൾ കൃത്യമായി സംരക്ഷിക്കാനുള്ള ഒരു പദ്ധതി ഗവൺമെന്റിനുണ്ടാകണം. ഇവിടെ പല എം.എൽ.എ. മാരും സ്മരാകങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കൊടുങ്ങൂരിലെ ചേരമാൻ പള്ളിയിലും ഇതേ ദുരന്തമാണ് ഉണ്ടാകുന്നത്. ആ പള്ളി പുനർനിർമ്മിച്ച് കോൺക്രീറ്റ് കൂടാക്കി മാറ്റി. നമ്മുടെ ഓരോ നഗരങ്ങൾക്കും ഓരോ വാസ്തുശിൽപ്പചരിത്രവും മാതൃകയുമുണ്ട്; തൃശ്ശൂർ നഗരത്തിനൊരു വാസ്തുശിൽപ്പചരിത്രമുണ്ട്, വാസ്തുശിൽപ്പ മാതൃകയുണ്ട്; പൊന്നാനി നഗരത്തിനൊരു വാസ്തുശിൽപ്പചരിത്രമുണ്ട്, വാസ്തുശിൽപ്പ മാതൃകയുണ്ട്; തിരുവനന്തപുരം നഗരത്തിനൊരു വാസ്തുശിൽപ്പചരിത്രമുണ്ട്, വാസ്തുശിൽപ്പ മാതൃകയുണ്ട്. അത് സംരക്ഷിക്കാൻ ഇപ്പോഴെങ്കിലും നമ്മുടെ ഗവൺമെന്റ് തയ്യാറായില്ലെങ്കിൽ ഇത് മുഴുവനും നഷ്ടപ്പെട്ടു പോകും. പാശ്ചാത്യ രാജ്യങ്ങളിൽ ഓരോ നഗരവും അവരുടെ ചരിത്രത്തിനനുസരിച്ച് സംരക്ഷിക്കുന്ന ഒരു പദ്ധതി കാണാൻ കഴിയും. സ്മാരകങ്ങൾ മാത്രമല്ല, നമ്മുടെ ഭാഷ തന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ പരമ്പരാഗതമായ വായ്മൊഴി വഴക്കങ്ങൾ, പതാവലികൾ, ഭക്ഷണരീതി എന്നിവയൊക്കെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഞാൻ മധ്യതിരുവിതാംകൂറിലെ ഓണാട്ടുകര മേഖലയിലുള്ള എം.എൽ.എ.-യാണ്. ചെട്ടികുളങ്ങരയിൽ കുംഭഭരണി നടക്കുന്ന സമയത്ത് കഞ്ഞിയും അസ്ത്രവും മുതിര ചേർത്തുള്ള ഒരു ഭക്ഷണ രീതിയുണ്ട്. ഓണാട്ടുകരക്കാരുടെ ഏറ്റവും പ്രസിദ്ധമായ ഒരു ഭക്ഷണരീതിയാണത്. അസ്ത്രമെന്ന് പറയുന്നത് ഇപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവിടെ മുതിര മുളപ്പിച്ച ഒരു ഭക്ഷണരീതിയുണ്ട്. അത് ചെട്ടികുളങ്ങര, കുംഭഭരണി എന്നീ മേഖലകളിലുള്ളവർക്കും കേരളത്തിലെ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നവർക്കുമെല്ലാമറിയാവുന്നതാണ്. അതുകൊണ്ട് ഭാഷയുടെയും ഭക്ഷണത്തിന്റെയും പൈതൃക വാസ്തുശിൽപ്പമാതൃകകൾ സംരക്ഷിക്കുന്ന കാര്യത്തിലും നമുക്ക് ഒരു പദ്ധതിയുമില്ല. നമ്മൾ അതൊന്നും ശ്രദ്ധിക്കുന്നതേയില്ല. കഴിഞ്ഞ മാസം ഒരു പദ്ധതിയുടെ ഭാഗമായി എനിക്ക് ഷേക്സ്പിയർ ഗ്ലോബ് തിയേറ്റർ സന്ദർശിക്കാനൊരവസരമുണ്ടായി. അവിടെ ഇപ്പോഴും യാതൊരുതര കൃത്രിമത്വങ്ങളുമില്ലാതെ, മൈക്ക് ഉപയോഗിക്കാതെ, കൃത്രിമമായി സൃഷ്ടിക്കുന്ന പ്രകാശ സംവിധാനങ്ങളില്ലാതെ, ഇപ്പോഴും ഷേക്സ്പിയർ ഗ്ലോബ് തിയറ്ററിൽ നാടകം അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ തകഴി സ്മാരകമാണെങ്കിലും എഴുത്തുകാരുടെ സ്മാരകങ്ങളാണെങ്കിലും അത്തരമൊരു

ദീർഘവീക്ഷണത്തോടും കാഴ്ചപ്പാടോടുംകൂടി ഇതൊക്കെ സംരക്ഷിക്കാനുള്ള ഒരു സംവിധാനമുണ്ടാകണം. എനിക്ക് ഇതുസംബന്ധിച്ച് ഒരുപാട് കാര്യങ്ങൾ പറയാനുണ്ടായിരുന്നു, ചെയറിന്റെ റൂളിംഗ് ഉണ്ടായിരുന്നതുകൊണ്ട് ഞാൻ മറ്റുള്ള കാര്യത്തിലേയ്ക്കൊന്നും കടക്കാനാഗ്രഹിക്കുന്നില്ല. കരുമാടികുട്ടന്റെ പ്രതിമ കുട്ടനാട്ടിലുണ്ട്. ആ പ്രതിമയിലെ ഒരു കൈ പോയിരിക്കുകയാണ്. ബുദ്ധസംസ്കാരത്തിനുനേരെ വലിയ ആക്രമണങ്ങളുണ്ടാകുകയും അത് നശിപ്പിക്കപ്പെടുകയും ചെയ്തതാണ്. ആ ചരിത്രമാണ് അതിന്റെ ഒരു കൈ പോയതുമായി ബന്ധപ്പെട്ടുള്ളത്. കഴിഞ്ഞ ദിവസം ഉദ്യോഗസ്ഥന്മാർ അതിൽ കൈ വച്ച് പിടിപ്പിക്കാൻ തീരുമാനിച്ചു. കരുമാടിക്കുട്ടന്റെ കൈ പോയ ഒരു ചരിത്രമാണ്. അതിനൊരു എസ്റ്റിമേറ്റ് ഉണ്ടാക്കി കൈ വച്ച് പിടിപ്പിച്ചുകൊണ്ട് ചരിത്രമില്ലാതാക്കാൻ വേണ്ടി നമ്മുടെ ഉദ്യോഗസ്ഥന്മാർ ശ്രമിക്കുകയാണ്. യാതൊരു ഭാവനയുമില്ലാത്ത, ബ്യൂറോക്രസി ഇതിനെ മുഴുവനായി ഇല്ലാതാക്കുന്നതിനുമുമ്പുള്ള ഒരു ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. എല്ലാ പൈതൃകങ്ങളും സംരക്ഷിക്കാനാവശ്യമായ നടപടിയുണ്ടാകണം. നമ്മുടെ രാഷ്ട്രീയ നേതാക്കന്മാരുടെ സ്മാരകങ്ങൾ പോലും തകർക്കുകയാണ്. സഖാവ് എന്ന് ഒറ്റ പേരിൽ അറിയപ്പെടുന്ന ആൾ സഖാവ് കൃഷ്ണപിള്ളയാണ്. ആ സഖാവ് കൃഷ്ണപിള്ളയുടെ സ്മാരകം പോലും തകർക്കപ്പെടുന്ന ഒരു സാഹചര്യത്തിലാണ് ഈ ശ്രദ്ധക്ഷണിക്കൽ ഞാൻ അവതരിപ്പിക്കുന്നത്. ഇത്തരം സ്മാരകങ്ങളും ആരാധനാലയങ്ങളും തകർക്കാൻ കഴിയാത്ത തരത്തിലുള്ള ഒരു സംരക്ഷണം നമ്മുടെ സ്മാരകങ്ങൾക്ക് കൊടുക്കാനുള്ള ഒരു കാഴ്ചപ്പാടും ഒരു നിയമനിർമ്മാണവും കൊണ്ടുവരണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ചത് വളരെയേറെ ഗൗരവമായ പരിഗണനയർഹിക്കുന്ന ഒരു വിഷയമാണ്. കേരളത്തിലെ നിരവധി പുരാവസ്തുസ്മാരകങ്ങൾ, നമ്മുടെ മനകൾ, ചുമർചിത്രങ്ങൾ എന്നിവയെല്ലാം നശിപ്പിക്കപ്പെടുകയും കാലഹരണപ്പെടുകയും ചെയ്യുന്നു. നമ്മുടെ നാടിന്റെ ഓരോ മേഖലയ്ക്കും പൈതൃകമായ പാരമ്പര്യമുണ്ട്. കാലത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഇതെല്ലാം മായ്ക്കപ്പെടുന്നു, പുനർനിർമ്മിക്കപ്പെടുന്നു. 1969-ലെ പ്രാചീന സ്മാരക പുരാവസ്തുസങ്കേത പുരാവശിഷ്ട ആക്ട് പ്രകാരവും 1972-ലെ കേരള പ്രാചീന സ്മാരക ചട്ടപ്രകാരവും 100 വർഷത്തിൽ കുറയാതെ പഴക്കമുള്ള ദേശീയ പ്രാധാന്യമില്ലാത്ത ചരിത്രശേഷിപ്പുകളും പ്രാചീന സ്മാരകങ്ങളും സംരക്ഷിക്കാനുള്ള നിയമം നിലവിലുണ്ട്. പുരാവസ്തു വകുപ്പിന്റെ കീഴിൽതന്നെ ഏകദേശം 171 സ്മാരകങ്ങൾ ഇന്ന്

നിലവിലുണ്ട്. ഇന്ന് വലിയൊരു ബോധവൽക്കരണം നമ്മുടെ സമൂഹത്തിന് ആവശ്യമാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിച്ചതുപോലെ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കൊട്ടാരം, തിരൂരങ്ങാടിയിലെ പഴയ ഹജ്ജൂർ കച്ചേരി തുടങ്ങിയവയെല്ലാം ചരിത്രത്തിന്റെ തിരുശേഷിപ്പായി സംരക്ഷിക്കേണ്ട സ്മാരകങ്ങളാണ്. പി.ഡബ്ല്യൂ.ഡി. ക്കാർ വീണ്ടും ഹജ്ജൂർ കച്ചേരിയുടെ മുഖാവരണമെല്ലാം മാറ്റി ടൈൽ പാകി നവീകരിച്ചു. ശക്തൻ തമ്പുരാന്റെ ഇരട്ടച്ചിറ കൊട്ടാരത്തെപ്പറ്റി ഇന്നലെ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞിരുന്നു. നിരവധി ചരിത്ര സ്മാരകങ്ങൾ അതിന്റെ പ്രാധാന്യമുൾക്കൊള്ളാതെ പുനർനിർമ്മിക്കപ്പെടുന്നത് വളരെയേറെ വേദനാജനകമാണ്. പാശ്ചാത്യരാജ്യങ്ങളിൽ പുരാവസ്തു സംരക്ഷണത്തിന് വളരെയേറെ പ്രാധാന്യം നൽകുന്നുണ്ട്. അവിടെ നിർമ്മാണം നടത്തുന്നവർക്ക് ഒരു കെട്ടിടത്തിന്റെയും മുഖഭാഗങ്ങൾ മാറ്റാൻ സാധിക്കില്ല. നമ്മുടെ പഴയ മനകളെല്ലാം സാമ്പത്തികമായി തകർച്ച നേരിടുന്ന കുടുംബങ്ങൾ വിൽക്കുന്നു. നമ്മുടെ നാലുകെട്ടുകൾ, നിർമ്മാണ ശൈലി ഇവയെല്ലാം അന്യാധീനപ്പെടുന്ന കാലഘട്ടത്തിൽ നമ്മുടെ ഭാവിതലമുറയ്ക്കു വേണ്ടി ഇവയൊക്കെ സംരക്ഷിക്കാൻ സാധിക്കണം. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പ്രാചീന സ്മാരകങ്ങളും പുരാവസ്തുക്കളും കലാരൂപങ്ങളും പ്രതിമകളും സംരക്ഷിക്കാനുള്ള ഒരു പുതിയ നിയമനിർമ്മാണം ഗവൺമെന്റിന്റെ പരിഗണനയിലാണ്. പക്ഷേ നിയമം കൊണ്ടുമാത്രം ഇവയെ സംരക്ഷിക്കാൻ കഴിയില്ല, നമ്മുടെ സമൂഹത്തിൽ ബോധവൽക്കരണവുമാവശ്യമാണ്. പെരുന്തച്ചൻ നിർമ്മിച്ച ചെങ്ങന്നൂരിലെ ശിവപാർവ്വതി ക്ഷേത്രം പൊളിച്ചുപണിയുന്നുവെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞു. ഇത് വളരെയേറെ ദൗർഭാഗ്യകരമാണ്, ഇക്കാര്യത്തിൽ ബോധവൽക്കരണമുണ്ടാകണം. ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യുവാൻ പുരാവസ്തു വകുപ്പും സാംസ്കാരിക വകുപ്പും ശ്രദ്ധിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ആലപ്പുഴയിലെ തകഴി സ്മാരകവും ഇപ്പോൾ സാംസ്കാരിക വകുപ്പ് പുനർനിർമ്മിക്കുകയാണ്. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ, ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലുള്ള നിർമ്മാണം അവിടെ നടക്കുമെന്ന് അങ്ങേക്ക് വിശദീകരിക്കാൻ കഴിയുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, തകഴി സ്മാരകത്തിന്റെ നിർമ്മാണത്തിനുവേണ്ടി പ്ലാനും എസ്റ്റിമേറ്റും സമർപ്പിച്ചു. അവരുടെ കാഴ്ചപ്പാടിൽ അവിടെ വലിയൊരു

ആഡിറ്റോറിയം, ഒരു വലിയ കരിങ്കൽ കൊട്ടാരമാണ്. അതുമുഴുവൻ മാറ്റാൻ പറഞ്ഞു. ഷേക്സ്പിയറിന്റെ Stratford-Upon-Avon സംരക്ഷിക്കുന്നതുപോലെ കുട്ടനാടിന്റെ പാരമ്പര്യം നിലനിർത്തിക്കൊണ്ട്, തകഴിയുടെ കയർ, ചെമ്മീൻ, രണ്ടിടങ്ങഴി തുടങ്ങിയ കൃതികളിലെ കഥാപാത്രങ്ങളെക്കൂടി ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു പുതിയ സ്മാരകത്തിന്റെ കാര്യം പരിഗണനയിലാണ്. അതിന്റെ ഡ്രാഫ്റ്റ് തയ്യാറായിട്ടുണ്ട്. ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ പഴയ ശൈലിയിലേക്കുള്ള മടങ്ങിപ്പോക്കായിരിക്കും ആ സ്മാരകത്തിൽ അവലംബിക്കുന്നത്.

## (2) ലാബ് അസിസ്റ്റന്റുമാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലാബ് അസിസ്റ്റന്റുമാർക്ക് മറ്റ് വകുപ്പിലുള്ള തത്തുല്യ ജീവനക്കാർക്ക് ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന വിഷയമാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെമുന്നിൽ കൊണ്ടുവരാനാഗ്രഹിക്കുന്നത്. ഇത് സംബന്ധിച്ച വിശദമായ കത്ത് 2014 മെയ് മാസം 15-ാം തീയതി ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയിരുന്നു. അതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോഴും ജനറൽ എഡ്യൂക്കേഷന്റെ സെക്ഷനിൽതന്നെ ആണെന്നാണ് ഞാൻ കരുതുന്നത്. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ലാബ് അസിസ്റ്റന്റായി ഏകദേശം 2100 പേരെ നിയമിക്കപ്പെട്ടിരിക്കുന്നതായിട്ടാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. പ്രമോഷൻ വഴിയും പി.എസ്.സി. വഴിയും നിയമിതരായ, 7 വർഷം പൂർത്തീകരിച്ച ഏകദേശം 2100 പേർക്ക് ഇനിയും പ്രൊബേഷൻ പൂർത്തിയാക്കാത്തതിനാൽ വാർഷിക ഇൻക്രിമെന്റ് ലഭിക്കാത്ത സ്ഥിതിയാണുള്ളത്. എന്നാൽ എയ്ഡഡ് ഹയർസെക്കന്ററി ലാബ് അസിസ്റ്റന്റുമാർക്ക് നിശ്ചിത കാലയളവിൽ പ്രൊബേഷൻ നൽകിവരുന്നുണ്ടെന്നുള്ളത് മറ്റൊരു വസ്തുതയാണ്. സമാനമായ രീതിയിൽ നിയമിക്കപ്പെട്ട ആളുകൾക്ക്, എയ്ഡഡ് മേഖലയിലുള്ളവർക്ക് പ്രൊബേഷൻ അനുവദിക്കപ്പെടുകയും എന്നാൽ സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് പ്രൊബേഷൻ നിഷേധിക്കപ്പെടുകയും ചെയ്യുന്ന ഒരവസ്ഥ തുടരുകയാണ്. ഗവൺമെന്റ് ജീവനക്കാർക്ക് ലാബ് അറ്റൻഡർ ടെസ്റ്റ് എന്ന ഒ.എം.ആർ. പരീക്ഷ വിജയിച്ചാൽ മാത്രമേ പ്രൊബേഷൻ പൂർത്തിയാക്കുകയുള്ളുവെന്നാണ് ഗവൺമെന്റ് ഇപ്പോൾ മുന്നോട്ടുവച്ചിരിക്കുന്ന വ്യവസ്ഥ. കൃത്യമായ സിലബസോ മാർഗ്ഗനിർദ്ദേശങ്ങളോ ഇല്ലാതെയാണ് ആ ടെസ്റ്റ് നടത്തിവരുന്നത്. 2007-ൽ പി.എസ്.സി. പരീക്ഷ നടത്തി നിയമിച്ചതിനുശേഷം 2009 സെപ്റ്റംബർ 11-ന് നോട്ടിഫിക്കേഷൻ നടത്തി 2010 ജൂലൈ 17-ന് നടന്ന ലാബ് അറ്റൻഡർ പരീക്ഷയിൽ കൃത്യമായ

സിലബസും മാർഗ്ഗനിർദ്ദേശങ്ങളും നൽകാത്തതിനാൽ 68 ശതമാനംപേരും പരാജയപ്പെടുകയാണുണ്ടായത്. പിന്നീട് പ്രസ്തുത പരീക്ഷ നടത്തിയിട്ടില്ല. എന്നാൽ സർക്കാർ ഉടമസ്ഥതയിൽത്തന്നെ വി.എച്ച്.എസ്.ഇ.-യിൽ ജോലി ചെയ്യുന്ന, ഇവരെക്കാൾ ഉയർന്ന ശമ്പള സ്കെയിലിലുള്ള ലാബ് അസിസ്റ്റന്റുമാർക്ക് ഇത്തരം പരീക്ഷകൾ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന്റെ ഭാഗവുമല്ല. എയ്ഡഡ് മേഖലയിലുള്ളവർക്ക് ഇത്തരം പരീക്ഷയില്ല, വി.എച്ച്.എസ്.ഇ.-യിൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനു വേണ്ടി ഈ പരീക്ഷ പാസ്സാകണമെന്ന വ്യവസ്ഥയുമില്ല. ലാബ് അറ്റൻഡർ ടെസ്റ്റുകൾ ലാബ് അസിസ്റ്റന്റുമാർ ചെയ്യുന്ന തൊഴിലിന് യാതൊരു ഗുണവും ചെയ്യില്ലെന്നിരിക്കെ പകരം ഇൻസർവീസ് കോഴ്സുകൾ നടത്തുന്നത് സർക്കാർ പരിഗണിക്കുന്നതായിരിക്കും ഏറ്റവും സഹായകരമായ കാര്യം. കാരണം ഈ ടെസ്റ്റുകൊണ്ട് പ്രത്യേകിച്ച് ഏതെങ്കിലും തരത്തിലുള്ള ഗുണമുണ്ടാകുമെന്ന് കരുതാൻ ഒരു വഴിയുമില്ല. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിൽ യോഗ്യതയുള്ള കീഴ്ജീവനക്കാർക്ക് നൽകിവരുന്ന അദ്ധ്യാപക തസ്തികയിലേക്കുള്ള പ്രൊമോഷനുകൾ യോഗ്യതയുള്ള ലാബ് അസിസ്റ്റന്റുമാർക്ക് ലഭിക്കുന്നില്ല. അതുകൂടി ലഭിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. പി.എസ്.സി. നടത്തുന്ന മത്സരപരീക്ഷ പാസ്സായി നിയമിതരാകുന്ന ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ 2100-ലധികം ലാബ് അസിസ്റ്റന്റുമാരുടെ സർവ്വീസ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തരമായ നടപടി സ്വീകരിക്കണം. ഇതിലൊരു പ്രധാനപ്പെട്ട വിഷയം, ഏകദേശം 75 ശതമാനം പേർ പി.എസ്.സി. വഴി നിയമനം ലഭിച്ചവരാണ്. 25 ശതമാനം പേർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ ഓഫീസ് അറ്റൻഡർ തസ്തികയിലുള്ള പ്രമോഷൻ വഴി നിയമിക്കപ്പെട്ടവരുമാണ്. ഇവരിൽ ഇപ്പോഴും 70 ശതമാനത്തോളം പേർ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ല. ഇൻക്രിമെന്റ് മാത്രം നിഷ്കർഷിക്കപ്പെട്ടിട്ടുള്ള ലാബ് അറ്റൻഡർ പരീക്ഷ ഇവർ പാസ്സായിട്ടില്ലെന്നതാണ് ഇതിനുകാരണമായി പറയുന്നത്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ അറ്റൻഡർമാരായിരുന്നവരെ പ്രൊമോട്ട് ചെയ്താണ് ലാബ് അസിസ്റ്റന്റുമാരായി നിയമിച്ചിട്ടുള്ളത്. എന്നാൽ ലാബ് അസിസ്റ്റന്റുമാരായി നിയമിക്കപ്പെട്ടവർ ഇനി ലാബ് അറ്റൻഡർ ടെസ്റ്റ് പാസ്സാകണമെന്നാണ് ഇപ്പോൾ വ്യവസ്ഥ വച്ചിരിക്കുന്നത്. പ്രൊമോഷൻ കിട്ടി അസിസ്റ്റന്റായവർ ഇനി പാസ്സാകേണ്ട ടെസ്റ്റിന്റെ പേര് ലാബ് അറ്റൻഡർ ടെസ്റ്റ് എന്നാണ്. എന്താണ് ഇതുകൊണ്ട് അർത്ഥമാക്കുന്നതെന്ന് മനസ്സിലാകുന്നില്ല. മറ്റൊരു വകുപ്പിലുമില്ലാത്ത താഴ്ന്ന തസ്തികയുടെ പേരിലുള്ള പരീക്ഷ പാസ്സാകണമെന്നത് ഇവിടെ മാത്രം കാണുന്ന പ്രത്യേകതയാണ്. ഓഫീസ് അറ്റൻഡർ തസ്തികയുടെ പ്രൊമോഷൻ

പോസ്റ്റാണ് ലാബ് അസിസ്റ്റന്റ്. പിന്നെ എന്തിനാണ് ഈ ടെസ്റ്റ് പാസ്സാകണമെന്ന് പറയുന്നതെന്ന് മനസ്സിലാകുന്നില്ല. ഒ.എം.ആർ. ആയതിനാൽ തൊഴിലിന് ഇത് സഹായകരവുമല്ല. അപകടകാരിയായ ആസിഡുകളും കെമിക്കലുകളും കൈകാര്യം ചെയ്യാൻ പ്രായോഗിക പരിശീലനം നൽകുന്ന ഇൻസർവീസ് കോഴ്സ് നടത്തുന്നത് ഇതിനെക്കാൾ ഉചിതമായിരിക്കും. അതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്നുമില്ല. 7 വർഷത്തിലധികമായി ഇവർക്ക് വാർഷിക ഇൻക്രിമെന്റ് ലഭിക്കുന്നില്ല. പ്രതിമാസം രണ്ടായിരം രൂപയോളം നഷ്ടമാണ് ജീവനക്കാർക്കുണ്ടാകുന്നത്. ഭാവിയിൽ പരീക്ഷ നടന്നാൽ ആ തീയതി മുതലേ അവർക്ക് പ്രൊബേഷൻ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ, അന്നുമുതലേ അവർക്ക് ഇൻക്രിമെന്റ് ലഭിക്കുകയുള്ളൂ എന്ന സ്ഥിതിയാണ് നിലവിലുള്ളത്. അത്തരമൊരു സാഹചര്യത്തിൽ കുടിശ്ശിക ലഭിക്കാനും വ്യവസ്ഥയുണ്ടാകില്ല. സമാനജോലിയായ വി.എച്ച്.എസ്.ഇ. യിലെ ലാബ് അസിസ്റ്റന്റിന്റെ ശമ്പള സ്കെയിൽ ഇവരെക്കാൾ കൂടിയതാണ്. അവർക്ക് 9940 രൂപയും ഇവർക്ക് 8960 രൂപയുമാണ്. അടിസ്ഥാന ശമ്പളത്തിൽത്തന്നെ 950 രൂപയുടെ വ്യത്യാസമുണ്ട്. മറ്റ് വകുപ്പുകളിൽ പ്രൊബേഷന് ഇത്തരം ഇളവുകൾ നൽകിയിട്ടുണ്ട്. എയ്ഡഡ് ലാബ് അസിസ്റ്റന്റിന് ഇളവ് നൽകിയത് ഞാൻ ചൂണ്ടിക്കാണിച്ചു. 50 വയസ്സ് പൂർത്തിയാക്കിയ അദ്ധ്യാപകരെ കെ.ഇ.ആർ. സംബന്ധിച്ച പരീക്ഷ പാസ്സാകുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. എച്ച്.എം. പ്രൊമോഷൻ അവർക്ക് അനുവദിക്കുന്നുണ്ട്. മറ്റ് പല ഡിപ്പാർട്ടുമെന്റുകളിലും ഇത്തരം സ്ഥിതി തുടരുന്നുണ്ട്. എന്നാൽ ഇവർക്ക് മാത്രം ലാബ് അറ്റൻഡർ ടെസ്റ്റ് പാസ്സായാൽ മാത്രമേ പ്രൊബേഷൻ നൽകൂ എന്നതാണ് സ്ഥിതി. ആ ടെസ്റ്റ് കൃത്യമായി നിശ്ചിത സിലബസ് മുൻകൂട്ടി നൽകി നടത്തുന്നുമില്ല. ഈ അധിക ജോലികൾ ഏറ്റെടുക്കേണ്ടിവരുന്ന സാഹചര്യമാണുള്ളത്. എന്നാൽ മറ്റ് ജോലികൾ ചെയ്യേണ്ടതില്ലെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ അതുണ്ടെങ്കിലും ഇവിടെ അതും ബാധകമല്ല. ഇത്തരമൊരു സാഹചര്യത്തിൽ ലാബ് അസിസ്റ്റന്റുമാരുടെ കാര്യത്തിൽ വി.എച്ച്.എസ്.ഇ. സംവിധാനത്തിലുള്ളതുപോലെ ഹയർ സെക്കന്ററിയിലെ എയ്ഡഡ് സ്കൂളുകൾ നിലനിൽക്കുന്നതുപോലെ ഈ ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനയിൽനിന്ന് അവരെ ഒഴിവാക്കിക്കൊണ്ട് അവർക്ക് പ്രൊബേഷൻ നൽകാനും അവരുടെ ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുക്കാനുമുള്ള നടപടിയുണ്ടാകണമെന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, സർക്കാർ/ എയ്ഡഡ് മേഖലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ

നേരിട്ടുള്ള നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത 10-ാം ക്ലാസ് വിജയവും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് വിജയവുമാണ്. തസ്തിക മാറ്റനിയമത്തിന് 7-ാം ക്ലാസ് വിജയവും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് വിജയവുമാണ് വിദ്യാഭ്യാസ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിൽ ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് പ്രൊബേഷൻ കാലയളവിനുള്ളിൽ പാസ്സായാൽ മതിയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 28-3-2003 വരെ നിയമിതരായ ലാബ് അസിസ്റ്റന്റുമാർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന മൂന്ന് തുടർ പരീക്ഷകൾക്കുള്ളിൽ ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് വിജയിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ അനുവദിച്ചുകൊണ്ട് 16-8-2006-ലെ ജി.ഒ.(ആർ.ടി.) നമ്പർ 3588/പൊ.വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിലുള്ള ലാബ് അസിസ്റ്റന്റുമാരിൽ 378 ലാബ് അസിസ്റ്റന്റുമാർ നിരീക്ഷണ കാലം പൂർത്തിയാക്കിയിട്ടുണ്ട്. ഇനി 508 ലാബ് അസിസ്റ്റന്റുമാരാണ് നിരീക്ഷണ കാലം പൂർത്തിയാക്കാൻ അവശേഷിക്കുന്നത്. നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം ലാബ് അസിസ്റ്റന്റുമാർ സർവ്വീസിൽ കയറി തുടർച്ചയായ 3 വർഷത്തിനുള്ളിൽ ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് പാസ്സായാൽ മാത്രമെ അവരുടെ രണ്ട് വർഷത്തെ പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 28-3-2003-ന് ശേഷം നാളിതുവരെ രണ്ട് തവണ മാത്രമാണ് ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് നടത്തിയത്. ഇതുമൂലം 28-3-2003-ന് ശേഷം സർവ്വീസിൽ കയറിയവർ ഉൾപ്പെടെ വലിയ ഒരു വിഭാഗം ലാബ് അസിസ്റ്റന്റുമാരുടെ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയായതായി പ്രഖ്യാപിക്കാൻ കഴിയാത്തതിനാൽ അവർക്കുണ്ടാകുന്ന സർവ്വീസ് സംബന്ധവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും 16-8-2006-ലെ ജി.ഒ. (ആർ.ടി.) 3588/2006 പൊ.വി.വ. പ്രകാരമുള്ള സർക്കാർ ഉത്തരവിലെ ആനുകൂല്യങ്ങൾ ടി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 28-3-2003-ന് ശേഷം 15-12-2014 വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചവർക്കും അനുവദിച്ചു കൊണ്ട് 15-12-2014-ലെ ജി.(ആർ.ടി.) 5567/2014 പൊ.വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 50 വയസ്സ് പൂർത്തീകരിച്ച ലാബ് അസിസ്റ്റന്റുമാരെ

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ലാബ് അറ്റൻഡേഴ്സ് ടെസ്റ്റിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുന്ന കാര്യം കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ച് യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ ലാബ് അസിസ്റ്റന്റുമാർ ഉൾപ്പെടെ യോഗ്യരായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് തസ്തിക മാറ്റം വഴി നിശ്ചിത ശതമാനം അദ്ധ്യാപക തസ്തിക സംവരണം ചെയ്യാനുള്ള തീരുമാനം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ആയത് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരിക്കുകയുമാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പ്രായോഗിക പരിശീലനം നൽകുന്ന ഇൻ സർവ്വീസ് കോഴ്സ് നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നത് നല്ലതായിരിക്കും. അതുപോലെ മറ്റ് ജോലികൾ ചെയ്യുന്നതിന് ലാബ് അസിസ്റ്റന്റുമാരെ നിർബന്ധിക്കുന്ന അവസ്ഥ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഇൻസർവ്വീസ് കോഴ്സിന്റെ കാര്യം പരശോധിക്കാം. ലാബ് അസിസ്റ്റന്റുമാരെകൊണ്ട് മറ്റ് ജോലികൾ ചെയ്യിക്കുന്നതായുള്ള പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടില്ല.

11.00 AM]

## IV സബ്മിഷൻ

മി. ചെയർമാൻ: ഇന്ന് 45 സബ്മിഷനുകളുണ്ട്. സബ്മിഷൻ അവതരിപ്പിക്കുന്നവരും മറുപടി പറയുന്ന മന്ത്രിമാരും ചുരുക്കി പറയണമെ ന്നഭ്യർത്ഥിക്കുന്നു.

### (1) ജാതി സർട്ടിഫിക്കറ്റ് നൽകൽ

ശ്രീ. സി. പി. മുഹമ്മദ്: സർ, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം, മണ്ണാർക്കാട് താലൂക്കുകളിൽ അധിവസിക്കുന്ന ഒരു ജനവിഭാഗമാണ് ഗുപ്തൻ സമുദായക്കാർ. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇവർ ഒറ്റപ്പെട്ട് വീടുവച്ച് താമസിക്കുന്നുണ്ട്.

പാലക്കാട് ജില്ലയിൽ താമസിക്കുന്നവർക്ക് ജാതിസർട്ടിഫിക്കറ്റ് നൽകുന്നുണ്ടെങ്കിലും കേരളത്തിലെ മറ്റ് പ്രദേശങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നില്ല. ഗുപ്തൻ അഥവാ മൂത്താൻ എന്ന പേരിൽ അറിയപ്പെടുന്ന ഇവരെ ന്യൂനപക്ഷമായി അംഗീകരിക്കണമെന്ന ആവശ്യം ഈ സർക്കാർ പരിശോധിക്കുന്നതിനായി കിർത്താഡ്സിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുണ്ട്. ഈ വിഭാഗത്തെ ഒരു സമുദായമായി അംഗീകരിക്കേണ്ടത് മുന്നാക്ക സമുദായ കമ്മീഷനാണെന്ന് നേരത്തെ ഒരു മറുപടി ഇവർക്ക് ലഭിച്ചിട്ടുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന, ഭൂരിപക്ഷം പേരും ദരിദ്രരായ ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനും ഇവരെ ന്യൂനപക്ഷമായി പ്രഖ്യാപിക്കുന്നതിനും സത്വരനടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മുന്നാക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നതിനും ഒരു കമ്മീഷനെ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മീഷന്റെ പരിധിക്കുള്ളിൽ, ജാതിസർട്ടിഫിക്കറ്റ് നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

## (2) വിദേശ മലയാളികളുടെ ബുദ്ധിമുട്ട്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സംസ്ഥാനത്തിന്റെ നട്ടെല്ലായ ഗൾഫ് മലയാളികൾക്ക് നീതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വളരെക്കാലമായി സഭയിൽ പലതവണ ചർച്ച ചെയ്ത കാര്യമാണിത്. ഗൾഫിലേയ്ക്കും അവിടെ നിന്നും ഇങ്ങോട്ടും വരുന്ന മലയാളികളാണ് ബുദ്ധിമുട്ട് അനുഭവിക്കുന്നത്. ഇപ്പോൾ ദുബായിലേക്കുള്ള എയർ ടിക്കറ്റ് ചാർജ് 7000 രൂപയാണ്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഒരാൾക്ക് ദുബായിലേക്ക് പോകാൻ 30,000 രൂപ മുതൽ 50,000 രൂപ വരെ നൽകേണ്ടിവരുന്നു. ഒരേ ദൂരവും ഒരേ ഇന്ധനവുമാണ് അപ്പോഴും ചെലവഴിക്കുന്നത്. ഗൾഫിലേക്ക് 4 മണിക്കൂർ യാത്രയാണുള്ളത്. ലണ്ടനിലേക്ക് 12 മണിക്കൂർ യാത്ര ചെയ്യാൻ കൊടുക്കേണ്ടത് 25,000 രൂപ മുതൽ 30,000 രൂപവരെയാണ്. ന്യൂയോർക്കിലേക്ക് 24 മണിക്കൂർ യാത്ര ചെയ്യേണ്ടതിന് 60,000 രൂപ ചാർജ്ജാണ്. മലയാളികളോട് മാത്രമെന്തിനാണ് ഈ ക്രൂരത. രണ്ട് വർഷത്തെ സമ്പാദ്യം മുഴുവൻ എയർ ടിക്കറ്റിന് ചെലവഴിച്ചാൽ മാത്രമെ ഒരു കുടുംബത്തിന് നാട്ടിലേക്ക് വരാൻ കഴിയുകയുള്ളൂ. ഈ വിഷയം പല തവണ ചർച്ച ചെയ്തതാണ്. കേന്ദ്ര മന്ത്രിമാർക്കും പ്രധാനമന്ത്രിക്കും കത്തെഴുതാം. ഞാൻ കഴിഞ്ഞ മാസം വ്യോമയാന മന്ത്രിക്ക് കത്തയച്ചിരുന്നു. I am desired to acknowledge the receipt of your letter dated 8th October 2014, addressed to the Prime Minister regarding problems being faced by Non Resident Indians due to airfare rise on the Gulf Indians. എന്ന് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും മറുപടി കിട്ടി. I am in receipt of your letter regarding relief for NRI gulf air travellers returning to gulf region from Kerala after vacation........... I am having the matter looked into for appropriate action. എന്ന് വ്യോമയാന മന്ത്രിയും മറുപടി നൽകിയിട്ടുണ്ട്. ഇത് തന്നെയാണ് മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും കത്തയച്ചാൽ കിട്ടുന്ന മറുപടി. അതുകൊണ്ട് ഇക്കാര്യത്തിൽ സഭയിലുള്ള എല്ലാ അംഗങ്ങളും കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. ഗൾഫ് മലയാളികളുള്ളതുകൊണ്ടാണ് കേരളം ജീവിക്കുന്നതുതന്നെ. ഒരു സബ്മിഷനും മറുപടിയും കൊണ്ട് ഗൾഫ് മലയാളികളെ സുഖിപ്പിക്കാൻ തുനിയരുത്. കേന്ദ്ര മന്ത്രിമാർക്ക് കത്തയച്ചാൽ ഇവിടെ പറഞ്ഞതുപോലുള്ള മറുപടി കിട്ടും. ഇന്ത്യയിലെ

എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ഗൾഫ് നാടുകളിൽ ആളുകൾ ജോലിക്ക് പോകുന്നുണ്ട്. അവരോടൊന്നും ഈ ക്രൂരതയില്ല. അതുകൊണ്ട് ഈ സഭയിലെ എല്ലാ അംഗങ്ങളും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ ചെന്ന് സമരം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. എങ്കിൽ മാത്രമേ അധികാരികളുടെ കണ്ണ് തുറക്കുകയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽപ്പര്യപൂർവ്വം കഴിഞ്ഞ സമ്മേളനത്തിൽ പറഞ്ഞ, എയർ കേരള പ്രാവർത്തികമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത് വളരെ പ്രാധാന്യമർഹിക്കുന്ന പ്രശ്നമാണ്. ഇക്കാര്യത്തിൽ നമ്മൾ എന്തെങ്കിലും പറഞ്ഞിട്ട് പ്രയോജനമുണ്ടാകുമെന്ന് തോന്നുന്നില്ല. കാരണം, 40 വർഷത്തിലേറെക്കാലമായി ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന ഒരാളാണ് ഞാൻ. ഓരോ വർഷം കഴിയുംതോറും ഈ പക്ഷപാതവും അനീതിയും വർദ്ധിച്ചു വരുന്നതല്ലാതെ കുറയുന്നില്ല. എത്രയിരട്ടിയാണ് യാത്രാ നിരക്ക് വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നത്? നിവേദനം നൽകിയതുകൊണ്ടോ, പറഞ്ഞതുകൊണ്ടോ, സമരം ചെയ്തതുകൊണ്ടോ പ്രയോജനമുണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. ഈ സാഹചര്യത്തിലാണ് 'എയർ കേരള' എന്ന ആശയം വന്നത്. ആ ആശയം ഇന്നും ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ രണ്ട് കണ്ടീഷൻസ് ഒഴിവായി കിട്ടണം. രണ്ട് കണ്ടീഷൻസ് ഒഴിവാക്കാൻ തീരുമാനിച്ചുവെന്ന് പത്രത്തിൽ കണ്ടു. പക്ഷെ ഇതുവരെ ഔദ്യോഗികമായിട്ടുള്ള മറുപടി ലഭിച്ചിട്ടില്ല. അതിനുവേണ്ടി ശ്രമിക്കും. വിദേശ രാജ്യങ്ങളുമായി സർവ്വീസ് നടത്തണമെങ്കിൽ ഡൊമസ്റ്റിക് സർവ്വീസിൽ അഞ്ചുവർഷത്തെ എക്സ്പീരിയൻസ് ഉണ്ടായിരിക്കണം. കൂടാതെ 20 വിമാനങ്ങളുണ്ടായിരിക്കുകയും വേണം. ഈ രണ്ട് കണ്ടീഷനും ഒഴിവാക്കി കിട്ടുന്നതിനുവേണ്ടിയാണ് നമ്മൾ ശ്രമിക്കുന്നത്. അതിനുള്ള ശ്രമം നടത്തുകയെന്നുള്ളതാണ് എന്നെ സംബന്ധിച്ചിടത്തോളം ചെയ്യാനുള്ളത്. 5 വർഷം ഡൊമസ്റ്റിക് സർവ്വീസ് നടത്തണമെങ്കിൽ 150 കോടിരൂപയുടെയെങ്കിലും നഷ്ടമുണ്ടാകും. അത് നമുക്ക് താങ്ങാൻ പറ്റാതെ വരും. അതുകൊണ്ടാണ് അത് ആലോചിക്കാതിരിക്കുന്നത്. അത് പ്രായോഗികമാകുകയില്ല. ഏതായാലും നിവേദനം കൊടുക്കാം, പക്ഷെ, അതുകൊണ്ട് ഒരു മാറ്റമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. 'എയർ കേരള' എന്നുള്ള ആശയത്തിനുവേണ്ടി നിലകൊള്ളുന്നതാണ്.

## (3) ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ നഷ്ടപ്പെട്ടത് സംബന്ധിച്ച്

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നില്ലെന്ന തീരുമാനം സംശയങ്ങൾക്കിടയില്ലാത്തവിധം പ്രഖ്യാപിച്ചതിൽ ഞാൻ ആദ്യമായി അങ്ങയോട് നന്ദി പറയുന്നു. 2012 മാർച്ചിൽ നിലവിൽവന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിലെ 56706 ഉദ്യോഗാർത്ഥികളിൽ ഇനി ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ മൂന്നുമാസം മാത്രം ബാക്കിനിൽക്കുമ്പോൾ നിയമനം നൽകാൻ കഴിഞ്ഞത് 9163 പേർക്കാണ്. കഴിഞ്ഞ ലിസ്റ്റിൽനിന്ന് ഏകദേശം 15295 പേർക്ക് നിയമനം കൊടുത്തപ്പോൾ ഇവിടെ 16.1 ശതമാനം പേർക്ക് മാത്രമെ നിയമനം നൽകാൻ കഴിഞ്ഞിട്ടുള്ളൂ. മാത്രമല്ല, കഴിഞ്ഞ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് 9 മാസത്തെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം കൊടുത്തിരുന്നു. ആ 9 മാസത്തെ ഡിലേകൂടി ഇവർക്ക് ബാധിച്ചതുകൊണ്ട് ഇവർക്ക് ലഭിക്കേണ്ട തൊഴിലവസരങ്ങൾ അത്രയും കുറഞ്ഞിരിക്കുകയാണ്. ആന്റിസിപ്പേറ്ററിയായി മാർച്ച്, ഏപ്രിൽ, മെയ് വരെയുള്ള മാസങ്ങളിലെ ഒഴിവുകൾ കൂടി പരിശോധിച്ച് ഇവർക്ക് നിയമനം നൽകണമെന്ന നിർദ്ദേശം സർക്കാർ ഒരു ഓർഡറായി പുറത്തിറക്കിയിട്ടുണ്ട്. പക്ഷെ, ഇതിന്റെ ഗുണം ഇവർക്ക് ലഭിക്കണമെങ്കിൽ ആറുമാസത്തെയെങ്കിലും സൂപ്പർ ന്യൂമററി ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നൽകിയാലേ ആ ഒരു ഇംബാലൻസ് പരിഹരിക്കാൻ കഴിയുകയുള്ളൂ. മാത്രമല്ല, റിട്ടയർമെന്റ് ഒഴിവുകൾ മാത്രം റിപ്പോർട്ട് ചെയ്താൽ പോര, പ്രൊമോഷന്റെ ഒഴിവുകൾകൂടി റിപ്പോർട്ട് ചെയ്ത് ഈ ലിസ്റ്റിൽനിന്ന് പരമാവധി പേർക്ക് ജോലി ലഭിക്കുന്നതരത്തിലുള്ള ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നിലവിലുള്ള ഒഴിവുകളെല്ലാം നികത്തുമെന്ന് ഞാൻ പല പ്രാവശ്യം ഇവിടെ പറഞ്ഞിട്ടുണ്ട്. അതു ഞാൻ ഇവിടെ ആവർത്തിക്കുകയാണ്. കാരണം ഇവിടെ നിയമന നിരോധനമില്ല. ഇവിടെ പി.എസ്.സി. ലിസ്റ്റുണ്ടായിട്ടും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതൊരു കുറ്റമായി കണക്കാക്കുമെന്നുതന്നെയാണ് എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും കൊടുത്തിട്ടുള്ള നിർദ്ദേശം. ഈ ലിസ്റ്റിൽനിന്നുതന്നെ 14 ജില്ലകളിലേക്കുമുള്ള നിയമനത്തിനായി റിപ്പോർട്ടിംഗ് നടന്നിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 1478 പേരെ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ജില്ലകളിൽനിന്ന് 400, 500, 900 എന്ന നിലയിൽ ആളുകളെ നിയമിച്ചിട്ടുണ്ട്. 14 ജില്ലകളുടെയും

ലിസ്റ്റ് എന്റെ കയ്യിലുണ്ട്. സമയമെടുക്കുമെന്നുള്ളതുകൊണ്ട് ഞാൻ വായിക്കുന്നില്ല. ഈ ലിസ്റ്റിൽനിന്ന് കേരളത്തിലൊട്ടാകെ 9095 പേരെ നിയമിച്ചിട്ടുണ്ട്. ഇതിന് തൊട്ടുമുമ്പുള്ള ലിസ്റ്റിന്റെ കാലാവധി നീട്ടിയതുകൊണ്ടാണ് കൂടുതൽ പേരെ ആ കാലത്ത് എടുത്തിട്ടുള്ളതിനാൽ ഇവർക്ക് നഷ്ടം വന്നുവെന്നാണ് പറയുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ നേരത്തെ 6 മാസംമുമ്പുവരെയുള്ള ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ടു, അത് സാധിക്കുകയില്ല. ഏപ്രിൽ, മെയ്, ജൂൺ എന്നീ മൂന്നുമാസങ്ങളിലെ ആന്റിസിപ്പേറ്ററി ഒഴിവുകൾകൂടി റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിക്കഴിഞ്ഞു. മെമ്പർ ഇന്ന് ആവശ്യപ്പെടുന്നത് പ്രൊമോഷൻ വേക്കൻസികൂടി റിപ്പോർട്ട് ചെയ്യാൻ സാധിക്കുമോ എന്നാണ്. പ്രൊമോഷൻ വരുന്നത് ഇംപ്ലിമെന്റ് ചെയ്ത് കഴിഞ്ഞാലേ ഇവിടെ വേക്കൻസി വരികയുള്ളൂ. അതുകൊണ്ട് അത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സാദ്ധ്യത എത്രമാത്രമുണ്ടെന്ന് എനിക്കറിയില്ല, ഏതായാലും ആ സാദ്ധ്യതകൂടി പരിശോധിക്കുന്നതാണ്.

## (4 )സാമുദായിക സംവരണം ഏർപ്പെടുത്തൽ

ശ്രീ. പി. ഉബൈദുള്ള :സർ, കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സാമുദായിക സംവരണം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സാമൂഹികപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടു വരികയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഉദ്യോഗതലത്തിലും വിദ്യാഭ്യാസത്തിലും സാമൂഹിക നീതി ഉറപ്പാക്കുന്ന സംവരണ നിയമം നിർമ്മിക്കുകയും നടപ്പാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന നിയമനങ്ങളിൽ ഈഴവ, മുസ്ലീം, ലത്തീൻ കത്തോലിക്ക, വിശ്വകർമ്മ, നാടാർ, ധീവര, മറ്റ് ക്രിസ്ത്യൻ, ഒ.ബി.സി., എസ്.സി./എസ്.ടി എന്നീ പിന്നോക്ക വിഭാഗങ്ങൾക്കെല്ലാമായി 50 ശതമാനം സംവരണം നൽകിവരുന്നുണ്ട്. സർക്കാർ സർവ്വീസിനുപുറമെ പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുന്ന സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും നിയമനങ്ങളിലും പി.എസ്.സി. മാനദണ്ഡങ്ങൾക്കനുസൃതമായി സംവരണതത്വം പാലിക്കപ്പെടുന്നു. ശ്രീ. എ. കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ യു.ഡി.എഫ്. ഗവൺമെന്റാണ് സംസ്ഥാന സഹകരണ ബാങ്കുകളിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതെന്ന കാര്യം നാമിവിടെ

ഓർക്കേണ്ടതുണ്ട്. എന്നാൽ 1969-ലെ സഹകരണ നിയമം 80(ബി) ചട്ടമനുസരിച്ച് രൂപീകരിച്ച കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡ് മുഖേന നിയമനം നടത്തുന്ന സഹകരണ അർബൻ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ തുടങ്ങിയ സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കുമിടയിലുള്ള രാജ്യത്തിന്റെ ഏറ്റവും വലിയ ധനകാര്യ സംവിധാനവും ധാരാളം തൊഴിലവസരവുമുള്ള മേഖലയാണ് സഹകരണ മേഖല. കേരളത്തിലെ സഹകരണ പ്രസ്ഥാനം രാജ്യത്താകമാനം ജനജീവിതവുമായി ബന്ധപ്പെട്ട എല്ലാ തലങ്ങളിലേക്കും പടർന്ന് പന്തലിച്ചിരിക്കുകയാണ്. സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ കേരളീയ പൊതുസമൂഹത്തിലെ മുഴുവൻ ജനവിഭാഗങ്ങളും അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. ഈ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്നത് ജീവനക്കാരാണെന്ന കാര്യം വിസ്മരിച്ചുകൂടാ. ആയതിനാൽ സാമൂഹികപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് സഹകരണ മേഖലയിൽ ഉദ്യോഗ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് സഹകരണഅർബൻ ബാങ്കുകളിലെയും, പ്രാഥമിക സഹകരണ സംഘങ്ങളിലെയും നിയമനങ്ങളിൽ പി.എസ്.സി.യുടെ മാനദണ്ഡമനുസരിച്ച് സാമുദായിക സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും നിയമനങ്ങളിൽ സംവരണ തത്വങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടുതന്നെയാണ് നടപ്പിലാക്കുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർതന്നെ ഇവിടെ പറഞ്ഞു. പ്രാഥമിക സഹകരണ സംഘങ്ങളിൽ ഭൂരിപക്ഷത്തിനും 10 ജീവനക്കാരിൽ താഴെയാണുള്ളത്. 10 ജീവനക്കാരിൽ താഴെയുള്ളവരിൽ പൂർണ്ണമായും സംവരണ തത്വം പാലിക്കുന്നതിന് പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടുകളുണ്ട്. എന്നാൽ 10 ജീവനക്കാരിൽ കൂടുതലുള്ള സഹകരണ സ്ഥാപനങ്ങളിൽ ഈ സംവരണം അനുവദിക്കാൻ കഴിയുമോയെന്നുള്ളത് ഗവൺമെന്റ് പ്രത്യേകം പരിശോധിക്കുന്നതാണ്. അതിനുവേണ്ട നിർദ്ദേശം നൽകുന്നതാണ്.

### (5) ഗൾഫ് നാടുകളിൽ പി.എസ്.സി. പരീക്ഷാ സെന്റർ

ശ്രീ. വർക്കല കഹാർ: സർ, നമ്മുടെ സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ആയിരക്കണക്കിന് ചെറുപ്പക്കാരാണ് ഗൾഫ് രാജ്യങ്ങളിലുള്ളത്. ബിരുദവും ബിരുദാനന്തര ബിരുദവും യോഗ്യതയുള്ള ഇവർ സർക്കാർ ഉദ്യോഗമാഗ്രഹിക്കുന്നെങ്കിലും പി.എസ്.സി.

പരീക്ഷാ സമയത്ത് നാട്ടിലില്ലാത്തതുമൂലം പരീക്ഷയെഴുതാൻ സാധിക്കാറില്ല. ഇതിൽ ബഹുഭൂരിപക്ഷം ആളുകളും സ്വന്തം കുടുംബങ്ങളിലെ ദുരവസ്ഥകൊണ്ടു കൂടിയാണ് ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോയിട്ടുള്ളത്. അതുകാരണം ആയിരക്കണക്കിന് യുവാക്കൾക്കാണ് സർക്കാർ ജോലിയെന്ന സ്വപ്നം ഉപേക്ഷിക്കേണ്ടിവരുന്നത്. ലക്ഷകണക്കിനാളുകൾ അപേക്ഷകരായുള്ള എൽ.ജി.എസ്., എൽ.ഡി.സി., തുടങ്ങിയ പി.എസ്.സി. പരീക്ഷകൾക്ക് ഗൾഫ് നാടുകളിൽ പരീക്ഷാ സെന്റർ അനുവദിച്ചാൽ ധാരാളംപേർക്ക് അതൊരനുഗ്രഹമാകും. അതുകൊണ്ട് ഗൾഫ് നാടുകളിൽ പരീക്ഷാ സെന്റർ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇതിന് പ്രായോഗികമായി പല വിധത്തിലുള്ള ബുദ്ധിമുട്ടുകളുണ്ട്. ഭരണഘടനയുടെ 315 മുതൽ 323 വരെയുള്ള വകുപ്പുകളിൽ അനുശാസിക്കുന്നവിധം രൂപീകരിക്കപ്പെട്ട ഈ കമ്മീഷന്റെ പ്രവർത്തന പരിധി സംസ്ഥാനങ്ങളിൽ ഒതുങ്ങിനിൽക്കുന്നതാണ്. അതിനപ്പുറത്തേക്ക് പോകണമെന്നുണ്ടെങ്കിൽ അതിന് നിയമപരവും ഭരണപരവുമായ പല തടസ്സങ്ങളുമുണ്ട്. അതുകൊണ്ട് എനിക്കിപ്പോൾ വ്യക്തമായി ഒരു മറുപടി പറയാൻ സാധിക്കുകയില്ല. അതിന്റെ സാദ്ധ്യതകളെന്തൊണന്നതിനെക്കുറിച്ച് പരിശോധിക്കും.

## (6) ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി നീട്ടൽ_

ശ്രീ. ആർ. സെൽവരാജ് : സർ, കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് റവന്യൂ ഉദ്യോഗസ്ഥർ നൽകിവരുന്ന ജാതി സർട്ടിഫിക്കറ്റുകളുടെ കാലാവധി വെറും ആറ് മാസം മാത്രമാണ്. ഓരോ ആവശ്യത്തിനും പ്രത്യേകം പ്രത്യേകം സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം, എന്ത് ആവശ്യത്തിന്, ഏത് സ്ഥാപനത്തിൽ ഹാജരാക്കണമെന്നുള്ളതിനെസംബന്ധിച്ച് ഈ സർട്ടിഫിക്കറ്റുകൾ നൽകുന്ന റവന്യൂ ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റുകളുടെ അടിക്കുറിപ്പിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത് പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് വലിയ ബുദ്ധിമുട്ടുളവാക്കുന്ന ഒരു കാര്യമാണ്. ഇത്തരത്തിലുള്ള ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനു വേണ്ടിയാണ് തമിഴ്നാട്ടിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഓരോ കുടുംബത്തിലെയും എല്ലാ അംഗങ്ങളുടെയും പേര് രേഖപ്പെടുത്തി ഒരു സർട്ടിഫിക്കറ്റ് നൽകുന്നത്. ഇതിന്റെ കാലാവധി അഞ്ച് വർഷക്കാലം നിലനിൽക്കും. കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗക്കാരുടെ സർട്ടിഫിക്കറ്റുകൾക്ക് നൽകുന്ന കാലദൈർഘ്യം ആറ് മാസമെന്നുള്ളത് മാറ്റി മൂന്നു വർഷത്തേക്ക് പ്രാബല്യമുള്ളതാക്കണമെന്നതാണ് എന്റെ ഒരാവശ്യം. അതുപോലെതന്നെ ഓരോ

ആവശ്യത്തിനും അതായത് വീടിനും വസ്തുവിനും മറ്റ് ധനസഹായത്തിനും വിദ്യാഭ്യാസത്തിനും ഉദ്യോഗത്തിനും പ്രത്യേകം പ്രത്യേകം സർട്ടിഫിക്കറ്റുകൾ നൽകുന്ന ബുദ്ധിമുട്ട് ഒഴിവാക്കി എല്ലാ ആവശ്യങ്ങൾക്കും പൊതുവായി ഒരു സർട്ടിഫിക്കറ്റ് ഉപയോഗിക്കാമെന്നുള്ള ഒരു സ്ഥിതിവിശേഷം ഉണ്ടാക്കിയെടുക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്ക് നൽകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ് ) : സർ, റവന്യൂ വകുപ്പിന്റെ 27-4-2007-ലെ ഉത്തരവിൻപ്രകാരം ജാതി സർട്ടിഫിക്കറ്റുകൾക്ക് കോടതിവിധിമൂലം മറിച്ചൊരു തീരുമാനമില്ലാത്തപക്ഷം പത്തുവർഷത്തെ കാലാവധി നിശ്ചയിച്ചിരുന്നു. ആയത് ദുരുപയോഗപ്പെടുത്തുന്നതായി സർക്കാരിന് വിവിധ സംഘടനകളിൽനിന്നും നിരവധി നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ/തഹസീൽദാർ നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് പത്തുവർഷത്തെ കാലാവധി ഇനിമേൽ ഉണ്ടായിരിക്കുന്നതല്ലെന്നും പ്രസ്തുത സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യത്തിനുവേണ്ടി മാത്രം നൽകുന്നതാണെന്നും 23-9-2008-ൽ സ.ഉ.(കയ്യെ) നം. 318/08/റവന്യൂ പ്രകാരം ഉത്തരവായിരുന്നു. 20-4-2002-ൽ എസ്.ആർ.ഒ. നമ്പർ 310/2002 നമ്പർ ഗസറ്റ് വിജ്ഞാപനംവഴി സംസ്ഥാനത്ത് പട്ടികജാതിക്കാരുടേയും പട്ടികഗോത്ര വർഗ്ഗങ്ങളിലേയും അംഗങ്ങൾക്ക് സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അപേക്ഷാഫോറത്തിന്റെയും ജാതിസർട്ടിഫിക്കറ്റിന്റെയും മാതൃക നിർണ്ണയിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ആക്ടിന്റെ പരിധിയിൽവരുന്ന ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച് ഏന്തെങ്കിലും വ്യവസ്ഥ ചെയ്യണമെന്നുണ്ടെങ്കിൽ അത് ഗസറ്റ് വിജ്ഞാപനംവഴിയെ പാടുള്ളൂവെന്നും ആയതിനാൽ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച മേൽ ഉത്തരവുകൾ റദ്ദാക്കണമെന്നും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട അംഗത്തിന്, സാധുതകാലയളവോ ഉദ്ദേശ്യമോ നിർദ്ദേശിക്കാത്ത ഉപാധിരഹിത സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് ആവശ്യമുയരുകയും ആയതിൻപ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകളും അപേക്ഷാ ഫോറവും ജാതി സർട്ടിഫിക്കറ്റിന്റെ മാതൃകയും 20-4-2002-ലെ 310/2002 നമ്പർ വിജ്ഞാപനത്തിന് വിധേയമാണെന്നുള്ളതിനാൽ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ 27-4-2007-ലെ സർക്കാർ ഉത്തരവുകൾ ബാധകമല്ലെന്ന് 5-4-2010-ലെ സ.ഉ. (കയ്യെ) നമ്പർ 128/10/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ സമുദായ അംഗങ്ങൾക്ക് ആജീവനാന്ത സമുദായ സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും

ആയത് ബന്ധപ്പെട്ട നിയമത്തിന് (Section 5(3) of Act 11/1996) വിരുദ്ധമായതിനാൽ നിരസിച്ച് മന്ത്രിസഭായോഗം ഉത്തരവായിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടത് പട്ടികജാതി വിഭാഗത്തിലുള്ള ആളുകൾക്ക് വിവിധ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിന് സർട്ടിഫിക്കറ്റുകൾ കൊടുക്കുമ്പോൾ ഒരു വർഷത്തെ കാലാവധിയെങ്കിലും നൽകുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇപ്പോൾ വിവിധ ആവശ്യങ്ങൾക്ക് വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോൾ അതിൽ ഇന്ന ആവശ്യത്തിനുവേണ്ടിയാണ് നൽകുന്നതെന്ന് രേഖപ്പെടുത്താറുണ്ട്. അത് വിവിധ ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുന്ന തരത്തിൽ പ്രായോഗികമാക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (7) പരമ്പരാഗത തൊഴിലാളികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ

ശ്രീ. പി. തിലോത്തമൻ : സർ, വേമ്പനാട് കായലിൽ പരമ്പരാഗത രീതിയിൽ കക്ക വാരുന്ന നൂറുകണക്കിന് തൊഴിലാളികൾ കഴിഞ്ഞ കുറേ നാളുകളായി നിരന്തരമായ പ്രക്ഷോഭത്തിലാണ്. അവരുടെ ജീവിതമാർഗ്ഗമായ കക്കവാരലിനെ ദ്രോഹിക്കുന്നതരത്തിലുള്ള കക്കസംഭരണം വേമ്പനാട് കായലിന്റെ ആലപ്പുഴ, കോട്ടയം അതിർത്തികളിൽ നടക്കുന്നുവെന്നതിനെത്തുടർന്നുള്ള വിഷയങ്ങളാണ് പ്രക്ഷോഭത്തിനെല്ലാം അടിസ്ഥാനമായിട്ടുള്ളത്. ഇന്ന് യന്ത്രങ്ങളുപയോഗിച്ച് നിയമവിരുദ്ധമായ കക്കവാരൽ ഈ മേഖലകളിൽ നടക്കുകയാണ്. അത്തരം പ്രവർത്തികളെ ചോദ്യംചെയ്യുന്ന പരമ്പരാഗത വ്യവസായ തൊഴിലാളികൾ ഇന്ന് വലിയ സംഘർഷത്തിന് വിധേയമാവുകയാണ്. ഒരുപാട് സംഘട്ടനങ്ങളും ഇതിനകം തന്നെ നടന്നുകഴിഞ്ഞു. യന്ത്രങ്ങളുപയോഗിച്ച് നിയമവിരുദ്ധമായി നടത്തുന്ന കക്ക സംഭരണം കായലിന്റെ ആവാസവ്യവസ്ഥയെത്തന്നെ തകിടംമറിക്കുന്നതാണ്. മത്സ്യങ്ങളുടെയും ജലജീവികളുടെയും പ്രജനനത്തിന് ദോഷകരമായിട്ടുള്ള സംഗതികളാണ് ഇവിടെ നടക്കുന്നത്. അതുകൊണ്ട് യന്ത്രങ്ങളുപയോഗിച്ചുകൊണ്ട് നിയമവിരുദ്ധമായി നടക്കുന്ന കക്ക സംഭരണത്തെ നിരുത്സാഹപ്പെടുത്താൻ ഗവണ്മെന്റ് അടിയന്തരമായും നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ പോലീസും ബന്ധപ്പെട്ട അധികാരികളും നിസ്സംഗതപാലിക്കുന്നതുമൂലം ആ സംഘർഷങ്ങൾ വളർന്ന് വലുതായിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് നിയമവിരുദ്ധമായി നടക്കുന്ന കക്ക സംഭരണമവസാനിപ്പിക്കാൻ അടിയന്തരമായി കോട്ടയം, ആലപ്പുഴ ജില്ലകളിലെ ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥ ഭാരവാഹികളുടെയും തൊഴിലാളി പ്രതിനിധികളുടെയും യോഗം വിളിച്ചുകൂട്ടി സംഘർഷങ്ങൾ അവസാനിപ്പിക്കാനും നിയമവിരുദ്ധമായി നടക്കുന്ന കക്ക സംഭരണം നിറുത്തിവയ്ക്കാനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, വേമ്പനാട് കായൽ ഉൾപ്പെടുന്ന കോട്ടയം, ആലപ്പുഴ ജില്ലകളിലെ ബന്ധപ്പെട്ട ഫിഷറീസ് മേധാവിയുടെയും ജില്ലാ കളക്ടറുടെയും നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സൊസൈറ്റികൾക്ക് അവ സ്ഥാപിതമായിട്ടുള്ള വില്ലേജിൽ ഉൾപ്പെടുന്ന കായൽ മേഖലയിൽനിന്ന് കക്ക വാരുന്നതിന് മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റ് ലൈസൻസ് നൽകുന്നത്. ഈ സർട്ടിഫിക്കറ്റുകളിലും മൈനിംഗ് പ്ലാനിലും മെക്കാനിക്കൽ ഡ്രഡ്ജർ ഉപയോഗിച്ചോ, മറ്റ് യന്ത്രസാമഗ്രികൾ ഉപയോഗിച്ചോ ഖനനം നടത്തുവാൻ പാടുള്ളതല്ലെന്നും മനുഷ്യ പ്രയത്നത്തിലൂടെ മാത്രമെ കക്കവാരാൻ പാടുള്ളൂവെന്നും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചില സംഘങ്ങൾ തങ്ങൾക്കനുവദിച്ചിട്ടുള്ള ഖനന മേഖല ലംഘിച്ച് ആലപ്പുഴ ജില്ലയിൽ കടന്നുകയറി പമ്പുസെറ്റും മറ്റ് ഉപകരണങ്ങളുമുപയോഗിച്ച് രാത്രികാലങ്ങളിൽ വൻതോതിൽ കക്ക ഖനനം ചെയ്തതിനെത്തുടർന്ന് ഈ മേഖലയിൽ മനുഷ്യ പ്രയത്നത്തിലൂടെ കക്ക വാരുന്ന തൊഴിലാളികൾ ഇത് തടയുകയും തുടർന്ന് മണ്ണഞ്ചേരി പോലീസ് അനധികൃത ഖനനം നടത്തിയ യന്ത്രസാമഗ്രികൾ, വള്ളങ്ങൾ എന്നിവ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. യന്ത്രസാമഗ്രികളുപയോഗിച്ചുകൊണ്ടുള്ള അനിയന്ത്രിതമായ വെള്ള കക്ക ഖനനം കായലിന്റെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും കക്കയുടെയും മത്സ്യങ്ങളുടെയും മറ്റ് ജിവികളുടെയും പ്രജനനത്തേയും വളർച്ചയേയും തടസ്സപ്പെടുത്തുകയും ചെയ്യുവാൻ ഇടവരുത്തുന്നതുമാണ്. കക്കയുടെയും മത്സ്യത്തിന്റെയും ഉൽപ്പാദനക്കുറവ് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ നിലനിൽപ്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുകയും ഇവരുടെ ഉപജീവനം വഴിമുട്ടുവാൻ ഇടയാക്കുന്നതുമാണ്. കായലിന്റെ ജൈവവൈവിധ്യത്തെ തകർക്കുന്ന രീതിയിലുള്ള ഇത്തരം പ്രവണത നിരോധിക്കേണ്ടതായതിനാൽ യന്ത്രസാമഗ്രികൾ ഉപയോഗിച്ചുള്ള കക്ക ഖനനം നിരോധിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ വ്യവസായ വകുപ്പിനോടാവശ്യപ്പെടുന്നതാണ്. ഇതാണ് എനിക്ക് എഴുതിക്കിട്ടിയ മറുപടി. പക്ഷെ ഇതുകൊണ്ട് പ്രശ്നം തീരാൻ പോകുന്നില്ല. അതുകൊണ്ട് കോട്ടയം, ആലപ്പുഴ ജില്ലാ കളക്ടർമാരുടെയും ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെയും വ്യവസായവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുചേർക്കാൻ അടിയന്തരമായി നിർദ്ദേശം നൽകുന്നതാണ്. അവിടെയൊരു അഭിപ്രായ സമന്വയമുണ്ടാക്കാൻ ശ്രമിക്കാം.

## (8) എക്സൽ ഗ്ലാസ് ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ഡോ. ടി. എം. തോമസ് ഐസക് : സർ, ആലപ്പുഴ ജില്ലയിലെ എക്സൽ ഗ്ലാസ് ഫാക്ടറി പൂട്ടികിടക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് വിശദമായിട്ടറിയാവുന്നതാണ്. അതിന്റെ ഉടമസ്ഥന് ഈ ഫാക്ടറി നടത്തണമെന്നുള്ളതല്ല, സർക്കാരിനെ എങ്ങനെ കബളിപ്പിക്കാമെന്നുള്ളതാണ് ലക്ഷ്യം. ദൗർഭാഗ്യവശാൽ അദ്ദേഹം തന്നെയാണ് ഇപ്പോൾ കുണ്ടറ അലിന്റ്-ന്റെ നടത്തിപ്പുകാരനായി വരുന്നത്. ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ആ ഫാക്ടറി തുറപ്പിക്കാൻ അദ്ദേഹത്തിന്റെ മേൽ എങ്ങനെയൊരു സമ്മർദ്ദം ചെലുത്താമെന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും നടപടിയെടുക്കണമെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞകാര്യം ശരിയാണ്. ഫാക്ടറി ഉടമസ്ഥൻ എടുക്കുന്ന നിലപാട് അത്ര അഭികാമ്യമല്ല. സർക്കാരിൽ നിന്ന് ആനുകൂല്യങ്ങളൊക്കെ വാങ്ങിയശേഷം എ.എഫ്.ആർ-ലും ബി.എഫ്.ആർ.-ലും കേസുകൊണ്ടുപോയി കാര്യങ്ങൾ നീട്ടിക്കൊണ്ടുപോവുന്നതായാണ് തോന്നുന്നത്. ഇതിനെതിരെ ശക്തമായി നീങ്ങേണ്ടി വരും. എക്സൽ ഗ്ലാസിന്റെ കാര്യത്തിലും അതാണ് ചെയ്തിരിക്കുന്നത്. കുണ്ടറയുടെ കാര്യത്തിൽ കേസിനു പോവുകയാണ്. അക്കാര്യങ്ങൾ ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം കണക്കിലെടുത്ത് നിലപാട് സ്വീകരിക്കും.

## (9) എൻ.ടി.പി.സി.- ടെൽക്കിന്റെ തൃപ്തികരമല്ലാത്ത പ്രവർത്തനം

ശ്രീ. ജോസ് തെറ്റയിൽ: സർ, അങ്കമാലി NTPC-Telk-ന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇന്ത്യയിലെ നവരത്ന കമ്പനികളിലൊന്നായ NTPC-ഏറ്റെടുത്തത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. കഴിഞ്ഞ നാല് വർഷംകൊണ്ട് 147 കോടി രൂപ ലാഭമുണ്ടാക്കിയ സ്ഥാപനത്തിന്റെ ലാഭം കുറഞ്ഞിരിക്കുന്നുവെന്ന് മാത്രമല്ല നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. പുതുതായി ഓർഡർ എടുക്കാനോ കിട്ടിയ ഓർഡർ സമയത്തിനുള്ളൽ തീർത്തു കൊടുക്കാനോ ഉള്ള ശ്രമം മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. അതുമാത്രമല്ല മോഡണൈസേഷൻ ഉദ്ദേശിച്ചിട്ടും NTPC-യിൽ നിന്ന് അതിനുള്ള

സഹായ സഹകരണങ്ങൾ ലഭ്യമാക്കാൻ ഇന്നത്തെ മാനേജ്മെന്റിന് കഴിയുന്നമില്ല. ഓർഡർ കിട്ടുന്നതിനു വേണ്ടിയുള്ള ശ്രമമോ മാർക്കറ്റിംഗ് പ്രവർത്തനങ്ങളോ നടക്കുന്നില്ല. തൊഴിലാളികളെ വിശ്വാസത്തിലെടുത്തുകൊണ്ട് ടാർഗറ്റ് നിശ്ചയിച്ചു കൊടുക്കാൻപോലും തയ്യാറാകുന്നില്ല. തൊഴിലാളികളെ വിശ്വാസത്തിലെടുത്താൽ കൂടുതൽ ടാർഗറ്റ് കൊടുക്കാം. ടാർഗറ്റ് കൊടുത്താൽ അത് ചെയ്തുതീർക്കുമെന്ന ലക്ഷണം കഴിഞ്ഞ വർഷത്തിലുണ്ടായി. മാനേജ്മെന്റ് നഷ്ടത്തിലാകുമെന്ന് പറഞ്ഞപ്പോഴും തൊഴിലാളികളുടെ സഹകരണത്താൽ ലാഭത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ഈ അവസ്ഥയിൽ കമ്പനിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മാനേജ്മെന്റിന്റെയും തൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും ഒരു യോഗം വിളിച്ചുചേർത്ത് കേരളത്തിലെ പ്രസ്റ്റീജിയസ്സായ ഈ സ്ഥാപനത്തെ നിലനിർത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ഇതുവരെ നല്ല പ്രവർത്തനം നടത്തിയിരുന്ന സ്ഥാപനമാണ്. എന്നാൽ ഇപ്പോൾ സുഖകരമായ ഒരന്തരീക്ഷമല്ല കാണുന്നത്. NTPC ജോയിന്റ് വെഞ്ച്വറായി എടുത്ത സാഹചര്യത്തിൽ അവരുടെ ഭാഗത്ത് നിന്ന് ഇതിനെക്കാൾ കൂടുതൽ ശ്രദ്ധ വരേണ്ടതാണ്. ടെക്നോളജിയും ഓർഡറും കൂടുതൽ നന്നായി ചെയ്യാവുന്നതേയുള്ളൂ. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തൊഴിലാളികളും മാനേജ്മെന്റുമായി ചേർന്ന യോഗം വിളിച്ചുചേർക്കാം. തീർച്ചയായും ഏത് നിർദ്ദേശവും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

## (10) ഉദുമ സ്പിന്നിംഗ് മിൽ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച ഒരു പൊതുമേഖലാ സ്ഥാപനമാണ് ഉദുമ സ്പിന്നിംഗ് മിൽ. 21 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ച മിൽ 2011-ൽ തന്നെ നൂറ് ശതമാനം പ്രവർത്തന സജ്ജമായിരുന്നു. എന്നാൽ ഇതുവരെയായിട്ടും ഉൽപ്പാദനം തുടങ്ങാൻ സാധിക്കാത്തതുകൊണ്ട് കോടിക്കണക്കിന് രൂപയുടെ യന്ത്രങ്ങൾ തുരുമ്പെടുത്ത് നശിക്കുകയും അതുവഴി കോടിക്കണക്കിന് രൂപയുടെ നഷ്ടം സർക്കാരിനും ഡിപ്പാർട്ടുമെന്റിനുമുണ്ടാകുകയും ചെയ്യുന്നു. ഈ തടസ്സങ്ങൾ നീക്കി ഉൽപ്പാദനം തുടങ്ങുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ എന്നതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇതേ ആവശ്യമുന്നയിച്ച

കൊണ്ടുള്ള നാലാമത്തെ സബ്മിഷനാണ് ഇത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഇനിയൊരു ചോദ്യം ചോദിക്കാൻ ഇടവരുത്താതെ എത്രയും പെട്ടെന്ന് ഉദ്ദമ സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഉദ്ദമ സ്പിന്നിംഗ് മില്ലുമായി ബന്ധപ്പെട്ട് ഒരു കേസ് വന്നു. ആ കേസ് തീരാതെ സാമ്പത്തിക ഇടപെടൽ നടത്താൻ പറ്റാതെയായി. കൂടാതെ കോടതി ഇടപെടലും വിജിലൻസ് കേസും വന്നു. ഇപ്പോൾ അതൊക്കെ ഏതാണ്ട് പൂർത്തിയായി. ഈ മിൽ ഉടനെ പ്രവർത്തിപ്പിക്കാൻ പണം കിട്ടേണ്ട പ്രശ്നം മാത്രമേയുള്ളൂ. അന്വേഷണവും കേസും ഫൈനൽ സ്റ്റേജായി. ഉടൻ തന്നെ മിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (11) സ്പിന്നിംഗ് മില്ലിന്റെ സംരക്ഷണം

ശ്രീ. ജി. എസ്. ജയലാൽ: സർ, ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ ഇന്ന് തകർച്ചയിലാണ്. 1976-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച ഈ മില്ലിൽ 500-ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. പരോക്ഷമായി ജീവിതമാർഗ്ഗം കണ്ടെത്തിയ നിരവധിയാളുകളുണ്ട്. ആദ്യകാലത്ത് കൈത്തറി നെയ്ത്തുകാർക്കാവശ്യമായ നൂൽ ഉത്പ്പാദിപ്പിച്ചിരുന്ന ഇവിടെ പ്രസ്തുത പ്രവർത്തനം നിർത്തിവച്ച് സാമ്പത്തികനേട്ടമുണ്ടാക്കാനായി പോളിസ്റ്റർ, കോട്ടൺ നൂലുത്പ്പാദനമാരംഭിച്ചു. എന്നാൽ ചൈനയിൽ നിന്നുള്ള നൂലിന്റെ ലഭ്യത മാർക്കറ്റിലുണ്ടായതോടെ നമ്മുടെ നൂലിന്റെ വിപണനവും വിലയും വളരെ പരിതാപകരമായി. ഇപ്പോൾ ഭീമമായ നഷ്ടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ആധുനിക യന്ത്രങ്ങളിൽ ഗുണമേന്മയുള്ള നൂലുൽപ്പാദനം നടത്തിയാൽ മാത്രമേ ഈ സ്പിന്നിംഗ് മില്ലിന് സാമ്പത്തികമായി പിടിച്ചു നിൽക്കാൻ കഴിയൂ. വിവിധഘട്ടങ്ങളിൽ മിൽ ആധുനിക രീതിയിൽ നവീകരിക്കാൻ പദ്ധതികളാവിഷ്ക്കരിച്ചുവെങ്കിലും അതൊന്നും യാഥാർത്ഥ്യമായിട്ടില്ല. ഇപ്പോൾ എൻ.സി.ഡി.സി.-യുടെ 57.39 കോടി രൂപ മില്ലിന്റെ നൂറ് ശതമാനം നവീകരണത്തിന് അനുവദിച്ചതായി മനസ്സിലാക്കുന്നു. പ്രസ്തുത തുകയുപയോഗിച്ച് നവീകരണമാരംഭിക്കണമെങ്കിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുകൂടി സാമ്പത്തിക സഹായം ലഭിക്കണം. നിലവിൽ ഈ സ്ഥാപനം ലേ ഓഫിലാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സത്വരമായ ഇടപെടലുണ്ടായി കൊല്ലം ജില്ലയിലെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനമായ കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിനെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ

സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിനെ സംരക്ഷിക്കുന്നതിനായിട്ടുള്ള എല്ലാ ശ്രമവും വ്യവസായ വകുപ്പ് നടത്തുന്നതാണ്. ടെക്സ്റ്റൈൽ മില്ലുകൾക്ക് പൊതുവായി മോശമായ സ്ഥിതിയുണ്ട്. എന്നാലും എൻ.സി.ഡി.സി സഹായം പ്രതീക്ഷിക്കുന്നതു കൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഫണ്ട് കൊടുക്കുന്നതിനുള്ള എല്ലാ ശ്രമവും നടത്തുന്നുണ്ട്. അധികം വൈകാതെതന്നെ ഫണ്ട് കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## (12) ധനവകുപ്പിന്റെ അംഗീകാരം

ശ്രീ. സി. മമ്മൂട്ടി: സർ, പാവപ്പെട്ട അനേകം ക്യാൻസർ രോഗികൾ ആശ്രയിക്കുന്ന ഒരാശുപത്രിയാണ് തിരൂരിലെ ജില്ലാ ആശുപത്രി. ഏതാണ്ട് നാലായിരത്തോളം ക്യാൻസർ രോഗികളാണ് വർഷത്തിൽ കീമോതെറാപ്പിക്കു വേണ്ടി അവിടെ വരുന്നത്. കീമോതെറാപ്പി കഴിഞ്ഞശേഷം റേഡിയേഷൻ ചികിത്സയ്ക്കും സർജറിക്കും തിരുവനന്തപുരത്തെ ആശുപത്രിയെയോ തലശ്ശേരി ആശുപത്രിയെയോ ആണ് ആശ്രയിക്കുന്നത്. മലബാറിൽ നിന്ന് വരുന്ന മാവേലി എക്സ്പ്രസ്സും മലബാർ എക്സ്പ്രസും ക്യാൻസർവണ്ടികളായാണ് വരുന്നത്. അത്രയും കഷ്ടപ്പാട് നിറഞ്ഞ ക്യാൻസർ രോഗികൾക്ക് വേറെ ചികിത്സാ മാർഗ്ഗമില്ലാത്ത സാഹചര്യത്തിൽ അവിടത്തെ ജില്ലാ ആശുപത്രിയിൽ, അങ്ങ് ഇക്കാര്യങ്ങളെല്ലാം നേരിട്ട് കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു ഓങ്കോളജി ബ്ലോക്ക് എല്ലാ സൗകര്യങ്ങളോടുകൂടി ചെയ്യാമെന്ന് പറയുകയും അതിൻ പ്രകാരം ഫയൽ ധനവകുപ്പിൽ വരികയും അങ്ങ് ഒപ്പു വയ്ക്കുകയും ചെയ്തു. പക്ഷെ ബഡ്ജറ്റ് സപ്പോർട്ടില്ലെന്നുപറഞ്ഞ് അത് നഷ്ടപ്പെട്ടുപോയ സാഹചര്യത്തിൽ ഇക്കാര്യം നേരിട്ടുകണ്ട് ബോധ്യപ്പെട്ട അങ്ങ് കാരുണ്യ ബെനവലന്റ് സ്കീമടക്കം കൊണ്ടു വന്നതുപോലെ ഇക്കാര്യത്തിൽ താത്പര്യമെടുത്ത് മലബാറിലെ ഏക ആശ്രയമായ ഈ ആശുപത്രിയിൽ എല്ലാ സംവിധാനത്തോടുകൂടിയ ഓങ്കോളജി ബ്ലോക്ക് ആരംഭിക്കുന്നതിനുള്ള സത്വര നടപടിയ്ക്കുള്ള ഉത്തരവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

സർ, തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം നിർമ്മിക്കുന്നതിന് 2013-14, 2014-15 വർഷത്തെ ബഡ്ജറ്റുകളിൽ—തുക ഉൾക്കൊള്ളിച്ചിട്ടില്ല. അതിനാൽ 8-8-14-ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും 6-11-2014-ലാണ് അവരുടെ ശിപാർശ ലഭ്യമാക്കിയത്. അതിനുമുൻപെ എസ്.ഡി.ജി. ശുപാർശകൾ അംഗീകരിക്കപ്പെട്ടു പോയി. നിർമ്മാണ പ്രവൃത്തിക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല. അടുത്ത സാമ്പത്തിക വർഷം ഇത് പരിഗണിക്കാം.

## (13) തേയില തോട്ടങ്ങളിലെ പ്രതിസന്ധി

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പീരുമേട്ടിലെ തേയില തോട്ടവും നമ്മുടെ സംസ്ഥാനത്തെ തേയില തോട്ടവുമാകെ കടുത്ത പ്രതിസന്ധിയിലാണ്. പീരുമേട് നിയോജക മണ്ഡലത്തിലെ കോട്ടമല, ബോണാമി എന്നീ രണ്ട് തേയില തോട്ടങ്ങൾ നിലവിൽ തോട്ടമുടമ ഉപേക്ഷിച്ചു പോയിട്ടുണ്ട്. തുറന്ന് പ്രവർത്തിക്കുന്ന തോട്ടങ്ങൾ തന്നെ കടുത്ത പ്രതിസന്ധിയിലാണ്. ശമ്പളപരിഷ്കരണ നടപടി ഇതുവരെ ആരംഭിച്ചിട്ടില്ല. ശമ്പള പരിഷ്കരണ ചർച്ചകളാരംഭിച്ചാൽ തോട്ടം വീണ്ടും പൂട്ടിപ്പോകുന്ന സാഹചര്യമുണ്ട്. ഹാരിസൺ മലയാളം ലിമിറ്റഡ് വലിയ പ്രശ്നമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്ന എസ്റ്റേറ്റാണ്. അവിടെ സീനിയർ-ഏജന്മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തോട്ടം നടത്തിപ്പിനെ ഗുരുതരമായി ബാധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വിളിച്ചുചേർത്ത യോഗത്തിൽ വളരെ ഗൗരവതരമായി ഉന്നയിച്ച ഒരു പ്രശ്നമാണ്. എന്നാൽ ആ പ്രശ്നത്തിന് ഇതുവരെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല. ടാറ്റ അടക്കമുള്ള തേയിലത്തോട്ടങ്ങൾ കടുത്ത പ്രതിസന്ധിയിൽ നിൽക്കുന്ന സാഹചര്യത്തിലാണ് ഗവൺമെന്റ് പ്ലാന്റേഷൻ ടാക്സ്, ബേസിക് ടാക്സ്, ബിൽഡിംഗ് ടാക്സ്, ഇലക്ട്രിസിറ്റി ചാർജ് ഇവയൊക്കെ വർദ്ധിപ്പിച്ചത്. ഇതൊക്കെ തോട്ടം മേഖലകളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുന്നുണ്ട്. ട്രേഡ് യൂണിയൻ നേതാക്കൻമാർ തന്നെ മുൻകൈയെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്ത്, മുഖ്യമന്ത്രി യോഗം വിളിച്ചിട്ടും പരിഹാരത്തിലേക്ക് എത്താൻ കഴിഞ്ഞില്ല. പീരുമേട്ടിലെ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണമടക്കമുള്ള വിഷയങ്ങളിലും എച്ച്.എം.എൽ. പ്ലാന്റേഷൻ അവരുടെ സീനിയർ-ഏജന്മായി ബന്ധപ്പെട്ട പ്രശ്നങ്ങളിലും അടിയന്തരമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമേറിയ വിഷയമാണ്. തോട്ടം മേഖല വലിയ പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ്. 2000-മാണ്ടിന്റെ തുടക്കത്തിൽ ലുണ്ടായിരുന്നതിന് സമാനമായ സാഹചര്യത്തിലേക്ക് ചെന്നെത്തുമോയെന്ന് എല്ലാവർക്കും ആശങ്കയുണ്ട്. അതുകൊണ്ടാണ് ഈ മേഖലയിലെ വിഷയം ചർച്ച ചെയ്യാൻവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇടപെട്ട് കഴിഞ്ഞയാഴ്ച യോഗം വിളിച്ചത്. ഇതുമായി ബന്ധപ്പെട്ട ജനപ്രതിനിധികളുമായും ട്രേഡ് യൂണിയൻ നേതാക്കന്മാരുമായും ചർച്ച ചെയ്തിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ടത് ബോണാമി, കോട്ടമല എസ്റ്റേറ്റുകൾ പൂട്ടിക്കിടക്കുന്നതിനെക്കുറിച്ചാണ്. പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ റിലീഫ് അവിടേയ്ക്കുകൂടി എക്സ്റ്റന്റ് ചെയ്യാനുള്ള തീരുമാനം കമ്മീഷണറേറ്റിൽ നിന്നും എടുത്തു കഴിഞ്ഞിട്ടുണ്ട്. പക്ഷെ, മാനേജ്മെന്റുകൾ നിഷേധാത്മകമായ നിലപാടാണ് കൈക്കൊള്ളുന്നത്. ഇക്കാര്യം റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റ് ആ തോട്ടം ഏറ്റെടുക്കുന്നതിന്റെ സാധ്യതകളും അതുമായി ബന്ധപ്പെട്ട പ്രക്രിയകളുമായി മുന്നോട്ടുപോകുന്നതിനെക്കുറിച്ച് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. എച്ച്.എം.എൽ. പ്ലാന്റേഷൻ തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നവും കഴിഞ്ഞ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഉന്നയിക്കപ്പെട്ടതാണ്. അതും റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. എച്ച്.എം.എൽ.-ന്റെ വിഷയം ആയിരക്കണക്കിന് തൊഴിലാളികളെ ബാധിക്കുന്ന വിഷയമാണെന്നറിയാം. അതിനും പരിഹാരം കാണാൻ ഗവൺമെന്റ് പരിശ്രമിക്കുന്നതായിരിക്കും. പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനം ഈ രണ്ട് എസ്റ്റേറ്റുകളിലും കൊടുക്കാനുള്ള തീരുമാനം കൈക്കൊണ്ടുകഴിഞ്ഞിട്ടുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, എച്ച്.എം.എൽ.-മായുള്ള വിവിധ കേസുകൾ ഹൈക്കോടതിയിൽ നടക്കുകയാണ്. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണമാണ് പല കാര്യങ്ങളും ചെയ്തിട്ടുള്ളത്. ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായാണ് എച്ച്.എം.എൽ-ന്റെ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചത്. അതോടൊപ്പംതന്നെ ഇപ്പോൾ ആ ഭൂമിയിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് എച്ച്.എം.എൽ. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും, സ്പെഷ്യൽ ഓഫീസർ എടുത്ത തീരുമാനം ശരിയാണെന്ന് കണ്ടെത്തി ഗവൺമെന്റിന് അനുകൂലമായ തീരുമാനമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി എടുത്തിട്ടുള്ളത്. കോടതിയിൽ നിൽക്കുന്ന കേസെന്ന നിലയിൽ ആലോചിച്ചു മാത്രമേ ഇക്കാര്യത്തിൽ നടപടികളെടുക്കാൻ കഴിയുകയുള്ളൂ.

## (14) കാരുണ്യ ബെനവലന്റ് ഫണ്ടിലെ അപാകതകൾ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കേരള സർക്കാർ നടപ്പിലാക്കി വരുന്ന കാരുണ്യ സ്കീമിന്റെ ഇരട്ട നീതിയെ സംബന്ധിച്ചുള്ള സബ്മിഷനാണിത്. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്നവർക്ക് മരുന്ന് പുരട്ടിയ സ്റ്റെന്റാണ് (DES) ആൻജിയോപ്ലാസ്റ്റിക്ക് വേണ്ടി ഉപയോഗിക്കുന്നത്. എന്നാൽ സഹകരണ ആശുപത്രികളിൽ സാധാരണ മെറ്റൽ സ്റ്റെന്റിന് മാത്രമാണ് തുക അനുവദിക്കുന്നത്. വിദഗ്ധരായ ഇന്റർനാഷണൽ കാർഡിയോളജിസ്റ്റുമാരുടെ അഭിപ്രായം മെറ്റൽ സ്റ്റെന്റ് ഉപയോഗിച്ച് ആൻജിയോപ്ലാസ്റ്റി നടത്തിയാൽ DE സ്റ്റെന്റ് ഉപയോഗിച്ച് ആൻജിയോപ്ലാസ്റ്റി നടത്തുന്നതിനേക്കാൾ ഭാവിയിൽ വീണ്ടും ഹൃദയധമനികളിൽ തടസ്സം വരാൻ സാധ്യത കൂടുതലാണെന്നാണ്. 42000 രൂപ സഹകരണ ആശുപത്രിയുൾപ്പെടുന്ന മേഖലകളിൽ അനുവദിക്കുമ്പോൾ സർക്കാർ ആശുപത്രികളിൽ 65,000 മുതൽ 1,25,000 രൂപ വരെയാണ് അനുവദിക്കുന്നത്. വലിയ വ്യത്യാസമാണ്. അതുപോലെ സർക്കാരിതര ആശുപത്രികളിൽ ഇപ്പോൾ ഓപ്പൺഹാർട്ട് സർജറിക്ക് മാത്രമാണ് അനുമതി നൽകുന്നത്. ഭൂരിഭാഗം രോഗികൾക്കും CABG യോടൊപ്പം തന്നെ ബലൂൺ സർജറി കൂടി വേണ്ടിവരാറുണ്ട്. അതിന് സ്റ്റെന്റിന്റെ ആവശ്യമുണ്ട്. ഇതിന് കാരുണ്യ സ്കീം പ്രകാരം ആനുകൂല്യം ലഭിക്കുന്നില്ല. ഇതേ സ്കീമിന് സർക്കാർ ആശുപത്രികളിൽ 1.25 ലക്ഷം രൂപ അനുവദിക്കുമ്പോൾ സഹകരണ ആശുപത്രികളുൾപ്പെടുന്ന മറ്റു മേഖലകളിൽ 65,000 രൂപ മാത്രമാണ് അനുവദിക്കുന്നത്. സർക്കാർ ആശുപത്രികളിൽ അടിയന്തര സാഹചര്യത്തിൽ ആൻജിയോപ്ലാസ്റ്റി, CABG എന്നിവയ്ക്ക് വിധേയവരാകുന്നവർക്ക് 24 മണിക്കൂറിനകം ആനുകല്യത്തിന് അപേക്ഷിക്കാമെന്നിരിക്കെ സർക്കാരിതര ആശുപത്രികളിൽ സഹകരണ ആശുപത്രികൾ ഉൾപ്പെടെ അപേക്ഷിക്കാനുള്ള അനുമതിയില്ല. ഈ ഇരട്ട നീതി അവസാനിപ്പിക്കാനും രോഗികൾക്ക് മരുന്ന് പുരട്ടിയ സ്റ്റെന്റ് ഉപയോഗിക്കണമെന്ന കാര്യത്തിലെങ്കിലും ശരിയായ സമീപനം സ്വീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ആൻജിയോപ്ലാസ്റ്റി നടത്തുന്നതിന് സർക്കാർ ആശുപത്രികൾക്ക് Drugs Eluted Stent (DES)-നും സ്വകാര്യ ആശുപത്രികൾക്ക് Bare Metal Stent (BMS)-നും തുക അനുവദിച്ചു വരുന്നു എന്നാണ് സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. Stent Thrombosis റേറ്റിൽ നേരിയ വ്യത്യാസമേ ഉള്ളൂ എന്നിരിക്കേ വിലകൂടിയ DES ഉപയോഗിക്കുമ്പോൾ കൂടുതൽ ചെലവ് സ്വാഭാവികമായി ഉണ്ടാകുന്നുണ്ട്.

ഇതിനുപുറമെ DES ഉപയോഗിക്കുന്ന രോഗികളിൽ Adverse Cardiac events-ന്റെ റേറ്റ് കൂടുതലാണെന്ന് ചില സമീപകാല പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. അതിനാൽ മെറ്റൽ സ്റ്റെന്റിനു പകരം എല്ലാ കേസുകളിലും DE സ്റ്റെന്റ് തന്നെ ഉപയോഗപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുവാൻ നിർവ്വാഹമില്ല. കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ള ചികിത്സാ പട്ടികയിലുൾപ്പെട്ട സർക്കാരിതര ആശുപത്രികളിൽ CABG -യോടൊപ്പം IABP കൂടി നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. കാരുണ്യബെനവലന്റ് ഫണ്ട് അക്രഡിറ്റേഷനു വേണ്ടി സർക്കാരിതര ആശുപത്രികളുമായി ബന്ധപ്പെട്ട് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അഡ്മിനിസ്ട്രേറ്ററും, അക്രഡിറ്റഡ് ആശുപത്രികളുടെ മാനേജ്മെന്റും തമ്മിലുള്ള Memorandum of Understanding (MoU) അനുസരിച്ചാണ് തുക അനുവദിക്കുന്നത്. അതിൻപ്രകാരമാണ് സർക്കാരിതര ആശുപത്രികൾക്ക് 65,000 രൂപ അനുവദിച്ചുവരുന്നത്.

സർക്കാരിതര ആശുപത്രികളിൽ അടിയന്തിര ചികിത്സയ്ക്ക് നിലവിൽ വ്യവസ്ഥയില്ല. അടിയന്തിര ചികിത്സാ സംവിധാനം സർക്കാരിതര ആശുപത്രികൾ ദുരുപയോഗപ്പെടുത്താൻ സാധ്യതയുണ്ടെന്ന് മുന്നിൽ കണ്ടുകൊണ്ടാണ് ഇത് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ അടിയന്തിര ചികിത്സ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഏറ്റവും അടുത്തുള്ള വിദഗ്ധ സൗകര്യങ്ങളുള്ള സർക്കാർ ആശുപത്രികളിലേക്ക് രോഗികളെ റഫർ ചെയ്യണമെന്നാണ് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ നിലവിലുള്ള വ്യവസ്ഥ. ഇതിൻപ്രകാരം നിർദ്ധനരായ ഭൂരിഭാഗം രോഗികൾക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ കഴിയും.

### (15) പാലം പുനർനിർമ്മാണം

ശ്രീ. വി. ശശി: സർ, എന്റെ നിയോജകമണ്ഡലത്തിൽ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറ്റുമുക്ക് പുത്തൻതോപ്പ് പാലം തകർന്നിട്ട് ഇന്ന് ഒരു വർഷം തികയുകയാണ്. അതുവഴിയുള്ള ഗതാഗതം നിർത്തിവച്ചിരിക്കുകയാണ്. പൊതുജനങ്ങളും വിദ്യാർത്ഥികളുമനുഭവിക്കുന്ന യാത്രാക്ലേശത്തിന് അടിയന്തര പരിഹാരമാവശ്യപ്പെട്ടുകൊണ്ട് മൂന്നാമത്തെ സബ്മിഷനാണ് ഞാൻ ഈ സഭയിൽ അവതരിപ്പിക്കുന്നത്. നിലവിലുള്ള പാലം പൊളിച്ചുമാറ്റി പുതിയ പാലം നിർമ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഞാൻ ഈ ആവശ്യമുന്നയിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയെ കണ്ടിരുന്നു. അദ്ദേഹം സ്നേഹപൂർവ്വം "ആദ്യമായി എം.എൽ.എ. ഉന്നയിക്കുന്ന ഒരു ആവശ്യമാണ്, പരിഗണിച്ചിരിക്കും" എന്ന് എനിക്ക് വാക്ക് തരികയുണ്ടായി. അങ്ങ് നിർദ്ദേശിച്ച പ്രകാരം ഞാൻ ആ ഫയൽ ധനകാര്യ വകുപ്പിലെ പ്രൈവറ്റ് സെക്രട്ടറിയെ

ഏൽപ്പിക്കുകയുമുണ്ടായി. വളരെ പ്രതീക്ഷയോടുകൂടിയാണ് ഞാൻ അങ്ങയുടെ ഓഫീസ് വിട്ടിറങ്ങിയത്. ഇന്ന് ആ പ്രദേശത്തെ നാട്ടുകാരും വിദ്യാർത്ഥികളും സെക്രട്ടേറിയറ്റിനു മുന്നിൽ ധർണ്ണനടത്തുകയാണ്. പുത്തൻതോപ്പ് ആശുപത്രിയിലേയ്ക്ക് രോഗികളെ കൊണ്ടുപോകുന്നതിനും അതിന് പരിസരത്തുള്ള കോളേജിലും സ്കൂളിലും വിദ്യാർത്ഥികൾക്ക് എത്തുന്നതിനുമൊക്കെ വളരെ ബുദ്ധിമുട്ടനുഭവപ്പെടുകയാണ്. അടുത്ത ബഡ്ജറ്റിൽ എന്നുപറയാതെ ദയവായി ഈ വർഷം തന്നെ അതിന് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പുത്തൻതോപ്പ് പാലത്തിന്റെ പുനർ നിർമ്മാണത്തിനായി 787 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഫയൽ ധനവകുപ്പിന് ലഭിച്ചിരുന്നു. ഈ സാമ്പത്തിക വർഷം ധനവകുപ്പ് കേരളത്തിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും മാത്രമായി 287.20 കോടിയോളം രൂപയുള്ള പ്രത്യേകാനുമതി ഇതിനോടകം നൽകിക്കഴിഞ്ഞതിനാൽ ഈ സാമ്പത്തിക വർഷം കൂടുതൽ അധിക സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാൻ കഴിയില്ല. അതുകൊണ്ട് കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പുത്തൻതോപ്പ് പാലം പുനർനിർമ്മിക്കുന്നതിനാവശ്യമായ തുക അടുത്ത സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന് നീക്കിവയ്ക്കുന്ന വിഹിതത്തിൽനിന്ന് കണ്ടെത്താവുന്നതാണ്.

## (16) നെൽകൃഷി പ്രോത്സാഹനം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് ജില്ലയിൽ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഏറെ ദുരിതവും നഷ്ടവുമാണ് ഈ രണ്ടാഴ്ചയായി തുടരുന്ന മഴയെ തുടർന്ന് സംഭവിച്ചത്. നെൽകൃഷി വിളവെടുപ്പ് നടത്തുന്നത് ഡിസംബർ-ജനുവരി മാസങ്ങളിലാണ്. വിളവെടുപ്പ് നടത്തുന്ന ഈ സമയങ്ങളിലുണ്ടായ മഴയെത്തുടർന്ന് വയനാട് ജില്ലയിലെ ആയിരക്കണക്കിന് കർഷകർക്ക് അവരുടെ കൃഷി വിളവെടുപ്പ് നടത്താൻ സാധിക്കാതെ കൃഷിനാശം സംഭവിച്ചിരിക്കുകയാണ്. മാത്രമല്ല വയനാട് ജില്ലയിൽ കാലവർഷക്കെടുതിയും വരൾച്ചയുമുണ്ടായ ഘട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലും ആശ്വാസവും അവിടത്തെ കർഷകർക്ക് ലഭിച്ചിട്ടുണ്ട്. നെല്ലുല്പാദനം കുറഞ്ഞുവരുന്ന ഈ സാഹചര്യത്തിൽ ആയിരക്കണക്കിന് കർഷകരുടെ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി അങ്ങ് ആവശ്യമായ നഷ്ടപരിഹാരം അനുവദിക്കണം. അതോടൊപ്പംതന്നെ പതിനായിരക്കണക്കിന് ഹെക്ടർ വയലുകളിൽ കൊയ്തിട്ട

നെല്ലുകളെല്ലാം വെള്ളത്തിനടിയിലാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത സ്ഥലം സന്ദർശിച്ച് ഇതിനാവശ്യമായ പരിഹാരമുണ്ടാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, വയനാട് ജില്ലയിൽ ഡിസംബർ 8 മുതൽ 16 വരെ തുടർച്ചയായുണ്ടായ കനത്ത മഴ മൂലം, വിളഞ്ഞ നെല്ല് കൊയ്തെടുക്കാനും കൊയ്തിട്ട നെല്ല് പാടങ്ങളിൽ നിന്ന് കളത്തിലേക്ക് കൊണ്ടുവരുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുണ്ട്. പാടത്ത് വെള്ളം കെട്ടി നിന്നതിനാൽ കൊയ്തിട്ടതും വിളഞ്ഞതുമായ നെല്ലിൽ മുള വന്ന് നശിച്ചിട്ടുണ്ട്. ഉയരം കൂടിയ നെല്ലിനങ്ങൾ കൃഷി ചെയ്തിട്ടുള്ള പാടങ്ങളിൽ ചാഞ്ഞുവീഴ്ച മൂലം നെൽകൃഷി നശിക്കുകയും യന്ത്രങ്ങളുപയോഗിച്ച വിളവെടുത്ത പാടങ്ങളിൽ വൈക്കോൽ ചീഞ്ഞുനശിക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക കണക്കനുസരിച്ച് ജില്ലയിൽ 574 ഹെക്ടർ സ്ഥലത്ത് 5,74,10,000 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഇന്നലെ നടന്ന മന്ത്രിസഭായോഗത്തിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും റിപ്പോർട്ട് ലഭിച്ചാലുടൻ അതിനുവേണ്ട നഷ്ടപരിഹാരം നൽകുന്നതാണെന്ന തീരുമാനവുമെടുത്തിട്ടുണ്ട്. അതോടൊപ്പം വയനാട് ജില്ലയിലെ നെൽകൃഷി പ്രത്യേകമായി കണക്കിലെടുത്തുകൊണ്ട് ജില്ലയ്ക്കു മാത്രമായി പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിന് എന്ന പദ്ധതിയിൽപ്പെടുത്തി ജീരകശാല, ഗന്ധകശാല കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 10000 രൂപ സബ്സിഡി നൽകി 1350 ഹെക്ടറിലേയ്ക്ക് 135 ലക്ഷം രൂപയുടെ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്.

## (17) എൻഡോസൾഫാൻ നീക്കം ചെയ്യൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള പ്ലാന്റേഷൻ കോർപ്പറേഷന്റെ ഗോഡൗണിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ പറഞ്ഞ സമയത്തിനുള്ളിൽ നീക്കം ചെയ്യാത്തതുമൂലമുള്ള പ്രതിസന്ധി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എൻഡോസൾഫാൻ നിരോധനത്തെത്തുടർന്ന് ബാക്കിവന്ന എൻഡോസൾഫാൻ നീക്കം ചെയ്യണമെന്ന് ഒരുപാട് കാലമായി ആവശ്യപ്പെടുന്നുണ്ട്. അവിടെവച്ച് നിർവീര്യമാക്കുന്നതിന് പ്രദേശത്തുള്ള ജനങ്ങളുടെ എതിർപ്പുണ്ടായതുകൊണ്ട് നിർവീര്യമാക്കാതെ അതിന്റെ ടാങ്ക് മാറ്റാൻ ഞങ്ങളൊക്കെ പറഞ്ഞ് സമ്മതിപ്പിച്ചു. അന്ന് ഡിപ്പാർട്ടുമെന്റ് പറഞ്ഞത് പ്രകാരം പ്രത്യേകമായി നിയോഗിച്ചിട്ടുള്ള ഒരു കൂട്ടം ശാസ്ത്രജ്ഞന്മാർ വന്ന്, ഐക്യരാഷ്ട്ര സഭ നിർദ്ദേശിച്ചിട്ടുള്ള ജാറിലേക്ക് നിലവിലുള്ള ജാറിൽ നിന്ന്

എൻഡോസൾഫാൻ ഞങ്ങളുടെയൊക്കെ സാന്നിദ്ധ്യത്തിൽ നീക്കം ചെയ്യുകയും ചെയ്തു. ഒക്ടോബർ 12-നാണ് ഈ പ്രക്രിയ ചെയ്തത്. ഡിസംബർ 12-നകം എന്തുവന്നാലും എൻഡോസൾഫാൻ മണ്ണാർക്കാട്ടിൽ നിന്ന് കൊണ്ടുപോകുമെന്ന് ഉറപ്പ് നൽകിയിരുന്നു. പക്ഷേ, ഡിസംബർ 12 കഴിഞ്ഞിട്ടും എൻഡോസൾഫാൻ അവിടെ നിന്ന് കൊണ്ടുപോയില്ല. ഇതുസംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വന്നു. മന്ത്രിയും അവിടെ വന്ന് വാക്ക് നൽകിയതാണ്. ഇതുവരെയും എൻഡോസൾഫാൻ കൊണ്ടുപോയിട്ടില്ല. കാസർഗോഡും ഇതേ സ്ഥിതിയാണുള്ളത്. അവിടെയും ജാറ് മാറ്റിയിരിക്കുകയാണ്. ജാറ് മാറ്റിയ എൻഡോസൾഫാൻ അവിടെ നിന്ന് കൊണ്ടു പോയിട്ടില്ല. അന്ന് പറഞ്ഞത് ഗുജറാത്തിലോ തമിഴ്നാട്ടിലോ എൻഡോസൾഫാൻ നിർമ്മാണ കമ്പനികളിൽ കൊണ്ടുപോയി ഇത് നിർവീര്യമാക്കുമെന്നാണ്. ഇപ്പോൾ ഇത് വലിയൊരു പ്രശ്നമായിരിക്കുകയാണ്. കളക്ടറും എം.എൽ.എ.-യും ജനങ്ങളുടെ മുമ്പിൽ കൊടുത്ത വാക്ക് പാലിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇനിയും അനന്തമായി എൻഡോസൾഫാൻ അവിടെ ഇരിക്കാൻ പാടില്ല. ജനങ്ങളെ ഞങ്ങൾ പറഞ്ഞ് വിശ്വസിപ്പിച്ചാണ് ഈ പ്രക്രിയയുടെ പകുതി പൂർത്തീകരിക്കാൻ അനുവദിച്ചത്. അതുകൊണ്ട് എത്രയും പെട്ടെന്ന് എൻഡോസൾഫാൻ ശേഖരം നീക്കം ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സുരക്ഷിതമായ ടാങ്കിലേക്ക് ബാക്കി വന്ന എൻഡോസൾഫാൻ മാറ്റുമെന്നുള്ളത് രണ്ട് വർഷം മുമ്പ് കേന്ദ്ര ദുരന്ത സേനയും എച്ച്.ഐ.എൽ.-ലെ ഉദ്യോഗസ്ഥരും കാസർഗോഡ് വന്ന് എടുത്ത തീരുമാനമായിരുന്നു. അത് അഞ്ചുവർഷം ഗ്യാരന്റിയുള്ള ജാറിലേക്ക് മാറ്റുകയും ചെയ്തു. അതേ നടപടി തന്നെയാണ് മണ്ണാർക്കാടുള്ള പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റിലും ചെയ്തത്. ഒക്ടോബർ 12-നാണ് നടപടികൾ പൂർത്തീകരിച്ചുകൊണ്ട് ജാറിലേക്ക് മാറ്റിയത്. ജാറിലേക്ക് മാറ്റിയതിനുശേഷം ഡിസംബർ 12-നകം ഇവിടെ നിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകാമെന്ന് പറഞ്ഞെങ്കിലും സാധിച്ചില്ല. അഞ്ച് വർഷത്തെ ഗ്യാരന്റിയുണ്ടെങ്കിലും ജനങ്ങളുടെ ആശങ്ക പരിഗണിച്ച് വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് 2015 ഫെബ്രുവരി 5-ന് മുമ്പേ എൻഡോസൾഫാൻ നിർവീര്യമാക്കാനുള്ള പദ്ധതിയിട്ടിട്ടുണ്ട്. അതിന് നൂറ് ശതമാനം ഗ്യാരന്റി കേന്ദ്ര എച്ച്.ഐ.എൽ. ഉറപ്പ് നൽകിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി.പി. മുഹമ്മദ്)

മി. ചെയർമാൻ: അംഗങ്ങളുടെ ശ്രദ്ധയ്ക്ക് 12.30-ന് ധനവിനിയോഗ ബിൽ ചർച്ചയ്ക്കെടുക്കണം. ഹൈസ്പീഡിൽ പോയാൽ മാത്രമേ തീരുകയുള്ളൂ. ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം.

## (18) തിരുവമ്പാടിക്ക് പ്രഥമ പരിഗണന

ശ്രീ. സി. മോയിൻകുട്ടി: സർ, ജൈവ കാർഷിക സംസ്ഥാനമായി പ്രഖ്യാപിച്ച നമ്മുടെ സംസ്ഥാനത്ത് ഘട്ടംഘട്ടമായി ജൈവ കൃഷിയിലേയ്ക്ക് മടങ്ങാനുള്ള തീരുമാനം വേണ്ടതുപോലെ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. അതിൽ പുരോഗതിയുമുണ്ടായിട്ടില്ല. വിഷലിപ്തമായ ഭക്ഷ്യവസ്തുക്കൾ സൃഷ്ടിക്കുന്ന മാരകമായ രോഗങ്ങളെക്കുറിച്ച് നിരവധി ചർച്ചകൾ ഈ വേദിയിൽ വന്നിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ബഹുമാന്യനായ മന്ത്രിയുടെ നേതൃത്വത്തിൽ ഇപ്പോൾ ചില ചലനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് തെങ്ങ്, പച്ചക്കറി കൃഷിയിൽ നിരവധി അവാർഡുകൾ വാരിക്കൂട്ടിയ മണ്ഡലമാണ് എന്റെ മണ്ഡലം. അതുകൊണ്ടുതന്നെ ജൈവകൃഷി മണ്ഡലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം എന്റെ മണ്ഡലത്തിൽ തന്നെ നിർവ്വഹിക്കണമെന്ന അവകാശം ഈ സന്ദർഭത്തിൽ ഉന്നയിക്കുകയാണ്. കൃഷി ലാഭകരമല്ലാത്ത സാഹചര്യത്തിൽ ലക്ഷക്കണക്കിന് ഭൂമി തരിശാക്കിയിട്ട സംസ്ഥാനമാണ് കേരളം. ഈ പ്രഖ്യാപനം കൊണ്ട് മാത്രം കാര്യമില്ല, ജൈവകൃഷിയുടെ മഹത്വം നന്നായി അറിയാവുന്ന കർഷകരാണ് കേരളത്തിലുള്ളത്. അതുകൊണ്ടുതന്നെ സാമ്പത്തിക ചെലവ് പരിഹരിക്കാനുള്ള നടപടികളാണ് ആവശ്യമായിട്ടുള്ളത്. കർഷകർക്കാവശ്യമായ ജൈവവിത്ത്, ജൈവവളം, ജൈവകീടനാശിനി മുതലായവ കൃഷി ഓഫീസ് വഴി നൽകാൻ നടപടിയുണ്ടാകണം. മതിയായ ഫണ്ട് ലഭ്യമായെങ്കിൽ മാത്രമേ ഈ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കൂ. വിഷലിപ്തമായ ഭക്ഷണം കഴിച്ച് മാരകമായ രോഗം ബാധിച്ച ആളുകളെ ചികിൽസിക്കുന്നതിനുവേണ്ടി ആരോഗ്യ വകുപ്പിലെ ഫണ്ടിൽ നിന്ന് ചെലവഴിക്കുന്ന പണത്തിന്റെ നല്ലൊരുഭാഗം കുറച്ചുകൊണ്ടുവരാൻ ഈ നടപടിയിലൂടെ അങ്ങേക്ക് സാധിക്കുമെന്നുകൂടി സൂചിപ്പിക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ കൂട്ടുത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കണം. കാർഷികമേഖലയിൽ ജൈവകൃഷി ഉപദേശിക്കുന്നതോടൊപ്പം വളവും കീടനാശിനിയും അതുപോലുള്ള കാര്യങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള ശക്തമായ ഇടപെടൽ ഉണ്ടായെങ്കിൽ മാത്രമേ ഈ സ്വപ്നം സാക്ഷാത്കരിക്കുകയുള്ളൂ. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രായോഗികമായ കർമ്മ പരിപാടികൾ ആവിഷ്കരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കേരളം സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.മാരും രാഷ്ട്രീയ നേതൃത്വവും വിദ്യാർത്ഥികളും ചെയ്തുവരുന്ന പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. അതിൽ കൂടുതൽ ശക്തമായി ഇടപെടാനുള്ള കർമ്മ പരിപാടികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. കർഷകർക്ക് വിത്ത്, വളം, ജൈവകീടനാശിനി എന്നിവ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. മലയോര കാർഷിക മേഖലയായ തിരുവമ്പാടി മണ്ഡലത്തിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്. അതിനുവേണ്ടിയാണ് പ്ലസ് ടു വിദ്യർത്ഥിയായ സൂരജ് എം.എൽ.എ.-മാർക്കുവേണ്ടി ഒരു ക്ലാസ് ഈ നിയമസഭയുടെ ലോഞ്ചിൽ വച്ച് നടത്തിയത്.

## (19) യുവാവിന്റെ അപകട മരണം

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ആറളം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള അജയ് ജോസഫ് എന്ന ചെറുപ്പക്കാരൻ ഒക്ടോബർ 10-ന് രാത്രി റോഡിൽ പരുക്കുപറ്റി മരണപ്പെട്ടതായി കാണപ്പെട്ടു. റോഡപകടമെന്ന നിലയിൽ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ അപകടത്തിന്റെ കാരണം എന്താണ്; വാഹനം ഇടിച്ചതാണോ അല്ലയോ; ഏത് വാഹനമാണ് ഇടിച്ചത്; തുടങ്ങിയ കാര്യങ്ങളൊന്നും അന്വേഷിച്ച് കണ്ടെത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ അക്കാര്യത്തിൽ അടിയന്തരമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 10-10-2014-ന് രാത്രി 12.15-നും 1.15-നും ഇടയ്ക്കുള്ള സമയത്ത് ആറളം അംശം അത്തിക്കൽ സ്ഥലത്ത് ജോസഫ് മകൻ അജയ് ജോസഫ് എന്ന 23 വയസ്സുള്ള യുവാവ് റോഡിൽ വാഹനമിടിച്ച് രക്തം വാർന്നുകിടക്കുന്ന വിവരം ആറളം പോലീസ് സ്റ്റേഷനിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്ഥലത്തെത്തി അയാളെ ഉടൻതന്നെ താലൂക്ക് ആശുപത്രിയിലെത്തിച്ചു. അവിടെ വച്ച് ഡോക്ടർമാർ മരണപ്പെട്ടതായി അറിയിച്ചതിനെത്തുടർന്ന് പരിയാരം മെഡിക്കൽ കോളേജിൽ ഫോറൻസിക് വിഭാഗം പോസ്റ്റുമോർട്ടം നടത്തി. ഡോക്ടറോട് ചോദിച്ചപ്പോൾ വളരെ വേഗതയിൽ ഓടിച്ചുവന്ന വാഹനം ഇടിച്ചതിനെ തുടർന്നാണ് മരണമുണ്ടായതെന്നാണ് വിവരം ലഭിച്ചിട്ടുള്ളത്. 55 സെ.മീ. ഉയരമുള്ള ബംബറുള്ള വാഹനമാണ് ഇടിച്ചതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അജയ് ജോസഫിന്റെ ബന്ധു സെബാസ്റ്റ്യന്റെ മൊഴി പ്രകാരം ആറളം പോലീസ് സറ്റേഷനിൽ IPC 279, 304 (A) പ്രകാരം ക്രൈം നമ്പർ 395/14 ആയി കേസ് രജിസ്റ്റർ ചെയ്ത് സബ് ഇൻസ്പെക്ടർ

അന്വേഷിച്ചുവരുകയാണ്. ഇടിച്ച വാഹനത്തെയോ ഓടിച്ച ഡ്രൈവറെയോ കണ്ടെത്താൻ സാധിക്കാത്തതിനാൽ ഈ കേസ്സിലുള്ള അന്വേഷണം ഇരിട്ടി പോലീസ് സബ് ഇൻസ്പെക്ടർ ഏറ്റെടുത്തു. സംഭവസ്ഥലത്തിന് സമീപമുള്ള 300 വാഹനങ്ങൾ പരിശോധിക്കുകയും 70-ഓളം ആളുകളുടെ മൊഴി രേഖപ്പെടുത്തുകയും മൊബൈൽ ഫോൺ ടവർ കേന്ദ്രീകരിച്ച് 30-ഓളം മോട്ടോർ വർക്ക്ഷോപ്പുമായി ബന്ധപ്പെടുകയും ചെയ്തു. സംഭവത്തിനുശേഷം ഇടിച്ച വാഹനം വിൽക്കാനോ കൈമാറ്റം ചെയ്യാനോ സാധ്യതയുണ്ടെന്ന അറിവിന്മേൽ പ്രദേശത്തുള്ള വാഹന ബ്രോക്കർമാരെ കണ്ട് ചോദിച്ചും വാഹന അപകടം ഉണ്ടായതിനുശേഷം നിർത്താതെ പോയി പിന്നീട് കണ്ടെത്തിയ വാഹനങ്ങളെ ക്രമീകരിച്ചുമുള്ള അന്വേഷണം സത്വരമായി നടത്തി വരുന്നു. ഇരിട്ടി ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടീമിനെ വച്ച് ഈ കേസ് അന്വേഷിക്കുന്നതാണ്.

## (20) പട്ടികജാതി യുവാക്കൾക്ക് പോലീസ് മർദ്ദനം

ശ്രീ. എം. ചന്ദ്രൻ: സർ, ആലത്തൂർ മണ്ഡലത്തിൽ കഴിഞ്ഞ 13-ാം തീയതി ശിവദാസന്റെ മകൻ വിപിൻ ദാസ്, രാമകൃഷ്ണന്റെ മകൻ രഞ്ജിത്ത്, മോഹനന്റെ മകൻ യദുകൃഷ്ണൻ, ഉണ്ണികൃഷ്ണന്റെ മകൻ മനു എന്നീ നാല് പട്ടികജാതി യുവാക്കളെ മംഗലം ഡാം പോലീസ് ഒരു പരാതിയുമില്ലാതെ കസ്റ്റഡിയിലെടുത്ത് ക്രൂരമായി മർദ്ദിക്കുകയുണ്ടായി. എസ്.ഐ. മോഹനനും ഗ്രേഡ് എസ്.ഐ.-യും ചേർന്നാണ് മർദ്ദനത്തിന് നേതൃത്വം നൽകിയത്. മർദ്ദനത്തിൽ പരിക്കേറ്റ യുവാക്കൾ നെന്മാറ ആശുപത്രിയിൽ ചികിത്സയിലാണ്. 12-ാം തീയതി മംഗലം ഡാം കതിർ ഉത്സവമായിരുന്നു. അന്ന് ലൂർദ് മാതാ സ്കൂളിലെ പൈപ്പുകളും പൂച്ചെട്ടികളും സാമൂഹ്യവിരുദ്ധർ തല്ലിതകർത്തിരുന്നു. ഇതിന്റെ പേരിലാണ് നാല് യുവാക്കളെ കസ്റ്റഡിയിലെടുത്തത്. നഷ്ടപരിഹാരമെന്ന നിലയിൽ 8000 രൂപ നൽകാൻ പോലീസ് ആവശ്യപ്പെട്ടിരുന്നു. നാലുപേരുടെയും കൈവശമുണ്ടായിരുന്ന 4750 രൂപ പോലീസ് പിടിച്ചുവാങ്ങി. പിന്നീട് ഇവർ കുറ്റക്കാരല്ലെന്ന് കണ്ട് പോലീസ് വിട്ടയച്ചുവെങ്കിലും തുക തിരികെ നൽകിയില്ല. ഒരു കാരണവുമില്ലാതെ നാല് പട്ടികജാതി യുവാക്കളെ കസ്റ്റഡിയിലെടുത്ത് ക്രൂരമായി മർദ്ദിക്കുകയും 4750 രൂപ പിടിച്ചുവാങ്ങുകയും ചെയ്ത എസ്.ഐ., ഗ്രേഡ് എസ്.ഐ. എന്നിവരുടെ പേരിൽ കേസ്സെടുത്ത് അന്വേഷണം നടത്തി ശിക്ഷ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ ഇന്ന് പട്ടികജാതി ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ മംഗലം ഡാം പോലീസ് സ്റ്റേഷനിലേക്ക് പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർ മാർച്ച് നടത്തുകയാണ്. പ്രസ്തുത സംഭവം അടിയന്തരമായി അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പാലക്കാട് മംഗലം ഡാം പോലീസ് സ്റ്റേഷൻ പരിധിയിലെ ലൂർദ് മാതാ ഹൈസ്കൂളിൽ 12-12-2014-ന് 10.10-മണിയോടുകൂടി ആ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളായ അജിത്, മനു, വിപിൻദാസ്, അവരുടെ സുഹൃത്തായ യദുകൃഷ്ണൻ എന്നിവർ ആക്രമിച്ച് കയറി 12 പൂച്ചട്ടികളും 19 പ്ലാസ്റ്റിക് ടാപ്പുകളും അടിച്ച് നശിപ്പിച്ചു. ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് മംഗലം ഡാം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയെ സംബന്ധിച്ച് 13-12-2014-ന് സ്കൂൾ അധികൃതരെയും അക്രമം നടത്തിയവരെയും അവരുടെ രക്ഷിതാക്കളെയും പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി സംസാരിച്ച ധാരണയുടെ അടിസ്ഥാനത്തിൽ കേടുവരുത്തിയ സാധനങ്ങൾ വാങ്ങിക്കൊടുക്കുകയോ പുനഃസ്ഥാപിച്ചുകൊടുക്കുകയോ ചെയ്യാമെന്ന് സമ്മതിക്കുകയും ഇതിനായി 8000 രൂപ നൽകാമെന്ന് സമ്മതിച്ച് പരാതി രമ്യമായി പരിഹരിക്കുകയും ചെയ്തു. ഇതിലേക്ക് 4500 രൂപ വിലയുള്ള പൈപ്പ് വാങ്ങി നൽകുകയും ബാക്കിയുള്ള തുക 14-12-2014-ന് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തിരുന്നു. സ്കൂളിൽ അതിക്രമം കാണിച്ച നാലുപേരും പോലീസ് മർദ്ദിച്ചുവെന്ന് ആരോപിച്ച് 14-12-2014-ന് നെന്മാറ ഗവൺമെന്റ് ആശുപത്രിയിൽ അഡ്മിറ്റായി. 15-12-2014-ന് നെന്മാറ പോലീസ് ഇൻസ്പെക്ടർ ആശുപത്രിയിലെത്തി വിപിൻദാസിന്റെ മൊഴി രേഖപ്പെടുത്തിയതിനാൽ വിപിൻദാസിനെയും മറ്റ് മൂന്നുപേരെയും മംഗലം ഡാം പോലീസ് സ്റ്റേഷനിലെ ശ്രീ. സണ്ണി ജോസഫും മറ്റുള്ളവരും ദേഹോപദ്രവം ഏൽപ്പിച്ചെന്നും കുറ്റം സമ്മതിപ്പിച്ച് നഷ്ടപരിഹാരമായി 4750 രൂപ കൊടുപ്പിച്ചുവെന്നും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് എസ്. ഐ. ശ്രീ. സണ്ണി ജോസഫിനെ പ്രതിചേർത്ത് IPC 341, 323, 294(b) എന്നീ വകുപ്പുപ്രകാരം ക്രൈം 784/14 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ കേസിന്റെ അന്വേഷണം വടക്കാഞ്ചേരി പോലീസ് ഇൻസ്പെക്ടർ നടത്തിവരുന്നു. അന്വേഷണത്തിൽ സ്വാധീനം ചെലുത്താതിരിക്കുന്നതിന് സണ്ണി ജോസഫിനെ ആലത്തൂർ ഡിവൈ.എസ്.പി. ഓഫീസിലേക്ക് മാറ്റി നിർത്തിയിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് ഡോക്ടറുടെ മൊഴിയിൽ, ചികിത്സയിലുള്ളവർക്ക് പരുക്കില്ലെന്ന് വെളിവായിട്ടുണ്ട്. സ്കൂൾ ഹെഡ്മിസ്ട്രസ് നൽകിയ പരാതിയിന്മേലുള്ള ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരമുള്ള ബാക്കി തുക നൽകിയില്ലെന്നുപറഞ്ഞ് സ്കൂൾ ഹെഡ്മിസ്ട്രസ് മംഗലം ഡാം പോലീസ് സ്റ്റേഷനിൽ വീണ്ടും പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്കൂളിൽ അക്രമം കാണിച്ച നാലുപേരെയും പ്രതികളാക്കി IPC 447, 427, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 785/2014 ആയി കേസ് രജിസ്റ്റർ ചെയ്ത് വടക്കാഞ്ചേരി പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി

വരുന്നു. പ്രതികൾ നാലുപേരും ആശുപത്രിയിൽ ചികിത്സയിലാണ്. അവരെ അറസ്റ്റ് ചെയ്തിട്ടില്ല. മനു, രഞ്ജിത്ത്, വിപിൻദാസ് എന്നിവർ മുമ്പ് സ്കൂളിൽ പഠിച്ചിരുന്ന സമയത്ത്, ക്ലാസ്സിൽ സംസാരിച്ചതിനും മറ്റ് സഹപാഠികൾക്ക് ശല്യമുണ്ടാക്കിയതിനും ക്ലാസിനുപുറത്ത് നിർത്തിയതിന്റെ വിരോധത്തിലാണ് മൂന്നുപേരും യദുകൃഷ്ണനുമായി ചേർന്ന് അക്രമം നടത്തിയതെന്നാണ് ഹെഡ്മിസ്ട്രസിന്റെ പരാതി. എസ്.സി./എസ്.ടി. (പി. എ.) ആക്ട് (Scheduled Castes and Scheduled Tribes (Prevention of Atrocities) Act) ചേർത്തിട്ടില്ല. കാരണം മൊഴിയിൽ എസ്.സി./എസ്.ടി. (പി. എ.) ആക്ട് ചേർക്കുന്നതിനുള്ള പരാമർശം ഉണ്ടായിരുന്നില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## (21) അനധികൃത ചിട്ടികളുടെ പ്രവർത്തനങ്ങൾ

ശ്രീ. അൻവർ സാദത്ത്: സർ, സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കുറി/ചിട്ടി കമ്പനികളെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. എന്റെ മണ്ഡലമായ ആലുവയിൽ ചെങ്ങമനാട് പഞ്ചായത്തിൽ ദേശംകുന്നുംപുറത്ത് പ്രവർത്തിച്ചുവന്നിരുന്ന Desom Kuries and Investments എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥനായ സുനിൽ ദേവസ്സിയും അദ്ദേഹത്തിന്റെ കുടുംബവും നിക്ഷേപകരെ കബളിപ്പിച്ചുകൊണ്ട് ആ പ്രദേശത്തുനിന്നും മുങ്ങിയിരിക്കുന്ന ഒരു സാഹചര്യമാണ് എന്റെ നാട്ടിലുണ്ടായിരിക്കുന്നത്. ഇവർ കോടിക്കണക്കിന് രൂപയാണ് നിക്ഷേപകരെ വഞ്ചിച്ചുകൊണ്ട് പോയിരിക്കുന്നത്. ഏകദേശം അഞ്ഞൂറോളം ആളുകളാണ് ഈ ചിട്ടി കമ്പനിമൂലം വഞ്ചിതരായിരിക്കുന്നത്. ഇവരെ അടിയന്തരമായി അറസ്റ്റ് ചെയ്ത് നിക്ഷേപകരുടെ പണം തിരികെ നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കേരളത്തിൽ അനധികൃതമായി ഇതുപോലെ ചിട്ടി/കുറി സ്ഥാപനങ്ങൾ നടത്തുന്ന കാര്യം പല അംഗങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ചിട്ടി ആക്ടിന് വിരുദ്ധമായി ജനങ്ങളെ കബളിപ്പിച്ച് പണം തട്ടുവാൻ വേണ്ടി അനധികൃതമായി നടത്തുന്ന കുറി/ചിട്ടി കമ്പനികളെ നിയന്ത്രിക്കാനാവശ്യമായ അടിയന്തര നടപടി സർക്കാർ സ്വീകരിക്കണം. ഈ കേസ് ഡിവൈ.എസ്.പി. റാങ്കിലുള്ള ഉന്നത ഉദ്യോഗസ്ഥരടങ്ങിയ ഒരു സ്പെഷ്യൽ ടീമിനെവച്ച് അന്വേഷിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്ത് അനധികൃത ചിട്ടി കമ്പനികൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവയ്ക്കെതിരെ 1982-ലെ കേന്ദ്ര ചിട്ടി ആക്ട്, കേരള ചിട്ടി റൂൾസ്, Kerala Money Lenders Act, Prohibition of Exorbitant Interest Act, Prize Chits And Money Circulation (Banning) Act, ഐ.പി.സി.-യിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അത്തരം അനധികൃത സ്ഥാപനങ്ങളും അവയുടെ ബ്രാഞ്ചുകളുമുൾപ്പെടെ 125 സ്ഥാപനങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ നിയോജക മണ്ഡലത്തിലും വളരെ ശക്തമായ ഒരു കേസെടുത്ത് പ്രതികളെ കണ്ടെത്തുകയും നിക്ഷേപകരുടെ തുക തിരിച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇവിടെ ആലുവ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ ഏകദേശം മുപ്പത് വർഷമായി Desom Kuries and Investments എന്ന പേരിൽ ഒരു കുറി കമ്പനി നടത്തിവരുന്ന സുനിൽ ദേവസ്സി എന്നയാൾ കുറി കമ്പനിയിൽ നിക്ഷേപിച്ച പണം തിരികെ നൽകാതെ ചതിച്ചു എന്നാരോപിച്ച് കമ്പനിയിലെ നിക്ഷേപകരായ രാഹുൽ, പൊറ്റയിൽ ഹൗസ്, കപ്രാശ്ശേരിക്കര എന്നയാൾ 16-12-2014-ന് ചെങ്ങമനാട് പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടു. പരാതിയുടെ അടിസ്ഥാനത്തിൽ സുനിൽ ദേവസ്സിയെ പ്രതിയാക്കി IPC 406, 420 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 1322/2014 - ആയി കേസ് രജിസ്റ്റർ ചെയ്തു. കേസ് ചെങ്ങമനാട് പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷിച്ചുവരുന്നു. പലരും ഒളിവിലായതിനാൽ ആരേയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. പോലീസ് ഈ സ്ഥാപനത്തിൽ റെയ്ഡ് നടത്തി നിക്ഷേപകരിൽനിന്നും വാങ്ങി സൂക്ഷിച്ച 37 ചെക്കുകളും 55 മുദ്രപ്പത്രങ്ങളും പിടിച്ചെടുത്തിട്ടുള്ളതാണ്. കമ്പനി ഇതുവരെ 375 നിക്ഷേപകരിൽനിന്നും ഏകദേശം 1.96 കോടി രൂപ കൈപ്പറ്റിയിട്ട് പണം തിരികെ നൽകാതെ കബളിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്. ഒളിവിൽ കഴിയുന്ന പ്രതിയെ അയാളുടെ ബന്ധുവീടുകളിലുംമറ്റും അന്വേഷിച്ചുവരുന്നു. സൈബർ സെല്ലിന്റെ സഹായത്തോടെ പ്രതിയുടെ മൊബൈൽ ഫോണിന്റെ ലൊക്കേഷൻ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. അൻവർ സാദത്തിന്റെ ആവശ്യപ്രകാരം ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടീമിനെ വച്ച് ഈ കേസ് അന്വേഷിക്കുന്നതാണ്.

## (22) വസ്തു രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേരളത്തിലെ ഭൂമി സംബന്ധമായ വിഷയങ്ങളിൽ സാധാരണക്കാരായ ജനങ്ങളനുഭവിക്കുന്ന ഗുരുതരമായ വിഷയമാണ് ഞാൻ ഈ സഭയുടെ മുന്നിൽ കൊണ്ടുവരുന്നത്. ന്യായവില ക്രമീകരണമെന്ന പേരിൽ ഇപ്പോഴും നടത്തിയ ഫെയർ വാല്യൂ നിർണ്ണയം ഏറെ അപാകതകളുള്ളതാണ്. ഒരേ സർവ്വേ നമ്പരിൽത്തന്നെ റോഡുള്ള ഭാഗത്തിനും റോഡില്ലാത്ത ഭാഗത്തിനും ഒരേ വില കണക്കാക്കിയിരിക്കുകയാണ്. ചില വില്ലേജുകളിൽ ഇന്നുവരെ വില നിശ്ചയിച്ചിട്ടേയില്ല. തിരൂരങ്ങാടി താലൂക്കിലെ പരിയാപുരം വില്ലേജ് ഇതിനുദാഹരണമാണ്. തിരൂർ താലൂക്കിലെ ഒഴൂർ, ഏറനാട് താലൂക്കിലെ നെറുകര എന്നീ സ്ഥലങ്ങളിൽ ഒരേ സ്വഭാവമുള്ള ഭൂമിക്കുതന്നെ വ്യത്യസ്തമായ വില നിർണ്ണയിച്ചതായി കാണുന്നു. പാവപ്പെട്ട ജനങ്ങൾ അടിയന്തരാവശ്യങ്ങൾക്ക് ഭൂമി ക്രയവിക്രയം ചെയ്യേണ്ടിവരുന്ന സന്ദർഭത്തിലാണ് ഈ പ്രയാസം അവരറിയുന്നത്. ഇപ്പോഴത്തെ നിയമമനുസരിച്ച് നിർദ്ദിഷ്ട ഫോറത്തിൽ കളക്ടർക്ക് അപേക്ഷ നൽകിയാൽ കളക്ടറുടെ ഉത്തരവും ഗസറ്റിൽ വിജ്ഞാപനവും വന്നാലെ രജിസ്റ്റർ പോലും നടത്താൻ കഴിയുകയുള്ളൂ. ഇതിന് ഒമ്പത് മാസം വരെ സമയമെടുക്കുകയാണ്. മക്കളുടെ വിവാഹം മുതൽ അടിയന്തര ശസ്ത്രക്രിയകൾ വരെ നടത്താൻ പണമില്ലാതെ പ്രയാസമനുഭവിക്കുന്നവർ ഈ ദുരിതം പേറുകയാണ്. ഓരോ താലൂക്കിലും തഹസിൽദാർമാരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ കമ്മിറ്റി രൂപീകരിച്ച് ജനപ്രതിനിധികളുടെ സഹകരണത്തോടെ വിവരങ്ങൾ ശേഖരിച്ച് ആറ് മാസത്തിനകം ഫെയർ വാല്യൂ ലഭ്യമാക്കാൻ സൗകര്യമുണ്ടാക്കണം. അതുപോലെ തന്നെയാണ് അഞ്ച് ലക്ഷം രൂപക്കുമുകളിലുള്ള ക്രയവിക്രയത്തിന് ഇപ്പോൾ പാൻ കാർഡ് നിർബന്ധമാക്കിയിരിക്കുന്നത്. പാവപ്പെട്ടവർക്ക് രണ്ടോ മൂന്നോ സെന്റ് സ്ഥലവും ഒരു വീടും വാങ്ങുന്നതിന് ഇപ്പോൾ അഞ്ച് ലക്ഷത്തോളം രൂപ വേണം. മറ്റുള്ളവരുടെ കാരുണ്യം കൊണ്ട് ഒരു വീട് വാങ്ങുമ്പോൾ അവർ പാൻ കാർഡ് കൂടി എടുക്കണമെന്ന് പറയുന്നത് വളരെ കഷ്ടമാണ്. അതിനാൽ ക്രയവിക്രയം നടത്തുമ്പോൾ പാൻ കാർഡ് നൽകേണ്ട തുകയുടെ പരിധി വർദ്ധിപ്പിക്കണം. അതുപോലെ പോക്കുവരവ് രേഖപ്പെടുത്താൻ എടുക്കുന്ന കാലതാമസം പാവപ്പെട്ടവന് ഏറെ പ്രയാസങ്ങളുണ്ടാക്കുകയാണ്. തൊഴിൽ ഉപേക്ഷിച്ച് ദിവസങ്ങളോളം വില്ലേജാഫീസ് കയറിയിറങ്ങേണ്ടിവരുന്ന ഗതികേടിലാണ് ജനങ്ങൾ. ഈ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കണ്ടെത്തുകയും അന്തിമ തീർപ്പ് കൽപ്പിച്ച് ഉത്തരവ് നൽകുന്ന തീയതി മുൻകൂട്ടി നിർണ്ണയിച്ച് രസീത് നൽകുന്ന തീയതിക്ക് മുപ്പത് ദിവസം കാലപരിധി എടുക്കുന്നത് പ്രയാസകരമാണ്. ഇക്കാര്യങ്ങൾക്കെല്ലാം ക്രിയാത്മകമായ പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, കേരള മുദ്രപ്പത്ര നിയമം 28 A(1) വകുപ്പുപ്രകാരം ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നത് ആർ.ഡി.ഒ.-മാരാണ്. 2004-ൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ചതുമായി ബന്ധപ്പെട്ട് ധാരാളം ഇഷ്യൂസുകളുണ്ടെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വിഷയമാണ്. അവയെല്ലാം പരിഹരിച്ച് 2010-ലാണ് ഫെയർ വാല്യൂ പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം വീണ്ടും പുറപ്പെടുവിച്ചത്. ഇതിനോടനുബന്ധിച്ച് വന്ന ഒന്നര ലക്ഷത്തോളം അപ്പീൽ പരാതികളിൽ രണ്ടായിരത്തിൽ താഴെ അപ്പീലുകൾ മാത്രമാണ് ഇനി തീർപ്പാക്കാനുള്ളത്. ധാരാളം അപ്പീലുകൾ ഇപ്പോഴും കളക്ടർമാർക്ക് ലഭിക്കുന്നുണ്ട്. ആ അപ്പീലുകൾ യഥാസമയം തീർപ്പാക്കി കൊടുക്കുന്നുണ്ട്. കളക്ടർമാർക്ക് അപ്പീൽ സമർപ്പിക്കുവാനുള്ള കാലാവധി ഇപ്പോൾ അറുപത് ദിവസമെന്നുള്ളത് ഒരു വർഷമായി ദീർഘിപ്പിച്ചു. കൂടാതെ പരാതി ന്യായയുക്തമെന്ന് ബോദ്ധ്യപ്പെട്ടാൽ ഏത് സമയത്തും അപ്പീൽ സ്വീകരിക്കുവാനുള്ള വ്യവസ്ഥ മുദ്രപ്പത്ര നിയമത്തിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ അപ്പീലുകളുടെ ഉത്തരവുകൾക്ക് മുകളിൽ റിവ്യൂ പെറ്റീഷൻ കൊടുക്കാനുള്ള സാഹചര്യവും ഇപ്പോൾ ഒരുക്കിയിട്ടുണ്ട്.

റവന്യൂ ഡിപ്പാർട്ട്മെന്റിന്റെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ ഫെയർ വാല്യൂ റീ അസ്സസ്മെന്റ് നടത്തണമെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. അതിന് റവന്യൂ, രജിസ്ട്രേഷൻ, പഞ്ചായത്ത് എന്നീ മൂന്ന് വിഭാഗങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഫെയർ വാല്യൂ റീ-അസസ്സ് ചെയ്യുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുകയാണ്. അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ സലയുള്ള ക്രയവിക്രയങ്ങൾക്ക് പാൻ കാർഡുകൾ നിർബന്ധമാക്കിയിട്ടുണ്ട്. കേന്ദ്ര നിയമപ്രകാരമാണ് അത് വന്നിട്ടുള്ളത്. സംസ്ഥാനത്തിന് മാത്രമായി അത്തരത്തിലുള്ള ഒരു പരിഷ്കാരവും കൊണ്ടുവന്നിട്ടില്ല. പോക്കുവരവ് ചെയ്യുന്നത് റവന്യൂ ഡിപ്പാർട്ട്മെന്റാണ്. ഓൺലൈൻ പോക്കുവരവിനെ സംബന്ധിച്ചുള്ള സാദ്ധ്യതകൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

### (23) തേയിലത്തോട്ടം മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എസ്. രാജേന്ദ്രൻ: സർ, കേരളത്തിലെ തേയിലത്തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലി വർദ്ധനവുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. ഇവിടെ പി.എൽ.സി. കൂടുകയുണ്ടായി. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും തോട്ടമുടമകളുടെ പ്രശ്നം പരിഹരിക്കാൻ ലാന്റ് ടാക്സ്, പ്ലാന്റേഷൻ ടാക്സ്, അഗ്രികൾച്ചർ ഇൻകം ടാക്സ്,

ഇലക്ട്രിസിറ്റി ചാർജ്, പഞ്ചായത്ത് ലോക്കൽ ബിൽഡിംഗ് ടാക്സ് ഉൾപ്പെടെയുള്ളവയ്ക്ക് പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ട്. അതെല്ലാം സ്വാഗതാർഹമായ കാര്യമാണ്. ഇപ്പോൾ ഒരു തോട്ടം തൊഴിലാളിയ്ക്കുള്ള ഏറ്റവും ചുരുങ്ങിയ കൂലി 222 രൂപയാണ്. ഇതുകൊണ്ട് ഇ.സി.ജി., സി.റ്റി. സ്കാനുൾപ്പെടെയുള്ള ടെസ്റ്റുകൾക്കോ മാരക രോഗങ്ങളുമായി ബന്ധപ്പെട്ടുള്ള ചികിത്സയ്ക്കോ യാതൊരുവിധ ധനസഹായങ്ങളും ലഭ്യമല്ല. അതുകൊണ്ട് പി.എൽ.സി. കൂടുന്നത് നീട്ടിക്കൊണ്ടുപോകാതെ എത്രയും പെട്ടെന്ന് കൂലി വർദ്ധനവ് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

12.00 Noon]

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, തോട്ടം മേഖലയിലെ കൂലി വർദ്ധനവുമായി ബന്ധപ്പെട്ട് പി.എൽ.സി. ചർച്ച ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ചില പ്രതിസന്ധി ഘട്ടത്തിൽക്കൂടിയാണ് തോട്ടംമേഖല പോകുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സബ്മിഷനിൽ തോട്ടം മേഖലയിൽ സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്നുള്ള കാര്യം പ്രതിപാദിച്ചിട്ടുണ്ട്. കൂലി നിലവിൽ വന്നിട്ട് മൂന്നുവർഷം തികഞ്ഞു, ആ സമയത്തുതന്നെ അടുത്ത ചർച്ചയാരംഭിച്ചിട്ടുണ്ട്. ഇനി സമവായം ഉണ്ടാക്കി പുതിയ കൂലി നിലവിൽ കൊണ്ടുവരണം. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഏറെ പണിപ്പെടണമെന്നുള്ളത് ഒരു വസ്തുതയാണ്. എങ്കിലും അതിനുള്ള പ്രവർത്തനം ഗവൺമെന്റ് ആരംഭിച്ചുകഴിഞ്ഞു.

## (24) തൊഴിലാളികളെ ചൂഷണം ചെയ്യൽ

ശ്രീ. കെ. രാജു: സർ, സംസ്ഥാനത്ത് ചെറുതും വലുതുമായ തുണിക്കടകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ വലിയ ചൂഷണത്തിന് ഇരയായിക്കൊണ്ടിരിക്കുകയാണ്. പതിനായിരക്കണക്കിന് തൊഴിലാളികളാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. രാവിലെ 8.00 മണിയോടുകൂടി ജോലിയിൽ പ്രവേശിക്കുന്ന തൊഴിലാളികൾ രാത്രി 9.00-9.30 വരെയുള്ള നീണ്ട സമയക്രമത്തിൽ ഇരിപ്പിടം പോലുമില്ലാതെ നിന്നുകൊണ്ട് ജോലിചെയ്യുന്ന ഇത്തരം തൊഴിലാളി വിഭാഗങ്ങൾക്ക് അർഹമായ വേതനം ലഭിക്കുന്നില്ല. മുന്തിയ തുണിക്കടകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കു പോലും 3,000-ത്തിനും 5,000-ത്തിനും ഇടയിലാണ് വേതനം ലഭിക്കുന്നത്. ലേബർ ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങളൊന്നും ഇത്തരം തൊഴിലാളികളക്ക് ലഭിക്കുന്നില്ല. ഈ മേഖലയിൽ തൊഴിലെടുക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. എന്നാൽ മിക്ക തൊഴിൽശാലകളിലും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻ പോലും സ്ഥായിയായ സംവിധാനങ്ങൾ ഇല്ല. ഈ ദുരിതങ്ങൾ പരിഹരിക്കുന്നതിന് സത്വര

നടപടികൾ തൊഴിൽവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഉണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഇതുസംബന്ധിച്ച് ഇന്നലെ ഒരു നിയമം പാസ്സാക്കുകയുണ്ടായി. ഈ വിഷയം അഡ്രസ്സ് ചെയ്യാൻവേണ്ടി തൊഴിൽ വകുപ്പ് മുൻകയ്യെടുത്ത് ദീർഘമായൊരു ചർച്ചയും ഇന്നലെ ഇവിടെ നടന്നു. ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ അത് പരിഹരിക്കാനുള്ള സത്വര നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

## (25) റെയിൽവേ മേൽപ്പാലം

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, എന്റെ മണ്ഡലത്തിലെ പാലക്കാട്-പൊള്ളാച്ചി ലൈനിൽ ഗേജ് മാറ്റം ജനുവരി മാസം പൂർത്തീകരിക്കും എന്നാണ് റെയിൽവേ അധികൃതർ പറയുന്നത്. ഇതിന്റെ ഭാഗമായി യാത്രാ ട്രെയിൻ, ഗുഡ്സ് ട്രെയിൻ എന്നിവയുടെ എണ്ണം കൂടാൻ സാധ്യതയുണ്ട്. ഒരു ട്രെയിൻ കടന്നു പോകുമ്പോൾതന്നെ റെയിൽവേ ലെവൽ ക്രോസ് അടച്ചിടുകയും ഏകദേശം അഞ്ചോ പത്തോ മിനിറ്റുകൾ എടുക്കുകയും ചെയ്യും. ഈ റെയിൽവെ ലെവൽ ക്രോസ് സ്റ്റേഷൻ യാർഡിനകത്തും ഊട്ടറ റെയിൽവേ സ്റ്റേഷന് സമീപത്തുമാണ് വരുന്നത്. ഗുഡ്സ് ട്രെയിൻ വന്നാൽ അവിടെ കിടക്കും. എത്ര സമയം എടുക്കുമെന്ന് പറയാൻ കഴിയില്ല. ഇത് ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സീരിയസ്സായി എന്തെങ്കിലും സംഭവിച്ച് ആമ്പുലൻസ് വന്നാൽ കടന്നുപോകാനുള്ള ബദൽ യാത്രാ സംവിധാനമില്ല. അതുകൊണ്ട് ഇവിടെ ഗേജ് മാറ്റം പണി നടക്കുന്ന സമയമായതുകൊണ്ട് ഓവർ ബ്രിഡ്ജ് പണിയുന്നത് വളരെ സൗകര്യപ്രദമാകുമെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ബദൽ യാത്രാമാർഗ്ഗമില്ലാത്ത സ്ഥലത്തും ലെവൽ ക്രോസ്സ് ഗേറ്റ് ഇല്ലാത്ത സ്ഥലത്തും ഇതിന് പ്രത്യേക പരിഗണന കൊടുക്കാമെന്ന് റെയിൽവേ അതോറിറ്റി തന്നെ പറയുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് കൊല്ലങ്കോട് ഊട്ടറയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ഊട്ടറയിൽ ROB നിർമ്മിക്കുന്ന കാര്യമാണ്. ഇവിടെ പറഞ്ഞ പ്രശ്നങ്ങളെല്ലാം ശരിയാണ്. ഞാൻ ഈയിടെ ആ പ്രദേശത്തുകൂടി പോകുമ്പോൾ ഇത് കണ്ടതാണ്. ഇതിന് പഴയ മീറ്റർ ഗേജാണ്. ആ മീറ്റർ ഗേജിൽ

ലെവൽ ക്രോസ്സാണ്. ആ ലെവൽ ക്രോസ്സ് ട്രെയിൻ വെഹിക്കിൾ യൂണിറ്റ് ആണ്. ഒരു ലക്ഷം വാഹനങ്ങൾ എന്ന തോതുവച്ചാണ് ടി.വി.യു. കണക്കാക്കുന്നത്. ടോട്ടൽ റെയിൽവേ, ബാക്കിയുള്ള വാഹനങ്ങൾ പോകുന്നത്, 24 മണിക്കൂറിൽ പോകുന്നത് എന്നിവയുടെ അടിസ്ഥാനത്തിലാണ് റെയിൽവേ ടി.വി.യു. കണക്കാക്കുന്നത്. അത്തരം സ്ഥലങ്ങളിൽ മാത്രമാണ് അവർ ROB നിർമ്മിക്കാൻ 50% ധനസഹായം നല്കുന്നത്. ഇതിൽ 50% സ്റ്റേറ്റും 50% റെയിൽവേയുമാണ് നല്കുന്നത്. അതുകൊണ്ട് റെയിൽവേയുടെ ആ പദ്ധതി ഇന്ന് നിലവിലില്ല. സ്റ്റേറ്റിന് തനിച്ച് ചെയ്യാൻ സാമ്പത്തിക കഴിവുമില്ല. ഏതായാലും ഇക്കാര്യം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്താം.

## (26) വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, സംസ്ഥാനത്ത് വയറിംഗ് ലൈസൻസ് ഇല്ലാതെ ആളുകൾ വയറിംഗ് ജോലി ചെയ്യുന്ന പ്രവണത ദിനംപ്രതി കൂടി വരികയാണ്. മതിയായ സാങ്കേതിക പരിജ്ഞാനമോ ലൈസൻസോ ഇല്ലാത്ത ആൾക്കാർ വയറിംഗ് ജോലി ചെയ്യുന്നതുമൂലം പലതരം അപകടങ്ങളും ജീവഹാനിയും ഇടയ്ക്കിടയ്ക്കുണ്ടായി ക്കൊണ്ടിരിക്കുകയാണ്. പല ഗാർഹിക കണക്ഷനുകളിലും മതിയായ എർത്ത് സിസ്റ്റമില്ലാത്തതുമൂലം വലിയ തോതിൽ വൈദ്യുതി പാഴാകുന്നുണ്ട്. അനധികൃതമായി വയറിംഗ് ജോലി ചെയ്യുന്നവർ ലാഭം മുന്നിൽ കണ്ടുകൊണ്ട് ഗുണനിലവാരമില്ലാത്ത വയറുകളും മറ്റു ഫിറ്റിംഗുകളും ഉപയോഗിക്കുന്നുണ്ടെന്ന പരാതിയും നിലനില്ക്കുന്നുണ്ട്. വൈദ്യുതി മേഖലയിലെ ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് മതിയായ സാങ്കേതിക പരിജ്ഞാനവും ലൈസൻസുമുള്ളവരാണ് വയറിംഗ് നടത്തിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തുവാൻ ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. കോൺട്രാക്ടർമാരെ എ, ബി, സി എന്നിങ്ങനെ മൂന്നായിട്ടാണ് തരംതിരിച്ചിട്ടുള്ളത്. എ-യിലും ബി-യിലും ഉള്ള കോൺട്രാക്ടർമാരുടെ കീഴിൽ ഒരു സൂപ്പർവൈസറും രണ്ട് വയർമാൻമാരും വേണം. സി-യിലാണെങ്കിൽ ഒരു വയർമാനുണ്ടായാൽ അതിനോട് അറ്റാച്ച് ചെയ്ത് ചെയ്യാവുന്നതാണ്. വയർമാനെ സംബന്ധിച്ചാണെങ്കിൽ ഒരു കോൺട്രാക്ടറുടെ കീഴിൽ 5 കൊല്ലം പ്രവർത്തിച്ചാൽ അദ്ദേഹത്തിന് വയർമാനായി ലൈസൻസ് കൊടുക്കാം. അല്ലെങ്കിൽ ഐ.ടി.ഐ. പാസ്സായ ആളുകൾക്കും ലൈസൻസ്

കൊടുക്കാം. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കീഴിലുള്ള ലൈസൻസിംഗ് ബോർഡാണ് ഇത് നല്കുന്നത്. വയറിംഗ് ചെയ്തുകഴിഞ്ഞാൽ അവർക്ക് അതിനുള്ള ഒരു രജിസ്റ്ററുണ്ട്. കോൺട്രാക്ടർമാർ ആ രജിസ്റ്റർ സൂക്ഷിക്കുകയും അത് സെക്ഷൻ ഓഫീസിൽ ഏല്പിക്കുകയും ചെയ്യണം. അതിൽതന്നെ അവരുടെ തെറ്റുകൾ കണ്ടെത്താനും അല്ലാത്തത് പരിശോധിക്കാനും സാധിക്കും. ഏതായാലും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങളൊക്കെ ശരിയാണ്. കൂടുതൽ കാര്യക്ഷമമായി ഇതിന്റെ പരിശോധന നടത്താൻവേണ്ടി പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## (27) ധനസഹായം നല്കുന്നതിലെ കാലതാമസം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഭിന്നശേഷിയുള്ള കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്കുള്ള ധനസഹായം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ് ): സർ, മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നല്കുന്നതിനായി സംസ്ഥാന സർക്കാർ 2014-15 സാമ്പത്തികവർഷം 2202/2-109/70 പ്ലാൻ ശീർഷകത്തിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്കുള്ള ഭരണാനുമതി ജി.ഒ.(എം.എസ്.) നമ്പർ 25/741/2014/പൊതു.വി. 17-11-2014 പ്രകാരം നല്കുകയും 12 കോടി രൂപ വിതരണം ചെയ്യുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്നും ക്ലിയറൻസ് ലഭിച്ചതിനുശേഷം തുക അർഹതപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്. മുൻവർഷം പ്രസ്തുത സാമ്പത്തികസഹായം 2011 ഡിസംബറിലാണ് വിതരണം ചെയ്തത്. ഈ വർഷം തുക വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടതായി കാണുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണന്റെ സബ്മിഷൻ ഒരു മാതൃകയാക്കാവുന്നതാണ്.

## (28) കൊമേഴ്സ് അദ്ധ്യാപകരുടെ നിയമനം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, സംസ്ഥാനത്തെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കൊമേഴ്സ് അദ്ധ്യാപകരുടെ തസ്തികകളിലേക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കഴിഞ്ഞ മൂന്നുവർഷമായി സംസ്ഥാനത്തെ

ഹയർ സെക്കണ്ടറി സ്കൂളുകളിൽ കോമേഴ്സ് വിഭാഗം അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഗസ്റ്റ് അദ്ധ്യാപകരെവച്ചാണ് ക്ലാസ്സുകൾ ഇപ്പോൾ എടുത്തു കൊണ്ടിരിക്കുന്നത്. ഗവ. എച്ച്.എസ്.എസ്.ടി. കോമേഴ്സ് അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ട് നാലുമാസമായി. ഇതുവരെയും ഒരാളെപ്പോലും നിയമിക്കാൻ വിദ്യാഭ്യാസ വകുപ്പ് യാതൊരു നടപടിയുമെടുത്തിട്ടില്ല. ഇപ്പോൾ ഹയർ സെക്കണ്ടറിയിൽ കൊമേഴ്സ് വിഭാഗത്തിലാണ് ഏറ്റവും കൂടുതൽ കുട്ടികൾ ചേരാനാഗ്രഹിക്കുന്നത്. എന്നാൽ യോഗ്യതയുള്ള അദ്ധ്യാപകരുടെ അഭാവം മൂലം വിദ്യാർത്ഥികൾ ഗവൺമെന്റ് സ്കൂളുകളിൽ ചേരാൻ മടിക്കുകയാണ്. ഇതിന് പരിഹാരമുണ്ടാക്കണം. ഹയർ സെക്കൻഡറി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കൊമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുവാൻ അടിയന്തര നടപടിയുണ്ടാകണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ് ): സർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സി. വഴി നേരിട്ടുള്ള നിയമനത്തിനായി മാറ്റിവയ്ക്കേണ്ട ഒഴിവുകളിൽ 32 എണ്ണം എച്ച്.എസ്.എസ്.ടി. കോമേഴ്സിന്റെയും 9 എണ്ണം മുൻ ലിസ്റ്റിൽനിന്നും നിയമന ശിപാർശ ലഭിച്ച എൻ.ജെ.ഡി. ഒഴിവുകളുമാണ്. എച്ച്.എസ്.എസ്.ടി. ജൂനിയർ കോമേഴ്സിന്റെ 357 ഒഴിവുകളും മുൻ ലിസ്റ്റിൽ നിന്ന് നിയമന ശുപാർശ ലഭിച്ച 34 എൻ.ജെ.ഡി. ഒഴിവുകളും ഹയർ സെക്കൻഡറി ഡയറക്ടർ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത രണ്ടു വിഭാഗം അദ്ധ്യാപക തസ്തികകളിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും കമ്മീഷൻ നാളിതുവരെ നിയമന നിർദ്ദേശം ലഭ്യമാക്കിയിട്ടില്ല. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ കോമേഴ്സ് വിഷയത്തിൽ നോൺ-വൊക്കേഷണൽ സീനിയർ അദ്ധ്യാപകരുടെ ആകെ 162 തസ്തികകളാണുള്ളത്. ഇതിൽ നിലവിലുള്ള 21 ഒഴിവുകളിൽ 17 എണ്ണം നേരിട്ടുള്ള നിയമനവും 4 എണ്ണം പ്രൊമോഷൻ മുഖേനയും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ കോമേഴ്സ് വിഷയത്തിൽ ജൂനിയർ അദ്ധ്യാപകരുടെ തസ്തികകളോ അതുസംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിജ്ഞാപനമോ ഇല്ല. നോൺ-വൊക്കേഷണൽ ടീച്ചേഴ്സ് കോമേഴ്സ് സീനിയർ എച്ച്.എസ്.എസ്.ടി.-യുടെ റാങ്ക് ലിസ്റ്റ് 24-9-2014-ൽ നിലവിൽ വന്നിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ഇതുവരെ നിയമന ശിപാർശ ലഭിച്ചിട്ടില്ല. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതാണ്.

## (29) വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എ. കെ. ബാലൻ : സർ, ആലത്തൂർ എസ്.എൻ. കോളേജ് അധികൃതരുടെ തെറ്റായ സമീപനത്തിന്റെ ഭാഗമായി 40 വിദ്യാർത്ഥികളാണ് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ വഴിയാധാരമായത്. മനഃപൂർവ്വം ഹാജർ വെട്ടി കുറയ്ക്കുക, റീ-അഡ്മിഷൻ നൽകാതിരിക്കുക, പരീക്ഷയെഴുതാനുള്ള അവസരം നിഷേധിക്കുക, കോളേജിൽനിന്നും സസ്പെന്റ് ചെയ്യുക - ഇതാണ് പ്രിൻസിപ്പാളിന്റെ സമീപനം. കോളേജ് യൂണിയൻ ഭാരവാഹികൾക്കും സോണൽ കലോത്സവങ്ങളിൽ പങ്കെടുക്കുന്നവർക്കും നിയമാനുസൃതമായി ഹാജർ ലഭിക്കുന്നതിനർഹതയുണ്ടെങ്കിലും അത് നിഷേധിച്ച് കുട്ടികളെ റോൾ ഔട്ടാക്കി. 2012-13 അദ്ധ്യയന വർഷത്തിൽ അഞ്ചാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികളായ 20 പേർക്കാണ് അവർ ടോക്കൺ രജിസ്ട്രേഷൻ നടത്തിയിട്ടുപോലും ഹാജർ കുറവാണെന്ന കാരണത്താൽ റീ-അഡ്മിഷൻ നിഷേധിച്ച് പഠനം മുടക്കിയത്. 2013-14 അദ്ധ്യയന വർഷത്തിൽ അഴിമതിയെന്ന് വിദ്യാർത്ഥികൾക്ക് തോന്നിയ ചില നടപടികൾക്കെതിരെ അവർ പ്രതിഷേധിച്ചു. യു.ജി.സി. ഫണ്ട് വിനിയോഗം, പി.റ്റി.എ. ഫണ്ട് വിനിയോഗം, ചില നിർമ്മാണ പ്രവൃത്തികൾ, ചില അദ്ധ്യാപകരെക്കുറിച്ചുള്ള ആക്ഷേപങ്ങൾ എന്നിവയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം അവർ വിവരങ്ങൾ ശേഖരിച്ചു. ആറ് പേരുടെ ഹാജർ ഇതിന്റെ പേരിൽ വെട്ടിക്കുറച്ചു. ഹൈക്കോടതിയും കാലിക്കട്ട് യൂണിവേഴ്സിറ്റിയും പുനഃപ്രവേശനം നൽകാൻ ഉത്തരവിട്ടിട്ടുപോലും ഇതുവരെയും കോളേജ് അധികൃതർ അത് നടപ്പാക്കിയിട്ടില്ല. 2014-15 അദ്ധ്യയന വർഷത്തിൽ പെൺകുട്ടികളുടെ ഹോസ്റ്റലിൽ ഒരു അദ്ധ്യാപകനെ വാർഡനായി നിയമിച്ചതിനും ഹോസ്റ്റലിനുള്ളിൽ ചില അനധികൃത നിർമ്മാണ പ്രവൃത്തികൾ നടന്നതിനാലും വിദ്യാർത്ഥികൾ പ്രതിഷേധിച്ചു. ഇതിന്റെ ഭാഗമായി വീണ്ടും സസ്പെൻഷൻ നടപടികൾ സ്വീകരിച്ചു. ഇത് ബഹുമാനപ്പെട്ട കളക്ടർ ഇടപെട്ടിട്ട് പോലും പരിഹരിക്കാനായില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് കൊടുത്തിരുന്നു. ഒരു നല്ല കലാലയ അന്തരീക്ഷമാണ് അവിടെയുണ്ടായിരുന്നത്. വിദ്യാലയ അധികൃതരുടെ തെറ്റായുള്ള സമീപനത്തിന്റെ ഭാഗമായി ഇപ്പോൾ അവിടെ പഠനം നടക്കുന്നില്ല. റോൾ ഔട്ടായ വിദ്യാർത്ഥികൾക്ക് പുനഃപ്രവേശനം നൽകുന്നതിനും സസ്പെന്റ് ചെയ്തവരെ തിരിച്ചെടുക്കുന്നതിനും തുടർപഠനം നടത്തുന്നതിനും പരീക്ഷ എഴുതാനും ബഹുമാനപ്പെട്ടമന്ത്രി ഇടപെട്ട് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ആലത്തൂർ എസ്.എൻ. കോളേജിലെ വനിതാ ഹോസ്റ്റലിലെ അഞ്ച് മുറികൾ ലൈബ്രറി, കൗൺസലിംഗ് സെന്റർ, ഹെൽത്ത് കെയർ, ലേഡീസ് വെയിറ്റിംഗ് റൂം, ഐ.ടി. ലാബ് എന്നിവയ്ക്കായി പ്രിൻസിപ്പാൾ വേർതിരിച്ചതിനെതിരായി വിദ്യാർത്ഥികൾ സമരം ചെയ്യുകയുണ്ടായി. 6-8-2014-ൽ പ്രിൻസിപ്പാളിന്റെ റൂമിലെ കമ്പ്യൂട്ടറും ജനാല ചില്ലുകളും അടിച്ചുതകർത്തുവെന്ന കാരണത്താൽ ഏഴോളം വിദ്യാർത്ഥികളെ പ്രിൻസിപ്പാൾ കോളേജിൽനിന്നും സസ്പെന്റ് ചെയ്തു. വിദ്യാർത്ഥികളുടെ സമരം തുടർന്ന സാഹചര്യത്തിൽ ആലത്തൂർ തഹസീൽദാറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 25-10-2014-ൽ പാലക്കാട് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിച്ചു ചേർത്തു. എന്നാൽ പ്രസ്തുത യോഗത്തിൽ പ്രിൻസിപ്പാൾ പങ്കെടുക്കാതിരുന്നതിനാൽ അതിനൊരു തീരുമാനമെടുക്കാൻ കഴിഞ്ഞില്ലെന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിക്കുകയുണ്ടായി. മാത്രമല്ല പ്രിൻസിപ്പാൾ വിദ്യാർത്ഥികളുടെ അറ്റന്റൻസിൽ മനഃപൂർവ്വം കുറവ് വരുത്തി അവർക്ക് പരീക്ഷ എഴുതാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കുന്നതായും വിദ്യാർത്ഥികൾ പരാതിപ്പെട്ടതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കെതിരെ പ്രിൻസിപ്പാൾ സ്വീകരിച്ച നടപടികളെക്കുറിച്ച് കാലിക്കട്ട് യൂണിവേഴ്സിറ്റിക്ക് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്കുള്ള പരാതി പരിഹാര സെൽ അന്വേഷണം നടത്തുകയും പ്രിൻസിപ്പാൾ കോളേജിൽനിന്നും പുറത്താക്കിയ വിദ്യാർത്ഥികളെ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ഉത്തരവും ഇതുസംബന്ധമായി നിലവിലുള്ള ഹൈക്കോടതി നിർദ്ദേശങ്ങളും കോളേജ് പ്രിൻസിപ്പാൾ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ നടപടി സ്വീകരിക്കണമെന്ന് കാലിക്കട്ട് യൂണിവേഴ്സിറ്റി രജിസ്ട്രാർ ശിപാർശ ചെയ്തിട്ടുണ്ട്. ആലത്തൂർ എസ്.എൻ. കോളേജ് പ്രിൻസിപ്പാൾ കാലിക്കട്ട് യൂണിവേഴ്സിറ്റി, ഹൈക്കോടതി, പാലക്കാട് ജില്ലാ കളക്ടർ എന്നിവരുടെ ഉത്തരവുകൾ പാലിക്കുന്നില്ലെന്നും ഒരു അഫിലിയേറ്റഡ് കോളേജിലെ പ്രിൻസിപ്പാൾ എന്ന നിലയ്ക്ക് ആയത് ഗുരുതരമായ വീഴ്ചയാണെന്നും കാണുന്നു. പ്രിൻസിപ്പാളിന്റെ പ്രസ്തുത നടപടികൾ വിദ്യാർത്ഥികളുടെ ഭാവി ജീവിതത്തിനും പഠനം പൂർത്തിയാക്കുന്നതിനും തടസ്സമായി നിൽക്കുന്നതായുള്ള റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ അദ്ദേഹത്തിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

## (30) തസ്തിക നിർണ്ണയം

ശ്രീമതി ഗീതാ ഗോപി : സർ, നാട്ടിക മണ്ഡലത്തിലെ വലപ്പാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ 2011-12 വർഷത്തിൽ അനുവദിക്കുകയും 2012-13 വർഷത്തിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്ത പ്ലസ് ടു അധിക ബാച്ച് ഇപ്പോൾ പ്രസ്തുത സ്കൂൾ അധികാരികൾക്കും വിദ്യാർത്ഥികൾക്കും തീരാബാധ്യതയായി മാറിയിരിക്കുകയാണ്. അധിക ബാച്ചിൽ കോഴ്സ് പൂർത്തീകരിച്ച് ഒരു ബാച്ച് പുറത്തിറങ്ങിക്കഴിഞ്ഞിട്ടും അധികബാച്ച് അനുവദിക്കുകവഴിയുണ്ടായ തസ്തികകളിൽ തസ്തിക നിർണ്ണയം ഇതുവരെ നടന്നിട്ടില്ല. ആയതിനാൽ രണ്ട് വർഷത്തിലധികമായി പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഗസ്റ്റ് അദ്ധ്യാപകർക്ക് ഇതുവരെ ശമ്പളവും ലഭിച്ചിട്ടില്ല. ഇതുമൂലം ഗസ്റ്റ് അദ്ധ്യാപകരുടെ ജീവിതം വലിയ പ്രതിസന്ധിയിലാണ്. ഇവരിൽ പലരും ഇപ്പോൾ സേവനം മതിയാക്കി മറ്റിടങ്ങളിലേക്ക് ചേക്കേറിക്കൊണ്ടിരിക്കുകയാണ്. ശമ്പളം നൽകുന്നില്ലെന്ന വാർത്ത നാട്ടിൽ പ്രചാരത്തിലുള്ളതുകൊണ്ട് പകരം അദ്ധ്യാപകരെ ലഭിക്കാനും ബുദ്ധിമുട്ട് നേരിടുന്നു. പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഭാവിയോർത്ത് രക്ഷിതാക്കൾ ആശങ്കയിലാണ്. ഇത് സ്കൂളിന്റെ മൊത്തത്തിലുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. കഴിഞ്ഞവർഷം എസ്.എസ്.എൽ.സി.-ക്ക് 100 ശതമാനം വിജയം കൈവരിച്ച ഗവൺമെന്റ് സ്കൂളാണിത്. സ്കൂൾ അധികൃതരും പി.റ്റി.എ.-യും ഇപ്പോൾ വലിയ ആശങ്കയിലാണ്. ഈ സാഹചര്യത്തിൽ എത്രയും വേഗം വലപ്പാട് ജി.എച്ച്.എസ്.-ൽ അനുവദിച്ച പ്ലസ് ടു ക്ലാസ് അധിക ബാച്ചിന് ആവശ്യമായ തസ്തിക നിയമനം നടത്തുകയും പൂർവ്വകാല പ്രാബല്യത്തോടെ ഗസ്റ്റ് അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്നാണ് എനിക്കാവശ്യപ്പെടാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സംസ്ഥാനത്ത് 2011-12 വർഷത്തിൽ പ്ലസ് ടു വിദ്യാഭ്യാസരംഗത്തെ സീറ്റുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഹയർ സെക്കണ്ടറി കോഴ്സുകൾ നിലവിലുള്ള സ്കൂളുകളിലായി സംസ്ഥാനത്തൊട്ടാകെ സർക്കാർ മേഖലയിൽ 181, എയ്ഡഡ് മേഖലയിൽ 369 എന്നിങ്ങനെ 550 അധിക ബാച്ചുകളനുവദിക്കുകയുണ്ടായി. ഇതിൽ 538 സ്കൂളുകളിലും 2011-12 അദ്ധ്യയന വർഷത്തിൽതന്നെ അദ്ധ്യയനമാരംഭിച്ചിരുന്നു. പ്രസ്തുത സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്ന പ്രക്രിയ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. എന്നാൽ വലപ്പാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്രസ്തുത ബാച്ചിന്റെ പ്രവർത്തനം കുട്ടികളുടെ കുറവുമൂലം 2011-12 അദ്ധ്യയനവർഷം ആരംഭിച്ചിരുന്നില്ല. അതിനുശേഷം 2012-13 അദ്ധ്യയന വർഷം മുതൽ മതിയായ കുട്ടികളുള്ളതിനാൽ

പ്രസ്തുത ബാച്ചിന് പ്രവർത്തനാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 2014-ൽ ഹയർ സെക്കണ്ടറി ഡയറക്ടറിൽ നിന്നു ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. ബാച്ചിന് പ്രവർത്തനാനുമതി നൽകിയശേഷം തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജോലിഭാരത്തിനനുസൃതമായ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാലാണ് ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകാൻ കഴിയാതിരുന്നത്. തസ്തികകൾ സൃഷ്ടിച്ചതിനുശേഷം നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി നിയമിക്കപ്പെട്ട യോഗ്യരായ എല്ലാ ഗസ്റ്റ് അദ്ധ്യാപകർക്കും ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### (31) രാജാരവിവർമ്മ ഫൈൻ ആർട്സ് കോളേജിന്റെ ശോചനീയാവസ്ഥ

<u>ശ്രീ. ആർ. രാജേഷ്</u> : സർ, ചിത്രകാരൻ രാജാരവിവർമ്മയുടെ നാമധേയത്തിലുള്ള മാവേലിക്കര ഫൈൻ ആർട്സ് കോളേജ് ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഈ വെക്കേഷൻ കഴിഞ്ഞ് ക്ലാസ്സ് തുടങ്ങുമ്പോൾ കുട്ടികൾക്ക് പഠനം നടത്താൻ കഴിയാത്ത സാഹചര്യമാണുണ്ടാകാൻ പോകുന്നത്. അതുകൊണ്ട് അടിയന്തരമായി ഈ ഫൈൻ ആട്സ് കോളേജിലെ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിനും ചിത്രം വരയ്ക്കുന്നതിനാവശ്യമായ ലൈഫ് മോഡലുകൾ അനുവദിക്കുന്നതിനും ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിനും കൂടാതെ ലൈഫ് മോഡലുകൾക്ക് ആവശ്യമായ പണം അനുവദിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): സർ, മാവേലിക്കര ഫൈൻ ആർട്സ് കോളേജിൽ ലൈഫ് മോഡലുകൾക്ക് ആവശ്യമായ ഫണ്ട് പ്രത്യേക ശീർഷകത്തിൽ അനുവദിക്കാറില്ല. 2205-00-101-94-34-OC3-O1-NP എന്ന ശീർഷകത്തിൽ അനുവദിക്കുന്ന തുക സംസ്ഥാനത്തെ മൂന്ന് ഫൈൻ ആർട്സ് കോളേജുകൾക്കുമായി നൽകുകയാണ് ചെയ്യുന്നത്. ഈ തുക ഉയർത്തി നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനോട് ശിപാർശ ചെയ്തിട്ടുണ്ട്. സർക്കാർ അതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. മാവേലിക്കര ഫൈൻ ആർട്സ് കോളേജിലെ ലൈബ്രറിയുടെ സുഗമമായ നടത്തിപ്പിനായി ലൈബ്രേറിയൻ ഗ്രേഡ്-IV, ലൈബ്രറി അറ്റന്റർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ റിപ്പോർട്ട് നൽകുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (32) ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, രാജ്യത്തും സംസ്ഥാനത്തും കുട്ടികൾക്കെതിരായുള്ള പീഡനങ്ങളും ലൈംഗികാതിക്രമങ്ങളും വ്യാപകമായി വർദ്ധിക്കുകയാണ്. ഇത് സംരക്ഷിക്കുന്നതിനുവേണ്ട POCSO Act (Protection of Children from Sexual Offences Act)-2012 അനുസരിച്ച് പ്രവർത്തിക്കുന്ന ബാലാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏല്പിച്ച ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് കഴിഞ്ഞ പത്ത് മാസത്തിനുള്ളിൽ കുട്ടികൾക്കെതിരായുള്ള ആക്രമണം സംബന്ധിച്ച 700-ഓളം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അത് മോണിറ്റർ ചെയ്യുന്നതിനായി 75 ലക്ഷം രൂപ നൽകിയിട്ടുണ്ടെങ്കിലും അത് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഈ കമ്മീഷന് കഴിയുന്നില്ല. മന്ത്രിയുടെ കുറ്റമായിട്ടല്ല ഞാനിത് പറയുന്നത്. സമൂഹത്തിൽ ഉയർന്നുവരുന്ന വളരെ ഗുരുതരമായ വിഷയത്തിൽ സാമൂഹ്യമായ ഒരിടപെടൽകൂടിയാണ് ഈ കമ്മീഷനിലൂടെ നിർവ്വഹിക്കപ്പെടുന്നത്. എന്നാൽ ഇവിടെ നിയമപരിജ്ഞാനമോ യഥാർത്ഥ യോഗ്യതയോ ഇല്ലാത്ത ആളെയാണ് കൺസൾട്ടന്റായി വച്ചിരിക്കുന്നത്. ഈ കമ്മീഷൻ ചെയ്യേണ്ട പ്രവർത്തികൾ ചെയ്യാതിരിക്കുമ്പോൾ ഈ നിയമംമൂലം കുട്ടികൾക്ക് ലഭിക്കേണ്ട പല ആനുകൂല്യങ്ങളും കിട്ടാതെ പോകുന്നു. ഈ കമ്മീഷൻ രൂപീകരിച്ചിട്ട് രണ്ട് വർഷമേ ആയിട്ടുള്ളൂ. അതുകൊണ്ട് ബാലദശയിൽത്തന്നെ ഇതിന്റെ ന്യൂനതകൾ പരിഹരിച്ച് സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു കമ്മീഷനാക്കി ഉയർത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 3-6-2013-ലാണ് നിലവിൽ വന്നത്. ആദ്യഘട്ടത്തിൽ ചെയർപേഴ്സൺ-ന്റെ നിയമനവും 2014 ജനുവരി മാസത്തിൽ കമ്മീഷൻ അംഗങ്ങളും ചുമതലയേറ്റു. കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള 2012-ലെ ആക്ടിലെ 44-ാം വകുപ്പിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ചുമതല കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളെ സംബന്ധിച്ച വിവരങ്ങളും അവയുമായി ബന്ധപ്പെട്ട പോലീസ് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ തുടങ്ങി വിവിധ കർത്തവ്യവാഹകർ സ്വീകരിക്കുന്ന

നടപടികൾ നിരീക്ഷിക്കുന്നതിനുമായി കമ്മീഷൻ നിലവിൽ വന്ന് അഞ്ച് മാസങ്ങൾക്കുള്ളിൽ ഒരു പോക്സോ മോണിറ്ററിംഗ് സെൽ രൂപവൽക്കരിക്കുകയുണ്ടായി. പോക്സോ മോണിറ്ററിംഗ് സെൽ പ്രവർത്തനമാരംഭിച്ചയുടൻതന്നെ പോലീസ് രജിസ്റ്റർ ചെയ്യുന്ന പോക്സോ കേസുകളെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പ്രൊഫോർമ കമ്മീഷൻ തയ്യാറാക്കുകയും അത് സംസ്ഥാന പോലീസ് മേധാവിയുടെ അംഗീകാരത്തോടെ ജില്ലാ പോലീസ് മേധാവികൾക്ക് നൽകുകയും ചെയ്തു. പോലീസ് രജിസ്റ്റർ ചെയ്യുന്ന പോക്സോ കേസുകളെ സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി കമ്മീഷനിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം കമ്മീഷൻ നിലവിൽ വരുത്തുകയുണ്ടായി. ഇത്തരം ഒരു സംവിധാനം നിലവിൽ വരുത്തിയ ആദ്യ ദക്ഷിണേന്ത്യൻ സംസ്ഥാനമാണ് കേരളം. ലൈംഗിക കുറ്റകൃത്യം സംബന്ധിച്ച വിവരം യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് വീഴ്ച വരുത്തിയവർക്കെതിരെയുള്ള നടപടി, കുട്ടിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയതിനെതിരെയുള്ള നടപടി, അറസ്റ്റ് വൈകിപ്പിക്കുന്നത് തടയുന്നതിനുള്ള നടപടി തുടങ്ങിയ കാര്യങ്ങൾ കമ്മീഷന്റെ പോക്സോ നിരീക്ഷണ സംവിധാനത്തിലൂടെ കാര്യക്ഷമമായി ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യവുമായി ബന്ധപ്പെട്ട കേസിൽ പോക്സോ നിയമപ്രകാരം കേസ് എടുക്കാത്ത സംഗതിയിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണവും നടപടികളും കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. "കുട്ടികൾക്കായി പീഡന രഹിത ലോകം," "കുട്ടികൾക്കൊരു കൈപുസ്തകം "എന്നിവ കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ യെസ്....യെസ്...

ഡോ. എം. കെ. മുനീർ : സർ, ഇത് വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് രണ്ടു മിനിറ്റ് കൂടി അനുവദിക്കണം. പോക്സോ കേസുകൾ പ്രത്യേക കോടതിയാണ് വിചാരണ ചെയ്യേണ്ടത്. ഇതിനായി നിലവിൽ സംസ്ഥാന പ്രിൻസിപ്പൽ സെഷൻസ് കോടതികളെയാണ് പ്രത്യേക കോടതിയായി വിജ്ഞാപനം ചെയ്തിരിക്കുന്നത്. പ്രിൻസിപ്പൽ സെഷൻസ് കോടതികളിലെ കേസുകളുടെ ബാഹുല്യവും വിചാരണ സമയബന്ധിതമായി തീർപ്പാക്കുന്നതിലുണ്ടാകാനുള്ള കാലതാമസവും പോക്സോ നിരീക്ഷണ സംവിധാനത്തിലൂടെ കമ്മീഷൻ വിലയിരുത്തുകയും വിചാരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പൂർണ്ണമായും ശിശു സൗഹൃദമാക്കുന്നതിനുമായി അതാത് ജില്ലകളിൽ താരതമ്യേന ജോലിഭാരം കുറഞ്ഞ സെഷൻസ് കോടതികളെ പോക്സോ ആക്ട് പ്രകാരമുള്ള പ്രത്യേക കോടതികളായി പുനർനാമനിർദ്ദേശം

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷൻ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിനോട് 22-6-2014-ൽ പ്രത്യേക നിവേദനത്തിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്. കമ്മീഷനിലെ പോക്സോ കൺസൾട്ടന്റിന് പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള മതിയായ യോഗ്യതയും പ്രവൃത്തി പരിചയവുമുണ്ട്. കമ്മീഷനിൽ പ്രവർത്തിക്കുന്ന പോക്സോ കൺസൾട്ടന്റിനുള്ള യോഗ്യതകൾ ചുവടെ പറയുന്നവയാണ്;

സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദം, എം.എസ്.ഡബ്ല്യു. എം.ഫിൽ സൈക്ക്യാട്രിക് സോഷ്യൽ വർക്ക് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത്, ബാംഗ്ലൂർ, പി.എച്ച്.ഡി. ഇത്രയും പ്രവർത്തന പരിചയമുണ്ട്. അതിനുപുറമേ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മനഃശാസ്ത്ര വിഭാഗത്തിൽ പന്ത്രണ്ട് വർഷത്തെ അദ്ധ്യാപന/ക്ലിനിക്കൽ പരിചയവുമുണ്ട്. മുകളിൽ വിശദമാക്കിയതു പോലെ പോക്സോ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ വളരെയധികം കാര്യക്ഷമവും ശക്തവുമായി കമ്മീഷൻ നടത്തിവരുന്നുവെന്നാണ് അറിയിച്ചിട്ടുള്ളത്. അങ്ങ് പറഞ്ഞതുപോലെ സ്വതന്ത്രമായി പോകേണ്ട സ്ഥാപനമായതുകൊണ്ടാണ് മന്ത്രി എന്ന നിലയ്ക്ക് ഓരോ വിഷയത്തിലും ഇടപെടാത്തത്. എന്തെങ്കിലും രീതിയിൽ എന്തെങ്കിലും പ്രശ്നം വരികയാണെങ്കിൽ അതിൽ ഇടപെടുകയും പരിശോധിക്കുകയും ചെയ്യുന്നതാണ്.

## (33) ബി.ആർ.ജി. ഫണ്ട്

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, പാലക്കാട് ജില്ലയ്ക്ക് വെട്ടിക്കുറച്ച ബി.ആർ.ജി. ഫണ്ട് പുനഃസ്ഥാപിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. രാജ്യത്തെ സാമ്പത്തികമായും സാമൂഹികമായും ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ലകളുടെ വികസനത്തിന് ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പ്രത്യേക വികസന ഫണ്ടാണ് ബി.ആർ.ജി. ഫണ്ട്. പാലക്കാട് ജില്ലയിലെ ജനസംഖ്യയിലെ വർദ്ധനവ്, പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ എണ്ണം, കാർഷിക വൃത്തികളിലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണം, പൊതുവെയുള്ള പിന്നോക്കാവസ്ഥ എന്നിവ പരിഗണിച്ചുകൊണ്ടാണ് പാലക്കാട് ജില്ലയ്ക്ക് ഫണ്ട് ലഭ്യമായത്. ഈ ഇനത്തിൽ 83 കോടി രൂപ മൂന്നുവർഷം കൊണ്ട് ലഭിക്കുകയുണ്ടായി. കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതോടു കൂടി പദ്ധതി റീഡിഫൈൻ ചെയ്തുകൊണ്ട് മുൻപ് കോർ ഡിസ്ട്രിക്ട് പദവി ഉണ്ടായിരുന്ന പാലക്കാട് ജില്ലയെ പെരിഫെറൽ ഡിസ്ട്രിക്ടായി ക്ലാസിഫൈ ചെയ്തു. പിന്നീട് ഫണ്ട് വെട്ടിക്കുറയ്ക്കുകയും ചെയ്തു. അതുകൊണ്ട് ജില്ലയ്ക്കുള്ള മുഴുവൻ ഫണ്ടുകളും ഇല്ലാതായി. കേരള സർക്കാർ ഇക്കാര്യം ഗൗരവമായി എടുത്തുകൊണ്ട് കോർ ഡിസ്ട്രിക്ട് പദവിയുള്ള പാലക്കാട് ജില്ലയ്ക്കർഹമായ ഫണ്ട് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതു പോലെ പിന്നോക്ക മേഖലയ്ക്കുള്ള പ്രത്യേക പദ്ധതിയാണ് Backward Regions Grant Fund (BRGF). പാലക്കാട്, വയനാട് ജില്ലകളെയാണ് കേരളത്തിൽ തെരഞ്ഞെടുത്തിരിക്കുന്നത്. അതിനുവേണ്ടി Annual Action Plan-ന്റെ ഭാഗമായി തന്നെ നിർദ്ദേശങ്ങൾ ഗവൺമെന്റിന് കൊടുക്കുകയുണ്ടായി. കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ കളക്ടർ മുഖേന ഗ്രാന്റ് നൽകി വരികയാണ്. 2013-2014-ൽ പുറപ്പെടുവിച്ച വാർഷിക പതിപ്പ് പ്രകാരമുള്ള തുക കേന്ദ്രം അനുവദിച്ചിരുന്നില്ല. എന്നാൽ 2014-15-ൽ വയനാട്, പാലക്കാട് ജില്ലകൾക്കു വേണ്ടി പദ്ധതി സമർപ്പിക്കുകയും കേന്ദ്ര ഗവൺമെന്റ് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം പാലക്കാട് ജില്ലയ്ക്കുവേണ്ടി 19.05 കോടി രൂപയും വയനാട് ജില്ലയ്ക്ക് 10.15 കോടി രൂപയും അനുവദിച്ചു. അതിന്റെ ഉത്തരവ് 6-11-2014-ൽ തന്നെ സംസ്ഥാന ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്.

## (34) പ്ലസ് ടു സ്കൂൾ കോംപ്ലക്സ് പദ്ധതികൾ വെട്ടിക്കുറച്ച നടപടി

ശ്രീ. റ്റി.വി. രാജേഷ്: സർ, നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XIX സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനായി കണ്ണൂർ ജില്ലാ പഞ്ചായത്ത് സമർപ്പിച്ച പ്ലസ് ടു സ്കൂൾ കോംപ്ലക്സ് പദ്ധതി വെട്ടിക്കുറച്ച നടപടി പിൻവലിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 14 ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് രണ്ടാം ഘട്ടം പ്ലസ് ടു കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി സർക്കാർ ഫണ്ട് നൽകാമെന്ന് ഉറപ്പുനൽകിയിരുന്നു. ഈ നിയമസഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ കെ.എം. ഷാജി, കെ. കെ.നാരായണൻ, സി. കൃഷ്ണൻ, ബഹുമാന്യനായ മന്ത്രി എന്നിവരുടെ മണ്ഡലത്തിലെ സ്കൂളുകളാണ് ഇപ്പോൾ ഈ ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെട്ടത്. ഹയർ സെക്കന്ററി കോംപ്ലക്സ് കേരളത്തിനുതന്നെ മാതൃകയാണ്. ബഹുമാന്യനായ കെ. കെ. നാരായണൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോഴാണ് ഹയർ സെക്കന്ററി കോംപ്ലക്സ് നമുക്ക് അനുവദിച്ചുകിട്ടിയത്. അതുകൊണ്ട് നാല് സ്കൂളിന് ലഭിച്ചിരുന്നു. ബാക്കി പത്ത് സ്കൂളുകളെക്കൂടി ഈ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, സംസ്ഥാനത്തെ ഗ്രാമവികസന വകുപ്പിന് ലഭിച്ച ആകെ തുക 60 കോടിയാണ്. കണ്ണൂർ ജില്ലാ പഞ്ചായത്ത് തന്നെ 38.36 കോടി

രൂപയുടെള്ള ലിസ്റ്റ് സമർപ്പിച്ചു. എനിക്ക് അത് എങ്ങനെ ചെയ്യാൻ സാധിക്കും? എങ്കിലും പരമാവധി കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പത്ത് സ്കൂൾ കെട്ടിടങ്ങൾക്കുവേണ്ടി 27.18 കോടി രൂപ സപ്ലിമെന്ററി ലിസ്റ്റിൽ കൊടുത്തിട്ടുണ്ട്.

## (35) വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗ് ഓഫീസ്

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, കേരള വാട്ടർ അതോറിറ്റിയുടെ അടൂർ പ്രോജക്ട് ഡിവിഷനും പത്തനംതിട്ട ഡിവിഷനും കൊല്ലം സർക്കിളിന്റെ കീഴിലും തിരുവല്ല ഡിവിഷൻ കോട്ടയം സർക്കിളിന്റെ കീഴിലുമായതുകൊണ്ട് വളരെയധികം ബുദ്ധിമുട്ട് നേരിടുകയാണ്. അതുകൊണ്ട് പത്തനംതിട്ട ജില്ലയിൽ വളരെയധികം സ്ഥലസൗകര്യമുള്ള തിരുവല്ല കേന്ദ്രമായി ഒരു സർക്കിൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): സർ, കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ പത്തനംതിട്ട ഡിവിഷൻ ഓഫീസും അടൂർ പ്രോജക്ട് ഡിവിഷൻ ഓഫീസും കൊല്ലം സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗിന്റെ കീഴിലും തിരുവല്ല ഡിവിഷൻ ഓഫീസ് കോട്ടയം സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗിന്റെ കീഴിലുമാണ് പ്രവർത്തിക്കുന്നത്. ഈ ഓഫീസുകളെല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നാണ് ഗവൺമെന്റിന് ലഭിച്ച റിപ്പോർട്ട്. ഈ സാഹചര്യത്തിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗ് ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.

## (36) റെഗുലേറ്റർ-കം-ബ്രിഡ്ജ്

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: സർ, എന്റെ മണ്ഡലത്തിലെ കയ്യൂർ-ചീമേനി പഞ്ചായത്തിനേയും നീലേശ്വരം മുനിസിപ്പാലിറ്റിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജ് നടപ്പിലാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഏഴര കോടി രൂപയിൽ തുടങ്ങി ഇപ്പോൾ അൻപത്തി ഏഴ് കോടി രൂപ വേണമെന്നാണ് പറയുന്നത്. ഇതിനുമുൻപ് നാലോ അഞ്ചോ തവണ തുടർച്ചയായി ഈ പ്രശ്നം സഭയിൽ ഉന്നയിച്ചതാണ്. അടിയന്തരമായി ഈ റെഗുലേറ്റർ കം ബ്രിഡ്ജ് പ്രാവർത്തികമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): സർ, കാര്യങ്കോട് പുഴയ്ക്കു കുറുകെ പാലായി വളവ് എന്ന സ്ഥലത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള

പദ്ധതി പരിഗണനയിലുണ്ട്. നീലേശ്വരം മുനിസിപ്പാലിറ്റിയെയും കയ്യൂർ - ചീമേനി പഞ്ചായത്തിനെയും ബന്ധിപ്പിച്ച് റോഡ് ഗതാഗതം സാധ്യമാക്കുന്നതോടൊപ്പം ഉപ്പുവെള്ളം തടയുക, ജലസേചന സൗകര്യം വർദ്ധിപ്പിക്കുക, കുടിവെള്ളക്ഷാമം പരിഹരിക്കുക, ഭൂഗർഭ ജലം നിലനിർത്തുക, ടൂറിസം വികസനത്തിനുവേണ്ട അടിസ്ഥാനസൗകര്യമൊരുക്കുക എന്നിവ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കൂടാതെ ഏഴിമല നാവിക അക്കാദമി, കണ്ണൂർ ജില്ലയിലെ പെരിങ്ങോം സി.ആർ.പി. ക്യാമ്പ് തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ടി പദ്ധതി നീലേശ്വരം മുനിസിപ്പാലിറ്റി, കയ്യൂർ, ചീമേനി, ചെറുവത്തൂർ, കിനാലൂർ, കരിന്തളം, ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി തുടങ്ങിയ പഞ്ചായത്തുകളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും കേരള വാട്ടർ അതോറിറ്റി അധീനതയിൽ നടപ്പാക്കിവരുന്ന നിരവധി പദ്ധതികൾക്ക് നീലേശ്വരം, കാഞ്ഞങ്ങാട് മുനിപ്പാലിറ്റികൾക്കും പഞ്ചായത്ത് കുടിവെള്ള സ്കീമുകൾക്കും ഈ പദ്ധതിവഴി കുടിവെള്ളമെത്തിക്കാൻ കഴിയും. കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ പാലായി വളവിൽ എസ്. ഡബ്ല്യൂ. ഇ. റെഗുലേറ്റർ കം ബ്രിഡ്ജിനായി ഐ.ബി.ആർ.ഡി. അംഗീകരിച്ച ഡിസൈൻ പ്രകാരമുള്ള 57 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു.

## (37) ബിൽ തുക മാറ്റി കൊടുക്കൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരള വാട്ടർ അതോറിറ്റിയുടെ കൊല്ലം, കൊട്ടാരക്കര ഡിവിഷനുകളിൽപ്പെട്ട വിവിധ ഓഫീസുകളിൽ മെയിന്റനൻസ് വർക്ക് നടത്തുന്ന അറുപത്തിയഞ്ചോളം കരാറുകാർ ഇന്ന് സമരത്തിലാണ്. അതുകാരണം കൊല്ലം ജില്ലയിൽ കേരള വാട്ടർ അതോറിറ്റിയുടെ ഒരു പണിയും നടക്കുന്നില്ല. അതുകൊണ്ട് കരാറുകാർക്ക് ഈ ബിൽ തുക മാറി ലഭിക്കുന്നതിനു വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 3.45 കോടി രൂപയാണ് കൊട്ടാരക്കര കൊല്ലം ഡിവിഷനിലെ കുടിശ്ശിക. ആകെ 4.25 കോടി രൂപ കുടിശ്ശികയുണ്ട്. കരാറുകാർക്ക് ഫണ്ട് കൊടുക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബാക്കിയുള്ള സബ്മിഷൻ ധനവിനിയോഗ ബില്ലിന് ശേഷം അവതരിപ്പിക്കാവുന്നതാണ്.

## V നിയമനിർമ്മാണ കാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

2014-ലെ കേരള ധനവിനിയോഗ (16 മുതൽ 20-ാം നമ്പർ വരെയുള്ള) ബില്ലുകൾ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കേരള ധനവിനിയോഗ (16 മുതൽ 20-ാം നമ്പർ വരെയുള്ള) ബില്ലുകൾ ഞാൻ അവതരിപ്പിക്കുന്നു.

1. 2014-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ
2. 2014-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ
3. 2014-ലെ കേരള ധനവിനിയോഗ (18-ാം നമ്പർ) ബിൽ
4. 2014-ലെ കേരള ധനവിനിയോഗ (19-ാം നമ്പർ) ബിൽ
5. 2014-ലെ കേരള ധനവിനിയോഗ (20-ാം നമ്പർ) ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (18-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (19-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (20-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇത് ആകെ 523 കോടി രൂപയുടെ ഡിമാന്റാണ്. അത് പാസ്സാക്കി തരണമെന്നന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. 17 വകുപ്പുകളിലായി 668.12 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റിനുവേണ്ടിയുള്ളതാണ് ഈ അപ്രോപ്രിയേഷൻ ബിൽ. ധാർമ്മികമായോ, രാഷ്ട്രീയമായോ നിയമപരമായോ ഈ ബിൽ അവതരിപ്പിക്കാനുള്ള ഒരധികാരവും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കില്ല. കേരളം കണ്ട ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ച ഒരു ഗവൺമെന്റാണിത്. ഇതിന്റെ ഏറ്റവും വലിയ തെളിവാണ് Kerala Taxation Laws (Amendment) Bill, 2014. ജനറൽ ബഡ്ജറ്റിന് ശേഷം 4000 കോടി രൂപയുടെ അധികബാദ്ധ്യത അടിച്ചേൽപ്പിച്ച, ഏഴ് ഓർഡിനൻസിനെ തുടർന്ന് വന്ന ബില്ല് ഇവിടെ പാസ്സായി. 1500 കോടി രൂപയുടെ അധികബാദ്ധ്യതയ്ക്ക് പുറമേയാണ് ഇത് കൊണ്ടുവന്നത്. ബില്ലിൽ സാമ്പത്തിക തകർച്ചയുണ്ടെന്ന് സമ്മതിക്കുമ്പോൾ പോലും ധനകാര്യവകുപ്പുമന്ത്രിയുടെ മറുപടിയിൽ സാമ്പത്തിക പ്രതിസന്ധിയില്ല, സാമ്പത്തിക ഞെരുക്കം മാത്രമാണുള്ളതെന്നാണ് ഇതുവരെ പറഞ്ഞിട്ടുള്ളത്. സത്യം സത്യമായി ഉൾക്കൊള്ളാൻപോലും പറ്റാത്ത ഒരു മാനസികാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിക്കെങ്ങനെയുണ്ടായി എന്നുള്ളത് പരിശോധിക്കപ്പെടേണ്ടതാണ്. തെറ്റായ നയത്തിന്റെ ഭാഗമായി ബാർ തൊഴിലാളികളും 19 കെ.എസ്.ആർ.ടി.സി. പെൻഷൻകാരും ഇവിടെ ആത്മഹത്യ ചെയ്തു. അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ഇത് സംബന്ധിച്ച ചർച്ച നടന്നതാണ്, ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഭക്ഷണം കിട്ടാതെ 80 ആദിവാസി കുട്ടികളാണ് പ്രസവിച്ച ഉടനെ അല്ലെങ്കിൽ ഗർഭപാത്രത്തിനുള്ളിൽ വച്ച് മരണപ്പെട്ടത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെപ്പോലും ലജ്ജിപ്പിക്കുന്ന അവസ്ഥയാണ് ഇവിടെയുള്ളത്. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി എന്ന നിലയിൽ ഡോ. എം. കെ. മുനീർ 5-12-2014 -ൽ ഈ സഭയ്ക്ക് നൽകിയ മറുപടി ഞാൻ വായിക്കാം. വികലാംഗപെൻഷൻ, അഗതി/വിധവ പെൻഷൻ, അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ തുടങ്ങിയവയുടെ കുടിശ്ശിക - 2014 സെപ്റ്റംബർ മുതൽ 533 കോടി രൂപ. ഇന്ദിരാ ആവാസ് യോജന - സംസ്ഥാന വിഹിതം കൊടുക്കാൻ ബാക്കിയുള്ളത് 650 കോടി രൂപ, 50,000 വീട് പൂർത്തീകരിക്കാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.സി. ജോസഫ് പറഞ്ഞത്- എസ്.സി/എസ്.റ്റി ഡിപ്പാർട്ട്മെന്റ് പൂർത്തിയാക്കാത്ത വീട് 13000 ആണ്, കുടിശ്ശിക 110 കോടി രൂപയാണ്. അട്ടപ്പാടി പോക്ഷകാഹാരത്തിനുവേണ്ടിയുള്ള

കമ്മ്യൂണിറ്റി കിച്ചൻ - കുടിശ്ശിക 30,81,580 ആണ്. 186 കമ്മ്യൂണിറ്റി കിച്ചണിൽ പകുതിപോലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഒരു കിച്ചണിനുവേണ്ടി പാവപ്പെട്ട ഒരു ആദിവാസിക്ക് കിട്ടുന്നത് 4 രൂപയാണ്. നാല് രൂപകൊണ്ട് എന്ത് പോഷകാഹാരമാണ് കൊടുക്കുന്നത്? ഒരു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ പട്ടിയുടെ രണ്ടാം ജന്മദിനത്തിന് ചെലവഴിച്ചത് രണ്ടര ലക്ഷം രൂപയാണ്. പട്ടിയുടെ പിറന്നാളിന് പങ്കെടുക്കാൻ ഓഫീസ് അടച്ചുപൂട്ടി മൂന്ന് ഔദ്യോഗിക കാറിലാണ് ആളുകൾ പോയത്. ആ പട്ടിയോട് കാട്ടിയിട്ടുള്ള സ്നേഹത്തിന്റെ നൂറിലൊരംശമെങ്കിലും ഈ ആദിവാസി സമൂഹത്തോട് കാട്ടാൻ കഴിഞ്ഞിരുന്നു എങ്കിൽ ഈ ദുഃസ്ഥിതി ഇവിടെയുണ്ടാകുമായിരുന്നില്ല. എവിടെ പോയി ഈ സ്പെഷ്യൽ പാക്കേജ്? ആദിവാസികളുടെ ആനുകൂല്യത്തിന് ഒരു രൂപത്തിലും ട്രഷറിബാൻ ഉണ്ടാകില്ലെന്നാണ് മന്ത്രി പറഞ്ഞത്. എന്നാൽ ട്രഷറി ബാൻ ഇപ്പോഴുമുണ്ട്, ഇതുവരെ നീക്കിയിട്ടില്ല. പട്ടികജാതി പ്ലാൻ ഫണ്ട് ചെലവ് എസ്.സി. വിഭാഗത്തിന് 16 ശതമാനവും എസ്.റ്റി വിഭാഗത്തിന് 22 ശതമാനവുമാണ്. പട്ടികജാതിക്കാർ കടംവാങ്ങിയ ഒരുലക്ഷം രൂപവരെ എഴുതിത്തള്ളുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സഭയ്ക്കുറപ്പ് നൽകിയതാണ്. ആ ഫയൽ ഇപ്പോഴും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ മേശപ്പുറത്തുണ്ട്. ഇന്നേവരെ ഒപ്പിട്ടിട്ടില്ല. വാൽസല്യനിധിയും വിദ്യാഭ്യാസജ്യോതിയും എവിടെ പോയി? കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് ശമ്പളവും പെൻഷനുമില്ല. എല്ലാ ക്ഷേമപദ്ധതികളും ഇല്ലാതാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം സ്തംഭനത്തിലാണ്. സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഇല്ലാതാക്കി. ഇപ്പോൾ കെ.എസ്.ആർ.ടി.സി-യിൽ കാണുന്ന ആത്മഹത്യ സിവിൽ സർവ്വീസ് മേഖലയിൽ ഇന്നല്ലെങ്കിൽ നാളെ നമ്മൾ കാണാൻ പോകുകയാണ്. 48000 കോടി രൂപ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കടമെടുത്തു. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ നിന്നും പോകുമ്പോൾ 78677 കോടി രൂപയാണ് കടമെടുത്തതെങ്കിൽ ഇപ്പോൾ മൊത്തം 125258 കോടി രൂപയാണ്. കേരളം 50 വർഷം കൊണ്ട് എടുത്ത കടം ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടായി. എന്നിട്ടും പ്രതിസന്ധിയില്ലെന്ന് പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് എങ്ങനെ കഴിയുന്നു? ഇത് വല്ലാത്ത തൊലിക്കട്ടിയാണ്. ഇതുപോലെ തൊലിക്കട്ടിയുള്ള ഒരു മന്ത്രിയെ കേരളം ഇന്നേവരെ കണ്ടിട്ടില്ല. പ്രതിസന്ധിയുണ്ടെന്നുപറയാനുള്ള ആർജ്ജവം കാണിക്കേണ്ടേ? ഇവിടെ വിവാദഭരണമല്ലാതെ മറ്റെന്തെങ്കിലും നടന്നിട്ടുണ്ടോ. ആരംഭത്തിൽ തന്നെ അഞ്ചാംമന്ത്രി വിവാദം, താക്കോൽ സ്ഥാനവുമായി ബന്ധപ്പെട്ട

രമേശ് ചെന്നിത്തല വിവാദം. ഗണേശ് പ്രശ്നം, സോളാർ പ്രശ്നം, സലീംരാജ് പ്രശ്നം, പ്ലസ് ടു - ബാർ കുംഭകോണം. ഐ.എ.എസ്.-ചീഫ് സെക്രട്ടറി വിവാദം, സൂരജ് വിവാദം, രാഹുൽ നായർ വിവാദം, ഇതല്ലാതെ ഇവിടെ എന്തുഭരണമാണ് നടന്നത്; ഈ വിവാദങ്ങൾ എൽ.ഡി.എഫ് കൊണ്ടുവന്നതാണോ? അഞ്ചാംമന്ത്രി സ്ഥാനവുമായി ബന്ധപ്പെട്ട് ശ്രീ. ആര്യാടൻ മുഹമ്മദാണ് തുടക്കം കുറിച്ചത്. അഞ്ചാം മന്ത്രി സ്ഥാനത്തിന് ലീഗിന് വഴങ്ങിയാൽ യു.ഡി.എഫ്.ന്റെ അവസാനത്തെ മുഖ്യമന്ത്രയായിരിക്കും ശ്രീ. ഉമ്മൻ ചാണ്ടിയെന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞു. എന്റെ വീട്ടിൽ കല്ലെറിഞ്ഞവരുടെ സത്യപ്രതിജ്ഞയ്ക്ക് ഞാൻ പോകില്ലെന്നും അദ്ദേഹം പറഞ്ഞു. ആദ്യമായി ഒരു മന്ത്രി മറ്റൊരു മന്ത്രിയുടെ സത്യപ്രതിജ്ഞയ്ക്ക് പോകില്ലെന്ന് പ്രഖ്യാപിച്ച മന്ത്രിയുള്ള ഗവൺമെന്റാണിത്. കൂട്ടുത്തരവാദിത്വമെന്നു പറയുന്നത് ഈ ഗവൺമെന്റിനുണ്ടായിരുന്നോ? പരസ്പരം പാരവച്ച് ഇവർ എന്തൊക്കെയാണ് പറഞ്ഞത്? 2500 മഹദ്വചനങ്ങൾ എന്റെ കയ്യിലുണ്ട്. ഞാൻ അതൊന്നും ഇപ്പോൾ വായിക്കാനാഗ്രഹിക്കുന്നില്ല. ശ്രീ. പി.സി. ജോർജ് ശ്രീ. കെ. ബി. ഗണേഷ് കുമാറിന് എതിരായുംശ്രീ.കെ.മുരളീധരനെതിരായും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരായും എന്തെല്ലാം പറഞ്ഞു; ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന് എതിരായി എന്തെല്ലാം പറഞ്ഞു; ശ്രീ. ആര്യാടൻ മുഹമ്മദ് മുസ്ലീംലീഗിനെതിരായി എന്തെല്ലാം പറഞ്ഞു; മുസ്ലീംലീഗ് ശ്രീ. ആര്യാടൻ മുഹമ്മദിനെതിരായി എന്തെല്ലാം പറഞ്ഞു; ശ്രീ. ആർ. ബാലകൃഷ്ണ പിള്ള ശ്രീ. അനൂപ് ജേക്കബിനെതിരായി എന്തെല്ലാം പറഞ്ഞു; കേരളാ കോൺഗ്രസ്സ് (എം) കോൺഗ്രസ്സിനെതിരായി എന്തെല്ലാം പറഞ്ഞു; എനിക്ക് എന്റെ വഴി, നിങ്ങൾക്ക് നിങ്ങളുടെ വഴിയെന്നാണ് അവസാനം ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ശ്രീ. ഉമ്മൻചാണ്ടിയോട് പറഞ്ഞത്. ഇങ്ങനെയുള്ള 2500 പരാമർശങ്ങൾ എന്റെ കയ്യിലുണ്ട്, അതൊന്നും ഞാനിവിടെ വായിക്കുന്നില്ല. ബഹുമാനപ്പെട്ട വിജിലൻസ് കോടതിയും ബഹുമാനപ്പെട്ട ഹൈക്കോടതിയും ബഹുമാനപ്പെട്ട സുപ്രീംകോടതിയും 47 പ്രാവശ്യമാണ് സലീംരാജുമായി ബന്ധപ്പെട്ടും സരിതയുമായി ബന്ധപ്പെട്ടും പാമോലിനുമായി ബന്ധപ്പെട്ടും ടൈറ്റാനിയവുമായി ബന്ധപ്പെട്ടും ഇവിടെ പരാമർശങ്ങൾ നടത്തിയത്. ഇതൊന്നും പ്രതിപക്ഷം പറഞ്ഞതല്ല. ബഹുമാനപ്പെട്ട കോടതികളുടെ പരാമർശത്തിന്റെ ഭാഗമായിട്ടാണ് ഇതൊക്കെ വന്നത്. ബഹുമാനപ്പെട്ട മാണി സാറിനോട് ഒരു കാര്യം ഞാൻ ചോദിക്കുന്നു; താങ്കൾ തന്നെ ഇവിടെ പറഞ്ഞല്ലോ ബാർ കുംഭകോണത്തിൽ എന്നെ പ്രതിയാക്കിയത് രാഷ്ട്രീയ ഗൂഢാലോചനയാണെന്ന്. താങ്കളുടെ ഇമേജ് തകർക്കാൻ ആരാണ് ഗൂഢാലോചന നടത്തിയതെന്ന് ഇപ്പോഴെങ്കിലും

അങ്ങേക്ക് പറയാൻ കഴിയുമോ? ബഹുമാനപ്പെട്ട മന്ത്രിക്ക് നട്ടെല്ലുണ്ടെങ്കിൽ ആരാണ് ഗൂഢാലോചന നടത്തിയതെന്ന് പറയണം. പ്രതിപക്ഷമാണ് ഗൂഢാലോചന നടത്തിയതെങ്കിൽ അതും പറയണം. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പി.സി. ജോർജ് ഇതിന്റെ പിന്നിൽ കോൺഗ്രസ്സ് (എ) ആണുള്ളതെന്ന് 7 പ്രാവശ്യം പറഞ്ഞു. കെ. കരുണാകരനേയും എ.കെ. ആന്റണിയേയും പുകച്ചുചാടിച്ചതുപോലെ കോൺഗ്രസ്സ് (എ) മാണിയെ പുകച്ച് പുറത്തുചാടിക്കാൻ നോക്കണ്ട. ഇതിനു പിന്നിൽ ശ്രീ. ഉമ്മൻ ചാണ്ടിയാണുള്ളതെന്ന് 7 പ്രാവശ്യം ബഹുമാനപ്പെട്ട പി.സി. ജോർജ് പറഞ്ഞു. അവസാനം പറഞ്ഞു ഞാനിതൊക്കെ പുസ്തകത്തിലാക്കി പെട്ടിയിൽ വച്ചിട്ടുണ്ട്, ആ പുസ്തകം ഞാനിപ്പോൾ തുറക്കില്ലെന്ന്. ബഹുമാനപ്പെട്ട പി.സി. ജോർജ് ഇന്നെങ്കിലും ആ പുസ്തകം തുറക്കുമെന്ന് ഞാൻ വിചാരിക്കുന്നു. ബഹുമാനപ്പെട്ട പി.സി. ജോർജ്, അദ്ദേഹം ആദ്യം സ്വീകരിച്ച നിലപാടിൽ ഉറച്ചുനിൽക്കുമെന്ന് പറയുമോ? ഇന്ന് ഈ സെഷന്റെ അവസാന ദിവസമാണ്, അതെങ്കിലും ബഹുമാനപ്പെട്ട പി. സി. ജോർജിന് പറയാൻ കഴിയണം. എന്തിന് പ്രതിപക്ഷത്തെ കുറ്റപ്പെടുത്തുന്നു. യു.ഡി.എഫിന് ഉറക്കമില്ലാത്ത രാത്രികൾ സംഭാവന ചെയ്തത് ഞങ്ങളാണോ; ജനങ്ങളിൽനിന്നും പരിപൂർണ്ണമായും ഒറ്റപ്പെട്ടത് ഞങ്ങളാണോ? ഇനി ഒരു വഴിമാത്രമേ ബഹുമാനപ്പെട്ട മാണിസാറിനുള്ളൂ. രാജിവയ്ക്കുക, ശ്രീ. സി.എഫ്. തോമസിനെ ആ സ്ഥാനം ഏൽപ്പിക്കുക, ഒരു ബുദ്ധിമുട്ടുമില്ല. പകരം മന്ത്രിസ്ഥാനത്ത് തുടർന്ന് അന്വേഷണത്തെ അട്ടിമറിക്കാനാണ് ശ്രമിക്കുന്നതെങ്കിൽ പ്രതിപക്ഷം ഇവിടെയുള്ളിടത്തോളം കാലം ഒരു രൂപത്തിലും അട്ടിമറിക്കാൻ നിങ്ങൾക്ക് കഴിയുകയില്ലായെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.........

ശ്രീ. എ. കെ. ബാലൻ: സർ, പരിപൂർണ്ണമായും യു.ഡി.എഫ്. ജനങ്ങളിൽ നിന്നും ഒറ്റപ്പെട്ടു. ഇതിനെ മറികടക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണുന്ന മാർഗ്ഗം ബി.ജെ.പി.-യുമായി സന്ധിചെയ്യുക എന്നുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പും നിയമസഭാ തെരഞ്ഞെടുപ്പും അടുക്കാൻ പോകുന്നു. അതിൽ ജയിക്കണമെങ്കിൽ ബി.ജെ.പി.-യുടെ സഹായം വേണം. വടകര-ബേപ്പൂർ മോഡൽ പരീക്ഷണമാണ് ഇവിടെ നടത്താൻ പോകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 7 സഖാക്കളെ ആർ.എസ്.എസ്/ ബി.ജെ.പി-ക്കാർ കൊലപ്പെടുത്തി. കൊലപാതകവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ പ്രതികളെ പരിപൂർണ്ണമായും രക്ഷിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......കൺക്ലൂഡ്.........

ശ്രീ. എ. കെ. ബാലൻ: എന്നാൽ കണ്ണൂർ ജില്ലയിലെ ഒരു ആർ.എസ്.എസ്. പ്രവർത്തകന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസ് സി.ബി.ഐ. ക്ക് വിട്ടു, ഇതെന്ത് ന്യായമാണ്? വർഗ്ഗീയ വിഷം ചുരത്തിയ പ്രസംഗം നടത്തിയ ശ്രീ. പ്രവീൺ തൊഗാഡിയയ്ക്കെതിയുള്ള കേസ് പിൻവലിച്ചു. എം.ജി. കോളേജിൽ വച്ച് സി. ഐ. മോഹനനെ ബോംബെറിഞ്ഞ് ശരീരം കഷണമാക്കിയ 31 ആർ.എസ്.എസ്.-ബി.ജെ.പി. പ്രതികളുടെ വിചാരണ നടക്കുന്ന ഘട്ടത്തിൽ, ഒരു ആർ.എസ്.എസ്. പ്രവർത്തകൻ കൊടുത്ത പരാതിയുടെയടിസ്ഥാനത്തിൽ കേസ് പിൻവലിച്ചു. അദ്ദേഹത്തിന് ഇപ്പോൾ പോലീസിലാണ് സെലക്ഷൻ കിട്ടിയിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......കൺക്ലൂഡ്.........

ശ്രീ. എ. കെ. ബാലൻ: മുഖ്യമന്ത്രി ഒരു കാര്യം മനസ്സിലാക്കണം. ഇത് തീ കൊണ്ടുള്ള കളിയാണ്. ആർ.എസ്.എസ്.-നെ കൂട്ട് പിടിച്ച് എൽ.ഡി.എഫിനെ തകർക്കാൻ കഴിയില്ല. ഞങ്ങൾ ഉറപ്പിച്ചു പറയുകയാണ്, ആർ.എസ്.എസ്.-നെയും ബി.ജെ.പി.യെയും കൂട്ട് പിടിച്ച് ഇടതുപക്ഷജനാധിപത്യമുന്നണിയേയും സി.പി.എം-നേയും തകർക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ അത് കേരളത്തിൽ കോൺഗ്രസ്സിന്റെ ശവപ്പറമ്പ് സൃഷ്ടിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......കൺക്ലൂഡ്.........

ശ്രീ. എ. കെ. ബാലൻ: അഖിലേന്ത്യാ തലത്തിൽ കോൺഗ്രസിന് ഇപ്പോൾ 44 സീറ്റാണ്, ഏത് രൂപത്തിലാണ് ബി.ജെ.പി. കോൺഗ്രസ്സിനെ റാഞ്ചിയതെന്നുള്ളത് ഞങ്ങൾക്കറിയാം. അതേരൂപത്തിൽ കേരളത്തിലെ കോൺഗ്രസ്സിന്റെ അവസാനം കണ്ടാൽ മാത്രമേ കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ഥാനമൊഴിയുകയുള്ളൂ എന്നുള്ള കാര്യമുറപ്പാണ്. ഒരു തരത്തിലും കേരള ജനതയ്ക്ക് അംഗീകരിക്കാനാവുന്നതല്ല ഈ അപ്രോപ്രിയേഷൻ ബിൽ. രാഷ്ട്രീയ വിരുദ്ധവും ധാർമ്മികതയ്ക്ക് നിരക്കാത്തതുമായ ഒരു ബില്ലാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. യഥാർത്ഥത്തിൽ ഈ ഗവൺമെന്റിന്റെ മുഖം ജനക്ഷേമ പ്രവർത്തനങ്ങളിലുള്ള മുഖമാണ്. ആദിവാസികളുടെ സമരം ഇന്നലെ ഒത്തുതീർപ്പാക്കി. ആദിവാസികൾ ഈ ഗവൺമെന്റിനോടൊപ്പമാണെന്ന് അവർ തന്നെ പറയുന്നു.

സൗജന്യ കാൻസർ ചികിൽസ ഏർപ്പെടുത്തിയ ഗവൺമെന്റാണിത്. സൗജന്യ കാൻസർ ചികിൽസ ഏർപ്പെടുത്തിയ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഇന്നലെ ഇവിടെ ശ്രീ. ഷിബു ബേബിജോൺ സൂചിപ്പിച്ചതുപോലെ നമ്മുടെ നാട്ടിലെ പാവപ്പെട്ട സഹോദരിമാരായ നഴ്സിംഗ് സമൂഹത്തിന് ജോലി സ്ഥിരതയുണ്ടാക്കി മിനിമം കൂലി കൊടുക്കാൻ നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. സൗദിയിലും ഇറാഖിലുമൊക്കെ നമ്മുടെ സഹോദരിമാർക്ക് ബുദ്ധിമുട്ടുണ്ടായപ്പോൾ ഈ ഗവൺമെന്റ് ഉണർന്നുപ്രവർത്തിച്ചതിന്റെ ഫലമായി അവരെ നാട്ടിലേക്ക് തിരികെ കൊണ്ടുവരാൻ സാധിച്ചു. ഇറാഖിൽ നിന്ന് തിരികെവന്ന മുഴുവൻ ആളുകൾക്കും പല സ്ഥലങ്ങളിലായി ജോലി കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇതിന് നേതൃത്വം കൊടുത്ത മുഖ്യമന്ത്രിയേയും പ്രവാസികാര്യമന്ത്രിയേയും അഭിനന്ദിക്കുകയാണ്. വികസനപ്രവർത്തനത്തിൽ വൻകുതിപ്പുകൾ നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. സ്മാർട്ട് സിറ്റി, മെട്രോ റെയിൽ എന്നീ പദ്ധതികളൊക്കെ ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ഉദ്ഘാടനം ചെയ്യാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഇതൊന്നും പുറത്തുവരാതിരിക്കത്തക്ക വിധത്തിലുള്ള പ്രചരണപരിപാടികളാണ് പ്രതിപക്ഷം ഇവിടെ ആസൂത്രിതമായി നടത്തിക്കൊണ്ടിരിക്കുന്നത്. കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവൃത്തി ആരംഭിച്ചില്ലേ; ഗവൺമെന്റ് ഉടമസ്ഥതയിൽ 5 മെഡിക്കൽ കോളേജുകൾ മാത്രമായിരുന്ന സ്ഥാനത്ത് ഇതിനകം പുതിയതായി നാല് മെഡിക്കൽ കോളേജുകൾകൂടി പ്രവർത്തനമാരംഭിച്ചു. അതുപോലെതന്നെ അടുത്ത വർഷം തിരുവനന്തപുരം, കോന്നി, കാസർഗോഡ്, ഹരിപ്പാട്, എന്നിവിടങ്ങളിലും പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങും. ഇന്ത്യയിലാദ്യമായി, നൂറിൽ 70 സീറ്റും പട്ടികജാതി വിഭാഗങ്ങൾക്കുമാത്രമായി സംവരണം ചെയ്തുകൊണ്ടുള്ള ഒരു മെഡിക്കൽ കോളേജ് പാലക്കാട് ആരംഭിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണ്. ശ്രീ. എ.കെ. ബാലൻ പട്ടികജാതി വിഭാഗത്തിന്റെ മന്ത്രിയായിരുന്നില്ലേ; അദ്ദേഹം പാലക്കാട്ടുകാരൻ ആയിരുന്നില്ലേ; എന്തുകൊണ്ട് ഇതുനടന്നില്ല. ഇതാണ് ഈ ഗവൺമെന്റിന്റെ മുഖം. ഈ മുഖം മറയ്ക്കാനാണ് നിങ്ങൾ വെറുതെ ഓരോന്ന് പറയുന്നത്. എന്നാൽ മറുപടി കേൾക്കാൻ നിൽക്കില്ല. ഇവിടെ നിങ്ങൾക്ക് എന്തും പറയാം, അതിന് മറുപടി ആരും പറയരുതെന്ന നിലപാടാണ് നിങ്ങൾക്കുള്ളത്. ഗീബൽസിന്റെ കാര്യമൊക്കെ ഇന്നലെ പറഞ്ഞു. ഗീബൽസ് വന്നിരുന്നുവെങ്കിൽ, ഇടതുമുന്നണിയുടെ ഈ

വർത്തമാനം കേട്ടിരുന്നുവെങ്കിൽ ആത്മഹത്യ ചെയ്യുമായിരുന്നു. ഈ ഗവൺമെന്റിന്റെ മുഖമുദ്രയെന്നുപറയുന്നത് ജനക്ഷേമപ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളുമാണ്. അതിനെക്കുറിച്ച് സംസാരിക്കാൻ ഇടതുമുന്നണിക്ക് ആർജ്ജവമില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിടെ ബി.ജെ.പി.-യാണ് മുഖ്യ ശത്രുവെന്ന് നിങ്ങൾ തീരുമാനിച്ചോ; പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് കോൺഗ്രസ് ആയിരുന്നു നിങ്ങളുടെ മുഖ്യശത്രു. ഇപ്പോൾ ബി.ജെ.പി. ആണോ കോൺഗ്രസ് ആണോ എന്നുള്ളതിനെ സംബന്ധിച്ച് തീരുമാനമായിട്ടില്ല. പ്രാദേശികമായി ആരുമായും കൂട്ടുകൂടാമെന്ന അടവുനയം ഇംപ്ലിമെന്റേഷനിൽ പരാജയപ്പെട്ടുവെന്നാണ് രേഖ. പി.ബി.യിലെ ഒരു രേഖയാണത്. യെച്ചൂരി ബദൽ രേഖ അവതരിപ്പിക്കുന്നു. അതുകൊണ്ട്.....(ബഹളം)..... എന്നാൽ പിന്നെ അവർ സംസാരിക്കട്ടെ. എന്റെ സമയം കളയരുത്. പോളിറ്റ് ബ്യൂറോയിൽ ബദൽരേഖ ...(ബഹളം) .......

മി. ഡെപ്യൂട്ടി സ്പീക്കർ: നമ്മുടെ നിയമസഭാ സമ്മേളനം കുറച്ചുകൂടി ഉയർന്ന തലത്തിലേക്ക് വരണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, പോളിറ്റ് ബ്യൂറോയിൽ ബദൽരേഖ അവതരിപ്പിച്ചതിന് എം. വി. രാഘവനെ പുറത്താക്കിയില്ലേ; യെച്ചൂരിയെ എന്താണ് പുറത്താക്കാത്തത്; പോളിറ്റ് ബ്യൂറോയിൽ ബദൽരേഖ വന്നതിനുശേഷം ആർക്കെങ്കിലുമെതിരെ നടപടിയെടുത്തോ;.....(ബഹളം).....നടപടി എടുത്തില്ലെന്നു മാത്രമല്ല, പോളിറ്റ് ബ്യൂറോയിൽ തീരുമാനമെടുത്തില്ല. ഇപ്പോഴും മുഖ്യശത്രു ആരാണെന്ന് പോളിറ്റ് ബ്യൂറോയിൽ തീരുമാനമെടുക്കാത്ത പാർട്ടിയാണ് നിങ്ങളുടേത്. നിങ്ങളുടെ തെറ്റായ നയം കൊണ്ട് പരോക്ഷമായി നിങ്ങൾ ബി.ജെ.പി.-യെ സഹായിച്ചു. അതിന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നമ്മൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. കാവിവൽക്കരണത്തിലേക്ക് നമ്മുടെ രാജ്യം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഓരോ കേന്ദ്രമന്ത്രിമാരുടെയും പ്രസ്താവനകൾ നമ്മുടെ പൊതുജീവിതത്തിന് അപകടകരമാണ്. ഈ അപകടം വരുത്തിവച്ചതിൽ ഇടതുപക്ഷത്തിന്റെ പരോക്ഷമായ പിന്തുണ ഉണ്ടായിരുന്നുവെന്നതിന് എന്താണ് തർക്കം; ശ്രീ. എ. കെ. ബാലൻ ഞങ്ങളുടെ പ്രസ്താവനയെക്കുറിച്ച് പറഞ്ഞു. എന്നാൽ നിങ്ങൾ തമ്മിൽ എന്ത് യോജിപ്പാണുള്ളത്? നിങ്ങൾ സഭയ്ക്കകത്തുവരുമ്പോൾ ചുംബനസമരം പോലെ യോജിപ്പാണ്. പുറത്ത് ചെല്ലുമ്പോൾ അന്യോന്യം പുലഭ്യ സമരമാണ്. ഇതാണ് സി.പി.ഐ.യും സി.പി.ഐ (എം)-ഉം തമ്മിലുള്ള യോജിപ്പ്. സി.പി.എം-ലെ

യോജിപ്പ് എന്താണ്; ഒരു വലിയ പ്രതിസന്ധി നിങ്ങൾ നേരിടുകയാണ്. പാർട്ടിക്കകത്ത് വലിയ തർക്കമാണ്. പിണറായിക്കുശേഷം ആര് എന്നുള്ളതാണ് അവിടത്തെ തർക്കം. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. എം. എ. ബേബിയും യോഗ്യരാണ്. ശ്രീ. എം. എ. ബേബി പോളിറ്റ് ബ്യൂറോ മെമ്പറാണ്, പക്ഷേ സ്വന്തം നിയോജകമണ്ഡലത്തിൽ ഭൂരിപക്ഷം കിട്ടിയില്ലെന്ന പോരായ്മയുണ്ട്. ഡോ. തോമസ് ഐസക്കും ഒട്ടും മോശക്കാരനല്ലല്ലോ; ശ്രീ. കോടിയേരി ബാലകൃഷ്ണനേക്കാൾ സീനിയറായ ശ്രീ. എ.കെ. ബാലന് എന്താണ് കുഴപ്പം: പാർട്ടിയിൽ സീനിയറല്ലേ; പട്ടികജാതിക്കാരനായ ഒരാൾ പാർട്ടി സെക്രട്ടറിയായാൽ എന്താണ് ദോഷം; കഴിവുള്ളയാളല്ലേ? ഇങ്ങനെയുള്ള തർക്കങ്ങൾ ഒരുപാട് അവിടെ നടന്നുകൊണ്ടിരിക്കുകയാണ്...... (ബഹളം)....സഖാവ് പി. കൃഷ്ണപിള്ള സ്മാരകം കത്തിച്ചു, പ്രതിമ എറിഞ്ഞുതകർത്ത് വികൃതമാക്കി. ഇക്കാര്യത്തിലെങ്കിലും പ്രതിഷേധിക്കാൻ യോജിച്ച ഒരു നിലപാടെടുക്കാൻ കഴിയാത്ത നിങ്ങളുടെ പാർട്ടിക്ക് എന്ത് യോജിപ്പാണുള്ളത്; ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ അഭിപ്രായം പാർട്ടിയുടെ അഭിപ്രായമല്ലെന്ന് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞു. ഗൂഢാലോചനയില്ലെന്ന് പാർട്ടി തീരുമാനമെടുത്തു. ഗൂഢാലോചനയുണ്ടെന്ന അഭിപ്രായത്തിൽ ഉറച്ചുനിൽക്കുന്നുവെന്ന് ശ്രീ. വി.എസ്. അച്ചുതാനന്ദൻ പറഞ്ഞു. ശ്രീ. എ.കെ. ബാലൻ, എന്ത് യോജിപ്പാണ് നിങ്ങൾക്കുള്ളത്? പി. കൃഷ്ണപിള്ളയുടെ പ്രതിമയുടെ മുഖം വികൃതമാക്കിയതുവഴി യഥാർത്ഥത്തിൽ വികൃതമാകുന്നത് സി.പി.ഐ.(എം.)-ന്റെ മുഖമാണ്. ഇക്കാര്യത്തിൽപ്പോലും യോജിച്ച നിലപാടെടുക്കാൻ കഴിയാത്ത ഒരു പാർട്ടി എങ്ങനെയാണ് കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ നിൽക്കുന്നത്; നിങ്ങൾ അതിന് മറുപടി പറയണം. ഇവിടെ സി.പി.ഐ.-യും സി.പി.ഐ.(എം.)ഉം തമ്മിൽ വലിയ യോജിപ്പാണ്. സി.പി.ഐ.(എം.)-ന്റെ ആട്ടുംതുപ്പുമേറ്റ് എം. എൻ. ഗോവിന്ദൻ നായരുടേയും ടി. വി. തോമസിന്റേയും നേതൃത്വത്തിൽ പുറത്തുവന്നവരെ കോൺഗ്രസ് രണ്ട് കൈയും നീട്ടി സ്വീകരിച്ചു. കോൺഗ്രസ് സ്വീകരിച്ചതുകൊണ്ട് സി. അച്യുതമേനോനും പി. കെ. വാസുദേവൻ നായരും മുഖ്യമന്ത്രിമാരായി. എന്നാൽ പിന്നീട് കോൺഗ്രസിൽ നിന്ന് മാറി വീണ്ടും അങ്ങോട്ടുതന്നെ പോകുവാൻ നിങ്ങൾ തീരുമാനിച്ചു. തെറ്റുപറ്റിയെന്ന് നിങ്ങൾ അവസാനം പറഞ്ഞു. ആ തെറ്റിന്റെ ഫലമാണ് സി. അച്യുതമേനോൻ മുഖ്യമന്ത്രിയായതെന്ന് നിങ്ങളോർക്കണം. ആ തെറ്റിന്റെ ഫലമാണ് കേരളത്തിൽ പി. കെ. വാസുദേവൻ നായർ മുഖ്യമന്ത്രിയായതെന്ന് നിങ്ങളോർക്കണം. എം. എൻ. ഗോവിന്ദൻ നായർക്കും ടി. വി. തോമസിനും മാത്രമല്ല നിങ്ങൾക്കെല്ലാവർക്കും

അവിടുന്ന് ഇഷ്ടംപോലെ ആട്ടുംതുപ്പും കിട്ടുന്നുണ്ടല്ലോ; എന്തൊരു യോജിപ്പാണ് നിങ്ങൾ തമ്മിൽ; നിങ്ങൾ അന്ന് പുറത്തേയ്ക്ക് പോന്നതാണ്. നിങ്ങളും മോശക്കാരാണെന്ന് ഞാൻ പറയുന്നില്ല. നിങ്ങളുടെ ശക്തിക്കനുസരിച്ച് പറയുന്നുണ്ട്. ജനയുഗത്തിൽ ശ്രീ. കെ. ഇ. ഇസ്മയിലിന്റെ ഒരു പ്രസംഗത്തിന്റെ വാർത്ത വന്നു. അതിന്റെ കുറച്ചുഭാഗം ഞാൻ വായിക്കാം - "ഒറ്റയ്ക്ക് മത്സരിച്ചിരുന്നുവെങ്കിൽ ഒരു സീറ്റിലെങ്കിലും ജയിക്കാൻ കഴിയുമായിരുന്നോയെന്ന് അവർ(സി.പി.ഐ.(എം.) ചിന്തിക്കണം, സി.പി.ഐ. ഒറ്റയ്ക്ക് മത്സരിച്ചാണ് മൂന്ന് സീറ്റിൽ വിജയിച്ചത്. അത് അഭിമാനകരമായ വിജയമാണ്. ഞങ്ങളാണ് വലിയ പാർട്ടിയെന്ന് തുടർച്ചയായി അവകാശപ്പെടുന്നത് പരിഹാസ്യമാണ്. ഇറച്ചി തിന്നുന്നവർ എല്ലിൻ കഷണം കഴുത്തിൽ തൂക്കി നടക്കാറില്ല. ഭിന്നിപ്പിന്റെ പഴമ്പുരാണങ്ങൾ ഇനിയും വച്ചു വിളമ്പുന്നതിൽ അർത്ഥമില്ല. യോജിപ്പ് ആവശ്യമുള്ള കാലത്ത് അട്ടയുടെ കണ്ണിൽ ചുണ്ണാമ്പ് തേയ്ക്കുന്നതുപോലെയുള്ള നിലപാട് സി.പി.ഐ.(എം.) സ്വീകരിക്കുന്നത് ശരിയല്ല.'' പല പഴമൊഴികളും കേട്ടിട്ടുണ്ട്. ഇതൊരു മൊഴിമുത്താണ്. ഇറച്ചി തിന്നിട്ട് എല്ലിൻ കഷണം കഴുത്തിൽ കെട്ടിത്തൂക്കിയിട്ട് നടക്കുന്നത് ശരിയല്ലെന്ന് സി.പി.ഐ.(എം.) ന്റെ മുഖത്തുനോക്കി ശ്രീ. കെ. ഇ. ഇസ്മയിൽ പറയുന്നു. നിങ്ങൾക്ക് എന്താണ് മറുപടി പറയാനുള്ളത്; സി.പി.ഐ.ലെ ശ്രീ. വി. എസ്. സുനിൽ കുമാർ എഴുന്നേറ്റ് നിൽക്കുന്നത് കണ്ടാൽ, അഴിമതിക്കെതിരെയുള്ള പോരാട്ടം നടത്തുന്ന ആദർശത്തിന്റെ ആൾരൂപമാണ് അദ്ദേഹമെന്ന് തോന്നും. ഡോ. ബെനറ്റ് എബ്രഹാം സത്യം തുറന്നു പറഞ്ഞാൽ സി.പി.ഐ. ഉണ്ടാകില്ല. സത്യം തുറന്നു പറയാതിരിക്കാൻ ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ പാർട്ടിക്കാർ അദ്ദേഹത്തിന്റെ വീടിന്റെ മുന്നിൽ കാവലാണ്. സത്യം തുറന്നു പറഞ്ഞാൽ കുഴപ്പമാകുമെന്ന് പറഞ്ഞത് സി.പി.ഐ.യുടെ മുൻ ജില്ലാ സെക്രട്ടറി ശ്രീ. പി. രാമചന്ദ്രൻ നായരാണ്, ഞാൻ പറഞ്ഞതല്ല. ഡോ. ബെനറ്റ് എബ്രഹാമിനെ സ്ഥാനാർത്ഥിയാക്കിയതിൽ പാർട്ടിക്ക് ഉത്തരവാദിത്വമില്ലേ; ശ്രീ. പന്ന്യൻ രവീന്ദ്രന് ഒരു ഉത്തരവാദിത്വവുമില്ലേ; ശ്രീ. പന്ന്യൻ രവീന്ദ്രൻ തെരഞ്ഞെടുപ്പിന് വേണ്ടി പ്രവർത്തിച്ചപ്പോൾ ഡോ. ബെനറ്റ് എബ്രഹാം യോഗ്യനായിരുന്നോ; ഇപ്പോൾ പഴിചാരാൻ പാവം ശ്രീ. സി. ദിവാകരനെ മാത്രമേ കിട്ടിയുള്ളൂ. ശ്രീ. സി. ദിവാകരനെ മാത്രമേ തരംതാഴ്ത്തിയുള്ളൂ. അങ്ങ് ഇപ്പോൾ ആ പാർട്ടി നേതാവായതുകൊണ്ടാണ് ആ കസേരയിലിരിക്കുന്നത്. ഇല്ലെങ്കിൽ ശ്രീ. പി. രാമചന്ദ്രൻ നായരുടെ പുറകെ, ശ്രീ. വെഞ്ഞാറമൂട് ശശിയുടെ പുറകെ, കൊമ്പൻ പോയ പുറകെ മോഴയും എന്ന്

പറയുന്നതുപോലെ അങ്ങേയ്ക്കും പോകേണ്ടി വരുമായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, അങ്ങ് ഇവിടെ ശ്രീ. പി. രാമചന്ദ്രൻ നായരെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ശ്രീ. പി. രാമചന്ദ്രൻ നായർ സി.പി.ഐ.(എം.) നേതാക്കന്മാരുമായി ചർച്ച നടത്തിയെന്നും അദ്ദേഹം സി.പി.ഐ.(എം.)ലേയ്ക്ക് തിരിച്ചുപോകാൻ പോകുന്നുവെന്നുള്ള വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: ശ്രീ. ടി. ജെ. ആഞ്ചലോസിനെ സി.പി.ഐ.-ക്ക് എടുക്കാമെങ്കിൽ ശ്രീ. പി. രാമചന്ദ്രൻ നായരെ സി.പി.ഐ.(എം.)-ന് എടുത്താൽ എന്താണ്; ശ്രീ. ടി. ജെ. ആഞ്ചലോസിനെ സി.പി.ഐ.(എം.) പുറത്താക്കിയപ്പോൾ സി.പി.ഐ.യ്ക്ക് എടുക്കാമെങ്കിൽ ശ്രീ. പി. രാമചന്ദ്രൻ നായരെ സി.പി.ഐ.(എം.)-നും എടുക്കാം. അക്കാര്യത്തിലൊരു സംശയവും വേണ്ട. ഇവിടെ ബാർ അഴിമതിക്കെതിരെ പറയുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടു സ്റ്റാർ ഹോട്ടലുകൾക്ക് ത്രീ സ്റ്റാർ പദവി അക്വയർ ചെയ്യുന്നതിന് 31-ാം തീയതി വരെ സമയം നൽകിക്കൊണ്ട് മാർച്ച് മാസം 12-ാം തീയതി ഉത്തരവിറക്കുന്നു. 13-ാം തീയതി, ഒരു ദിവസം കൊണ്ട് നിലവാരമുണ്ടോ ഇല്ലയോയെന്ന് നോക്കാതെ ഈ ബാറുകൾക്ക് മുഴുവൻ ലൈസൻസ് കൊടുത്ത് റെഗുലറൈസ് ചെയ്യണമെന്ന് നോട്ടിഫിക്കേഷൻ നടത്തിയ ആളുകൾ ഞങ്ങളുടെ മുഖത്തുനോക്കി ഞങ്ങൾ അഴിമതിക്കാരാണെന്ന് പറയുകയാണ്. ഞങ്ങൾ ബിവറേജസ് കോർപ്പറേഷന്റെ പത്ത് ശതമാനം ഔട്ട്ലെറ്റുകൾ പൂട്ടിച്ച ആളുകളാണ്. എന്നിട്ട് ഞങ്ങളുടെ മുഖത്തുനോക്കി പറയുകയാണ് ഞങ്ങൾ ഈ രാജ്യത്ത് മദ്യം ഒഴുക്കുകയാണെന്ന്. മദ്യ മുതലാളിമാർക്കുവേണ്ട എല്ലാ ഒത്താശയും ചെയ്തുകൊടുത്തയാളുകൾ ഞങ്ങളുടെ മുഖത്തുനോക്കി ഞങ്ങൾ കൈക്കൂലിക്കാരാണെന്ന് പറയുകയാണ്. ഞങ്ങൾ മദ്യനയത്തിൽ ഒരു മാറ്റവും വരുത്താനുദ്ദേശിക്കുന്നില്ല. യു.ഡി.എഫ്.ന്റെ മദ്യനയം നടപ്പാക്കുകതന്നെ ചെയ്യും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ആ നയത്തിൽ നിന്ന് ഞങ്ങൾ പിൻമാറുകയില്ല. പക്ഷെ ആ മദ്യനയം ആരെയാണ് ബാധിക്കുക? ആ മദ്യനയം ദോഷകരമായി ബാധിക്കുന്നത് ബാർ മുതലാളിമാരെയാണ്, ഷാപ്പ് ഉടമസ്ഥരെയാണ്. അവരാണ് ഞങ്ങളെ എതിർക്കുന്നത്. അവർ ഞങ്ങൾക്കെതിരെ ആരോപണമുന്നയിക്കുകയാണ്. ആ ആരോപണം ഏറ്റുപിടിച്ചുകൊണ്ട് അവരെ

എല്ലാക്കാലത്തും സഹായിച്ച, അവരെ എല്ലാക്കാലത്തും സംരക്ഷിച്ച ഇടതുമുന്നണി ഞങ്ങളുടെ നേരെ വിരൽ ചൂണ്ടുകയാണ്. അതാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ഐക്യ ജനാധിപത്യ മുന്നണി മദ്യനയത്തിന്റെ കാര്യത്തിൽ യോജിച്ച തീരുമാനമാണ് കഴിഞ്ഞ കാലങ്ങളിലെടുത്തിട്ടുള്ളത്. നാളെയും ആ തീരുമാനം എടുത്തുകൊണ്ടുതന്നെ ഞങ്ങൾ മുന്നോട്ടുപോകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ശ്രീ. കെ. എം. മാണി മറുപടി പറയുന്നത് കേൾക്കാനുള്ള ജനാധിപത്യ ബോധം, സാമാന്യ മര്യാദ നിങ്ങൾക്കുണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഡിമാന്റ്സിനെ പിന്തുണയ്ക്കുന്നു.

1.00 PM]

<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u> സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. ഈ ബിൽ അവതരിപ്പിക്കാൻ ഒട്ടും അർഹതയില്ലാത്തയാളാണ് ശ്രീ. കെ. എം. മാണി. കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ 24 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബഡ്ജറ്റുമായി ബന്ധപ്പെട്ട് പറയുന്നതിന് മുമ്പ് ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. തൊട്ടുമുമ്പ് ബഹുമാന്യനായ കെ. ശിവദാസൻ നായർ ജനയുഗത്തിൽ വന്ന ഒരു വാർത്തയെക്കുറിച്ച് പറഞ്ഞു. അദ്ദേഹം ജനയുഗം ഇപ്പോഴെങ്കിലും വായിച്ചതിൽ സന്തോഷമുണ്ട്. സാധാരണ വായിക്കാറില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഈ കാര്യത്തിനെങ്കിലും ജനയുഗം വായിച്ചതിൽ സന്തോഷമുണ്ട്. ഞങ്ങളുടെ പാർട്ടിയും സി.പി.ഐ.(എം.)-ഉം തമ്മിൽ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ഞങ്ങൾ പരിഹരിച്ചോളാം. അതിന് ശ്രീ. കെ. ശിവദാസൻ നായരുടെ സപ്പോർട്ട് വേണ്ട. അദ്ദേഹം പറഞ്ഞതെന്താണ്, ശ്രീ. പി. രാമചന്ദ്രൻ നായർ പാർട്ടിയെക്കൊണ്ട് ഒരുപാട് കാര്യങ്ങൾ നേടിയെടുത്തിട്ടുള്ളയാളാണ്. പാർട്ടി അതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി നടപടിയെടുത്തിട്ടുണ്ട്. തെറ്റ് ചെയ്താൽ തെറ്റാണെന്ന് സമ്മതിക്കുന്ന പാർട്ടിയാണ് ഞങ്ങളുടെ പാർട്ടി. നിങ്ങൾ അത് സമ്മതിക്കുന്നുണ്ടോ; നിങ്ങൾ തെറ്റ് ചെയ്താൽ ആ തെറ്റിലൂടെ തന്നെയാണ് സഞ്ചരിക്കുന്നത്; ആ തെറ്റ് അങ്ങനെതന്നെ നിങ്ങൾ ആവർത്തിച്ചുപോരുന്നു. ഏതെങ്കിലും തെറ്റ് ഇന്നേവരെ നിങ്ങൾ സമ്മതിച്ചിട്ടുണ്ടോ; ഏതെങ്കിലും തെറ്റിന് നടപടി എടുത്തിട്ടുണ്ടോ? മാതൃഭൂമി ചാനലും മാതൃഭൂമി പത്രവും പുറത്തുവിട്ടു. നിങ്ങൾ അതിനെതിരെ എന്ത് നടപടി സ്വീകരിച്ചു. അതുമായി ബന്ധപ്പെട്ട് നിയമ വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞത്, ഞാൻ നിയമ വകുപ്പുമന്ത്രിയായതുകൊണ്ട് എ.ജി. എന്നെ കാണാൻ വരുമെന്നാണ്. എ.ജി. അന്വേഷണ ഉദ്യോഗസ്ഥനെ

രണ്ട് പ്രാവശ്യം വിളിച്ചിരിക്കുന്നു. ഗവൺമെന്റിന് ദോഷം വരുന്ന റിപ്പോർട്ട് നിങ്ങൾ കൊടുക്കരുതെന്ന് പറയാനാണ് വിളിച്ചത്. ഇത് അഴിമതിയല്ലേ; നിയമ വകുപ്പുമന്ത്രിയെ സംരക്ഷിക്കാൻ ആഭ്യന്തര വകുപ്പും മുഖ്യമന്ത്രിയും ഒന്നിച്ചു നിൽക്കുന്നുവെന്ന് മാതൃഭൂമി പത്രത്തിൽ വാർത്തവന്നു. അതുമായി ബന്ധപ്പെട്ട് നിങ്ങൾ എന്തു ചെയ്തു? ആരെങ്കിലും പ്രസംഗിച്ചാൽ കേസെടുക്കുന്നവരല്ലേ നിങ്ങൾ; ശ്രീ. കെ. എം. മാണിക്ക് ഒരു കോടി രൂപ കൊടുത്തുവെന്ന് ശ്രീ. ബിജു രമേശ് പറഞ്ഞില്ലേ; ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ ആത്മാഹുതി ചെയ്യാം, എന്റെ വസ്തുവകകൾ കണ്ടുകെട്ടാം, ഞാൻ നുണ പരിശോധനയ്ക്ക് വിധേയനാകാം എന്നെല്ലാം പറഞ്ഞിട്ടും നിങ്ങൾ എന്ത് ചെയ്തു? ഒരു നടപടിയും സ്വീകരിച്ചില്ല. ശ്രീ. ബിജു രമേശ് പറഞ്ഞത് നൂറ് ശതമാനവും സത്യസന്ധമായതുകൊണ്ടല്ലേ നിങ്ങൾ നടപടി സ്വീകരിക്കാതിരുന്നത്; യാതൊരു നടപടിയും സ്വീകരിക്കാതെ അഴിമതിക്ക് എല്ലാ ഒത്താശയും ചെയ്തുകൊടുക്കുന്ന ഒരു ഗവൺമെന്റും മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമല്ലേ അവിടെ ഇരിക്കുന്നത്. അവിടെ ഇരിക്കുന്നവരിൽ ആരാണ് അഴിമതി നടത്താത്തത്; ടൈറ്റാനിയം അഴിമതി, സോളാർ അഴിമതി, കൺസ്യൂമർഫെഡ് അഴിമതി, സിവിൽ സപ്ലൈസ് അഴിമതി, പ്ലസ് ടു അഴിമതി, പി.ഡബ്ല്യു.ഡി. അഴിമതി, ഉദ്യോഗസ്ഥന്മാരുടെ കോഴ, ബാർ കോഴ, ബാർ അനുവദിച്ചതിൽ കോഴ, അനുവദിക്കാമെന്ന് പറഞ്ഞ് കോഴ, അതുപോലെ റദ്ദ് ചെയ്ത് പുനഃസ്ഥാപിക്കാനുള്ള കോഴ. കോഴയും അഴിമതിയും മാത്രം നിറഞ്ഞ ഒരു കോഴ ഗവൺമെന്റാണിത്. നിങ്ങൾ എന്തുകൊണ്ട് ഈ അഴിമതിക്കാരെ സംരക്ഷിക്കുന്നു; ശ്രീ. കെ. ശിവദാസൻ നായർ, നിങ്ങൾ എന്തുകൊണ്ടാണ് ഈ അഴിമതിയെ കുറിച്ച് ഒരക്ഷരം പറയാതിരുന്നത്?

കോഴയും അഴിമതിയും മാത്രം നിറഞ്ഞൊരു ഗവൺമെന്റാണിത്. ബഹുമാനപ്പെട്ട ശ്രീ. കെ. ശിവദാസൻ നായർ, ഞാനങ്ങയോട് ചോദിക്കുകയാണ്, നിങ്ങളെന്തു കൊണ്ട് ഈ അഴിമതിക്കാരെ സംരക്ഷിക്കുന്നു; നിങ്ങൾ ഈ അഴിമതിക്കെതിരായി ഒരക്ഷരം പറഞ്ഞോ. ജനക്ഷേമകരമായിട്ടുള്ള നടപടികൾ നടത്തുന്നൊരു ഗവൺമെന്റാണിതെന്നാണ് കോൺഗ്രസ് പറയുന്നത്. പട്ടികജാതിക്കാരുടെ വിഷയങ്ങൾ പരിഹരിച്ചു എന്നാണ് പറഞ്ഞത്. ആദിവാസികളുടെ ഏതെങ്കിലുമൊരു പ്രശ്നം—പരിഹരിച്ചോ, അവർക്ക് ഭൂമി കൊടുത്തില്ല. ഭക്ഷണവും മരുന്നും കൊടുക്കുന്നില്ല. ഇപ്പോൾ അദ്ദേഹം പറയുന്നു, മെഡിക്കൽ കോളേജ് കൊടുക്കാമെന്ന്. ഭക്ഷണം കൊടുക്കാനില്ല, മെഡിക്കൽ കോളേജ് കൊടുക്കാമെന്ന്. എന്താണിത്.

ഭക്ഷ്യസുരക്ഷാ ബിൽ നടപ്പിലാക്കുന്നില്ല. എന്നിട്ട് പണ്ട് ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന ശ്രീ. മൻമോഹൻ സിംഗ് പാവപ്പെട്ട ഗ്രാമീണരോട് പറഞ്ഞത് നിങ്ങൾക്ക് സൗജന്യമായി സിംകാർഡ് തരാമെന്നാണ്. വയർ വിശക്കുമ്പോൾ നിങ്ങൾ രാവിലെ 10 എസ്.എം.എസ്. അയക്കുക, നിങ്ങളുടെ വിശപ്പ് മാറും. കെ.എസ്.ആർ.ടി.സി. -യിൽ 19 പേർ ആത്മഹത്യ ചെയ്തു. ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രിയോട് ഞാൻ പറയുന്നത്, നിങ്ങൾ തൊഴിൽ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ കർഷകത്തൊഴിലാളികൾ ആത്മഹത്യ ചെയ്യാൻ പോവുകയാണ്. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള 60 വയസ്സ് കഴിഞ്ഞിട്ടുള്ളവർ ആനുകൂല്യം കിട്ടാതെ കഷ്ടപ്പെടുകയാണ്. 207 കോടി രൂപ കുടിശ്ശികയുണ്ട്. നിങ്ങൾ കൊടുത്തോ. കർഷകത്തൊഴിലാളികൾ, കെ.എസ്.ആർ.ടി.സി. പെൻഷനേഴ്സ്, ബാർ തൊഴിലാളികൾ എന്നിവരെല്ലാം ആത്മഹത്യ ചെയ്യാൻ പോകുകയാണ്. അവരെ ആത്മഹത്യയിലേക്ക് –തള്ളിവിടുന്ന സമീപനങ്ങളുമായിട്ടല്ലേ ശ്രീ. കെ. എം. മാണിയും ശ്രീ. ഉമ്മൻചാണ്ടിയുമെല്ലാം മുന്നോട്ടുപോകുന്നത്. എന്ത് ജനക്ഷേമപ്രവർത്തനമാണ് ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഏതെങ്കിലും ക്ഷേമ പെൻഷനുകൾ കൊടുക്കുന്നുണ്ടോ. ക്ഷേമ പെൻഷനുകൾ കൊടുക്കാതെ അഴിമതി നടത്തിക്കൊണ്ടിരിക്കുകയും ജനക്ഷേമ പ്രവർത്തനങ്ങളെ ഇല്ലാതാക്കുകയും ചെയ്യുന്നൊരു ഗവൺമെന്റാണ്, അഴിമതിയെ സംരക്ഷിക്കുന്ന ശ്രീ. കെ. എം. മാണിക്ക് ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് യാതൊരു യോഗ്യതയുമില്ല. ദുഃസ്വഭാവിയായ സ്ത്രീ, വഞ്ചകനായ സുഹൃത്ത്, അനുസരണയില്ലാത്ത പരിചാരകൻ, പാമ്പുകൾ വസിക്കുന്ന വീട് എന്നിവ മൃത്യുതന്നെയാണെന്നതിൽ സംശയമില്ല. ഇതെല്ലാം ചേർന്നതാണ് ഈ യു.ഡി.എഫ്. എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ പിന്താങ്ങുകയാണ്. പുതിയ കോഴ്സുകൾ, കോളേജുകൾ, താലൂക്കുകൾ, മെഡിക്കൽ കോളേജുകൾ എന്നിവയെല്ലാം കൊടുത്തൊരു ഗവൺമെന്റാണിത്. മഞ്ചേരിയിൽ പുതിയ മെഡിക്കൽ കോളേജനുവദിച്ചപ്പോൾ എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. പി. ശ്രീരാമകൃഷ്ണൻ രണ്ട് പ്രാവശ്യം അതിനെ സംബന്ധിച്ച് അടിയന്തര പ്രമേയമവതരിപ്പിച്ചു. ലാബ് സ്ഥാപിച്ചിരിക്കുന്നത് കക്കൂസിന്റെ മുകളിലാണെന്നും കുട്ടികൾക്ക് പഠിക്കാൻ സൗകര്യമില്ലെന്നും ഓപ്ഷൻ കൊടുക്കുമ്പോൾ കുട്ടികൾ

മഞ്ചേരി മെഡിക്കൽ കോളേജിനെ അവസാനമാണ് സെലക്ട് ചെയ്യുന്നത് എന്നൊക്കെയാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയുള്ള മഞ്ചേരി മെഡിക്കൽ കോളേജിലാണ് ഫസ്റ്റ് ഇയറിൽ 93 ശതമാനം കുട്ടികൾ പാസ്സായിട്ടുള്ളത്. ആ കോളേജ് അനുവദിച്ചത് ശ്രീ. കെ. എം. മാണിസാറാണ്. അതിനാദ്യമായി ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. പഠിച്ച കുട്ടികൾ വേറെയാണെങ്കിലും കോളേജ് അനുവദിക്കണ്ടേ; അതിന് പണമനുവദിക്കണ്ടേ? നിങ്ങളെന്താണ് പറയുന്നത്? കുട്ടികൾക്ക് മലപ്പുറത്ത് വന്നാലേ ബുദ്ധിയുണ്ടാവുകയുള്ളൂ. നിങ്ങളുടെ നാട്ടിൽ വന്നാൽ ബുദ്ധിയുണ്ടാവില്ല. അത് നിങ്ങൾ ആദ്യം മനസ്സിലാക്കണം. 32,000 പുതിയ തസ്തികകളിൽ നിയമനം നടത്തിയ ഗവൺമെന്റ്. 1957 മുതലുള്ള കേരളത്തിന്റെ ചരിത്രമെടുത്ത് പരിശോധിച്ചാൽ ഏതെങ്കിലുമൊരു ഗവൺമെന്റ് ഇത്രയും തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ. 32,000 ആളുകൾക്ക് ജോലി കൊടുത്തില്ലേ. ഇങ്ങനെ പുതിയപുതിയ തസ്തികകളും മെഡിക്കൽ കോളേജുകളും കോളേജില്ലാത്ത മണ്ഡലങ്ങളിൽ കോളേജുകളും പുതിയ കോഴ്സുകളും പുതിയ താലൂക്കുകളും എല്ലാം കൊടുക്കുമ്പോൾ സാമ്പത്തിക ബാധ്യതയുണ്ടാകും. 1957 കാലഘട്ടത്തിൽ ശ്രീ. ശിവദാസമേനോൻ മന്ത്രിയായിരുന്നുവല്ലോ. ട്രഷറി ഇവിടെ പൂട്ടിയിട്ടില്ലേ. ശ്രീ. കെ. എം. മാണിസാറിന്റെ കാലത്ത് ട്രഷറി പൂട്ടിയിട്ടുണ്ടോ? സംസ്ഥാനത്തിന്റെ വരുമാനത്തിൽക്കൂടുതൽ ചെലവാക്കേണ്ടി വരുമ്പോൾ കുറച്ചൊക്കെ സാമ്പത്തിക ഞെരുക്കമുണ്ടാകും. ഇവിടെ എം.എൽ.എ.-മാർ ചോദിച്ചതൊക്കെ തരുന്നില്ലേ. നിങ്ങളിൽ ആർക്കാണ് തരാത്തത്. ശ്രീ. കെ.ബി. ഗണേഷ് കുമാർ പറഞ്ഞതിലേക്കൊക്കെ ഞാൻ പിന്നീട് വരാം. ശ്രീ. ഗണേഷ് കുമാറിനോട് എന്നുമുതലാണ് നിങ്ങൾക്ക് സ്നേഹം തോന്നിത്തുടങ്ങിയതെന്ന് എനിക്കറിയാം. അഴിമതിക്കാരനായ അച്ഛന്റെ മകനാണ് ഇവിടെ അതിനെക്കുറിച്ച് പറയുന്നത്. അതിനെസംബന്ധിച്ചൊന്നും നിങ്ങളിപ്പോൾ പറയണ്ട. ഞങ്ങളുടെ ആളുകളൊന്നും അങ്ങനെ ജയിലിൽ പോയിട്ടില്ല. ശ്രീ. ആർ. ബാലകൃഷ്ണപിള്ള ജയിലിൽ പോയിട്ടില്ലേ. അദ്ദേഹത്തിന്റെ മകനല്ലേ ശ്രീ. ഗണേഷ് കുമാർ. അതൊന്നും നിങ്ങൾ പറയണ്ട. നിങ്ങൾ എല്ലാവരേയും ഏറ്റെടുക്കും. നിങ്ങൾ ഏത് ചണ്ടിയും ഏറ്റെടുക്കും. ആശ്രിതനിയമനത്തിലെ എല്ലാവർക്കും നിയമനം നൽകിയ ഗവൺമെന്റാണിത്.

ശ്രീ. ആർ. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ

ശ്രീ. പി. കെ. ബഷീർ: സർ, ഒരു പോയിന്റുമില്ല. ഒരു മണ്ണാങ്കട്ടയുമില്ല. അവിടെയിരിക്ക്. സർ, ഞാൻ വഴങ്ങുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. കെ. ബഷീർ. പോയിന്റ് ഓഫ് ഓർഡർ......

ശ്രീ. ആർ. രാജേഷ്: സർ, ഈ സഭയിലെ ഒരംഗം ശ്രീ. ആർ. ബാലകൃഷ്ണപിള്ള അഴിമതിക്കാരനാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ഗവൺമെന്റാണ് അഴിമതിക്കാരനായ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ മുന്നോക്കവികസന കോർപ്പറേഷനിൽ നിയമിച്ചിരിക്കുന്നത്. അത് ക്യാബിനറ്റ് റാങ്കാണ്. ഇത് ഗവൺമെന്റ് പരിശോധിക്കണം.

ശ്രീ. പി. കെ. ബഷീർ: സർ, അതിലൊരു പോയിന്റുമില്ല. അതെല്ലാം വിട്ടുകളഞ്ഞേക്ക്. ഞാൻ പറഞ്ഞതെന്താണെന്ന് വച്ചാൽ ശ്രീ. ഗണേഷ് കുമാർ ഇവിടെയൊരു ആരോപണമുന്നയിച്ചു. അദ്ദേഹത്തിന്റെ അച്ഛനാണ് അഴിമതിക്ക് ജയിലിൽ കിടന്നത്. എന്നിട്ടാണ് ശ്രീ. ഗണേഷ് കുമാർ ഇവിടെ വന്നിങ്ങനെ പറയുന്നതെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. നിങ്ങൾ അങ്ങനെയും ഇങ്ങനെയും പറയരുത്. സി.പി.ഐ. ക്കാരോട് ഞാൻ ചോദിക്കട്ടെ, റോഡിൽനിന്ന് ഓരോരുത്തരങ്ങ് കൂവിയാൽ അതിനൊക്കെ നമുക്ക് കേസെടുക്കാൻ സാധിക്കുമോ. ഈ സഭയിൽ ഇന്നലെയും മിനിഞ്ഞാന്നും ഒരു ആത്മഹത്യയെ സംബന്ധിച്ച് പറഞ്ഞല്ലോ. നാട്ടിൽ ഓരോരുത്തർ ഓരോന്ന് എഴുതി വയ്ക്കുക, മരിക്കാൻ പോകുമ്പോൾ ആത്മഹത്യാകുറിപ്പ് എഴുതി വയ്ക്കുക ഇതിനൊക്കെ കേസെടുക്കാൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ തയ്യാറാകുമോ; ആരെങ്കിലും എന്തെങ്കിലും പറയുന്നതിനനുസരിച്ച് നമുക്ക് നിൽക്കാൻ സാധിക്കുമോ. ഒരു എഫ്.ഐ.ആർ.-ന്റെ പേരിൽ കിട്ടിയ അനുഭവം നിങ്ങൾക്കറിയാമല്ലോ. ശ്രീ. വി.എസ്. സുനിൽ കുമാർ, ഇതിനൊക്കെ ഒരു മാന്യത വേണം. ഇപ്പോഴത്തെ കാലത്ത് ആർക്കും എന്തും പറയാം. അതിന് പത്തിരുപത്തിനാല് ചാനലുകളുമുണ്ട്. അതിൽപോയി ശ്രീ. വി. എസ്. സുനിൽ കുമാറിനെപ്പോലെയുള്ളവർ ചർച്ചയാണ്. ഇതല്ലാതെ വേറെന്താണുള്ളത്. ഇതിലൊന്നുമില്ല. ഇതിനെ പ്രോത്സാഹിപ്പിക്കാൻ പറ്റുമോ. നിങ്ങൾ ശ്രീ. കെ.എം മാണിസാറിനെക്കുറിച്ച് പറയുന്നുണ്ടല്ലോ. മാണിസാറിന്റെ പേരിൽ ഒരാൾ അഴിമതി രേഖപ്പെടുത്തി പണം കൊടുത്തെന്നുപറഞ്ഞു. ഇത് ആരാണ് കണ്ടത്. വെറുതേയങ്ങ് പറയുകയാണ്. ശ്രീ. കെ.എം. മാണിസാറിനെ കുറിച്ച് നിങ്ങളെന്താണ് മനസ്സിലാക്കിയത്. 50 കൊല്ലത്തെ രാഷ്ട്രീയ പാരമ്പര്യമുള്ള ആളാണ് അദ്ദേഹം. ബാർ കിട്ടാത്തതിന്റെ ദേഷ്യത്തിൽ ഒരു കൂട്ടർ മാണിസാറിന്റെ പേരിൽ ആരോപണമുന്നയിച്ചു. അതങ്ങ് ഏറ്റെടുക്കാൻ സാധിക്കുമോ. നാളെ കേരളം ഭരിക്കുന്ന നിങ്ങളെക്കുറിച്ച് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ എന്തായിരിക്കും സ്ഥിതി. സി.പി.ഐ.-ക്കാരോട് ഞാനൊന്ന് ചോദിക്കട്ടെ. നിങ്ങൾ അഴിമതിക്കെതിരെയും എഫ്.ഐ.ആർ.-നെക്കുറിച്ചുമൊക്കെ പറയുന്നുണ്ടല്ലോ.

മാണിസാറിന്റെ മറുപടികളെ ബഹിഷ്കരിക്കുന്നുണ്ടല്ലോ. അടിയന്തരപ്രമേയം അവതരിപ്പിക്കാൻ വരുന്നുണ്ടല്ലോ. പാർട്ടി നേതാക്കൻമാർ പറയുമ്പോൾ മുന്നിട്ട് ചാടി വീഴുന്നുണ്ടല്ലോ. ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഒരു സ്ഥാനാർത്ഥിക്ക് പണം വാങ്ങിയെന്ന് പറഞ്ഞ് നിങ്ങളുടെ പാർട്ടി കമ്മിറ്റി ചർച്ച ചെയ്തിട്ട് ലോകായുക്ത അത് അന്വേഷിക്കാൻ തീരുമാനമെടുത്തപ്പോൾ എന്തിനാണ് നിങ്ങളതിന് ഹൈക്കോടതിയിൽ പോയി സ്റ്റേ വാങ്ങിയത്. ആണത്വമുണ്ടെങ്കിൽ രണ്ട് മുഖം പാടില്ല. ഒരുമുഖമേ പാടുള്ളൂ. അന്വേഷണത്തെ നേരിടണം. മാണിസാർ അന്വേഷണത്തെ നേരിടണമെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ. പണം വാങ്ങുമ്പോഴും അതോർക്കണം. (...ബഹളം...)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: എന്തിനാണിങ്ങനെ ബഹളം വയ്ക്കുന്നത്.

<u>ശ്രീ. പി. കെ. ബഷീർ</u>: മാണി സാറിന്റെ പേരിൽ എഫ്.ഐ.ആർ. ഇട്ടു. നിങ്ങൾക്ക് ഒരു ധാരണയുണ്ട്. ആരുടെയെങ്കിലും പേരിൽ എഫ്.ഐ.ആർ. ഇട്ടാൽ അവരെ അറസ്റ്റ് ചെയ്യണമെന്ന്. ഞാൻ ചോദിക്കട്ടേ, ആഭ്യന്തരമന്ത്രിയായിരുന്ന ആളാണ് ശ്രീ. കോടിയേരി, മുഖ്യമന്ത്രിയായിരുന്നയാളാണ് ശ്രീ. വി.എസ്. അച്യുതാനന്ദൻ, അപ്പുറത്തിരിക്കുന്ന ശ്രീ. സി. ദിവാകരൻ, വലിയ വക്കീലാണെന്ന് പറയുന്ന ശ്രീ. മാത്യൂ റ്റി. തോമസ് ഇവരോടൊക്കെ ഞാൻ ചോദിക്കുകയാണ്. എഫ്.ഐ.ആർ. ഇടുമ്പോൾ തന്നെ ഒരാളെ അറസ്റ്റ് ചെയ്ത് കൊണ്ടുപോകാൻ പറ്റുമോ? ഒരു എഫ്.ഐ.ആർ.-ൽ എന്റെ പേരുണ്ടായിരുന്നുവല്ലോ, അന്ന് എന്നെ കൊണ്ടുപോയിരുന്നുവെങ്കിൽ എന്തായിരുന്നു സ്ഥിതി. തെറ്റു ചെയ്തു കഴിഞ്ഞാൽ തെറ്റാണെന്ന് ഏറ്റു പറയും, നിങ്ങളെപ്പോലെ രണ്ടു മുഖമൊന്നുമുണ്ടാകില്ല. എല്ലാ കാര്യത്തിലും ഒരേ നിലപാടെടുക്കണം. അല്ലാതെ എന്തിനാണ് ആവശ്യമില്ലാത്ത കാര്യങ്ങൾ ചെയ്യാൻ പോകുന്നത്. അതുപോലെ ബഹുമാനപ്പെട്ട ബാലേട്ടൻ ഇവിടെ പറഞ്ഞു, ഞങ്ങൾ ജനങ്ങളുടെ അടിത്തറയിലാണെന്ന്. മൂന്നരക്കൊല്ലം സരിത, കിരിതാ എന്നൊക്കെ പറഞ്ഞ്കൂട്ടി. പാർലമെന്റ് ഇലക്ഷന് 12 സീറ്റും, 90 അസംബ്ലിസീറ്റിലും ഭൂരിപക്ഷമുള്ളത് യു.ഡി.എഫ്.-നാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇന്ന് ഒരു സമരവും വിജയിക്കുകയില്ല. നിങ്ങൾ ജനങ്ങളിൽ നിന്ന് അകന്ന് പോയിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ കോൺഗ്രസ്സിനെ എന്തിനാണ് കുറ്റം പറയുന്നത്. നിങ്ങളുടെ സ്ഥിതി എന്താണ്? 46 ആളുകൾ ഉണ്ടായിരുന്നു ഇൻഡ്യൻ പാർലമെന്റിൽ, ഇപ്പോൾ 9 പേർ മാത്രമേയുള്ളൂ. അത് നിങ്ങൾ മനസ്സിലാക്കണം. സി.പി.ഐ.-യുടെ കാര്യം പോട്ടേ, നിങ്ങളുടെ മുഹബത്ത്, നല്ല മൊഞ്ചുള്ള

മൊഹബത്തിലാണല്ലോ സി.പി.എം. ഉം സി.പി.ഐ. യും തമ്മിൽ. ശ്രീ. പ്രകാശ് ബാബു, പണ്ട് എം.എൽ.എ. ആയിരുന്നു. ഇപ്പോഴാണ് ഓരോ സ്റ്റേറ്റുമെന്റുകൾ കാണുന്നത്, അതുപോലെ ബിനോയ് വിശ്വത്തിന് പിണറായിയുടെ കടുകട്ടി മറുപടി, എന്താണ് നിങ്ങളൊന്നും മിണ്ടാത്തത്? മാണിസാറേ, നിങ്ങൾ എല്ലാ പ്രതിസന്ധിയും തരണം ചെയ്ത ഒരു വ്യക്തിയാണ്. വളരെ ശക്തമായി ആരോപണങ്ങളെ പുച്ഛത്തോടെ തള്ളിക്കളഞ്ഞുകൊണ്ട് മുന്നോട്ട് പോകണമെന്ന ഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ പിൻതാങ്ങുന്നു.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. മലയാള മനോരമയിൽ വന്ന ഒരു എഡിറ്റോറിയലാണ് ഞാൻ ആദ്യം വായിക്കുന്നത്. സംസ്ഥാനത്തെ വാർഷിക പദ്ധതിക്ക് അനുവദിച്ച 22,762 കോടി രൂപയിൽ ആറു മാസം പിന്നിട്ടപ്പോൾ ഉള്ള ചെലവ് 4,174 കോടി രൂപ, സെപ്റ്റംബർ വരെ 30 ശതമാനം ചെലവ് ലക്ഷ്യമിട്ടിരുന്നിടത്താണ് 18.34 ശതമാനം മാത്രം ചെലവിട്ട് വാർഷിക പദ്ധതി മുടന്തുന്നത്. സർക്കാർ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ പദ്ധതി നിർവ്വഹണം തുടർന്നും അവതാളത്തിലാകുമെന്ന് ആശങ്കയുണ്ട്. ഇത് മലയാള മനോരമ പത്രം പറയുമ്പോൾ ഇതിന്റെ ഉത്തരവാദിത്വം ധനകാര്യവകുപ്പിനില്ലേ? ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് കൃത്യമായ തുക നൽകാതെ മറ്റാവശ്യങ്ങൾക്ക് ചെലവഴിക്കുന്ന അശാസ്ത്രീയമായ നടപടികൾ നിയന്ത്രിക്കാതെ സാമ്പത്തിക സ്ഥിതിയെ നിയന്ത്രിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഇക്കാര്യത്തിൽ ഒരു റോളും ഇല്ലേ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ് കൺക്ലൂഡ്.....അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ഇതോടൊപ്പം തന്നെ അനുവദിക്കുന്ന തുക വികസനപ്രവർത്തനങ്ങൾക്കായി ചെലവഴിക്കാതിരിക്കുകയും പുതിയ നികുതി നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നത് ആശാസ്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇന്ന് രാവിലെ പറഞ്ഞ ഒരു കാര്യത്തിനുകൂടി മറുപടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ബി.ജെ.പി.-യുടെ കൂടെ കോൺഗ്രസ്സ് ഒരിക്കലും കൂടിയിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ബി.ജെ.പി. യും കോൺഗ്രസ്സും കൂടിചേർന്നല്ലേ വി.പി. സിംഗ് ഗവൺമെന്റിനെ താഴെയിറക്കിയത്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുകയാണ്. സാമ്പത്തിക മേഖലയിലെ വെല്ലുവിളികളെ അവഗണിച്ചു കൊണ്ട് വളരെ സമർത്ഥമായ നിലയിൽ ഈ ധനകാര്യവകുപ്പിനെ മുന്നോട്ട് കൊണ്ടുപോകുന്ന ബഹുമാനപ്പെട്ട മാണിസാറിനെ ഞാൻ അഭിനന്ദിക്കുകയാണ്. ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ സന്ദർഭത്തിലും റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെ വിലയിടിവും വിപണിയിലുണ്ടാകുന്ന മാന്ദ്യം ഇങ്ങനെയുള്ള പല കാരണങ്ങളാണ് നമ്മുടെ സാമ്പത്തിക മേഖലയിൽ ഇത്തരത്തിലുള്ള ഒരു ഞെരുക്കത്തിന് കാരണമെന്ന് നമ്മൾക്കെല്ലാപേർക്കുമറിയാം. ഈ സന്ദർഭത്തിൽ വളരെ വിദഗ്ദ്ധമായ രീതിയിൽ ധനകാര്യ മാനേജ്മെന്റ് കൊണ്ടുപോകുകയെന്നുള്ളത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇത്തരമൊരു സന്ദർഭത്തിലാണ് വളരെ വിൽപ്പവറോടുകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത്തരത്തിൽ മുന്നോട്ട് പോകുന്നത്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 106810 പുതിയ നിയമനങ്ങൾ നടത്തുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന് ഇതേ കാലയളവിൽ കേവലം 60,000 പേർക്ക് മാത്രമാണ് ജോലി കൊടുക്കാൻ കഴിഞ്ഞത്. 25,000 ത്തോളം പുതിയ തസ്തിക സൃഷ്ടിക്കാനായി ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ നിന്ന് പുറത്തുപോയത് വലിയ സാമ്പത്തിക ബാദ്ധ്യത പുതിയ ഗവൺമെന്റിന് നൽകിക്കൊണ്ടാണ്. ആ ബാദ്ധ്യതകളൊക്കെ ചുമലിൽ വച്ചുകൊണ്ടാണ് ധനകാര്യവകുപ്പ് മന്ത്രി മുന്നോട്ട് പോയിക്കൊണ്ടിരുന്നത്. നമ്മുടെ സംസ്ഥാനത്ത് 8 പുതിയ മെഡിക്കൽ കോളേജുകൾ, പുതിയ 12 താലൂക്കുകൾ, കോളേജുകൾ ഇല്ലാത്ത എല്ലാ നിയോജക മണ്ഡലങ്ങളിലും കോളേജുകൾ, 18 പുതിയ ട്രഷറികൾ എന്നിവയാരംഭിച്ചു. വിവിധ ക്ഷേമപെൻഷനുകളുടെ തുക വർദ്ധിപ്പിക്കാനും ശമ്പള കമ്മീഷനെ നിയമിക്കുവാനും സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകാനുമുള്ള നടപടികൾ സ്വീകരിച്ചു. ഡി.എ. അനുവദിക്കുകയും ബോണസ്സ്, ഫെസ്റ്റിവൽ അലവൻസ് എന്നിവ വർദ്ധിപ്പിച്ചു കൊടുക്കുകയും ഗവൺമെന്റ് ജീവനക്കാർക്ക് എൽ.ടി.സി. അനുവദിച്ചതും ഈ ഗവൺമെന്റാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി, ടെക്നോപാർക്ക്, ഇൻഫോസിസിന്റെ രണ്ടാം ഘട്ടം, കോഴിക്കോട് സൈബർ പാർക്കിന്റെ നിർമ്മാണം, കണ്ണൂർ വിമാനത്താവളം തുടങ്ങിയ നിലവിലുള്ള വികസന പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ക്ഷേമ പദ്ധതികളിൽ തുക വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റാണ്. കർഷക തൊഴിലാളി പെൻഷൻ തുടങ്ങി കർഷക പെൻഷൻ വരെയുള്ള പെൻഷൻ

പദ്ധതികൾ സമൃദ്ധമായി നടപ്പിലാക്കുന്നതിന് വലിയ നേതൃത്വം കൊടുത്തത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ്. കാരുണ്യ ബനവലന്റ് പദ്ധതി, ലോക ചരിത്രത്തിൽ റിക്കോർഡ് സംഭവമാണ്. 65000 പേർക്ക് 58 കോടി രൂപയുടെ സാമ്പത്തിക സഹായം ചെയ്ത ഗവൺമെന്റ്. ഈ സന്ദർഭങ്ങളിലൊക്കെ പ്രശ്നങ്ങളും പ്രതിസന്ധിയുമൊക്കെയുണ്ടാകുമ്പോഴും കരുണയോടുകൂടി രോഗികളേയും കഷ്ടപ്പെടുന്നവരേയും ഒക്കെ തലോടിക്കൊണ്ട് പോകുന്ന ഒരു ദയയുള്ള ഒരു മന്ത്രിയെയാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്. ഇവിടെ ബഹുമാനപ്പെട്ട മാണിസാറിനെക്കുറിച്ച് പ്രതിപക്ഷം ഒരുപാട് ആരോപണങ്ങൾ ഉന്നയിക്കുകയാണ്. ഇതൊക്കെ കേൾക്കുമ്പോൾ ഞങ്ങൾക്ക് വലിയ വിഷമം തോന്നുകയാണ്. ബഹുമാനപ്പെട്ട മാണിസാർ 50 വർഷക്കാലം വലിയ നിലയിലുള്ള രാഷ്ട്രീയ പ്രവർത്തനം നടത്തിയിട്ടുള്ളയാളാണ്. ഒരു നിയോജകമണ്ഡലത്തിൽ നിന്ന് തുടർച്ചയായി തെരഞ്ഞെടുക്കപ്പെടുകയാണ്. പരാജയമെന്തെന്നറിയാത്ത ഒരു രാഷ്ട്രീയ നേതാവാണ് മാണിസാർ. അദ്ദേഹം അവതരിപ്പിച്ച 12 ബഡ്ജറ്റുകൾ, കേരളത്തിന്റെ ചരിത്രത്തിലെ പൊൻതൂവലുകളായി മാറിയിട്ടുള്ള ബഡ്ജറ്റുകളാണ്. മന്ത്രി എന്ന നിലയിൽ അദ്ദേഹം വഹിച്ച വകുപ്പുകൾ എത്രയോ സ്തുത്യർഹമായ രീതിയിൽ നിർവഹിക്കുകയുണ്ടായി. ഏതൊരാളോടും വളരെ സൗമ്യനായി പെരുമാറുകയും ചോദിക്കുന്ന കാര്യങ്ങൾക്കൊക്കെ കൈയയച്ച് സഹായം ചെയ്യുന്ന ഒരു മന്ത്രിയെ, ഒരു ജനനേതാവിനെ അനാവശ്യമായ, അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട്, ചെളിവാരിയെറിയാൻ മനഃസാക്ഷിയുള്ള ഒരു പൊതുപ്രവർത്തകന് സാധിക്കുമോയെന്നാണ് ഞങ്ങൾ ചോദിക്കുന്നത്. ഒരു കാര്യം വളരെ യാഥാർത്ഥ്യമാണ്, ബഹുമാന്യനായ മാണിസാറിനെ ഞങ്ങൾക്കൊക്കെ വിശ്വാസമുണ്ട്, കേരളത്തിലെ ജനങ്ങൾക്ക് വിശ്വാസമുണ്ട്, അണിഞ്ഞിരിക്കുന്ന തൂവെള്ള വസ്ത്രം പോലെ തന്നെ വെണ്മയുള്ള മനസ്സാണ്, ചിന്തയാണ് അദ്ദേഹത്തിനുള്ളതെന്ന് മനസ്സിലാക്കാൻ നിങ്ങൾ തയ്യാറാകണം. ഇവിടെ ആരോപണമുന്നയിക്കുന്ന ചില രാഷ്ട്രീയ നേതാക്കൻമാരെ നമുക്കറിയാം, ഇൻഡ്യൻ ജനാധിപത്യമെന്നു പറയുന്നത് ഏറ്റവും വലിയ മാതൃകയാണ്. നമ്മുടെ ഇൻഡ്യൻ ജനാധിപത്യത്തിന്റെ ശ്രീകോവിലെന്നു പറയുന്നത് ഇൻഡ്യൻ പാർലമെന്റാണ്. ഇൻഡ്യൻ പാർലമെന്റിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ തിരുവനന്തപുരത്തെ പാർലമെന്റ് മണ്ഡലത്തിൽ നിന്നും സ്ഥാനാർത്ഥിയെ നിർണ്ണയിക്കുന്നതിന് വേണ്ടി കോടിക്കണക്കിന് രൂപ കോഴ വാങ്ങിയ ഒരു പാർട്ടി, ആ പാർട്ടി അന്വേഷണം നടത്തി, മറ്റുള്ളവരും അന്വേഷണം നടത്തി, എല്ലാപേരും കുറ്റം ചെയ്തു എന്ന് കണ്ടെത്തിയിരിക്കുന്ന ഒരു രാഷ്ട്രീയ

പാർട്ടി ഇവിടെ ആരോപണങ്ങൾ ഉന്നയിക്കുന്നു. അതിനു പുറകെ പന്ന്യൻ രവീന്ദ്രൻ പിണറായി വിജയനെതിരെ ആരോപണമുന്നയിക്കുന്നു. പിണറായി വിജയൻ പന്ന്യൻ രവീന്ദ്രനെതിരെ ആരോപണമുന്നയിക്കുന്നു. ആരോപണവും, പ്രത്യാരോപണവും, പരിഹാസവും, ആക്ഷേപവും ഉണ്ടാകാത്ത ഒരു ദിവസം പോലുമില്ല. ഇതിനെ സംബന്ധിച്ചിടത്തോളം ആർക്കും .......(ബഹളം)............

ശ്രീ. കെ. രാജു: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. രാജു: സർ, ശ്രീ. തോമസ് ഉണ്ണിയാടൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അവാസ്തവമായിട്ടുള്ള ഒരു പ്രസ്താവനയാണ് ഇവിടെ നടത്തിയിരിക്കുന്നത്. അതായത് സി.പി.ഐ.-യുടെ പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആ പാർട്ടി കോഴ വാങ്ങിച്ചുകൊണ്ട് സീറ്റ് കൊടുത്തുവെന്ന് അദ്ദേഹം നിയമസഭയിൽ ഉന്നയിച്ചത് കളവായ പ്രസ്താവനയാണ്, അങ്ങനെ ഒരു സംഭവമുണ്ടായിട്ടില്ല, അങ്ങനെയൊരു കമ്മീഷനും കണ്ടെത്തിയിട്ടില്ല. അതുകൊണ്ട് ആ പരാമർശം രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി.ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട രാജു, ബഹളത്തിനിടയിൽ ചെയർ അത് കേട്ടില്ല. ചെയർ അത് പരിശോധിക്കാം. ***

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാരണം ഈ ഗവൺമെന്റ് ജനക്ഷേമകരമായ എല്ലാ പദ്ധതികളും മരവിപ്പിച്ചിരിക്കുന്നതിനാൽ വികസന മേഖലയിൽ മുരടിപ്പ് അനുഭവപ്പെടുകയാണ്. അതിലുപരിയായി ഈ ഗവൺമെന്റിനും ധനകാര്യ വകുപ്പുമന്ത്രിക്കും ഇങ്ങനെയൊരു ധനാഭ്യർത്ഥനയുമായി സഭയെ സമീപിക്കാനുള്ള ധാർമ്മികത നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ വിഷയങ്ങളെപ്പറ്റി പറയുകയാണെങ്കിൽ ഒരുപാട് കാര്യങ്ങൾ എനിക്ക് പറയാനുണ്ട്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. എനിക്ക് ഒറ്റ കാര്യം മാത്രമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും ഭരണപക്ഷത്തോടും അപേക്ഷിക്കാനുള്ളത്. ഇവിടെ ശ്രീ. കെ.എം. മാണി സാറിനെതിരെ ആരോപണമുന്നയിച്ചത് ഒരു ബാറുടമയാണ്. അദ്ദേഹത്തിനെതിരെ വക്കീൽ നോട്ടീസ് അയച്ചതിനെത്തുടർന്ന് ബാറുടമയായ ശ്രീ. ബിജു രമേശ് ഒരു മറുപടി അയച്ചിട്ടുള്ളത് ഞാൻ ഈ ആരോപണത്തിൽ ഉറച്ച് നിൽക്കുന്നു. ധൈര്യമുണ്ടെങ്കിൽ എന്റെ പേരിൽ നടപടിയെടുക്കാൻ തയ്യാറുണ്ടോ' എന്ന് ചോദിച്ചുകൊണ്ടുള്ള ആ കത്തിന് നാളിതുവരെയായി ധനകാര്യ വകുപ്പുമന്ത്രിയോ ഗവൺമെന്റോ മറുപടി പറഞ്ഞിട്ടില്ല. അതിന് മറുപടി പറയാൻ തയ്യാറുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. എളമരം കരീം : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. ഈ ഗവൺമെന്റിന് എന്തിനാണ് ധനാഭ്യർത്ഥനയിലൂടെ പണമനുവദിക്കുന്നത്. കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ട ഒരു സർക്കാരാണിത്. കേരളത്തിൽ ഒരു വികസന പ്രവർത്തനങ്ങളും നടക്കുന്നില്ല. എല്ലാ വികസന പ്രവർത്തനങ്ങളും തകർന്നു. പെൻഷൻ കൊടുക്കാനും ശമ്പളം കൊടുക്കാനും കഴിയാത്ത ഒരു ദയനീയാവസ്ഥയാണ് ഈ ഗവൺമെന്റിനുള്ളത്. റബ്ബർ കൃഷി തകർന്നു, റബ്ബർ കൃഷിക്കാരെ തകർച്ചയിൽ നിന്നും സംരക്ഷിക്കാൻ വേണ്ടിയുള്ള ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. നിങ്ങൾ പ്രഖ്യാപിച്ച സാമ്പത്തികാശ്വാസം കൊണ്ട് റബ്ബർ കർഷകർക്ക് എന്തെങ്കിലും ആശ്വാസം കൊടുക്കാൻ സാധിച്ചോ? ബഹുമാനപ്പെട്ട കെ.എം മാണി സാറും ശ്രീ ഉമ്മൻചാണ്ടിയും ആസിയാൻ കരാർ വന്നപ്പോൾ പറഞ്ഞത് റബ്ബർ protected ലിസ്റ്റിലാണെന്നും അത് റബ്ബറിനെ ബാധിക്കില്ലെന്നുമാണ്. അന്ന് പ്രക്ഷോഭം നടത്തിയവരെ പരിഹസിച്ചു. ഇന്ന് റബ്ബർ കർഷകരുടെ അവസ്ഥ എന്താണ്? എന്തിനാണ് കേരള കോൺഗ്രസ്സെന്ന് പറയുന്ന പാർട്ടി? കേരളത്തിന്റെ പ്രത്യേക താൽപര്യത്തെ സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾക്ക് കോൺഗ്രസ്സായാൽ പോരെ. എന്തിന് ഇങ്ങനെയൊരു നയവുമായിട്ട് കേരള കോൺഗ്രസ്സെന്നും പറഞ്ഞ് നടക്കുന്നു. എവിടെപ്പോയി നിങ്ങളുടെ അദ്ധ്വാന വർഗ്ഗ സിദ്ധാന്തം? നിങ്ങൾക്ക് എന്ത് ബദൽ നയമാണ് മുന്നോട്ട് വയ്ക്കാനുള്ളത്. നിങ്ങളുടെ വികസന പദ്ധതികളായ കോച്ച് ഫാക്ടറി, ഐ.ഐ.ടി., വിഴിഞ്ഞം പദ്ധതി ഇവയൊക്കെ എവിടെ? എന്തിനാണ് ഈ പണം അനുവദിക്കുന്നത്. നിങ്ങളുടെ സപ്തധാരാ പദ്ധതി, ഏഴ് പദ്ധതികൾ പറഞ്ഞില്ലേ സുതാര്യവും അഴിമതി രഹിതവുമായ ഭരണം - അതാണല്ലോ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. സാമ്പത്തിക രംഗത്ത് വളർച്ചയുണ്ടാക്കാനും തൊഴിലില്ലായ്മ പരിഹരിക്കാനുമുള്ള യാതൊരു നടപടിയും ഈ മൂന്നര വർഷത്തിനുള്ളിൽ നടന്നിട്ടില്ല. സുശക്തമായ അടിസ്ഥാന സൗകര്യങ്ങൾ എവിടെ നടന്നു? നിങ്ങളുടെ ഈ സപ്തധാരാ പദ്ധതിയുടെ ഭാഗമായി ഏതെങ്കിലുമൊരു കാര്യം നടന്നതായി പറയാൻ പറ്റുമോ? എമർജിംഗ് കേരള എന്ന പദ്ധതി പരാജയപ്പെട്ടുവെന്ന് നിങ്ങളും സമ്മതിക്കുന്നില്ലേ. കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ പറ്റുന്ന മെഗാ പദ്ധതികളിൽ ഏതെങ്കിലുമൊന്നു നടന്നോ? കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ എന്ന കമ്പനിക്ക് പ്രോജക്ടിന്റെ ചുമതല കൊടുത്തു ഇൻവെസ്റ്റിഗേഷൻ നടത്താൻ സാധിച്ചോ? കോഴിക്കോട് - തിരുവനന്തപുരം മോണോ റെയിൽ പദ്ധതി പാതി വഴിക്ക് ഉപേക്ഷിച്ചു. ഇപ്പോൾ ലൈറ്റ് മെട്രോയെന്ന പദ്ധതിക്ക് വേണ്ടി ചർച്ച നടക്കുകയാണ്. കൊച്ചി

കോയമ്പത്തൂർ ഇടനാഴി സാധ്യതാ പഠനം എവിടെയെത്തി? സ്മാർട്ട് സിറ്റി കരാർ പ്രകാരമുള്ള കെട്ടിടനിർമ്മാണം നടക്കുന്നുണ്ടോ? കൊല്ലം കോട്ടപ്പുറം ദേശീയ ജലപാത നടക്കുന്നുണ്ടോ? എൽ.എൻ.ജി. ടെർമിനൽ പദ്ധതിയുടെ പൈപ്പ് ലൈൻ പൂർത്തിയാക്കൽ സാധിക്കുന്നുണ്ടോ? ഇനി ഏത് പദ്ധതിക്കാണ് നിങ്ങൾ പണം ചോദിക്കുന്നത്? കരുതലും വികസനവും - ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ പ്രധാന വാഗ്ദാനങ്ങളാണ്. ഇതിൽ പറഞ്ഞ ഏതെങ്കിലുമൊരു കാര്യം ഈ മൂന്നരക്കൊല്ലം കൊണ്ട് നിങ്ങൾ നടപ്പിലാക്കിയോ? 2011-16 കാലയളവിൽ ഒരു ലക്ഷം കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികളിൽ എത്ര പദ്ധതികൾ നടപ്പാക്കി? വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ 17 ചെറുകിട തുറമുഖങ്ങളുടെ വികസനം, കാപ്പിറ്റൽ സിറ്റിയുടെ ഡെവലപ്മെന്റ്, എല്ലാ നഗരങ്ങളിലും പി.പി.പി. മോഡൽ വാഹന പാർക്കിംഗ് സൗകര്യം. 550 കി.മീ. ദൈർഘ്യമുള്ള തീരദേശ ഹൈവേ, ശബരിമല റോഡ് എൻ.എച്ച്. ആക്കാനുള്ള നിർദ്ദേശം ഇങ്ങനെ പോകുന്ന വാഗ്ദാനങ്ങൾ. ഇപ്പോൾ സീ പ്ലെയിനും പോയി എല്ലാംപോയി. എല്ലാ കാര്യങ്ങളിലും പരാജയം മാത്രമുള്ള കൂട്ടുത്തരവാദിത്തമില്ലാത്ത ഈ സർക്കാർ എന്തിനാണ് ധനമഭ്യർത്ഥിക്കുന്നത്. കെ.എസ്.ആർ.ടി.സി-യിലെ ഒരു പെൻഷണറുടെ ആത്മഹത്യാപ്രശ്നം സംബന്ധിച്ച അടിയന്തരപ്രമേയം ചർച്ചചെയ്തു കൊണ്ടാണ് ഇന്ന് സഭയാരംഭിച്ചത്. കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ സ്ഥിതിയുടെ ഉത്തരവാദിത്തമാർക്കാണ്? ധനകാര്യ വകുപ്പ് മന്ത്രിക്ക് ആ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞു മാറാൻ പറ്റുമോ? ഇത് കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നടത്തിയ ചർച്ചയുടെ ഒരു minutes ആണ്. ഇത് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി, ട്രാൻസ്പോർട്ട് വകുപ്പ് യൂണിയനുകൾക്ക് നൽകിയ minutes-ന്റെ പകർപ്പാണ്. അംഗീകൃത തൊഴിലാളി സംഘടനകളുമായി 26-8-2014-ൽ ഉച്ചയ്ക്ക് മൂന്ന് മണിക്ക് ബഹുമാനപ്പെട്ട ഗതാഗത മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സിൽ പറയുന്നത്, 'കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി തയ്യാറാക്കിയ പുനരുദ്ധാരണ പാക്കേജിലെ പ്രധാന നിർദ്ദേശമായ പെൻഷൻ ഫണ്ട് രൂപീകരിക്കുന്ന കാര്യത്തിൽ ധനവകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചിരിക്കുന്നതിനാൽ.........' അതുകൊണ്ട് അത് നടപ്പാക്കാൻ സാധിച്ചിട്ടില്ലായെന്നാണ്. ആ പെൻഷൻ പദ്ധതി നടപ്പിലാകില്ലെന്ന് മനസ്സിലാക്കി അതിൽ നിരാശരായ 19 തൊഴിലാളികൾ ആത്മഹത്യ ചെയ്തു. ഈ ആത്മഹത്യയ്ക്ക് പ്രേരകയായ നടപടി സ്വീകരിച്ച അങ്ങയുടെ പേരിൽ ആത്മഹത്യാ പ്രേരണകുറ്റത്തിന് കേസ്സെടുക്കണ്ടേ? അതിലെ ഒന്നാം

സാക്ഷി ഗതാഗത വകുപ്പ് മന്ത്രിയുമാണ്, ഈ നിലയിലല്ലേ കാര്യങ്ങൾ പോകുന്നത്. എങ്ങനെയാണ് നിങ്ങൾ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ പോകുന്നത്? കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ. ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിന്നുപോയാൽ കേരളത്തിലെ ഗതാഗത പ്രശ്നമെന്തായിരിക്കും? അതിനൊരു സമഗ്രമായ പാക്കേജില്ലാതെ എല്ലാ മാസവും കടം വാങ്ങി ശമ്പളം കൊടുക്കാൻ സാധിക്കുമോ? എത്ര ദിവസമായി തൊഴിലാളികൾ സെക്രട്ടേറിയറ്റിനു മുന്നിൽ സമരം ചെയ്തു വരുന്നു. അത് ഏതെങ്കിലും പ്രതിപക്ഷമെന്ന് പറഞ്ഞ് ആക്ഷേപിക്കാൻ കഴിയുമോ? ഐ.എൻ.ടി.യു.സി. നേതൃത്വത്തിലുള്ള തൊഴിലാളി ഫെഡറേഷൻ സമരപ്പന്തൽ കെട്ടി അവരും അനിശ്ചിതകാല സമരം നടത്തിക്കൊണ്ടിരിക്കുകയല്ലേ? ഇങ്ങനെയാണോ ഒരു പൊതുമേഖല വ്യവസായത്തിലെ തൊഴിലാളി പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടത്. അവരുമായി ഒരു പാക്കേജിനെപ്പറ്റി ചർച്ചചെയ്ത് ആ സ്ഥാപനത്തെ പുനരുദ്ധരിക്കാനുള്ള നടപടികളെപ്പറ്റി ഗവൺമെന്റ് ആലോചിക്കണ്ടേ? ഇന്നലെ ആ തൊഴിലാളിയുടെ മൃതശരീരം സമരപ്പന്തലിന്റെ മുമ്പിലെത്തിച്ചപ്പോൾ അവിടെ ഐ.എൻ.ടി.യു.സി. നേതാവ് ആ മൃതശരീരത്തിന്റെ മുമ്പിൽ നിന്നുകൊണ്ട് മാധ്യമങ്ങളോട് സംസാരിച്ചത് കേരളത്തിലെ ഗവൺമെന്റ് നന്ദികെട്ട ഗവൺമെന്റാണെന്നാണ്. അതിന് ശ്രീ. വി. എസ്. സുനിൽകുമാറും ഞാനും സാക്ഷിയാണ്. ഞങ്ങൾ അവിടെ പോയിരുന്നു. അവരുടെ വികാരം നിങ്ങൾ കാണുന്നുണ്ടോ? ആനപ്പുറത്തു നിന്ന് താഴെയിറങ്ങി പാവപ്പെട്ട തൊഴിലാളികളുടെയും പാവപ്പെട്ട ജനങ്ങളുടെയും പ്രശ്നങ്ങൾ മനസ്സിലാക്കണം. അവരല്ലേ നിങ്ങളെ എം.എൽ.എ.-മാരാക്കി അധികാരത്തിലേയ്ക്ക് കൊണ്ടുവന്നത്? ട്രേഡ് യൂണിയൻ നേതാവായ ശ്രീ. ആര്യാടൻ മുഹമ്മദ് ഉപ്പെടെയുള്ളവർ ഇവിടെ ഇരിക്കുന്നുണ്ടല്ലോ. ഈ വികാരം നിങ്ങൾക്ക് മനസ്സിലാക്കാൻ പറ്റുന്നില്ലേ? ഈ ട്രാൻസ്പോർട്ട് കോർപ്പറേഷനെ സംരക്ഷിക്കുന്നതിന് സമഗ്രമായൊരു പദ്ധതിയാവിഷ്കരിക്കണ്ടേ? അതെങ്കിലും അവതരിപ്പിക്കാതെ എന്തിനാണ് ഈ ധനാഭ്യർത്ഥന. ഓരോ മാസവും ശമ്പളം കൊടുക്കാൻ ആയിരം കോടി വീതം കടമെടുക്കേണ്ടിവരുന്ന ഒരവസ്ഥ ചരിത്രത്തിലെപ്പോഴെങ്കിലുമുണ്ടായിട്ടുണ്ടോ? പെൻഷൻ കൊടുക്കാൻ പറ്റുന്നില്ല, ഒരു പെൻഷൻ പദ്ധതിയുമില്ല പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർക്ക് കാശ് കൊടുക്കാനില്ലാത്തതുകൊണ്ട് നാട്ടിലെ വികസന പദ്ധതികൾ മുഴുവൻ മുടങ്ങി. എം.എൽ.എ.-മാർ ആസ്തിവികസന ഫണ്ടുപയോഗിച്ച് പ്രവർത്തിക്ക് വളരെ കഷ്ടപ്പെട്ട് സാങ്ഷൻ വാങ്ങിച്ച് ടെണ്ടർ ചെയ്താൽ ഒറ്റ കരാറുകാരനും പണി എടുക്കുന്നില്ല. ഒരു നിർമ്മാണ പ്രവർത്തനവും ഈ നാട്ടിൽ

നടക്കുന്നില്ല. നിർമ്മാണ തൊഴിലാളികൾക്ക് ജോലിയില്ല. കയർ തൊഴിലാളികളുടെ ജോലി നഷ്ടപ്പെട്ടു. ആശാവർക്കേഴസ് കഴിഞ്ഞ പത്തു ദിവസമായി സമരം ചെയ്തു വരികയാണ് ഇന്നലെയാണ് ആരോഗ്യ വകുപ്പമന്ത്രിയുമായി ചർച്ച ചെയ്തു താൽക്കാലികമായി ഒത്തുതീർപ്പുണ്ടാക്കിയത്. ഇതിനുവേണ്ടി എത്ര ദിവസങ്ങളാണ് ആ സ്ത്രീ ജീവനക്കാർക്ക് അവിടെ സമരം ചെയ്യേണ്ടി വന്നത്. നഴ്സിംഗ് റാങ്ക് ലിസ്റ്റിൽപ്പെട്ടവർ തുടങ്ങി എല്ലാപേരും സമരത്തിലാണ്, നിങ്ങൾ എല്ലാ ഡിപ്പാർട്ടുമെന്റുകളോടും ഒഴിവുകൾ റിപ്പോർട്ടുചെയ്യുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. അവരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നു. കമാന്റോ റാങ്ക് ലിസ്റ്റിലുള്ളവർ കെട്ടിടത്തിന്റെ മുകളിൽ നിന്ന് ആത്മഹത്യാ ഭീഷണി മുഴക്കുന്നു, ഇതാണ് തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ അവസ്ഥ. നിങ്ങളും ഞങ്ങളും ഈ ഹാളിനുള്ളിൽ സുരക്ഷിതരാണ്. എവിടെ സംരംഭകത്വമിഷൻ? എവിടെ തൊഴിലില്ലായ്മ നിർമാർജ്ജന പദ്ധതികൾ? എവിടെ വ്യവസായ വികസന പദ്ധതികൾ? ഇതൊന്നും നടപ്പാക്കാതെ നിങ്ങൾക്ക് ഒരു ഗവൺമെന്റെന്നുള്ള നിലയിൽ തുടരാൻ കഴിയുമോ? ഐക്യ ജനാധിപത്യ മുന്നണിയിൽ ഐക്യമില്ല. ഈ ഐക്യജനാധിപത്യമുന്നണിയുടെ നേതൃത്വം കോൺഗ്രസ്സിനല്ലേ? സ്വന്തം ഘടകകക്ഷിയായിരുന്ന ജെ.എസ്.എസ്സ്.-നെയും സി.എം.പി. യെയും കോൺഗ്രസ്സ് പിളർത്തി. ഇന്ന് എവിടെയാണ് അവർ നിൽക്കുന്നത്? ആർ. ബാലകൃഷ്ണപിള്ള പാർട്ടിയെ നിങ്ങൾ ഒന്നുമല്ലാതാക്കി മാറ്റി. ആകെയുള്ള ഒരു എം.എൽ.എ. ഇപ്പോൾ എവിടെയാണ് നിൽക്കുന്നതെന്ന് ആർക്കുമറിയില്ല. ഈ മുന്നണിയിലെ മറ്റൊരു പ്രധാന ഘടകകക്ഷിയായ കേരള കോൺഗ്രസ്സിനെ കോൺഗ്രസ്സ് പാർട്ടിയെന്താ ചെയ്തത്. നിങ്ങൾ ഇന്ന് ഈ ഗതികേടിലെത്തിയതിന്റെ ഉത്തരവാദിത്തം കോൺഗ്രസ്സിനല്ലേ? അത് തുറന്ന് പറയുവാനുള്ള ആർജ്ജവമെങ്കിലും കേരളാ കോൺഗ്രസ്സ് കാണിക്കുമോ? രാഷ്ട്രീയ ഗൂഢാലോചനയെന്നാണ് പറയുന്നത് എന്ത് രാഷ്ട്രീയ ഗൂഢാലോചനയാണ്? ഞങ്ങളുടെ നാട്ടിലെ ചില സ്ത്രീകൾ ഭർത്താക്കന്മാരെക്കുറിച്ച് പറയുന്നത് കുട്ടികളുടെ അച്ഛനെന്നാണ്. പേര് പറയുവാനുള്ള മടികൊണ്ട് കുട്ടികളുടെ അച്ഛനെന്നാണ് വിളിക്കുന്നത്. ആരാണ് ഈ രാഷ്ട്രീയ ഗൂഢലോചന നടത്തിയത്? നിങ്ങൾക്കെതിരെയുള്ള ആരോപണമുന്നയിച്ചത് പ്രതിപക്ഷത്തുനിന്നല്ല നിങ്ങൾക്കെതിരെ ആരോപണമുന്നയിച്ചതും കേസ്സിൽ പ്രതിയാക്കിയതും നിങ്ങളുടെ കൂടെയിരിക്കുന്ന ഘടക കക്ഷി നേതൃത്വ പാർട്ടികളുടെ നേതാക്കന്മാരാണ്. അവരുടെ ഒത്താശയോടുകൂടി നിങ്ങളെ രാഷ്ട്രീയമായി തകർക്കാൻ വേണ്ടിയുള്ള രാഷ്ട്രീയ ഗൂഢാലോചനയായിരുന്നു. ഒരു കാട്ടിൽ രണ്ട് സിംഹം വേണ്ട, കോട്ടയത്ത് മറ്റൊരു നേതൃത്വം വേണ്ട. ഒരിക്കൽ താങ്കൾ

മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ ഡൽഹിയിലേക്ക് പോയതാണ്. ആരാണത് തകർത്തത്? കോൺഗ്രസ്സല്ലേ? മകന്റെ സത്യപ്രതിജ്ഞ തകർത്തത് കോൺഗ്രസ്സ്പാർട്ടിയല്ലേ? ഇതെല്ലാം ചെയ്ത് കഴിഞ്ഞിട്ട് നിങ്ങൾ ആരുടെ അനൈക്യത്തെക്കുറിച്ചാണ് പറയുന്നത്. മുസ്ലീം ലീഗിനെ നിർവീര്യമാക്കാനുള്ള രാഷ്ട്രീയ ഗൂഢാലോചന കോൺഗ്രസ്സ് നേതൃത്വത്തിനില്ലേ? ഈ കോൺഗ്രസ്സ് എല്ലാ ഘടക കക്ഷികളേയും കുടുക്കും. കാട്ടു പൂച്ച പ്രസവിച്ചു കഴിഞ്ഞാൽ മക്കളെ തിന്നുന്ന സ്വഭാവമുണ്ടെന്ന് കേട്ടിട്ടുണ്ട്. ആ സ്വഭാവത്തിലാണ് ഇന്ന് കോൺഗ്രസ്സ്. ഇവിടെ അഴിമതി ആരോപണത്തിന് വിധേയമായ കേസ്സിൽ പ്രതിയായ ധനകാര്യ വകുപ്പുമന്ത്രി, ആ സ്ഥാനത്തിരുന്നുകൊണ്ട് ധനവിനിയോഗ ബില്ല് അവതരിപ്പിക്കുന്നത് അധാർമ്മികമാണ്, അന്യായമാണ്, നിയമ വിരുദ്ധമാണ് അതുകൊണ്ട് ഞാൻ ഈ ധന വിനിയോഗ ബില്ലുകളെ എതിർക്കുന്നു.

(ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റ ഉടൻതന്നെ പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും പ്ളക്കാർഡുകൾ ഉയർത്തിക്കാണിച്ച് ഡയസ്സിനു മുന്നിലേക്ക് വന്ന് സഭാ നടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, എളമരമെന്നാണ് പേര്, വളരെ മൃദുവായസ്വഭാവമായിരുന്ന എളമരത്തിന്റേത്. (ബഹളം)...... പക്ഷേ ഇന്ന് വലിയ ഹാർഡായി........വലിയ കട്ടിയായി ....... (ബഹളം)......(ബഹളം)......ഇവിടെ ശ്രീ. ചിറ്റയം ഗോപകുമാറും ശ്രീ. ജോസ് തെറ്റയിലും പറഞ്ഞത് 24 ശതമാനം മാത്രമേ ബഡ്ജറ്റിൽ ചെലവഴിച്ചിട്ടുള്ളൂവെന്നാണ്. അങ്ങനെയല്ല, 50 ശതമാനം ചെലവഴിക്കപ്പെട്ടിട്ടുണ്ട്. കൃത്യമായി പറഞ്ഞാൽ 49.86 ശതമാനം. മാനനഷ്ടക്കേസ് കൊടുത്തോ, നോട്ടീസ് അയച്ചുകൊടുത്തോയെന്ന് ശ്രീ. എ. കെ. ശശീന്ദ്രൻ ചോദിച്ചു. അതിനുള്ള നടപടികൾ വരാൻപോകുകയാണ്. അത് കാത്തിരുന്നു കാണുക എന്നുമാത്രമേ എനിക്ക് അതിനെപ്പറ്റി പറയാൻ സാധിക്കുകയുള്ളൂ ........(ബഹളം)......

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിനുസമീപംനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നിങ്ങൾക്ക് മാണി സാറിന്റെ മറുപടി കേൾക്കാൻ ധൈര്യമുണ്ടോ?........(ബഹളം)......എന്തിനാണ് നിങ്ങൾ ഭയപ്പെടുന്നത്......... (ബഹളം)...... മറുപടി പറയും. ........(ബഹളം)...... നിങ്ങൾക്ക് മറുപടി കേൾക്കാൻ ഭയമാണ്. ഇത് എന്തൊരു ജനാധിപത്യമാണ്.........(ബഹളം)......മാണി സാറിന്റെ മറുപടി കേൾക്കൂ. ........(ബഹളം)......

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ശ്രീ. എ. കെ. ശശീന്ദ്രനോട് പറയുവാനുള്ളത്, അതിന് കേസ് കൊടുക്കാൻ പോകുകയാണ്.........(ബഹളം)......റബ്ബറിനുവേണ്ടി എന്ത് ചെയ്യുവെന്നാണ് മറ്റൊരു ചോദ്യം. റബ്ബർ കർഷകരുടെ രക്ഷയ്ക്കുവേണ്ടി ഈ ഗവൺമെന്റ് ചെയ്യാവുന്ന നടപടികളൊക്കെ ചെയ്യും. ഇന്ന് വ്യവസായികളുടെ ഒരു യോഗം വിളിച്ചിട്ടുണ്ട്........ (ബഹളം)......ഈ സഭ കഴിഞ്ഞാലുടനെ വ്യവസായികളുമായിട്ടുള്ള ചർച്ചയാണ്......... (ബഹളം)......അവർ ന്യായമായ വില കൃഷിക്കാർക്ക് കൊടുക്കുമെന്ന് ഉറപ്പുവരുത്തിയാൽ മാത്രമേ റബ്ബർ കൃഷി നിലനിൽക്കുകയുള്ളൂ. അത് ബോധ്യപ്പെടുത്താനാണ് ഇന്ന് അവരെ വിളിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.........(ബഹളം)......ഇതൊക്കെ നാണംകെട്ട നടപടിയല്ലേ. ........(ബഹളം)......മറുപടി പറയുമ്പോൾ ബഹളം വയ്ക്കുകയാണ്......... (ബഹളം)...... ഇതെന്ത് ഇടപാടാണ്. അതുകൊണ്ട് ഞാൻ നിർത്തുന്നു......... (ബഹളം)......മന്ത്രി പ്രസംഗിക്കുക, ഒച്ചയുണ്ടാക്കുക, ഇതൊക്കെ നാണംകെട്ട ഇടപാടല്ലേ.........(ബഹളം)......അതുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തി കൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ ധനവിനിയോഗ (16 മുതൽ 20-ാം നമ്പർ വരെയുള്ള) ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(1) 2014-ലെ കേരള ധനവിനിയോഗ (16-ാം ) നമ്പർ ബിൽ

വകുപ്പുതിരിച്ചുള്ള പരിഗണന

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനവിനിയോഗ (16-ാം ) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (16-ാം ) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(2) 2014-ലെ കേരള ധനവിനിയോഗ (17-ാം ) നമ്പർ ബിൽ

വകുപ്പ് തിരിച്ചുള്ള പരിഗണന

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനവിനിയോഗ (17-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (17-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(3) 2014-ലെ കേരള ധനവിനിയോഗ (18-ാം) നമ്പർ ബിൽ

വകുപ്പ് തിരിച്ചുള്ള പരിഗണന

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

(ഭേദഗതിയില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, 2014-ലെ കേരള ധനവിനിയോഗ (18-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (18-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(4) 2014-ലെ കേരള ധനവിനിയോഗ (19-ാം) നമ്പർ ബിൽ

വകുപ്പ് തിരിച്ചുള്ള പരിഗണന

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനവിനിയോഗ (19-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (19-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(5) 2014-ലെ കേരള ധനവിനിയോഗ (20-ാം) നമ്പർ ബിൽ

വകുപ്പ് തിരിച്ചുള്ള പരിഗണന

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനവിനിയോഗ (20-ാം ) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ, എന്തെങ്കിലും സംസാരിക്കുന്നുണ്ടോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ സംസാരിക്കുന്നില്ല. ഈ ധനകാര്യബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (16 മുതൽ 20-ാം നമ്പർ) വരെയുള്ള ബില്ലുകൾ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് നടുത്തളത്തിലിറങ്ങി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: Budget in Brief 2014-2015-ന്റെ ടേബിൾ എ (52)-ലുണ്ടായ വസ്തുതാപരമായ പിശക് തിരുത്തിക്കൊണ്ടുള്ള് പുതുക്കിയ സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് സഭയുടെ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

## V തിരുത്തൽ സ്റ്റേറ്റുമെന്റ്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, Budget in Brief 2014-15-ന്റെ ടേബിൾ എ (52)-ലുണ്ടായ വസ്തുതാപരമായ പിശക് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ സ്റ്റേറ്റ്മെന്റ് ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു....(ബഹളം)........

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷനുകളെല്ലാം റദ്ദ് ചെയ്യുന്നു.

## VI മേശപ്പുറത്തു വച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

1. ജി.ഒ.(എംഎസ്.) നമ്പർ 217/2014/ഹോം തീയതി 31-10-2014 (എസ്.ആർ.ഒ. നമ്പർ 670/2014)
2. ജി.ഒ.(എംഎസ്.) നമ്പർ 218/2014/ഹോം തീയതി 31-10-2014 (എസ്.ആർ.ഒ. നമ്പർ 671/2014)
3. ജി.ഒ.(എംഎസ്.) നമ്പർ 219/2014/ഹോം തീയതി 1-11-2014 (എസ്.ആർ.ഒ. നമ്പർ 672/2014)
4. ജി.ഒ.(ആർറ്റി.) നമ്പർ 2971/2014/ഹോം തീയതി 11-11-2014 (എസ്.ആർ.ഒ. നമ്പർ 710/2014)
5. ജി.ഒ.(എംഎസ്.) നമ്പർ 231/2014/ഹോം തീയതി 19-11-2014 (എസ്.ആർ.ഒ. നമ്പർ 717/2014)
6. ജി.ഒ.(ആർറ്റി.) നമ്പർ 3133/2014/ഹോം തീയതി 26-11-2014 (എസ്.ആർ.ഒ. നമ്പർ 754/2014)
7. ജി.ഒ.(ആർറ്റി.) നമ്പർ 3196/2014/ഹോം തീയതി 1-12-2014 (എസ്.ആർ.ഒ. നമ്പർ 764/2014)
8. ജി.ഒ.(പി) നമ്പർ 41/2014/പി. ആന്റ് എ.ആർ.ഡി. തീയതി 10-12-2014 (എസ്.ആർ.ഒ. നമ്പർ 772/2014).

II. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കു വേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ 2012-13-ലെ ഓഡിറ്റ് റിപ്പോർട്ടും അതിന്മേൽ സർവ്വകലാശാല നൽകിയ മറുപടിയും.

III റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ജി.ഒ.(പി) നമ്പർ 498/2014/ആർ.ഡി. തീയതി 29-11-2014 (എസ്.ആർ.ഒ. 751/2014)

IV ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

1. ജി.ഒ.(പി) നമ്പർ 6/2010/എഫ്. ആന്റ് സി. എസ്. ഡി. തീയതി 4-2-2011 (എസ്.ആർ.ഒ.നമ്പർ 120/2011), പ്രസ്തുത വിജ്ഞാപനത്തിന്റെ തിരുത്തൽ വിജ്ഞാപനം ജി. ഒ.(പി) നമ്പർ 23/2013/എഫ്. ആന്റ് സി.എസ്.ഡി. തീയതി 6-6-2013 (എസ്.ആർ.ഒ. നമ്പർ 477/2013) എന്നിവ ഡിലേ സ്റ്റേറ്റ്മെൻറ് സഹിതം

2. ജി.ഒ.(പി) നമ്പർ 202/2014/റ്റി.ഡി. തീയതി 12-12-2014 (എസ്.ആർ.ഒ. നമ്പർ 774/2014)

V മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2011-12-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VI സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

1. ജി.ഒ.(പി) നമ്പർ 121/2014/കോ-ഓപ്. തീയതി 21-9-2014 (എസ്.ആർ.ഒ. നമ്പർ 682/2014)

2. ജി.ഒ.(പി) നമ്പർ 145/2014/കോ-ഓപ്. തീയതി 28-11-2014 (എസ്.ആർ.ഒ. നമ്പർ 755/2014).

VII ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2010-11-ലെ ഭരണറിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VIII ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, താഴെപ്പറയുന്ന കടലാസുകൾ

ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

കേരള ഡാം സുരക്ഷാ അതോറിറ്റിയുടെ 2013-14-ലെ വാർഷിക റിപ്പോർട്ട്.

IX ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ജി.ഒ.(പി) നമ്പർ 340/2014/എച്ച്. ആന്റ് എഫ്. ഡബ്ല്യൂ.ഡി. തീയതി 1-12-2014 (എസ്.ആർ.ഒ. നമ്പർ 759/2014)

X വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ജി.ഒ.(പി) നമ്പർ 79/2014/ട്രാൻ. തീയതി 10-11-2014 (എസ്.ആർ.ഒ. നമ്പർ 716/2014).

ചട്ടം 47(2) പ്രകാരമുള്ളത്

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 4971, T7588 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റ്.

2. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 5845 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ

സ്റ്റേറ്റുമെന്റ്.

# VII റിപ്പോർട്ട് സമർപ്പണം

## 1. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനേഴാമത് റിപ്പോർട്ട്

ശ്രീ. വി.ഡി. സതീശൻ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 2. സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലും ഇരുപത്തിഅഞ്ചും റിപ്പോർട്ടുകൾ

ശ്രീ. എം ഉമ്മർ: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിനാലും ഇരുപത്തി അഞ്ചും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

# VIII ക്രമപ്രശ്നം

## ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച്

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, കേരള മോഡൽ എന്നു വിശേഷിപ്പിക്കുന്ന പ്രാദേശിക ജനകീയ ആസൂത്രണ സമ്പ്രദായം നടപ്പാക്കിയെന്ന് അഭിമാനിക്കുന്ന കേരളത്തിൽപ്പോലും നിയമസാധുതയും നിയമത്തിന്റെ പിൻബലവുമുണ്ടെന്ന് പറയാൻ പറ്റാത്ത വിധത്തിലാണ് പല കാര്യങ്ങളും നിർവ്വഹിക്കപ്പെടുന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ൽ ഭരണഘടനാ ഭേദഗതികൾക്കനുസൃതമായി രൂപകല്പന ചെയ്തതായിരുന്നു. ഇതിൽ 163-ാം വകുപ്പ് പ്രവർത്തന കമ്മിറ്റികളുടെ രൂപീകരണത്തെ സംബന്ധിച്ചുള്ളതാണ്. ഈ വകുപ്പിൽ പറയുന്നത്. പ്രവർത്തന കമ്മിറ്റികളുടെ പൂർത്തീകരണം ഓരോ പഞ്ചായത്തും ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി കൃഷി, ശുചീകരണം, വാർത്താവിനിമയം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ വിഷയങ്ങൾക്ക് പഞ്ചായത്ത് അംഗങ്ങൾക്കും പൊതുജനക്ഷേമത്തിൽ താല്പര്യമുള്ളവരും പഞ്ചായത്ത് നാമനിർദ്ദേശം ചെയ്തവരുമായ മറ്റാളുകളും അടങ്ങിയ പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാമനിർദ്ദേശം ചെയ്ത അംഗങ്ങൾക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. രണ്ടാമത്തേതിൽ പറയുന്നത് പ്രവർത്തന കമ്മിറ്റികളുടെ അധികാരങ്ങളും ചുമതലകളും ഇതിലേക്കായി നിർണ്ണയിക്കപ്പെട്ടേക്കാവുന്ന പ്രകാരമുള്ളവ ആയിരിക്കുന്നതാണ് എന്നാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചുരുക്കിപറയണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, എന്റെ ക്രമപ്രശ്നം ഇതാണ്. ഈ കമ്മിറ്റി പദ്ധതി രൂപീകരണ നടത്തിപ്പുകമ്മിറ്റിയായിട്ടാണ് വിഭാവനം ചെയ്തിരുന്നത്. കമ്മിറ്റിയുടെ ചുമതലകളും അധികാരങ്ങളും നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കുമെന്ന് ഈ വകുപ്പിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഇതനുസരിച്ച് ചട്ടങ്ങൾ രൂപീകരിച്ചതായി കാണുന്നില്ല. ജനകീയാസൂത്രണത്തിന്റെ ഗൈഡ് ലൈൻസ് ഇറക്കിയത് പ്ലാനിംഗ് ബോർഡാണ്. അവർക്ക് അതിനധികാരമില്ല. പദ്ധതികൾ രൂപീകരിക്കുന്നതിനോ, നടപ്പിലാക്കുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ ഇതുവരെ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. അതുപോലെതന്നെ 175- ാം വകുപ്പിനും ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. അതുകൊണ്ട് പ്രസ്തുത ചട്ടങ്ങൾ രൂപീകരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, കേരള പഞ്ചായത്ത് രാജ് നിയമം 163- ാം വകുപ്പുപ്രകാരം ഓരോ പഞ്ചായത്തും ഇതിലേയ്ക്കായി രൂപീകരിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി കൃഷി, ശുചീകരണം, വാർത്താവിനിമയം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ വിഷയങ്ങൾക്ക് പഞ്ചായത്ത് അംഗങ്ങളും പൊതുജനക്ഷേമത്തിൽ താല്പര്യമുള്ളവരും പഞ്ചായത്ത് നാമനിർദ്ദേശം ചെയ്തവരുമായ മറ്റാളുകളുമടങ്ങിയ പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കേണ്ടതും അവരുടെ അധികാരങ്ങളും ചുമതലകളും ചട്ടങ്ങളിൽ നിർണ്ണയിക്കുന്നതിനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിൻപ്രകാരം ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതി ആരംഭിച്ചത് മുതൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ആസൂത്രണ മാർഗ്ഗരേഖ പ്രകാരം രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റേക്ക് ഹോൾഡർമാർ തുടങ്ങിയ കമ്മിറ്റികൾക്ക് പദ്ധതി രൂപീകരണ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളിൽ പഞ്ചായത്ത് അംഗങ്ങൾ കൂടാതെ മേൽ വിവരിച്ച വിവിധ മേഖലയുമായി ബന്ധപ്പെട്ട അംഗങ്ങൾ ഉൾപ്പെടുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്ക് വേണ്ടി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകളെ പഞ്ചായത്തിന്റെ സ്ഥിരം സമിതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്ടിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടുള്ള വിഷയ ചുമതലകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആയിരിക്കണം ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം 175- ാം വകുപ്പിൽ നിർണ്ണയിക്കപ്പെട്ട ഫാറത്തിലും രീതിയിലുമായിരിക്കണം പഞ്ചായത്തുകൾ വികസന പദ്ധതികൾ തയ്യാറാക്കേണ്ടതെന്നും അതിനും ചട്ടം നിർമ്മിച്ചില്ലെന്നുമാണ് മറ്റൊരു പ്രശ്നം ഉന്നയിച്ചിട്ടുള്ളത്. 175(1) വകുപ്പ് പ്രകാരം ഓരോ തലത്തിലുമുള്ള പഞ്ചായത്തും ഓരോ വർഷവും നിർണ്ണയിക്കപ്പെട്ട ഫാറത്തിലും രീതിയിലുമാണ് തൊട്ടടുത്ത വർഷത്തിലേക്കുള്ള പദ്ധതി തയ്യാറാക്കേണ്ടതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ വർഷവും സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, പദ്ധതി രൂപീകരണ ഫോറങ്ങൾ എന്നിവ അനുസരിച്ചാണ് പദ്ധതി തയ്യാറാക്കുന്നത്.

ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളം വികേന്ദ്രീകൃതാസൂത്രണ മാർഗ്ഗം സ്വീകരിക്കുവാൻ അനുകരിക്കാവുന്ന ഒരു മാതൃക നിലവിലുണ്ടായിരുന്നില്ല. വിശദമായ ചട്ടങ്ങൾ രൂപീകരിച്ച് അതിനുള്ളിൽ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ നടപ്പിലാക്കുകയെന്നുള്ളത് അപ്രായോഗികമായതിനാലാണ് വിശദമായ ചട്ടങ്ങൾ ഇല്ലാതെ ജനപങ്കാളിത്തത്തോടെ വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കിയത്. ജനപങ്കാളിത്തത്തോടെ കേരളത്തിൽ നടപ്പാക്കിയ വികസന മാതൃക ഇന്ത്യക്കും ലോകത്തിനും പിൻതുടരാവുന്ന മാതൃകയാണെന്ന് അംഗീകരിച്ചുകഴിഞ്ഞ വസ്തുതയാണ്. എന്നിരുന്നാലും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയ്ക്ക് വിശദമായ ചട്ടങ്ങൾ തയ്യാറാക്കിയിട്ടില്ലെന്ന പോരായ്മ നിലനിൽക്കുന്നു. അത് പരിഹരിക്കുന്നതിനും പദ്ധതി ആസൂത്രണ ചട്ടങ്ങൾ രൂപീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

**റൂളിംഗ്**

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പഞ്ചായത്ത് രാജ് ആക്റ്റിലെ 163- ാം വകുപ്പു പ്രകാരവും 175 വകുപ്പു പ്രകാരവും ഉണ്ടാക്കേണ്ട ചട്ടങ്ങൾ ഇതുവരെ രൂപീകരിച്ചിട്ടില്ലെന്നും അത് അടിയന്തരമായി രൂപീകരിക്കണമെന്നുമാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഉന്നയിച്ചിട്ടുള്ള ക്രമപ്രശ്നം. സ്റ്റാറ്റ്യൂട്ട് പ്രകാരം എക്സിക്യൂട്ടീവിന് നല്കിയിട്ടുള്ള അധികാരങ്ങൾക്കനുസൃതമായി തയ്യാറാക്കേണ്ട കരട് ചട്ടങ്ങൾ എത്രയുംവേഗം തയ്യാറാക്കണമെന്നും പ്രസ്തുത ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ 90 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയച്ചുകൊടുക്കണമെന്നും മൂന്ന് മാസത്തിനുള്ളിൽ സബ്ജക്ട് കമ്മിറ്റികൾ പരിഗണിക്കണമെന്നും നിയമസഭാ നടപടിചട്ടം 238(2)-ൽ നിഷ്കർച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്റ്റിലെ 163, 175(1) എന്നീ വകുപ്പുകൾ പ്രകാരമുള്ള ചട്ടങ്ങൾ ഇതുവരെ തയ്യാറാക്കിയിട്ടില്ലെന്നും അതിന്മേൽ ഉടനടി നടപടി സ്വീകരിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി നല്കിയ ഉറപ്പ് ചെയർ മുഖവിലയ്ക്ക് എടുക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ വെളിച്ചത്തിൽ ക്രമപ്രശ്നം തള്ളുന്നു. ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ശ്രീ. എൻ. എ. നെല്ലിക്കുന്നിനെ പ്രത്യേകം ചെയർ അഭിനന്ദിക്കുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

1) 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

(ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി

ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ 1(എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1(എ) ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിനുസമീപംനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

വകുപ്പുതിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

138. ഖണ്ഡം 2-ൽ, ഉപഖണ്ഡം (എ) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക.

"(എ) "അധികാരസ്ഥാനം" എന്നാൽ "അഞ്ചാം വകുപ്പ് അനുസരിച്ച് രൂപീകരിച്ച അധികാരസ്ഥാനം എന്ന് അർത്ഥമാകുന്നു;"

146. ഖണ്ഡം 2(ഡി)-യിൽ, "ബസ്സിൽ"എന്നതിനുശേഷം "യാത്രാസൗജന്യത്തിന് അർഹതയുള്ളവർ" എന്ന് ചേർക്കുക.

164. ഖണ്ഡം 2 (ഇ) -യിൽ, "പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ" എന്നതിനു

ശേഷം "സുരക്ഷാ സൗകര്യങ്ങൾ " എന്നു ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

142. ഖണ്ഡം 2(ഡി)-യിൽ, "കോർപ്പറേഷൻ നടത്തുന്ന" എന്നതിനു പകരം "കോർപ്പറേഷൻ സർവ്വീസ് നടത്തുന്ന" എന്ന് ചേർക്കുക.

167. ഖണ്ഡം 2 (എച്ച്)-ൽ, "ആക്ടിന്റെ പട്ടിക" എന്നതിനു പകരം "ആക്ടിന്റെ ഭാഗമായ പട്ടിക" എന്നത് ചേർക്കുക.

172. ഖണ്ഡം 2(ജെ)-യിൽ, "ജീവനക്കാർക്ക് പെൻഷൻ നല്കുന്നത് ഉൾപ്പെടുന്നതാകുന്നു" എന്നതിനുപകരം "ജീവനക്കാർക്ക് നല്കുന്ന പെൻഷൻ അവർക്കുള്ള യാത്രാ സൗജന്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാകുന്നു" എന്ന് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

143. ഖണ്ഡം 2(ഡി)-യിൽ, "നടത്തുന്ന" എന്നതിന് പകരം "അധീനതയിലുള്ള" എന്ന് ചേർക്കുക.

173. ഖണ്ഡം 2(ജെ)യിൽ, "പെൻഷൻ" എന്ന വാക്കിന് പകരം "പെൻഷനും മറ്റ് ആനുകൂല്യങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

144. ഖണ്ഡം 2(ഡി)-യിൽ, രണ്ടിടത്തായി വരുന്ന "ഒരു" എന്ന വാക്ക് നീക്കം ചെയ്യുക.

158. ഖണ്ഡം 2 (ഇ) -യിൽ, "യാത്രക്കാർക്കുള്ള സൗകര്യങ്ങളിൽ" എന്നതിനു പകരം "യാത്രാ സൗകര്യങ്ങൾ എന്നതിൽ" എന്നത് ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

145. ഖണ്ഡം 2(ഡി)-യിൽ, "ഒരു സ്റ്റേജ് കാര്യേജ് ബസ്സിൽ ഒരു" എന്നീ വാക്കുകൾക്കു പകരം "ഏതു സ്റ്റേജ് കാര്യേജ് ബസ്സിലും" എന്നീ വാക്കുകൾ

ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

147. ഖണ്ഡം 2(ഡി)-യിൽ, " യാത്ര" എന്ന വാക്കിനു മുമ്പുള്ള "ഒരു" എന്ന വാക്ക് നീക്കം ചെയ്യുക.

150. ഖണ്ഡം 2 (ഡി) -യിൽ, "ഒരു കുട്ടിയും" എന്നീ വാക്കുകൾക്ക് മുൻപ് "നിർണ്ണയിക്കപ്പെട്ട വയസ്സുള്ള" എന്നീ വാക്കുകൾ ചേർക്കുക.

175. ഖണ്ഡം 2(ജെ)യിൽ, "നൽകുന്നത്" എന്ന വാക്കിന് പകരം "നൽകുന്നതും" എന്ന് ചേർക്കുക.

178. ഖണ്ഡം 2(ജെ)-യ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക. (കെ) "നിയമസഭ" എന്നാൽ കേരള സംസ്ഥാന നിയമസഭ എന്നർത്ഥമാകുന്നു."

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

151. ഖണ്ഡം 2 (ഡി)-യിൽ "ഒരു കുട്ടിയും" എന്നീ വാക്കുകൾക്ക് പകരം "ടിക്കറ്റെടുക്കാൻ പ്രായമാകാത്ത ഒരു കുട്ടിയും" എന്ന് ചേർക്കുക.

163. ഖണ്ഡം 2 (ഇ)-യിൽ, "കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ" എന്നീ വാക്കുകൾക്കുശേഷം "ലഘുഭക്ഷണശാല" എന്നു ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

152. ഖണ്ഡം 2 (ഡി) -യിൽ, "ഒരു കുട്ടിയും" എന്നതിനു പകരം "കുട്ടികളും" എന്ന് ചേർക്കുക.

153. ഖണ്ഡം 2(ഡി)-യിൽ, "ടിക്കറ്റ് ചാർജ്ജ് നിരക്കിൽ ഇളവിന് "എന്നതിനു പകരം "ടിക്കറ്റ് ചാർജ്ജ് നിരക്കിൽ ഭാഗികമായ ഇളവിന്" എന്നത്

ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

154. ഖണ്ഡം 2 (ഡി) -യിൽ, "ടിക്കറ്റ് ചാർജ്ജ് നിരക്കിൽ ഇളവിന് " എന്നതിനു പകരം "ടിക്കറ്റ് ചാർജ്ജ് നിരക്കിൽ ഭാഗികമോ, പൂർണ്ണമോ ആയ ഇളവിന് " എന്നു ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2 (ഡി)-യിൽ, "ഉൾപ്പെടുന്നതുമാകുന്നു" എന്നതിനുപകരം "ഉൾപ്പെടുന്നതും എന്നാൽ പൂർണ്ണമായ സൗജന്യ പാസ്സ് ഉപയോഗിച്ച് യാത്ര ചെയ്യുന്ന ഒരാൾ ഉൾപ്പെടാത്തതുമാകുന്നു" എന്ന് ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

159. ഖണ്ഡം 2(ഇ)-യിൽ, "യാത്രക്കാർക്കുള്ള സൗകര്യങ്ങളിൽ കാത്തിരിപ്പിനുള്ള മുറി" എന്നതിനുപകരം "യാത്രാസൗകര്യങ്ങൾ" എന്നതിൽ കാത്തിരിപ്പിനുള്ള മുറി, അവിടെ മിതമായ നിരക്കിൽ ലഘുഭക്ഷണസൗകര്യം ശുചിത്വമുള്ള സൗജന്യ" എന്നു ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

160. ഖണ്ഡം 2(ഇ)-യിൽ;-സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

(i) "കാത്തിരിപ്പിനുള്ള മുറി" എന്നതിനുശേഷം "അവിടെ" എന്നു ചേർക്കുക.

(ii) "എന്നിവ ഉൾപ്പെടുന്നതാണ്" എന്നതിനു പകരം "എന്നിവയും, യാത്രക്കിടയിൽ ഏതെങ്കിലും അപകടമോ, യന്ത്രത്തകരാറോ മൂലമോ, മറ്റേതെങ്കിലും തടസ്സം മൂലമോ, സ്റ്റേജ് കാര്യേജിന് യാത്ര തുടരാനാവാതെ വന്നാൽ, യാത്രാടിക്കറ്റ് എടുത്തിട്ടുള്ള സ്ഥലംവരെ എത്തിച്ചേരുന്നതിനുള്ള പകരം ഏർപ്പെടുത്തുന്ന യാത്രാസൗകര്യവും ഉൾപ്പെടുന്നതുമാകുന്നു" എന്നുചേർക്കുക.

168. ഖണ്ഡം 2(ഐ)-യിൽ, "ഈ ആക്റ്റ്പ്രകാരം" എന്നതിനുപകരം "ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം" എന്നത് ചേർക്കുക.

ശ്രീ. കെ. എം. ഷാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

162. ഖണ്ഡം 2(ഇ)-യിൽ, "കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ, പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ" എന്നതിനുപകരം "കുടിവെള്ളത്തിനുള്ള സൗകര്യം, പ്രാഥമിക ചികിത്സാസൗകര്യം, കാത്തിരിപ്പ് സ്ഥലത്ത് മിതമായ നിരക്കിൽ ലഘുഭക്ഷണ സൗകര്യം" എന്നു ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 147, 175 എന്നീ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 147, 175 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 138, 146, 164, എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 142, 167, 172 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 143, 173 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 144, 158 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 150, 178 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 151, 163 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 152, 153 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക്ക് അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 160, 168 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിനുസമീപംനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മൂന്നാം വകുപ്പ്

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

180. ഖണ്ഡം 3(1)-ൽ, "അതിന്റെ യാത്രക്കാർക്കുവേണ്ടി" എന്നതിനുപകരം "ഈ ആക്റ്റിൻകീഴിൽ" എന്ന് ചേർക്കുക.

ശ്രീ. പി.ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു:

181. ഖണ്ഡം 3(1)-ൽ,"യാത്രാക്കാർക്കുള്ള" എന്നതിനുപകരം "യാത്രക്കാർക്കുള്ള" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

182. ഖണ്ഡം 3(1)-ൽ, "ഇൻഷ്വറൻസ് പരിരക്ഷ" എന്നീ വാക്കുകൾക്ക് ശേഷമുള്ള "യാത്രക്കാർക്കുള്ള" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

186. ഖണ്ഡം 3(1)-ൽ, "നടപടികളും" എന്ന വാക്കിനു പകരം "സൗകര്യങ്ങളും" എന്ന വാക്ക് ചേർക്കുക.

194. ഖണ്ഡം 3(2)(എ)(i)-ൽ, "ഇന്ത്യൻ" എന്ന വാക്കിനു മുമ്പ് "അംഗീകൃത" എന്ന വാക്ക് ചേർക്കുക.

204. ഖണ്ഡം 3(2)(എ)(iv)-ൽ, " സംഭവിക്കുന്ന സംഗതിയിലും" എന്നതിനു പകരം "സംഭവിച്ചാൽ" എന്ന് ചേർക്കുക.

207. ഖണ്ഡം 3(2)(എ)(iv)-ൽ, "അർഹതയും" എന്നതിനു പകരം "അവകാശവും" എന്ന് ചേർക്കുക.

218. ഖണ്ഡം 3(2)(ബി)-യിൽ, "യാതാ സൗകര്യങ്ങൾക്കു" എന്നതിനു പകരം "യാത്രാ സൗകര്യങ്ങൾക്കു" എന്ന് ചേർക്കുക.

220. ഖണ്ഡം 3(2)(ബി)(i)-ൽ, "ലഭ്യമാക്കാവുന്ന" എന്നതിനു പകരം "നൽകുന്ന" എന്ന് ചേർക്കുക.

226. ഖണ്ഡം 3 (2)(ബി)(ii)-ൽ, " സൗകര്യങ്ങളുടെ" എന്ന വാക്കിനു മുമ്പ് "മെച്ചപ്പെട്ട" എന്ന് ചേർക്കുക.

230. ഖണ്ഡം 3 (2)(ബി)(iii)-ൽ, "ഏത് സൗകര്യവും"എന്നതിനു പകരം "ആവശ്യമായ സൗകര്യങ്ങൾ" എന്ന് ചേർക്കുക.

234. ഖണ്ഡം 3(2)സി(i)-ൽ, "കഴിയാതെവരുന്ന" എന്നതിനുപകരം "കഴിയാതെ വരുന്ന" എന്നു ചേർക്കുക.

235. ഖണ്ഡം 3(2)സി(i)-ൽ, "നൽകുന്നതിനുവേണ്ടി" എന്നതിനുപകരം "നൽകുന്നതിനു

വേണ്ടി" എന്നു ചേർക്കുക.

241. ഖണ്ഡം 3(2)സി(iii)-ൽ, "ജീവനക്കാരുടെ" എന്ന വാക്കിനുശേഷം "നിർണ്ണയിക്കപ്പെട്ട രീതിയിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

246. ഖണ്ഡം 3(3)-ൽ "പ്രസിദ്ധീകരിച്ചാലുടൻ" എന്നതിനു പകരം "വിജ്ഞാപനം ചെയ്താൽ ഉടൻ" എന്ന് ചേർക്കുക.

249. ഖണ്ഡം 3(3)-ൽ "വയ്ക്കേണ്ടതാണ് " എന്നതിനുപകരം "സമർപ്പിക്കേണ്ടതാണ് " എന്ന് ചേർക്കുക.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

187. ഖണ്ഡം 3(1)-ൽ, "ഗസറ്റ് " എന്ന വാക്കിന് മുമ്പായി "സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി" എന്നീ വാക്കുകൾ ചേർക്കുക.

199. ഖണ്ഡം 3(2)(എ)(i)-നു ശേഷം താഴെ പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക:

"(ii) വ്യക്തിഗത ഇൻഷ്വറൻസ് പ്രീമിയം തുക ഇനത്തിൽ ഒടുക്കേണ്ടതു സംബന്ധിച്ചും;

(iii) ഇപ്രകാരമുള്ള വ്യക്തിഗത ഇൻഷ്വറൻസ് പരിരക്ഷ ഇനത്തിൽ പരമാവധി ലഭിക്കുന്ന തുക സംബന്ധിച്ചും"

224. ഖണ്ഡം 3 (2)(ബി)(i)-ൽ, "വിനിർദ്ദേശിക്കാവുന്നതാണ് " എന്ന വാക്കിനു മുന്നിൽ "സേവനങ്ങളും " എന്ന വാക്ക് ചേർക്കുക.

239. ഖണ്ഡം 3(2)സി(iii)-ൽ, "നിധിയിലേയ്ക്ക് " എന്ന വാക്കിനുമുന്നിൽ "പെൻഷൻ" എന്ന വാക്കു ചേർക്കുക.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

188. ഖണ്ഡം 3(2)എ -യിൽ, "അപകട സമൂഹ ഇൻഷ്വൻസ് " എന്നതിനു പകരം "അപകട സമൂഹ ഇൻഷ്വറൻസ് "എന്ന് ചേർക്കുക.

<u>ശ്രീ. കെ.എൻ.എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

191. ഖണ്ഡം 3(2)(എ)(i)-ൽ, "മുൻകൂർ അനുമതിയോടുകൂടി" എന്നതിനു പകരം "മുൻകൂർ അനുമതിയോടെ, സുവ്യക്തമായ വ്യവസ്ഥകളിൻമേൽ," എന്നും "ക്രമീകരണങ്ങൾക്കുവേണ്ടിയും"എന്നതിനുപകരം"ക്രമീകരണങ്ങൾക്കും" എന്നും ചേർക്കുക.

205. ഖണ്ഡം 3(2)(എ)(iv)-ൽ, " യാത്രാക്കാരന്റെയും" എന്ന വാക്കിനു പകരം "യാത്രക്കാരന്റെയും" എന്ന വാക്ക് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

195. ഖണ്ഡം 3(2)(എ)(i)-ൽ, "ഇന്ത്യൻ" എന്ന വാക്കിനുശേഷം "ദേശസാൽകൃത" എന്ന വാക്ക് ചേർക്കുക.

206. ഖണ്ഡം 3(2)(എ)(iv)-ൽ, "അനന്തരാവകാശിയുടെയും" എന്ന വാക്കിനുശേഷം "അവകാശവും" എന്ന വാക്ക് ചേർക്കുക.

209. ഖണ്ഡം 3(2)(എ)(v)-ൽ, " തുക" എന്ന വാക്കിനു പകരം "ചികിത്സാ ചിലവുകൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

197. ഖണ്ഡം 3(2)(എ)(i)-ൽ, "യാത്രക്കാർക്കുള്ള" എന്ന വാക്കിനു പകരം "യാത്രക്കാർക്ക് " എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

200. ഖണ്ഡം 3(2)(എ)(ii) നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

211. ഖണ്ഡം 3(2)(എ)(vi)-ൽ "പദ്ധതിയിൻകീഴിലുള്ള ഏത് തർക്കവും" എന്നതിനു പകരം "പദ്ധതി നടത്തിപ്പിലുണ്ടാകാവുന്ന ഏതു തർക്കവും" എന്നത്

ചേർക്കുക.

229. ഖണ്ഡം 3(2)(ബി)(iii)-ൽ, "സേവനങ്ങൾ നല്കുന്നതിനായി ഏത് സൗകര്യവും "എന്നതിനുപകരം "സേവനം നല്കുന്നതിനായി സാമാന്യമായ മറ്റു സൗകര്യങ്ങൾ" എന്നത് ചേർക്കുക.

245. ഖണ്ഡം 3(2)(സി)(iii)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

"എന്നാൽ (2)-ാം ഉപവകുപ്പിലെ (എ), (ബി) ഖണ്ഡങ്ങൾ പ്രകാരമുള്ള പദ്ധതി വ്യവസ്ഥകൾക്ക് (സി) ഖണ്ഡത്തിലെ പദ്ധതിയെക്കാൾ മുൻഗണന ഉണ്ടായിരിക്കുന്നതാണ് ."

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

213. ഖണ്ഡം 3(2)(എ)(vii)-ൽ "നടത്തിപ്പിന് ആവശ്യമായ അങ്ങനെയുള്ള" എന്നതിനു പകരം "നടത്തിപ്പിന് ആവശ്യമെന്ന് കാണുന്ന" എന്നത് ചേർക്കുക.

223. ഖണ്ഡം 3 (2)(ബി)(i)-ൽ, "വിനിർദ്ദേശിക്കാവുന്നതാണ് " എന്നതിനുപകരം "വിശദമാക്കാവുന്നതാണ് " എന്നത് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

221. ഖണ്ഡം 3(2)(ബി)(i)-ൽ, "ലഭ്യമാക്കാവുന്ന" എന്നതിന് ശേഷം "സുരക്ഷ ഉൾപ്പെടെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

242. ഖണ്ഡം 3(സി)(iii)-ൽ, "നേട്ടത്തിനായി" എന്ന വാക്കിന് പകരം "ആവശ്യത്തിനായി" എന്ന വാക്ക് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 205-ാം

നമ്പർ ഭേദഗതിയും ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. 216-ാം നമ്പർ ഭേദഗതി ഞാൻ വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 3(2)(ബി)-യിൽ, "യാതാ" എന്ന വാക്കിനു പകരം "യാത്രാ" എന്ന വാക്ക് ചേർക്കുക. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 216-ാം നമ്പർ വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ.എ . ഖാദർ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 186, 194, 204, 207, 218, 220, 226, 230, 234, 235, 241, 246, 249 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 187, 199, 224, 239 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 195, 206, 209 എന്നീ ഭേദഗതികൾ

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 229, 245 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 213, 223 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 242 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

251. ഖണ്ഡം 4(1)-ൽ, "ആവശ്യങ്ങളിലേക്കായി" എന്നതിനുപകരം "നടത്തിപ്പിലേക്കായി"

എന്നു ചേർക്കുക.

255. ഖണ്ഡം 4(1)-ൽ, "സെസ്സ്" എന്ന വാക്കിനു മുൻപ് വരുന്ന "ഒരു" എന്ന വാക്ക് നീക്കം ചെയ്യുക.

260. ഖണ്ഡം 4(2)-ൽ, "ഓരോ ആളും" എന്നതിനു പകരം "ഓരോ യാത്രക്കാരനും" എന്ന് ചേർക്കുക.

263. ഖണ്ഡം 4(2)-ൽ, "യാത്രക്കൂലിയോടൊപ്പം "എന്നതിനു പകരം "യാത്രാക്കൂലിയോടൊപ്പം" എന്നുചേർക്കുക.

266. ഖണ്ഡം 4(3)-ൽ, "ഉൾക്കൊള്ളേണ്ടതും" എന്നതിനു പകരം "ഉൾപ്പെടേണ്ടതും" എന്നു ചേർക്കുക.

267. ഖണ്ഡം 4(3)-ൽ, "'ടിക്കറ്റിൽ" എന്ന വാക്കിനു മുൻപ് "യാത്രാ" എന്ന വാക്ക് ചേർക്കുക.

269. ഖണ്ഡം 4(4)-ൽ, "നികുതിക്കോ" എന്ന വാക്ക് നീക്കം ചെയ്യുക.

276. ഖണ്ഡം 4(6)-ൽ "പിരിച്ചെടുത്ത സെസ്സ് " എന്നീ വാക്കുകൾക്ക് പകരം "(5)-ാം ഉപവകുപ്പ് പ്രകാരം വരവ് വച്ച " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

253. ഖണ്ഡം 4 (1)-ൽ, "യാത്രാടിക്കറ്റുകളിന്മേൽ" എന്നതിനു പകരം "ഓരോ ടിക്കറ്റിന്മേലും" എന്നത് ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

256. ഖണ്ഡം 4 (1)-ൽ, "നിരക്കുകളിൽ, ഒരു" എന്നതിനു പകരം "നിരക്കിൽ" എന്നു ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

258. ഖണ്ഡം 4(2)-ൽ, "കോർപ്പറേഷൻ നടത്തുന്ന" എന്നതിനുപകരം "കോർപ്പറേഷൻ

സർവ്വീസ് നടത്തുന്ന" എന്നത് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

261. ഖണ്ഡം 4(2)-ൽ, "ഓരോ ആളും, അയാൾക്ക് യാത്രാടിക്കറ്റ് നൽകിയാലുടൻ യാത്രാക്കൂലിയോടൊപ്പം"എന്നതിനുപകരം "ഓരോയാത്രക്കാരനും, യാത്രക്കൂലിയോടൊപ്പം" എന്നു ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

262. ഖണ്ഡം 4 (2)-ൽ, "അയാൾക്ക് യാത്രാ ടിക്കറ്റ് നൽകിയാലുടൻ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

ശ്രീ. കെ. എം. ഷാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

265. ഖണ്ഡം 4(3)-ൽ, "ടിക്കറ്റുകളിൽ" എന്നതിനു പകരം "യാത്രാടിക്കറ്റിൽ" എന്നു ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

268. ഖണ്ഡം 4(4)-ൽ, "തത്സമയം പ്രാബല്യത്തിലുള്ള മറ്റേതേങ്കിലും നിയമത്തിന്റെ കീഴിൽ റോഡിന്മേലോ യാത്രക്കാരിലോ വാഹനങ്ങളിന്മേലോ ചുമത്താവുന്ന ഏതെങ്കിലും" എന്നതിനുപകരം "തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന്റെ കീഴിൽ, ഏതെങ്കിലും റോഡിലൂടെ സഞ്ചരിക്കുന്നതിനോ, അങ്ങനെ സഞ്ചരിക്കുന്ന യാത്രക്കാരിലോ വാഹനങ്ങളിന്മേലോ ചുമത്താവുന്ന മറ്റേതെങ്കിലും" എന്നത് ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

278. ഖണ്ഡം 4(6)-ൽ "മൂന്ന് മാസം" എന്നീ വാക്കുകൾക്ക് പകരം "രണ്ട് മാസം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. എ. മാധവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

279. ഖണ്ഡം 4(6)-ൽ "മൂന്ന് മാസം" എന്നീ വാക്കുകൾക്ക് പകരം "നാല് മാസം"

എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

283. ഖണ്ഡം 4(7)-ൽ "ശീർഷകത്തിൻകീഴിൽ സൂക്ഷിക്കേണ്ടതുമാണ്" എന്നതിനു പകരം "ശീർഷകത്തിൻകീഴിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ് " എന്നത് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

285. ഖണ്ഡം 4(7)-നുശേഷം താഴെ പറയുന്നത് ചേർക്കുക:

"(8) പ്രസ്തുത തുക കോർപ്പറേഷൻ സാമൂഹ്യ സുരക്ഷാപദ്ധതിക്കു മാത്രമായി ചിലവഴിക്കേണ്ടതുമാണ്"

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 254-ാം നമ്പർ ഭേദഗതി ഒഫീഷ്യൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

254. ഖണ്ഡം 4(1)-ൽ "യാത്രാടിക്കറ്റുകളിന്മൽ" എന്ന വാക്കിനുപകരം "യാത്രാടിക്കറ്റുകളിന്മേൽ" എന്ന വാക്ക് ചേർക്കുക. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 254-ാം നമ്പർ ഒഫീഷ്യൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 251, 255, 260, 263, 266, 267, 269, 276 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 278 -ാം നമ്പർ ഭേദഗതിൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 283-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

287. ഖണ്ഡം 5(1)-ൽ, "സമൂഹ" എന്ന വാക്കിനു പകരം "ഗ്രൂപ്പ്" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

288. ഖണ്ഡം 5(1)-ൽ, "ഇൻഷ്വറൻസ് പരിരക്ഷയുടെ ആനുകൂല്യം ലഭിക്കുന്നതിന് ഓരോ യാത്രക്കാരനും അർഹത ഉണ്ടായിരിക്കുന്നതാണ്, "എന്നതിനു പകരം "ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് ഓരോ യാത്രക്കാരനും അർഹനായിരിക്കുന്നതാണ് " എന്നത് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

290. ഖണ്ഡം 5(2)-ൽ, "കോർപ്പറേഷന്റെ തീരുമാനം മൂലം സങ്കടമനുഭവിക്കുന്ന ഏതൊരു യാത്രക്കാരനും, പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള" എന്നതിനു പകരം "കോർപ്പറേഷന്റെ തീരുമാനം തൃപ്തികരമല്ലെന്ന് കരുതുന്ന യാത്രക്കാരനോ, യാത്രക്കാരൻ മരണപ്പെട്ടുപോയിട്ടുള്ള പക്ഷം നിയമാനുസൃത അവകാശിക്കോ പദ്ധതിയിൽ നിർദ്ദേശിക്കുന്ന" എന്നത് ചേർക്കുക.

297. ഖണ്ഡം 5(3)-ൽ, "തീരുമാനം മൂലം സങ്കടമനുഭവിക്കുന്ന ഏതൊരു യാത്രക്കാരനും" എന്നതിനു പകരം "തീരുമാനം തൃപ്തികരമല്ലെന്നു കരുതുന്ന യാത്രക്കാരനോ, യാത്രക്കാരൻ മരണപ്പെട്ടുപോയിട്ടുള്ള പക്ഷം നിയമാനുസൃത അവകാശിക്കോ" എന്നത് ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

291. ഖണ്ഡം 5(2)-ൽ, "സങ്കടമനുഭവിക്കുന്ന" എന്ന വാക്കിനുപകരം "പ്രയാസം അനുഭവിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

292. ഖണ്ഡം 5(2)-ൽ, "സങ്കടമനുഭവിക്കുന്ന" എന്ന വാക്കിനു പകരം "നീതി ലഭിക്കാത്ത" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

293. ഖണ്ഡം 5(2)-ൽ, "യാത്രക്കാരനും" എന്ന വാക്കിനു പകരം "ഏതൊരു യാത്രക്കാരനോ യാത്രക്കാരന്റെ അനന്തരാവകാശികൾക്കോ" എന്നീ വാക്കുകൾ ചേർക്കുക.

298. ഖണ്ഡം 5(3)-ൽ, "യാത്രക്കാരനും" എന്ന വാക്കിനു പകരം "ഏതൊരു യാത്രക്കാരനോ യാത്രക്കാരന്റെ അനന്തരാവകാശികൾക്കോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

294. ഖണ്ഡം 5(2)-ൽ, "അങ്ങനെയുള്ള സമയപരിധിക്കകം" എന്നീ വാക്കുകൾക്ക് പകരം "രണ്ട് മാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

295. ഖണ്ഡം 5(2)-ൽ, "ഒരു" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

300. ഖണ്ഡം 5(3)-ൽ, "അറുപത് " എന്ന വാക്കിന് പകരം "നാൽപ്പത്തഞ്ച് " എന്ന വാക്ക് ചേർക്കുക.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 290, 297 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 291-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

304. ഖണ്ഡം 6(1)-ൽ, "കുറയ്ക്കുകയോ" എന്ന വാക്കിനുശേഷം "നീക്കം ചെയ്യുകയോ" എന്നീ വാക്കുകൾ ചേർക്കുക.

309. ഖണ്ഡം 6(2)-ൽ, "സംസ്ഥാന നിയമസഭയുടെ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

310. ഖണ്ഡം 6(2)-ൽ, "ആക്റ്റ് " എന്ന വാക്കിനു മുമ്പ് "ഭേദഗതി" എന്ന് ചേർക്കുക.

314. ഖണ്ഡം 6(3)-ൽ, "സമ്മേളനം" എന്ന വാക്കിനുപകരം "സമ്മേളന കാലാവധി" എന്ന് ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

307. ഖണ്ഡം 6(2)-ൽ,

(i) "നിയമസഭയുടെ അങ്ങനെയുള്ള" എന്നതിനു പകരം "നിയമസഭയുടെ അതേ" എന്നത് ചേർക്കുക.

(ii) "നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരേണ്ടതാണ് "എന്നതിനു പകരം "നിയമസഭയിൽ ബിൽ അവതരിപ്പിച്ച് ആക്റ്റ് ആക്കേണ്ടതാണ് " എന്നത് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

308. ഖണ്ഡം 6(2)-ൽ, "സമ്മേളനകാലത്ത് " എന്നതിന് പകരം "സമ്മേളന കാലത്തോ തൊട്ടടുത്ത സമ്മേളനത്തിലോ" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

311. ഖണ്ഡം 6(2)-നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ (2)-ാം ഉപവകുപ്പ് പ്രകാരം നിയമസഭ മുമ്പാകെ അവതരിപ്പിക്കുന്ന ബില്ലിൽ, നിയമസഭ എന്തെങ്കിലും മാറ്റം വരുത്തുന്ന പക്ഷം അങ്ങനെ മാറ്റം വരുത്തിയ പ്രകാരവും, ബില്ലിലെ നിർദ്ദേശങ്ങൾ അപ്പാടെ നിരാകരിക്കുന്ന പക്ഷം അപ്രകാരവും മാത്രമേ അന്നുമുതൽ അതിന് സാധുതയുണ്ടാകുകയുള്ളൂ."

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

313. ഖണ്ഡം 6(3)-ൽ, "വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാത്തപക്ഷം" എന്നതിനു പകരം "വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ ബിൽ അവതരിപ്പിച്ച് ആക്റ്റ് ആകാത്ത പക്ഷം" എന്ന് ചേർക്കുക.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 304, 309, 310, 314 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 307-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

316. ഖണ്ഡം 7(1)-ൽ, "നിർത്തിവയ്ക്കാവുന്നതും" എന്നതിനു മുൻപ് "താല്ക്കാലികമായി" എന്ന് ചേർക്കുക.

321. ഖണ്ഡം 7(2)-ന്റെ ക്ലിപ്തനിബന്ധനയിൽ, "നിർത്തലാക്കിയാലുടൻ" എന്നതിനു പകരം " നിർത്തലാക്കി ആറ് മാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

318. ഖണ്ഡം 7(2)-ൽ, "ഈ ആക്ടിൻ കീഴിലുള്ള ഏതെങ്കിലും അല്ലെങ്കിൽ എല്ലാ പദ്ധതികളും നിർത്തലാക്കുകയോ തുടരുകയോ ചെയ്യാവുന്നതാണ്" എന്നതിനു പകരം "ഈ ആക്ടിൻ കീഴിലുള്ള അപകട ഇൻഷ്വറൻസ് പദ്ധതി ഒഴികെയുള്ള ഏതൊരു പദ്ധതിയും നിർത്തലാക്കുകയോ, പുനഃരാരംഭിക്കുകയോ ചെയ്യാവുന്നതാണ് " എന്നതു ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

320. ഖണ്ഡം 7(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ, " നിർത്തലാക്കിയാലുടൻ" എന്ന വാക്കിനു ശേഷം "6 മാസത്തിനുള്ളിൽ" എന്നീ അക്കവും വാക്കും ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

324. ഖണ്ഡം 7(2)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക:

(3)(1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും പുറപ്പെടുവിച്ച ശേഷമുള്ള തൊട്ടടുത്ത നിയമസഭാ സമ്മേളനക്കാലത്തു തന്നെ അതിന്റെ മുമ്പാകെ സമർപ്പിക്കേണ്ടേതാണ്.".

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 316, 321 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിനുസമീപംനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

എട്ടാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

2.00 PM]

ഒൻപതാം വകുപ്പ്

(ഭേദഗതികൾ ഇല്ല)

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ............

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

329. ഖണ്ഡം 10(1)-ൽ "സമൂഹ" എന്നതിനു പകരം "ഗ്രൂപ്പ് " എന്നു ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

331. ഖണ്ഡം 10(2)-ൽ, "നടപടിയോ" എന്ന വാക്കിനു പകരം "തീരുമാനമോ" എന്ന വാക്ക് ചേർക്കുക.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ............

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പട്ടിക

ശ്രീ. സി. പി. മുഹമ്മദ് :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

332. പട്ടികയിൽ ക്രമനമ്പർ 1 താഴെപ്പറയും പ്രകാരം മാറ്റുക:

| ക്രമ നമ്പർ | ടിക്കറ്റ് നിരക്ക് പ്രകാരമുള്ള സ്ലാബ് | സെസ്സ് തുക (രൂപയിൽ) |
|---|---|---|
| 1 | 24 രൂപ വരെ | ഇല്ല |

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

333. പട്ടികയിൽ ക്രമനമ്പർ 2 താഴെപ്പറയും പ്രകാരം മാറ്റുക:

| ക്രമ നമ്പർ | ടിക്കറ്റ് നിരക്ക് പ്രകാരമുള്ള സ്ലാബ് | സെസ്സ് തുക (രൂപയിൽ) |
|---|---|---|
| 2 | 25 രൂപ മുതൽ 49 രൂപ വരെ | ഒന്ന് |

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

339. പട്ടികയിൽ, ക്രമനമ്പർ 6-നു നേരെയുള്ള മൂന്നാം കോളത്തിൽ "പത്ത് "

എന്നതിനു പകരം "ഏഴ് " എന്ന് ചേർക്കുക.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 333-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 339-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ശീർഷകത്തിൽ, "സമൂഹ" എന്ന വാക്കിനു പകരം "ഗ്രൂപ്പ്" എന്ന വാക്ക് ചേർക്കുക.

110. ശീർഷകത്തിൽ, "യാത്രാക്കാർക്കുള്ള" എന്ന വാക്കിനുപകരം "യാത്രക്കാർക്കുള്ള" എന്ന വാക്ക് ചേർക്കുക.

115. ദീർഘശീർഷകത്തിൽ, "സമൂഹ" എന്ന വാക്കിനുപകരം "ഗ്രൂപ്പ്" എന്ന് ചേർക്കുക.

117. ദീർഘശീർഷകത്തിൽ, "മെച്ചപ്പെട്ട " എന്ന വാക്കിനു ശേഷം വരുന്ന "വ്യക്തിപര" എന്ന വാക്ക് നീക്കം ചെയ്യുക.

121. പീഠികയിൽ, "സമൂഹ" എന്നതിനു പകരം "ഗ്രൂപ്പ്" എന്ന് ചേർക്കുക.

125. പീഠികയിൽ, "സൗകര്യങ്ങളും" എന്ന വാക്കിനു മുമ്പ് വരുന്ന "വ്യക്തിപര" എന്ന വാക്കിനു പകരം "മെച്ചപ്പെട്ട" എന്ന വാക്കു ചേർക്കുക.

129. ഖണ്ഡം 1(1)-ൽ, "സമൂഹ ഇൻഷ്വറൻസ്" എന്നതിനുപകരം "ഗ്രൂപ്പ് ഇൻഷ്വറൻസ്" എന്നു ചേർക്കുക.

131. ഖണ്ഡം 1(1)-ൽ, "സെസ്സ് " എന്നതിനുപകരം "സെസ്സും ഏർപ്പെടുത്തൽ" എന്നു ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. ശീർഷകത്തിൽ, "യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ" എന്നതിനു പകരം "മെച്ചപ്പെട്ട യാത്രാസൗകര്യങ്ങൾ" എന്നു ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. ദീർഘശീർഷകത്തിൽ, "മെച്ചപ്പെട്ട വ്യക്തിപര" എന്നതിനുപകരം "മെച്ചപ്പെട്ട യാത്രാ" എന്നു ചേർക്കുക.

ഇതിൽ 'മെച്ചപ്പെട്ട വ്യക്തിപര' സൗകര്യം എന്നതിനുപകരം 'മെച്ചപ്പെട്ട യാത്രാ' സൗകര്യം എന്ന് ചേർക്കണം.

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118. ദീർഘശീർഷകത്തിൽ, "ജീവനക്കാർക്ക് സാമൂഹ്യസുരക്ഷാ നടപടികൾക്കും" എന്നതിനുപകരം "ജീവനക്കാർക്കുവേണ്ടിയുള്ള സാമൂഹ്യസുരക്ഷാ നടപടികൾക്കും" എന്നു ചേർക്കുക.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. പീഠികയിൽ, "കോർപ്പറേഷൻ നടത്തുന്ന" എന്നതിനു പകരം "കോർപ്പറേഷൻ

സർവ്വീസ് നടത്തുന്ന" എന്നത് ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. പീഠികയിൽ, "യാത്രക്കാർക്ക് വ്യക്തിപര സൗകര്യങ്ങളും" എന്നതിനുപകരം "യാത്രാ സൗകര്യങ്ങളും" എന്നത് ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

126. പീഠികയിൽ, "ജീവനക്കാർക്കുകൂടി സാമൂഹ്യസുരക്ഷാനടപടികൾ വ്യാപിപ്പിക്കുന്നതും" എന്നതിനു പകരം "ജീവനക്കാർക്കു വേണ്ടിയുള്ള സാമൂഹ്യസുരക്ഷാ നടപടികൾ ഏറ്റെടുക്കേണ്ടതും" എന്നു ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. ഖണ്ഡം 1(1)-ൽ,—

(i) "യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ" എന്നതിനുപകരം "മെച്ചപ്പെട്ട യാത്രാസൗകര്യങ്ങൾ" എന്നു ചേർക്കുക;

(ii) "സുരക്ഷ" എന്ന വാക്കിനുശേഷം "എന്നിവയ്ക്ക് " എന്ന വാക്കു ചേർക്കുക.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 109, 115, 117, 121, 125, 129, 131 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...........

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മൂന്നാം വായന

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ,

യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

2) 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് ചരിത്രപ്രാധാന്യമർഹിക്കുന്ന ഒരു നിയമമാണ് ഭേദഗതിയായി കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ ബ്ലേഡ് മാഫിയയെ പൂർണ്ണമായി അമർച്ച ചെയ്യാനുള്ള ഈ സർക്കാരിന്റെ നിശ്ചയദാർഢ്യമാണ് ഇതിലൂടെ പ്രകടമായിട്ടുള്ളത്. സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്ക്, പാവപ്പെട്ട ആളുകൾക്ക് ആശ്വാസം പകരുന്ന ഒരു നിയമമാണ്. സാമൂഹ്യ വിരുദ്ധശക്തികളെ അടിച്ചമർത്തികൊണ്ട് ജനങ്ങൾക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്ന ഒരു നിയമമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റിക്ക് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള

ബഹുമാന്യരായ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

(വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല )

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ നിയമസഭാ സമ്മേളനത്തിലെ ഏറ്റവും സന്തോഷകരമായ ഒരു കാര്യമാണ്.......(ബഹളം).... സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങളെ നേരിടാൻ കഴിയുന്ന, കൊള്ളക്കാരെ അറസ്റ്റ് ചെയ്യാൻ കഴിയുന്ന, നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിയുന്ന ഒരു ബിൽ പാസ്സാക്കികൊണ്ട് ഈ നിയമസഭാസമ്മേളനം അവസാനിപ്പിക്കാൻ കഴിയുന്നുവെന്നത് ഈ ഗവൺമെന്റിന് ഏറ്റവും അഭിമാനകരമായ നേട്ടമാണ്. ഈ ബില്ലിനെ ഞാൻ സപ്പോർട്ട് ചെയ്യുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: ഇല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. ജോർജ്, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 1(എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പുതിരിച്ചുള്ള പരിഗണന</u>

<u>രണ്ടാം വകുപ്പ്</u>

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. ഖണ്ഡം 2-ൽ, "തടയൽ ആക്റ്റിന്റെ" എന്നതിനുപകരം "(തടയൽ) ആക്റ്റിന്റെ" എന്ന് ചേർക്കുക.

118. ഖണ്ഡം 2(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(ജെ)-യിൽ, "മണി ചെയിൻ കുറ്റക്കാരൻ" എന്നതിനു പകരം "മണി ചെയിൻ തട്ടിപ്പുകാരൻ" എന്ന് ചേർക്കുക.

124. ഖണ്ഡം 2(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(ജെ)-യിൽ, "മണി ചെയിൻ കുറ്റക്കാരൻ" എന്നീ വാക്കുകൾക്കു ശേഷം", റിയൽ എസ്റ്റേറ്റ് തട്ടിപ്പുകാരൻ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

135. ഖണ്ഡം 2 (iv) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2 (ക്യൂ)-വിൽ, "1958-ലെ കേരള പണം കടംകൊടുപ്പുകാർ" എന്നതിനു പകരം "1958-ലെ കേരള മണി ലെന്റിംഗ് " എന്ന് ചേർക്കുക.

137. ഖണ്ഡം 2(iv) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(ക്യൂ)-വിൽ, "മറ്റേതെങ്കിലും" എന്നതിനു മുമ്പ് "തത്സമയം പ്രാബല്യത്തിലുള്ള" എന്ന് ചേർക്കുക.

142. ഖണ്ഡം 2(iv)-ൽ "വാക്കുകൾ ചേർക്കേണ്ടതാണ്" എന്നതിന് പകരം "വാക്കുകളും", "ശാരീരികമായ അക്രമം നടത്തുകയോ ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ" എന്നതിനുശേഷം "മാനസിക പീഡനം നടത്തുകയോ" എന്നീ വാക്കുകളും ചേർക്കുക.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

129. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 2(എൽ) വകുപ്പിൽ"വിൽക്കുകയോ" എന്നതിനുശേഷം "കൈവശം വയ്ക്കുകയോ" എന്ന്

ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 2(iv) പ്രകാരം പ്രധാന ആക്ടിലെ 2(ക്യ) വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന, "അമിത പലിശയ്ക്ക് നൽകിയ" എന്നീ വാക്കുകൾക്ക് പകരം "അമിത പലിശയ്ക്കു പണം നൽകിയ" എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

140. ഖണ്ഡം 2(iv) പ്രകാരം പ്രധാന ആക്ടിലെ 2(ക്യ) വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന "അമിത പലിശയ്ക്ക് നൽകിയ" എന്നീ വാക്കുകൾക്ക് പകരമായി "അമിത പലിശ ഈടാക്കിയ" എന്നീ വാക്കുകൾ ചേർക്കുക.

144. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 2(ക്യഎ) വകുപ്പിൽ, "നേരിട്ടോ" എന്ന വാക്കിനുശേഷം "സംഘടിതമായോ" എന്ന വാക്കു ചേർക്കുക.

147. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 2(ക്യഎ) വകുപ്പിൽ "ഉൾപ്പെടെയുള്ള" എന്ന വാക്കിനുശേഷം "ഏതൊരു ഗതാഗത ഉപാധിയേയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

143. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 2(ക്യഎ) വകുപ്പിൽ, "പ്രേരണ നൽകുന്നതിനോ" എന്നീ വാക്കുകൾക്ക് പകരം "പ്രേരിപ്പിക്കുന്ന" എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 117, 137 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 117, 137 എന്നീ

നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 118, 124, 135, 142 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 140, 144, 147 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാംവകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12-ൽ, ആറു മാസം" എന്നതിന് പകരം അഞ്ച് മാസം" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 12-ൽ, ഒരു വർഷം വരെയാകാവുന്ന" എന്നതിനുപകരം ഒരു വർഷത്തിൽ കവിയാത്ത" എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിയ്ക്കുന്ന വകുപ്പ് 16 എ(1)-ൽ, " യാതൊരാളും " എന്നതിന് പകരം "ഏതൊരാളും " എന്ന് ചേർക്കുക.

ശ്രീ. പി. എ. മാധവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിയ്ക്കുന്ന വകുപ്പ് 16 എ(1)-ൽ, ഉള്ള " എന്ന വാക്കിനു പകരം അങ്ങനെയുള്ള" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16 എ(2)-ൽ, നിലവിലില്ലാത്ത" എന്നതിനുപകരം പ്രാബല്യത്തിലില്ലാത്ത" എന്ന്

ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.എ. മാധവൻ അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

173. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17(1)ൽ, "വാഹനമോ" എന്നതിനു ശേഷം വരുന്ന "വണ്ടിയോ" എന്ന വാക്ക് നീക്കം ചെയ്യുക.

175. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17(1)-ൽ, "വിശ്വസിക്കുവാൻത്തക്ക കാരണമുള്ളപക്ഷം" എന്നതിനുപകരം "ബോധ്യമാകുന്ന പക്ഷം" എന്ന് ചേർക്കുക.

176. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 17(1)-ൽ, "വാഹനം" എന്നതിനുശേഷം വരുന്ന "വണ്ടി" എന്ന വാക്ക് നീക്കം ചെയ്യുക.

187. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ്

17(2)(എ)-യിൽ, "ക്ഷമതയുള്ള" എന്നതിനു പകരം "അധികാരപ്പെടുത്തിയ" എന്നത് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

180. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 17(1)-ൽ, "താഴെയല്ലാത്ത" എന്ന വാക്കിനു പകരം "കുറയാത്ത" എന്ന വാക്ക് ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

185. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 17(2)(എ)-യിൽ, "ഉടൻ തന്നെ" എന്നീ വാക്കുകൾക്കു പകരം "24 മണിക്കൂറിനുള്ളിൽ" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

190. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 17(2)(ബി)-യിൽ, "ഉടൻതന്നെ "എന്നീ വാക്കുകൾക്കുപകരം "24 മണിക്കൂറിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 173, 175, 176, 187 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 185, 190 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

ശ്രീ. എം. ഉമ്മർ:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

198. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 എ (1)-ൽ "കഴിയുന്നിടത്തോളം"എന്നതിനു പകരം "പരമാവധി" എന്ന് ചേർക്കുക.

211. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി(1)(എ)-യിൽ, "ലിഖിതമായ" എന്നതിനുപകരം "രേഖാമൂലമായ" എന്നു ചേർക്കുക.

214. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി(1)(ബി)-യിലെ "ലിഖിതമായ" എന്നതിനു പകരം "രേഖാമൂലമായ" എന്ന് ചേർക്കുക.

216. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി(1)(സി)-യിൽ "പറയുവാനുള്ളത് പറയുവാൻ" എന്നതിനു പകരം "ബോധിപ്പിക്കാനുള്ളത് ബോധിപ്പിക്കാൻ" എന്ന് ചേർക്കുക.

224. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി(2)ൽ "വണ്ടി" എന്ന വാക്ക് വരുന്നിടത്തുനിന്നെല്ലാം ആയത് നീക്കം ചെയ്യുക.

227. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി(2)-ൽ "ഒത്താശയോ" എന്നതിനു പകരം "സമ്മതമോ" എന്നു ചേർക്കുക.

233. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 സി(2)-ൽ "വിട്ടുകിട്ടുന്നതിനോ" എന്നതിനുപകരം "വിട്ടുനൽകുന്നതിനോ" എന്ന് ചേർക്കുക.

234. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 സി(2)-ൽ "മടക്കി കിട്ടുന്നതിനോ" എന്നതിനു പകരം "മടക്കി നൽകുന്നതിനോ " എന്ന് ചേർക്കുക.

239. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 സി(2)-ൽ, "വിളംബരത്തീയതി" എന്നതിനു പകരം "പ്രസിദ്ധപ്പെടുത്തുന്ന" എന്നു ചേർക്കുക.

240. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 സി(2)-ൽ, "വിളംബരം" എന്നതിനു പകരം "ഉത്തരവ് " എന്നു ചേർക്കുക.

247. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 17 ഡി-വകുപ്പിൽ "ഉടമസ്ഥനോ" എന്ന വാക്കിനു മുൻപ് "മുപ്പത് ദിവസത്തിനുള്ളിൽ" എന്ന വാക്ക് ചേർക്കുക.

251. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 17 എഫ് വകുപ്പിൽ, "ഗതാഗത ഉപാധി" എന്നതിനു പകരം "ഗതാഗത ഉപാധികൾ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 എ(2)-ൽ, "സങ്കടമനുഭവിക്കുന്ന" എന്നതിനു പകരമായി "നീതിയുക്തമല്ലെന്നു കരുതുന്ന" എന്നു ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

203. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 എ(2)-ൽ, "മുപ്പത്" എന്നതിനു പകരം "നാൽപ്പത്തഞ്ച്" എന്നു ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

225. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി(2)-ൽ "അയാളുടെയോ" എന്നതിനു പകരം "അയാളുടെ"എന്നു ചേർക്കുക.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി (2)-ൽ "ഏതെങ്കിലുമുണ്ടെങ്കിൽ" എന്നതിനുപകരം "ആരെങ്കിലും ഉണ്ടെങ്കിൽ" എന്നുചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

230. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി(2)-ൽ "യാതൊരു" എന്നതിനു പകരം "ഒരു" എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

വകുപ്പ് 17 എഫ്-ൽ "ഉപദേശക ബോർഡിന്റെ" എന്ന വാക്കുകൾക്കുപകരം "സർക്കാരിന്റെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി ഭേദഗതിയോടു കൂടി സ്വീകരിക്കുന്നു. അതായത് 203-ാം നമ്പർ ഭേദഗതിയിലെ "നാൽപ്പത്തഞ്ച്" എന്ന വാക്കിനുപകരം "അറുപത്" എന്നാക്കി അംഗീകരിക്കാവുന്നതാണ്. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതിയും സ്വീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

203. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 എ(2) -ൽ, മുപ്പത്" എന്നതിനുപകരം " അറുപത്" എന്നു ചേർക്കുക.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി ഭേദഗതിയോടെയും ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 198, 211, 214, 216, 224, 227, 233, 234, 239, 240, 247, 251 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. പീഠികയിൽ "തടയൽ" എന്ന വാക്കിനു പകരം “ (തടയൽ) എന്ന വാക്കും ചിഹ്നവും ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മൂന്നാം വായന

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ നിയമഭേദഗതിയിലൂടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബ്ലേഡ് മാഫിയകളെ പൂർണ്ണമായി ഇല്ലാതാക്കാനും സാമൂഹ്യവിരുദ്ധശക്തികളെ നേരിടാനും സർക്കാരിന് കഴിയുന്നതാണ്. നേരത്തെ പാസ്സാക്കിയിട്ടുള്ള "കാപ്പ" നിയമത്തിന് കൂടുതൽ ടീത്ത് നൽകിക്കൊണ്ട് ജനങ്ങളുടെ ജീവിതം സുരക്ഷിതമാക്കാനും സമാധാന ജീവിതം ഉറപ്പുവരുത്താനും ഈ ബിൽ സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടാണ് ഗവൺമെന്റ് ഈ ഭേദഗതി കൊണ്ടുവന്നത്. പലതരത്തിലുള്ള സാമ്പത്തിക ഇടപാടുകളിലൂടെ സംസ്ഥാനത്തെ ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്ന കൊള്ളപ്പലിശക്കാരെയും ബ്ലേഡ് മാഫിയകളെയും നിയന്ത്രിക്കുവാനും സാമൂഹ്യവിരുദ്ധ ശക്തികളെ നേരിടാനുമുള്ള ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യമാണ് ഈ

നിയമഭേദഗതിയിലൂടെ ആഗ്രഹിക്കുന്നത്. അതുകൊണ്ട് 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## IX. അവകാശലംഘന പ്രശ്നങ്ങൾ

### അനുമതി നിഷേധിച്ചവ

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, എ.കെ. ബാലൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കെതിരെ ഡോ. ടി.എം. തോമസ് ഐസക് നൽകിയ നോട്ടീസ്, കേരള സർവ്വകലാശാല രജിസ്ട്രാറുടെ പി.എ.-യും അസിസ്റ്റന്റ് രജിസ്ട്രാറുമായ ശ്രീമതി ശോഭന കുമാരിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസ് എന്നിവയ്ക്ക് അനുമതി നിഷേധിക്കുന്നു.

<u>പരിഗണനയിലിരിക്കുന്നവ</u>

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, എസ്. ശർമ്മ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. റ്റി.എൻ. പ്രതാപൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, മംഗളം ദിനപത്രത്തിന്റെ എഡിറ്റർ, പ്രിന്റർ&പബ്ലിഷർ ശ്രീ. ബാബു വർഗ്ഗീസിന് എതിരെയും സ്വന്തം ലേഖകനെതിരെയും ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ് നൽകിയ നോട്ടീസ്, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. വി. വിജയദാസ് നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്. ഇതിന്റെ വിശദമായ റൂളിംഗ് ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ ബഹിഷ്കരിച്ച് സഭയിൽ നിന്നും പുറത്തുപോയി)

**പ്രമേയം**

<u>സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്.

**അവലോകനം**

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 13-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനമാണ് ഇന്നിവിടെ അവസാനിക്കുന്നത്. ഡിസംബർ 1 മുതൽ 18 വരെ 14 ദിവസമാണ് സഭ സമ്മേളിച്ചത്.

ഈ സമ്മേളന കാലത്ത് 8932 ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ സ്വീകരിച്ചു. ഇവയിലെ 420 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിട്ട ലിസ്റ്റിലും 4923 ചോദ്യങ്ങൾ നക്ഷത്ര രഹിത ലിസ്റ്റിലും ഉൾപ്പെടുത്തി. മൂന്ന് അടിയന്തര ചോദ്യവും അനുവദിച്ചു. സഭാതലത്തിൽ 34 ചോദ്യങ്ങൾക്കും ഒരു അടിയന്തര ചോദ്യത്തിനും വാക്കാൽ മറുപടി നൽകി. 304 ഉപചോദ്യങ്ങളും സഭയിൽ ഉന്നയിച്ചു.

ഈ സമ്മേളനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ചോദ്യോത്തര പ്രവർത്തനങ്ങളെല്ലാം NIC യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത 'LAIS' സോഫ്റ്റ്‌വെയറിന്റെ സഹായത്താലാണ് നിർവ്വഹിച്ചത്. ഇത് വളരെയേറെ പ്രയോജനകരവും തൃപ്തികരവുമായി അനുഭവപ്പെടുകയുണ്ടായി. ചോദ്യങ്ങളും ഉത്തരങ്ങളും യഥാസമയം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

11 അടിയന്തര പ്രമേയ നോട്ടീസുകൾക്ക് അവതരണാനുമതി തേടുകയുണ്ടായി. ഒരു അടിയന്തര പ്രമേയം സബ്മിഷനായി അനുവദിച്ചു.

21 ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും 185 സബ്മിഷനുകളും അവതരിപ്പിച്ചു. ബന്ധപ്പെട്ട മന്ത്രിമാർ ഇവയ്ക്ക് മറുപടി നൽകുകയും ചെയ്തു.

ചട്ടം 300 അനുസരിച്ചുള്ള ഒരു സ്റ്റേറ്റ്മെന്റും 63 റിപ്പോർട്ടുകളും സഭയിൽ സമർപ്പിച്ചു.

പ്രധാനമായും നിയമനിർമ്മാണ കാര്യങ്ങളാണ് ഈ സമ്മേളനം പരിഗണിച്ചത്. ആകെ 16 ബില്ലുകൾ സഭ പരിഗണിച്ചു പാസ്സാക്കി. 16 ഓർഡിനൻസുകൾക്ക് പകരമുള്ള 10 ബില്ലുകളും, ഓർഡിനൻസല്ലാത്ത ഒരു ബില്ലും 5 ധനവിനിയോഗ ബില്ലുകളും ഇതിൽപ്പെടുന്നു. അധിക ധനാഭ്യർത്ഥനകളും ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കി. കേരള മത്സ്യവിത്ത് ബിൽ, കേരള മാരിടൈം ബോർഡ് ബിൽ തുടങ്ങിയവ പ്രത്യേക ശ്രദ്ധ നേടിയ ബില്ലുകളാണ്. നിയമനിർമ്മാണ കാര്യങ്ങളിൽ ആരോഗ്യകരമായ ചർച്ചകളും എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള ഇടപെടലുകളും ഉണ്ടാകണമെന്നാണ് നമ്മുടെ ആഗ്രഹം. ഈ സമ്മേളനത്തിൽ ചില ദിവസങ്ങൾ കലുഷിതമായെങ്കിലും ബില്ലിന്റെ ചർച്ചകളിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തിരുന്നു എന്നത് ആശ്വാസകരമാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷി നേതാക്കൾ, ബഹുമാനപ്പെട്ട സമാജികർ, ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ തുടങ്ങി സമ്മേളനം ഭംഗിയായി നടത്താൻ സഹായിച്ച എല്ലാവർക്കും ചെയർ നന്ദി പ്രകാശിപ്പിക്കുന്നു. ഈ സമ്മേളന കാലത്ത് വളരെയേറെ പ്രയാസം സഹിച്ച് രാത്രിയും പകലും ജോലിചെയ്തു നിയമസഭാ സെക്രട്ടേറിയറ്റിലെ എല്ലാ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ഞാൻ ഹാർദ്ദവമായി അഭിനന്ദിക്കുകയാണ്. എല്ലാവർക്കും സന്തോഷകരമായ ക്രിസ്തുമസ് പുതുവത്സരാശംസകൾ ചെയർ നേരുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് എല്ലാവരോടും നന്ദി പറഞ്ഞുകഴിഞ്ഞു. അങ്ങയോട് പ്രത്യേകമായ നന്ദി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. നിയമനിർമ്മാണത്തിനുവേണ്ടിയാണ് ഈ സഭ കൂടിയത്. സർക്കാർ ലക്ഷ്യമിട്ട മുഴുവൻ ഓർഡിനൻസുകളും നിയമമാക്കാൻ നല്ല നിലയിൽ പ്രവർത്തിച്ച ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്ക് പ്രത്യേക അഭിനന്ദനവും നന്ദിയും രേഖപ്പെടുത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.23-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

## SECRETARIAT OF THE KERALA LEGISLATURE

### NOTIFICATION

No.6325/Table-1/2014/LEG. *Dated, Thiruvananthapuram, 20th December, 2014.*

In exercise of the Powers conferred by sub-clause (a) of Clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Twelfth Session of the Thirteenth Kerala Legislative Assembly with effect from December 18, 2014 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2014 ഡിസംബർ 18-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിച്ചിരിക്കുന്നു.

*By order of the Governor,*

P.D.SARANGADHARAN.

*Secretary,*

Legislative Assembly.